# സകാത്

## പാവങ്ങളുടെ അവകാശം

### പഠനവും പ്രയോഗവും

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

**സുന്നഃ മുസ്‌ലിം**
മൈനോറിറ്റി ട്രസ്റ്റ്

# സകാത്

## പാവങ്ങളുടെ അവകാശം

### പഠനവും പ്രയോഗവും

**അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്**

**സുന്നഃ മുസ്‌ലിം**
മൈനോറിറ്റി ട്രസ്റ്റ്

*Title* **ZAKAT: Pavangalude Avakasam** *(Malayalam)*

*Author* **Abu Tariq Zubair Mohamed**

*Publisher* **SUNNAH MUSLIM MINORITY TRUST**
6/1651A, Kappalandimukku, Kochi, Kerala, Pin 682 002

*First Edition* 2026 / 1447 H

*Copyright ©* **SUNNAH MUSLIM MINORITY TRUST**
6/1651A, Kappalandimukku, Kochi, Kerala, Pin 682 002

*All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the copyright owner.*

*Typeset* *zee.ar*
*Cover* *mab.ab*

بِسْـمِ اللهِ الرَّحْمَٰنِ الرَّحِيمِ

إِنَّ الْحَمْدَ للهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾﴾ (آلُ عِمْرَانَ)

﴿يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللهَ كَانَ عَلَيْكُمْ رَقِيبًا ﴿١﴾﴾ (النِّسَاءُ)

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَقُولُوا قَوْلًا سَدِيدًا ﴿٧٠﴾ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾﴾ (الْأَحْزَابُ)

أَمَّا بَعْدُ؛ فَإِنَّ أَصْدَقَ الْحَدِيثِ كَلَامُ اللهِ، وَخَيْرَ الْهَدْيِ هَدْيُ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَشَرَّ الْأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ، وَكُلَّ ضَلَالَةٍ فِي النَّارِ.

# വിഷയ വിവരണം


| ക്രമ നമ്പർ | വിഷയാനുക്രമം | പുറം |
|---|---|---|
| 1 | മുഖക്കുറിപ്പ് | 6 |
| 2 | മൻഹജ്: സകാത് പഠനത്തിന് ഒരാമുഖം | 13 |
| 3 | ധനം, ധനസമ്പാദനം: ഇസ്‌ലാമിക പരിപ്രേക്ഷ്യം | 62 |
| 4 | സകാത്: ഭാഷാർത്ഥവും നിർവ്വചനവും | 77 |
| 5 | സകാത്തിന്റെ സ്ഥാനം ഇസ്‌ലാമിക ശരീഅത്തിൽ | 84 |
| 6 | സകാത്തിന്റെ മികവുകളും ശ്രേഷ്ഠതകളും | 94 |
| 7 | സകാത് നൽകാത്തവർക്കുള്ള താക്കീത് | 101 |
| 8 | സകാത് സ്വീകാര്യമാകാനുള്ള അടിസ്ഥാന നിബന്ധനകൾ | 117 |
| 9 | സകാത്തുമായി ബന്ധപ്പെട്ട വിധിവിലക്കുകൾ | 146 |
| 10 | സകാത് നിർബന്ധമാകുന്നതാർക്ക്? | 157 |
| 11 | സകാത് ബാധകമാകുന്ന വസ്തുവകകൾ | 168 |
| 12 | അടിസ്ഥാന ചെലവുകൾക്ക് സകാത് ബാധകമല്ല | 178 |
| 13 | കാർഷിക സമ്പത്തിന്റെ സകാത്: ധാന്യങ്ങളും പഴങ്ങളും | 183 |
| 14 | നാണ്യവിളകളുടെ സകാത് | 190 |
| 15 | കാലിസമ്പത്തിന്റെ സകാത്: ആട് - മാട് - ഒട്ടകം | 193 |
| 16 | പണത്തിന്റെ സകാത്: നാണയങ്ങളും അല്ലാത്തവയും | 198 |
| 17 | ആഭരണങ്ങളുടെ സകാത് | 207 |
| 18 | ശമ്പളം, പെൻഷൻ മുതലായവയുടെ സകാത് | 217 |
| 19 | പ്രൊഫഷണലുകളുടെ വരുമാനത്തിന്റെ സകാത് | 223 |

| ക്രമ നമ്പർ | വിഷയാനുക്രമം | പുറം |
|---|---|---|
| 20 | നിക്ഷേപങ്ങളുടെ സകാത് | 225 |
| 21 | കച്ചവടത്തിന്റെ സകാത് | 230 |
| 22 | ഭൂമിയുടെ സകാത് | 238 |
| 23 | കടത്തിന്റെ സകാത് | 245 |
| 24 | കുടുംബാംഗങ്ങളുടെ സമ്പത്തും അവയുടെ സകാത്തും | 252 |
| 25 | സകാത്: നിസ്വാബുകളും നിരക്കുകളും | 257 |
| 26 | സകാത്തിന്റെ അവകാശികൾ | 266 |
| 27 | സകാത്: സംഭരണവും വിതരണവും | 281 |
| 28 | വിശുദ്ധിയുടെയും സൗഭാഗ്യത്തിന്റെയും പരിസമാപ്തി | 291 |

# 1

## മുഖക്കുറിപ്പ്

ധനം, സമ്പാദനം, വിനിയോഗം ഇത്യാദി വിഷയങ്ങളെ കുറിച്ചുള്ള കാഴ്ചപ്പാടുകളിലും സമീപനങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന കാതലായ മാറ്റങ്ങളിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അവയെല്ലാം ധനകാര്യം കൂടുതൽ ഉപഭോക്തൃ സൗഹൃദവും കാര്യക്ഷമവും സുതാര്യവുമാക്കിത്തീർക്കാൻ ഉദ്ദേശിച്ചുള്ളവയാണെന്നാണ് പറയാറുള്ളത്. കാലാതിവർത്തിയായ ഒരു മൂല്യവ്യവസ്ഥയിൽ ഒതുങ്ങിനിൽക്കാതെ, സാമ്പത്തിക ഭദ്രതയും അഭിവൃദ്ധിയും മാത്രം ലക്ഷ്യം വെച്ചുള്ള നിരങ്കുശമായ ഈ കുതിപ്പ് മാനവരാശിയെ എവിടെ കൊണ്ടെത്തിക്കുമെന്നത് പ്രവചനാതീതമാണ്.

ലൗകിക ജീവിതത്തിൽ സമ്പത്തിനുള്ള സ്ഥാനം വളരെ വലുതാണ്; അതിന്റെ സ്വാധീനമോ അതിശക്തവും. സാങ്കേതിക വിദ്യയുടെ വളർച്ച, പാരിസ്ഥിതിക അവബോധം, രാഷ്ട്രീയ മാറ്റങ്ങൾ, സാമ്പത്തിക അസ്ഥിരത പോലുള്ള കാര്യങ്ങളാണ് ഈ മേഖലയിൽ പുതിയ പ്രവണതകൾ രൂപപ്പെടുത്തുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, നിർമ്മിതബുദ്ധി, ഡാറ്റാ അനലിറ്റിക്സ് എന്നിവ ധനകാര്യങ്ങളിൽ ചെലുത്തുന്ന പ്രഭാവശക്തി അതിശയകരമാണ്. ഡിജിറ്റൽ ടൂളുകളും റോബോ-അഡ്വൈസർമാർ നൽകുന്ന വിദഗ്ദോപദേശങ്ങളും ഒരു

മിപ്പിച്ച് പുതുതലമുറക്ക് മുന്നിൽ സമർപ്പിക്കപ്പെടുന്ന ഹൈബ്രിഡ് മോഡലുകൾക്ക്, പക്ഷെ, മാനവിക മുഖമില്ലെന്നതാണു സത്യം. സമ്പത്തിനെ കുറിച്ചുള്ള മൗലികമായ കാഴ്ചപ്പാടുകൾ, മനുഷ്യന്റെ ഇഹപര ജീവിതം വിജയകരമാക്കുന്നതിൽ അവക്കുള്ള പങ്ക്, സാമ്പത്തിക വിഷയങ്ങളിലെ അരുതും അരുതായ്മകളും, കാലാതിവർത്തിയായ മൂല്യങ്ങൾക്കനുസൃതമായി അവയെ ചിട്ടപ്പെടുത്തേണ്ടതിന്റെ അനിവാര്യത ആദിയായ കാര്യങ്ങൾ ഇന്ന് ആരുടെയും ചിന്തയിലോ പഠനത്തിലോ പ്രയോഗത്തിലോ കടന്നുവരുന്നില്ലെന്നത് ഒരു ദുഃഖ സത്യമാണ്.

ലോകാവസാനം വരെ ഭൂമുഖത്ത് അധിവസിക്കുന്ന മനുഷ്യന്റെ ആത്മീയവും നൈതികവും ധാർമ്മികവുമായ ദാഹങ്ങൾ ശമിപ്പിക്കാൻ പര്യാപ്തമായ വിശ്വാസ സംഹിതയും നിയമാവലികളുമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. എന്നാൽ സത്യം പലപ്പോഴും അംഗീകരിക്കപ്പെടാറില്ല; വേട്ടയാടപ്പെടുകയേ ഉള്ളൂ. അത് സത്യത്തിന്റെ സഹജ ഭാവമാണ്. സത്യത്തിന്റെ നിയോഗം ഒരു പക്ഷേ എന്നും എവിടെയും അപരിചിതമായി തുടരുക എന്നതായിരിക്കാം!

കലർപ്പില്ലാത്ത അറബി മൂലമാണെങ്കിലും മലയാളികൾക്കെല്ലാം മാതൃഭാഷ പോലെ വഴങ്ങുന്ന ശബ്ദമാണ് സകാത്. പ്രയോഗാധിക്യത്താൽ തേയ്മാനം സംഭവിച്ച ഈ സാങ്കേതിക സംജ്ഞ ഇസ്‌ലാമിന്റെ തനതു വ്യാവഹാരിക ചട്ടക്കൂടിനകത്തു വെച്ചു വേണം വായിക്കാനും മനസ്സിലാക്കാനും. അത്തരം ഒരു പഠനം അനിതരവും വിസ്മയാവഹവുമായ ഒരാശയ പ്രപഞ്ചത്തിലേക്കുള്ള വാതായനമാണ് നമ്മുടെ മുന്നിൽ തുറന്നുതരിക.

മുഴുപ്രപഞ്ചങ്ങളുടെയും സ്രഷ്ടാവും ഉടമസ്ഥനും നിയന്താവുമായ അല്ലാഹുവിലും, അവന്റെ മാത്രം ആരാധ്യതയിലുമുള്ള വിശ്വാസത്തെയാണ് പ്രാഥമികമായും സകാത് അനാവരണം ചെയ്യുന്നത്. മനസാ വാചാ കർമ്മണാ അല്ലാഹുവിനെ അനുസരിക്കാനും, അവനു സർവഥാ സമർപ്പിക്കാനുമുള്ള സന്നദ്ധത കൂടി അത് വിളംബരം ചെയ്യുന്നു. അത്,

മനുഷ്യനു തന്റെ സ്രഷ്ടാവും സഹജീവികളുമായുള്ള ബന്ധത്തെ ദൃഢവും ഊഷ്മളവുമാക്കിത്തീർക്കുന്നു. ആ ബന്ധത്തിന് ആത്മീയവും ഭൗതികവുമായ അർത്ഥവത്തായ മാനങ്ങൾ നൽകുകയും ചെയ്യുന്നു.

സകാത് ഒരു വിശ്വാസിയുടെ ആത്മാവും മനസ്സും വിമലീകരിക്കാൻ കാരണമാകുന്നു. സങ്കുചിതത്വം, ഭൗതികതയോടുള്ള അമിതമായ ആസക്തി, ദുരഭിമാനം, പിശുക്ക് പോലുള്ള നിഷേധാത്മകതകളിൽ നിന്ന് അതവനെ അകറ്റി നിർത്തുന്നു. അഥവാ, സകാത് നൽകുന്നതിലൂടെ ഒരു വിശ്വാസി തന്റെ അകവും പുറവും ശുദ്ധീകരിക്കുന്നു; ഒപ്പം, തന്റെ സമ്പത്തിനെ വിമലീകരിക്കുകയും ചെയ്യുന്നു എന്നതാണ് ഇസ്‌ലാമികമായ കാഴ്ചപ്പാട്. ഇത് സ്വത്തിനോടുള്ള അടിമത്തം അവസാനിപ്പിച്ച് ലളിതവും ശുദ്ധവുമായ ജീവിതം നയിക്കാൻ അവനെ പ്രേരിപ്പിക്കുന്നു.

കൂടാതെ, സകാത് മുസ്‌ലിംകൾക്കിടയിൽ സവിശേഷമായൊരു സൗഭാത്ര മനഃസ്ഥിതി വളർത്തുന്നു. അതിന്റെ വേരുകൾ വിശ്വാസത്തിന്റെ അഗാധതകളിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ അതിന്റെ ശാഖകൾ വിശ്വത്തോളം വിശാലമായി പടർന്നു നിൽക്കുന്നു. എന്നല്ല, സത്യസാക്ഷ്യത്തിന്റെ വചനം പ്രഖ്യാപിക്കുന്നതിനു പുറമെ, അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ നിർവ്വഹിക്കുകയും സകാത് നൽകുകയും ചെയ്യുന്നതോടു കൂടിയാണ് ഒരാൾ ഇസ്‌ലാമിക സമൂഹത്തിലെ ഒരു അംഗമായിത്തീരുന്നത്; അയാളുമായി മതപരമായ സാഹോദര്യം പങ്കുവെക്കപ്പെടുന്നത്. അത് ദരിദ്രരുടെയും അഗതികളുടെയും അവകാശമാണെന്ന പാഠം അവനിൽ സാമ്പത്തികമായ ഉത്തരവാദിത്തബോധം ജനിപ്പിക്കുന്നു. അത് സാമൂഹിക ബന്ധത്തിന്റെ ഇഴയടുപ്പം വർദ്ധിപ്പിച്ച് അതിനെ ശക്തിപ്പെടുത്തുക കൂടി ചെയ്യുന്നു.

സകാത് സങ്കുചിത മനഃസ്ഥിതി ഇല്ലാതാക്കി, വിശ്വാസികളിൽ ദാനശീലവും സഹാനുഭൂതിയും കരുണയും വളർത്തുന്നു. സ്വന്തം സമ്പാദ്യത്തിൽ നിന്ന് ഒരു പങ്ക് മറ്റുള്ളവർക്കായി നീക്കിവെക്കുമ്പോൾ സ്വാർത്ഥത കുറയുകയും പങ്കുവെക്കാനുള്ള മനോഭാവം കൂടുകയും

ചെയ്യുന്നു. ഇത് വിഭവങ്ങളുടെ വിതരണം (distribution of resources) വേഗത്തിലാക്കുകയും താഴെത്തട്ടിലുള്ളവരുടെ വളർച്ചക്ക് സഹായകമായി വർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ, അത് സാമൂഹികവും സാമ്പത്തികവുമായ നീതിയിലേക്കുള്ള ക്രിയാത്മകവും പ്രായോഗികവുമായ ഒരു കാൽവെപ്പായി മാറുന്നു.

സകാത്തിനെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാടിന്റെയും അവബോധത്തിന്റെയും അഭാവം ഇസ്‌ലാമിന്റെ സുപ്രധാനമായ ഒരു തൂണിനെ തന്നെ ദുർബലപ്പെടുത്താൻ ഇടവരുത്തുന്നു. മാത്രമല്ല, സകാത് എങ്ങനെ കണക്കാക്കണം, ആർക്കൊക്കെ നൽകണം, എങ്ങനെ വിതരണം ചെയ്യണം തുടങ്ങിയ കാര്യങ്ങളിൽ തെറ്റായ രീതികൾ പിന്തുടരുന്നതിനും ഇത് കാരണമായിത്തീരുന്നു. മുസ്‌ലിം ഭരണമില്ലാത്ത രാജ്യങ്ങളിൽ ഇത്തരം വിഷയങ്ങളിൽ സംഘടനാപരവും രാഷ്ട്രീയവുമായ ഇടപെടലുകൾ വളരെ കുടുതലാണു താനും. ഈ വക കാരണങ്ങളും സാഹചര്യങ്ങളും സകാത്തിനെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്നും അടിസ്ഥാന ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നു.

സകാത്തിനെ കുറിച്ച് ഖുർആനിൽ ആവർത്തിച്ചുള്ള ഓർമ്മപ്പെടുത്തലുകളും സാമാന്യം ദീർഘമായ വിശദീകരണങ്ങളുമുണ്ട്. നമസ്കാരത്തെ കുറിച്ച് പറയുന്ന ഒട്ടുമിക്ക സന്ദർഭങ്ങളിലും സകാത്തിനെ കുറിച്ച് കൂടി പ്രതിപാദിക്കുന്നതു കാണാം. കൂടാതെ, സകാത്തിനെ കുറിച്ച് മാത്രം പരാമർശിക്കുന്ന സൂക്തങ്ങൾ വേറെയുമുണ്ട്. സകാത്തിന്റെ ആത്മീയവും ആരാധനാപരവുമായ പ്രാധാന്യം, അതിന്റെ മികവുകളും ശ്രേഷ്ഠതകളും, സകാത് നൽകുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലങ്ങൾ, നൽകാതിരുന്നാൽ ഇഹത്തിലും പരത്തിലും വരാനിരിക്കുന്ന ശിക്ഷകൾ ഇവയെ കുറിച്ചെല്ലാം ഖുർആനിൽ പരാമർശങ്ങളുണ്ട്.

ഹദീസ് സമാഹാരങ്ങളിൽ ആരാധനാ കാര്യങ്ങൾ പ്രതിപാദിക്കുന്ന കൂട്ടത്തിൽ സകാത്തിനു മാത്രമായി പ്രത്യേകം അധ്യായങ്ങൾ

ചേർത്തിട്ടുണ്ട്. സകാത്തുമായി ബന്ധപ്പെട്ട പൊതു വിഷയങ്ങൾക്കു പുറമെ, തദ്വിഷയകമായി നബി ﷺ നൽകിയിട്ടുള്ള നിയമാവലികളുടെയും പ്രായോഗിക നിർദ്ദേശങ്ങളുടെയും സഞ്ചയം കൂടിയാണത്.

ഖുർആനിലും ഹദീസിലും വന്നിരിക്കുന്ന പരാമർശങ്ങളുടെ ശരിയായ അർത്ഥവും വ്യാഖ്യാനവും പ്രയോഗവും മനസ്സിലാക്കുന്നതിന് വഹ്‌യിന്റെ പ്രഥമ അഭിസംബോധിതരായ സ്വഹാബത്തിന്റെ വിശദീകരണങ്ങളും നടപടിക്രമങ്ങളും അറിയേണ്ടതുണ്ട്. മലയാളികളായ അനുവാചകരുടെ ശ്രദ്ധ വേണ്ടത്ര പതിയാത്ത, എന്നാൽ ഇസ്‌ലാമിക വിഷയങ്ങളുടെ പഠനത്തിൽ അതീവ പ്രാധാന്യമുള്ള ഒരു മേഖലയാണത്. സ്വഹാബത്തിൽ നിന്നുള്ള ഉദ്ധരണികൾ (آثار الصحابة) എന്ന പേരിൽ അറിയപ്പെടുന്ന അവയെല്ലാം കൃത്യമായി തന്നെ ക്രോഡീകരിച്ചു വെച്ചിട്ടുണ്ട്. അബ്ദുറസാഖ് അൽ സൻആനിയുടെ 'മുസ്വന്നഫ്', ഇബ്നു അബീ ശൈബഃയുടെ 'മുസ്വന്നഫ്', ഇബ്നു അബ്ദിൽ ബറിന്റെ 'ജാമിഉ ബയാനിൽ ഇൽമി വഫള്‌ലിഹി', സഈദ് ബിൻ മൻസൂറിന്റെ 'സുനൻ', അഹ്‌മദ് ബിൻ ഹൻബലിന്റെ 'സുഹ്ദ്', ഇബ്നുൽ മുബാറകിന്റെ 'സുഹ്ദ് ', ഇബ്നു ജരീറിന്റെ 'തഫ്സീർ', ഇബ്നു അബീ ഹാതിമിന്റെ 'തഫ്സീർ', ത്വഹാവിയുടെ 'ശർഹു മആനിൽ ആഥാർ' പോലുള്ള ഗ്രന്ഥങ്ങൾ ചില ഉദാഹരണങ്ങൾ മാത്രമാണ്.

മുകളിൽ പറഞ്ഞ പോലെ, ഖുർആനിക സൂക്തങ്ങൾ, നബിചര്യകൾ, സ്വഹാബത്തിൽനിന്നുള്ള ഉദ്ധരണികൾ എന്നിവയാണ് മത വിഷയങ്ങളെ കുറിച്ച് അറിവ് സ്വീകരിക്കാനുള്ള ആധികാരികമായ സ്രോതസ്സുകൾ.

എന്നാൽ ഹദീസ് സമാഹാരങ്ങളെ പോലെ തന്നെ ഫിഖ്ഹിന്റെ ഗ്രന്ഥങ്ങളിലും സകാത്തിനെ കുറിച്ച് പ്രത്യേകം അധ്യായങ്ങളുണ്ട്. അവയിൽ സകാത് സംബന്ധമായ വിധിവിലക്കുകൾ വകതിരിച്ചു വിശദീകരിച്ചിരിക്കുന്നതു കാണാം. കൂടാതെ, കാലാകാലങ്ങളിൽ മുസ്‌ലിം സമുദായത്തിൽ ജീവിച്ചു മരിച്ചു പോയ മഹാന്മാരായ ഇമാമുകളും പണ്ഡിതന്മാരും സകാത് വിഷയത്തിൽ നടത്തിയിട്ടുള്ള രച

നകളുമുണ്ട്. അവയെ എല്ലാം സകാത് പഠനത്തിനുള്ള സമ്പന്നമായ റഫറൻസുകളായും പരിഗണിക്കാവുന്നതാണ്.

ആത്മീയവും ആരാധനാപരവുമായ അടിത്തറയിലാണ് സകാത് നിലകൊള്ളുന്നതെങ്കിലും, അതിനു സാമ്പത്തികവും സാമൂഹികവുമായ മാനങ്ങളുണ്ട്. അതിനാൽ തന്നെ സകാത് കണക്കാക്കുക, ശേഖരിക്കുക, വിതരണം ചെയ്യുക പോലുള്ള പ്രായോഗിക നടപടികളിൽ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും താൽപര്യങ്ങൾക്കും അർഹമായ പരിഗണന നൽകേണ്ടതായി വരുന്നു. മതപരമായ വിധിവിലക്കുകളിൽ വാക്യാർത്ഥങ്ങൾക്കൊപ്പം ലക്ഷ്യാർത്ഥങ്ങൾ കൂടി സ്വീകരിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങളുണ്ടെന്നതും സുവിദിതമാണല്ലോ.

ധനാഗമന മാർഗ്ഗങ്ങളിലുള്ള വൈവിധ്യം, സാമ്പത്തിക വ്യവസ്ഥിതികളിലുണ്ടാകുന്ന മാറ്റങ്ങൾ, സാമൂഹ്യ ജീവിതത്തിൽ ഉയർന്നുവരുന്ന പുതിയ സങ്കീർണ്ണതകൾ പോലുള്ളവ കണക്കിലെടുക്കാതെ സകാത് കണക്കാക്കാനോ വിതരണം ചെയ്യാനോ സാധിക്കില്ല. സകാത്തിന്റെ അവകാശികളെ നിർണ്ണയിക്കുമ്പോഴും മുൻഗണനാക്രമങ്ങൾ തീരുമാനിക്കുമ്പോഴും പ്രായോഗികമായ ഒട്ടനവധി പ്രശ്നങ്ങൾ വേറെയും ഉയർന്നുവരും. അത്തരം സന്ദർഭങ്ങളിൽ നിയമത്തിന്റെ ചൈതന്യവും ഉദ്ദേശ്യലക്ഷ്യങ്ങളും പരിഗണിച്ചു മാത്രമേ മുന്നോട്ട് പോകാനാവൂ. അല്ലാത്ത പക്ഷം, സകാത്തിന്റെ അർത്ഥവും ആത്മാവും ചോർന്നു പോകുന്ന സ്ഥിതിയുണ്ടാകും.

നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കണക്കിലെടുക്കുക, വാക്യാർത്ഥത്തിനപ്പുറം ലക്ഷ്യാർത്ഥം പരിഗണിക്കുക പോലുള്ള കാര്യങ്ങളൊന്നും സകാത്തിന്റെ കാര്യത്തിൽ ഇന്ന് കണ്ടു വരുന്ന ക്രമരാഹിത്യങ്ങൾക്കും ദുരുപയോഗങ്ങൾക്കുമുള്ള നീതീകരണമല്ലെന്ന് പ്രത്യേകം എടുത്തു പറയുകയാണ്. നിയമം അതിന്റെ വാചകങ്ങളിൽ അധിഷ്ഠിതമായിരിക്കണം എന്നതാണ് അടിസ്ഥാന തത്ത്വം. അല്ലാത്ത പക്ഷം നിയമം അതിന്റെ കൃത്യമായ അർത്ഥത്തിൽ നിന്ന് വ്യതിചലിക്കാനും, അവ ദുരുപയോഗം ചെയ്യപ്പെടാനുമുള്ള സാഹചര്യം സൃഷ്ടിക്കപ്പെടും.

കൃത്യത, നിർദ്ദിഷ്ടത, സംവേദനാത്മകത എന്നിവയിലാണ് നിയമത്തിന്റെ ശക്തിയും പ്രഭാവവും കുടികൊള്ളുന്നത്.

ആകയാൽ സകാത് കണക്കാക്കുമ്പോഴും വിതരണം ചെയ്യുമ്പോഴും പ്രമാണവാക്യങ്ങളിലും മതാനുശാസനകളിലും ഒതുങ്ങിനിൽക്കുകയും, അതേ സമയം അവയുടെ മതപരമായ സന്ദർഭം, ചരിത്രം, സാമൂഹിക ആവശ്യങ്ങൾ എന്നിവയെ കുറിച്ചുള്ള അവബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ദീനിൽ ഏതൊരു കാര്യം പറയുന്നതിനും പ്രവർത്തിക്കുന്നതിനും മുമ്പ് അക്കാര്യത്തെ കുറിച്ചുള്ള കൃത്യവും നിഷ്കൃഷ്ടവുമായ അറിവ് നേടിയിരിക്കണം. ശരിയായ അറിവിന്റെയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിലല്ലാതെ ദീനിൽ യാതൊന്നും പറയുകയോ പ്രവർത്തിക്കുകയോ അരുത്. സർവ്വാംഗീകൃതമായ ഈ തത്ത്വം സകാത് വിഷയത്തിൽ നമ്മെ നയിക്കുന്നത് മൂന്ന് കാര്യങ്ങളിലേക്കാണ്.

ഒന്ന്: സകാത് സംബന്ധമായ ഇസ്‌ലാമിന്റെ തനതു വിഭാവനകളും കാഴ്ചപ്പാടുകളും സ്വരൂപിക്കുക. രണ്ട്: തദ്വിഷയകമായി വന്ന വിധിവിലക്കുകളും നിയമനിർദ്ദേശങ്ങളും അവയുടെ വാക്യാർത്ഥത്തിലും സച്ചരിതരായ മുൻഗാമികളുടെ വ്യാഖ്യാനമനുസരിച്ചും പഠിച്ചു മനസ്സിലാക്കുക. മൂന്ന്: സകാത്തുമായി ബന്ധപ്പെട്ട ചരിത്ര സന്ദർഭങ്ങളും പ്രയോഗ രീതികളും സാമൂഹികാവശ്യങ്ങളും ഉൾക്കൊണ്ടു പ്രവർത്തിക്കുക.

ഈ ലഘു കൃതി മലയാളികളായ വായനക്കാർക്ക് അതിലേക്ക് വെളിച്ചം വിതറുമെന്ന് പ്രത്യാശിക്കുന്നു. ഇത് സ്വീകാര്യ യോഗ്യമായ ഒരു സുകൃതമാക്കാൻ അല്ലാഹുവേ, നീ തുണക്കണേ. ഇതിനു വേണ്ടി അധ്വാനിച്ചവരുടെ തുലാസിൽ ഇതിനെ ഘനം തൂങ്ങുന്ന ഒരു കർമ്മമാക്കിത്തീർക്കണേ! ആമീൻ.

# 2

## മൻഹജ്:

### സകാത് പഠനത്തിന് ഒരാമുഖം

മതപരമായ വിഷയങ്ങളെ കുറിച്ചുള്ള ഏതൊരന്വേഷണവും പഠനവും നടത്തേണ്ടത് കൃത്യവും ആധികാരികവുമായ ഒരു ചട്ടക്കൂടിനകത്തു വെച്ചുകൊണ്ടായിരിക്കണം. വളയമില്ലാത്ത ചാട്ടങ്ങൾ ലക്ഷ്യമില്ലാത്ത അപഥ സഞ്ചാരമായിട്ടേ വിലയിരുത്താനാകൂ. അതിനാൽ സകാത്തിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആദ്യം വേണ്ടത് നാം പിന്തുടരേണ്ട സവിശേഷമായ വ്യാവഹാരിക ക്രമം ഏതെന്ന് നിർവ്വചിക്കുകയാണ്. ദീൻ പഠിക്കാനും പ്രാവർത്തികമാക്കാനുമുള്ള ആധികാരികമായ ആ ചട്ടക്കൂടിന് ഒറ്റ വാക്കിൽ മൻഹജുസ്സലഫ് എന്ന് പറയാം.

മൗലികവും മൗലികേതരവുമായ കാര്യങ്ങളിൽ ശർഇന്റെ വിധിവിലക്കുകൾ കണ്ടെത്താൻ നിർദ്ദേശിക്കപ്പെട്ട നിയതമായ ഒരു മാർഗ്ഗവും രീതിയുമുണ്ട്. നബിയും ﷺ സ്വഹാബത്തും നമുക്ക് കൈമാറിയിട്ടുള്ള കുറ്റമറ്റ രീതിയത്രെ അത്. ഏതൊരു മുസ്‌ലിമും ജീവിതത്തിൽ പിന്തുടരേണ്ട മൻഹജിന്റെ ഭാഗമാണത്. അതിൽ പിഴച്ചാൽ ആ പിഴവ് അവന്റെ ഇസ്‌ലാമിക ജീവിതത്തെ സമൂലമായി തന്നെ ബാധിക്കും.

ആയതിനാൽ ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന സകലമാന പ്രശ്നങ്ങൾക്കും ശർഇന്റെ വിധി കണ്ടെത്തേണ്ട രീതി എങ്ങനെയാണെന്ന് ആദ്യമായി പരിശോധിക്കാം.

## ഒന്ന്: അറിവിന്റെ സ്രോതസ്സുകൾ

മതപരമായ അറിവും ദീനും സ്വീകരിക്കാനുള്ള സ്രോതസ് വഹ്‌യ് മാത്രമാണ്. അതിൽനിന്ന് ലഭിക്കുന്ന അറിവ് പരമവും ആത്യന്തികവുമായിരിക്കും. അതിനാൽ ഇസ്‌ലാമിന്റെ മുഖ്യധാരയെ പ്രതിനിധാനം ചെയ്യുന്ന അഹ്‌ലുസ്സുന്നഃ വൽ ജമാഅഃ വഹ്‌യിൽനിന്ന് മാത്രമേ അറിവും ദീനും സ്വീകരിക്കുകയുള്ളൂ. ദീൻ കാര്യത്തിൽ മറ്റു സ്രോതസ്സുകളെ അവർ പൂർണ്ണമായും നിരാകരിക്കും. അപ്രകാരമാണ് അല്ലാഹു കൽപിച്ചിരിക്കുന്നതും. അല്ലാഹു പറയുന്നത് കാണുക:

﴿اتَّبِعُوا مَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا مِن دُونِهِ أَوْلِيَاءَ ۗ قَلِيلًا مَّا تَذَكَّرُونَ ۝٣﴾ (الْأَعْرَاف)

«നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു ഔലിയാക്കളെ നിങ്ങൾ പിൻപറ്റിപ്പോകരുത്. വളരെ കുറച്ചു മാത്രമല്ലേ നിങ്ങൾ ഓർക്കുന്നുള്ളൂ.» (അൽ അഅ്റാഫ്, 7:3)

രണ്ട് രൂപത്തിലാണ് അല്ലാഹു വഹ്‌യ് അവതരിപ്പിച്ചിരിക്കുന്നത്. ഗ്രന്ഥരൂപത്തിലായി ഖുർആനും അതിന്റെ പ്രായോഗിക വിശദീകരണമായി നബിചര്യയും. അവ പരസ്പരം വേർപിരിക്കാനാവാത്ത ഒറ്റ ഒറ്റ ഘടകമായി വർത്തിക്കുന്നു. നബി ﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ رضي الله عنه، قَالَ: قَالَ رَسُولُ اللهِ ﷺ: « إِنِّي قَدْ تَرَكْتُ فِيكُمْ شَيْئَيْنِ لَنْ تَضِلُّوا بَعْدَهُمَا: كِتَابَ اللهِ وَسُنَّتِي، وَلَنْ يَتَفَرَّقَا حَتَّى يَرِدَا عَلَيَّ الْحَوْضَ » (أخرجه الحاكم في مستدركه، وصححه الألباني)

അബൂ ഹുറയ്റഃ ﷺ നിവേദനം: നബി ﷺ പറയുന്നു: «രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടേച്ചു പോകുന്നു. അവയ്ക്കു ശേഷം നിങ്ങൾ ഒരിക്കലും പിഴച്ചുപോവുകയില്ല: അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയും. ഹൗളിനരികിൽവെച്ച് എന്നോടൊപ്പം അവ വന്നുചേരുന്നതുവരെ അവ രണ്ടും ഒരിക്കലും വേർപിരിയുകയുമില്ല.» (ഇമാം ഹാകിം, അൽ മുസ്തദ്റക്)

ഖുർആനും സുന്നത്തുമാണ് വഹ്യിന്റെ രണ്ടു രൂപങ്ങൾ. അവ അവിഭാജ്യമായി നിലനിൽക്കുന്ന തത്തുല്യമായ പ്രമാണങ്ങളാണ്. അവയെ ഒരു ഏകകമായി കാണണം. അവയ്ക്കിടയിൽ വിവേചനം പാടില്ല. മതപരമായ കാര്യങ്ങൾ അന്വേഷിക്കേണ്ടത് അവ രണ്ടിലും ഒരുമിച്ചാണ്. മറ്റു സ്രോതസ്സുകൾ തേടിപ്പോകരുത്. ഏതെങ്കിലും ഒരു വിഷയത്തിൽ മുസ്ലിംകൾക്കിടയിൽ ഭിന്നതയുണ്ടായാൽ അക്കാര്യം വഹ്യിന്റെ രണ്ടു രൂപങ്ങളായ ഖുർആനിലേക്കും സുന്നത്തിലേക്കുമാണ് മടക്കേണ്ടത്. ഒരേ സമയം അവ രണ്ടിലും അന്വേഷിക്കണം. ഖുർആനിൽ കണ്ടില്ലെങ്കിൽ മാത്രം നബിചര്യയിൽ എന്നതല്ല രീതി. ഒരേ സമയം രണ്ടിലേക്കും മടക്കുക എന്നതാണ് ശരിയായ രീതി. അവ പരസ്പര പൂരകങ്ങളായിട്ടാണ് നിലകൊള്ളുന്നത്. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ ۖ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾﴾ (النِّسَاء)

«വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക; നിങ്ങൾ റസൂലിനെയും നിങ്ങളിലെ കൈകാര്യകർത്താക്കളെയും അനുസരിക്കുക. വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിക്കുകയാണെങ്കിൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കൂ. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് കൂടുതൽ ഉത്തമവും നല്ല പര്യവസാനമുളവാക്കുന്നതും.» (അൽ നിസാഅ്, 4:59)

## രണ്ട്: യുക്തിക്ക് പ്രമാണരേഖകളെക്കാൾ മുൻഗണന നൽകരുത്

മനുഷ്യാസ്തിത്വത്തിനു നൽകപ്പെട്ട ഏറ്റവും വലിയ വരദാനമാണ് ബുദ്ധി; അവന്റെ ഏറ്റവും വലിയ കെടുതിയും അതു തന്നെ. ബുദ്ധിക്ക് പരിധികളും പരിമിതികളുമുണ്ട്. അതിന് ശരിയായ പ്രയോഗരീതി കളും, പ്രയോഗിക്കാൻ പാടുള്ളതും പാടില്ലാത്തതുമായ മേഖലകളു മുണ്ട്. മനുഷ്യനെ ഭൂലോകത്തേക്ക് മാറ്റിപ്പാർപ്പിച്ചപ്പോൾ അല്ലാഹു പറഞ്ഞത് നിങ്ങൾക്കു വേണ്ട മാർഗ്ഗദർശനം സമയാസമയങ്ങളിൽ ഞാൻ തന്നെ ഇറക്കിത്തരും, നിങ്ങൾ അത് പിന്തുടരുകയേ വേണ്ടൂ, എങ്കിൽ നിങ്ങൾക്ക് ഭയക്കാനൊന്നുമില്ല, നിങ്ങൾ ദുഃഖിക്കേണ്ടി വരികയുമില്ല എന്നാണ്. അല്ലാഹു പറയുന്നു:

﴿قُلْنَا اهْبِطُوا مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَن تَبِعَ هُدَايَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾﴾ (البقرة)

«നിങ്ങൾ എല്ലാവരും ഇവിടെ നിന്ന് ഇറങ്ങിക്കൊള്ളുക. എന്റെ അടു ക്കൽനിന്നുള്ള മാർഗ്ഗദർശനം നിങ്ങൾക്ക് വന്നുകിട്ടുമ്പോൾ, എന്റെ ആ മാർഗ്ഗദർശനം പിന്തുടരുന്നവർക്ക് ഭയപ്പെടാനൊന്നുമില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല.» (അൽ ബഖറഃ, 2:38)

മതവും മാർഗ്ഗദർശനവും ആവിഷ്കരിക്കേണ്ട ബാധ്യത അല്ലാഹു മനുഷ്യനെ ഏൽപിച്ചിട്ടില്ല. അതിനു പര്യാപ്തമായ ബുദ്ധി മനുഷ്യനു നൽകിയിട്ടുമില്ല. അതിന് മനുഷ്യൻ മുതിർന്നാൽ അതിന്റെ ഫലം സർവ്വനാശമായിരിക്കും. അല്ലാഹു പറയുന്നു:

﴿وَلَوِ اتَّبَعَ الْحَقُّ أَهْوَاءَهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَن فِيهِنَّ ۚ بَلْ أَتَيْنَاهُم بِذِكْرِهِمْ فَهُمْ عَن ذِكْرِهِم مُّعْرِضُونَ ﴿٧١﴾﴾ (المؤمنون)

«സത്യം അവരുടെ അഭീഷ്ടങ്ങളെയായിരുന്നു പിന്തുടർന്നിരുന്നതെ

ങ്കിൽ ആകാശഭൂമികളും അവയിലുള്ളവയുമെല്ലാം കുഴപ്പത്തിലായിട്ടുണ്ടാകുമായിരുന്നു. മറിച്ച്, അവർക്കുള്ള സന്ദേശം നാം തന്നെ എത്തിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ടും അവർക്കുള്ള സന്ദേശത്തിൽ നിന്ന് അവർ തിരിഞ്ഞു കളയുകയാണല്ലോ!» (അൽ മുഅ്മിനൂൻ, 23:71)

ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാതെ മിക്കപ്പോഴും അതിസാഹസത്തിനു മുതിരുകയാണ് മനുഷ്യൻ. അവൻ വിനയപൂർവ്വം അല്ലാഹു അവതരിപ്പിച്ച സന്ദേശം സ്വീകരിച്ച് അതിനു കീഴ്പ്പെടേണ്ടതിനു പകരം, സ്വന്തം ബുദ്ധിയിലും യുക്തിയിലും അഭിരമിക്കുകയും തന്നെ ഏൽപിച്ചിട്ടില്ലാത്ത കാര്യത്തിൽ ഇടപെടുകയും ചെയ്യുന്നു. അതിനാൽ അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللَّهِ وَرَسُولِهِ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ سَمِيعٌ عَلِيمٌ ﴿١﴾﴾ (الحُجُرَات)

«വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും മറികടക്കാൻ ശ്രമിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.» (അൽ ഹുജുറാത്, 49:1)

എന്നല്ല, ഇവ്വിഷയകമായി വന്ന പ്രമാണരേഖകൾ പരിശോധിച്ചാൽ നിശിതവും നിഷ്കൃഷ്ടവുമായ നിർദ്ദേശങ്ങളാണ് അല്ലാഹു നൽകിയിട്ടുള്ളതെന്ന് കാണാം. അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു പുരുഷനോ സ്ത്രീയോ ശർഇന്റെ ആ ചുവപ്പുരേഖ മറികടക്കാൻ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

﴿وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ﴿٣٦﴾﴾ (الأحزاب)

«അല്ലാഹുവും അവന്റെ റസൂലും ഏതൊരു വിഷയം തീർപ്പാക്കിയാലും വിശ്വാസിയായ പുരുഷന്നോ സ്ത്രീക്കോ തങ്ങളുടെ കാര്യത്തിൽ

മറ്റൊന്ന് തെരഞ്ഞെടുക്കാൻ പാടുള്ളതല്ല. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവൻ വ്യക്തമായും പിഴച്ചുപോയതു തന്നെ.» (അൽ അഹ്സാബ്, 33:36)

മുസ്‌ലിം എപ്പോഴും വിനീതനായ വിശ്വാസിയായി വർത്തിക്കണം. അവർക്കിടയിൽ ഉയർന്നുവരുന്ന ഭൗതികമോ മതപരമോ ആയ കാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ അത് നിരാകരിക്കാനോ, അതിനെ മറികടന്ന് ബുദ്ധിയുടെയും യുക്തിയുടെയും വിധി തേടിപ്പോകുവാനോ അവർക്കനുവാദമില്ല. അല്ലാഹു പറയുന്നു:

﴿إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥١﴾﴾ (النُّورُ)

«തങ്ങൾക്കിടയിൽ തീർപ്പുകൽപ്പിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ വിശ്വാസികളുടെ പ്രതികരണം, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ.» (അന്നൂർ, 24:51)

മതവിശ്വാസങ്ങളെയും ശാസനകളെയും തങ്ങളുടെ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് വിമർശനാത്മകമായി വിലയിരുത്തുക, എന്നിട്ട് ചിലതു സ്വീകരിക്കുക, ചിലത് ത്യജിക്കുക എന്നത് വിശ്വാസികളുടെ മാർഗ്ഗമല്ല. ഇബ്‌ലീസിന്റെ അനുയായികളാണ് ബുദ്ധിയിലും കഴിവിലും അഹങ്കരിക്കുകയും അഭീഷ്ടങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്നവർ. അവരാണ് അല്ലാഹുവിന്റെ ശാസനകളെ ത്യാജ്യഗ്രാഹ്യ ബുദ്ധിയോടെ സമീപിക്കുന്നവർ. അല്ലാഹു അവതരിപ്പിച്ച പ്രമാണവാക്യങ്ങൾ മുഖവിലക്കെടുക്കുകയും, അതിൽ വിശ്വാസമർപ്പിച്ച്, അതിനു സർവഥാ കീഴ്പ്പെടുകയും ചെയ്യുക എന്നതാണ് വിനീത ദാസന്മാരുടെ രീതി. സച്ചരിതരായ സലഫുകൾ ഒരിക്കലും മതശാസനകളെ യുക്തിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയോ വിമർശനാത്മകമായി സമീപി

ക്കുകയോ ചെയ്തിട്ടില്ല. മറിച്ച്, വിശ്വാസത്തോടും വിനയത്തോടും കൂടി അവയെ പരിഗ്രഹിക്കുക മാത്രമേ ചെയ്തിട്ടുള്ളു. അവരാണ് നമ്മുടെ മാതൃക. അവരെ പിൻപറ്റി അവരുടെ പിറകിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുക, അല്ലാഹുവിന്റെ തിരുമുഖം കാണുക എന്നതായിരിക്കണം നമ്മുടെ അഭിലാഷം. അവർ മതശാസനകളെ എങ്ങനെ വിലയിരുത്തി എന്നതിനുള്ള ഒരു ഉദാഹരണം താഴെ കൊടുക്കാം:

عن علي ﷺ قال: « لو كان الدين بالرأي لكان أسفل الخف أولى بالمسح من أعلاه، وقد رأيت رسول الله ﷺ يمسح على ظاهر خفيه » (أخرجه أبو داود في سننه وصححه الألباني)

അലി ﷺ പറയുന്നു: «ദീൻ യുക്തിയുടെ അടിസ്ഥാനത്തിലായിരുന്നുവെങ്കിൽ ബൂട്ടിന്റെ താഴ്ഭാഗമായിരുന്നു മുകൾ ഭാഗത്തെക്കാൾ തടവാൻ തരപ്പെട്ടത്. എന്നാൽ നബി ﷺ തന്റെ ഇരുബൂട്ടുകളുടെയും മുകൾ ഭാഗം തടവുന്നതായിട്ടാണ് ഞാൻ കണ്ടത്.» (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

## മൂന്ന്: പ്രമാണരേഖകൾ വ്യാഖ്യാനിക്കേണ്ടത് സലഫുകളുടെ ഗ്രാഹ്യമനുസരിച്ചു മാത്രം

അല്ലാഹു ഇറക്കിയ മാർഗ്ഗദർശനം പൂർണ്ണ മനസ്സോടെ പിന്തുടരുകയും, പ്രമാണവാക്യങ്ങളെ വിശ്വാസത്തോടും വിനയത്തോടും കൂടി അംഗീകരിക്കുകയും, അവക്ക് സർവഥാ കീഴ്പ്പെടുകയും ചെയ്യുക എന്നതാണ് അഹ്‌ലുസ്സുന്നഃയുടെ രീതി. എന്നാൽ പ്രമാണങ്ങളിലുള്ളത് മൂലവാക്യങ്ങളാണ്. അവയെ എങ്ങനെ വായിക്കണം, എങ്ങനെ മനസ്സിലാക്കണം, എങ്ങനെ വ്യാഖ്യാനിക്കണം, എങ്ങനെ പ്രയോഗവത്ക്കരിക്കണം എന്നത് മൗലിക പ്രാധാന്യമുള്ള വിഷയങ്ങളാണ്. പ്രമാണരേഖകളെ ശരിയാം വിധം ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും കഴിയാതെ പോയാൽ അത് സൃഷ്ടിക്കുന്ന വിപത്ത് അതീവ ഗുരു

തരമായിരിക്കും. പ്രമാണങ്ങളുടെ അക്ഷരങ്ങളല്ലാതെ, അവയുടെ ആശയങ്ങൾ ലഭിക്കാതെ പോകും. നബി ﷺ പറയുന്ന ഒരു വചനം ശ്രദ്ധിക്കുക:

عَنْ عُقْبَةَ بْنِ عَامِرٍ الْجُهَنِيِّ، قَالَ سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: « هَلَاكُ أُمَّتِي فِي الْكِتَابِ وَاللَّبَنِ» قَالُوا: يَا رَسُولَ اللهِ، مَا الْكِتَابُ وَاللَّبَنُ؟ قَالَ: «يَتَعَلَّمُونَ الْقُرْآنَ فَيَتَأَوَّلُونَهُ عَلَى غَيْرِ مَا أَنْزَلَ اللهُ عَزَّ وَجَلَّ، وَيُحِبُّونَ اللَّبَنَ، فَيَدَعُونَ الْجَمَاعَاتِ وَالْجُمَعَ وَيَبْدُونَ » (أخرجه أحمدُ في مُسندِهِ وصححه الألباني)

ഉഖ്ബതു ബിൻ ആമിർ അൽ ജുഹനി رضي الله عنه നിവേദനം: നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: «ഗ്രന്ഥത്തിലും ക്ഷീരത്തിലുമായിരിക്കും എന്റെ സമുദായത്തിന്റെ നാശം.» അവർ ചോദിച്ചു: "ഗ്രന്ഥവും ക്ഷീരവും എന്നു പറഞ്ഞതിന്റെ വിവക്ഷയെന്താണ്?" അവിടുന്ന് പറഞ്ഞു: «അവർ ഖുർആൻ പഠിക്കും. എന്നിട്ട് അല്ലാഹു അവതരിപ്പിച്ച വിവക്ഷ പ്രകാരമല്ലാതെ അവരതിനെ വ്യാഖ്യാനിക്കും. അവർ പാലിൽ അനുരക്തരാകും. അങ്ങനെ ജമാഅത്തുകളും ജുമുഅഃകളും ഉപേക്ഷിച്ച് മരുഭൂമികളിൽ അലയും.» (ഇമാം അഹ്മദ്, മുസ്നദുൽ ഇമാം അഹ്മദ്)

മേൽ ഹദീസ് സ്വതഃസ്പഷ്ടമാണ്. അതിൽ പറഞ്ഞ തെറ്റായ പ്രവണത ഈ സമൂഹത്തെ എവിടെ കൊണ്ടെത്തിക്കും എന്നതിന്റെ നേർക്കാഴ്ചയാണ് ആധുനിക മുസ്ലിം സമൂഹങ്ങളിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. അത്തരമൊരു വിപത്തിൽനിന്ന് രക്ഷനേടാനുള്ള മാർഗ്ഗം അല്ലാഹു തന്നെ അറിയിച്ചിട്ടുണ്ട്. ഈ സന്ദേശം അല്ലാഹുവാണ് ഇറക്കിയത്. അതിന്റെ ശരിയായ വിവക്ഷ അവൻ തന്നെ അറിയിച്ചു തരും. അവൻ നിയോഗിച്ച ദൂതൻ മുഹമ്മദിന് ﷺ അത് ഇറക്കിക്കൊടുക്കും. അവിടുന്ന് അത് തന്റെ അനുചരന്മാർക്ക് കൈമാറും. അവർ അതുപ്രകാരം പ്രമാണവാക്യങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും തങ്ങളുടെ ജീവിതത്തിൽ

പ്രയോഗവത്ക്കരിക്കുകയും ചെയ്യും. അതിന് നബി ﷺ മേൽനോട്ടം വഹിക്കും. വല്ല പിശകും സംഭവിച്ചാൽ ഉടനെ തന്നെ വഹ്‌യിലൂടെ അത് തിരുത്തും. അതിനാൽ അവിടുത്തെ അനുചരന്മാർ പ്രമാണരേഖകൾ മനസ്സിലാക്കിയ പ്രകാരമേ പിന്നീടുള്ളവർ അവയെ ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും പാടുള്ളു.

നമ്മുടെ ആത്യന്തിക ലക്ഷ്യമെന്ത്? അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക, അവൻ ഒരുക്കിവെച്ചിരിക്കുന്ന സ്വർഗ്ഗീയാരാമങ്ങളിൽ പ്രവേശിക്കുക, അതിൽ എന്നെന്നും ശാശ്വതരായി വസിക്കുക, അവന്റെ തിരുമുഖം കാണുക, ജീവിതത്തിലെ അതിമഹത്തായ ഈ വിജയസൗഭാഗ്യം കരസ്ഥമാക്കുക. അതിനുള്ള വഴി ഇനി ഒന്നേയുള്ളു. അത് മുഹാജിറുകളും അൻസ്വാറുകളുമായി ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്ന സ്വഹാബികളെ പരിപൂർണ്ണമായും അന്യൂനമായും പിന്തുടരുക എന്നതു തന്നെ. അല്ലാഹു പറയുന്നത് കാണുക:

﴿وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَٰلِكَ الْفَوْزُ الْعَظِيمُ ﴿١٠٠﴾﴾ (التَّوْبَةُ)

«മുഹാജിറുകളും അൻസ്വാറുകളുമായി ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്നവരും, കുറ്റമറ്റവിധം അവരെ പരിപൂർണ്ണമായി പിന്തുടർന്നവരുമാരോ അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെയും തൃപ്തിപ്പെട്ടിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകുന്ന സ്വർഗ്ഗീയാരാമങ്ങളാണ് അവർക്കായി അവൻ ഒരുക്കിവെച്ചിരിക്കുന്നത്. അവരതിൽ എന്നെന്നും ശാശ്വതരായി വസിക്കും. അതു തന്നെയാണ് ഏറ്റവും മഹത്തായ വിജയം.» (അത്തൗബഃ, 9:100)

അവർ വിശ്വസിച്ചതും പ്രവർത്തിച്ചതും അതേപടി സ്വീകരിക്കുകയും, അവരുടേതിന് തത്തുല്യമായ വിശ്വാസാചാരങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുവരേ സന്മാർഗ്ഗം പ്രാപിക്കുകയുള്ളു. പ്രമാണരേഖകൾ

അഭീഷ്ടങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുകയും അവരുടേതിൽനിന്ന് വ്യത്യസ്തമായ വിശ്വാസാചാരങ്ങൾ അനുവർത്തിക്കുകയും ചെയ്തവർ അവർ പോകുന്ന സ്വർഗ്ഗത്തിലായിരിക്കില്ല പോകുക. മറിച്ച്, സ്വന്തം ബുദ്ധിയിലും യുക്തിയിലും അഭീഷ്ടങ്ങളിലും വഞ്ചിതരായ ഇബ്‌ലീസിന്റെയും ഫിർഔനിന്റെയും ഖവാരിജുകളുടെയും പിന്നിലാണ് അവരുടെ സ്ഥാനം അടയാളപ്പെടുത്തപ്പെടുക. അല്ലാഹു പറയുന്നത് കാണുക:

﴿فَإِنْ آمَنُوا بِمِثْلِ مَا آمَنتُم بِهِ فَقَدِ اهْتَدَوا ۖ وَّإِن تَوَلَّوْا فَإِنَّمَا هُمْ فِي شِقَاقٍ ۖ فَسَيَكْفِيكَهُمُ اللَّهُ ۚ وَهُوَ السَّمِيعُ الْعَلِيمُ ۝١٣٧﴾ (الْبَقَرَةُ)

«നിങ്ങൾ വിശ്വസിച്ചതിനു തത്തുല്യമായത് അവർ വിശ്വസിക്കുന്നുവെങ്കിൽ അവരും നേർമാർഗ്ഗത്തിലായി. മറിച്ച്, അവരതിൽനിന്ന് പിന്തിരിയുകയാണെങ്കിൽ എതിർ ചേരിയിൽ മാത്രമാണവർ നിലകൊള്ളുന്നത്. അവരുടെ കാര്യത്തിൽ നിനക്ക് അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.» (അൽ ബഖറഃ, 2:137)

ജനങ്ങൾ പല തരക്കാരാണ്. ഞങ്ങൾക്ക് ഖുർആൻ മതി, നബചര്യ വേണ്ട എന്നു പറയുന്നവർ. ഞങ്ങൾ ഖുർആനും സുന്നത്തും അംഗീകരിക്കാം, പക്ഷെ സ്വഹാബത്തിന്റെ ഗ്രാഹ്യം ഉൾക്കൊള്ളാനാവില്ലെന്നു പറയുന്നവർ. ഞങ്ങൾക്ക് ബുദ്ധിയുണ്ട്, ഞങ്ങൾ അതനുസരിച്ച് പ്രമാണവാക്യങ്ങളെ സ്വന്തമായി വായിച്ചു കൊള്ളാം എന്നു പറയുന്നവർ. ഇത്തരക്കാരെല്ലാം അവരുടെ വഴി അവർ സ്വയം നിർണ്ണയിച്ചു. നാം പോകാൻ ആഗ്രഹിക്കുന്നത് മുഹമ്മദ് നബിയിലൂടെ ﷺ അല്ലാഹു വാഗ്ദാനം ചെയ്ത സ്വർഗ്ഗത്തിലേക്കാണെങ്കിൽ മുഹമ്മദ് നബിയും ﷺ അനുചരന്മാരും പോയ അതേ വഴി തന്നെ നാമും പിന്തുടരേണ്ടതുണ്ട്. അവിടുന്ന് പറയുന്നത് കാണുക:

عَنْ عَوْفِ بْنِ مَالِكٍ، قَالَ: قَالَ رَسُولُ اللهِ ﷺ: « افْتَرَقَتْ الْيَهُودُ عَلَى إِحْدَى وَسَبْعِينَ فِرْقَةً، فَوَاحِدَةٌ فِي الْجَنَّةِ، وَسَبْعُونَ فِي النَّارِ، وَافْتَرَقَتْ النَّصَارَى عَلَى ثِنْتَيْنِ وَسَبْعِينَ

فِرْقَةً، فَإِحْدَى وَسَبْعُونَ فِي النَّارِ، وَوَاحِدَةٌ فِي الْجَنَّةِ، وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ! لَتَفْتَرِقَنَّ أُمَّتِي عَلَى ثَلَاثٍ وَسَبْعِينَ فِرْقَةً، وَاحِدَةٌ فِي الْجَنَّةِ، وَثِنْتَانِ وَسَبْعُونَ فِي النَّارِ» قِيلَ: يَا رَسُولَ اللهِ مَنْ هُمْ؟ قَالَ: «الْجَمَاعَةُ» وَفِي رِوَايَةٍ: «مَا أَنَا عَلَيْهِ وَأَصْحَابِي» (أخرجه ابن ماجه في سننه وصححه الألباني)

**ഔഫ് ബിൻ മാലിക് ﵁ നിവേദനം: നബി ﷺ പറയുന്നു: «ജൂതർ എഴുപത്തിയൊന്ന് കക്ഷികളായി പിരിഞ്ഞു; അതിലൊന്ന് സ്വർഗ്ഗ ത്തിലും എഴുപതും നരകത്തിലുമായിരിക്കും.**

**ക്രൈസ്തവർ എഴുപത്തി രണ്ട് കക്ഷികളായി വേർപിരിഞ്ഞു; അതിൽ എഴുപത്തിയൊന്ന് കക്ഷികളും നരകത്തിലും ഒന്ന് സ്വർഗ്ഗ ത്തിലുമായിരിക്കും.**

**മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം! എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയുക തന്നെ ചെയ്യും; ഒരു കക്ഷി സ്വർഗ്ഗത്തിലും എഴുപത്തി രണ്ടെണ്ണം നരകത്തിലുമായിരിക്കും.»**

**അപ്പോൾ ചോദിക്കപ്പെടുകയുണ്ടായി: അല്ലാഹുവിന്റെ ദൂതരേ, ആരാണവർ?**

**അവിടുന്ന് പറഞ്ഞു: «അൽ ജമാഅഃയാണത്.»**

**മറ്റൊരു റിപ്പോർട്ടിലുള്ളത്, «ഞാനും എന്റെ അനുചരന്മാരും ഏതൊ രു മാർഗ്ഗത്തിലാണോ അതിൽ നിലകൊള്ളുന്നവർ» എന്നാണ്. (ഇമാം ഇബ്നു മാജഃ, സുനനു ഇബ്നി മാജഃ)**

അല്ലാഹുവിനെ റബ്ബായും മുഹമ്മദിനെ ﷺ നബിയായും ഖുർആ നും സുന്നത്തും പ്രമാണമായും അംഗീകരിക്കുന്ന മുസ്‌ലിംകൾ തന്നെ എങ്ങനെയാണ് ഇത്രയധികം കക്ഷികളായി വേർപിരിയുന്നത്? ഒരു നിമിഷം നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട കാര്യമാണിത്. കാരണം മറ്റൊന്നുമല്ല. പ്രമാണവാക്യങ്ങളെ തന്നിഷ്ടമനുസരിച്ച് വ്യാഖ്യാനി

ക്കുന്നതു കൊണ്ടു തന്നെ. ഖുർആനും സുന്നത്തും തന്നിഷ്ടവും എന്ന താവരുത് ഒരു മുസ്ലിമിന്റെ നിലപാട്. തന്നിഷ്ടവുമായി ആർക്കും മുന്നോട്ടു പോകാനാവില്ല. അവർക്ക് വിജയം വരിക്കാനും സാധ്യമല്ല. പ്രമാണവാക്യങ്ങൾ വായിക്കാനും മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും പ്രയോഗവത്ക്കരിക്കാനും സ്വഹാബത്തിന്റെ ഗ്രാഹ്യം അനിവാര്യമാണ്. അവരുടേതിൽനിന്ന് ഭിന്നമായ ധാരണ പ്രമാണരേഖകൾക്ക് ചാർത്തിയാൽ അത് അവയെ അക്ഷരത്തിൽ മാത്രം സ്വീകരിക്കലും ആശയങ്ങളിൽ തിരസ്കരിക്കലുമായിത്തീരും. അത്തരം ദുർവ്യാഖ്യാനങ്ങൾ നമ്മെ നാശത്തിൽ മാത്രമേ എത്തിക്കുകയുള്ളു. ഇതു തന്നെയാണ് മൻഹജിന്റെ ആധാരശിലയും. ഇക്കാര്യം തന്നെയാണ് നടേ ഉദ്ധരിച്ച ഉഖ്ബതു ബിൻ ആമിറിന്റെ ﷺ ഹദീസിൽ പറഞ്ഞിട്ടുള്ളതും.

അല്ലാഹു മാനവരാശിക്കു നൽകിയ മതമാണ് ഇസ്ലാം. അവന്റെ ദൂതൻ കാണിച്ചു തന്ന ചര്യയാണ് ഇസ്ലാമിന്റെ മാർഗ്ഗം. ആ മാർഗ്ഗം നിലകൊള്ളുന്ന സവിശേഷമായ ആധാരം സ്വഹാബത്തിന്റെ ഗ്രാഹ്യമാണ്. അതിനെ മറികടന്ന് തനതായ ഇസ്ലാം ദീൻ അനുവർത്തിക്കുക അസാധ്യമാണ്. മൻഹജിന്റെ സുപ്രധാനമായ ഈ ആധാരത്തെ കുറിച്ച് മഹാന്മാരായ ഇമാമുകളും പണ്ഡിതന്മാരും വിശദമായി തന്നെ പ്രതിപാദിച്ചിട്ടുണ്ട്. വിസ്താര ഭയത്താൽ അവയെല്ലാം ഇവിടെ ഉദ്ധരിക്കാൻ മുതിരുന്നില്ല. സുന്നത്തിന്റെ ഇമാമായ അഹ്മദ് ബിൻ ഹൻബലിന്റെ ﷺ വിശദീകരണത്തിൽ എല്ലാമുണ്ട്. അർത്ഥപൂർണ്ണമായത് അൽപമൊള്ളുവെങ്കിലും അതായിരിക്കും ചിതറിച്ചു കളയുന്ന അധിക വിരണങ്ങളെക്കാൾ ഉത്തമം:

"أُصُولُ السُّنَّةِ عِنْدَنَا التَّمَسُّكُ بِمَا كَانَ عَلَيْهِ أَصْحَابُ مُحَمَّدٍ ﷺ وَالْاِقْتِدَاءُ بِهِمْ"

(أَحْمَدُ بْنُ حَنْبَلٍ فِي أُصُولِ السُّنَّةِ)

"നമ്മുടെ അടുക്കൽ സുന്നത്തിന്റെ ആധാരം, മുഹമ്മദ് നബിയുടെ ﷺ അനുചരന്മാർ ഏതൊന്നിലായിരുന്നുവോ അത് മുറുകെ പിടിക്കലും അവരെ പിന്തുടരലുമാണ്." (ഇമാം അഹ്മദ്, ഉസ്വൂലുസ്സുന്നഃ)

## നാല്: പണ്ഡിതന്മാരോട് ചോദിക്കുക

അറിവും ദീനും സ്വീകരിക്കേണ്ടത് വഹ്‌യിൽനിന്ന് മാത്രമാണ്. അല്ലാഹുവാണ് മതവിശ്വാസങ്ങളും നിയമ സംഹിതകളും തീരുമാനിക്കുന്നത്. അതിൽ മനുഷ്യബുദ്ധിക്കും യുക്തിക്കും യാതൊരു പങ്കുമില്ല. പ്രമാണരേഖകളിൽ നിന്ന് മതപരമായ കാര്യങ്ങൾ മനസ്സിലാക്കിയെടുക്കുമ്പോൾ അബദ്ധം പിണയാതിരിക്കാനും അഭീഷ്ടങ്ങളിൽ വീണുപോകാതിരിക്കാനും വേണ്ടി അവയെ സ്വഹാബത്ത് മനസ്സിലാക്കിയ പോലെ തന്നെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും വേണം. ഇതാണ് അഹ്‌ലുസ്സുന്നഃയുടെ മൻഹജ്.

ഇസ്‌ലാമിൽ മതപരമായ അറിവ് കരസ്ഥമാക്കാനുള്ള വഴി യോഗ്യരായ പണ്ഡിതന്മാർ അത് ചൊല്ലിക്കൊടുക്കുകയും, മര്യാദകൾ പാലിച്ച് ശിഷ്യന്മാർ അത് ഗുരുമുഖത്തുനിന്ന് കേട്ടുപഠിക്കുകയും ചെയ്യുക (التَّلْقِين والتَّلقِّي) എന്നുള്ളതാണ്. കാരണം മതപരമായ അറിവുകൾ സ്വയം നിർമ്മിക്കാവുന്നവയല്ല. അത് അല്ലാഹു അവതരിപ്പിച്ചതും, അവന്റെ ദൂതൻ ജനങ്ങൾക്ക് സത്യസന്ധമായി എത്തിച്ചുകൊടുത്തതുമായ ആത്യന്തിക യാഥാർത്ഥ്യങ്ങളാണ്. ഓരോ തലമുറയിലെയും സത്യസന്ധരും നീതിമാന്മാരും യോഗ്യരുമായ പണ്ഡിതന്മാർ അടുത്ത തലമുറക്ക് അത് വിനിമയം ചെയ്ത് കൊടുക്കുകയാണ് വേണ്ടത്. നമുക്ക് അറിയാത്ത കാര്യങ്ങൾ യോഗ്യരായ പണ്ഡിതന്മാരോട് ചോദിക്കണം. അല്ലാതെ, സ്വയം കണ്ടെത്താൻ ശ്രമിക്കുകയോ അയോഗ്യരെ സമീപിക്കുകയോ അല്ല വേണ്ടത്. ഇക്കാര്യം അല്ലാഹു തന്നെ ഖുർആനിൽ ഒന്നിലധികം സന്ദർഭങ്ങളിൽ എടുത്തു പറഞ്ഞിട്ടുള്ളതാണ്. താഴെ കൊടുക്കുന്ന സൂക്തങ്ങൾ കാണുക:

﴿وَمَا أَرْسَلْنَا مِنْ قَبْلِكَ إِلَّا رِجَالًا نُوحِي إِلَيْهِمْ فَاسْأَلُوا أَهْلَ الذِّكْرِ إِنْ كُنْتُمْ لَا تَعْلَمُونَ ﴿٤٣﴾﴾ (النَّحْلُ)

«നിനക്ക് മുമ്പ് പുരുഷന്മാരെയല്ലാതെ നാം വഹ്‌യ് നൽകി ദൂതന്മാ

രായി നിയോഗിച്ചിട്ടില്ല. നിങ്ങൾക്കറിയില്ലെങ്കിൽ, അറിവുള്ളവരോട് നിങ്ങൾ ചോദിക്കുകയാണ് വേണ്ടത്.» (അന്നഹ്ൽ, 16:43; അൽ അൻബിയാഅ്, 21:7)

അറിയാത്ത കാര്യങ്ങൾ അറിവുള്ള യോഗ്യരും സത്യസന്ധരുമായ പണ്ഡിതന്മാരോട് ചോദിച്ചു പഠിക്കാനാണ് അല്ലാഹു കൽപിക്കുന്നത്. എന്നാൽ അറിവിന്റെ നിർമ്മാണം (Constructivism), അറിവിന്റെ സ്വകീയമായ സമ്പാദനം (Autodidacticism), ശ്രമ-പുനഃശ്രമ പഠന സിദ്ധാന്തം (Trial and Error Theory) പോലുള്ള ആധുനിക ഭൗതിക പഠന രീതികൾ മതവിജ്ഞാനത്തിന്റെ സമ്പാദനത്തിൽ പ്രയോഗിച്ചു നോക്കാവുന്ന സങ്കേതങ്ങളല്ല. അവ പ്രയുക്തമാകുന്നത് ഭൗതിക നാഗരിക വിഷയങ്ങളിലും തൊഴിൽ മേഖലകളിലുമൊക്കെയാണ്.

കൂടാതെ ഉത്തരാധുനിക കാലത്ത് നടന്നുകൊണ്ടിരിക്കുന്ന വിവരങ്ങളുടെ വേലിയേറ്റം കടുത്ത പ്രതിസന്ധികളാണ് സൃഷ്ടിക്കുന്നത്. ഈ വേലിയേറ്റത്തിൽ ഏതാണ് ആധികാരികം, ഏതാണ് വ്യാജം എന്നു വേർതിരിക്കാനോ, അവയിൽനിന്ന് ലഭ്യമാകുന്ന പ്രാഥമിക വിവരങ്ങളെ (primary information) ഉപകാരപ്രദമായ അറിവും ജ്ഞാനവുമാക്കി സംസ്കരിച്ചെടുക്കാനോ, അത് മനുഷ്യന്റെ അന്തഃരംഗത്ത് പ്രവർത്തിക്കുന്ന ഒരു വിവേകമായി ഉയർത്തിക്കൊണ്ടുവരാനോ വാട്സാപ് യൂനിവേഴ്സിറ്റിയും ഗൂഗിളും ചാറ്റ് ജി.പി.ടിയും നിർമ്മിത ബുദ്ധിയും മതിയാവില്ല എന്ന തിരിച്ചറിവ് നമുക്കാവശ്യമാണ്.

അതീവ ഗുരുതരമായ ഒരു വർത്തമാനകാലയാഥാർത്ഥ്യമുണ്ടിവിടെ. അതിനെ കുറിച്ച് പരാമർശിക്കാതെ പോകുന്നത് മുസ്‌ലിം ബഹുജനങ്ങളോട് കാണിക്കുന്ന അനീതിയായിരിക്കും. എന്തെന്നുവെച്ചാൽ ചില വ്യക്തികൾക്ക്, വിശിഷ്യാ ചെറുപ്പക്കാർക്ക്, ചില പ്രത്യേക സാഹചര്യങ്ങളിൽ ദീനീ കാര്യങ്ങളിൽ താൽപര്യം ജനിക്കും. അതവരെ വല്ലാതെ ആവേശഭരിതരാക്കും. ദീനിലേക്കുള്ള ആദ്യത്തെ ചുവടു തന്നെ പ്രബോധനമാണ് എന്നാണവർ കരുതുന്നത്. ക്ലാസ് നടത്തുക, പ്രസംഗിക്കുക, ഭിന്നമായ ആശയഗതികൾ വെച്ചുപുലർ

ത്തുന്നവരുമായി തർക്കത്തിലും സംവാദത്തിലും ഏർപ്പെടുക ഇതൊക്കെയാണ് അവരുടെ പ്രാഥമിക കടമ എന്നവർ തെറ്റിദ്ധരിച്ചിരിക്കുന്നു. അതിനായി സമയവും അധ്വാനവും പണവും നിർലോഭമായി ചെലവഴിക്കും. ചിലരൊക്കെ സ്വന്തം ചാനൽ തുടങ്ങും. ഫേഷ്യൽ ചെയ്ത് കാമറക്കു മുന്നിൽ വരികയും വായ കോട്ടി സംസാരിക്കുകയും ചെയ്യും. അതിലൂടെ ലഭിക്കാവുന്ന പ്രശസ്തിയും സാമൂഹിക പദവിയും കാണിച്ച് പിശാച് അവരെ വേട്ടയാടും.

അവരെക്കാൾ അപകടകാരികളായ ചില 'സെൽഫികളും' ഇന്ന് രംഗത്തുണ്ട്. ഒന്നോ രണ്ടോ വർഷം കൊണ്ട് അറബി അധ്യാപകരായി സർക്കാൻ ശമ്പളം വാങ്ങാൻ അറബിക്കോളേജുകളിലൂടെ വഴിതെറ്റി കടന്നു പോയവരാണവർ. ഒരു വിസിറ്റ് വിസയിൽ അറബ് രാജ്യങ്ങളിലെവിടെയെങ്കിലും കറങ്ങാൻ കഴിഞ്ഞാൽ മാസ്റ്റേഴ്സും കിട്ടി എന്നാണവരുടെ വെപ്പ്. അറബിയിൽ ഒരു വാചകം ഉദ്ധരിക്കാൻ കഴിഞ്ഞാൽ എല്ലാമായി; അതാണ് അവരുടെ അറിവിന്റെ ആഴം. അതുമുഖേന അവർ പ്രതീക്ഷിക്കുന്നത് സമൂഹത്തിൽ സാമാന്യം ബഹുമാനവും സ്വീകാര്യതയും ലഭിക്കുകയെന്നതാണ്. കുറച്ചൊക്കെ പ്രശസ്തരാവുകയും ചെയ്യാം. പുറമെ, കുഴപ്പമില്ലാത്ത ലക്കോട്ട് സമ്പാദ്യവും ഒപ്പിക്കാം. ഇതിനായി പേ പിടിച്ചു നടക്കുന്ന അൽപന്മാർ! അവർക്ക് നബി ﷺ നൽകിയ പേരാണ് 'റുവൈബിളഃ'യെന്നത്. ലക്ഷണമൊത്തെ 'റുവൈബിളഃമാരെ' തടഞ്ഞിട്ട് ഒരടി മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയാണിന്ന് കേരളത്തിൽ.

മേൽ പറഞ്ഞ ഇരു വിഭാഗവും ദീനിന് ഏൽപിക്കുന്നത് പറഞ്ഞറിയിക്കാനാവാത്ത ആഘാതമാണ്. മതപരമായി അടിസ്ഥാന വിവരം പോലും ഇക്കൂട്ടർക്കില്ലെന്നത് ഒരു ഭയാനകമായ സത്യമാണ്. തങ്ങൾക്ക് ആവശ്യമായി തോന്നുന്ന വിവരങ്ങൾ കുറുക്കു വിദ്യയിലൂടെ നേടാനാണ് അവർ ശ്രമിക്കുന്നത്. അതിനായി അവർ ഉപയോഗിക്കുന്ന പഠനോപകരണങ്ങളാണ് നവമാധ്യമങ്ങളിൽ വരുന്ന ക്ലിപ്പുകൾ, വാട്സാപ് ഗ്രൂപ്പുകളിൽ നിന്ന് ലഭിക്കുന്ന മെസേജുകൾ,

ഓൺലൈൻ ഫത്‌വകൾ, എ.ഐ. ടൂളുകൾ ഉപയോഗിച്ച് നടത്തുന്ന അന്വേഷണങ്ങൾ, അറിയപ്പെടുന്നവരും അല്ലാത്തവരുമായ കുറച്ച് അറബി ശൈഖുമാരുടെ പേരുകൾ, സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തതും അല്ലാത്തതുമായ ചില അറബി വാചകങ്ങൾ..

അതിനെക്കാൾ സങ്കടകരമായ കാര്യം, ഇത്തരക്കാരുടെ നാട്യങ്ങളും ഭാവഹാവങ്ങളും കണ്ട് സാധാരണക്കാർ വഞ്ചിതരായിപ്പോകുന്നു എന്നതാണ്. ജനം അവരെ മഹാപണ്ഡിതന്മാരായി തെറ്റിദ്ധരിക്കുകയും, അവർ അല്ലാഹുവിനും അവന്റെ സൃഷ്ടികൾക്കും ഇടയിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന മഹത്തുക്കളാണെന്നാണ് വിശ്വസിക്കുകയും ചെയ്യുന്നു. അവർ റുവൈബിളമാരിൽ വിശ്വാസമർപ്പിക്കുകയും, അവരെ അതിരില്ലാതെ സ്നേഹിക്കുകയും പരിധിവിട്ട് ആദരിക്കുകയും ചെയ്യുന്നത് കാണുമ്പോൾ അവർക്കു തന്നെ അവരുടെ നില എന്തെന്ന് അറിയാത്ത അവസ്ഥ വരുന്നു. ഇങ്ങനെ, നാട്യക്കാരായ 'റുവൈബിളമാരും' വിവരമില്ലാത്ത പാമരജനങ്ങളും, പരസ്പരം കൊണ്ടും കൊടുത്തും ഇസ്‌ലാം ദീനിനെ ദുഷിപ്പിക്കുകയും മുസ്‌ലിം സമൂഹ മനസ്സിനെ മലീമസമാക്കുകയും ചെയ്യുന്ന കാഴ്ച വേദനാജനകം തന്നെ. നമ്മുടെ പരാതികളും വേദനകളും അർപ്പിക്കാൻ അല്ലാഹുവല്ലാതെ മറ്റാരുണ്ട്! എല്ലാം അവനിൽ ഭരമേൽപിക്കുക നാം. ആശ്രയമരുളാൻ, സഹായം നൽകാൻ അവൻ മാത്രം!

എന്നാൽ നടേ ഉദ്ധരിച്ച ഖുർആൻ സൂക്തങ്ങൾ (അന്നഹ്ൽ, 16:43; അൽ അൻബിയാഅ്, 21:7) അസന്ദിഗ്ധമായും നമ്മെ തെര്യപ്പെടുത്തുന്ന അനിഷേധ്യമായ ചില യാഥാർത്ഥ്യങ്ങളുണ്ട്. അവയെ കുറിച്ചുള്ള ഒരു പരിചിന്തനം ഇവിടെ അനുപേക്ഷ്യമായിത്തീരുന്നു:

1. ദീനിയായ അറിവ് ഗുരുമുഖത്തു നിന്നു തന്നെ നേരിട്ട് പഠിക്കണം. അറിവിന്റെ സമ്പാദനത്തിൽ ഒഴിവാക്കാനാവാത്ത ഒരു അടിസ്ഥാന കാര്യമാണ് യോഗ്യനായ ഒരു ഗുരുനാഥന്റെ മാർഗനിർദ്ദേശം. നടേ സൂചിപ്പിച്ച ആയത്തുകളിൽ അർത്ഥശങ്കക്കിടമില്ലാത്ത വിധം അല്ലാഹു അക്കാര്യം വ്യക്തമാക്കിയതാണ്. ഒരു ഗുരുനാഥന

മാത്രമേ അവസരോചിതമായി ഇടപെടാനും വഴികാണിക്കാനും സാധിക്കുകയുള്ളു. ഗ്രന്ഥങ്ങളോ സെർവറുകളിൽ ശേഖരിച്ചു വെച്ച ശബ്ദങ്ങളോ ലിപികളോ ഉപയോക്താക്കളെ നേരാം വണ്ണം നയിക്കുകയോ അവസരോചിതമായി ഇടപെടുകയോ ഇല്ല. ഖുർആനികമായ ഈ ആശയം പണ്ഡിതന്മാർ സവിശദം ചർച്ച ചെയ്തിട്ടുണ്ട്. മുഹമ്മദ് അമാനൽ ജാമിയുടെ ﵀ ഒരു വചനം ശ്രദ്ധിക്കുക: "العلمُ يُؤخذُ من أفواهِ العلماء، لَا مِن بُطونِ الكتُبِ فقط" (അറിവ് പണ്ഡിതന്മാരുടെ വായിൽനിന്ന് സ്വീകരിക്കണം. ഗ്രന്ഥത്താളുകളിൽനിന്ന് മാത്രമായിട്ടല്ല.)

2. അറിവിന്റെ കൈമാറ്റമല്ലാതെ അറിവിന്റെ നിർമ്മാണം ശർഈ വിജ്ഞാനീയങ്ങളിൽ സ്വീകാര്യമല്ല. കാരണം മതത്തിൽ പുതുതായി നിർമ്മിക്കുന്നതെന്തും ബിദ്അത്തുകളാണ്. അവ വഴികേടും നരകത്തിനുള്ള ഇന്ധനവുമാണ്. മുകളിൽ പറഞ്ഞ 'റുവൈബിളമാർ' പ്രചരിപ്പിക്കുന്നതിലധികവും ദീനിന്റെ പേരിൽ അവരുണ്ടാക്കുന്ന കൃതിപ്പുകളും അപനിർമ്മിതികളുമാണ്.

3. അറിവിന്റെ സ്വകീയമായ സമ്പാദന രീതിയും ശർഈ വിഷയങ്ങളിൽ അസ്വീകാര്യമാണ്. അത്തരം പഠനരീതികൾ ശരിയായ ഉത്തരത്തിൽ എത്തിക്കാനുള്ള സാധ്യത ഇല്ല തന്നെ. അഥവാ ശരിയായ ഉത്തരത്തിൽ എത്തിയാൽ തന്നെ അയാളുടെ ചുവടുകൾ തെറ്റുകയും, നിഗമന ഫലം മാത്രം സത്യവുമായി ഒത്തുവരികയും ചെയ്തു എന്നേയുള്ളു. അത് ശ്ലാഘനീയമായ ഒരു കാര്യമല്ല. ശർഇയ്യായ അറിവ് സമ്പാദിക്കേണ്ടത് തെറ്റായ രീതികളിലൂടെയോ കുറുക്കു വഴികളിലൂടെയോ അല്ല. നബി ﷺ പറയുന്നു:

عن أبي هريرة ﵁ عن النبي ﷺ قال: « إنما العلم بالتعلم، والحلم بالتحلم، ومن يتحر الخير يعطه، ومن يتوق الشر يوقه » (أورده الألباني في الصحيحة)

അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ പറയുന്നു: «യഥാവിധി പഠിച്ചു കൊണ്ട് മാത്രം നേടേണ്ടതാണ് അറിവ്. ശരിയായ പരിശീല

നത്തിലൂടെ മാത്രം വളർത്തിയെടുക്കാവുന്നതാണ് വിവേകം. ആർ ബോധപൂർവ്വം നന്മ ലക്ഷ്യം വെക്കുന്നുവോ അവനത് ലഭിക്കും. ആർ തിന്മ വേണ്ട പോലെ സൂക്ഷിക്കുന്നുവോ അവനതിൽനിന്ന് സംരക്ഷണം ലഭിക്കും. (ഇമാം അൽബാനി, സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹഃ)

സലഫിയ്യത്തിന്റെ പേരിൽ എന്തെല്ലാം കോപ്രായങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്! പ്രായവും പക്വതയുമില്ലാത്ത, അറിവും വെളിവുമില്ലാത്ത, അൽപന്മാരും 'റുവൈബിളകളു'മായ വിവരദോഷികളാണ് അറിവാളന്മാരായി രംഗത്തു വരുന്നത്. വലിയ വലിയ കാര്യങ്ങളെ കുറിച്ച് എല്ലാമറിയാമെന്ന ഭാവത്തിൽ നിറഞ്ഞ വായിലാണ് അവർ സംസാരിക്കുക. പക്ഷെ, അറിവും ദീനം സ്വീകരിക്കേണ്ട സ്രോതസ്സുകൾ ഏതാണെന്ന് പോലും അവർക്കറിയില്ല. ഏതെങ്കിലും ഒരു ശൈഖിന്റേതായി ഒരു അറബി വാചകം വായിച്ചാൽ എല്ലാമായി! അല്ലെങ്കിൽ സവിശേഷമായ ഒരു സന്ദർഭം മുൻനിർത്തി ആരെങ്കിലും ആർക്കെങ്കിലും നൽകിയ ഒരു നസ്വീഹത്. അതുമല്ലെങ്കിൽ ഓൺലൈനിൽ കാണുന്ന ഒരു ഫത്‌വാ. അവയുടെയൊന്നും മുമ്പും പിമ്പും നോക്കില്ല. അതിൽ മതിയായ തെളിവുകൾ ഉദ്ധരിച്ചിട്ടുണ്ടോ എന്നതവർക്ക് പ്രശ്നമല്ല. മദ്ഹബിന്റെ ഇമാമുകളെയും ഫുഖഹാക്കളെയും തഖ്‌ലീദ് ചെയ്യുന്ന പാരമ്പര്യവാദികളല്ലേ ഇവരെക്കാൾ ഭേദം! അവർ അന്ധമായി അനുകരിക്കുന്നത് മുൻഗാമികളായ ഇമാമുകളെയും പൗരാണികരായ ഫുഖഹാക്കളെയുമാണ്. അതു തന്നെ അറിയപ്പെട്ട ഒരു മദ്ഹബിന്റെ ചട്ടക്കൂടിനകത്തു നിന്ന് വ്യവസ്ഥാപിതമായ രീതിയിൽ. എന്നാൽ ഈ 'സെൽഫികൾ' തഖ്‌ലീദ് ചെയ്യുന്നത് സമകാലികരായ ചില ശൈഖന്മാരെ!! അതു തന്നെ യാതൊരു വ്യവസ്ഥയും ചിട്ടയുമില്ലാതെ. അഭീഷ്ടങ്ങളാണ് അവരുടെ മൂലധനം. അതിനെ സാധൂകരിക്കുന്ന ഒരു അറബി വാചകം എവിടെനിന്നെങ്കിലും കിട്ടിയാൽ എല്ലാം സഫലമായി എന്ന മട്ടാണ്. ഇതിനെക്കാൾ വലിയ ദുരന്തം വേറെയുണ്ടോ?!!

പണ്ഡിതന്മാരുടെ വാക്കുകൾ ഉദ്ധരിക്കുന്നതെന്തിനാണ്? ഉദ്ധരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? ഇതിനെ കുറിച്ചൊന്നും ഒരു വെളിവുമില്ലാത്തവരാണിവർ. പണ്ഡിതാഭിപ്രായം മതപരമായ തെളിവോ രേഖയോ അല്ല. ശർഇയ്യായ വിധിവിലക്കുകൾക്കുള്ള പ്രമാണരേഖയായി അവ ഉദ്ധരിക്കുന്നത് കൃത്യവിലോപമാണ്. മറിച്ച്, അവരുടെ അഭിപ്രായങ്ങൾക്ക് മതപരമായ തെളിവുകളുടെ പിന്തുണയുണ്ടോ എന്ന് പരിശോധിക്കുകയാണ് വേണ്ടത്. ശൈഖുൽ ഇസ്‌ലാം ഇബ്‌ന തൈമിയ്യഃ ﵀ പറയുന്നത് കാണുക:

" فَإِنَّ أَقْوَالَ الْعُلَمَاءِ يُحْتَجُّ لَهَا بِالْأَدِلَّةِ الشَّرْعِيَّةِ لَا يُحْتَجُّ بِهَا عَلَى الْأَدِلَّةِ الشَّرْعِيَّةِ "

(ابن تيمية في مجموع فتاويه)

"തീർച്ചയായും പണ്ഡിതന്മാരുടെ വാക്കുകൾക്ക് പ്രമാണരേഖകളുടെ പിൻബലം ആവശ്യമാണ്. അല്ലാതെ, പ്രമാണരേഖകൾക്ക് മീതെ അവയെ തെളിവായി ഉപയോഗിക്കാവതല്ല." (ഇബ്‌ന തൈമിയ്യഃ, മജ്മൂഉൽ ഫതാവാ)

പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ തെളിവുകളാൽ ശരിവെക്കപ്പെടേണ്ടതാണ്. അവക്ക് പ്രമാണരേഖകളുടെ പിന്തുണ ആവശ്യമാണ്. തെളിവുകൾക്ക് മുകളിലായി അവയെ സ്ഥാപിക്കാവതല്ല. തെളിവ് വേറെ, പണ്ഡിതവചനം വേറെ. രണ്ടിനെയും രണ്ടായി കാണാനുള്ള പക്വത ശരിയായ അറിവിലൂടെ മാത്രമേ കൈവരികയുള്ളു.

വഹ്‌യിലൂടെ ലഭിച്ച പ്രമാണരേഖകൾ, അഥവാ ഖുർആൻ സൂക്തങ്ങളും സ്ഥിരപ്പെട്ട നബിചര്യയും മാത്രമേ തെളിവാകുകയുള്ളു. പ്രമാണങ്ങളുടെ പിന്തുണയില്ലാത്ത പണ്ഡിതാഭിപ്രായത്തിന് ഒരു വിലയുമില്ല. നബി ﷺ പറഞ്ഞതിനോട് യോജിക്കാത്ത ഒരഭിപ്രായം ആരു തന്നെ പറഞ്ഞാലും സ്വീകാരിക്കാവതല്ല. 'ഇത് ഭിന്നാഭിപ്രായമുള്ള മസ്അലഃയാണ്, മതം വിശാലമല്ലേ, അതിനാൽ പണ്ഡിതന്മാരുടെ വാക്കുകളിൽ ഏതു വേണമെങ്കിലും സ്വീകരിച്ചു കൂടേ?' എന്നൊക്കെ ചിലർ വാദിക്കും. യഥാർത്ഥത്തിൽ അത് അല്ലാഹുവിന്

പുറമെ പണ്ഡിതരെയും പുരോഹിതരെയും റബ്ബുകളാക്കലാണ്. ജൂത-ക്രൈസ്തവരുടെ ദുഷിച്ച ചര്യയാണത്. അത് പിന്തുടരുന്നത് നിശിതമായി വിലക്കപ്പെട്ടിരിക്കുന്നു. പണ്ഡിതന്മാരുടെ വാക്കുകളിൽ നിന്ന് നബി ﷺ പറഞ്ഞതിനോട് യോജിക്കുന്നതല്ലാതെ ഒന്നും നാം സ്വീകരിക്കരുത്. നബി ﷺ പറഞ്ഞതിനോട് വിയോജിക്കുന്ന വാക്ക് ആരുടെതായിരുന്നാലും അത് അവരിലേക്ക് തന്നെ മടക്കി, തള്ളിക്കളയേണ്ടതാണ്. ഉലമാക്കളിൽ മുജ്തഹിദുകളുണ്ടാകാം. ഇജ്തിഹാദ് ശരിയായാൽ അവർക്ക് രണ്ടു പ്രതിഫലം; പിഴച്ചാൽ ഒന്നും. പക്ഷെ, നബി ﷺ പറഞ്ഞതിനോട് യോജിക്കാത്ത വാക്ക് നാം സ്വീകരിക്കാൻ പാടില്ല. ഇത് അല്ലാഹുവിനോടും അവന്റെ ഗ്രന്ഥത്തോടും റസൂലിനോടും മുസ്‌ലിം ഭരണാധികാരികളോടും ബഹുജനങ്ങളോടുമുള്ള ഗുണകാംക്ഷയാണ്.

## ഗൗരവതരമായ വിഷയങ്ങൾ കൈകാര്യകർത്താക്കളിലേക്ക് മടക്കുക

നാം വിധി തേടുന്ന പ്രശ്നങ്ങൾ എല്ലാം ഒരേ സ്വഭാവത്തിലുള്ളവയായിരിക്കില്ല. ചിലത് വിശ്വാസവും ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളായിരിക്കും. മറ്റു ചിലത് വൈയക്തികമോ കുടുംബപരമോ സാമൂഹികമോ ആയ കാര്യങ്ങളായിരിക്കും. എന്നാൽ ചിലത് സമുദായത്തെ മൊത്തം ബാധിക്കുന്ന ഗൗരവതരമായ നൂതന പ്രശ്നങ്ങളായിരിക്കും. സമൂഹത്തെ മൊത്തമായി ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ അധികാരികളായ കൈകാര്യകർത്താക്കളിലേക്ക് തന്നെ മടക്കണം. സംഘടനാ നേതാക്കളെയോ, അതുപോലുള്ള സ്വയം പ്രഖ്യാപിത കൈകാര്യകർത്താക്കളെയോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ഖുർആനിലും സുന്നത്തിലും أُولُو الْأَمْرِ (കൈകാര്യകർത്താക്കൾ) എന്നു പറയുമ്പോൾ വ്യവസ്ഥാപിതവും നിയമാനുസൃതവുമായ വിധത്തിൽ മുസ്‌ലിംകളെ ഭരിക്കുന്ന മുസ്‌ലിം ഭരണാധികാരികളെയാണ് ഉദ്ദേശിക്കുന്നത്. ഞങ്ങളും കൈകാര്യകർത്താക്കളാണെന്ന് ഭാവിക്കുന്ന സംഘടനാ നേതാക്കൾക്ക് അതിനുള്ള അധികാരാവകാശങ്ങൾ അല്ലാഹു നൽകിയിട്ടില്ല.

ഗൗരവതരമായ പ്രശ്നങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാനും യഥാസമയം ഉചിതമായ നടപടി കൈക്കൊള്ളാനും ശരിയായ വിധിവിലക്കുകൾ നിർദ്ധാരണം ചെയ്തെടുക്കാനും അവകാശപ്പെട്ടവരും കഴിവുള്ളവരും യഥാർത്ഥ കൈകാര്യകർത്താക്കളായ ഭരണാധികാരികളാണ്. അല്ലാഹു പറയുന്നു:

﴿وَإِذَا جَاءَهُمْ أَمْرٌ مِّنَ الْأَمْنِ أَوِ الْخَوْفِ أَذَاعُوا بِهِ ۖ وَلَوْ رَدُّوهُ إِلَى الرَّسُولِ وَإِلَىٰ أُولِي الْأَمْرِ مِنْهُمْ لَعَلِمَهُ الَّذِينَ يَسْتَنبِطُونَهُ مِنْهُمْ ۗ وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ لَاتَّبَعْتُمُ الشَّيْطَانَ إِلَّا قَلِيلًا ﴿٨٣﴾﴾ (النِّسَاء)

«സമാധാനവുമായോ [യുദ്ധ] ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്കെത്തിയാൽ അവർ അത് പ്രചരിപ്പിക്കുകയായി. റസൂലിനും അവരിലെ കൈകാര്യകർത്താക്കൾക്കും അത് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽനിന്നും വസ്തുതകൾ നിർദ്ധാരണം ചെയ്യാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയെടുക്കുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ അൽപം ചിലരൊഴികെ നിങ്ങളെല്ലാവരും പിശാചിനെ പിൻപറ്റിപ്പോകുമായിരുന്നു.» (അന്നിസാഅ്, 4:83)

## മുതിർന്നവരോട് ചോദിക്കുക

മതപരമായ അറിവും ദീനും നാം ചോദിക്കേണ്ടതും സ്വീകരിക്കേണ്ടതും സുന്നത്ത് അവലംബിക്കുന്ന യോഗ്യരും പരിണതപ്രജ്ഞരുമായ പണ്ഡിതന്മാരോടാണ്. തന്നിഷ്ടങ്ങൾ പിന്തുടരുകയും ദീനിൽ അപനിർമ്മിതികളുണ്ടാക്കുകയും ചെയ്യുന്ന അൽപന്മാരോട് ചോദിക്കുകയോ അവരിൽനിന്ന് അറിവ് സ്വീകരിക്കുകയോ ചെയ്യാവതല്ല.

عن ابن عباس رضي الله عنهما أن رسول الله ﷺ قال: « البركة مع أكابركم » (أخرجه الحاكم في مستدركه، وصححه الألباني)

ഇബ്നു അബ്ബാസ് ﵁ നിവേദനം: നബി ﷺ പറയുന്നു: «നിങ്ങളിലെ മുതിർന്ന പണ്ഡിതന്മാരോടൊപ്പമേ ഐശ്വര്യമുണ്ടായിരിക്കൂ.» (ഇമാം ഹാകിം, അൽ മുസ്തദ്റക്)

നബിയുടെ ﷺ മാർഗ്ഗം യഥാവിധം പിന്തുടരുന്ന യോഗ്യരും പരിണതപ്രജ്ഞരുമായ പണ്ഡിതന്മാരാണ് ഈ ദീനിന്റെ ശരിയായ വാഹകർ. അവരാണ് നബിയുടെ ﷺ അനന്തരാവകാശികൾ. നുബുവ്വത്തിന്റ പൈതൃകം അവരുടെ കൈകളിലാണുള്ളത്. അവരോടൊപ്പം നിൽക്കുകയും അവരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ജീവിക്കുകയും ചെയ്യുക എന്നത് ഒരു വല്ലാത്ത സുരക്ഷിതത്വമാണ്. ഐഹിക ജീവിതത്തിൽ കിട്ടാവുന്ന ഏറ്റവും മികച്ച ഒരു അനുഭവം തന്നെയാണത്. പക്ഷെ, അനുഭവിച്ചർക്കല്ലേ അത് അറിയൂ. പറഞ്ഞു കേട്ടത് അതിനു സമമാകില്ലല്ലോ. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي الدَّرْدَاءَ ﵁ عَنِ النَّبِيِّ ﷺ قَالَ: « إِنَّ العُلَمَاءَ وَرَثَةُ الأَنْبِيَاءِ، إِنَّ الأَنْبِيَاءَ لَمْ يُوَرِّثُوا دِينَارًا وَلَا دِرْهَمًا، إِنَّمَا وَرَّثُوا العِلْمَ، فَمَنْ أَخَذَ بِهِ أَخَذَ بِحَظٍّ وَافِرٍ » (أخرجه ابن ماجه في سننه، وصححه الألباني)

അബുദ്ദർദാഅ് ﵁ നിവേദനം: നബി ﷺ പറയുന്നു: «നിശ്ചയമായും പണ്ഡിതന്മാരാണ് നബിമാരുടെ അനന്തരവന്മാർ. തീർച്ചയായും നബിമാർ ഒരു സ്വർണ്ണ നാണയമോ വെള്ളിക്കാശോ അനന്തരം നൽകിയിട്ടില്ല; അറിവ് മാത്രമാണ് അവർ അനന്തരം നൽകിയത്. ആർ അത് സ്വീകരിച്ചുവോ അവൻ സമൃദ്ധമായ ഒരു വിഹിതം തന്നെയാണ് കൈപ്പറ്റിയിരിക്കുന്നത്.» (ഇമാം ഇബ്നു മാജഃ, സുനനു ഇബ്നി മാജഃ)

മേലാടയണിഞ്ഞു നടക്കുന്ന സകലമാന കപടനാട്യക്കാരും പണ്ഡിതവേഷധാരികളും നബിമാരുടെ അനന്തരവന്മാരായി രംഗത്തുവരികയും പ്രബുദ്ധരെന്ന് അവകാശപ്പെടുന്ന മലയാളികൾ പോലും അത് വകവെച്ചു കൊടുക്കുകയും ചെയ്യുന്നു എന്നതാണ് ഇവിടുത്തെ ദുരന്തം. കള്ളനാണയങ്ങൾ വേറെ, വെള്ളി നക്ഷത്രങ്ങൾ വേറെ.

## അൽപന്മാരോട് ചോദിക്കരുത്

നബിചര്യയോട് പ്രതിബദ്ധത പുലർത്താത്ത, തന്നിഷ്ടങ്ങളും നൂതനവാദങ്ങളും പിന്തുടരുന്ന അൽപന്മാരോട് ദീനിനെ കുറിച്ച് ചോദിക്കുകയോ അവരിൽനിന്ന് അറിവ് സ്വീകരിക്കുകയോ ചെയ്യരുത്. അത് നാശമാണ്, മഹാനാശം! ഈ വകതിരിവില്ലായ്മ കേരളീയ മുസ്‌ലിം സമൂഹത്തിലുണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെ കുറിച്ച് പറയേണ്ടതില്ലല്ലോ. ഏവരും അതിനെ കുറിച്ച് അസ്വസ്ഥരാണ്. പക്ഷെ, കക്ഷി താൽപര്യത്തിനപ്പുറം മറ്റൊന്നും ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴിയാത്ത അവസ്ഥയിലാണെല്ലാവരും. താഴെ കൊടുക്കുന്ന ചില വചനങ്ങൾ കൂടി ശ്രദ്ധിക്കുക:

« إن من أشراط الساعة أن يلتمس العلم عند الأصاغر » (أخرجه اللالكائي في شرح أصول اعتقاد أهل السنة والجماعة، وابن المبارك في الزهد، وصححه الألباني)

നബി ﷺ പറയുന്നു: «അൽപന്മാരിൽനിന്ന് അറിവ് തേടുക എന്നത് അന്ത്യനാളിന്റെ അടയാളങ്ങളിൽപെട്ടതാണ്.» (ഇമാം അല്ലാലകാഈ, ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്‌ലിസ്സുന്നത്തി വൽ ജമാഅഃ; ഇബ്നൽ മുബാറക്, അസ്സുഹ്ദ്)

قَالَ ابْنُ مَسْعُودٍ رضي الله عنه: « لَا يَزَالُ النَّاسُ بِخَيْرٍ مَا أَخَذُوا الْعِلْمَ عَنْ أَكَابِرِهِمْ وَعَنْ أُمَنَائِهِمْ وَعُلَمَائِهِمْ، فَإِذَا أَخَذُوهُ مِنْ أَصَاغِرِهِمْ وَشِرَارِهِمْ هَلَكُوا » (أخرجه البيهقي في المدخل إلى السنن الكبرى)

ഇബ്നു മസ്ഊദ് رضي الله عنه പറയുന്നു: «ജനങ്ങൾ അവരിലെ മുതിർന്നവരും വിശ്വസ്തരും പരിണതപ്രജ്ഞരുമായ പണ്ഡിതന്മാരിൽനിന്ന് അറിവ് സ്വീകരിക്കുന്ന കാലത്തോളം അവർ നന്മയിലായിരിക്കും. അവരിലെ അൽപന്മാരിൽനിന്നും ദുഷ്ടന്മാരിൽനിന്നും അത് സ്വീകരിക്കാൻ തുടങ്ങിയാൽ അവർ നശിച്ചതു തന്നെ.» (ഇമാം ബൈഹഖി, അൽ മദ്ഖൽ)

ഇത്രയൊക്കെ പറഞ്ഞാലും ആരാണീ അൽപന്മാർ എന്ന് വീണ്ടും ചോദിക്കുന്ന വല്ലാത്തൊരു സ്ഥിതിവിശേഷമാണിവിടെ. എന്നല്ല, ഈ ഹദീസ് കേൾക്കുമ്പോൾ അൽപന്മാർ തന്നെ മുന്നിൽ വന്ന് മൂക്കത്തു വിരൽ വെച്ച് അതിൽ അത്ഭുതം കൂറുകയും, ഇതൊന്നും തങ്ങളെ സ്പർശിക്കാനുള്ളതല്ല, അയൽപക്കത്ത് വന്ന് തിരിച്ചുപോകാനുള്ളതല്ലേ എന്ന മട്ടിൽ മൂടുംതട്ടി തിരിഞ്ഞു നടക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് വേണ്ടി രണ്ടു ഹദീസുകൾ കൂടി ഉദ്ധരിക്കാം. ഉരുട്ടിക്കാണിച്ചിട്ടും തിരിയാത്തവർക്ക് തലക്കൊരു മുട്ടും കൂടി. എന്നാലെങ്കിലും ഉണർന്നെങ്കിലോ?

عن أبي ذرّ ﷺ عن النبي ﷺ قال: « إنكم اليوم في زمان كثير علماؤه، قليل خطباؤه، من ترك عشر ما يعرف فقد هوى، ويأتي من بعد؛ زمانٌ كثيرٌ خطباؤه، قليل علماؤه، من استمسك بعشر ما يعرف فقد نجا » (أخرجه الهروي في ذم الكلام، وأورده الألباني في الصحيحة)

അബൂ ദർ ﷺ നിവേദനം: നബി ﷺ പറയുന്നു: «ഇന്ന് നിങ്ങൾ ജീവിക്കുന്നത് പണ്ഡിതന്മാർ കൂടുതലും പ്രസംഗകർ കുറവുമുള്ള ഒരു കാലത്താണ്. തനിക്കറിയുന്നതിന്റെ പത്തിലൊരംശം ഒരാൾ ഉപേക്ഷിച്ചാൽ തന്നെ അവൻ നാശത്തിൽ പതിക്കും. പിറകെ, ധാരാളം പ്രസംഗകരും കുറച്ചു മാത്രം പണ്ഡിതന്മാരുമുള്ള ഒരു കാലം വരാനിരിക്കുന്നു. അന്ന് ആരെങ്കിലും അവനറിയുന്നതിന്റെ പത്തിലൊരംശമെങ്കിലും മുറുകെ പിടിച്ചാൽ അവൻ രക്ഷപ്പെടും.» (ഇമാം ഹർവി, ദമ്മുൽ കലാം)

ഇതല്ലെങ്കിൽ ഏതാണാവോ ആ കാലം! പ്രസംഗിക്കാൻ വീർപ്പുമുട്ടുന്ന, പ്രസംഗം ജീവിതാഭിലാഷമായി കൊണ്ടുനടക്കുന്ന കള്ളനാണയങ്ങളാണെവിടെയും. അവരുടെ തള്ളുകളാണ് ഇക്കാലത്തെ 'വിശുദ്ധ ദഅ്‌വത്ത്'! 'റുവൈബിളഃമാർ' വാഴും കാലത്തെ കുറിച്ച് നബി ﷺ പറഞ്ഞത് നാം ഇന്ന് അനുഭവിക്കുകയാണ്.

عن أبي هريرة ﷺ قال، قال رسول الله ﷺ: « سيأتي على الناس سنوات خدَّاعات،

يُصدَّق فيها الكاذب، ويُكذَّب فيها الصادق، ويؤتمن فيها الخائن، ويُخوَّن فيها الأمين، وينطق فيها الرويبضة » قيل: وما الرويبضة؟ قال: « الرجل التافه يتكلم في أمر العامة» (أخرجه ابن ماجه في سننه وصححه الألباني)

**അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ പറയുന്നു:**

**«ജനങ്ങൾക്ക് വരാനിരിക്കുന്നു, ആരെയും ചതിയിൽപെടുത്തി കളയുന്ന കുറച്ചു വർഷങ്ങൾ!**

**അന്ന് കള്ളൻ സത്യപ്പെടുത്തപ്പെടും,**
**അന്ന് സത്യവാൻ കളവാക്കപ്പെടും,**
**അന്ന് വഞ്ചകനെ വിശ്വസിക്കും,**
**അന്ന് വിശ്വസ്തനെ വഞ്ചകനാക്കും,**
**അന്ന് 'റുവൈബിളമാർ' സംസാരിക്കും.»**

**നബിയോട് ﷺ ചോദിക്കപ്പെടുകയുണ്ടായി: "എന്താണീ റുവൈബിളഃ?"**

**അവിടുന്ന് പറഞ്ഞു: «പൊതുകാര്യങ്ങളിൽ സംസാരിക്കുന്ന ഭോഷൻ.» (ഇമാം ഇബ്നു മാജഃ, സുനനു ഇബ്നി മാജഃ)**

ഗൗരവതരമായ പൊതുവിഷയങ്ങളിൽ വലിയ വായിൽ സംസാരിക്കുന്ന കാൽക്കാശിനു കൊള്ളാത്ത അന്തസ്സാരശൂന്യരും ഏമാളികളുമായ റുവൈബിളഃമാരുടെ കയ്യിലാണിന്ന് കടിഞ്ഞാൺ. അതു തന്നെയാണ് മുസ്‌ലിം സമുദായത്തിന്റെ ശാപവും.

## അൽപന്മാർ ജനങ്ങളിൽ ഏറ്റവും നികൃഷ്ടർ

ജനങ്ങളിലെ നികൃഷ്ടരാണ് أَصَاغِرُ അഥവാ അൽപന്മാർ. അവർ തന്നിഷ്ടങ്ങളുടെയും അപനിർമ്മിതികളുടെയും ആളുകളായിരിക്കും. അവരെ കുറിച്ചുള്ള താക്കീതുകൾ നിരവധിയാണ്. പക്ഷെ, വിശ്വാസി സമൂഹം ഇനിയെങ്കിലും കണ്ണ് തുറക്കുമോ?

قَالَ عَلِيٌّ ﵁: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: « يَأْتِي فِي آخِرِ الزَّمَانِ قَوْمٌ، حُدَثَاءُ الأَسْنَانِ، سُفَهَاءُ الأَحْلاَمِ، يَقُولُونَ مِنْ خَيْرِ قَوْلِ البَرِيَّةِ، يَمْرُقُونَ مِنَ الإِسْلاَمِ كَمَا يَمْرُقُ السَّهْمُ مِنَ الرَّمِيَّةِ، لاَ يُجَاوِزُ إِيمَانُهُمْ حَنَاجِرَهُمْ..» (أخرجه البخاري في صحيحه)

**അലി ﵁ നിവേദനം: നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: «അവസാന കാലത്ത് ഒരു പറ്റം ആളുകൾ വരാനിരിക്കുന്നു – വയസ്സ് കുറഞ്ഞ ചെറുപ്പക്കാർ, വിവേകശൂന്യരായ വിഡ്ഢികൾ. മനുഷ്യർ പറയുന്നതിൽ ഏറ്റവും ഉദാത്തമായ വാക്കുകളായിരിക്കും അവർ സംസാരിക്കുക. അസ്ത്രം ഉരുവിനെ തുളച്ച് പുറത്ത് പോകുന്ന പോലെ അവർ ഇസ്‌ലാമിൽനിന്ന് പുറത്തേക്ക് പോകും. അവരുടെ വിശ്വാസം അവരുടെ തൊണ്ടക്കുഴിക്കപ്പുറം കടന്നുപോവില്ല..» (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)**

قال ابن المبارك ﵀: « الأصاغر من أهل البدع » (أخرجه اللالكائي في شرح أصول اعتقاد أهل السنة والجماعة)

**ഇബ്നുൽ മുബാറക് ﵀ പറയുന്നു: «അൽപന്മാർ - الأصاغر ബിദ്അത്തുകാരിൽപെട്ടവരായിരിക്കും.» (ഇമാം അല്ലാലകാഈ, ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്‌ലിസ്സുന്നത്തി വൽ ജമാഅഃ)**

അതിനാൽ ഏറ്റവും പ്രസക്തമായ കാര്യം പറയാം. നാം സ്വീകരിക്കുന്ന അറിവ് കേവല വിവരങ്ങളല്ല. മറിച്ച്, അവ നമ്മുടെ വീക്ഷണങ്ങളെയും വിശ്വാസങ്ങളെയും രൂപപ്പെടുത്തുന്ന ബോധ്യങ്ങളാണ്. ആ അറിവുകൾ തന്നെയാണ് നമ്മുടെ ദീൻ. അത് സ്വീകരിക്കുന്ന സ്രോതസും, അത് നമുക്ക് വിനിമയം ചെയ്തുതരുന്ന കൈകളും മലിനമായാൽ നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ ദീനായിരിക്കും. നാളെ അല്ലാഹുവിനെ ഏതൊരു ദീനുമായി നാം അഭിമുഖീകരിക്കേണ്ടി വരുമോ ആ ദീൻ കളങ്കിതമാണെങ്കിൽ എല്ലാം കൈവിട്ട നഷ്ടകാരികളിൽ നാം അകപ്പെട്ടു പോകും. അങ്ങനെ ജീവിതത്തിൽ തോറ്റുപോകാതിരിക്കാനാണ്

കാലേക്കൂട്ടി ഇക്കാര്യം നബിയും ﷺ സ്വഹാബത്തും ഇമാമുകളും പണ്ഡിതന്മാരും നമ്മെ ഉണർത്തിയിട്ടുള്ളത്. താബിഈവര്യന്മാരിൽ അഗ്രേസരനായ ഇബ്‌ന സീരീൻ ؒ പറയുന്നത് കാണുക:

عَنْ مُحَمَّدِ بْنِ سِيرِينَ قَالَ: " إِنَّ هَذَا الْعِلْمَ دِينٌ فَانْظُرُوا عَمَّنْ تَأْخُذُونَ دِينَكُمْ "
(أخرجه مسلم في مقدمة صحيحه)

മുഹമ്മദ് ബിൻ സീരീൻ ؒ പറയുന്നു: "തീർച്ചയായും ഈ അറിവ് ദീനാണ്. അതിനാൽ ആരിൽനിന്നാണ് നിങ്ങളുടെ ദീൻ നിങ്ങൾ സ്വീകരിക്കുന്നത് എന്നത് നിങ്ങൾ ശരിക്കും നോക്കിക്കൊള്ളണം." (ഇമാം മുസ്‌ലിം, സ്വഹീഹു മുസ്‌ലിമിന്റെ മുഖവുര)

## അഞ്ച്: അല്ലാഹുവിന്റെ കൽപനകൾക്ക് സർവഥാ കീഴ്പ്പെടുക

ഇസ്‌ലാമിന്റെ തനതു സ്രോതസ്സായ വഹ്‌യിൽനിന്ന് സ്വീകരിക്കുകയും യോഗ്യരും സത്യസന്ധരുമായ പണ്ഡിതന്മാരുടെ കൈകളിലൂടെ മാത്രം വിനിമയം ചെയ്യപ്പെട്ട് തങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്ന യാതൊരറിവും പൂർണ്ണ മനസ്സോടെ പരിഗ്രഹിക്കുകയും സൂക്ഷ്മതയോടെ ജീവിതത്തിലേക്ക് പകർത്തുകയുമാണ് വേണ്ടത്. അങ്ങനെ നബിയും ﷺ അനുചരന്മാരും വരച്ചു കാണിച്ച അതേ വഴിയിൽ മുന്നേറണം. പ്രമാണരേഖകളിലും അവയുടെ വ്യാഖ്യാനങ്ങളിലും ഏതെങ്കിലും തരത്തിലുള്ള മാറ്റത്തിരുത്തലുകളോ ഭേദഗതികളോ വരുത്തിയാൽ അത് മതത്തിന്റെ വിശുദ്ധി കെടുത്തിക്കളയാനും മുസ്‌ലിംകളുടെ ഐക്യം തകർക്കാനും മാത്രമേ ഉപകരിക്കുകയുള്ളു. മതശാസനകളിൽ വെള്ളം ചേർക്കാതെ, വന്നുകിട്ടിയ അതേപടി അവ സ്വീകരിക്കുകയും, അവയുടെ താൽപര്യങ്ങൾക്ക് സർവഥാ കീഴ്പ്പെടുകയും ചെയ്യുക. അതു മാത്രമേ ഒരു മുസ്‌ലിമിനു നിർവ്വാഹമുള്ളു. മറിച്ചുള്ള യാതൊരു വ്യതിയാനവും ശിർക്ക് പോലുള്ള വലിയ കുഴപ്പങ്ങളിലേക്കും വേദനാജനകമായ ശിക്ഷകളിലേക്കുമാണ് മനുഷ്യനെ കൊണ്ടെത്തിക്കുക.

അല്ലാഹു നൽകുന്ന താക്കീത് ശ്രദ്ധാപൂർവ്വം വായിക്കുക:

﴿فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَنْ تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾﴾ (النُّور)

«അതിനാൽ അവിടുത്തെ കൽപനയിൽനിന്ന് വ്യതിചലിക്കുന്നവർ തങ്ങൾക്ക് വല്ല ഫിത്നഃയും വന്നു ഭവിക്കുന്നതോ, വേദനാജനകമായ ശിക്ഷ ബാധിക്കുന്നതോ സൂക്ഷിച്ചു കൊള്ളട്ടെ.» (അന്നൂർ, 24:63)

നബി ﷺ കാണിച്ചു തന്ന മാർഗ്ഗത്തിൽ ഉറച്ചുനിന്ന്, അവിടുന്ന് കൊണ്ടുവന്ന മതശാസനകൾക്ക് പൂർണ്ണമായി കീഴ്പ്പെടാതെ ഒരാളും വിശ്വാസിയായിത്തീരുകയില്ല. ഈ സർവ്വാർപ്പണത്തിൽനിന്നാണ് ഇസ്ലാം അതിന്റെ പേരു തന്നെ സ്വീകരിച്ചിരിക്കുന്നത്. ഒരാൾ കാണിക്കുന്ന അർപ്പണ മനോഭാവത്തിന്റെ ദാർഢ്യത്തിനും പൂർണ്ണതക്കും അനുസരിച്ചാണ് അല്ലാഹുവിങ്കൽ അദ്ദേഹത്തിന് ആദരവും അടുപ്പവും കൈവരുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنْفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾﴾ (النِّسَاء)

«നിന്റെ റബ്ബു തന്നെ സത്യം! അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ താങ്കളെ അവർ വിധികർത്താവാക്കുകയും, എന്നിട്ട് താങ്കൾ വിധിച്ചതിൽ അവരുടെ മനസ്സിൽ യാതൊരു വിഷമവും തോന്നാതിരിക്കുകയും, അതിന് സർവഥാ കീഴ്പ്പെടുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാകുകയില്ല.» (അന്നിസാഅ്, 4:65)

നബി ﷺ കൊണ്ടു വന്ന കാര്യങ്ങൾ എന്തു തന്നെയായാലും അതിന്റെ യുക്തിയന്വേഷിക്കാതെ, അതിന്റെ ഉപയുക്തതയെ കുറിച്ചാലോചിക്കാതെ, അതിന്റെ നേട്ടകോട്ടങ്ങളെ കുറിച്ചൊട്ടും ചിന്തിക്കാതെ, അതിന്റെ പ്രയോഗക്ഷമതയെ കുറിച്ച് ആകുലപ്പെടാതെ നബി ﷺ പറഞ്ഞു എന്ന ഒറ്റക്കാരണത്താൽ അത് അതേപടി സ്വീകരിക്കുക

എന്നതായിരുന്നു അവിടുത്തെ അനുചരന്മാരുടെ രീതി. ഒരു കാര്യം നബി ﷺ അറിയിച്ചു കഴിഞ്ഞാൽ ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു, അത് അംഗീകരിച്ചിരിക്കുന്നു, അത് സത്യപ്പെടുത്തിയിരിക്കുന്നു, അത് ശിരസാവഹിച്ചിരിക്കുന്നു, അതിന് സർവഥാ കീഴ്പ്പെട്ടിരിക്കുന്നു എന്ന് മാത്രമായിരുന്നു അവർ പ്രതികരിച്ചിരുന്നത്. അഹം വെടിഞ്ഞുള്ള ഈ അർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും മികവും ഗുണനിലവാരവുമാണ് അവരെ മാലോകരിൽ ഉത്തമരാക്കിയത്. അതു തന്നെയാണ് മാനവരാശിക്കു വേണ്ടി കൊണ്ടുവരപ്പെട്ടവരിൽ ഏറ്റവും ശ്രേഷ്ഠർ എന്നുള്ള അല്ലാഹുവിന്റെ സാക്ഷ്യപത്രം നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കിയതും. അല്ലാഹുവിന്റെ കൽപനകൾക്ക് അവർ സർവഥാ കീഴ്പ്പെട്ടിരുന്നതിന്റെ ഒരു മഹനീയ മാതൃക, അത് ഒരാളുടെയെങ്കിലും കണ്ണ് തുറപ്പിച്ചെങ്കിലോ എന്ന പ്രതീക്ഷയോടെ ഇവിടെ ഉദ്ധരിക്കട്ടെ:

﴿لِّلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ وَإِن تُبْدُوا مَا فِي أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ اللَّهُ ۖ فَيَغْفِرُ لِمَن يَشَاءُ وَيُعَذِّبُ مَن يَشَاءُ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾﴾ (الْبَقَرَةُ)

«ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അല്ലാഹുവിന്റേതാണ്. നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും മറച്ചുവെച്ചാലും അല്ലാഹു അത് വിചാരണക്ക് വിധേയമാക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാകുന്നു.» (അൽ ബഖറഃ, 2:284)

മേൽ സൂക്തം നബിക്ക് ﷺ അവതരിച്ചപ്പോൾ സ്വഹാബികൾക്കുണ്ടായ ആശങ്കയും, അതിനോടനുബന്ധിച്ച് സമർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും അനിതരമായ ഒരു പാഠം അവിടുന്ന് അവരെ പഠിപ്പിച്ചതും ഇമാം മുസ്‌ലിം رحمه الله തന്റെ സ്വഹീഹിൽ ഉദ്ധരിച്ചിട്ടുണ്ട്. അത് ഇപ്രകാരം വായിക്കാം:

عَنْ أَبِي هُرَيْرَةَ، قَالَ: لَمَّا نَزَلَتْ عَلَى رَسُولِ اللهِ ﷺ ﴿لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَإِنْ تُبْدُوا مَا فِي أَنْفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُمْ بِهِ اللهُ فَيَغْفِرُ لِمَنْ يَشَاءُ وَيُعَذِّبُ مَنْ يَشَاءُ وَاللهُ عَلَى كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾﴾ (الْبَقَرَةُ)، قَالَ: فَاشْتَدَّ ذَلِكَ عَلَى أَصْحَابِ رَسُولِ اللهِ ﷺ، فَأَتَوْا رَسُولَ اللهِ ﷺ ثُمَّ بَرَكُوا عَلَى الرُّكَبِ، فَقَالُوا: أَيْ رَسُولَ اللهِ، كُلِّفْنَا مِنَ الْأَعْمَالِ مَا نُطِيقُ، الصَّلَاةَ وَالصِّيَامَ وَالْجِهَادَ وَالصَّدَقَةَ، وَقَدْ أُنْزِلَتْ عَلَيْكَ هَذِهِ الْآيَةُ وَلَا نُطِيقُهَا، قَالَ رَسُولُ اللهِ ﷺ: « أَتُرِيدُونَ أَنْ تَقُولُوا كَمَا قَالَ أَهْلُ الْكِتَابَيْنِ مِنْ قَبْلِكُمْ سَمِعْنَا وَعَصَيْنَا؟ بَلْ قُولُوا: سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ » قَالُوا: سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ، فَلَمَّا اقْتَرَأَهَا الْقَوْمُ، ذَلَّتْ بِهَا أَلْسِنَتُهُمْ، فَأَنْزَلَ اللهُ فِي إِثْرِهَا: ﴿آمَنَ الرَّسُولُ بِمَا أُنْزِلَ إِلَيْهِ مِنْ رَبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ لَا نُفَرِّقُ بَيْنَ أَحَدٍ مِنْ رُسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ﴿٢٨٥﴾﴾ (الْبَقَرَةُ)، فَلَمَّا فَعَلُوا ذَلِكَ نَسَخَهَا اللهُ تَعَالَى، فَأَنْزَلَ اللهُ عَزَّ وَجَلَّ: ﴿لَا يُكَلِّفُ اللهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا ﴿٢٨٦﴾﴾ (الْبَقَرَةُ) قَالَ: نَعَمْ، ﴿رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا ﴿٢٨٦﴾﴾ (الْبَقَرَةُ) قَالَ: نَعَمْ، ﴿رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ﴿٢٨٦﴾﴾ (الْبَقَرَةُ) قَالَ: نَعَمْ، ﴿وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلَانَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ ﴿٢٨٦﴾﴾ (الْبَقَرَةُ) قَالَ: نَعَمْ.» (أخرجه مسلم في صحيحه)

**അബൂ ഹുറയ്റഃ ﵁ പറയുന്നു: «ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അല്ലാഹുവിന്റേതാണ്. നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും മറച്ചുവെച്ചാലും അത് അല്ലാഹു വിചാരണക്ക് വിധേയമാക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും**

ചെയ്യും. അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാകുന്നു.» (അൽ ബഖറഃ, 2:284) എന്ന സൂക്തം അല്ലാഹുവിന്റെ ദൂതന് അവതരിച്ചപ്പോൾ അത് അവിടുത്തെ അനുചരന്മാർക്ക് കഠിനതരമായി തോന്നി. അവർ നബിയുടെ ﷺ അടുക്കൽ ചെന്ന് മുട്ടുകുത്തിനിന്നു കൊണ്ട് പറഞ്ഞു:

"അല്ലാഹുവിന്റെ ദൂതരേ, കർമ്മങ്ങളിൽനിന്ന് ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളായിരുന്നു ഇതുവരെ ഞങ്ങളെ വഹിപ്പിച്ചിരുന്നത് –നമസ്കാരം, നോമ്പ്, ജിഹാദ്, സ്വദഖഃ മുതലായവ. എന്നാൽ താങ്കൾക്ക് അവതരിപ്പിക്കപ്പെട്ട ഈ സൂക്തം, അത് ഞങ്ങൾക്ക് വഹിക്കാൻ കഴിയുന്ന കാര്യമല്ല."

അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: «നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നൽകപ്പെട്ട രണ്ടു വിഭാഗക്കാരും പറഞ്ഞ പോലെ, 'ഞങ്ങൾ കേട്ടിരിക്കുന്നു, ധിക്കരിച്ചിരിക്കുന്നു' എന്നു പറയാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

മറിച്ച് നിങ്ങൾ പറയേണ്ടത്, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു; ഞങ്ങളുടെ റബ്ബേ, നീ ഞങ്ങളോട് പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം' എന്നാണ്.»

അവർ പറഞ്ഞു: 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, നീ ഞങ്ങളോട് പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം.'

അങ്ങനെ അവർ അപ്രകാരം ചൊല്ലുകയും അത് അവരുടെ നാവുകളിൽ വഴങ്ങുകയും ചെയ്തതിനെ തുടർന്ന് അല്ലാഹു അവതരിപ്പിച്ചു: «റസൂൽ തന്റെ റബ്ബിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ വിശ്വസിച്ചിരിക്കുന്നു; സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കാണിക്കുകയില്ല. അവർ ഇപ്രകാരം പറയുകയും ചെയ്തു: ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ

റബ്ബേ, ഞങ്ങളോട് നീ പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം.»

അവർ അങ്ങനെ ചെയ്തപ്പോൾ അല്ലാഹു അത് ദുർബ്ബലപ്പെടുത്തുകയും അനന്തരം ഇപ്രകാരം അവതരിപ്പിക്കുകയും ചെയ്തു:

«ഒരാത്മാവിനെയും അതിന്റെ കഴിവിൽപെടാത്തതൊന്നും അല്ലാഹു വഹിപ്പിക്കുകയില്ല. അത് സമ്പാദിച്ചത് അതിനുണ്ടായിരിക്കും. അതു ചെയ്തുവെച്ചത് (തിന്മ) അതിനു പ്രതികൂലമായും ഭവിക്കും. ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നുപോയതിന്റേയോ, അബദ്ധവശാൽ ചെയ്തുപോയതിന്റേയോ പേരിൽ ഞങ്ങളെ നീ പിടികൂടരുതേ.»

അല്ലാഹു പറഞ്ഞു: അതെ.

അവർ പറഞ്ഞു: 'ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് മുമ്പുള്ളവരുടെമേൽ നീ ചുമത്തിയ പോലെ ഞങ്ങളുടെമേൽ നീ ദുർവ്വഹമായ ഭാരങ്ങൾ ചുമത്തരുതേ.'

അല്ലാഹു പറഞ്ഞു: അതെ.

'ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് സാധ്യമല്ലാത്ത യാതൊന്നും ഞങ്ങളെ നീ വഹിപ്പിക്കരുതേ.'

അവൻ പറഞ്ഞു: അതെ.

'ഞങ്ങൾക്ക് മാപ്പുനൽകുകയും, ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ സംരക്ഷകൻ. ആകയാൽ അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ.'

അവൻ പറഞ്ഞു: അതെ. (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

ചുരുക്കത്തിൽ, കാരുണ്യവാനായ അല്ലാഹു മനുഷ്യനെ ദുർവ്വഹമായ ഭാരങ്ങളേതുമേ വഹിപ്പിക്കാതെ, അവനു വേണ്ട മാർഗ്ഗദർശനങ്ങൾ യഥാസമയം അവതരിപ്പിച്ചു കൊടുത്ത് തന്റെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കുകയാണ് ചെയ്യുന്നത്. തന്റെ ആത്യന്തിക നന്മക്ക്

ഉതകുന്ന മാർഗ്ഗദർശനങ്ങൾ സന്മനസ്സോടെ സ്വീകരിച്ച് അതിന് സർവഥാ കീഴ്പ്പെടുകയേ വേണ്ടൂ. പ്രഗത്ഭ താബിഈവര്യനായ ഇമാം മുഹമ്മദ് ബിൻ ശിഹാബ് അസ്സുഹ്‌രി ﵀ ഈ വർണ്ണരാജിയിൽ മനുഷ്യന്റെ യഥാസ്ഥാനം കൃത്യമായി അടയാളപ്പെടുത്തുന്നത് കാണുക:

وَقَالَ الزُّهْرِيُّ: " مِنَ اللهِ الرِّسَالَةُ، وَعَلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ البَلاَغُ، وَعَلَيْنَا التَّسْلِيمُ " (أخرجه البخاري في صحيحه)

ഇബ്നു ശിഹാബ് അസ്സുഹ്‌രി ﵀ പറയുന്നു: "മാർഗ്ഗദർശനം അല്ലാഹുവിൽനിന്നാണ് ലഭിക്കേണ്ടത്. റസൂലിന്റെ ബാധ്യത അത് എത്തിച്ചുകൊടുക്കുക എന്നതാണ്. നമ്മുടെ കടമ അതിനു സർവഥാ കീഴ്പ്പെടുക എന്നതും." (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

## ആറ്: ഇസ്‌ലാം മതത്തിൽ തർക്കങ്ങളും സംവാദങ്ങളുമില്ല

വിശ്വാസത്തിന്റെ, അർപ്പണത്തിന്റെ, വിനയത്തിന്റെ, വിധേയത്വത്തിന്റെ മതമാണ് ഇസ്‌ലാം. അഹംഭാവവും ചോദ്യംചെയ്യലും വിസമ്മതവും ഇസ്‌ലാമിന് തീർത്തും അന്യമാണ്. ഒരു സത്യം സംശയരഹിതമായി തന്റെ മുന്നിലെത്തിക്കഴിഞ്ഞാൽ അതിനെ ആദ്യമാത്രയിൽ തന്നെ പരിഗ്രഹിക്കുക എന്നതാണ് നല്ലവനായ ഒരു മനുഷ്യന് ചെയ്യാനുള്ളത്.

സത്യം കൺമുന്നിൽ വന്നുനിൽക്കുമ്പോൾ അഹന്ത സടകുടഞ്ഞെഴുന്നേൽക്കുകയും, സത്യത്തിന്റെ വിളി ചെവിക്കൊള്ളാതെ അതിനു വഴങ്ങാതിരിക്കുകയും, തന്റെ വിസമ്മതത്തിന് യുക്തിയുടെ മറുന്യായം ചമക്കുകയും, കുതർക്കങ്ങളിലും സംവാദങ്ങളിലും ഏർപ്പെടുകയും, അങ്ങനെ അഭീഷ്ടങ്ങൾക്കൊപ്പം നാശത്തിലേക്ക് ഒഴുകിപ്പോകുകയും ചെയ്യുക എന്നത് ഇബ്‌ലീസിന്റെ വഴിയാണ്. എല്ലാറ്റിനും മീതെ, തന്റെ ബുദ്ധിയെയും യുക്തിയെയും അഭീഷ്ടത്തെ

യും സ്ഥാപിക്കുന്നവൻ അല്ലാഹുവിന്റെ വിനീത ദാസൻ എന്ന ശ്രേഷ്ഠപദവി ഉപേക്ഷിച്ച് അഹങ്കാരിയായ ഒരു മൂർത്തിയായി സ്വയം പ്രതിഷ്ഠിക്കാനാണ് അവൻ ശ്രമിക്കുന്നത്.

വക്രീകരിക്കപ്പെട്ട ഇത്തരം മനസ്സിന്റെ ഉടമകൾ ദീനിനകത്തും പുറത്തും ഒരു പോലെ കളിക്കുന്നു. മതസംഹിതകളെയും വിശ്വാസി സമൂഹങ്ങളെയും വളരെയേറെ ദുഷിപ്പിക്കുന്നു. അവരുടെ കലുഷിത മനോഭാവം ദീനിനകത്ത് പ്രവർത്തിക്കുന്നത് സംവാദ വൈദഗ്ധ്യം ഉപയോഗിച്ച് പ്രമാണ രേഖകൾ ദുർവ്യാഖ്യാനം ചെയ്യുന്നിടത്താണ്. ഇത്തരം തർക്കങ്ങൾക്കും സംവാദങ്ങൾക്കും ദീനിൽ സ്ഥാനമില്ല. സത്യം മുന്നിൽ വന്നാൽ അത് സ്വീകരിക്കുക, സത്യപ്പെടുത്തുക, കീഴ്പ്പെടുക. അല്ലാതെ അർപ്പണത്തിന്റെ മതമായ ഇസ്‌ലാമിൽ തർക്കത്തിനും സംവാദത്തിനും ഇടമില്ല തന്നെ.

അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആൻ സൂക്ഷ്മാലുക്കൾക്ക് സന്മാർഗ്ഗദീപം തെളിയിച്ചുകൊടുക്കുമ്പോൾ തന്നെ അധർമ്മചാരികളെ വഴികേടിൽ വിഹരിക്കാൻ വിടുന്നു. അല്ലാഹു വാഗ്ദാനം ചെയ്യുന്ന സാന്മാർഗ്ഗിക ദർശനങ്ങളും വെളിച്ചങ്ങളും ഇരു വിഭാഗങ്ങളെയും അവരർഹിക്കുന്ന ദിശയിലേക്ക് നയിക്കാവുന്ന വിധത്തിലാണ് അതിൽ ക്രമീകരിച്ചിരിക്കുന്നത്. വ്യാഖ്യാനങ്ങൾക്കു വഴങ്ങാത്ത സ്വതഃസ്പഷ്ടവും ആശയഭദ്രവുമായ സൂക്തികളാണ് ഖുർആനിൽ ഏറെയുമുള്ളത്. അവയാണ് ഖുർആനിലെ അടിസ്ഥാന വചനങ്ങൾ. അതേ സമയം ബഹുമുഖമായ വ്യാഖ്യാന സാധ്യതകളിലേക്ക് തുറന്നിരിക്കുന്ന സംശയാസ്പദമായ വചനങ്ങൾ അതിൽ വേറെയുണ്ട്.

ഒരു വിശ്വാസി അടിസ്ഥാന വചനങ്ങളെ അവലംബമാക്കുകയും സംശയാസ്പദമായ വചനങ്ങളെ അടിസ്ഥാന വചനങ്ങളിലേക്ക് മടക്കുകയും, അങ്ങനെ ഖുർആനിന്റെ ആശയപരമായ ജൈവികപ്പൊരുത്തം (organic unity) ആസ്വദിക്കുകയുമാണ് ചെയ്യുക. എന്നാൽ വക്രീകരിക്കപ്പെട്ട മനസ്സിന്റെ ഉടമകൾ അടിസ്ഥാന വചനങ്ങൾ അവഗണിക്കുകയും സംശയാസ്പദമായ വചനങ്ങൾ തേടിപ്പോകുകയും ചെ

യ്യുന്നു. തർക്കങ്ങളും സംവാദങ്ങളും നടത്തി തങ്ങളുടെ അഭീഷ്ടങ്ങൾ ഖുർആനിലേക്ക് ഒളിച്ചുകടത്താനുള്ള ഒരു പഴുതായി അവരതിനെ ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുക. അവർ തേടുന്നത് സാഫല്യ മല്ലല്ലോ, കുഴപ്പമല്ലേ. ഇത്തരം ദൂഷിതമനോഭാവവും പേറി നടക്കുന്ന വക്രീകരിക്കപ്പെട്ട ഹൃദയത്തിന്റെ ഉടമകളെ കരുതിയിരിക്കണമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു:

﴿هُوَ الَّذِي أَنزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ ۖ فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ ۗ وَمَا يَعْلَمُ تَأْوِيلَهُ إِلَّا اللَّهُ ۗ وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّا أُولُو الْأَلْبَابِ ۝٧﴾ (آل عمران)

«അവനാണ് താങ്കൾക്ക് ഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നത്. അതിൽ ഖണ്ഡിതമായ വചനങ്ങളുണ്ട് - അവയാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാനം; അതിൽ മറ്റു ചില സംശയാസ്ദപമായ വചനങ്ങളുമുണ്ട്. ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചും ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചും സംശയാസ്പദമായ വചനങ്ങൾ പിന്തുടരുന്നു. അവയുടെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിനല്ലാതെ അറിയുകയില്ല. എന്നാൽ പരിണതപ്രജ്ഞർ പറയുക ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു, എല്ലാം ഞങ്ങളുടെ റബ്ബിൽനിന്നുള്ളതാകുന്നു എന്നാണ്. ബുദ്ധിശാലികളല്ലാതെ കാര്യങ്ങൾ ഉൾക്കൊള്ളുകയില്ല.» (ആലു ഇംറാൻ, 3:7)

വഹ്‌യിന്റെ പ്രഥമ അഭിസംബോധിത സമൂഹമായ, പ്രാമാണികതയും ആധികാരികതയുമുണ്ടെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയ സ്വഹാബാ സമൂഹത്തിന്റെ ഗ്രാഹ്യം മാറ്റിവെച്ച്, അവരവരുടെ യുക്തിക്കും അഭീഷ്ടത്തിനുമനുസരിച്ച് ഖുർആനിക വചനങ്ങൾ ദുർവ്യാഖ്യാനിക്കുന്ന തെറ്റായ പ്രവണത മുസ്‌ലിം സമുദായത്തിൽ തുടങ്ങിവെച്ചത് ഖവാരിജുകളാണ്. അത് ഇസ്‌ലാമിന്റെ അലകും പിടിയും

മാറ്റിമറിക്കും. അക്രമോത്സുകത കൊണ്ടും രക്തരൂഷിതമായ കലാപങ്ങൾ കൊണ്ടും സമാധാനത്തിന്റെ മതമായ ഇസ്‌ലാമിനെ അവർ ശവപ്പറമ്പാക്കി മാറ്റും. ഈ മാരകമായ പ്രവണതയെ കുറിച്ച് ജാഗ്രത വേണം. കാരണം അത് സമൂഹത്തിന്റെ ആന്തരഘടനയിലേക്ക് ആഴ്ന്നിറങ്ങും. വീടുകളുടെ അകത്തളങ്ങളിലേക്ക് കടന്നുകേറും. അന്തപ്പുരങ്ങളിലിരിക്കുന്ന സ്ത്രീകളെയും കുട്ടികളെയും വരെ സ്വാധീനിക്കും. അതു കൊണ്ടാണ് നബി ﷺ സ്വന്തം വീട്ടിൽ ആയിശഃയോടൊപ്പം ﵂ അവരുടെ മുറിയിൽ സ്വകാര്യനിമിഷങ്ങൾ ചെലവഴിക്കുമ്പോൾ പോലും അതിനെ കുറിച്ച് താക്കീത് ചെയ്തത്. ഇബ്‌ന അബീ മുലൈകഃ ﵀ നിവേദനം ചെയ്യുന്നത് കാണുക:

عن عبد الله بن أبي مليكة، عن عائشة ﵂ قالت: تلا رسول الله ﷺ هذه الآية: ﴿هُوَ الَّذِي أَنْزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ﴾ إلى قوله: ﴿وَمَا يَذَّكَّرُ إِلَّا أُولُو الْأَلْبَابِ ۝٧﴾ (آل عمران) فقال: « يا عائشة ! إذا رأيتم الذين يجادلون فيه فهم الذين عناهم الله فاحذروهم » (أخرجه ابن ماجه في سننه، وصححه الألباني)

അബ്ദുല്ലാ ബിൻ അബീ മുലൈകഃ ﵀ നിവേദനം: ആയിശഃ ﵂ പറയുന്നു: «അവനാണ് താങ്കൾക്ക് ഗ്രന്ഥം ഇറക്കിത്തന്നത്. അതിൽ ഖണ്ഡിതമായ വചനങ്ങളുണ്ട് – അവയാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാനം; മറ്റു ചിലത് സംശയാസ്പദമായ വചനങ്ങളായിട്ടുമുണ്ട്.» എന്ന സൂക്തം «ബുദ്ധിശാലികളല്ലാതെ കാര്യങ്ങൾ ഉൾക്കൊള്ളുകയില്ല.» എന്നതുവരെ ഒരിക്കൽ നബി ﷺ പാരായണം ചെയ്തു. എന്നിട്ട് അവിടുന്ന് തുടർന്നു: «ആയിശഃ, അതിൽ തർക്കിക്കുന്നവരെ നിങ്ങൾ കണ്ടാൽ (ഓർക്കുക!) അവരെയാണ് അല്ലാഹു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. അവരെ നിങ്ങൾ സൂക്ഷിക്കണം.» (ഇമാം ഇബ്‌ന മാജഃ, സുനനു ഇബ്‌നി മാജഃ)

വിരുദ്ധ ദിശകളിലേക്ക് നയിക്കുന്ന രണ്ടു വഴികൾ. ഒന്ന് ഇസ്‌ലാമിന്റേത്, മറ്റൊന്ന് പിശാചിന്റേത്. ഒന്ന് വിനയത്തിന്റേത്, മറ്റൊന്ന് അഹങ്കാരത്തിന്റേത്. വിനയമുള്ളവർ വിശ്വസിക്കുകയും അർപ്പിക്കുകയും ചെയ്യുന്നു. അഹങ്കാരികൾ തർക്കിക്കുകയും വിസമ്മതിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّ الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ بِغَيْرِ سُلْطَانٍ أَتَاهُمْ إِنْ فِي صُدُورِهِمْ إِلَّا كِبْرٌ مَا هُمْ بِبَالِغِيهِ فَاسْتَعِذْ بِاللَّهِ إِنَّهُ هُوَ السَّمِيعُ الْبَصِيرُ ﴿٥٦﴾﴾ (غافر)

«നിശ്ചയമായും, തങ്ങൾക്കു വന്നുകിട്ടിയ യാതൊരു ആധികാരിക ലക്ഷ്യവുമില്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ കുറിച്ച് തർക്കിക്കുന്നവരാരോ അവരുടെ ഹൃദയങ്ങളിൽ, തങ്ങൾക്ക് എത്താനാവാത്ത അഹംഭാവമല്ലാതൊന്നുമില്ല. ആയതിനാൽ നീ അല്ലാഹുവിനോടു രക്ഷതേടുക; തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.» (ഗാഫിർ, 40:56)

താർക്കികന്മാർ സൂക്ഷിക്കട്ടെ. തർക്കം ഒരു കഴിവോ മികവോ അല്ല. അത് ഒരു ദുരന്തമാണ്. അത് മനുഷ്യബുദ്ധിയിൽ ഒളിഞ്ഞുകിടക്കുന്ന അഹങ്കാരത്തെയും നിഷേധത്തെയും ജ്വലിപ്പിക്കാനേ ഉപകരിക്കൂ. വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും വഴിയിൽ എത്തിപ്പെട്ടതിനു ശേഷവും തർക്കം അവരെ വഴികേടിലേക്ക് തള്ളിവിടുമെന്ന് അവർ ഓർമ്മ വെക്കുന്നത് നന്നു. പ്രശസ്തമായ ഒരു നബിവചനം കാണുക:

عَنْ أَبِي أُمَامَةَ، قَالَ: قَالَ رَسُولُ اللهِ ﷺ: « مَا ضَلَّ قَوْمٌ بَعْدَ هُدًى كَانُوا عَلَيْهِ إِلَّا أُوتُوا الْجَدَلَ » (أخرجه أحمد في مسنده، وصححه الألباني)

അബൂ ഉമാമഃ ؓ നിവേദനം: നബി ﷺ പറയുന്നു: «സന്മാർഗ്ഗം പ്രാപിച്ച് അതിൽ നിലക്കൊണ്ടിരുന്ന ഒരു ജനതയും അവർക്ക് തർക്കം നൽകപ്പെട്ടു കൊണ്ടല്ലാതെ പിഴച്ചുപോയിട്ടില്ല.» (ഇമാം അഹ്മദ്, മുസ്നദുൽ ഇമാം അഹ്മദ്)

മിക്കപ്പോഴും ഒരു സത്യത്തെ റദ്ദുചെയ്യാനോ, അല്ലെങ്കിൽ ഒരു അസത്യം സ്ഥാപിക്കാനോ വേണ്ടിയാണ് പലരും തർക്കത്തിലേർപ്പെടാറുള്ളത്. എന്നാൽ ഒരു സത്യമോ ന്യായമോ സ്ഥാപിക്കാൻ വേണ്ടിയുള്ള തർക്കം പോലും വർജ്ജിക്കുകയാണ് വേണ്ടത്. കാരണം തർക്കത്തിൽ ഏർപ്പെട്ടു കഴിഞ്ഞാൽ 'ഞാൻ' എന്ന ഭാവമായിരിക്കും മികച്ചു നിൽക്കുക. പിന്നീട് തന്റെ ഈഗോയെ തൃപ്തിപ്പെടുത്താൻ അവൻ ഏത് അന്യായമായ മാർഗ്ഗവും അവലംബിക്കും. എന്നാൽ സത്യദീൻ പ്രചരിപ്പിക്കാനുള്ള അനുവദനീയവും നിർദ്ദോഷകരവുമായ ഒരു മാർഗ്ഗമായിട്ടാണ് ഇന്ന് പലരും തർക്കത്തെ കാണുന്നത്. ഇത് ഒരു തെറ്റിദ്ധാരണ മാത്രമാണ്. കാര്യം അങ്ങനെയല്ല. തർക്കവും സംവാദവും ഒരു വിശ്വാസിക്ക് യോജിച്ച നടപടിയേ അല്ല. അത് മറ്റുള്ളവരെ നേർവഴിയിലേക്ക് നയിക്കാൻ സഹായകമാവില്ലെന്നു മാത്രമല്ല, താൻ കൂടി അറിയാതെ വഴികേടിലേക്ക് വ്യതിചലിച്ച് പോകാൻ കാരണമായിത്തീരുകയും ചെയ്യും. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي أُمَامَةَ، قَالَ: قَالَ رَسُولُ اللهِ ﷺ: « أَنَا زَعِيمٌ بِبَيْتٍ فِي رَبَضِ الْجَنَّةِ لِمَنْ تَرَكَ الْمِرَاءَ وَإِنْ كَانَ مُحِقًّا، وَبِبَيْتٍ فِي وَسَطِ الْجَنَّةِ لِمَنْ تَرَكَ الْكَذِبَ وَإِنْ كَانَ مَازِحًا، وَبِبَيْتٍ فِي أَعْلَى الْجَنَّةِ لِمَنْ حَسَّنَ خُلُقَهُ » (أخرجه أبو داود في سننه، وحسنه الألباني)

അബൂ ഉമാമഃ رضي الله عنه നിവേദനം: നബി ﷺ പറയുന്നു: «സത്യം തന്റെ പക്ഷത്താണെങ്കിലും തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തോട് ചേർന്ന് ഒരു കൊട്ടാരം നൽകാമെന്നതിനും, തമാശയിൽ പോലും കളവ് വെടിയുന്നവന് സ്വർഗ്ഗമധ്യത്തിൽ ഒരു കൊട്ടാരം നൽകാമെന്നതിനും, സ്വഭാവം ഉദാത്തവൽക്കരിച്ചവന് സ്വർഗ്ഗത്തിന്റെ ഉയർന്ന ഭാഗത്ത് ഒരു കൊട്ടാരം നൽകാമെന്നതിനും ഞാൻ ജാമ്യക്കാരനാണ്.» (ഇമാം അബൂദാവൂദ്, സുനനു അബീ ദാവൂദ്)

സംവാദം വിശ്വാസത്തിനേൽപിക്കുന്ന ആഘാതം ഇത്രമേൽ മാരകമാണെന്നതിനാൽ സച്ചരിതരായ സലഫുകൾ അതിന്റെ വഴി പൂർണ്ണമായി കൊട്ടിയടക്കുകയാണ് ചെയ്തിരുന്നത്. പ്രസിദ്ധ താ

ബിഊവര്യനായ ഇബ്നു സീരീൻ ﵀ തർക്കത്തിനു കോപ്പുകൂട്ടിവരുന്നവരുമായി ഒരക്ഷരം പോലും സംസാരിക്കാനോ, അവരിൽനിന്ന് എന്തെങ്കിലും കേൾക്കാനോ സമ്മതിക്കുമായിരുന്നില്ല.

" أما علمت أن محمد بن سيرين في فضله لم يجب رجلا من أهل البدع في مسألة واحدة، ولا سمع منه آية من كتاب الله عز وجل، فقيل له، فقال: أخاف أن يحرفها فيقع في قلبي شيء" (الحسن بن علي البربهاري في شرح السنة)

"നിനക്ക് അറിയില്ലേ, ഏറിയ മികവുകളുള്ള മുഹമ്മദ് ബിൻ സീരീൻ ﵀ ബിദ്അത്തുകാരിൽപെട്ട ഒരാൾക്ക് ഒരു മസ്അലഃയിൽ പോലും ഉത്തരം നൽകാൻ തയ്യാറായില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്നുള്ള ഒരു സൂക്തം പോലും അയാളിൽനിന്ന് കേൾക്കാനും സമ്മതിച്ചില്ല. അങ്ങനെ അതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമാണ്: അയാൾ അതിൽ വല്ല കൃത്യവിലോപവും കാണിച്ചാൽ അതിൽനിന്ന് വല്ലതും എന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു." (ഇമാം ബർബഹാരി, ശർഹുസ്സുന്നഃ)

മറ്റൊരിക്കൽ മുഹമ്മദ് ബിൻ സീരീൻ ﵀ തന്നോട് തർക്കിക്കാൻ ഒരുമ്പെട്ടുവന്ന ഒരാളോട് പ്രതികരിച്ചത് ഇപ്രകാരമാണ്:

وقال مهدي بن ميمون سمعت محمد بن سيرين وما رآه رجل ففطن له فقال: " إني أعلم ما يريد، إني لو أردت أن أماريك كنت عالماً بأبواب المراء" وفي رواية قال: "أنا أعلم بالمراء منك، ولكني لا أماريك" (ابن رجب في بيان فضل علم السلف على علم الخلف)

മഹ്ദി ബിൻ മൈമൂൻ ﵀ പറയുന്നു: "മുഹമ്മദ് ബിൻ സീരീൻ ﵀ ഒരു വ്യക്തിയെ കണ്ട മാത്രയിൽ തന്നെ അയാളെ തിരിച്ചറിയുകയും ഇപ്രകാരം പ്രതികരിക്കുകയും ചെയ്തു: അയാൾ ഉദ്ദേശിക്കുന്നത് എന്താണെന്ന് എനിക്കറിയാം!

നിന്നോട് എനിക്ക് തർക്കിക്കണമെന്നുണ്ടെങ്കിൽ തർക്കത്തിന്റെ എല്ലാ വഴികളും നന്നായി അറിയുന്നവൻ തന്നെയാണു ഞാൻ. മറ്റൊരു റിപ്പോർട്ടിലുള്ളത്, നിന്നെക്കാൾ തർക്കിക്കാൻ നന്നായി അറിയുന്നവനാണു ഞാൻ. പക്ഷെ, നിന്നോടു ഞാൻ തർക്കത്തിലേർപ്പെടാനില്ല എന്നാണ്." (ഇബ്നു റജബ്, ബയാനു ഫള്ലി ഇൽമിസ്സലഫ് അലാ ഇൽമിൽ ഖലഫ്)

സച്ചരിതരായ മുൻഗാമികൾ തർക്കത്തിനു മുതിരാതിരുന്നത് അതിനുള്ള വിവരമോ വൈദഗ്ധ്യമോ ഇല്ലാത്തതു കൊണ്ടായിരുന്നില്ല. മറിച്ച്, അത് ഒരു വിശ്വാസിയുടെ മാർഗ്ഗമല്ലെന്ന അറിവും സൂക്ഷ്മതയും കൊണ്ടു മാത്രമാണ്. ഇബ്നു റജബ് ﵀ പറയുന്നു:

" فما سكت من سكت من كثرة الخصام والجدال من سلف الأمة جهلا ولا عجزاً، ولكن سكتوا عن علم وخشية لِلّٰهِ " (ابن رجب في بيان فضل علم السلف على علم الخلف)

"ഈ സമുദായത്തിലെ മുൻഗാമികൾ ഏറിയ തർക്കങ്ങളിൽനിന്നും സംവാദങ്ങളിൽനിന്നും മാറി, മൗനം പാലിക്കാനുണ്ടായ കാരണം അതിനുള്ള വിവരവും കഴിവും ഇല്ലാത്തതു കൊണ്ടായിരുന്നില്ല. അവർ മൗനം പാലിച്ചത് അവർ വഹിച്ചിരുന്ന അറിവും അല്ലാഹുവിനെ കുറിച്ചുള്ള ഭയവും കാരണമായിരുന്നു." (ഇബ്നു റജബ്, ബയാനു ഫള്ലി ഇൽമിസ്സലഫ് അലാ ഇൽമിൽ ഖലഫ്)

## ഏഴ്: കക്ഷിത്വവും ഭിന്നതയും വെടിഞ്ഞ് മുസ്ലിം ഐക്യം കാത്ത് സൂക്ഷിക്കുക

മുഹമ്മദ് നബിയെ ﷺ അല്ലാഹു അന്ത്യനാൾ വരെയുള്ള മനുഷ്യ-ജിന്ന് വർഗ്ഗങ്ങളിലേക്ക് മൊത്തമായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. അവരാണ് അവിടുത്തെ പ്രബോധിത സമൂഹം (قَوْمُهُ/أُمَّةُ الدَّعْوَةِ). അവരിൽനിന്ന് അവിടുത്തെ പ്രബോധനം സ്വീകരിച്ചവർ നബിയുടെ

ﷺ സമുദായവും (أُمَّةُ الْإِجَابَةِ). സത്യപ്രബോധനം സ്വീകരിച്ച സമുദായം ഒറ്റ കക്ഷിയായി നിലകൊള്ളുകയും അവരെ ഒറ്റ വിഭാഗമായി കണക്കാക്കുകയും ചെയ്യണം. അവരെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുകയും കക്ഷികളായി വേർപിരിക്കുകയും ചെയ്യുക എന്നത് കടുത്ത പാതകമാണ്.

വിശാലമായ മാനവിക്കൈക്യത്തിനു പുറമെ, സാമുദായിക്കൈക്യത്തെ കുറിച്ചുള്ള ഇസ്ലാമിന്റെ വിഭാവനയാണിത്. ഇതിനു യാതൊരു ഭംഗവും വരുത്താതെ മുസ്ലിം ഐക്യം യാഥാർത്ഥ്യമാക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഒരു മുസ്ലിമിന്റെ കടമയാണ്. അതിനു സഹായകമാകുന്ന സമീപനങ്ങളും നടപടികളുമാണ് ഇസ്ലാമിലുള്ളത്. അല്ലാഹു പറയുന്നു:

﴿وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ۚ وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ ﴿١٠٣﴾﴾ (آل عمران)

«നിങ്ങളൊന്നടങ്കം അല്ലാഹുവിന്റെ പാശം മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം നിങ്ങൾ ഓർക്കുക. നിങ്ങൾ പരസ്പരം ബദ്ധവൈരികളായിരുന്നപ്പോൾ അവൻ നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കി; അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു; അതിൽനിന്ന് അവൻ നിങ്ങളെ രക്ഷപ്പെടുത്തി. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കാൻ വേണ്ടിയാണ് ഇപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്നത്.» (ആലു ഇംറാൻ, 3:103)

വിഘടിച്ചു നിൽക്കുന്ന കക്ഷികളെ ഒന്നിപ്പിക്കുന്ന മതമാണ് ഇസ്ലാം. ഭിന്നിപ്പും ഛിദ്രതയും നിരാകരിച്ച് ഐക്യവും രഞ്ജിപ്പും സ്ഥാപിക്കാനാവശ്യമായ പ്രായോഗിക നടപടികളാണ് അതിലുള്ളത്.

ഭിന്നതയും കക്ഷിത്വവുമായി ഒരളവിലും ഇസ്‌ലാം രാജിയാകുന്നില്ല. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللَّهِ ثُمَّ يُنَبِّئُهُمْ بِمَا كَانُوا يَفْعَلُونَ ﴿١٥٩﴾﴾ (الأنعام)

«തീർച്ചയായും ദീനിൽ ഭിന്നിപ്പുണ്ടാക്കി കക്ഷിതിരിഞ്ഞവരാരോ, അവരുമായി താങ്കൾക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിലേക്ക് മാത്രം. വഴിയെ അവരുടെ ചെയ്തികളെ കുറിച്ച് അവൻ അവരെ അറിയിക്കുക തന്നെ ചെയ്യും.» (അൽ അൻആം,6:159)

ഇസ്‌ലാമിന് സവിശേഷമായ ഒരു സാമൂഹ്യ ഘടനയുണ്ട്. ആ ഘടനയുടെ ആവിഷ്കാരമാണ് 'മുസ്‌ലിം' എന്ന നാമം അനാവരണം ചെയ്യുന്നത്. ആ നാമത്തിലൂടെ വ്യവഹരിക്കപ്പെടുന്നതും, ആ നാമത്തിലൂടെ അഭിസംബോധന ചെയ്യപ്പെടുന്നതും ഇഴയടുപ്പവും കെട്ടുറപ്പുമുള്ള ഒരൊറ്റ സമുദായത്തെയാണ്. പരസ്പരം ഭിന്നിച്ചും കലഹിച്ചും പോരാടുന്ന കുറേ കക്ഷികൾ എന്നത് 'മുസ്‌ലിം' എന്ന നാമം ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന ആശയങ്ങളുടെ വ്യക്തമായ നിരാസമാണ്. മുസ്‌ലിംകൾ ഒറ്റക്കക്ഷിയായി നിലകൊള്ളുക എന്നത് മതത്തിൽ ഏറെ പ്രാധാന്യമുള്ള കാര്യമാണ്. അത് നാനാഭാഗങ്ങളിൽ നിന്നുള്ള കടന്നുകയറ്റങ്ങളെ ചെറുത്ത്, അവർക്ക് പരിരക്ഷ നൽകുന്ന ഒരു കവചമായി നിലകൊള്ളുന്നു. നബി ﷺ പറയുന്നത് കാണുക:

عن جبير بن مطعم، عن أبيه، قال: قام رسول الله ﷺ بالخيف من منى، فقال: «نضر الله امرأ سمع مقالتي فبلغها، فرب حامل فقه غير فقيه، ورب حامل فقه إلى من هو أفقه منه، ثلاث لا يغل عليهن قلب مؤمن، إخلاص العمل لله، والنصيحة لولاة المسلمين، ولزوم جماعتهم، فإن دعوتهم تحيط من ورائهم » (أخرجه ابن ماجه في سننه وصححه الألباني)

ജുബൈർ ബിൻ മുത്ഇം ﷺ തന്റെ പിതാവിൽനിന്ന് നിവേദനം: അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ മിനായിലെ ഖൈഫിൽ വെച്ച് ഞങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് പറഞ്ഞു: «എന്റെ വചനം കേൾക്കുകയും അത് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ അല്ലാഹു പ്രസന്നനാക്കട്ടെ. മതിയായ ഗ്രാഹ്യതയില്ലാത്ത എത്രപേർ അറിവിന്റെ വാഹകരാവാറുണ്ട്! തന്നെക്കാൾ ഗ്രാഹ്യതയുള്ളവർക്ക് അറിവ് വഹിച്ച് കൊണ്ടുകൊടുക്കുന്ന എത്ര പേരുണ്ട്! മൂന്നു കാര്യങ്ങളുള്ളപ്പോൾ ഒരു വിശ്വാസിയുടെ ഹൃദയത്തിൽ പക സ്ഥാനംപിടിക്കുകയില്ല: കർമ്മം അല്ലാഹുവിന്ന് വേണ്ടി മാത്രമാക്കിത്തീർക്കുക, മുസ്‌ലിം ഭരണാധികാരികളോട് ഗുണകാംക്ഷ പുലർത്തുക, അവരുടെ ഐക്യത്തോടൊപ്പം നിലകൊള്ളുക. മുസ്‌ലിം എന്ന പൊതുസംബോധനം തീർച്ചയായും അവർക്ക് ചുറ്റുമുള്ള ഒരു സംരക്ഷണവലയം തന്നെയാണ്.» (ഇമാം ഇബ്നു മാജഃ, സുനനു ഇബ്നി മാജഃ)

മുസ്‌ലിം ഐക്യം ചില സുമനസ്സുകളുടെ ഭാവനയിൽ ഉറങ്ങിക്കിടക്കുന്ന കേവലമൊരു സ്വപ്നമോ അഭിലാഷമോ ആയിരുന്നാൽ പോരാ. അതിനെ സംഭവലോകത്ത് പുലരുന്ന ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുക തന്നെ വേണം. ഐക്യം സാധ്യമാകണമെങ്കിൽ അതിനാവശ്യമായ താത്ത്വികമായ അടിത്തറകളും പ്രായോഗികമായ നടപടിക്രമങ്ങളും സജ്ജമാക്കുകയാണ് ആദ്യം വേണ്ടത്. മുസ്‌ലിം ഐക്യത്തിന്റെ താത്ത്വികമായ അടിത്തറയെ കുറിച്ചുള്ള അന്വേഷണം സ്വാഭാവികമായും ചെന്നെത്തുക താഴെ കൊടുക്കുന്ന നബിവചനത്തിലാണ്:

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللهِ ﷺ قَالَ: « إِنَّ اللهَ يَرْضَى لَكُمْ ثَلَاثًا، وَيَسْخَطُ لَكُمْ ثَلَاثًا؛ يَرْضَى لَكُمْ أَنْ تَعْبُدُوهُ وَلَا تُشْرِكُوا بِهِ شَيْئًا، وَأَنْ تَعْتَصِمُوا بِحَبْلِ اللهِ جَمِيعًا، وَأَنْ تَنَاصَحُوا مَنْ وَلَّاهُ اللهُ أَمْرَكُمْ، وَيَسْخَطُ لَكُمْ قِيلَ وَقَالَ، وَإِضَاعَةَ الْمَالِ، وَكَثْرَةَ السُّؤَالِ » (أخرجه الإمام مالك في الموطأ)

അബൂ ഹുറയ്റഃ ﷺ നിവേദനം: അല്ലാഹുവിന്റെ ദൂതൻ ﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: «നിശ്ചയമായും മൂന്ന് കാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് തൃപ്തിപ്പെടുകയും മൂന്ന് കാര്യങ്ങൾ നിങ്ങൾക്ക് അവൻ വെറുക്കുകയും ചെയ്തിരിക്കുന്നു: അവനെ മാത്രം ആരാധിക്കുക; അവന്റെ കൂടെ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. അല്ലാഹുവിന്റെ പാശം നിങ്ങൾ ഒന്നടങ്കം മുറുകെ പിടിക്കുക. നിങ്ങളുടെ കാര്യം അല്ലാഹു ഏൽപ്പിച്ചിരിക്കുന്ന ഭരണാധികാരികളോട് ഗുണകാംക്ഷ പുലർത്തുക. അവൻ നിങ്ങൾക്ക് വെറുത്തിരിക്കുന്നത് കിംവദന്തികളും ധനം പാഴാക്കുന്നതും അധികരിച്ച ചോദ്യങ്ങളുമത്രെ.» (ഇമാം മാലിക്, അൽ മുവത്ത്വഅ്)

ശിർക്ക് ഉപേക്ഷിച്ച് അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന മുവഹ്ഹിദുകളായി മാറുക, അല്ലാഹു ഏഴാകാശങ്ങൾക്ക് ഉപരിയിൽനിന്ന് ഇറക്കി തന്ന അവന്റെ ബലിഷ്ഠമായ പാശം മുറുകെ പിടിക്കുക, അവൻ നമ്മുടെ മേൽ ചുമതല നൽകിയ ഭരണകർത്താക്കളോട് തികഞ്ഞ ഗുണകാംക്ഷ പുലർത്തുക. ഈ ആധാരങ്ങളിലല്ലാതെ സ്ഥായിയായ ഐക്യം രൂപപ്പെടുത്തുക സാധ്യമല്ല. ഈ അടിത്തറകളിലല്ലാതെയുള്ള ഐക്യശ്രമങ്ങളെല്ലാം വ്യാജവും കൃത്രിമവുമാണ്. അവ വിഫലമാകുകയേയുള്ളൂ. നിലനിൽക്കാത്ത അത്തരം പൊലിപ്പുകൾ കുമിളകൾ കണക്കെ ക്ഷിപ്രം പൊളിഞ്ഞു പോകുകയും ചെയ്യും.

ഐക്യം സാധ്യമാക്കുന്നതിനായി നബി ﷺ കൈകൊണ്ട നടപടിക്രമങ്ങൾ ഏറെയാണ്. അതിനാൽ തന്നെ ഇസ്‌ലാമിക ജീവിതത്തിന്റെ ഓരോ വളവിലും തിരിവിലും ഐക്യം സാക്ഷാൽകരിക്കുന്ന, ഭിന്നതയെ ചെറുക്കുന്ന കൽപനാ വിലക്കുകൾ നമുക്ക് കാണാൻ സാധിക്കുന്നത്. അവ നിജപ്പെടുത്താനോ അവയുടെ വിശദാംശങ്ങളിലേക്ക് കടക്കാനോ മുതിരുന്നില്ല. സത്യാന്വേഷികൾക്കും പഠിതാക്കൾക്കും ഉദാഹരണങ്ങൾ തന്നെ മതിയാകുമല്ലോ.

عَنْ أَبِي مَسْعُودٍ، قَالَ: كَانَ رَسُولُ اللهِ ﷺ يَمْسَحُ مَنَاكِبَنَا فِي الصَّلَاةِ وَيَقُولُ: « اسْتَوُوا

ولاَ تَخْتَلِفُوا فَتَخْتَلِفَ قُلُوبُكُمْ، لِيَلِنِي مِنْكُمْ أُولُو الْأَحْلَامِ وَالنُّهَى، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُمْ » (أخرجه مسلم في صحيحه)

**അബൂ മസ്ഊദ് ﵁ നിവേദനം: നമസ്കരിക്കാൻ നിൽക്കുമ്പോൾ ഞങ്ങളുടെ ചുമലുകൾ തടവിക്കൊണ്ട് നബി ﷺ ഇപ്രകാരം പറയുമായിരുന്നു: «നിങ്ങൾ സ്വഫ്ഫ് നേരെയാക്കുക, നിങ്ങൾ തെറ്റി നിൽക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങളുടെ ഹൃദയങ്ങൾ ഭിന്നിച്ചുപോകും. ബുദ്ധിയും വിവേകവും ഉള്ളവർ എന്നോട് അടുത്ത് നിൽക്കട്ടെ. തൊട്ടടുത്തവർ അവരോടും, അതിനോടടുത്തവർ അവരോടും ചേർന്നുനിൽക്കട്ടെ.» (ഇമാം മുസ്‌ലിം, സ്വഹീഹു മുസ്‌ലിം)**

അതുപോലെ, അനൈക്യത്തിലേക്ക് നയിച്ചേക്കാവുന്ന ഏതൊരു പ്രവണതയും മുളയിലേ നുള്ളിക്കളയുക എന്നതായിരുന്നു നബിയുടെയും ﷺ ഉത്തരാധികാരികളായ ഖുലഫാക്കളുടെയും രീതി. ഉദാഹരണത്തിന് ഒരു സംഭവം മാത്രം ഉദ്ധരിക്കാം:

وقال المزني صاحب الإمام الشافعي: "وقد اختلف أصحاب رسول الله ﷺ، خطأ بعضهم بعضا، ونظر بعضهم في أقاويل بعض وتعقبها، ولو كان قولهم كله صوابا عندهم لما فعلوا ذلك، وغضب عمر بن الخطاب ﵁ من اختلاف أبي بن كعب وابن مسعود في الصلاة في الثوب الواحد، إذ قال أبي: إن الصلاة في الثوب الواحد حسن جميل، وقال ابن مسعود: إنما كان ذلك والثياب قليلة، فخرج عمر مغضبا فقال: اختلف رجلان من أصحاب رسول الله ﷺ ممن ينظر إليه ويؤخذ عنه، وقد صدق أبيٌّ، ولم يأل ابن مسعود، ولكني لا أسمع أحدا يختلف فيه بعد مقامي هذا إلا فعلت كذا وكذا " (الألباني في أصل صفة صلاة النبي ﷺ)

**ഇമാം ശാഫിഇയുടെ ശിഷ്യൻ മുസ്നി ﵀ പറയുന്നു: "നബിയുടെ ﷺ അനുചരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ട്. അവർ**

പരസ്പരം തെറ്റുപിടിച്ചിട്ടുണ്ട്. ചിലർ മറ്റു ചിലരുടെ വാക്കുകൾ വിശകലനം ചെയ്ത് തിരുത്തിയിട്ടുമുണ്ട്. അവരുടെ എല്ലാവരുടെയും വാക്കുകൾ ഒരേ പോലെ ശരിയാണെന്ന് അവർ കരുതിയിരുന്നുവെങ്കിൽ അവർ അങ്ങനെ ചെയ്യുമായിരുന്നില്ല. ഒറ്റ വസ്ത്രത്തിൽ നമസ്കരിക്കുന്നതിനെ കുറിച്ച് ഉബയ്യ് ബിൻ കഅ്ബും ഇബ്നു മസ്ഊദും ﷺ വ്യത്യസ്ത അഭിപ്രായങ്ങൾ പറഞ്ഞപ്പോൾ ഉമർ ﷺ കോപിക്കുകയുണ്ടായി. ഉബയ്യ് ﷺ പറഞ്ഞു: 'ഒറ്റ വസ്ത്രത്തിലുള്ള നമസ്കാരം നല്ലതാണ്, മനോഹരമാണ്.' ഇബ്നു മസ്ഊദ് ﷺ പറഞ്ഞു: 'അത് വസ്ത്രം കുറവായിരുന്നപ്പോൾ മാത്രമാണ്.' അപ്പോൾ ഉമർ ﷺ ദേഷ്യത്തോടെ പുറത്തിറങ്ങി. എന്നിട്ടു പറഞ്ഞു: 'മറ്റുള്ളവർ മാതൃകയായി കാണുകയും ദീൻ സ്വീകരിക്കുകയും ചെയ്യുന്ന, നബി ﷺ യുടെ അനുചരന്മാരിൽപെട്ട രണ്ടുപേർ ഇതാ ഭിന്നിച്ചിരിക്കുന്നു! ഉബയ്യ് പറഞ്ഞത് സത്യമാണ്. ഇബ്നു മസ്ഊദ് വിലോപം വരുത്തിയിട്ടുമില്ല. ഈയൊരു സന്ദർഭത്തിനു ശേഷം ആരെങ്കിലും ഇക്കാര്യത്തിൽ ഇനി ഭിന്നിച്ചുവെന്ന് ഞാൻ കേൾക്കാൻ ഇടവന്നാൽ അവനെ ഞാൻ വേണ്ടതു പോലെ കൈകാര്യം ചെയ്യാതെ വിടില്ല." (ഇമാം അൽബാനി, അസ്വ്ലു സ്വിഫത്തി സ്വലാത്തിന്നബിയ്യി ﷺ)

ഐക്യം സാക്ഷാൽകരിക്കാനും ഭിന്നത ചെറുക്കാനും വേണ്ടി നബിയും ﷺ ഖുലഫാക്കളും കൈക്കൊണ്ടിരുന്ന നടപടികളുടെ ഉദാഹരണങ്ങളാണ് നാം കണ്ടത്. ഏത് ചെറുതും വലുതുമായ കാര്യങ്ങളിലും അവർ ജാഗ്രത പുലർത്തി. ഐക്യത്തിന്റെ അതി മനോഹരവും അനിതരവുമായ ഒരേട് അവർ മാനവചരിത്രത്തിൽ തുന്നിച്ചേർത്തു.

മുസ്ലിം ഐക്യത്തെ കുറിച്ചുള്ള പ്രമാണവചനങ്ങൾ സൂക്ഷ്മമായി വായിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും ഇസ്ലാമിനെ ഒരൊറ്റ മതമായും, മുസ്ലിംകളെ ഒന്നടങ്കം ഒരൊറ്റ സമുദായമായും കാണാനുള്ള ഹൃദയ വിശാലത കൈവരാതിരിക്കില്ല. ദീനിൽ ഭിന്നിപ്പുണ്ടാക്കുകയും കക്ഷി തിരിഞ്ഞ് പോരടിക്കുകയും ചെയ്യുന്നവരുമായി നബിക്ക് ﷺ യാതൊരു ബന്ധവും ആവശ്യമില്ലെന്നാണ് അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നത്. നടേ ഉദ്ധരിച്ച സൂറത്തുൽ അൻആം

159-ാം സൂക്തം കാണുക. അത് നൽകുന്ന സന്ദേശം വ്യക്തമാണ്: കക്ഷിത്വവും ചേരിതിരിവുമില്ലാതെ, ഒരു മതത്തിലെ, ഒരു സമുദായ ത്തിലെ അംഗങ്ങളായി സോദരത്വേന സഹവർത്തിക്കേണ്ടവരാണ് മുസ്‌ലിംകളെല്ലാവരും. അവരിൽനിന്നുണ്ടായേക്കാവുന്ന ബുദ്ധിമുട്ടു കളും ഉപദ്രവങ്ങളും സൗമനസ്യത്തോടെ സഹനം കൊണ്ട് നേരിടണ മെന്നതാണ് നബി ﷺ അനുശാസിക്കുന്നത്. അവിടുന്ന് പറയുന്നു:

عَنِ ابْنِ عُمَرَ، قَالَ: قَالَ رَسُولُ اللَّهِ ﷺ: « الْمُؤْمِنُ الَّذِي يُخَالِطُ النَّاسَ، وَيَصْبِرُ عَلَى أَذَاهُمْ، أَعْظَمُ أَجْرًا مِنَ الْمُؤْمِنِ الَّذِي لَا يُخَالِطُ النَّاسَ، وَلَا يَصْبِرُ عَلَى أَذَاهُمْ » (أخرجه ابن ماجه في سننه، وصححه الألباني)

ഇബ്‌നു ഉമർ ؓ നിവേദനം: നബി ﷺ പറയുന്നു: «ജനങ്ങളുമായി ഇടപഴകി, അവരുടെ ഉപദ്രവങ്ങൾ സഹിക്കുന്ന വിശ്വാസിക്ക്, അവ രുമായി ഇടപഴകുകയോ അവരുടെ ഉപദ്രവങ്ങൾ സഹിക്കുകയോ ചെയ്യാത്ത ഒരു വിശ്വാസിയെക്കാൾ മഹത്തായ പ്രതിഫലമാണുള്ളത്.» (ഇമാം ഇബ്‌നു മാജഃ, സുനനു ഇബ്നി മാജഃ)

എന്നാൽ മുസ്‌ലിം സമൂഹത്തിൽനിന്ന് ചിന്താപരമായും വൈ കാരികമായും ഒറ്റപ്പെട്ടുനിൽക്കുക എന്നത് രാഷ്ട്രീയ ഇസ്‌ലാമിന്റെ വക്താക്കൾ അവതരിപ്പിച്ച നൂതന പ്രമേയമാണ്. ഇസ്‌ലാമിക സമൂ ഹങ്ങളെ മൊത്തം കാഫിറുകളാക്കി മുദ്രയടിക്കുന്ന ഖുറൂജിന്റെയും തക്ഫീറിന്റെയും മനോഘടനയിൽനിന്നാണ് അത് ഉടലെടുക്കുന്നത്. നബിയുടെയും ﷺ സച്ചരിതരായ സലഫുകളുടെയും പാത പിന്തുടരു ന്നവർക്കത് ഭൂഷണമല്ല. ഇഖ്‌വാനിസത്തിന്റെ കടന്നുകേറ്റം കാരണം എല്ലാ മുസ്‌ലിം വിഭാഗങ്ങളിലും ഇതിന്റെ കാലുഷ്യങ്ങൾ പ്രകടമാണ്. കക്ഷി ഭേദമന്യെ മുഴുവൻ മുസ്‌ലിംകളെയും സഹോദരന്മാരായി കാണുകയും എല്ലാവരുമായി ഗുണകാംക്ഷയോടെ ഇടപഴകുകയും അവരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പ്രയാസങ്ങളെ സഹനത്തിലൂടെ കീഴടക്കുകയും ചെയ്യണമെങ്കിൽ വിശ്വാസത്തിന്റെ ഉൾക്കരുത്തും

മൻഹജിലുള്ള വ്യക്തതയും വേണം. അതാണ് അല്ലാഹു അവന്റെ യഥാർത്ഥ ദാസന്മാരിൽനിന്ന് താൽപര്യപ്പെടുന്നതും.

അതേ സമയം, തന്റെ സഹോദരനായ ഒരു മുസ്‌ലിം ഒരു തെറ്റ് ചെയ്താൽ ആ തെറ്റിന്റെ വ്യാപ്തിയനുസരിച്ച് അതിനോടുള്ള വെറുപ്പും പ്രതിഷേധവും രേഖപ്പെടുത്തേണ്ടതാണ്. ഗുണകാംക്ഷയോടും സദുപദേശത്തോടും കൂടി അവനെ തിരുത്താൻ ശ്രമിക്കേണ്ടതുമാണ്. തന്റെ സംഘടനയിലോ കക്ഷിയിലോ പെട്ട ഒരാൾ തെറ്റു ചെയ്താൽ അത് ചൂണ്ടിക്കാണിക്കുകയും തിരുത്തുകയും ചെയ്യുന്ന അതേ രീതിയിൽ മുസ്‌ലിംകളിൽ പെട്ട ആർ തെറ്റു ചെയ്താലും അത് ചൂണ്ടിക്കാണിക്കാനും ഗുണകാംക്ഷയോടെ തിരുത്താനുമുള്ള മനോവിശാലതയുടെ പേരാണ് സാഹോദര്യം. ഇത്തരമൊരു സാമൂഹികമായ പരിശോധന മുസ്‌ലിംകളുടെ ആദർശ വിശുദ്ധി നിലനിർത്തുന്നതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഇവ്വിഷയകമായുള്ള വിശദാംശങ്ങൾ വലാഉം ബറാഉം (الولاء والبراء) ചർച്ച ചെയ്യുന്ന രചനകളിൽ കാണാവുന്നതാണ്. താൽപര്യമുള്ളവർക്കത് പരിശോധിക്കാവുന്നതേയുള്ളൂ.

ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ ആധാരശിലകളിലൊന്നായ സകാത്തിനെ കുറിച്ചുള്ള പഠനം ദീനിന്റെ തനതു വ്യാവഹാരിക ചട്ടക്കൂടിനകത്തുവെച്ച് വേണം നടത്താൻ. മതപരമായ ഏതൊരു വിഷയത്തിലും സലഫുകളുടെ മൻഹജ് അനുസരിച്ചുള്ള പഠനത്തിനു മാത്രമേ പ്രസക്തിയുള്ളൂ. അത്തരം ഒരു പഠനത്തിൽ ദീനിന്റെ ശരിയായ സ്രോതസ്സുകളിൽനിന്ന് മാത്രമേ ദത്തങ്ങളും തെളിവുകളും സ്വീകരിക്കാൻ പാടുള്ളൂ. വഹ്‌യിൽ നിന്ന് ലഭിക്കുന്ന അത്തരം തെളിവുകളെയും രേഖകളെയും സച്ചരിതരായ സലഫുകൾ മനസ്സിലാക്കിയതു പോലെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യണം. അങ്ങനെ ലഭിക്കുന്ന പ്രമാണരേഖകളെക്കാൾ ബുദ്ധിക്കും യുക്തിക്കും മുൻഗണന നൽകാനും പാടില്ല. അറിയാത്ത കാര്യങ്ങൾ അറിവുള്ള റബ്ബാനികളായ പണ്ഡിതന്മാരോട് ചോദിക്കണം. അറിവില്ലായ്മക്കുള്ള പ്രതിവിധി അറിവുള്ളവരോട് ചോദിക്കുക എന്നതു മാത്രമാണ്. അന്വേഷണ

വിധേയമാക്കുന്ന വിഷയത്തിന് വ്യക്തവും സൂക്ഷ്മവുമായ തെളിവുകൾ പ്രമാണങ്ങളിൽനിന്ന് ലഭിച്ചു കഴിഞ്ഞാൽ അവയിൽ സംശയം ജനിപ്പിക്കാനോ അവയെ വക്രീകരിച്ച് ദുർവ്യാഖ്യാനിക്കാനോ പാടില്ല. പ്രമാണങ്ങളിൽ തർക്കത്തിനും സംവാദത്തിനും യാതൊരു പഴുതുമില്ല. കാരണം, അത് അല്ലാഹു ഏഴാകാശങ്ങൾക്ക് ഉപരിയിൽനിന്ന് അവതരിപ്പിച്ച വഹ്‌യാണ്, അവൻ ഇറക്കിയ മതമാണ്. മനുഷ്യന്റെ അൽപ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് അവയെ താർക്കിക വിശകലനത്തിനു വിധേയമാക്കുക എന്നത് വഴിവിട്ട നടപടിയാണ്. മറിച്ച്, അവക്ക് സർവഥാ കീഴ്‌പ്പെടുന്നതിലാണ് ഇസ്‌ലാം ദീനിന്റെ ആത്മാവ് തന്നെ കുടികൊള്ളുന്നത്. മതപരമായ കൽപനാ വിലക്കുകൾ എല്ലാം തന്നെ മനുഷ്യരെ ഏകോപിപ്പിക്കാനുള്ളവയാണ്. അവയിൽ ഭിന്നിപ്പിനോ കക്ഷിത്വത്തിനോ യാതൊരു സാധ്യതയുമില്ല. സകാത് ഇസ്‌ലാമിന്റെ ഒരു തൂണായിരിക്കുമ്പോൾ തന്നെ മുസ്‌ലിം ഐക്യത്തിന്റെ, സാഹോദര്യത്തിന്റെ, ധന്യതയുടെ ഒരു ദീപസ്തംഭം കൂടിയാണ്.

# 3

## ധനം, ധനസമ്പാദനം:

### ഇസ്‌ലാമിക പരിപ്രേക്ഷ്യം

ഇസ്‌ലാമികമായ കാഴ്ചപ്പാടിൽ ധനം മുഴുവനായും അല്ലാഹുവിന്റേതാണ്; സമ്പത്തിന്റെ സമ്പൂർണ്ണമായ ഉടമസ്ഥാവകാശം അവനു മാത്രം അവകാശപ്പെട്ടതുമാണ്. മനുഷ്യരിൽ ചിലർക്ക് അതിന്മേൽ അവൻ നിശ്ചിത സമയത്തേക്ക് കൈകാര്യകർത്തൃത്വം അനുവദിച്ചിരിക്കുന്നു എന്നു മാത്രം. അപ്പോൾ അല്ലാഹുവിന്റെ ധനം താൽക്കാലികമായി കൈകാര്യം ചെയ്യാൻ ഏല്പിക്കപ്പെട്ടവരാണ് ധനികർ. തങ്ങളുടെ കൈവശമുള്ള സമ്പത്തിൽ എന്തുമാകാമെന്ന് കരുതുന്നത് ധാർഷ്ട്യമാണ്. തങ്ങളുടെയും തങ്ങളുടെ കൈവശമുള്ള വസ്തുവകകളുടെയും കാര്യത്തിൽ അല്ലാഹുവിന്റെ ഉടമസ്ഥതയും നിയന്ത്രണവും വകവെച്ചു കൊണ്ടു വേണം പ്രവർത്തിക്കാൻ. അല്ലാഹു പറയുന്നു:

﴿وَالَّذِينَ يَبْتَغُونَ الْكِتَابَ مِمَّا مَلَكَتْ أَيْمَانُكُمْ فَكَاتِبُوهُمْ إِنْ عَلِمْتُمْ فِيهِمْ خَيْرًا ۖ وَآتُوهُم مِّن مَّالِ اللَّهِ الَّذِي آتَاكُمْ..﴿٣٣﴾﴾ (النُّورُ)

«നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളിൽ നിന്ന് മോചനക്കരാറിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവരാരോ അവരുമായി

നിങ്ങൾ മോചനക്കരാറിൽ ഏർപ്പെടുക - അവരിൽ നൻമയുള്ളതായി നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ. അല്ലാഹു നിങ്ങൾക്ക് ഏൽപിച്ചു നൽകിയിട്ടുള്ള അവന്റെ ധനത്തിൽനിന്ന് അവർക്ക് നിങ്ങൾ നൽകുകയും ചെയ്യുക.» (അന്നൂർ, 24:33)

മേൽ സൂക്തം സുതരാം വ്യക്തമാക്കുന്നത്, അടിമ സമ്പ്രദായം നിലനിന്നിരുന്ന ഘട്ടത്തിൽ മോചനദ്രവ്യം കൊടുത്ത് സ്വാതന്ത്ര്യം നേടാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള വഴി തുറന്നു കൊടുക്കണമെന്നും, അതിനവർക്ക് ആവശ്യമായ സാമ്പത്തിക സഹായം ധനികർ ചെയ്തുകൊടുക്കണമെന്നുമാണ്. ധനികരുടെ കൈവശമുള്ള സമ്പത്ത് അവരുടേതല്ല, അല്ലാഹുവിന്റേതാണെന്ന് അതിൽ അവരെ ആനുഷംഗികമായി ഉണർത്തുക കൂടി ചെയ്യുന്നു. സമ്പത്ത് അല്ലാഹുവിന്റേതാണെന്ന അടിസ്ഥാന വിഭാവനക്ക്, മേൽവചനം യഥാർത്ഥത്തിൽ അടിവരയിടുകയാണ് ചെയ്യുന്നത്.

പരീക്ഷണാർത്ഥം അല്ലാഹു സംവിധാനിച്ചതാണ് ഈ ലൗകിക ജീവിതം. അതിനെ അപ്പാടെ പരിത്യജിച്ച് പാരത്രിക ജീവിതം കരസ്ഥമാക്കുക സാധ്യമല്ല. മറിച്ച്, ഇവിടത്തെ പരീക്ഷണോപാധികളിലൂടെ കടന്നു പോയിട്ടു മാത്രമേ പരലോകം പ്രാപിക്കാനാവൂ. ധനമാണ് ലൗകിക ജീവിതത്തിന്റെ നട്ടെല്ല്. അത് ശക്തമായ ഒരു പരീക്ഷണോപാധി കൂടിയാണ്. അതിനെ നിരുത്തരവാദപരമായി സമീപിക്കാനാവില്ല. യോഗ്യരല്ലാത്ത ആളുകളുടെ കൈകളിൽ അത് ഏൽപിക്കുക പോലും അരുത്. ധനം, ധനസമ്പാദനം, വിനിയോഗം ഇത്യാദി കാര്യങ്ങൾ നിയമാനുസൃതമായും പക്വമായും കൈകാര്യം ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

﴿وَلَا تُؤْتُوا السُّفَهَاءَ أَمْوَالَكُمُ الَّتِي جَعَلَ اللَّهُ لَكُمْ قِيَامًا وَارْزُقُوهُمْ فِيهَا وَاكْسُوهُمْ وَقُولُوا لَهُمْ قَوْلًا مَّعْرُوفًا ۝٥﴾ (النِّسَاء)

«അല്ലാഹു നിങ്ങളുടെ നിലനിൽപിന്റെ ആധാരമാക്കി വെച്ചിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ വിവേകമില്ലാത്തവർക്ക് കൈവിട്ട്

കൊടുക്കരുത്. അതിൽ നിന്ന് നിങ്ങൾ അവർക്ക് ഉപജീവനവും വസ്ത്രവും നൽകുക, അവരോട് നിയമാനുസാരമുള്ള നല്ല വാക്ക് പറയുകയും ചെയ്യുക.» (അന്നിസാഅ്, 4:5)

ലൗകിക ജീവിതത്തിന്റെ നട്ടെല്ല് എന്നു തന്നെയാണ് ധനത്തെ കുറിച്ച് മേൽ സൂക്തത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. അത് ആർജ്ജിക്കുന്നതും വിനിയോഗിക്കുന്നതും നിയമാനുസൃതമായിരിക്കണമെന്നും, വിവേകമില്ലാത്തവർക്കത് കൈവിട്ടുകൊടുക്കരുതെന്നും അതിൽ പ്രത്യേകം ഉണർത്തുന്നു. മറിച്ച്, അവരുടെ ലൗകികമായ ആവശ്യങ്ങൾ രക്ഷിതാക്കൾ നിറവേറ്റുക എന്നതാണ് ഉചിതമായ മാർഗ്ഗമെന്നും അല്ലാഹു അനുശാസിക്കുന്നു.

ഒരു വ്യക്തിക്ക് പൊതുവെ രണ്ട് തരത്തിലുള്ള സമ്പാദ്യമുണ്ടാകാം: അനന്തരമായി ലഭിച്ച വസ്തുവകകളും, സ്വയം ആർജ്ജിച്ചെടുത്ത സമ്പത്തുക്കളും. പൂർവികരിൽ നിന്ന് ലഭിക്കുന്ന അനന്തര സ്വത്തിൽ കണ്ണും നട്ട് നിഷ്ക്രിയമായിരിക്കുന്നതിനെക്കാൾ സ്വന്തമായ സമ്പാദ്യത്തെ കുറിച്ച് ആലോചിക്കുന്നതാണ് ഉത്തമം. അതിനു വിയർപ്പിന്റെ ഗന്ധവും അധ്വാനത്തിന്റെ മൂല്യവുമുണ്ടായിരിക്കും. നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമ്പാദനം ലിംഗ വ്യത്യസമില്ലാതെ ഇസ്ലാം പ്രോത്സാഹിപ്പിക്കുന്ന കാര്യമാണ്. ഇസ്ലാം മുന്നോട്ടുവെക്കുന്ന സാമ്പത്തികമായ അവസര സമത്വവും സ്വാശ്രയത്വവും എത്രത്തോളം പുരോഗമനപരമാണെന്ന് മനസ്സിലാക്കാൻ താഴെ കൊടുക്കുന്ന സൂക്തം വായിക്കുക:

﴿وَلَا تَتَمَنَّوْا مَا فَضَّلَ اللَّهُ بِهِ بَعْضَكُمْ عَلَىٰ بَعْضٍ ۚ لِّلرِّجَالِ نَصِيبٌ مِّمَّا اكْتَسَبُوا وَلِلنِّسَاءِ نَصِيبٌ مِّمَّا اكْتَسَبْنَ ۚ وَاسْأَلُوا اللَّهَ مِن فَضْلِهِ ۗ إِنَّ اللَّهَ كَانَ بِكُلِّ شَيْءٍ عَلِيمًا ﴿٣٢﴾﴾ (النِّسَاء)

«നിങ്ങളിൽ ചിലരെ അപേക്ഷിച്ച് മറ്റു ചിലർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ നിങ്ങൾ കണ്ണുവെക്കരുത്. പുരുഷൻമാർ സമ്പാദിച്ചുണ്ടാക്കിയ വിഹിതം അവർക്കുണ്ട്. സ്ത്രീകൾ സമ്പാദിച്ചുണ്ടാക്കിയ

വിഹിതം അവർക്കുമുണ്ട്. അല്ലാഹുവിനോട് അവന്റെ ഔദാര്യത്തിൽ നിന്ന് നിങ്ങൾ തേടികൊള്ളുക. തീർച്ചയായും അല്ലാഹു എല്ലാറ്റിനെ കുറിച്ചും സൂക്ഷ്മമായി അറിവുള്ളവനാണ്.» (അന്നിസാഅ്, 4:32)

അല്ലാഹുവിന്റെ ഒരു സൃഷ്ടിവിസ്മയമാണ് സ്ത്രീ. മനുഷ്യവംശത്തിന്റെ നിലനിൽപിലും നൈരന്തര്യത്തിലും സാമൂഹികമായ സുസ്ഥിതി പരിപാലനത്തിലും അവർക്കുള്ള പങ്ക് ബൃഹത്താണ്, മഹത്തരമാണ്. സമൂഹത്തിന്റെ ഏറ്റവും മൗലികമായ ഘടകമാണ് കുടുംബം. ഈ സ്ഥാപനം തകർന്നാൽ സമൂഹമില്ല. സമൂഹമില്ലെങ്കിൽ മനുഷ്യവംശമില്ല. കുടുംബമെന്ന സ്ഥാപനത്തിന്റെ ഭദ്രതയും പ്രതിഷ്ഠയും കുടികൊള്ളുന്നത് ഭാവാത്മകമായ സത്യതയിലും (emotional integrity) ആരോഗ്യകരമായ ബന്ധങ്ങളിലുമാണ്. കുടുംബത്തിന്റെ ഈ വൈകാരിക ക്ഷേത്രം (emotional domain) പരിപാലിക്കുന്ന അധിപയാണു സ്ത്രീ. നബി ﷺ പറയുന്നത് കേൾക്കൂ:

«وَالْمَرْأَةُ رَاعِيَةٌ فِي بَيْتِ زَوْجِهَا ومسؤولة عَنْ رَعِيَّتِهَا» (أخرجه البخاري في صحيحه)

«സ്ത്രീ അവരുടെ ഇണയുടെ വീട്ടിന്നധിപയാണ്. അവർ താൻ പരിപാലിക്കേണ്ട ഗൃഹവാസികളെ കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതുമാണ്.» (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

ഈ ബൃഹത്തായ ദൗത്യം നിറവേറ്റാൻ അവരെപ്പോലെ മറ്റാർക്കുമാവില്ല. അവരുടെ കാര്യത്തിൽ അതിനാണ് മുൻഗണന. സ്ത്രീക്ക് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്ന സാമ്പത്തിക സമത്വവും സ്വാശ്രയത്വവും മേൽ പദവിയുമായോ അത് ഏൽപിക്കുന്ന ഉത്തരവാദിത്തവുമായോ ഒരു വിധത്തിലും താൽപര്യ സംഘട്ടനത്തിൽ ഏർപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടാവരുത്. ഇക്കാര്യം പക്വമായും പ്രായോഗികമായും കൈകാര്യം ചെയ്യാൻ കഴിയാത്ത ദമ്പതികളാണ് മിക്കപ്പോഴും കുടുംബ കലഹത്തിലേക്കും വിവാഹത്തകർച്ചയിലേക്കും എടുത്തു ചാടുന്നത്.

സാമൂഹിക ജീവിതത്തിന്റെ നട്ടെല്ലാണെന്നതിനു പുറമെ, നാഗരിക വികാസത്തിനുള്ള ശക്തമായ ഒരു ഉപാധിയുമാണ് സമ്പത്ത്. അതിനെ

നീതിപൂർവ്വം ദീർഘവീക്ഷണത്തോടെ സമർത്ഥമായി ഉപയോഗിച്ചാൽ, അതിലൂടെ മനുഷ്യ സമൂഹങ്ങളെയും നാഗരിക കേന്ദ്രങ്ങളെയും ഉൽക്കർഷത്തിലേക്ക് നയിക്കാൻ കഴിയും. അതുകൊണ്ടുതന്നെ, ധനസമ്പാദനത്തെക്കുറിച്ച് ഖുർആനിക സൂക്തങ്ങളിൽ വിശാലമായ കാഴ്ചപ്പാടുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿هُوَ الَّذِي جَعَلَ لَكُمُ الْأَرْضَ ذَلُولًا فَامْشُوا فِي مَنَاكِبِهَا وَكُلُوا مِن رِّزْقِهِ ۖ وَإِلَيْهِ النُّشُورُ ﴿١٥﴾﴾ (الْمُلْكُ)

«അവനാണ് നിങ്ങൾക്കായി ഭൂമിയെ വിധേയമാക്കി തന്നവൻ. അതിന്റെ ചുമലുകളിലൂടെ നിങ്ങൾ സഞ്ചരിക്കുക. അവന്റെ വിഭവങ്ങളിൽ നിന്ന് ഭക്ഷിക്കുക. അവന്റെ അടുത്തേക്കാണ് ഉയിർത്തെഴുന്നേൽപ്.» (അൽ മുൽക്, 67:15)

വെള്ളിയാഴ്ച ദിവസത്തിനു തന്നെ ദീനിൽ വലിയ പ്രാധാന്യമുണ്ട്. ഏറെ ശ്രദ്ധയോടും ഗൗരവത്തോടും നടത്തേണ്ട ആരാധനയാണ് വെള്ളിയാഴ്ചത്തെ ജുമുഅഃ നമസ്കാരം. എന്നിട്ടും അന്നേ ദിവസം കമ്പോളങ്ങൾ അടക്കണമെന്നോ, ക്രയവിക്രയങ്ങൾ റദ്ദു ചെയ്യണമെന്നോ അല്ലാഹു കൽപിച്ചിട്ടില്ല. എന്നല്ല, ജുമുഅഃക്ക് മുമ്പും പിമ്പും ധനസമ്പാദനത്തിൽ ഏർപ്പെടാമെന്നു തന്നെയാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. താഴെ കൊടുക്കുന്ന ഖുർആൻ സൂക്തികൾ വായിക്കുക:

﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا الْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩﴾ فَإِذَا قُضِيَتِ الصَّلَاةُ فَانتَشِرُوا فِي الْأَرْضِ وَابْتَغُوا مِن فَضْلِ اللَّهِ وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾﴾ (الجُمُعة)

«വിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിനു വേണ്ടി വിളിക്കപ്പെട്ടാൽ നിങ്ങൾ വ്യാപാരം ഒഴിവാക്കി വേഗത്തിൽ അല്ലാഹുവിനുള്ള ദിക്റിലേക്ക് പോവുക. അതാണ് നിങ്ങൾക്ക് ഗുണകരം – നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ. നമസ്കാരം നിർവഹിച്ചു കഴിഞ്ഞാ

ൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ച്, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ ധാരാളമായി ഓർക്കുക. നിങ്ങൾ വിജയിച്ചേക്കാം.» (അൽ ജുമുഅഃ, 62:9-10)

അതേ സമയം, ധനം ശക്തമായൊരു പരീക്ഷണോപാധി കൂടിയാണ്. നബി ﷺ തന്റെ സമുദായത്തിനുമേൽ ഭയപ്പെട്ടത് ദാരിദ്ര്യത്തെയല്ല, സമൃദ്ധിയെയാണ്. അവിടുന്ന് ഇപ്രകാരം പറയുകയുണ്ടായി:

« فَوَاللهِ مَا الْفَقْرَ أَخْشَى عَلَيْكُمْ، وَلَكِنِّي أَخْشَى أَنْ تُبْسَطَ عَلَيْكُمُ الدُّنْيَا، كَمَا بُسِطَتْ عَلَى مَنْ كَانَ قَبْلَكُمْ، فَتَنَافَسُوهَا كَمَا تَنَافَسُوهَا، وَتُهْلِكَكُمْ كَمَا أَهْلَكَتْهُمْ» (أخرجه البخاري في صحيحه)

«അല്ലാഹു തന്നെ സത്യം! നിങ്ങളുടെ മേൽ ഞാൻ ഭയപ്പെടുന്നത് ദാരിദ്ര്യത്തെ കുറിച്ചല്ല. മറിച്ച് ഞാൻ ഭയപ്പെടുന്നത്, മുൻഗാമികൾക്ക് ലഭിച്ചതു പോലെ നിങ്ങൾക്കും ലൗകികമായ സമൃദ്ധി ലഭിക്കുന്നതിനെയാണ്. അപ്പോൾ അവരതിൽ കിടമാത്സര്യം കാണിച്ച പോലെ നിങ്ങളും കിടമാത്സര്യം കാണിക്കുകയും, അത് അവരെ നശിപ്പിച്ചതു പോലെ നിങ്ങളെയും അത് നശിപ്പിക്കും എന്നതിനെകുറിച്ചാണ്.» (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

സമ്പത്തിനോടുള്ള അടങ്ങാത്ത ആർത്തി മനുഷ്യനെ അന്ധനാക്കും. അല്ലാഹുവിന്റെ കൽപനാ വിലക്കുകളെ കാറ്റിൽ പറത്തി അഹങ്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും വഴിയെ നീങ്ങാൻ അവനെ പ്രേരിപ്പിക്കും. പിന്നെ ലക്കും ലഗാനുമില്ലാത്തൊരു ജീവിതമായിരിക്കും. താൻ എവിടെ നിന്ന് സമ്പാദിക്കുന്നു, അത് ഏതു മാർഗ്ഗത്തിൽ വിനിയോഗിക്കുന്നു എന്നത് അവൻ ഗൗനിക്കുകയേ ഇല്ല. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ ﷺ قَالَ: « يَأْتِي عَلَى النَّاسِ زَمَانٌ، لَا يُبَالِي الْمَرْءُ مَا أَخَذَ مِنْهُ، أَمِنَ الْحَلَالِ أَمْ مِنَ الْحَرَامِ » (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ പറയുന്നു: «ഹലാലായതിൽനിന്നാണോ ഹറാമായതിൽനിന്നാണോ താൻ സമ്പാദിച്ചതെന്ന് ഒരാളും ഗൗനിക്കാത്ത ഒരു കാലം ജനങ്ങൾക്ക് വരാനിരിക്കുന്നു.» (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

മേൽ ഹദീസ് വിരൽ ചൂണ്ടുന്നത് നമ്മിലേക്കല്ലെങ്കിൽ പിന്നെ മറ്റാരിലേക്കാണ്! അളവറ്റ സമ്പത്ത്, അതിരും എതിരുമില്ലാത്ത അധികാരം, ഭ്രാന്ത് പിടിപ്പിക്കുന്ന പ്രശസ്തി, ഇത്തരം കാര്യങ്ങളിൽ ഉന്മാദം കണ്ടെത്തുന്നതിനാണല്ലോ ആധുനിക ലോകം സന്തുഷ്ടിയെന്ന് പറയുന്നത്. ഈ സന്തുഷ്ടി തന്നെയല്ലേ പലരുടെയും ആരാധനാമൂർത്തി? ശ്രദ്ധിക്കുക! ഇതിനൊന്നും കണക്കു പറയാതെ ഒരാൾക്കും അന്ത്യനാളിൽ ഒരടി മുന്നോട്ട് പോകാനാവില്ല! നബി ﷺ പറയുന്നു:

عن ابن مسعود ﵁ عن النبي ﷺ قال: « ما تُزالُ قدما عبدٍ يومَ القيامة حتى يُسألَ عن أربعٍ: عن عمرِهِ فيمَ أفناه، وعن شبابِهِ فيمَ أبلاه، وعن مالِهِ من أين اكتَسَبَه، وفِيمَ أنفقه، وعن علمِهِ ماذا عَمِلَ فيه »(أخرجه المنذري في الترغيب والترهيب، وحسنه الألباني)

ഇബ്നു മസ്ഊദ് ﵁ നിവേദനം: നബി ﷺ പറയുന്നു: «നാല് കാര്യങ്ങളെ കുറിച്ച് ചോദിക്കപ്പെടാതെ, ഒരു അടിയന്റെയും കാൽപാദം അന്ത്യദിനത്തിൽ മുന്നോട്ട് നീങ്ങുകയില്ല –തന്റെ ആയുസിനെ കുറിച്ച്: അതെന്തിൽ തുലച്ചുവെന്ന്; തന്റെ യുവത്വത്തെ കുറിച്ച്: അതെന്തിൽ തീർത്തുവെന്ന്; തന്റെ ധനത്തെ കുറിച്ച്: എവിടെനിന്നാണത് സമ്പാദിച്ചത്, ഏതു മാർഗത്തിലാണത് വിനിയോഗിച്ചതെന്ന്; തന്റെ അറിവിനെ കുറിച്ച്: അതുപയോഗിച്ച് എന്ത് ചെയ്തു എന്ന്.» (ഇമാം അൽ മുൻദിരി, അത്തർഗീബു വത്തർഹീബ്)

ദാരിദ്ര്യവും സമൃദ്ധിയും നിഷേധിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം ചരിത്രാതീത

കാലം മുതൽ നിലനിന്നു പോരുന്ന ഒരു സാമൂഹ്യാവസ്ഥയുമാണ്. ലോകമെമ്പാടുമുള്ള സാമൂഹിക വിദഗ്ധരുടെ എന്നത്തെയും ചൂടേറിയ ചർച്ചാ വിഷയമാണിത്. വിഭവങ്ങളിൽ മാത്രമല്ല അധികാരങ്ങളിലും അവസരങ്ങളിലുമുള്ള അന്തരങ്ങൾ കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഈ സാമൂഹിക യാഥാർത്ഥ്യത്തെ അഭിസംബോധന ചെയ്യുകയല്ലാതെ അതിനെ നിഷ്കാസനം ചെയ്യുക അസാധ്യമാണ്. കാരണം, അത് അല്ലാഹുവിന്റെ സോദ്ദേശ്യപരമായ പദ്ധതികളുടെ ഭാഗമാണ്. ഐഹിക ലോകത്ത് ആർക്കാണ് സമ്പത്ത് സമൃദ്ധമായി നൽകേണ്ടത്, ആർക്കാണത് പരിമിതപ്പെടുത്തേണ്ടത് എന്നത് അവന്റെ മുൻനിർണ്ണയമാണ്. അല്ലാഹു പറയുന്നു:

﴿إِنَّ رَبَّكَ يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ ۚ إِنَّهُ كَانَ بِعِبَادِهِ خَبِيرًا بَصِيرًا ﴿٣٠﴾﴾ (الْإِسْرَاءُ)

«തീർച്ചയായും നിന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നവർക്ക് വിഭവങ്ങൾ സമൃദ്ധമായി നൽകുന്നു. അവൻ ചിലർക്കത് പരിമിതപ്പെടുത്തുകയും ചെയ്യുന്നു. തീർച്ചയായും അവൻ തന്റെ അടിയാറുകളെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു.» (അൽ ഇസ്റാഅ്, 17:30)

വിഭവങ്ങളിലും അധികാരങ്ങളിലും അവസരങ്ങളിലുമുള്ള ഈ ഏറ്റക്കുറച്ചിലുകൾ സാമൂഹ്യ ജീവിതത്തിന്റെ അനിവാര്യതകളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു:

﴿أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِي الْحَيَاةِ الدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَاتٍ لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ ﴿٣٢﴾﴾ (الزخرف)

«അവരാണോ നിന്റെ റബ്ബിന്റെ അനുഗ്രഹം വീതം വെക്കുന്നത്? ലൗകികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ഉപജീവന മാർഗം

വീതിച്ചു കൊടുത്തത് നാമാണ്. ചിലരെ കീഴാളരാക്കാവുന്ന വിധം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ നാം പല പടികളായി ഉയർത്തിയിരിക്കുന്നു. നിന്റെ റബ്ബിന്റെ കാരുണ്യമാകുന്നു അവർ സംഭരിച്ചു വെക്കുന്നതിനെക്കാളെല്ലാം ഉത്തമം.» (അസ്സുഖ്റുഫ്, 43:32)

മേൽ സൂക്തത്തിൽ മൗലികമായ ചില സാമൂഹിക യാഥാർത്ഥ്യങ്ങൾ അടങ്ങിയിരിക്കുന്നു. അവയെ കുറിച്ചുള്ള ഒരു സംക്ഷേപം താഴെ കൊടുക്കാം:

- അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് സാമൂഹിക പുരോഗതിക്കും നവീകരണത്തിനും അടിസ്ഥാനമായി വർത്തിക്കുന്ന വൈയക്തിക വ്യത്യാസങ്ങളോടു കൂടിയാണ്. വൈവിധ്യമാർന്ന കഴിവുകൾ, താൽപര്യങ്ങൾ, ശാരീരികവും മാനസികവുമായ ക്ഷമതകൾ പോലുള്ളവ ഉദാഹരണം. ഇവ ആരോഗ്യകരമായ മത്സരത്തിന് വഴിയൊരുക്കുകയും സാമൂഹ്യ ഘടനയെ പ്രചോദിപ്പിക്കുകയും സമൂഹത്തിന്റെ മൊത്തമായ വളർച്ചയെ ത്വരിപ്പിക്കുകയും ചെയ്യുന്നു.
- സമൂഹത്തിൽ കണ്ടുവരുന്ന തൊഴിൽ വിഭജനങ്ങളും വൈദഗ്ധ്യ ളിലുള്ള വൈജാത്യങ്ങളും സാമൂഹിക ഘടനയുടെയും പ്രവർത്തനത്തിന്റെയും ഭാഗമാണ്. ഇത് സമൂഹത്തിന് ഒരു ക്രമവും കാര്യക്ഷമതയും കൊണ്ടുവരുന്നു. അല്ലാതെ, എല്ലാവരും എല്ലാ ജോലിയും ചെയ്യുക എന്നത് പ്രായോഗികമായ കാര്യമല്ലല്ലോ.
- സാമൂഹിക വിഷയങ്ങൾ ഏകോപിപ്പിക്കുവാനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളാനും ഏത് സമൂഹത്തിനും ചില അധികാര ഘടനകളും നേതൃത്വവും അനിവാര്യമായി വരും. ഇത്തരം ഘടനകളില്ലാതെ വലിയ സമൂഹങ്ങൾക്ക് സംഘടിതമായി പ്രവർത്തിക്കുക സാധ്യമല്ല.

ചുരുക്കത്തിൽ, വ്യക്തിപരമായ വ്യത്യാസങ്ങൾ, തൊഴിൽപരമായ വൈദഗ്ധ്യങ്ങൾ, ഘടനാപരമായ അധികാര ശ്രേണികൾ പോലുള്ള

ഏറ്റക്കുറച്ചിലുകളില്ലാതെ താളാത്മകമായ ഒരു സാമൂഹിക ക്രമമോ ജീവിതമോ സാധ്യമാവില്ല.

എന്നാൽ മനുഷ്യനിർമ്മിതമായ അസമത്വങ്ങളും ചൂഷണങ്ങളും സാമൂഹിക ജീവിതത്തിന് ഏറെ ഹാനികരമാണ്. അവസരസമത്വവും അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യതയും ഉറപ്പാക്കാനാണ് ആരോഗ്യകരമായ ഏതൊരു സമൂഹവും ലക്ഷ്യമാക്കേണ്ടത്. കൃത്രിമമായ അസമത്വങ്ങളും ചൂഷണാധിഷ്ഠിതമായ ഏറ്റക്കുറച്ചിലുകളും നിയന്ത്രിക്കാതെ അത് സാക്ഷാത്ക്കരിക്കുക സാധ്യമല്ല. ആത്മീയവും ആരാധനാപരവുമായ മാനങ്ങൾക്കു പുറമെ, സകാത് ഉയർത്തിപ്പിടിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ ധർമ്മവും അതു തന്നെ.

അല്ലാഹുവിന്റെ സ്വത്ത്. അതിന്റെ താൽക്കാലികമായ കൈകാര്യകർത്താക്കളായ സമ്പന്ന വിഭാഗം. അതിൽ പാവങ്ങൾക്കുള്ള നിയമപരമായ അവകാശ വിഹിതമായി സകാത്. ഇതാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്ന സമവാക്യം. അല്ലാതെ, സമ്പന്നർ ദരിദ്രരോട് കാണിക്കുന്ന ഔദാര്യമല്ല സകാത്. അല്ലാഹു പറയുന്നത് കാണുക:

﴿وَفِي أَمْوَالِهِمْ حَقٌّ لِّلسَّائِلِ وَالْمَحْرُومِ ١٩﴾ (الذَّارِيَات)

«അവരുടെ ധനത്തിൽ സഹായം തേടിവരുന്നവർക്കും ഉപജീവനം മുടക്കപ്പെട്ടവർക്കും ഒരവകാശമുണ്ട്.» (അൽ ദാരിയാത്, 51:19)

﴿وَالَّذِينَ فِي أَمْوَالِهِمْ حَقٌّ مَّعْلُومٌ ۝٢٤ لِّلسَّآئِلِ وَالْمَحْرُومِ ۝٢٥﴾ (الْمَعَارِج)

«അവരുടെ ധനത്തിൽ നിർണ്ണിതമായൊരു അവകാശം സഹായം തേടിവരുന്നവർക്കും ഉപജീവനം മുടക്കപ്പെട്ടവർക്കും വകയിരുത്തുന്നവരുമാണവർ.» (അൽ മആരിജ്, 70:24-25)

﴿وَهُوَ الَّذِي أَنشَأَ جَنَّاتٍ مَّعْرُوشَاتٍ وَغَيْرَ مَعْرُوشَاتٍ وَالنَّخْلَ وَالزَّرْعَ مُخْتَلِفًا أُكُلُهُ وَالزَّيْتُونَ وَالرُّمَّانَ مُتَشَابِهًا وَغَيْرَ مُتَشَابِهٍ ۚ كُلُوا مِن ثَمَرِهِ إِذَا أَثْمَرَ وَآتُوا حَقَّهُ يَوْمَ حَصَادِهِ ۖ وَلَا تُسْرِفُوا ۚ إِنَّهُ لَا يُحِبُّ الْمُسْرِفِينَ ۝١٤١﴾ (الأنعام)

«പന്തലിൽ പടർത്തുന്നതും അല്ലാത്തതുമായ തോട്ടങ്ങൾ, ഈന്തപ്പനകൾ, വിവിധതരം കായ്കനികളുള്ള വിളകൾ, പരസ്പര സദൃശങ്ങളായതും അല്ലാത്തതുമായ ഒലീവ്, മാതളം, എല്ലാം തന്നെ ഉണ്ടാക്കിയത് അവനാകുന്നു. അവയോരോന്നും കായ്ക്കുമ്പോൾ അവയുടെ ഫലങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുക. അതിൽ പാവങ്ങൾക്കുള്ള അവകാശ വിഹിതം വിളവെടുപ്പ് ദിവസം കൊടുത്ത് വീട്ടുക. നിങ്ങൾ അമിതവ്യയം ചെയ്യരുത്; അമിതവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല, തീർച്ച.» (അൽ അൻആം, 6:141)

മേൽ സൂക്തങ്ങൾ ഓരോന്നും നമ്മോട് വിളിച്ചോതുന്ന യാഥാർത്ഥ്യമെന്താണ്? സമ്പന്നർ പാവങ്ങളുടെ മുന്നിലേക്ക് വെച്ചു നീട്ടുന്ന ഔദാര്യമല്ല സകാത്. അതൊരു ദാനമല്ല, പുനരധിവാസ പാക്കേജല്ല, ദാരിദ്ര്യ നിർമ്മാർജ്ജനം മാത്രം ലക്ഷ്യമാക്കി നടത്തുന്ന സാമ്പത്തിക പരിഷ്കാരവുമല്ല. മറിച്ച്, അല്ലാഹു അവന്റെ ധനം ധനികരെ ഏൽപിച്ചതിൽ നിന്ന് പാവങ്ങൾക്ക് നിയമാനുസാരം നൽകേണ്ട അവകാശ വിഹിതമാണത്. അവൻ പറയുന്ന നിശ്ചിത വിഹിതം നിർദ്ദിഷ്ട സമയത്ത് നിർണ്ണിത വിഭാഗങ്ങൾക്ക് വിട്ടൊഴിഞ്ഞ് കൊടുക്കേണ്ട അവകാശ ഭാഗമാണത്. അവരുടെ വിഹിതം അവർക്ക് പൂർണ്ണമായി ഉടമപ്പെടുത്തി നൽകേണ്ടതും അതിൽ പിന്നീട് യാതൊരു വിധ ഇടപെടലുകൾ നടത്താൻ പാടില്ലാത്തതുമാണ്.

﴿إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ..﴾ എന്ന സൂറതുത്തൗബഃ 60-ാം സൂക്തത്തിൽ പ്രയോഗിച്ചിരിക്കുന്ന 'ലാം' ( لِـ ) എന്ന അവ്യയം ഉടമസ്ഥാവകാശത്തെയാണ് (التمليك والاستحقاق والاختصاص) ദ്യോതിപ്പിക്കുന്നത്. ഇക്കാര്യം പല ഖുർആൻ വ്യാഖ്യാതാക്കളും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതു കൊണ്ട് വിവക്ഷിക്കുന്നത്, പാവങ്ങളുടെ അവകാശ വിഹിതമായ സകാത് പൂർണ്ണമായും വിട്ടൊഴിഞ്ഞ് അവരുടെ ഉടമസ്ഥതയിലേക്ക് മാറ്റി, അതിൽ അവരുടെ സ്വകാര്യതയും സ്വാതന്ത്ര്യവും മാനിക്കണമെന്നാണ്. അനിതരമായ ഈ സകാത് വ്യവസ്ഥയിൽ വിഭവങ്ങളുടെ പങ്കുവെപ്പുണ്ട്. തനിക്കു തന്റെ ഭാഗധേയം പരീക്ഷിക്കാ

നള്ള അവസരമുണ്ട്. തന്റേതായ നിർവ്വാഹകത്വത്തിന്റെയും അധികാരത്തിന്റെയും പ്രയോഗമുണ്ട്. ഇത്തരം അവസരങ്ങൾ സമൂഹത്തിലെ ഉപരി വർഗങ്ങളോട് ഉണ്ടായേക്കാവുന്ന പകയും അസൂയയും ഒരു പരിധി വരെ ഇല്ലായ്മ ചെയ്യാൻ ഉപകരിക്കുന്നു. പാർശ്വവൽകൃത വിഭാഗങ്ങളിൽ പടരുന്ന നീതി നിഷേധത്തെ കുറിച്ചുള്ള അടങ്ങാത്ത കനലുകൾ കെടുത്തിക്കളയാൻ ഇതിനെക്കാൾ ഉപയുക്തമായ മറ്റൊരു മാർഗം വേറെയില്ല.

വസ്തുതകൾ യഥാവിധി വിശകലനം ചെയ്യുമ്പോൾ കേരള മുസ്ലിംകൾക്കിടയിൽ ഇന്ന് പ്രചാരത്തിലുള്ള സകാത് സമ്പ്രദായം ഇസ്ലാം വിഭാവനം ചെയ്യുന്ന ഈ സകാതല്ലെന്ന് പറയേണ്ടി വരികയാണ്. കാരണം സമൂഹത്തിൽ നിലകൊള്ളുന്ന വിവിധ സംഘടനകളും മറ്റു സംവിധാനങ്ങളും സകാത്തിന്റെ വിവക്ഷയെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും അപ്പാടെ തകിടം മറിച്ചിരിക്കുന്നു. ഒന്നാമതായി, അല്ലാഹുവോ അവന്റെ ദൂതനോ നൽകിയിട്ടില്ലാത്ത വിശേഷണങ്ങളും വിവരണങ്ങളുമാണ് അവർ സകാത്തിനു നൽകുന്നത്. തന്നിമിത്തം സകാത് സംബന്ധിച്ച ഇസ്ലാമിന്റെ ശരിയായ വിഭാവന തന്നെ വികലമാക്കപ്പെട്ടിരിക്കുന്നു. രണ്ടാമതായി, സകാത്തിന്റെ ശേഖരണവും വിതരണവുമായി ബന്ധപ്പെട്ട് അവർ നടത്തുന്ന പേക്കൂത്തുകൾ ഇസ്ലാമിന്റെ നെടുംതൂണായി നിലകൊള്ളുന്ന മഹത്തായൊരു ആരാധനയെ, പവിത്രമായൊരു മതചിഹ്നത്തെ രാഷ്ട്രീയവൽക്കരിക്കാനും സമൂഹത്തിലെ അശരണരായ വിഭാഗത്തെ കൂടുതൽ ചൂഷണം ചെയ്യാനുമുള്ള ഒരു ഉപാധിയാക്കി മാറ്റിയിരിക്കുന്നു. സകാത് സ്വീകർത്താക്കൾ കമ്മിറ്റി അംഗങ്ങളുടെ ഹീനമായ വ്യക്തി താൽപര്യങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങിയില്ലെങ്കിൽ അടുത്ത വർഷം സകാത് നൽകണോ എന്ന കാര്യം പുനഃപരിശോധിക്കേണ്ടി വരും എന്ന രീതിയിൽ ഭീഷണി ഉയർത്തപ്പെടുന്ന സ്ഥിതിവിശേഷം പോലുമുണ്ട്. അത്തരക്കാർ നടത്തുന്ന പൊള്ളയായ ചില വിശേഷണങ്ങളിലേക്കും വികലമായ വിവരണങ്ങളിലേക്കും ഒരെത്തി നോട്ടം നടത്താം.

'റുവൈബിളകളായ' ചില പ്രസംഗകർ സകാത്തിനെ വർണ്ണിക്കാറുള്ളത് സമഗ്രവും സമ്പൂർണ്ണവുമായ ഒരു സാമ്പത്തിക വ്യവസ്ഥയെന്ന നിലയിലാണ്. ഈ പരികൽപനയെ സാധൂകരിക്കുന്ന യാതൊരു രേഖയും ഇസ്‌ലാമിക പ്രമാണങ്ങളിലില്ല. സകാത്തിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും പൊള്ളയായ ഈ അവകാശവാദത്തെ തള്ളിക്കളയുന്നു. ഇത് റുവൈബിളമാരുടെ വാചോടാപങ്ങൾ മാത്രമാണ്. അതെല്ലാം ഇസ്‌ലാമിനെയും മുസ്‌ലിംകളെയും യഥാർത്ഥത്തിൽ പരിഹാസ പാത്രമാക്കാനേ ഉപകരിക്കൂ. സമഗ്രവും സമ്പൂർണ്ണവുമായ ഒരു സാമ്പത്തിക വ്യവസ്ഥക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഘടകങ്ങളൊന്നും ഇസ്‌ലാം വിഭാവനം ചെയ്യുന്ന സകാത്തിലില്ല എന്നതാണ് വസ്തുത.

മഹല്ലുകൾ തോറും മുളച്ചു പൊന്തുന്ന സകാത് കമ്മിറ്റികൾ, സംഘടനകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സകാത് സെല്ലുകൾ, പൊതു ഖജനാവിന്ന സമാന്തരമായി പ്രവർത്തിക്കുന്ന സകാത് ഹൗസുകൾ.. ഇങ്ങനെയുള്ള സംവിധാനങ്ങളെല്ലാം മിക്കപ്പോഴും സകാത്തിനെ പരിചയപ്പെടുത്തുന്നത് ഒരു ജീവകാരുണ്യ പ്രവർത്തനമായിട്ടാണ്. ഇതൊരു ശുദ്ധ അസംബന്ധമാണ്. കാരണം രണ്ടിന്റെയും അതിരുകളും പരിധികളും (parameters) തീർത്തും വ്യത്യസ്തമാണ്. ഉദാഹരണമായി, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വിശ്വാസികളെന്നോ അവിശ്വാസികളെന്നോ വേർതിരിവില്ല. എന്നാൽ സകാത്തിന്റെ ശേഖരണവും വിതരണവും വിശ്വാസികളിൽ പരിമിതമായിരിക്കണം എന്ന നിബന്ധനയുണ്ട്.

ഇത്തരക്കാർ ചിലപ്പോൾ സകാത്തിനെ സമീപിക്കുന്നത് ഒരു പുനരധിവാസ പാക്കേജ് എന്ന നിലയിലായിരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, പ്രശ്നങ്ങൾ നിർണ്ണയിക്കുക, പുനരധിവാസ പാക്കേജുകൾ പ്രഖ്യാപിക്കുക, കമ്മിറ്റികളുടെ മേൽനോട്ടത്തിൽ പൂർണ്ണമായോ ഭാഗികമായോ അവ നടപ്പിലാക്കുക, അതിന്മേൽ മേലാള മനോഭാവം വെച്ചു പുലർത്തുക, സ്വീകർത്താക്കളെ മാനസികമായും

സാമൂഹികമായും പീഢിപ്പിക്കുക എന്നതൊക്കെയാണ് സകാത്തിന്റെ പേരിൽ നാട്ടിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. സകാത്തിന്റെ ഘടനയിലോ ഉദ്ദേശ്യലക്ഷ്യങ്ങളിലോ ഉൾപ്പെടാത്ത കാര്യങ്ങളാണ് ഇവയെല്ലാം എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അവകാശികൾക്ക് വിട്ടൊഴിഞ്ഞ് ഉടമപ്പെടുത്തി കൊടുക്കേണ്ട അവകാശ വിഹിതമായാണ് ഇസ്‌ലാം സകാത്തിനെ പരിചയപ്പെടുത്തുന്നത്. അത് എപ്പോൾ, എന്തിന്, എങ്ങനെ ചെലവഴിക്കണം എന്നത് അതിന്റെ അവകാശികൾ മാത്രം തീരുമാനിക്കേണ്ട കാര്യമാണ്. അതിൽ കൈകടത്താൻ സകാത്തിന്റെ ദാതാക്കൾക്ക് യാതൊരവകാശവുമില്ല. എന്നാൽ സകാത് കമ്മിറ്റികൾ അവർ നൽകുന്ന സകാത് വിഹിതം അവകാശികൾക്ക് വിട്ടൊഴിഞ്ഞ് കൊടുക്കുന്നതിനു പകരം അതുപയോഗിച്ച് ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന നിർവ്വാഹകരായി നിലകൊള്ളുന്നതായിട്ടാണ് ഇന്ന് കാണുന്നത്. വീടു നിർമ്മാണം, തൊഴിലവസരം സൃഷ്ടിക്കൽ, പുനരധിവാസ പദ്ധതികളാവിഷ്കരിക്കൽ.. ഇതെല്ലാമാണ് സകാത്തിന്റെ മറവിൽ ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്.

അതുമല്ലെങ്കിൽ, സകാത്തിനെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ഉപാധിയായിട്ടാണ് ഇക്കൂട്ടർ വിശേഷിപ്പിക്കുക. സമ്പന്നർ എല്ലാവരും സകാത് പൂർണ്ണമായും നൽകുകയാണെങ്കിൽ സമൂഹത്തിൽനിന്ന് ദാരിദ്ര്യം തീർത്തും നിർമ്മാർജ്ജനം ചെയ്യാനാകുമെന്നവർ വാദിക്കുന്നു. ഒട്ടുമേ കഴമ്പില്ലാത്ത ഒരു ജല്പനം മാത്രമാണിത്. അങ്ങനെയായിരുന്നു കാര്യമെങ്കിൽ മഹാനായ രണ്ടാം ഖലീഫഃ ഉമർ ﵁ ന്റെ ഭരണ കാലത്ത് ചാരവർഷം (عَامُ الرَّمَادَة) സംഭവിക്കരുതായിരുന്നു. കഠിനമായ വരൾച്ചയും ക്ഷാമവും ബാധിച്ച ഹിജ്റഃ 18-ാം ആണ്ടിനെയാണ് ചാരവർഷം എന്ന് ചരിത്രം അടയാളപ്പെടുത്തിയിട്ടുള്ളത്. രൂക്ഷമായ വരൾച്ച കാരണം ഭൂമി ചാരം പോലെ കറുത്തിരുണ്ടതുകൊണ്ടും, കാറ്റ് ചാരം പോലെയുള്ള പൊടിപടലങ്ങൾ വഹിച്ചുകൊണ്ടുവന്നതുകൊണ്ടുമായിരുന്നു ആ വർഷത്തിന് 'ആമുർറമാദഃ' (ചാരവർഷം) എന്ന പേരു വീണത്. ക്ഷാമവും ക്ഷേമവും സുഖവും ദുഃഖവും പട്ടിണിയും ഐശ്വര്യവുമെല്ലാം അല്ലാഹുവിന്റെ മുൻനിർണ്ണയ പ്രകാരം

സമൂഹത്തിൽ മാറി മാറി വന്നു കൊണ്ടിരിക്കും. അല്ലാഹു തന്റെ സൃഷ്ടികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അവന്റെ വിശാലമായ പദ്ധതികളുടെ ഭാഗമാണത്. അതിനെ സകാത്തുമായി ബന്ധിപ്പിക്കുന്നത് മൗഢ്യമാണ്.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന സകാത് സമ്പ്രദായത്തെ കുറിച്ച് ശരിയായ ധാരണ ലഭിക്കണമെങ്കിൽ പ്രാഥമികമായി ധനത്തെ കുറിച്ചും ധനത്തിന്റെ ഗമനാഗമന രീതികളെ കുറിച്ചുമുള്ള ഇസ്‌ലാമികമായ കാഴ്ച്ചപ്പാട് ബോധ്യപ്പെടേണ്ടതുണ്ട്. അതിന്റെ അഭാവത്തിൽ സകാത് സംബന്ധമായ ചർച്ചകൾ അപൂർണ്ണവും ലക്ഷ്യത്തിലെത്താതെ നിന്നു പോകുന്നതുമായിരിക്കും. അതിനാലാണ് മേൽ വിവരിച്ച കാര്യങ്ങൾ ആമുഖമായി ഇവിടെ എടുത്തു ചേർത്തത്.

# 4

## സകാത്:

### ഭാഷാർത്ഥവും നിർവ്വചനവും

ആദ്യമായി, സകാത് (زَكَاةٌ) എന്ന ശബ്ദത്തിന്റെ ഭാഷാർത്ഥം പരിശോധിക്കാം. പ്രശസ്ത ഹദീസ് നിഘണ്ടുവായ 'അന്നിഹായഃയിൽ' പറയുന്നത് കാണുക:

"وَأَصْلُ الزَّكَاةِ فِي اللُّغة الطَّهارةُ والنَّمَاءُ والبركَةُ والمدحُ، وكُلُّ ذَلِكَ قَدِ اسْتُعمِلَ فِي القُرآن وَالْحَدِيثِ " (ابنُ الأثيرِ في النهايةِ في غريبِ الحديثِ)

**"സകാത് എന്ന ധാതുവിന്റെ മൂലാർത്ഥം വിശുദ്ധി, വികസനം, ഐശ്വര്യം, പ്രശംസ എന്നെല്ലാമാണ്. ഈ അർത്ഥങ്ങളിലെല്ലാം ഖുർആനിലും ഹദീസിലും ഇത് പ്രയോഗിച്ചിരിക്കുന്നു." (ഇബ്നൽ അഥീർ, അന്നിഹായഃ ഫീ ഗരീബിൽ ഹദീസ്)**

സമ്പന്നരുടെ കൈവശമുള്ള ധനത്തിൽ നിന്നും നിർദ്ദിഷ്ട മാനദണ്ഡങ്ങളനുസരിച്ച് പാവങ്ങൾക്കു നൽകപ്പെടുന്ന അവകാശ വിഹിതം എന്നതാണ് ശർഇന്റെ സാങ്കേതിക ഭാഷയിൽ സകാതു കൊണ്ട് വിവക്ഷിക്കുന്നത്. ഹദീസ് വിശാരദന്മാരും ഫുഖഹാക്കളും ഈ

സംജ്ഞയെ നിർവ്വചിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കാം.

"إِعْطَاءُ جُزْءٍ مِنَ النِّصَابِ الْحَوْلِيِّ إِلَى فَقِيرٍ وَنَحْوِهِ غَيْرِ هَاشِمِيٍّ، وَلَا مُطَّلِبِيٍّ" (ابن حجر في فتح الباري)

"വർഷാവർഷം പരിധിയെത്തിയ ധനത്തിൽനിന്നും ഹാശിമീ വംശത്തിലോ മുത്ത്വലിബീ വിഭാഗത്തിലോ പെടാത്തവരായ പാവങ്ങൾ പോലുള്ളവർക്ക് ഒരു വിഹിതം നൽകുന്നതാണത്." (ഇബ്നു ഹജർ, ഫത്ഹുൽ ബാരി)

"ويُرَادُ بها في الشرع: هي حَقٌّ يَجِبُ فِي مَالٍ خَاصٍّ، لِطَائِفَةٍ مَخْصُوصَةٍ، فِي وَقْتٍ مَخْصُوصٍ" (ابن المفلح في المبدع في شرح المقنع)

"ശർഇൽ അതു കൊണ്ട് വിവക്ഷിക്കുന്നത്, ഒരു പ്രത്യേക ധനത്തിൽ പ്രത്യേക വിഭാഗത്തിന് നിശ്ചിത സമയത്ത് നിർബന്ധമായിത്തീരുന്ന അവകാശ വിഹിതമാണത്." (ഇബ്നുൽ മുഫ്ലിഹ്, അൽ മുബ്ദിഅ് ഫീ ശർഹിൽ മുഖ്നിഅ്)

ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ സകാത് മിക്കപ്പോഴും നമസ്കാരത്തോടൊപ്പമാണ് ഖുർആനിലും സുന്നത്തിലും പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഒരാൾ സത്യസാക്ഷ്യത്തിന്റെ വചനം അഥവാ (لَا إِلٰهَ إِلَّا اللهُ مُحَمَّدٌ رَّسُولُ اللهِ) എന്ന് പ്രഖ്യാപിക്കുന്നതോടെ മുസ്ലിമായി തിരിച്ചെത്തുന്നു. താൻ പ്രഖ്യാപിച്ച സത്യസാക്ഷ്യത്തെ സാധൂകരിച്ചു കൊണ്ട് അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം നിലനിർത്തുകയും സകാത് നൽകുകയും ചെയ്താൽ അവനെ മുസ്ലിമായി അംഗീകരിക്കണം. ഇതുവരെ ശത്രുപക്ഷത്ത് നിന്ന് യുദ്ധം ചെയ്തിരുന്നവരാണെങ്കിൽ പോലും അവർക്കെതിരിൽ ഇനിമേൽ യാതൊരു നടപടിയും പാടില്ല. അവരുടെ ശരീരവും സ്വത്തും സംരക്ഷിക്കപ്പെടണം. അനിതരമായ ഇസ്ലാമിക സാഹോദര്യത്തിന്റെ കുടക്കു കീഴിൽ അവരെയും അണി

നിരത്തണം. മറ്റേതൊരു മുസ്‌ലിമിനും ലഭിക്കുന്ന സംരക്ഷണത്തിനും സാഹോദര്യത്തിനും ഇതോടു കൂടി അവരും അർഹരായിത്തീരുന്നു. അതേ പോലെ, ഇതര മുസ്‌ലിംകളുടെ മേൽ ചുമത്തപ്പെടുന്ന എല്ലാ വിധ ബാധ്യതകളും ഉത്തരവാദിത്തങ്ങളും അവർക്കും ബാധകമായി ത്തീരുന്നു. അല്ലാഹു പറയുന്നത് കാണുക:

﴿فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ ۚ إِنَّ اللَّهَ غَفُورٌ رَّحِيمٌ ۝٥﴾ (التوبة)

«അവർ പശ്ചാത്തപിച്ച് മടങ്ങുകയും നമസ്കാരം യഥാവിധി നിർവഹിക്കുകയും സകാത് നൽകുകയും ചെയ്യുന്ന പക്ഷം നിങ്ങൾ അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാണ്.» (അത്തൗബഃ, 9:5)

﴿فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَإِخْوَانُكُمْ فِي الدِّينِ ۗ وَنُفَصِّلُ الْآيَاتِ لِقَوْمٍ يَعْلَمُونَ ۝١١﴾ (التوبة)

«അവർ പശ്ചാത്തപിച്ച് മടങ്ങുകയും, നമസ്കാരം യഥാവിധം നിർവഹിക്കുകയും സകാത് നൽകുകയും ചെയ്താൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളായിത്തീരുന്നു. കാര്യങ്ങൾ മനസ്സിലാക്കുന്ന ജനങ്ങൾക്ക് വേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു.» (അത്തൗബഃ, 9:11)

ഒരാൾ സത്യസാക്ഷ്യത്തിന്റെ വചനം ബോധ്യത്തോടും സ്വേഛ പ്രകാരവും പ്രഖ്യാപിച്ചാൽ ആ വചനത്തിനോട് നീതി പുലർത്തണം. പ്രാഥമികമായി അതിനു നൽകേണ്ട അവകാശമാണ് അഞ്ചു നേരത്തെ നിർബന്ധ നമസ്കാരവും സകാത്തും. അതിനു മുടക്കം വരുത്തിയാൽ തന്റെ പ്രഖ്യാപനം സാധൂകരിക്കപ്പെടാതെ പോകും. ഇക്കാര്യം സുതരാം വ്യക്തമാക്കുന്ന ഒരു സംഭവം ഇസ്‌ലാമിക ചരിത്രത്തിൽ കഴിഞ്ഞു പോയിട്ടുണ്ട്. അത് താഴെ വിവരിക്കാം.

നബിയുടെ ﷺ നിര്യാണത്തെ തുടർന്ന് അബൂ ബക്ര്‍ ﷺ ഖലീഫഃയായി ചുമതലയേറ്റു. അതിനോടനുബന്ധിച്ച് പല അറബ് ഗോത്രങ്ങളും മതപരിത്യാഗം നടത്തി ഇസ്‌ലാമിൽനിന്ന് പുറത്തു പോയി. അവരുടെ പ്രധാന വാദമുഖം, സകാത് മുഹമ്മദ് നബിയുമായി ﷺ ഞങ്ങൾക്കുണ്ടായിരുന്ന ഒരു കരാറാണ്. ഉത്തരാധികാരികളായി വരുന്നവരുമായി ആ കരാർ തുടരാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിക്കാം. പക്ഷെ, സകാത് നൽകാനാവില്ല. ഇപ്രകാരം മതപരിത്യാഗം നടത്തിയ അറബ് ഗോത്രങ്ങളുമായി അബൂ ബക്ര്‍ ﷺ യുദ്ധം പ്രഖ്യാപിച്ചു. അത് സമുന്നതരായ ചില സ്വഹാബിമാർക്കിടയിൽ പോലും തുടക്കത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ചു. ഇമാം ബുഖാരി ﷺ ഉദ്ധരിക്കുന്നു:

عَنْ أَبِي هُرَيْرَةَ، قَالَ: لَمَّا تُوُفِّيَ رَسُولُ اللهِ ﷺ وَكَانَ أَبُو بَكْرٍ وَكَفَرَ مَنْ كَفَرَ مِنْ الْعَرَبِ فَقَالَ عُمَرُ كَيْفَ تُقَاتِلُ النَّاسَ وَقَدْ قال رسول الله ﷺ: « أُمِرْتُ أَنْ أُقَاتِلَ النَّاسَ حَتَّى يَقُولُوا لَا إِلَهَ إِلاَّ اللهُ فَمَنْ قَالَهَا فَقَدْ عَصَمَ مِنِّي مَالَهُ وَنَفْسَهُ إِلاَّ بِحَقِّهِ وَحِسَابُهُ عَلَى اللهِ..»

فَقَالَ: " وَاللهِ لَأُقَاتِلَنَّ مَنْ فَرَّقَ بَيْنَ الصَّلَاةِ وَالزَّكَاةِ فَإِنَّ الزَّكَاةَ حَقُّ الْمَالِ، وَاللهِ لَوْ مَنَعُونِي عَنَاقًا كَانُوا يُؤَدُّونَهَا إِلَى رَسُولِ اللهِ ﷺ لَقَاتَلْتُهُمْ عَلَى مَنْعِهَا " (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ ﷺ നിവേദനം: അദ്ദേഹം പറയുന്നു: നബി ﷺ മരണപ്പെട്ടു. അബൂ ബക്ര്‍ ﷺ ഉത്തരാധികാരിയായി. അങ്ങനെ അറബികളിൽനിന്ന് മതപരിത്യാഗം ചെയ്തവർ അവിശ്വാസികളായി മാറുകയും ചെയ്തു. അപ്പോൾ ഉമർ ﷺ ചോദിച്ചു: "താങ്കൾ ആ ജനവിഭാഗങ്ങളോട് എങ്ങനെ യുദ്ധം ചെയ്യും? നബി ﷺ ഇപ്രകാരം പറഞ്ഞിട്ടില്ലേ: « لَا إِلَهَ إِلَّا اللهُ എന്ന സത്യസാക്ഷ്യം പ്രഖ്യാപിക്കുന്നതു വരെയാണ് അവരോട്

യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത് എന്ന്? ആർ അത് പ്രഖ്യാപിച്ചുവോ അവൻ തന്റെ ധനവും ശരീരവും എന്നിൽ നിന്നും സംരക്ഷിച്ചിരിക്കുന്നു. അതിനു നൽകേണ്ടതായ അവകാശത്തിന്റെ പേരിലുള്ളതൊഴികെ. അവന്റെ വിചാരണ അല്ലാഹുവിന്റെ കാര്യമാണ്..»

അപ്പോൾ അദ്ദേഹം (അബൂ ബക്ർ ﵁) പ്രതിവചിച്ചു: "അല്ലാഹു തന്നെ സത്യം! നമസ്കാരത്തിനും സകാത്തിനുമിടയിൽ വിവേചനം കാണിച്ചവരോട് ഞാൻ യുദ്ധം നടത്തുക തന്നെ ചെയ്യും. സകാത് ധനത്തിൽനിന്നുള്ള അവകാശമാണ്. അല്ലാഹു തന്നെ സത്യം! നബിക്ക് ﷺ അവർ നൽകാറുണ്ടായിരുന്ന ഒരു കെട്ടുകയറ് എനിക്ക് തരാതിരുന്നാൽ അത് തടഞ്ഞതിന്റെ പേരിൽ ഞാൻ അവരോട് യുദ്ധം ചെയ്യും." (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

പരാമൃഷ്ട നബിവചനം അത് പറയപ്പെട്ട പശ്ചാത്തലവും സന്ദർഭവും ഒഴിവാക്കി വായിക്കുന്നത് ഭീമമായ ധാരണപ്പിശകുകൾക്ക് കാരണമാകും. സത്യസാക്ഷ്യം പ്രഖ്യാപിക്കാത്ത മനുഷ്യരോടെല്ലാം യുദ്ധം ചെയ്യണമെന്നല്ല ഈ വചനത്തിന്റെ അർത്ഥം. മുസ്ലിംകൾക്ക് മറ്റുള്ളവരുമായുള്ളത് അടിസ്ഥാനപരമായി സമാധനത്തിന്റെയും സന്ധിയുടെയും ബന്ധമാണ്. മതിയായ കാരണമുള്ളപ്പോൾ, കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഏതെങ്കിലും ഒരു ജനവിഭാഗവുമായി സന്ധി അവസാനിപ്പിച്ച് യുദ്ധം പ്രഖ്യാപിക്കേണ്ട സാഹചര്യമുണ്ടായാൽ അപ്പോൾ പാലിക്കേണ്ട നിയമമാണ് മേൽ ഹദീസിൽ പറഞ്ഞിരിക്കുന്നത്. യുദ്ധമുഖത്ത് വെച്ച് ശത്രു സൈന്യത്തിൽ പെട്ട പടയാളികൾ തന്നെ സത്യസാക്ഷ്യം പ്രഖ്യാപിക്കാൻ സന്നദ്ധമായാൽ മറ്റുള്ള ആപൽ സാധ്യതകൾ വിട്ട് അവരെ ഇരുകയ്യും നീട്ടി സ്വീകരിച്ചേ പറ്റൂ. അവർക്കെതിരിൽ യുദ്ധം തുടരാനോ ശത്രുതാപരമായ നടപടികൾ കൈകൊള്ളാനോ പാടില്ല. തുടർന്ന് അവർ സത്യസാക്ഷ്യത്തിന്റെ വചനത്തോട് നീതി പുലർത്തണം. സത്യസാക്ഷ്യത്തിനു നൽകേണ്ട പ്രാഥമികമായ അവകാശമാണ് അഞ്ചു നേരത്തെ നിർബന്ധ നമസ്കാരവും സകാത്തും; അത് നിലനിർത്തണം. അതാണ് മേൽ ഹദീസിൽ വിശദീകരിക്കുന്നത്.

അബൂ ബക്ർ ﷺ ഖലീഫഃയായി അധികാരം ഏറ്റെടുത്തപ്പോൾ സകാത് നിഷേധിച്ച അറബ് ഗോത്രങ്ങളോട് അദ്ദേഹം യുദ്ധം പ്രഖ്യാപിച്ചു. അവർ ശഹാദത്ത് ചൊല്ലിയവരല്ലേ, മേൽ ഹദീസ് പ്രകാരം അവരോട് യുദ്ധം നടത്താൻ അനുവാദമില്ലല്ലോ. ഇതായിരുന്നു ഉമർ ﷺ ഉന്നയിച്ച സംശയം. അതിനാണ് അബൂ ബക്ർ ﷺ മറുപടി പറഞ്ഞത്. സത്യസാക്ഷ്യം പ്രഖ്യാപിച്ചവർ ആ വചനത്തോട് നീതി പുലർത്തണം. അതിനുള്ള അവകാശം വകവെച്ചു കൊടുക്കണം. അതിൽ പെട്ടതാണ് അഞ്ചുനേരത്തെ നിർബന്ധ നമസ്കാരവും സകാത്തും. ആ സകാത് നിഷേധിച്ചവരോട്, ഒരു കെട്ടുകയറിന്റെ പേരിൽ പോലും ഞാൻ യുദ്ധം ചെയ്യുമെന്ന നിശ്ചയദാർഢ്യമാണ് അദ്ദേഹം പ്രകടിപ്പിച്ചത്.

സകാത് സ്വത്തിനെയും അതിന്റ ഉടമയെയും ഒരു പോലെ ശുദ്ധീകരിക്കുന്നു. അത് സ്വത്തിൽ ബറകത് ലഭിക്കാൻ കാരണമായിത്തീരുന്നു. തദ്വാരാ ആ സ്വത്ത് വികസിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. കൂടാതെ, സകാത് നൽകുന്ന വ്യക്തിക്ക് അത് മൂലം അളവറ്റ നന്മയും സമാധാനവും ഐശ്വര്യവും ഉണ്ടാകുന്നു. അല്ലാഹു പറയുന്നു:

﴿خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَاتَكَ سَكَنٌ لَّهُمْ ۗ وَاللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾﴾ (التوبة)

«അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ദാനം അവരുടെ സ്വത്തുക്കളിൽ നിന്ന് നീ വാങ്ങുക, അവർക്കു വേണ്ടി നീ പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർത്ഥന അവർക്കൊരു സമാധാനമാണ്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.» (അത്തൗബഃ, 9:103)

മേൽ സൂക്തത്തിൽ പറഞ്ഞ ശുദ്ധീകരണത്തിനും സംസ്കരണത്തിനും ബഹുമുഖമായ മാനങ്ങളുണ്ട്. വിശ്വാസരാഹിത്യം, മാർഗ്ഗഭ്രംശങ്ങൾ (ഉദാ: ശിർക്ക്, കുഫ്ർ, നിഫാഖ്) നൈതിക-ധാർമ്മികച്യുതികൾ

(ഉദാ: ആർത്തി, ധൂർത്ത്, പിശുക്ക്, സങ്കുചിതത്വം) പോലുള്ള തിന്മകളിൽ നിന്നുള്ള ശുദ്ധീകരണമാണ് അതിൽ പ്രമുഖം. സകാത് നൽകുന്ന വ്യക്തി അത്തരം തിന്മകളിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നു. അതുപോലെ, സകാത് നൽകാത്ത ധനം ശുദ്ധമായിരിക്കില്ല. പാവപ്പെട്ടവരുടെ അവകാശം അന്യായമായി തടഞ്ഞുവെക്കുകയും അത് തന്റെ വിഹിതവുമായി കൂട്ടിക്കലർത്തുകയും ചെയ്യുന്നിടത്തോളം കാലം അത് അശുദ്ധമായിത്തന്നെ തുടരും. സകാത് നൽകുന്നതോടെ അത് ശുദ്ധീകരിക്കപ്പെടും. അതിൽ അല്ലാഹുവിന്റെ ബറകത് (സമൃദ്ധവും വ്യാപകവും നിലക്കാത്തതുമായ ക്ഷേമൈശ്വര്യങ്ങൾ) വർഷിക്കും. ആ ധനം ഉൽകൃഷ്ടമായിത്തീരുകയും വികസിക്കുകയും ചെയ്യും.

ചുരുക്കത്തിൽ, സകാത് പാവങ്ങളുടെ അവകാശമാണ്. അത് ആരുടെയും സ്വത്ത് കുറക്കുന്നില്ല. മറിച്ച്, അതിനെ ശുദ്ധീകരിക്കുകയാണ് ചെയ്യുന്നത്. അത് മൂലം അതിൽ ബറകത് ഉണ്ടാവുകയും അതിനു വികാസവും സമൃദ്ധിയും കൈവരികയും ചെയ്യുന്നു. അതോടൊപ്പം സമ്പത്തിന്റെ ഉടമയെ അത് വിമലീകരിക്കുകയും സമാധാനവും ഐശ്വര്യവും ലഭിക്കാൻ കാരണമായിത്തീരുകയും ചെയ്യുന്നു. ഇതാണ് സകാത് എന്ന ശബ്ദവുമായി ബന്ധപ്പെട്ട് പ്രമാണരേഖകളിൽ നിന്ന് ലഭിക്കുന്ന അടിസ്ഥാന ധാരണ.

# 5

## സകാത്തിന്റെ സ്ഥാനം

### ഇസ്‌ലാമിക ശരീഅത്തിൽ

അല്ലാഹു മാത്രമാണ് ന്യായമായും ആരാധിക്കപ്പെടേണ്ടവനെന്നും, മുഹമ്മദ് ﷺ അല്ലാഹു നിയോഗിച്ച അന്തിമ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യം (لَا إِلَهَ إِلَّا اللهُ مُحَمَّدٌ رَسُولُ اللهِ) തികഞ്ഞ ബോധ്യത്തോടെ പ്രഖ്യാപിക്കുന്നതിലൂടെയാണ് ഒരാൾ ഇസ്‌ലാം ആശ്ലേഷിച്ച് മുസ്‌ലിമായിത്തീരുന്നത്. ആ വ്യക്തി ദിനംപ്രതി രാപ്പകലുകളിലായി അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം നിർവ്വഹിക്കുകയും, തന്റെ ധനത്തിൽനിന്ന് നിർദ്ദിഷ്ട സകാത് നൽകുകയും ചെയ്യുന്ന പക്ഷം അയാളോട് മുൻകാല ചെയ്തികൾ മുൻനിർത്തിയുള്ള ശത്രുതയോ പ്രതികാര നടപടികളോ തുടരാൻ പാടില്ല. മറിച്ച്, മറ്റു മുസ്‌ലിംകളെല്ലാം മതത്തിന്റെ പേരിൽ അദ്ദേഹത്തോട് കലവറയില്ലാത്ത സാഹോദര്യം പങ്കുവെക്കേണ്ടതാണ്. നമസ്കാരവും സകാത്തും നിർവ്വഹിക്കുന്നതോടു കൂടി അദ്ദേഹം ഇസ്‌ലാമിക സമൂഹത്തിലെ മുഴുവൻ അവകാശങ്ങളും ബാധ്യതകളുമുള്ള ഒരു പൂർണ്ണ അംഗമായിത്തീരുന്നു. ഈ വിഷയം നടേ വിശദീകരിച്ചിട്ടുള്ളതാണ്.

അല്ലാഹു അവതരിപ്പിച്ച ദീനിന് മൂന്നു തലങ്ങളാണുള്ളത്.

ഇസ്‌ലാം പ്രാഥമികവും, ഈമാൻ ദ്വിതീയവും, ഇഹ്സാൻ തൃതീയവുമായ തലങ്ങളായിട്ടാണ് പ്രമാണങ്ങളിൽ വിവരിച്ചിരിക്കുന്നത്. ദീനിന്റെ പ്രാഥമിക തലമായ ഇസ്‌ലാം അഞ്ചു സ്തംഭങ്ങളിലാണ് പടുത്തുയർത്തിയിരിക്കുന്നത്. അതിൽ മൂന്നാമത്തേതാണ് സകാത്. ആത്മീയവും ആരാധനാപരവുമായ മാനങ്ങൾക്കു പുറമെ, അതിനു സാമൂഹികവും സാമ്പത്തികവുമായ ധർമ്മങ്ങളുമുണ്ട്. നബി ﷺ പറയുന്നത് കാണുക:

عن عبد الله بن عمر بن الخطاب رضي الله عنهما قال: سمعت رسول الله ﷺ يقول: « بُنِيَ الإسلامُ على خمسٍ: شهادة أن لا إله إلا الله، وأن محمدا عبده ورسوله، وإقام الصلاة، وإيتاء الزكاة، وحج البيت، وصوم رمضان » (رواه البخاري ومسلم في صحيحيهما)

ഇബ്നു ഉമർ رضي الله عنهما നിവേദനം: നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: «ഇസ്‌ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അഞ്ചു കാര്യങ്ങളിലാണ്: ന്യായമായും ആരാധിക്കപ്പെടാൻ അർഹനായിട്ടുള്ളവൻ അല്ലാഹു മാത്രമാണെന്നും, മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും സാക്ഷ്യപ്പെടുത്തുക, അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം യഥാവിധി നിലനിർത്തുക, സകാത് നൽകുക, വിശുദ്ധ ഗേഹത്തിൽ പോയി ഹജ്ജ് നിർവ്വഹിക്കുക, റമളാനിൽ വ്രതമനുഷ്ഠിക്കുക എന്നിവയത്രെ അവ.» (ഇമാം ബുഖാരി, സഹീഹുൽ ബുഖാരി; ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

സകാതിനെ കുറിച്ചുള്ള പരാമർശം ഖുർആനിലും ഹദീസിലും വന്നിരിക്കുന്നത് മിക്കവാറും നമസ്കാരത്തിന്റെ കൂടെയാണെന്നത് അതിന്റെ പ്രാധാന്യത്തിന് അടിവരയിടുന്നു. കൂടാതെ, സകാത് നൽകുക എന്നതിനെ വിശ്വാസത്തിന്റെ പ്രതിഫലനമായിട്ടാണ് കാണേണ്ടത്. എന്നല്ല, നാം ഓർമ്മ വെക്കേണ്ട പ്രസക്തമായൊരു കാര്യം, വിശ്വാസം (ഈമാൻ) എന്നതിന്റെ നിർവ്വചന പരിധിയിൽ മൂന്നു

കാര്യങ്ങൾ ഉൾപ്പെടുന്നു എന്നതാണ്. ഹൃദയത്തിന്റെ ബോധ്യം, നാവ് കൊണ്ടുള്ള പ്രഖ്യാപനം, അതിനനന്തരൂപമായി ശരീരാവയവങ്ങൾ കൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവയത്രെ അവ. അത് തെളിയിക്കുന്നത്, നിർബന്ധമായ നമസ്കാരങ്ങളും സകാതും നിർവ്വഹിക്കാത്ത ഒരാളുടെയും ഈമാൻ, താൻ വിശ്വാസിയാണെന്ന് പറഞ്ഞതുകൊണ്ട് മാത്രം നിലനിൽക്കില്ലെന്നാണ്. അങ്ങനെയെങ്കിൽ അയാൾക്ക് മുസ്ലിം എന്ന നാമമോ പദവിയോ ലഭിക്കുകയില്ല. അനുബന്ധമായ പരിരക്ഷകളോ ആനുകൂല്യങ്ങളോ നൽകപ്പെടുകയുമില്ല. പരലോകത്ത് വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലങ്ങൾക്ക് അയാൾ അർഹനായിരിക്കുന്നതുമല്ല. സകാത് നൽകാൻ വിസമ്മതിച്ച അറബ് ഗോത്രങ്ങളുടെ കാര്യത്തിൽ ഒന്നാം ഖലീഫഃ അബൂ ബക്ർ ﵁ കൈകൊണ്ട നിലപാടും നടപടിയും മുൻ അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٧٧﴾﴾ (البقرة)

«വിശ്വസിക്കുകയും, സുകൃതങ്ങൾ അനുഷ്ഠിക്കുകയും, നമസ്കാരം യഥാവിധി നിലനിർത്തുകയും, സകാത് കൊടുക്കുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം അവരുടെ റബ്ബിങ്കലുണ്ടായിരിക്കും. അവർക്കൊന്നും ഭയപ്പെടാനില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല.» (അൽ ബഖറഃ, 2:277)

വിശ്വാസത്തിന്റെ ഭാഗമാണ് സുകൃതങ്ങൾ. സുകൃതങ്ങളിൽ ഏറ്റവും മഹത്തരമായ കർമ്മങ്ങളാണ് നമസ്കാരവും സകാത്തും. കർമ്മങ്ങളിൽ വിശ്വാസം പ്രതിഫലിക്കുന്നു. വിശ്വാസമില്ലാത്തവന് നമസ്കാരവും സകാത്തും നിലനിർത്താനാവില്ല. അവ യഥാവിധി നിറവേറ്റാത്തവൻ വിശ്വാസിയാവുകയുമില്ല. ഇതാണ് യാഥാർത്ഥ്യം. അതു കൊണ്ടാണ് നബി ﷺ പറയുന്നത്:

عن أبي مالك الأشعري ﷺ قال، قال رسول الله ﷺ: « الصلاة نور، والصدقة برهان..» (أخرجه مسلم في صحيحه)

**അബൂ മാലിക് അൽ അശ്അരി ﷺ നിവേദനം: നബി ﷺ പറയുന്നു: «നമസ്കാരം വെളിച്ചമാണ്. സകാത് തെളിവാണ്.» (ഇമാം മുസ്‌ലിം സ്വഹീഹു മുസ്‌ലിം)**

നമസ്കാരത്തെ വെളിച്ചമായും സകാത്തിനെ തെളിവായുമാണ് മേൽ ഹദീസിൽ വിശദീകരിച്ചിരിക്കുന്നത്. അഥവാ, സകാത് നൽകുക എന്നത് ഒരാൾ വിശ്വാസിയാണെന്നതിനുള്ള രേഖയാണ്. അവിശ്വാസിയായ ഒരാൾക്ക് മറ്റു ദാനധർമ്മങ്ങൾ നൽകാനാവും. എന്നാൽ നിബന്ധനകളും മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് യഥാവിധി സകാത് നൽകാനാവില്ല. അതിനു വിശ്വാസം തന്നെ വേണം.

സകാത്തിനെ കേവലം ഒരു ദാനമായി കാണാനാവില്ല. സാമ്പത്തിക ശേഷിയുള്ള എല്ലാ മുസ്‌ലിംകളുടെയും കടമയാണത്. പാവങ്ങൾ യാചിച്ചു വാങ്ങേണ്ട സമ്പന്നരുടെ ഔദാര്യമല്ലത്. സമ്പന്നർ അവരുടെ കൈവശമുള്ള ധനത്തിൽ നിന്ന് പാവങ്ങൾക്ക് വിട്ടൊഴിഞ്ഞ് കൊടുക്കേണ്ട നിയമപരമായ അവകാശ വിഹിതമാണത്. ഇക്കാര്യം നടേ വിശദമാക്കപ്പെട്ടു കഴിഞ്ഞതാണ്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ധനസമ്പാദനത്തെക്കാൾ പ്രധാനം സമ്പാദ്യത്തിന്റെ ശുദ്ധിയും വികസനവുമാണ്. എങ്കിൽ സമ്പത്തിനെ ശുദ്ധീകരിക്കാൻ, സംസ്കരിക്കാൻ, അതിൽ അല്ലാഹുവിന്റെ ബറകതും അനുഗ്രഹവും വർഷിക്കാൻ, അതിനു അഭിവൃദ്ധിയും ഐശ്വര്യവും കൈവരാൻ സകാതും സ്വദഖഃയും നൽകുന്നതിനെക്കാൾ ഫലപ്രദമായ മറ്റൊരു മാർഗമില്ല. അതേ പോലെ, സമ്പന്നരുടെ ആത്മശുദ്ധീകരണത്തിന്, സംസ്കൃതിക്ക്, പാപവിമുക്തിക്ക്, പരീക്ഷണങ്ങൾ തടുക്കുന്നതിന്, സകാത്തിനെക്കാൾ ഉപയുക്തമായ മറ്റൊരു ധർമ്മപ്രവൃത്തിയുമില്ല. ഒരാൾ തനിക്കു വേണ്ടി, തന്റെ ഐഹികവും പാരത്രികവുമായ നന്മക്കു വേണ്ടി മുൻകൂട്ടി ചെയ്തുവെക്കുന്നതിൽ

ഏറ്റവും മഹത്തരമായ കാര്യമാണ് നമസ്കാരവും സകാതും. അല്ലാഹു പറയുന്നു:

﴿وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ ۚ وَمَا تُقَدِّمُوا لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ اللَّهِ ۗ إِنَّ اللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿١١٠﴾﴾ (البقرة)

«നിങ്ങൾ യാഥാവിധി നമസ്കാരം നിലനിർത്തുക, സകാത് നൽകുക. നിങ്ങൾക്കു വേണ്ടി യാതൊരു നന്മ മുൻകൂട്ടി ചെയ്താലും അതിന്റെ ഫലം അല്ലാഹുവിങ്കൽ നിങ്ങൾ കണ്ടെത്തുന്നതാണ്. നിശ്ചയമായും നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കാണുന്നവനാകുന്നു.» (അൽ ബഖറഃ, 2:110)

മേൽ സൂക്തം വ്യാഖ്യാനിച്ചു കൊണ്ട് ഇബ്ന കഥീർ ﵀ പറയുന്നത് കാണുക:

"يحث تعالى على الاشتغال بما ينفعهم وتعود عليهم عاقبته يوم القيامة ، من إقام الصلاة وإيتاء الزكاة ، حتى يمكن لهم الله النصر في الحياة الدنيا ويوم يقوم الأشهاد" (ابن كثير في تفسير القرآن العظيم)

"അല്ലാഹു പ്രേരിപ്പിക്കുന്നത്, നമസ്കാരം യഥാവിധി നിലനിർത്തുക, സകാത് നൽകുക പോലെ തങ്ങൾക്ക് ഉപകാരപ്രദമായതും, അന്ത്യ നാളിൽ നല്ല പര്യവാസനം ഉളവാക്കുന്നതുമായ കാര്യങ്ങളിൽ മുഴുകാനാണ്. അല്ലാഹു അതിലൂടെ അവർക്ക് ലൗകിക ജീവിതത്തിലും, സാക്ഷികളെ ഹാജരാക്കുന്ന അന്ത്യനാളിലും വിജയം ഉണ്ടാക്കിക്കൊടുക്കും." (ഇബ്ന കഥീർ, തഫ്സീറുൽ ഖുർആൻ)

അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും അവനെ കുറിച്ചുള്ള ഭയപ്പാടിന്റെയും അവനിലുള്ള പ്രതീക്ഷയുടെയും അടിസ്ഥാനത്തിൽ, സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സഹായിക്കാനും അവരുടെ ക്ഷേമം ഉറപ്പാക്കാനും വേണ്ടി ഏതൊരാൾ സകാത്തും

സ്വദഖഃയും ചെലവഴിക്കുന്നുവോ അത് തന്റെ ധനത്തിൽ അഭിവൃദ്ധി വരുത്തുകയല്ലാതെ, ലോപം വരുത്തുന്ന പ്രശ്നമില്ല. അല്ലാഹു പറയുന്നു:

﴿وَمَا آتَيْتُم مِّن زَكَاةٍ تُرِيدُونَ وَجْهَ اللَّهِ فَأُولَٰئِكَ هُمُ الْمُضْعِفُونَ ﴿٣٩﴾﴾ (الروم)

«അല്ലാഹുവിന്റെ മുഖം ലക്ഷ്യമാക്കി നിങ്ങൾ നൽകുന്ന യാതൊരു സകാത്തും! അങ്ങനെയുള്ളവർ, അവരത്രെ സമ്പാദ്യം ഇരട്ടിപ്പിക്കുന്നവർ.» (അൽ റൂം, 30:39)

സകാത് നൽകുന്നത് ശരിയായ രീതിയിലാണെങ്കിൽ അത് ആ ധനത്തിൽ ഒരു കുറവും വരുത്തില്ല. സകാത് സംബന്ധമായ വിധിവിലക്കുകൾ പരിശോധിക്കുമ്പോൾ വികസിക്കുന്നതോ വികസനക്ഷമമോ ആയ ധനത്തിനാണ് അല്ലാഹു സകാത് നിയമമാക്കിയിട്ടുള്ളതെന്ന് കാണാൻ സാധിക്കും. സകാത് ധനത്തിന്റെ ജഢത്വം തടുക്കുകയും ചലനാത്മകത സാധ്യമാക്കുകയുമാണ് ചെയ്യുന്നത്. തദ്വാരാ സ്വത്തിന്റെ വർദ്ധനവിന് അത് കാരണമായിത്തീരുകയും ചെയ്യും. നബി ﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ، عَنِ رسول الله ﷺ قال: « ما نقصت صدقة من مال، وما زاد الله عبدا بعفو إلا عزا، وما تواضع أحد لله إلا رفعه الله » (أخرجه مسلم في صحيحه)

അബൂ ഹുറയ്റഃ ؓ നിവേദനം: നബി ﷺ പറയുന്നു: «ഒരു ദാനവും ധനം കുറച്ച് കളയില്ല. മാപ്പ് ചെയ്യുന്നതിലൂടെ ഒരടിമക്കും അല്ലാഹു പ്രതാപമല്ലാതെ വർദ്ധിപ്പിക്കുകയില്ല. അല്ലാഹുവിന് വേണ്ടി ആർ താഴ്മ കാണിച്ചാലും അവനെ അല്ലാഹു ഉയർത്താതിരിക്കില്ല.» (ഇമാം മുസ്ലിം, സ്വഹീഹു മുസ്ലിം)

സകാത് എങ്ങനെയാണ് സ്വത്തിൽ അഭിവൃദ്ധിയും ഐശ്വര്യവും കൊണ്ടുവരിക? നബി ﷺ അത് മനോഹരമായി തന്നെ വിശദീകരിച്ചു തന്നിട്ടുണ്ട്. ഒരാളുടെ നല്ല സമ്പാദ്യത്തിൽനിന്ന് സകാത്തോ സ്വദഖഃയോ നൽകുമ്പോൾ അല്ലാഹു അത് ഏറ്റെടുക്കുന്നു. എന്നിട്ട്, അവൻ

അതിൽ അഭിവൃദ്ധിയും അനുഗ്രഹവും ചൊരിയുന്നു. അവൻ അത് പരിപാലിക്കുകയും വളർത്തി വലുതാക്കുകയും ചെയ്യുന്നു. താഴെ കൊടുക്കുന്ന നബിവചനം ഒന്ന് മനസ്സിരുത്തി വായിച്ച് നോക്കൂ:

عَنْ أَبِي هُرَيْرَةَ قَالَ، قَالَ رَسُولُ اللهِ ﷺ: « مَنْ تَصَدَّقَ بِعَدْلِ تَمْرَةٍ مِنْ كَسْبٍ طَيِّبٍ، وَلَا يَقْبَلُ اللهُ إِلَّا الطَّيِّبَ، وَإِنَّ اللَّهَ يَتَقَبَّلُهَا بِيَمِينِهِ، ثُمَّ يُرَبِّيهَا لصاحبها، كَمَا يُرَبِّي أَحَدُكُمْ فَلُوَّهُ، حَتَّى تَكُونَ مِثْلَ الْجَبَلِ » (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ പറയുന്നു: «ഒരാൾ വിശിഷ്ടമായ സമ്പാദ്യത്തിൽ നിന്ന് – എന്തെന്നാൽ വിശിഷ്ടമായതല്ലാതെ അല്ലാഹു സ്വീകരിക്കില്ല – ഒരു കാരക്കയ്ക്ക് തുല്യമായതെങ്കിലും ദാനം ചെയ്താൽ അല്ലാഹു അത് തന്റെ വലതു കൈ കൊണ്ട് സ്വീകരിക്കുന്നു. എന്നിട്ട് നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ വളർത്തുന്ന പോലെ, അവൻ ആ സ്വത്ത് അതിന്റെ ഉടമക്കു വേണ്ടി വളർത്തി വലുതാക്കുന്നു. അങ്ങനെ അത് ഒരു പർവ്വതം പോലെ വലുതായിത്തീരുന്നു.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ധനം സമൂഹത്തിൽ സുഗമമായി ഒഴുകി നടക്കുകയും വ്യാപിക്കുകയും വേണം. പരിമിതമായ വ്യക്തികളിലോ വിഭാഗങ്ങളിലോ അത് കെട്ടിക്കിടക്കരുത്. അപ്പോൾ മാത്രമേ സമ്പദ്ഘടനക്ക് ഉത്തേജനവും അഭിവൃദ്ധിയും കൈവരികയുള്ളു. സമ്പത്തുമായി ബന്ധപ്പെട്ട ഇസ്ലാമിന്റെ ചില വിധിവിലക്കുകൾ ഇത്തരം ചില കാര്യങ്ങൾ കൂടി ലക്ഷ്യം വെക്കുന്നതായി കാണാം.

ചില ഉദാഹരണങ്ങൾ പരിശോധിക്കുമ്പോൾ കാര്യം കൂടുതൽ വ്യക്തമാകും. ഏതെങ്കിലും ശത്രുരാജ്യവുമായോ ജനതയുമായോ ഇസ്ലാമിക മാനദണ്ഡങ്ങൾ പാലിച്ച് യുദ്ധം നടത്തേണ്ടി വന്നാൽ അതിലൂടെ കൈവരുന്ന സമ്പത്തിന് യുദ്ധാർജ്ജിത സ്വത്ത് (غَنِيمَةٌ) എന്ന് പറയുന്നു. അതിന്റെ പുനർവിതരണം സംബന്ധിച്ച് അല്ലാഹു പറയുന്നത് നോക്കൂ:

﴿وَاعْلَمُوا أَنَّمَا غَنِمْتُم مِّن شَيْءٍ فَأَنَّ لِلَّهِ خُمُسَهُ وَلِلرَّسُولِ وَلِذِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينِ وَابْنِ السَّبِيلِ إِن كُنتُمْ آمَنتُم بِاللَّهِ وَمَا أَنزَلْنَا عَلَىٰ عَبْدِنَا يَوْمَ الْفُرْقَانِ يَوْمَ الْتَقَى الْجَمْعَانِ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٦٣﴾﴾ (الأنفال)

«അറിയുക! നിങ്ങൾ നേടിയ യുദ്ധാർജ്ജിത സ്വത്തിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും റസൂലിനും, അവിടുത്തെ അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും പാവപ്പെട്ടവർക്കും വഴിയിൽ പെട്ടുപോയവർക്കു മുള്ളതാണ് –അല്ലാഹുവിലും സത്യാസത്യവിവേചന ദിവസം, ആ രണ്ടു സംഘങ്ങൾ ഏറ്റുമുട്ടിയ ദിനം നമ്മുടെ അടിയനു നാം അവതരി പ്പിച്ചതിലും നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ. അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു.» (അൽ അൻഫാൽ, 8:63)

ശത്രുരാജ്യവുമായോ സമൂഹവുമായോ നടക്കുന്ന പോരാട്ടത്തിൽ യുദ്ധം നടക്കാതെ, അവർ വിട്ടേച്ചു പോകുന്നതോ, സന്ധിയിലൂടെ യോ ഒത്തുതീർപ്പിലൂടെയോ നേടുന്നതോ ആയ ധനത്തിന് അറബി യിൽ യുദ്ധ രഹിത സമ്പത്ത് (فَيْءٌ) എന്നാണ് പറയുന്നത്. അതിന്റെ പുനർവിതരണത്തെ കുറിച്ച് അല്ലാഹു നൽകുന്ന വിശദീകരണവും, അതിനോടനുബന്ധിച്ച് നടത്തുന്ന അർത്ഥവത്തായ ഒരു നിരീക്ഷണ വുമുണ്ട്. അതു കൂടി ശ്രദ്ധിക്കുക:

﴿مَّا أَفَاءَ اللَّهُ عَلَىٰ رَسُولِهِ مِنْ أَهْلِ الْقُرَىٰ فَلِلَّهِ وَلِلرَّسُولِ وَلِذِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينِ وَابْنِ السَّبِيلِ كَيْ لَا يَكُونَ دُولَةً بَيْنَ الْأَغْنِيَاءِ مِنكُمْ ۚ وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ ﴿٧﴾﴾ (الحشر)

«അല്ലാഹു അവന്റെ റസൂലിന് വിവിധ പട്ടണക്കാരിൽനിന്ന് ചൊരി ഞ്ഞു കൊടുത്ത യുദ്ധരഹിത സമ്പത്ത് (فَيْءٌ) അല്ലാഹുവിനും റസൂ ലിനും, അവിടുത്തെ അടുത്ത കുടുംബങ്ങൾക്കും അനാഥകൾക്കും

അഗതികൾക്കും വഴിയിൽ പെട്ടുപോയവർക്കുമുള്ളതാണ്. സമ്പത്ത് നിങ്ങളിലെ ധനാഢ്യർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണത്. നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. അവിടുന്ന് നിങ്ങളെ യാതൊന്നിൽനിന്ന് വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.» (അൽ ഹശ്ർ, 59:7)

സാമ്പത്തിക കാര്യങ്ങളിൽ ഖുർആൻ മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാടുകൾക്ക് എത്രത്തോളം ആഴവും പരപ്പുമുണ്ടെന്നും, അവ എത്രത്തോളം പുരോഗമനപരമാണെന്നും മേൽ സൂക്തം സുതരാം വ്യക്തമാക്കുന്നു. യുദ്ധാർജ്ജിതസ്വത്തും യുദ്ധരഹിത സമ്പത്തും സമൂഹത്തിന്റെ താഴേ തട്ടിലേക്ക് കൂടി ഒഴുകേണ്ടതുണ്ട്. അതിന വേണ്ടി കൂടിയാണ് അവയുടെ പുനർവിതരണം സംബന്ധിച്ച് ഇത്തരം വിധിവിലക്കുകൾ അവതരിപ്പിച്ചിരിക്കുന്നത്. അതേ പോലെ തന്നെയാണ് സകാത്തിന്റെ കാര്യവും. നിർണ്ണിതമായ അവശവിഭാഗങ്ങളുടെ നിയമപരമായ അവകാശ വിഹിതമായ സകാത് അവരിൽ തന്നെ പുനർവിതരണം ചെയ്യപ്പെടേണ്ടതുണ്ട്. അങ്ങനെ സമ്പത്തിന്റെ ജഢാവസ്ഥയെയും നിശ്ചലതയെയും തടയാൻ മറ്റു ഘടകങ്ങൾ പോലെ സകാതും ഫലപ്രദമായ ഒരു കാരണമായി വർത്തിക്കുന്നു. സൂക്ഷ്മദൃക്കുകൾക്ക് ഇക്കാര്യം അനായാസം മനസ്സിലാക്കിയെടുക്കാവുന്നതേയുള്ളു.

സമ്പത്തിന്റെ ഈ പുനർവിതരണം സമ്പദ്ഘടനയിൽ ഗുണപരമായ മാറ്റങ്ങൾ ഉളവാക്കുന്നു. സമ്പത്ത് ക്രയവിക്രയങ്ങളിലൂടെയും മറ്റും സമൂഹത്തിൽ വ്യപിക്കേണ്ടത് അനിവാര്യമാണ്. അത് സമൂഹത്തിലെ ചെറിയൊരു വിഭാഗത്തിന്റെ കൈകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നത് സാമ്പത്തിക മാന്ദ്യത്തിന് കാരണമായിത്തീരും. ഇത്തരം പ്രശ്നങ്ങൾ ഇസ്‌ലാം പല വിധത്തിൽ അഭിസംബോധന ചെയ്യുകയാണ്. സമ്പന്നരുടെ കൈവശമുള്ള സമ്പത്തിൽ നിന്ന് ഒരു വിഹിതം

അവശവിഭാഗങ്ങൾക്ക് നൽകുമ്പോൾ, അത് സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളിലേക്ക് എത്തുകയും സാമ്പത്തിക ചലനം ഉണ്ടാകുകയും സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. സകാത്തിന്റെ അവകാശികളെ അല്ലാഹു തന്നെയാണ് നിർണ്ണയിച്ചു തന്നിരിക്കുന്നത്. മുസ്‌ലിംകളിൽപെട്ട ആ നിർണ്ണിത വിഭാഗങ്ങളിൽ തന്നെ സകാത് വിതരണം ചെയ്യപ്പെടണം എന്നത് ശർഇന്റെ അനുശാസനയാണ്. ഈ ക്രമീകരണം, സൂക്ഷ്മമായ വിശകലനത്തിൽ, വ്യക്തിപരമായ ധനശേഷിയും സാമൂഹികമായ ആവശ്യകതയും തമ്മിലുള്ള സന്തുലിതത്വത്തെ പരിപാലിക്കുക കൂടി ചെയ്യുന്നു.

കൂടാതെ, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിഭജനം കുറച്ചു കൊണ്ടുവരാനും, ക്രിയാത്മകമായ സാമൂഹ്യ സഹവർത്തിത്വം വളർത്തിയെടുക്കാനും സാമൂഹിക ഐക്യം ശക്തിപ്പെടുത്താനും സകാത് സഹായകമായി വർത്തിക്കുന്നു.

മേൽ സൂചിപ്പിച്ച കാര്യങ്ങൾ സകാത്തിന്റെ ചില സദ്ഫലങ്ങളായി നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, അവയെ ലക്ഷ്യമാക്കിയല്ല ഒരു വിശ്വാസി സകാത് നൽകേണ്ടത്. മറിച്ച് അല്ലാഹു തന്നെ അവന്റെ ഗ്രന്ഥത്തിൽ വ്യക്തമാക്കിയതു പോലെ, അവന്റെ മുഖത്തെ ലക്ഷ്യമാക്കിയായിരിക്കണം എന്നത് പ്രത്യേകം ഉണർത്തുകയാണ്.

# 6

## സകാത്തിന്റെ

## മികവുകളും ശ്രേഷ്ഠതകളും

അല്ലാഹു അനുശാസിച്ചിരിക്കുന്ന സകാത് ഇസ്‌ലാമിന്റെ ഒരു തൂണാണ്, നമസ്കാരത്തിന്റെ ഉടപ്പിറപ്പാണ്, മഹത്തായ ആരാധനയാണ്, പവിത്രമായ മതചിഹ്നമാണ്, വിശ്വാസത്തിനുള്ള തെളിവാണ്, മുസ്‌ലിം ധനാഢ്യർ നിർബന്ധമായും കൊടുത്തു തീർക്കേണ്ട കടമയാണ്. അതിന്റെ വിശ്വാസപരവും നൈതികവുമായ മാനങ്ങൾ അധഃകരിക്കുകയും, സാമ്പത്തികവും സാമൂഹികവുമായ ധർമ്മങ്ങൾ പെരുപ്പിച്ച് കാണിക്കുകയും ചെയ്യുന്നത് വിഷയത്തെ കുറിച്ച് വികലമായ ധാരണ സൃഷ്ടിക്കാനേ ഉതകൂ.

മുകളിൽ കൊടുത്ത വിവരണത്തിലെ ഓരോ പ്രസ്താവനയെയും സാക്ഷീകരിക്കുകയും അടിവരയിടുകയും ചെയ്യുന്നതാണ് നബി ﷺ മുആദിന് (رضي الله عنه) നൽകിയ നിർദ്ദേശം. ഗ്രന്ഥാവകാശികളായ ക്രൈസ്തവർ ധാരാളമുള്ള യമനിലേക്ക് അദ്ദേഹത്തെ നിയോഗിക്കുമ്പോഴാണ് അവിടുന്ന് അക്കാര്യം പറയുന്നത്. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുമ്പോൾ ആദ്യം എന്തു പറയണം, പ്രബോധന വിഷയങ്ങളിൽ പാലിക്കേണ്ട മുൻഗണനാക്രമം ഏത്, സകാത്തിനെ ഏത് വീക്ഷണകോ

ണിലൂടെയാണ് നോക്കിക്കാണേണ്ടത്, തുടങ്ങിയ കാര്യങ്ങളെല്ലാം അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൂക്ഷ്മദൃക്കുകൾക്കത് കൃത്യമായി തന്നെ വായിച്ചെടുക്കാവുന്നതാണ്. ഹദീസിന്റെ മൂലവാക്യങ്ങൾ താഴെ കൊടുക്കാം:

عَنْ ابْنِ عَبَّاسٍ ﵄ أَنَّ رَسُولَ اللهِ ﷺ لَمَّا بَعَثَ مُعَاذًا عَلَى الْيَمَنِ، قَالَ: « إِنَّكَ تَقْدَمُ عَلَى قَوْمٍ أَهْلِ كِتَابٍ، فَلْيَكُنْ أَوَّلَ مَا تَدْعُوهُمْ إِلَيْهِ عِبَادَةُ اللهِ، فَإِذَا عَرَفُوا اللهَ، فَأَخْبِرْهُمْ: أَنَّ اللهَ قَدْ فَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي يَوْمِهِمْ وَلَيْلَتِهِمْ، فَإِذَا فَعَلُوا، فَأَخْبِرْهُمْ أَنَّ اللهَ فَرَضَ عَلَيْهِمْ زَكَاةً مِنْ أَمْوَالِهِمْ، وَتُرَدُّ عَلَى فُقَرَائِهِمْ، فَإِذَا أَطَاعُوا بِهَا، فَخُذْ مِنْهُمْ، وَتَوَقَّ كَرَائِمَ أَمْوَالِ النَّاسِ » (أخرجه البخاري في صحيحه)

ഇബ്നു അബ്ബാസ് ﵄ നിവേദനം: നബി ﷺ മുആദിനെ ﵁ യമനിലേക്ക് നിയോഗിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: «ഗ്രന്ഥാവകാശികളിൽപെട്ട ഒരു ജനതയുടെ അടുത്തേക്കാണ് താങ്കൾക്ക് കടന്നു ചെല്ലാനുള്ളത്. അതിനാൽ താങ്കൾ അവരെ ആദ്യമായി ക്ഷണിക്കേണ്ടത് അല്ലാഹുവിന്റെ മാത്രം ആരാധ്യതയിലേക്കായിരിക്കണം. അവർ അല്ലാഹുവിനെ അറിഞ്ഞ്, അത് അംഗീകരിച്ചു കഴിഞ്ഞാൽ നീ അവരെ അറിയിക്കുക, നിശ്ചയമായും അല്ലാഹു രാപ്പകലുകളിലായി അഞ്ചുനേരത്തെ നമസ്കാരം അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്ന്. അവരത് ചെയ്താൽ തുടർന്ന് നീ അവരെ അറിയിക്കുക, അല്ലാഹു അവരുടെമേൽ അവരുടെ ധനത്തിൽ സകാത് നിർബന്ധമാക്കിയിരിക്കുന്നു എന്നും, അത് അവരിലെ ദരിദ്രർക്കു തന്നെ തിരിച്ചുകൊടുക്കേണ്ടതാണെന്നും. അവർ അതിന് വഴങ്ങിയാൽ അവരിൽനിന്നും നീ അത് സ്വീകരിക്കുക. ജനങ്ങളുടെ ധനത്തിൽ ഏറ്റവും മികച്ചത് എടുക്കുന്നത് നീ സൂക്ഷിക്കുക.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

സകാത്തിന്റെ ശ്രേഷ്ഠതകളും മികവുകളും സംബന്ധിച്ച സമഗ്രവും നിഷ്പക്ഷവുമായ ഒരു അന്വേഷണം താഴെ പറയുന്ന കാര്യങ്ങളിലാണ് അനിവാര്യമായും നമ്മെ കൊണ്ടെത്തിക്കുക.

അനിർവ്വചനീയമായ ഒരു പ്രതിഭാസമാണ് മനുഷ്യമനസ്. ഒരാൾക്കും അതിനുമേൽ പൂർണ്ണ നിയന്ത്രണമില്ല. അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ് മനസ്സ് പ്രവർത്തിക്കുന്നത്. നബി ﷺ പറയുന്നത് കാണുക:

عن عَبْدِ اللهِ بْنَ عَمْرِو بْنِ العاص، أَنَّهُ سَمِعَ رَسُولَ اللهِ ﷺ يقول: « إن قلوب بني آدم كلها بين إصبعين من أصابع الرحمن كقلب واحد، يصرفه حيث يشاء» ثُمَّ قَالَ رَسُولُ اللهِ ﷺ: « اللَّهُمَّ مصرف القلوب! صرف قلوبنا على طاعتك » (أخرجه مسلم في صحيحه)

അബ്ദില്ലാഹ് ബിൻ അംറ് ബിൻ ആസ്വ് رضي الله عنه നിവേദനം: നബി ﷺ പറയുന്നു: «മനുഷ്യമക്കളുടെ ഹൃദയം മുഴുവനും ഒരൊറ്റ ഹൃദയം കണക്കെ റഹ്മാനായ അല്ലാഹുവിന്റെ വിരലുകളിൽ നിന്നുള്ള രണ്ട് വിരലുകൾക്കിടയിലാണ്. അവൻ ഉദ്ദേശിച്ചിടത്തേക്ക് അതിനെ അവൻ തിരിക്കുന്നു.» പിന്നീട് നബി ﷺ പറഞ്ഞു: «ഹൃദയങ്ങൾ മാറ്റിമറിക്കുന്ന അല്ലാഹുവേ, ഞങ്ങളുടെ ഹൃദയത്തെ നിനക്കുള്ള വണക്കത്തിലേക്ക് നീ തിരിച്ചു വിടണേ.» (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

ആരോഗ്യകരമായ മനോനില ആർജ്ജിക്കുകയും അത് ശരിയാംവണ്ണം പരിപാലിക്കുകയും ചെയ്യുക എന്നത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. മനസിന്റെ ചെറിയൊരു താളപ്പിഴ പോലും നിത്യനിദാനമായ ദുരിതങ്ങളിലേക്ക് നയിച്ചേക്കാം. മനോനില തെറ്റിയ മനുഷ്യർ അവർക്കും അപരർക്കും വരുത്തി വെക്കുന്ന അപകടങ്ങളെ കുറിച്ച് കൂടുതൽ ഉപന്യസിക്കേണ്ടതില്ല. അതിന്റെ നേർസാക്ഷ്യങ്ങളാണ് സമകാലീന സമൂഹങ്ങളിൽ അരങ്ങ് തകർത്താടിക്കൊണ്ടിരിക്കുന്നത്. മനോഘടന ഭദ്രവും ഭാവാത്മകവുമായി നിലനിർത്താൻ ഒരു വൈദ്യശാസ്ത്രവും പര്യപ്തമാവില്ല. അതിനുള്ള ഏകമായ പരിഹാരം ഏകനായ അല്ലാഹുവിലുള്ള വിശ്വാസം മാത്രമാണ്. വിശ്വാസം എന്ന ആശയത്തെ കുറിച്ച് വ്യവഹരിക്കാൻ അറബിയിൽ ഉപയോഗിക്കുന്നത് ഈമാൻ (إِيمَان) എന്നപദമാണ്. നിർഭയത്വം എന്നർത്ഥമുള്ള أَمْنٌ

എന്ന മൂലധാതുവിൽനിന്നാണ് അത് നിഷ്പാദിതമായിരിക്കുന്നത്. മനസ്സിനെ അടക്കി നിർത്തി നിർഭയത്വം നൽകുന്ന ഘടകം വിശ്വാസമായതിനാലാണത്. വിശ്വാസം നിർഭയത്വമാണെങ്കിൽ, വിശ്വാസ രാഹിത്യം വിവരണാതീതമായ ഭയാനകതകളെയാണ് പ്രതിഫലിപ്പിക്കുന്നത്. വിശ്വാസമില്ലാത്ത ഒരു മനസ്സ് എന്തെല്ലാം ആപത്തുകൾ വരുത്തി വെക്കില്ല!?

നാമും നമുക്ക് ചുറ്റുമുള്ള അഖിലാണ്ഡങ്ങളും നിലനിൽക്കുന്നുവെങ്കിൽ അതിന് ഒരു സ്രഷ്ടാവ് ഉണ്ടായേ പറ്റൂ. അവനാണ് അല്ലാഹു; മുഴുസൃഷ്ടികളുടെയും സ്രഷ്ടാവും ഉടമസ്ഥനും നിയന്താവുമായ റബ്ബ്. അവനെ മാത്രമാണ് സമസ്ത സൃഷ്ടികളും ന്യായമായും ആരാധിക്കേണ്ടത്. മറ്റുള്ള ദൈവങ്ങളൊക്കെയും വ്യാജന്മാർ മാത്രമാണ്. അല്ലാഹുവിലുള്ള വിശ്വാസം രൂപപ്പെടുന്നത് അവനെ കുറിച്ചുള്ള ശരിയായ അറിവിൽ നിന്നാണ്. അവനെ അറിയുന്തോറും അവനോടുള്ള സ്നേഹവും പ്രതീക്ഷയും ഭയപ്പാടും കൂടിവരും. അവന്റെ അറിവും കഴിവും ബോധ്യപ്പെടുമ്പോൾ അവന്റെ ഏകത്വത്തെ കുറിച്ചും മുൻനിർണ്ണയത്തെ കുറിച്ചുമുള്ള ധാരണ ദൃഢീകരിക്കപ്പെടും. അത് പ്രതീക്ഷാനിർഭരമായ മനസ്സോടെ എല്ലാം അവനിൽ ഭരമേൽപ്പിക്കുന്നതിലേക്ക് നയിക്കും. ഇപ്രകാരം മനസ്സിന്റെ ഭാരം ഇറക്കിവെക്കാൻ, അതിന്റെ ചാഞ്ചാട്ടം നിർത്തി നങ്കൂരമിടാൻ ഒരു അഭയസ്ഥാനം കാണാത്ത ഹൃദയങ്ങൾ അത്യന്തം അപകടകാരികളായി മാറുകയും ചെയ്യും.

അഹ്ലുസ്സുന്നഃയുടെ പക്ഷം വിശ്വാസം കൂടുകയും കുറയുകയും ചെയ്യും എന്നുള്ളതാണ്. അല്ലാഹുവിനുള്ള വണക്കവും അനുസരണയും കൂടുന്തോറും വിശ്വാസത്തിന്റെ വിതാനം ഉയർന്നു കൊണ്ടിരിക്കും. മറിച്ച്, വിസമ്മതവും ധിക്കാരവും വർദ്ധിക്കുന്തോറും വിശ്വാസത്തിന്റെ നില താണു പോവുകയും ചെയ്യും. സകാത് നൽകുക എന്നത് വിശ്വാസമുണ്ടെന്നതിന്റെ രേഖയാണ്. അത് അയാളുടെ വിശ്വാസത്തെ കൂടുതൽ ദൃഢീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സകാത്തിനെ വെറുമൊരു ജീവകാരുണ്യ പ്രവർത്തനമായി

കാണുന്നവർക്ക് നഷ്ടപ്പെടുന്നത് മുകളിൽ പറഞ്ഞതു പോലുള്ള ആത്മീയോൽക്കർഷമാണ്. താൻ ചെയ്യുന്നത് സാമ്പത്തികമായ ഒരു പ്രവർത്തനമാണെങ്കിലും അതിന്റെ അടിസ്ഥാനം ഏകനായ അല്ലാഹുവിലുള്ള വിശ്വാസമാണ്. വിശ്വാസവും സൽകർമ്മങ്ങളും ചെയ്തു പോയ തെറ്റുകൾക്കുള്ള പരിഹാരം കൂടിയാണ്. ഭാവിയിൽ തെറ്റു കുറ്റങ്ങൾ ചെയ്യുന്നതിൽനിന്ന് അത് അവനെ തടുക്കുകയും ചെയ്യും. ആകയാൽ സകാത് അവനെ ആത്മീയമായി സംസ്കരിക്കുകയും, വിശ്വാസത്തിന്റെയും വിജയത്തിന്റെയും ഉയരങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു.

കൂടാതെ, സകാത് മനുഷ്യനിലുള്ള തെറ്റായ വാസനകളെ ഇല്ലായ്മ ചെയ്യുന്നു. ഭൗതികതയോടുള്ള പ്രമത്തത, സങ്കുചിത മനോഭാവം, പിശുക്ക്, പെരുമ നടിക്കൽ, ദുരഭിമാനം, അഹങ്കാരം പോലുള്ളവ ഉദാഹരണം. ഇത്തരം ചാപല്യങ്ങൾ നിയന്ത്രിക്കുന്നതോടൊപ്പം തൽസ്ഥാനത്ത് സമഭാവന, സാഹോദര്യം, വിനയം, സ്നേഹം, ദയ, കാരുണ്യം, കരുതൽ പോലുള്ള തരളവും കുലീനവുമായ വികാരങ്ങൾ പ്രതിസ്ഥാപിക്കപ്പെടുകയും ചെയ്യും. അവ മനസ്സിനെ കൂടുതൽ ക്രിയാത്മകവും ഭാവാത്മകവുമാക്കിത്തീർക്കുന്നു. ഇത്തരത്തിൽ, വിശ്വാസത്തിന്റെ മനോബലത്തിലും ഉദാത്തമായ മനോഭാവങ്ങളിലും മാത്രമേ മനുഷ്യജീവിതം സഫലമാവുകയുള്ളു.

മനുഷ്യൻ ഈ ഭൂമുഖത്തെ ഏറെ ആദരണീയനായ ജീവിയാണ്. അവനു സ്വതന്ത്രമായ ആവിഷ്കാരശേഷി നൽകപ്പെട്ടിരിക്കുന്നു. നിർമ്മിക്കുക മാത്രമല്ല സംഹരിക്കുക കൂടി ചെയ്യും എന്നതാണ് അവന്റെ സവിശേഷത. തന്റെ വാഗ്വിചാരകർമ്മങ്ങളുടെ പ്രത്യാഘാതങ്ങൾ സഹജീവികളിലേക്ക് മാത്രമല്ല, പ്രകൃതിയുടെ വിവിധ ഘടകങ്ങളിലേക്ക് കൂടി സംക്രമിക്കുന്നു. അതിനാൽ സൂക്ഷ്മതയോടെ വേണം തന്റെ ചെയ്തികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും.

മനുഷ്യന്റെ കയ്യിൽ അല്ലാഹു ഏൽപിച്ചിരിക്കുന്ന ധനം തന്നിഷ്ടമനുസരിച്ചും സ്വാർത്ഥ താൽപര്യങ്ങൾക്കു മാത്രമായും വിനിയോഗിക്കു

മ്പോൾ അതിന്റെ പ്രത്യാഘാതം അവനിലോ മനുഷ്യ വർഗ്ഗത്തിലോ മാത്രം ഒതുങ്ങി നിൽക്കില്ല. മറിച്ച്, മറ്റു ജീവജാലങ്ങളിലേക്കും പ്രകൃതിയുടെ ഇതര അംശങ്ങളിലേക്കും വ്യാപിക്കും. സകാത് നൽകാതിരുന്നാൽ അത് പ്രകൃതിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെ കുറിച്ച് നബി ﷺ താക്കീത് നൽകിയിട്ടുണ്ട്.

عَنْ عَبْدِ اللهِ بْنِ عُمَرَ رضي الله عنهما، قَالَ: أَقْبَلَ عَلَيْنَا رَسُولُ اللهِ ﷺ، فَقَالَ: «..وَلَمْ يَمْنَعُوا زَكَاةَ أَمْوَالِهِمْ، إِلَّا مُنِعُوا الْقَطْرَ مِنَ السَّمَاءِ، وَلَوْلَا الْبَهَائِمُ لَمْ يُمْطَرُوا..» (أخرجه ابن ماجه وحسنه الألباني)

ഇബ്‌നു ഉമർ رضي الله عنهما നിവേദനം: അദ്ദേഹം പറയുന്നു: നബി ﷺ ഒരു ദിവസം ഞങ്ങളുടെ അടുത്തേക്ക് വന്നുകൊണ്ട് പറഞ്ഞു: «..അവരുടെ ധനത്തിൽനിന്നുള്ള സകാത് അവർ നൽകാതിരുന്നാൽ ആകാശത്തുനിന്നുള്ള മഴ അവർക്ക് തടയപ്പെടാതിരിക്കില്ല. കന്നുകാലികൾ ഇല്ലായിരുന്നുവെങ്കിൽ അവർക്ക് മഴയേ ലഭിക്കുമായിരുന്നില്ല..» (ഇമാം ഇബ്‌നു മാജഃ, സുനനു ഇബ്‌നി മാജഃ)

സകാത് നൽകുമ്പോൾ ഒരു വിശ്വാസിയുടെ മനസ്സിൽ തന്റെ ആത്മീയമായ ഉൽക്കർഷം, സഹജീവികളുടെ ക്ഷേമം, ഇതര ജീവജാലങ്ങളോടുള്ള കാരുണ്യം, പ്രകൃതിയോടുള്ള കരുതൽ എല്ലാമെല്ലാം കടന്നുവരുന്നു. അവന്റെ വിശ്വാസങ്ങൾക്ക് കാരിരുമ്പിന്റെ കരുത്തും വീക്ഷണങ്ങൾക്ക് ചക്രവാളങ്ങളുടെ വികാസവും ധാർമ്മികതക്ക് ആകാശങ്ങളുടെ ഉയരവും കൈവരുന്നു.

ഒരാൾ ഉയർത്തിപ്പിടിക്കുന്ന വിശ്വാസങ്ങളും മൂല്യങ്ങളും വീക്ഷണങ്ങളുമാണ് അയാളെ ഔന്നത്യത്തിലേക്ക് ഉയർത്തുന്നത്. ഒരാൾ തന്റെ ധനത്തിൽനിന്ന് തനിക്ക് തോന്നിയ ഒരു വിഹിതം താൻ ഉദ്ദേശിക്കുന്ന സമയത്ത് താൻ ഇഷ്ടപ്പെടുന്നവർക്ക് ഔദാര്യമായി നൽകുന്നതിന്റെ പേരല്ല സകാത്. മറിച്ച്, വിശ്വാസപൂർവ്വം സകാത് നൽകുന്ന ഒരു വ്യക്തി തന്റെ ആത്മാവിനോടും സമ്പത്തിനോടും സമൂഹത്തോടും

കാണിക്കുന്ന ഉത്തരവാദിത്വത്തിന്റെയും അച്ചടക്കത്തിന്റെയും കൂടി പേരാണ് സകാത്. സകാത് വ്യക്തിയിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ഗുണപരമായ മാറ്റങ്ങൾക്ക് ആഴവും പരപ്പും ഏറെയാണ്. അല്ലാഹുവിന്റെ മുന്നിൽ അയാൾ ഒരു വിനീത ദാസനാകുന്നു. സ്വന്തം കാര്യത്തിൽ ആത്യന്തികമായ വിജയ പരാജയങ്ങളെ കുറിച്ച് അസ്വസ്ഥനാകുന്ന, അമാനത്തിനെ കുറിച്ച് ആശങ്കാകുലനാകുന്ന ഉത്തമ വിശ്വാസിയാകുന്നു. സമൂഹത്തിൽ അയാൾ ഉത്തരവാദിത്വ ബോധവും കരുതലുമുള്ള ഒരംഗമായി നിലകൊള്ളുന്നു.

സർവ്വോപരി, വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി ഒരാൾ യഥാവിധി സകാത് നൽകാൻ തയ്യാറായാൽ അത് ഐഹികവും പാരത്രികവുമായ പരീക്ഷണങ്ങളിൽനിന്നും ശിക്ഷകളിൽനിന്നുമുള്ള ഒരു സംരക്ഷണ കവചമായി വർത്തിക്കും. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങൾക്കും ഐശ്വര്യങ്ങൾക്കും അവൻ അർഹനമായിത്തീരും.

# 7

## സകാത് നൽകാത്തവർക്കുള്ള താക്കീത്

ആർക്ക് സ്വത്ത് സമൃദ്ധമായി നൽകണം, ആർക്ക് പരിമിതപ്പെടുത്തണം എന്നത് അല്ലാഹുവിന്റെ മാത്രം ഹിതവും തീരുമാനവുമാണ്. അതിൽ സൃഷ്ടികൾക്കാർക്കും ഒരു സ്വാധീനവുമില്ല. അല്ലാഹു നൽകിയ ധനത്തിൽനിന്ന് പാവങ്ങൾക്കുള്ള വിഹിതം കൊടുത്ത് തീർക്കുമ്പോൾ അത് ആ ധനത്തെയും അതിന്റെ ഉടമയെയും ഒരു പോലെ ശുദ്ധീകരിക്കുകയും, ധനത്തെ വികസിപ്പിക്കുകയും ചെയ്യുന്നു. സകാത്തും സ്വദഖഃയും, യഥാർത്ഥത്തിൽ സ്വത്തിന് വികാസവും തുടർച്ചയും ലഭിക്കാൻ കാരണമായിത്തീരുകയാണ് ചെയ്യുന്നത്.

മറിച്ച്, സകാത് നൽകാതിരിക്കുന്ന പക്ഷം സ്വത്തും അതിന്റെ ഉടമയും ദൂഷിതമായിത്തീരും. ആത്യന്തികമായി അതിന് വളർച്ചയും തുടർച്ചയും നിഷേധിക്കപ്പെടും. സകാത്തോ സ്വദഖഃയോ ചെലവഴിച്ചു എന്നത് കൊണ്ട് നഷ്ടം സംഭവിക്കുകയോ സ്വത്ത് കുറയുകയോ ചെയ്യുമെന്ന ഭീതിക്കടിസ്ഥാനമില്ല. ചെലവഴിക്കുന്തോറും അതിനു പകരം നൽകപ്പെടുകയും തുടർച്ചയുണ്ടാകുകയുമാണ് ചെയ്യുന്നത്. ചെലവഴിക്കാതെ പിടിച്ചു വെക്കുമ്പോഴാണ് നാശവും ലോപവും സംഭവിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿قُلْ إِنَّ رَبِّي يَبْسُطُ الرِّزْقَ لِمَن يَشَاءُ مِنْ عِبَادِهِ وَيَقْدِرُ لَهُ وَمَا أَنفَقْتُم مِّن شَيْءٍ فَهُوَ يُخْلِفُهُ وَهُوَ خَيْرُ الرَّازِقِينَ ﴿٣٩﴾﴾ (سبأ)

«പറയുക: തീർച്ചയായും എന്റെ റബ്ബ് തന്റെ അടിയാറുകളിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് വിഭവങ്ങൾ സമൃദ്ധമായി നൽകുന്നു, താൻ ഉദ്ദേശിക്കുന്നവർക്ക് പരിമിതപ്പെടുത്തുന്നു. നിങ്ങൾ യാതൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ വിഭവം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ.» (സബഅ്, 34:39)

അല്ലാഹു നൽകിയ ധനത്തിൽനിന്ന് സകാത്തും സ്വദഖഃയും കൊടുത്തു വീട്ടാത്തവർക്കുള്ള താക്കീതുകൾ നിരവധിയാണ്. ഖുർആനിലും സുന്നത്തിലും അത്തരം താക്കീതുകൾ വളരെ കടുപ്പിച്ചിരിക്കുന്നതു കാണാം. പക്ഷെ, അല്ലാഹുവിന്റെ ശിക്ഷയെയും താക്കീതുകളെയും പലരും തെറ്റായ രൂപത്തിലാണ് മനസ്സിലാക്കാറുള്ളത്. അവർ ചിന്തിക്കുന്നത് ഇപ്രകാരമാണ്: അതെല്ലാം പരലോകത്തെ കാര്യമല്ലേ? പരലോകം കയ്യിൽ കിട്ടിയിട്ടില്ലല്ലോ. ഉറപ്പില്ലാത്ത പരലോകത്തിനു വേണ്ടി കയ്യിൽ കിട്ടിയ ഇഹലോകം വിട്ട് കളിക്കണോ?

ശിക്ഷാരക്ഷകളെ കുറിച്ച് പ്രമാണങ്ങളിൽ വന്ന വാക്യങ്ങൾ സമഗ്രമായി മനസ്സിലാക്കാത്തവരോ, കാര്യങ്ങൾ യഥാവിധി ഗ്രഹിക്കാനുള്ള ദീർഘദൃഷ്ടിയില്ലാത്തവരോ ആണ് ഇത്തരം വങ്കത്തങ്ങളിൽ പെട്ടുപോകാറുള്ളത്. അല്ലാഹുവിന്റെ പ്രതിഫലം പരലോകത്ത് മാത്രമേ ഉണ്ടായിരിക്കുകയുള്ളു എന്നത്, വാസ്തവത്തിൽ ഒരു തെറ്റായ പ്രമേയമാണ്. മറിച്ചാണ് യാഥാർത്ഥ്യം. ശിക്ഷാരക്ഷകൾ ഇഹത്തിലും പരത്തിലും നൽകപ്പെടും. ചെറിയ പ്രതിഫലങ്ങൾ ഇഹലോകത്ത് വെച്ചു തന്നെ നൽകും. എന്നാൽ വലുതും പൂർണ്ണവുമായ ശിക്ഷാരക്ഷകൾ പരലോകത്ത് വെച്ചായിരിക്കും നൽകപ്പെടുക. അല്ലാഹു പറയുന്നത് കാണുക:

﴿وَلَنُذِيقَنَّهُم مِّنَ الْعَذَابِ الْأَدْنَىٰ دُونَ الْعَذَابِ الْأَكْبَرِ لَعَلَّهُمْ يَرْجِعُونَ ﴿٢١﴾﴾ (السجدة)

«ആ വലിയ ശിക്ഷക്കു പുറമെ ഐഹികമായ ചെറിയ ശിക്ഷകളും നാം അവരെ അനുഭവിപ്പിക്കുന്നതാണ്. ഒരു വേള അവർ മടങ്ങിയെ ങ്കിലോ.» (അസ്സജ്ദഃ, 32:21)

﴿كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ۗ وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ الْقِيَامَةِ ۖ فَمَن زُحْزِحَ عَنِ النَّارِ وَأُدْخِلَ الْجَنَّةَ فَقَدْ فَازَ ۗ وَمَا الْحَيَاةُ الدُّنْيَا إِلَّا مَتَاعُ الْغُرُورِ ﴿١٨٥﴾﴾ (آل عمران)

«എല്ലാ വ്യക്തിയും മരണം രുചിക്കും. അന്ത്യനാളിൽ മാത്രമേ നിങ്ങ ളുടെ പ്രതിഫലം നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. ആർ നരകത്തിൽനിന്ന് അകറ്റപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടു കയും ചെയ്യുന്നുവോ അവൻ വിജയിച്ചിരിക്കുന്നു. ഐഹികജീവിതം കബളിപ്പിക്കുന്ന ചരക്കല്ലാതെ മറ്റൊന്നുമല്ല.» (ആലു ഇംറാൻ, 3:185)

മേൽ പറഞ്ഞ രണ്ടു സൂക്തങ്ങളും തെര്യപ്പെടുത്തുന്നത് മനു ഷ്യന്റെ കർമ്മങ്ങൾക്ക് ഇഹലോകത്ത് വെച്ചുതന്നെ അല്ലാഹു പ്ര തിഫലം നൽകുമെന്നാണ്. അത് ഭാഗികവും ചെറുതുമായിരിക്കും. പരലോകത്ത് വെച്ചായിരിക്കും പൂർണ്ണവും വലുതുമായ പ്രതിഫലം നൽകപ്പെടുക. മാത്രമല്ല, ഇവിടെ വെച്ച് നൽകപ്പെടുന്ന ശിക്ഷകൾ പലപ്പോഴും പരീക്ഷണത്തിന്റെ ഭാഗമായിരിക്കുകയും ചെയ്യാം. ഒരു നിലക്ക് അവ അല്ലാഹുവിന്റെ അനുഗ്രഹമാണ്. കാരണം, അവ വഴി തെറ്റിയ അടിയാറുകളെ തിരിച്ചു വിളിക്കാനുള്ള അപായ സൂചനാധ്വ നികൾ ഉൾക്കൊള്ളുന്നവയാണ്.

സകാത് നൽകാത്തവർക്ക് ഐഹിക ജീവിതത്തിൽ വെച്ച് തന്നെ ശിക്ഷകൾ നൽകപ്പെടുമെന്ന് പ്രമാണങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കു ന്നു. ഉദാഹരണമായി, ഭൂലോകത്തേക്ക് ഓരോ പ്രഭാതത്തിലും രണ്ടു മലക്കുകൾ ഇറങ്ങിവരുമെന്ന് ഹദീസിൽ പറഞ്ഞ കാര്യമെടുക്കാം. അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുക, സ്വത്ത് ചെലവഴിക്കുന്ന വന് പകരം നൽകി അതിനെ നിലനിർത്തണേ എന്നും, ചെലവഴി ക്കാത്തവന് നാശനഷ്ടങ്ങൾ വരുത്തണേ എന്നുമായിരിക്കും. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ ﵁ قَالَ، قَالَ رَسُولُ اللهِ ﷺ: « ما مِن يَومٍ يُصْبِحُ العِبادُ فِيهِ، إلَّا مَلَكانِ يَنْزِلانِ، فيَقولُ أحَدُهُما: اللَّهُمَّ أعْطِ مُنْفِقًا خَلَفًا، ويقولُ الآخَرُ: اللَّهُمَّ أعْطِ مُمْسِكًا تَلَفًا » (أخرجه البخاري ومسلم في صحيحيهما)

അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ പറയുന്നു: «രണ്ട് മലക്കുകൾ ഇറങ്ങി വരാതെ അടിയാറുകൾക്കൊരു ദിനവും പുലരുന്നില്ല. അവരിൽ ഒരാൾ പ്രാർത്ഥിക്കുന്നു: അല്ലാഹുവേ, ചെലവഴിക്കുന്നവന് നീ പകരം നൽകണേ. അപരൻ പ്രാർത്ഥിക്കുന്നു: അല്ലാഹുവേ, ചെലവഴിക്കാതെ പിടിച്ചു വെക്കുന്നവന് നീ നാശം വരുത്തണേ.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി; ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

മേൽ ഹദീസിൽ വന്നിരിക്കുന്ന 'ചെലവഴിക്കുന്നവൻ - مُنْفِقٌ' എന്ന പ്രയോഗത്തിന് വലിയ അർത്ഥവ്യാപ്തിയുണ്ട്. അനുവദനീയ മാർഗ്ഗങ്ങളിലൂടെ മാത്രമേ സ്വത്ത് സമ്പാദിക്കാവൂ എന്നതു പോലെ, അനുവദനീയ മാർഗ്ഗങ്ങളിൽ ചെലവഴിക്കുക കൂടി വേണം. പ്രാഥമികമായി, സകാത്തും സ്വദഖഃയുമാണ് വ്യയം ചെയ്യുക എന്നതു കൊണ്ട് വിവക്ഷിച്ചിരിക്കുന്നതെങ്കിലും, നിർബന്ധമായും ചെലവഴിക്കേണ്ട മറ്റു പല മാർഗ്ഗങ്ങൾ വേറെയുമുണ്ട്. അവയെ കുറിച്ച് സാന്ദർഭികമായി ഒരു ലഘുവിവരണം കൂടി നൽകാം. നബി ﷺ പറയുന്നത് കാണുക:

عَنْ سَعْدِ بْنِ أَبِي وَقَّاصٍ ﵁، أَنَّ رَسُولَ اللهِ ﷺ قَالَ: « إِنَّكَ لَنْ تُنْفِقَ نَفَقَةً تَبْتَغِي بِهَا وَجْهَ اللهِ إِلَّا أُجِرْتَ عَلَيْهَا، حَتَّى مَا تَجْعَلُ فِي فِي امْرَأَتِكَ » (أخرجه البخاري في صحيحه)

സഅദ് ബിൻ അബീ വഖ്ഖാസ്വ് ﵁ നിവേദനം: നബി ﷺ പറയുന്നു: «അല്ലാഹുവിന്റെ മുഖം തേടിക്കൊണ്ട് നീ യാതൊന്ന് ചെലവഴിച്ചാലും അതിനു നിനക്ക് പ്രതിഫലം ലഭിക്കാതിരിക്കില്ല - നിന്റെ പെണ്ണിന്റെ വായിൽ നീ എത്തിച്ചു കൊടുക്കുന്നതു പോലും.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

സമ്പാദ്യം കൂമ്പാരങ്ങളായി കെട്ടിപ്പൂട്ടി വെക്കാനുള്ളതല്ല, ചെലവഴി

ക്കാനുള്ളതാണ്. ചെലവഴിക്കുക എന്നത് സകാത്തിലും സ്വദഖഃയിലും പരിമിതമല്ല. അല്ലാഹു അനുശാസിച്ചതും അനുവദിച്ചതുമായ മറ്റനവധി മാർഗ്ഗങ്ങൾ വേറെയുണ്ട്. ആ മാർഗങ്ങളിലെല്ലാം ചെലവഴിക്കണം. ചെലവഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് രണ്ടു കാര്യങ്ങളാണ്.

ഒന്ന്: തന്റെ സമ്പാദ്യത്തിൽനിന്ന് യാതൊന്ന് ചെലവഴിക്കുമ്പോഴും ഇഖ്‌ലാസ്വും നിയ്യത്തും ശരിപ്പെടുത്തുക. അനുവദനീയമായ മാർഗങ്ങളിൽ സ്വത്ത് ചെലവഴിക്കുന്നത് പലതും നിയ്യത്ത് ശരിപ്പെടുത്തിയാൽ ആരാധനയും പുണ്യകർമവുമായിത്തീരും. അതിന് ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിക്കുകയും ചെയ്യാം. ഈ വസ്തുതക്ക് മേൽ ഹദീസ് അടിവരയിടുന്നു. ഇഖ്‌ലാസ്വും നിയ്യത്തും ശരിപ്പെടുത്തിയാൽ ആരാധനയും പുണ്യകർമ്മവുമായിത്തീരുമെന്ന് ഹദീസിൽ വന്ന ചില കാര്യങ്ങൾ കൂടി പരിശോധിക്കാം.

عن جابر بن سمرة ﷛ قال، قال رسول الله ﷺ: « إذا أعطى الله أحدكم خيرا فليبدأ بنفسه وأهل بيته » (أورده الألباني في صحيح الجامع الصغير وزيادته)

ജാബിർ ബിൻ സമുറഃ ﷛ നിവേദനം: നബി ﷺ പറയുന്നു: «അല്ലാഹു നിങ്ങളിൽ ഒരാൾക്കൊരു സ്വത്ത് നൽകിയാൽ സ്വന്തത്തെ കൊണ്ടും വീട്ടുകാരെ കൊണ്ടും തുടങ്ങട്ടെ.» (ഇമാം അൽബാനി, സ്വഹീഹുൽ ജാമിഅ് അസ്സ്വഗീർ)

عَنْ أَبِي هُرَيْرَةَ ﷛ قال، قال رسول الله ﷺ: « دِينَارٌ أَنْفَقْتَهُ فِي سَبِيلِ اللهِ، وَدِينَارٌ أَنْفَقْتَهُ فِي رَقَبَةٍ، وَدِينَارٌ تَصَدَّقْتَ بِهِ عَلَى مِسْكِينٍ، وَدِينَارٌ أَنْفَقْتَهُ عَلَى أَهْلِكَ، أَعْظَمُهَا أَجْرًا للذي أنفقته على أهلك » (أخرجه مسلم في صحيحه)

അബൂ ഹുറയ്റഃ ﷛ നിവേദനം: നബി ﷺ പറയുന്നു: «അല്ലാഹുവിന്റെ മാർഗത്തിൽ നീ ചെലവഴിച്ച ഒരു ദീനാർ. അടിമക്കു വേണ്ടി നീ ചെലവഴിച്ച ഒരു ദീനാർ. അഗതിക്ക് നീ ദാനം ചെയ്ത ഒരു ദീനാർ. നിന്റെ വീട്ടുകാരിക്ക് വേണ്ടി നീ ചെലവഴിച്ച ഒരു ദീനാർ. അവയിൽ

ഏറ്റവും പ്രതിഫലം നിന്റെ വീട്ടുകാരിക്ക് വേണ്ടി നീ ചെലവഴിച്ച ഒരു ദീനാറിനായിരിക്കും.» (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

ശ്രദ്ധിക്കുക! മേൽ ഹദീസുകൾ പ്രഘോഷിക്കുന്നതെന്താണ്? സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കുന്നതിനും, ഇണക്ക് ഉപജീവനം നൽകുന്നതിനും, അവരുടെ ക്ഷേമത്തിനു വേണ്ടി ചെലവഴിക്കുന്നതിനുമെല്ലാം അല്ലാഹു പ്രതിഫലം നൽകുമെന്ന്! ഇണക്കു വേണ്ടി ചെലവഴിക്കുന്നത് മറ്റിനങ്ങളെക്കാൾ ഏറെ മഹത്തരവും കൂടുതൽ പ്രതിഫലാർഹവുമാണത്രെ!! ഇക്കാര്യം എത്ര പേർക്കറിയാം. അറിയുന്ന എത്ര പേർ ഇത്തരം കാര്യങ്ങൾക്ക് ധനം ചെലവഴിക്കുമ്പോൾ അതിൽ അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കുന്നു? ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ നൽകുന്ന ഒരു വിവരണം കൂടി കാണുക:

"طلب الحلال والنفقة على العيال بابٌ عظيم لا يعدله شيء من أعمال البر" (ابن تيمية في الإيمان الأوسط)

"ഹലാലായത് സമ്പാദിക്കുന്നതും ആശ്രിതർക്കത് വ്യയം ചെയ്യുന്നതും ഒരു മഹത്തായ മാർഗം തന്നെയാണ്; പുണ്യകർമങ്ങളിൽ പെട്ട യാതൊന്നും അതിനു സമമാകില്ല." (ഇബ്നു തൈമിയ്യഃ, അൽ ഈമാൻ അൽ ഔസത്വ്)

അതേ സമയം, ഇവിടെ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട മറ്റൊരു കാര്യമുണ്ട്. സ്വന്തം സമ്പാദ്യത്തിൽനിന്ന് ഇത്തരം ചെലവുകൾ നടത്തുമ്പോൾ അതിൽ ഇഖ്‌ലാസ്വും നിയ്യത്തും ശരിപ്പെടുത്തണം. ഇഖ്‌ലാസ്വോടു കൂടി, അല്ലാഹുവിനു വേണ്ടി മാത്രമായി, അവന്റെ മുഖം തേടിക്കൊണ്ട് ചെയ്യുന്ന കർമ്മങ്ങളേ അവൻ സ്വീകരിക്കൂ. അതിനു മാത്രമേ അവൻ പ്രതിഫലം നൽകൂ. ഇഖ്‌ലാസ്വിന്റെയും നിയ്യത്തിന്റെയും കാര്യം – അതാണ് എല്ലാം.

രണ്ട്: സ്വത്ത് ചെലവഴിക്കുമ്പോൾ ദുർവ്യയമോ അമിതവ്യയമോ

ആവരുത്. ദുർവ്യയം ചെയ്യുന്നവർ പിശാചിന്റെ സഹോദരങ്ങളാണ്. അല്ലാഹുവിനോട് നന്ദികേട് കാണിച്ചവനാണ് പിശാച്. (അൽ ഇസ്റാഅ്, 17:27 കാണുക) അതേ പ്രകാരം, എത്ര വലിയ സമ്പന്നനായാലും അമിതവ്യയം നടത്തരുത്. നിശ്ചയമായും അല്ലാഹു അമിതവ്യയം കാണിക്കുന്നവരെ ഇഷ്ടപ്പെടുകയില്ല. (അൽ അൻആം, 6:141 കാണുക)

അല്ലാഹു നൽകിയ ധനത്തിൽനിന്ന് അവൻ നിയമമാക്കിയ പാവങ്ങളുടെ വിഹിതം നൽകാത്തവന് നാശം വരുത്തണേ എന്ന് ഒരു മലക്ക് എന്നും ദുആ ചെയ്തു കൊണ്ടിരിക്കുന്നു എന്നത് ആരെയാണ് അസ്വസ്ഥമാക്കാതിരിക്കുക – അല്ലാഹുവിൽ വിശ്വാസവും ഭയപ്പാടുമുണ്ടെങ്കിൽ? ആ പ്രാർത്ഥനയുടെ പ്രത്യാഘാതം സകാത് നൽകാത്ത ധനാഢ്യർ ഇഹത്തിൽ തന്നെ അനുഭവിക്കുന്നത് വിശ്വാസികൾ അനുദിനം കണ്ടുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമല്ലേ? വിശ്വാസമില്ലാത്തവർ ബിസിനസിന്റെ വിജയ പരാജയങ്ങളെ കുറിച്ചുള്ള മണ്ടൻ സിദ്ധാന്തങ്ങൾ ഉന്നയിച്ച് അതിന് മറ്റൊരു ഭാഷ്യം ചമക്കുന്നത് വേറെക്കാര്യം. മനുഷ്യരാശി ഇന്ന് അനുഭവിക്കുന്ന മൂല്യച്യുതിയുടെയും ധാർമികാധപതനത്തിന്റെയും നാരായ വേര് ശാസ്ത്രത്തിന്റെ പേരിൽ എഴുന്നള്ളിക്കുന്ന ഇത്തരം ദുർന്യായങ്ങളല്ലാതെ മറ്റൊന്നുമല്ല. അല്ലാഹുവിന്റെ ശിക്ഷയോ പരീക്ഷണമോ ഇറങ്ങിയാൽ, സൃഷ്ടികളെ ഭീതിപ്പെടുത്താനും ഉണർത്താനും വേണ്ടി അവൻ വല്ല ദൃഷ്ടാന്തങ്ങളും അവതരിപ്പിച്ചാൽ, അതിനെ കുറിച്ച് ആംഗലേയ ഭാഷയിൽ ചില സാങ്കേതിക ശബ്ദങ്ങൾ ഉപയോഗിച്ചു കൊണ്ട് ചില വിശകലനങ്ങൾ വരും. വക്താവിനോ അനുവാചകനോ മനസ്സിലാകാത്ത ഒരു മണ്ടൻ വിശദീകരണം! അതോടെ ജനം വിഷയത്തിൽനിന്ന് വ്യതിചലിച്ചു. അത് ഒരു സ്വാഭാവികമായ പ്രകൃതി പ്രതിഭാസമായി. അത് ഒരു സാധാരണ സംഭവമായി. ജനങ്ങളെ അല്ലാഹുവിന്റെ താക്കീതുകളിൽ നിന്ന് എങ്ങനെയാണ് മനുഷ്യ-ജിന്ന് പിശാചുക്കൾ സംയുക്തമായി റാഞ്ചിയെടുക്കുന്നതെന്ന് നോക്കൂ!!

സകാത് നൽകാത്തവർ സ്വന്തത്തെ ദുഷിപ്പിക്കുന്നു. പാവങ്ങളോട് അന്യായം കാണിക്കുന്നു. ഇതര ജീവികളോടും പ്രകൃതിയോട് പോലും അതിക്രമം ചെയ്യുന്നു. നബി ﷺ പറയുന്നത് കാണുക:

«..وَلَمْ يَمْنَعُوا زَكَاةَ أَمْوَالِهِمْ إِلَّا مُنِعُوا الْقَطْرَ مِنَ السَّمَاءِ، وَلَوْلَا الْبَهَائِمُ لَمْ يُمْطَرُوا»
(أخرجه الحاكم في مستدركه وحسنه الألباني)

നബി ﷺ പറയുന്നു: «അവരുടെ ധനത്തിൽനിന്നുള്ള സകാത് അവർ മുടക്കിയാൽ ആകാശത്തുനിന്ന് അവർക്കുള്ള വെള്ളവും മുടക്കപ്പെടാതിരിക്കില്ല. കാലികളില്ലായിരുന്നുവെങ്കിൽ അവർക്ക് ഒരു തുള്ളി പോലും മഴ ലഭിക്കുമായിരുന്നില്ല.» (ഇമാം ഹാകിം, അൽ മുസ്തദ്റക്)

മേൽ ഹദീസിലുള്ള താക്കീത് നിശിതവും കർക്കശവുമാണ്; അതിലെ ധ്വനികൾ ദൂരവ്യാപകവും. ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ! അല്ലെങ്കിൽ, ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കുകയില്ല എന്നത് പ്രാപഞ്ചിക സത്യമാണ്. പാവങ്ങളുടെ അവകാശം അന്യായമായി തടഞ്ഞു വെച്ചാൽ അതിനോട് പ്രകൃതി തന്നെ പ്രതികരിക്കും. മഴ നിലച്ചു പോകുന്ന, ഭൂമി വരണ്ടുണങ്ങുന്ന, ജന്തുജാതികൾ ചത്തുപോകുന്ന, സസ്യലതാദികൾ ഉണങ്ങിപ്പോകുന്ന സ്ഥിതി വരും. മനുഷ്യരുടെ യോഗ്യതയിലല്ല, നിർദ്ദോഷികളായ കാലികളോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിലാണ് ധിക്കാരികളായ ജനങ്ങൾ ഇവിടെ ജീവിക്കുന്നതെന്നോർക്കുക.

നൈമിഷികമായ ഐഹിക ജീവിതത്തെ കുറിച്ചുള്ള അനാവശ്യമായ ആശങ്കകളും അതിനോടനുബന്ധിച്ചുള്ള ആർത്തിയും പിശുക്കുമെല്ലാം മനുഷ്യനെ എവിടെയാണ് കൊണ്ടെത്തിക്കുന്നത്! സകാത് നൽകാത്തവർ ഇഹലോകത്ത് അനുഭവിക്കേണ്ടി വരുന്ന ശിക്ഷകൾക്ക് പുറമെ, അന്ത്യനാളിൽ വിചാരണ വേളയിൽ പോലും കടുത്ത ശിക്ഷകൾക്കും യാതനകൾക്കുമാണ് അവർ വിധേയരാകേണ്ടി വരിക. അങ്ങനെയുള്ള ശിക്ഷയെ കുറിച്ച് ഉള്ള് പൊള്ളിക്കുന്ന ഒരു വിവരണം ഹദീസിൽ വന്നിട്ടുണ്ട്. അത് താഴെ കൊടുക്കുന്നു:

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ، قَالَ رسول الله ﷺ: « مَا مِنْ صَاحِبِ ذَهَبٍ وَلَا فِضَّةٍ، لَا يُؤَدِّي مِنْهَا حَقَّهَا، إِلَّا إِذَا كَانَ يَوْمُ الْقِيَامَةِ، صُفِّحَتْ لَهُ صَفَائِحُ مِنْ نَارٍ، فَأُحْمِيَ عَلَيْهَا فِي نَارِ جَهَنَّمَ، فَيُكْوَى بِهَا جَنْبُهُ وَجَبِينُهُ وَظَهْرُهُ، كُلَّمَا بَرَدَتْ أُعِيدَتْ لَهُ فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ حَتَّى يُقْضَى بَيْنَ الْعِبَادِ، فَيَرَى سَبِيلَهُ إِمَّا إِلَى الْجَنَّةِ وَإِمَّا إِلَى النَّارِ » قِيلَ: يَا رَسُولَ اللهِ! فَالْإِبِلُ؟ قَالَ: « وَلَا صَاحِبُ إِبِلٍ لَا يُؤَدِّي مِنْهَا حَقَّهَا، وَمِنْ حَقِّهَا حَلَبُهَا يَوْمَ وِرْدِهَا، إِلَّا إِذَا كَانَ يَوْمُ الْقِيَامَةِ بُطِحَ لها بقاع قرقر أو فر مَا كَانَتْ، لَا يَفْقِدُ مِنْهَا فَصِيلًا وَاحِدًا، تطؤه بأخفافا وَتَعَضُّهُ بِأَفْوَاهِهَا، كُلَّمَا مَرَّ عَلَيْهِ أُولَاهَا رُدَّ عَلَيْهِ أُخْرَاهَا فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ حَتَّى يُقْضَى بَيْنَ الْعِبَادِ، فَيَرَى سَبِيلَهُ إِمَّا إِلَى الْجَنَّةِ وَإِمَّا إِلَى النَّارِ » قِيلَ يَا رَسُولَ اللهِ! فَالْبَقَرُ وَالْغَنَمُ؟ قَالَ: «ولا صاحب بقر ولا غنم يُؤَدِّي مِنْهَا حَقَّهَا إِلَّا إِذَا كَانَ يَوْمُ الْقِيَامَةِ بُطِحَ لَهَا بِقَاعٍ قَرْقَرٍ، لَا يَفْقِدُ مِنْهَا شَيْئًا، لَيْسَ فِيهَا عَقْصَاءُ وَلَا جَلْحَاءُ وَلَا عَضْبَاءُ تَنْطَحُهُ بِقُرُونِهَا وَتَطَؤُهُ بِأَظْلَافِهَا، كُلَّمَا مر عليه أولاها رُدَّ عَلَيْهِ أُخْرَاهَا فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ حَتَّى يُقْضَى بَيْنَ الْعِبَادِ، فَيَرَى سَبِيلَهُ إِمَّا إِلَى الْجَنَّةِ وَإِمَّا إِلَى النَّارِ » قيل يَا رَسُولَ اللهِ ﷺ! فَالْخَيْلُ؟ قَالَ: « الْخَيْلُ ثَلَاثَةٌ: هِيَ لِرَجُلٍ وِزْرٌ، وَهِيَ لِرَجُلٍ سِتْرٌ، وَهِيَ لِرَجُلٍ أَجْرٌ، فَأَمَّا الَّتِي هِيَ لَهُ وِزْرٌ، فَرَجُلٌ رَبَطَهَا رِيَاءً وفخرا ونواء عَلَى أَهْلِ الْإِسْلَامِ فَهِيَ لَهُ وِزْرٌ، وَأَمَّا الَّتِي هِيَ لَهُ سِتْرٌ فَرَجُلٌ رَبَطَهَا فِي سبيل الله، ثم لم ينس حَقَّ اللهِ فِي ظُهُورِهَا وَلَا رِقَابِهَا، فَهِيَ لَهُ سِتْرٌ، وَأَمَّا الَّتِي هِيَ لَهُ أَجْرٌ، فَرَجُلٌ رَبَطَهَا فِي سَبِيلِ اللهِ لِأَهْلِ الْإِسْلَامِ فِي مَرْجٍ وَرَوْضَةٍ، فَمَا أَكَلَتْ مِنْ ذَلِكَ الْمَرْجِ أَوِ الرَّوْضَةِ مِنْ شَيْءٍ إِلَّا كُتِبَ لَهُ عَدَدَ مَا أَكَلَتْ حَسَنَاتٌ، وَكُتِبَ لَهُ عَدَدَ أَرْوَاثِهَا وَأَبْوَالِهَا حَسَنَاتٌ، وَلَا تَقْطَعُ طِوَلَهَا فَاسْتَنَّتْ شَرَفًا أَوْ شَرَفَيْنِ إِلَّا كَتَبَ اللهُ لَهُ عَدَدَ آثَارِهَا وَأَرْوَاثِهَا حَسَنَاتٍ، وَلَا

مَرَّ بِهَا صَاحِبُهَا عَلَى نَهْرٍ فَشَرِبَتْ مِنْهُ وَلَا يُرِيدُ أَنْ يَسْقِيَهَا إِلَّا كَتَبَ اللهُ لَهُ عَدَدَ مَا شَرِبَتْ حَسَنَاتٍ » قِيلَ: يَا رَسُولَ اللهِ! فَالْحُمُرُ؟ قَالَ: « مَا أُنْزِلَ عَلَيَّ فِي الْحُمُرِ شَيْءٌ إِلَّا هَذِهِ الْآيَةَ الْفَاذَّةُ الْجَامِعَةُ: ﴿فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ ۝٧ وَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ ۝٨﴾ (الزلزلة)» (أخرجه مسلم في صحيحه)

അബൂ ഹുറയ്റഃ ﷺ നിവേദനം: നബി ﷺ പറയുന്നു: «സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ ഏതൊരു ഉടമ, അതിൽനിന്നുള്ള അവകാശമായ സകാത് കൊടുത്ത് തീർക്കാത്ത പക്ഷം, അന്ത്യദിനമായാൽ അയാൾക്കു വേണ്ടി അത് അഗ്നിപാളികളാക്കപ്പെടുകയും അതിനെ നരകാഗ്നിയിൽ വെച്ച് ചൂടാക്കുകയും അതു കൊണ്ട് അയാളുടെ പാർശ്വവും നെറ്റിയും മുതുകും ചൂടുവെക്കപ്പെടുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം അത് വീണ്ടും ആവർത്തിക്കപ്പെടും; അമ്പതിനായിരം വർഷങ്ങൾ ദൈർഘ്യമുള്ള ഒരു ദിനത്തിലായിരിക്കും അത്. അടിയാറുകൾക്കിടയിൽ വിധി തീർപ്പാക്കുന്നതു വരെ അത് തുടരുകയും ചെയ്യും. അനന്തരം അയാൾ തന്റെ വഴി കണ്ടെത്തും – ഒന്നുകിൽ സ്വർഗ്ഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക്.»

അവിടുന്ന് ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ റസൂലേ, ഒട്ടകത്തിന്റെ കാര്യമെന്താണ്?"

അവിടുന്ന് പറഞ്ഞു: «ഒട്ടകങ്ങളുടെ യാതൊരു ഉടമസ്ഥനും അവയിൽ നിന്ന് വീട്ടേണ്ട അവകാശമായ സകാത് കൊടുക്കാത്ത പക്ഷം ശിക്ഷിക്കപ്പെടാതിരിക്കില്ല. അവയിൽനിന്ന് കൊടുത്തു വീട്ടേണ്ട അവകാശത്തിൽപെട്ടതാണ് വെള്ള സ്ഥലത്ത് കൊണ്ടുവരുന്ന ദിവസം അവയെ കറന്ന് ദരിദ്രർക്ക് നൽകുക എന്നത്. അല്ലാത്ത പക്ഷം, അന്ത്യനാൾ ആയിക്കഴിഞ്ഞാൽ നിരന്നതും വിശാലമായതുമായ ഒരു പ്രദേശം അവനു വേണ്ടി ഒരുക്കപ്പെടും. അവ ഒന്നൊഴിയാതെ അവിടെ ഉണ്ടായിരിക്കും. അതിൽനിന്ന് ഒരു കിടാവ് പോലും ഒഴിവായിപ്പോയിട്ടുണ്ടാവില്ല. അവ കുളമ്പ് കൊണ്ട് അവനെ ചവിട്ടിമെതിക്കും. വായ

കൊണ്ട് കടിച്ചുകീറും. അവയിൽ ആദ്യത്തേത് അവന്റെ അരികിലൂടെ കടന്നു പോകുമ്പോൾ അവസാനത്തേത് അവന്മേൽ മടക്കപ്പെടും. അമ്പതിനായിരം വർഷങ്ങൾ ദൈർഘ്യമുള്ള ഒരു ദിനത്തിലായിരിക്കും അത്. മനുഷ്യർക്കിടയിൽ വിധി തീർപ്പാക്കുന്നതു വരെ അത് തുടരും. അനന്തരം അവൻ തന്റെ വഴി കാണും – ഒന്നുകിൽ സ്വർഗ്ഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക്.»

അവിടുന്ന് ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ മാടോ ആടോ ആണെങ്കിലോ?"

അവിടുന്ന് പറഞ്ഞു: «മാടുകളുടെയോ ആടുകളുടെയോ യാതൊരു ഉടമസ്ഥനും അവയിൽനിന്ന് കൊടുത്തു വീട്ടേണ്ട അവകാശമായ സകാത് നൽകാത്ത പക്ഷം അന്ത്യദിനമായിക്കഴിഞ്ഞാൽ അവനു വേണ്ടി നിരന്നതും വിശാലമായതുമായ ഒരു പ്രദേശം ഒരുക്കപ്പെടും. അവയിൽനിന്ന് ഒന്നും ഒഴിവാക്കപ്പെടാതെ അവ അവിടെയുണ്ടാകും. കൊമ്പ് വളഞ്ഞതോ കൊമ്പില്ലാത്തതോ കൊമ്പ് പൊട്ടിയതോ അവയിലുണ്ടാവില്ല. അവ കൊമ്പുകൾ കൊണ്ട് അവനെ കുത്തിമലർത്തും. കുളമ്പുകൾ കൊണ്ട് അവനെ ചവിട്ടിമെതിക്കും. അവയിൽ ആദ്യത്തേത് അവന്റെ അരികിലൂടെ കടന്നു പോകുമ്പോൾ അവസാനത്തേത് അവന്മേൽ മടക്കപ്പെടും. അമ്പതിനായിരം വർഷങ്ങൾ ദൈർഘ്യമുള്ള ഒരു ദിനത്തിലായിരിക്കും അത്. അങ്ങനെ മനുഷ്യർക്കിടയിൽ വിധി തീർപ്പാക്കുന്നതു വരെ അത് തുടരും. അനന്തരം അവൻ തന്റെ വഴി കാണും – ഒന്നുകിൽ സ്വർഗ്ഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക്.»

അവിടുന്ന് ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ കുതിരയുടെ കാര്യമെന്താണ്?"

അവിടുന്ന് പറഞ്ഞു: «കുതിരകൾ മൂന്നു തരം: ഒരാൾക്ക് അത് പാപഭാരമാണ്; ഒരാൾക്ക് അത് മറയാണ്; ഒരാൾക്ക് അത് പ്രതിഫലമാണ്.

ഒരാൾക്കത് പാപഭാരമാകുന്നത്: ഒരുവൻ കുതിരയെ കെട്ടിയിടു

ന്നത് പ്രദർശനത്തിനും അഹങ്കാരത്തിനും ഇസ്‌ലാമിന്റെ ആളുകളോട് ശത്രുത കാണിക്കാനുമാണെങ്കിൽ അത് അവന് പാപഭാരമായിരിക്കും.

ഒരാൾക്കത് മറയാകുന്നത്: ഒരുവൻ കുതിരയെ അല്ലാഹുവിന്റെ മാർഗത്തിൽ കെട്ടിയിടുന്നു. എന്നിട്ട് അതിന്റെ മുതുകിലും കഴുത്തിലും [സവാരിയിലും പരിപാലനത്തിലും] അല്ലാഹുവിനുള്ള അവകാശത്തെ കുറിച്ച് അവൻ മറക്കാതിരിക്കുന്നു. എങ്കിൽ അത് അവന് മറയായിരിക്കും.

ഒരാൾക്കത് പ്രതിഫലമാകുന്നത്: ഒരാൾ കുതിരയെ അല്ലാഹുവിന്റെ മാർഗത്തിൽ, ഇസ്‌ലാമിന്റെ ആളുകൾക്ക് വേണ്ടി, ഒരു പുൽമേട്ടിലോ പൂന്തോട്ടത്തിലോ കെട്ടിയിടുന്നു. ആ പുൽമേട്ടിൽ നിന്നോ പൂന്തോട്ടത്തിൽ നിന്നോ അത് എന്തൊന്ന് ഭക്ഷിച്ചാലും, അത് ഭക്ഷിച്ച ഓരോന്നിന്റെയും എണ്ണമനുസരിച്ച് അവന് നന്മകൾ രേഖപ്പെടുത്തപ്പെടും. അതിന്റെ ചാണകത്തിന്റെയും മൂത്രത്തിന്റയും എണ്ണമനുസരിച്ചും അവന് നന്മകൾ രേഖപ്പെടുത്തപ്പെടും. ഒരുപാട് ദൂരം പോകാതെ, അതിന്റെ ചരട് പൊട്ടിക്കാതെ, ഒരു പ്രാവശ്യമോ രണ്ടു പ്രാവശ്യമോ അത് ഓടിക്കളിച്ചാൽപോലും, അതിന്റെ കാൽപാടുകളുടെയും ചാണകത്തിന്റെയും എണ്ണമനുസരിച്ച് അല്ലാഹു അവന് നന്മകൾ രേഖപ്പെടുത്തും. അതിന്റെ ഉടമ അതിനെയും കൊണ്ട് ഒരു നദിക്കരികിലൂടെ കടന്നുപോവുകയും, അവൻ അതിനെ കുടിപ്പിക്കാൻ ഉദ്ദേശിച്ചില്ലെങ്കിൽ പോലും അത് അതിൽ നിന്ന് കുടിച്ചാൽ, അത് കുടിച്ചതിന്റെ എണ്ണമനുസരിച്ച് അല്ലാഹു അവന് നന്മകൾ രേഖപ്പെടുത്തും.»

അവിടുന്ന് ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ കഴുതകളുടെ കാര്യമെന്താണ്?"

അവിടുന്ന് പ്രതിവചിച്ചു: «കഴുതകളെക്കുറിച്ച് എനിക്ക് യാതൊന്നും ഇറക്കപ്പെട്ടിട്ടില്ല സമഗ്രവും അനിതരവുമായ ഈ ഒരു വചനം ഒഴികെ: «ആരെങ്കിലും ഒരു കാരുറുമ്പോളം നന്മ ചെയ്താൽ അവൻ അത് കാണും. ആരെങ്കിലും കാരുറുമ്പോളം തിന്മ ചെയ്താൽ അവൻ

അതും കാണും.» (അസ്സൽസല:)» (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

ഇഹലോകത്തും വിചാരണ വേളയിലും അവർ അനുഭവിക്കേണ്ടി വരുന്ന ശിക്ഷകൾക്ക് പുറമെ വലുതും പൂർണ്ണവുമായ ശിക്ഷകൾ വേറെയും അവരെ കാത്തിരിക്കുന്നുണ്ട്. സകാത് നൽകാത്ത ധനം പരലോകത്ത് അതിന്റെ ഉടമക്ക് നാശഹേതുവായിട്ടാണ് ഭവിക്കുക. താങ്ങാനാവാത്ത ഭാരമായി അതവരുടെ കഴുത്തിൽ അണിയിക്കപ്പെടുമെന്നാണ് പ്രമാണങ്ങളിൽ വന്നിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿وَلَا يَحْسَبَنَّ الَّذِينَ يَبْخَلُونَ بِمَا آتَاهُمُ اللَّهُ مِن فَضْلِهِ هُوَ خَيْرًا لَّهُم ۖ بَلْ هُوَ شَرٌّ لَّهُمْ ۖ سَيُطَوَّقُونَ مَا بَخِلُوا بِهِ يَوْمَ الْقِيَامَةِ ۗ وَلِلَّهِ مِيرَاثُ السَّمَاوَاتِ وَالْأَرْضِ ۗ واللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٨٠﴾﴾ (آل عمران)

«അല്ലാഹു അവന്റെ ഔദാര്യത്തിൽനിന്ന് തങ്ങൾക്കു നൽകിയിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ ഒരിക്കലും കരുതേണ്ടതില്ല, അതവർക്ക് ഗുണകരമായിരിക്കുമെന്ന്. അല്ല, അതവർക്ക് തീർത്തും ദോഷകരമായിട്ടാണ് ഭവിക്കുക. അവർ പിശുക്കി വെച്ച ധനം കൊണ്ട് അന്ത്യനാളിൽ അവർക്ക് കണ്ഠാഭരണം അണിയിക്കപ്പെടും. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു.» (ആലു ഇംറാൻ, 3:180)

ഏറെ ആർത്തിയോടെ പിശുക്ക് കാണിച്ച് സ്വരുക്കൂട്ടിയ ധനം അയാൾക്ക് യാതൊരു വിധത്തിലും ഗുണം ചെയ്യാൻ പോകുന്നില്ല. മറിച്ച്, അതയാൾക്ക് വഹിക്കാനാവാത്ത പാപഭാരമായിത്തീരുകയാണ് ചെയ്യുന്നത്. ഈ വൈപരീത്യത്തിന് അടിപ്പെടാതെ കാലേക്കൂട്ടി നല്ല കാര്യങ്ങൾ ചെയ്യാനാണ് അല്ലാഹു ആജ്ഞാപിക്കുന്നത്. അല്ലാത്ത പക്ഷം, അവ നരകത്തിൽ വെച്ച് ചുട്ടുപഴുപ്പിക്കുകയും, അതുകൊണ്ട് അവരുടെ നെറ്റിയിലും മുതുകിലും പാർശ്വങ്ങളിലും ചൂടുവെച്ചുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

يَوْمَ يُحْمَىٰ عَلَيْهَا فِي نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ ۖ هَٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا مَا كُنتُمْ تَكْنِزُونَ ﴿٣٥﴾ (التوبة)

«നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും, എന്നിട്ടവ കൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം! നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ സ്വരൂപിച്ചതാണിത്. നിങ്ങൾ ശേഖരിച്ചു വെച്ചിരുന്നത് നിങ്ങൾ തന്നെ അനുഭവിച്ചുകൊള്ളുക.» (അത്തൗബഃ, 9:35)

കൂടാതെ, അന്യായമായി ഒരുക്കൂട്ടി വെച്ച സ്വത്തുക്കൾ അന്ത്യ നാളിൽ ഒരു കാളസർപ്പമായി രൂപാന്തരപ്പെടും. വിഷം ചീറ്റി അതിന്റെ ദംഷ്ട്രങ്ങൾ കൊണ്ട് അതവനെ ആഞ്ഞുകൊത്തിക്കൊണ്ടിരിക്കും. എന്നിട്ടവനോട് ആക്രോശിക്കും: നീ വലിച്ചു കൂട്ടിയ ധനമാണു ഞാൻ! നീ ശേഖരിച്ചു വെച്ചിരുന്ന നിധിയാണു ഞാൻ!! നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ، قَالَ رَسُولُ اللهِ ﷺ: « مَنْ آتَاهُ اللهُ مَالًا، فَلَمْ يُؤَدِّ زَكَاتَهُ، مُثِّلَ لَهُ يَوْمَ الْقِيَامَةِ شُجَاعًا أَقْرَعَ، لَهُ زَبِيبَتَانِ، يُطَوَّقُهُ يَوْمَ الْقِيَامَةِ، ثُمَّ يَأْخُذُ بِلَهْزِمَتَيْهِ، يَعْنِي شِدْقَيْهِ، ثُمَّ يَقُولُ: أَنَا مَالُكَ، أَنَا كَنْزُكَ، ثُمَّ تَلَا: ﴿لا يَحْسَبَنَّ الَّذِينَ يَبْخَلُونَ..﴾ ﴿١٨٠﴾» (آل عمران) (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ رضي الله عنه നിവേദനം: നബി ﷺ പറയുന്നു: «അല്ലാഹു ഒരാൾക്ക് സ്വത്ത് നൽകി. അതിൽനിന്ന് അയാൾ സകാത് കൊടുത്തു വീട്ടിയില്ല. എങ്കിൽ അന്ത്യദിനത്തിൽ അത് അയാളുടെ മുന്നിൽ മൊട്ടത്തലയോടു കൂടിയ ഒരു കാളസർപ്പമായി രൂപാന്തരപ്പെടും. അതിന് രണ്ട് ദംഷ്ട്രങ്ങളുണ്ടായിരിക്കും. അത് അവന്റെ കഴുത്തിൽ വരിഞ്ഞ്മുറുക്കും. അത് അയാളുടെ രണ്ട് ചുണ്ടുകളിലും വിഷം ചീറ്റിക്കൊണ്ട് ആഞ്ഞുകൊത്തും. എന്നിട്ട് പറയും: 'ഞാനാണ് നിന്റെ സ്വത്ത്! ഞാനാണ് നിന്റെ നിധി!'. തുടർന്ന് അവിടുന്ന് പാരായണം

ചെയ്തു: «പിശുക്ക് കാണിക്കുന്നവർ ഒരിക്കലും കരുതേണ്ടതില്ല..» (ആലു ഇംറാൻ, 3:180) (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ശ്രദ്ധിക്കുക! നശ്വരമായ ഈ ലൗകിക ജീവിതത്തെ കുറിച്ച് സമ്യക്കായ ഒരു വീക്ഷണമില്ലാതെ, മനുഷ്യർക്ക് ഭൂമുഖത്തൊരു ജനനവും, തുടർന്ന് ജീവതവും, ജീവിതാന്ത്യത്തിൽ മരണവും നിശ്ചയിച്ച റബ്ബ് അനുശാസിച്ച വിധിവിലക്കുകൾ പാലിക്കാതെ, ആർത്തിയും സ്വാർത്ഥതയുമായി നടക്കുന്നവർക്ക് അവർ ശേഖരിച്ചു വെക്കുന്ന സ്വത്തുക്കളും നിധികളും ഏതു വിധേനയാണ് ബൂമറാങ് പോലെ തിരിച്ചടിക്കുന്നതെന്ന്.

ആർത്തിയോടും ഭൗതിക പ്രമത്തതയോടും കൂടി ഒരാൾ കൂമ്പാരമാക്കി വെച്ച സ്വത്ത് മരണത്തോടു കൂടി പൂർണ്ണമായും അന്യാധീനപ്പെടും. അതേസമയം അതിൽ ഓരോന്നിനെ കുറിച്ചും അയാൾ അല്ലാഹുവിനോട് കൃത്യമായി കണക്ക് പറയേണ്ടിവരികയും ചെയ്യും. ഹിജ്റഃ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച മഹാനായ യഹ്‌യാ ബിൻ മുആദിന്റെ ﵀ വാക്കുകൾ തന്നെ കടമെടുക്കട്ടെ:

قال يحي بن معاذ: "مصيبتان للعبد في ماله عند موته لا تسمع الخلائق بمثلهما، قيل: ما هما؟ قال: يؤخذ منه كله، ويسأل عنه كله" (المقدسي في مختصر منهاج القاصدين)

യഹ്‌യാ ബിൻ മുആദ് ﵀ പറയുന്നു: "മരണവേളയിൽ തന്റെ സ്വത്തിൽ മനുഷ്യനെ ബാധിക്കുന്ന രണ്ടാപത്തുകളുണ്ട്; സമാനമായ ഒന്നും സൃഷ്ടികളാരും ഇന്നോളം കേട്ടിട്ടില്ല."

അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: ഏതാണവ?

അദ്ദേഹം പ്രതിവചിച്ചു: "മുഴുസ്വത്തും അവനിൽനിന്ന് പിടിച്ചെടുക്കപ്പെടും! എന്നാൽ അവയെക്കുറിച്ചെല്ലാം അവൻ സമാധാനം പറയേണ്ടി വരികയും ചെയ്യും!!" (ഇബ്നു ഖുദാമഃ അൽ മഖ്ദിസി, മുഖ്തസ്വറു മിൻഹാജിൽ ഖാസ്വിദീൻ)

ജീവിതാന്ത്യം വരെ അശ്രാന്ത പരിശ്രമത്തിലൂടെ മനുഷ്യൻ കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കുന്ന സമ്പത്ത്, കട്ടും കവർന്നും വഞ്ചിച്ചും അഴിമതി നടത്തിയും സ്വന്തമാക്കിയെടുത്തു ധനം, മാതാപിതാക്കളോടും ഭാര്യാസന്താനങ്ങളോടും ഉടപ്പിറപ്പുകളോടും വരെ വൈരാഗ്യത്തോടെ പിണങ്ങി നിൽക്കേണ്ടി വന്ന സമ്പാദ്യം, അതിന്റെ യഥാർത്ഥമായ അവസ്ഥയാണ് മുകളിൽ വരച്ചു കാണിച്ചിരിക്കുന്നത്! ഇതാണ് ഭൂമുഖത്തെ പച്ചയായ മനുഷ്യാവസ്ഥയെന്ന് ബുദ്ധിയുള്ളവരെങ്കിലും ചിന്തിക്കട്ടെ!

# 8

## സകാത് സ്വീകാര്യമാകാനുള്ള അടിസ്ഥാന നിബന്ധനകൾ

ഈ ഭൂമുഖത്ത് മനുഷ്യജീവിതത്തെ അർത്ഥവത്താക്കുന്ന ഏറ്റവും മഹത്തായ ഘടകമാണ് ഇബാദത്ത്. നിർവ്വഹണ രൂപമനുസരിച്ച് അവയെ പലതരത്തിൽ വർഗ്ഗീകരിക്കാറുണ്ട്. ശാരീരികമായ ഇബാദതുകൾ, സാമ്പത്തികമായ ഇബാദതുകൾ പോലുള്ളവ ഉദാഹരണം. സ്വത്ത് ചെലവഴിച്ചു കൊണ്ട് മാത്രം അനുഷ്ഠിക്കാവുന്ന ഒരു ഇബാദത്താണ് ചർച്ചയിലിരിക്കുന്ന സകാത്. ആരാധനകൾ ഏത് തരത്തിൽപെട്ടവയാണെങ്കിലും അവ അല്ലാഹുവിങ്കൽ സ്വീകാര്യയോഗ്യമാകണമെങ്കിൽ നാം പൂർത്തീകരിച്ചിരിക്കേണ്ട ചില അടിസ്ഥാന നിബന്ധനകളുണ്ട്. അവ പൂർത്തീകരിക്കാത്ത പക്ഷം, ഇബാദത്തുകൾ ഒന്നും അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയില്ല. ഇതു സംബന്ധിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ഖുർആൻ സൂക്തമുണ്ട്. അത് താഴെ കൊടുക്കുന്നു:

﴿وَمَنْ أَرَادَ الْآخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَٰئِكَ كَانَ سَعْيُهُم مَّشْكُورًا ١٩﴾

(الإسراء)

«ആർ പരലോകം ലക്ഷ്യമാക്കി, അതിനു വേണ്ട തനതായ പരിശ്രമം സത്യവിശ്വാസിയായിക്കൊണ്ട് നടത്തിയോ അവരുടെ പരിശ്രമം നന്ദി പൂർവ്വം സ്വീകരിക്കപ്പെടുന്നതായിരിക്കും.» (അൽ ഇസ്റാഅ്, 17:19)

മറ്റേതൊരു ഇബാദത്തിനെയും പോലെ, സകാതും സ്വീകാര്യയോഗ്യമാവാനുള്ള രണ്ട് അടിസ്ഥാന നിബന്ധനകളാണ് 'ഇഖ്ലാസ്വും മുതാബഅതും' (الإِخْلَاصُ وَالْمُتَابَعَة). അവ രണ്ടുമില്ലാതെ ഇബാദത്തുകൾ ഒന്നും തന്നെ സ്വീകരിക്കപ്പെടുകയില്ല. ഈ അടിസ്ഥാന നിബന്ധനകളെ കുറിച്ച് അവശ്യമായ ഒരു വിവരണമില്ലാതെ ഈ ലഘുകൃതി പൂർണ്ണമാവില്ല. അതിനാൽ ആദ്യമായി ഇഖ്ലാസ്വിനെ കുറിച്ച് പറയാം.

ഏതൊരു ആരാധനയും അല്ലാഹുവിന് മാത്രമേ സമർപ്പിക്കാൻ പാടുള്ളു. ആരാധനയിൽ ഒരംശവും അല്ലാഹു അല്ലാത്ത ആർക്കും നൽകാവതല്ല. അത് അവന്റെ മുഖം ലക്ഷ്യമാക്കി മാത്രം ചെയ്യേണ്ടതാണ്. മറ്റു ലക്ഷ്യങ്ങളോ താൽപര്യങ്ങളോ അതിൽ കൂട്ടിക്കലർത്താനും പാടില്ല. ഇതിനാണ് 'ഇഖ്ലാസ്വ്' എന്ന് പറയുന്നത്. ഈ പദത്തിന്റെ ഭാഷാർത്ഥം തനിച്ചാക്കുക, മറ്റൊന്നിനെയും പങ്കുചേർക്കാതിരിക്കുക, യാതൊരുവിധ കലർപ്പോ കളങ്കമോ ചേർക്കാതിരിക്കുക എന്നൊക്കെയാണ്. അപ്പോൾ അല്ലാഹുവിനോടുള്ള 'ഇഖ്ലാസ്വ്' എന്നതിന്റെ വിവക്ഷ എല്ലാ അർത്ഥത്തിലും, മുഴുവൻ തലങ്ങളിലും അവന്റെ ഏകത്വം ഉയർത്തിപ്പിടിക്കുക എന്നതത്രെ. അവന്റെ കാര്യത്തിൽ ആരെയും ഒന്നിനെയും പങ്കുചേർക്കാതിരിക്കുക, അവനെ മാത്രം ആരാധിക്കുക, അവനു സമർപ്പിക്കുന്ന ഇബാദത്തുകളിൽ എന്തെങ്കിലും കലർപ്പോ കളങ്കമോ വരുത്താതിരിക്കുക എന്നു സാരം. അല്ലാഹുവിന് പുറമെ മറ്റാർക്കെങ്കിലും ഇബാദത്തിന്റെ ഒരംശമെങ്കിലും സമർപ്പിച്ചാൽ, അല്ലാഹുവിന് സമർപ്പിക്കുന്ന ആരാധനയിൽ മറ്റു ലക്ഷ്യങ്ങളോ താൽപര്യങ്ങളോ കൂട്ടിക്കലർത്തിയാൽ അത് ഇഖ്ലാസ്വിനു വിരുദ്ധമായ ശിർക്കായിത്തീരും; ശിർക്കോ അല്ലാഹു പൊറുക്കാത്ത പാപവും. ചുരുക്കത്തിൽ പൂർണ്ണാർത്ഥത്തിലുള്ള തൗഹീദാണ് ഇഖ്ലാസ്വ്. അല്ലാഹു പറയുന്നു:

﴿وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ ۚ وَذَٰلِكَ دِينُ الْقَيِّمَةِ ﴿٥﴾﴾ (البينة)

«ദീൻ അല്ലാഹുവിന് മാത്രമാക്കി, ശിർക്കിനെ തീർത്തും വെടിഞ്ഞ്, വ്യക്തമായും തൗഹീദിന്റെ പക്ഷത്തു നിൽക്കുന്നവരായി, അല്ലാഹുവിന് മാത്രം ഇബാദത് ചെയ്യാനും, നമസ്കാരം യഥാവിധി നിലനിർത്താനും, സകാത് നൽകാനുമല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ ഋജുവായ മതം.» (അൽ ബയ്യിനഃ, 98:5)

ഇഖ്ലാസ്വ് പൂർത്തീകരിക്കണമെങ്കിൽ ഒരു അടിയൻ അനിവാര്യമായും പാലിച്ചിരിക്കേണ്ട കുറേ കാര്യങ്ങളുണ്ട്. അവയെ കുറിച്ചുള്ള ഒരു സംഗ്രഹം താഴെ കൊടുക്കാം:

ഒന്ന്: അല്ലാഹുവിന്റെ സത്തയിലോ നാമ ഗുണവിശേഷങ്ങളിലോ അധികാരാവകാശങ്ങളിലോ അപദാനങ്ങളിലോ മറ്റാരെയെങ്കിലും പങ്കുചേർക്കുന്നതിനെ കൊടിയ ശിർക്ക് (شِرْكٌ أَكْبَر) എന്നാണ് സാമാന്യമായി വിശേഷിപ്പിക്കാറുള്ളത്. ഇഖ്ലാസ്വിന്റെ അടിത്തറ തന്നെ തകർക്കുന്ന ഇത്തരം കൊടിയ ശിർക്കിൽനിന്ന് മുക്തമാവുക എന്നതാണ് ആദ്യമായി ചെയ്യേണ്ടത്. അല്ലാഹു പറയുന്നു:

﴿وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴿٦٥﴾﴾ (الزمر)

«തീർച്ചയായും നിനക്കും നിനക്ക് മുമ്പുള്ളവർക്കും ബോധനം നൽകപ്പെട്ട കാര്യം, നീ അല്ലാഹുവിൽ പങ്കുചേർക്കുന്ന പക്ഷം ഉറപ്പായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും, നിശ്ചയമായും നീ പരാജിതരിൽ അകപ്പെടുകയും ചെയ്യും എന്നതാണ്.» (അൽ സുമർ, 39:65)

അല്ലാഹുവിനും അവന്റെ അടിമകൾക്കും ഇടയിൽ സംഭവിക്കാൻ പോകുന്ന സമാഗമം ഏറ്റവും ഉന്നതവും സുഖദായകവുമാക്കിത്തീർക്കണമെങ്കിൽ ഇഖ്ലാസ്വ് അനിവാര്യമാണ്. അല്ലാഹു പറയുന്നു:

﴿قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَىٰ إِلَيَّ أَنَّمَا إِلَٰهُكُمْ إِلَٰهٌ وَاحِدٌ فَمَن كَانَ يَرْجُو لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا ١١٠﴾ (الكهف)

«പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. പക്ഷെ, നിങ്ങളുടെ ആരാധ്യൻ ഏക ഇലാഹ് (ആയ അല്ലാഹു) മാത്രമാണെന്ന് എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു. അതിനാൽ വല്ലവനും തന്റെ റബ്ബുമായി കണ്ടുമുട്ടേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിൽ അവൻ സുകൃതം ചെയ്യട്ടെ, തന്റെ റബ്ബിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ.» (അൽ കഹ്ഫ്, 18:110)

രണ്ട്: അനുഗ്രഹങ്ങൾ അവയുടെ ദാതാവായ അല്ലാഹുവിലേക്ക് ചേർക്കുന്നതിനു പകരം അവൻ ഏർപ്പെടുത്തിയ കാരണങ്ങളിലേക്ക് ചേർക്കുക, പൂർവ്വികർ, മഹാന്മാർ, പുണ്യസ്ഥലങ്ങൾ പോലുള്ളതിനെക്കൊണ്ട് ആണയിടുക, അകമേ വിശ്വാസമില്ലെങ്കിലും ശിർക്കിന്റെ ബാഹ്യരൂപങ്ങൾ അനുവർത്തിക്കുക.. ഇതുപോലുള്ള കാര്യങ്ങൾക്കാണ് ചെറിയ ശിർക്ക് (شِرْكٌ أَصْغَر) എന്ന് പറയുന്നത്. ഇഖ്ലാസ്വിന്റെ അനിവാര്യമായ പൂർണ്ണതക്ക് (الْكَمَالُ الْوَاجِبُ) ലോപം വരുത്തുന്ന ഇത്തരം ചെറിയ ശിർക്ക് തീർത്തും വർജ്ജിക്കുക.

﴿إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا ٤٨﴾ (النساء)

«തന്നോട് പങ്കുചേർക്കുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴികെയുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും. ആർ അല്ലാഹുവിനോട് പങ്കുചേർക്കുന്നുവോ അവൻ തീർച്ചയായും ഗുരുതരമായ കുറ്റകൃത്യം തന്നെയാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.» (അന്നിസാഅ്, 4:48)

ശ്രദ്ധിക്കുക! ഈ സൂക്തത്തിന്റെ പരിധിയിൽ കൊടിയ ശിർക്കും

ചെറിയ ശിർക്കും ഉൾപ്പെടുമെന്നാണ് പ്രാമാണികരായ ഇമാമുകൾ പറഞ്ഞിരിക്കുന്നത്. രണ്ടും പൊറുക്കപ്പെടാത്ത പാപമാണ്. കൊടിയ ശിർക്ക് ചെയ്യുന്നവൻ മതത്തിൽനിന്ന് പുറത്ത് പോകും. അതിൽ മരണപ്പെട്ടാൽ അവൻ നരകത്തിൽ ശാശ്വതമായി വസിക്കേണ്ടി വരികയും ചെയ്യും. ചെറിയ ശിർക്ക് അല്ലാഹു പൊറുക്കാത്ത പാപമാണ്. സ്വീകാര്യയോഗ്യമായ നിലയിൽ പശ്ചാത്തപിക്കാത്ത പക്ഷം അതിനുള്ള ശിക്ഷ അനുഭവിച്ചേ മതിയാകൂ. പക്ഷെ, ദീനിൽനിന്ന് പുറത്ത് പോവുകയോ നരകത്തിൽ ശാശ്വതമാവുകയോ ചെയ്യേണ്ടിവരില്ലെന്നു മാത്രം.

മൂന്ന്: അല്ലാഹുവിനെ മാത്രം ആശ്രയിക്കുക. ആശ്രയമരുളാൻ ആത്യന്തികമായി അവൻ മാത്രമേയുള്ളു. മറ്റെല്ലാം അവൻ നിശ്ചയിച്ച ഉപകരണങ്ങൾ മാത്രം. അതിനാൽ എല്ലാം അവനിൽ ഭരമേൽപിക്കുക. ഏത് ചെറുതും വലുതുമായ കാര്യസാധ്യത്തിനു വേണ്ടിയും അവനിലേക്ക് മാത്രം തിരിയുക. ഉപാധികളിലേക്കും ഉപകരണങ്ങളിലേക്കും മനസ്സ് പായാതിരിക്കുക. അവനോട് മാത്രം സാഹായാർത്ഥന നടത്തുക. ആത്യന്തികമായി സഹായം നൽകാൻ അവനു മാത്രമേ കഴിയൂ. മറ്റാരോടും സഹായം തേടാതിരിക്കുക. മനസ്സിന്റെ ഭാവങ്ങളിൽ, മിഴിയുടെ ചലനങ്ങളിൽ, നാവിന്റെ ഇടർച്ചകളിൽ സദാ അല്ലാഹുവിനോടുള്ള ഈ ആശ്രിതത്വവും സഹായാർത്ഥനയും നിറയുക. താൻ സ്വയംപര്യാപ്തനല്ല, അല്ലാഹുവിനെ ആശ്രയിക്കാതെ ഒരു നിമിഷാർദ്ധം പോലും തനിക്ക് നിലനിൽപില്ല എന്ന ബോധ്യത്തിൽ സദാ അവനോട് കേഴുക. ഇതാണ് സഹായാർത്ഥനയുടെ (استعانة) യുടെ പൊരുൾ.

ഹുങ്ക് കൊണ്ട് അല്ലാഹുവിനെ വിട്ടുകളയുകയും, അഹം തന്നെ ദൈവമെന്ന് കരുതി ദേഹേഛക്ക് ആത്മപൂജ നടത്തി നിർവൃതിയടയുകയും, ഭൗതിക സുഖഭോഗങ്ങളുടെ അടിമയായിത്തീരുകയും ചെയ്യുന്ന ഒരു വല്ലാത്ത മാനസികാവസ്ഥയുണ്ട്. അത് അല്ലാഹുവിനോടുള്ള ആശ്രിതത്വത്തിന്റെ നിരാസവും സഹായാർത്ഥനയിലുള്ള

ശിർക്കുമാണ്. ഇതാണ് ഇക്കാര്യത്തിലുള്ള പണ്ഡിത ഭാഷ്യം. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﷺ നൽകിയ ഒരു വിവരണം ഇവിടെ ഉദ്ധരിക്കുന്നത് സാന്ദർഭികമായിരിക്കും:

" وَكَثِيرًا مَا يَقْرِنُ النَّاسُ بَيْنَ الرِّيَاءِ وَالْعُجْبِ، فَالرِّيَاءُ مِنْ بَابِ الْإِشْرَاكِ بِالْخَلْقِ، وَالْعُجْبُ مِنْ بَابِ الْإِشْرَاكِ بِالنَّفْسِ، وَهَذَا حَالُ الْمُسْتَكْبِرِ، فَالْمُرَائِي لَا يُحَقِّقُ قَوْلَهُ: ﴿إِيَّاكَ نَعْبُدُ﴾ وَالْمُعْجَبُ لَا يُحَقِّقُ قَوْلَهُ: ﴿وَإِيَّاكَ نَسْتَعِينُ﴾ فَمَنْ حَقَّقَ قَوْلَهُ: ﴿إِيَّاكَ نَعْبُدُ﴾ خَرَجَ عَنْ الرِّيَاءِ، وَمَنْ حَقَّقَ قَوْلَهُ: ﴿وَإِيَّاكَ نَسْتَعِينُ﴾ خَرَجَ عَنْ الْإِعْجَابِ، وَفِي الْحَدِيثِ الْمَعْرُوفِ: «ثَلَاثٌ مُهْلِكَاتٌ: شُحٌّ مُطَاعٌ، وَهَوًى مُتَّبَعٌ، وَإِعْجَابُ الْمَرْءِ بِنَفْسِهِ " (ابْنُ تَيْمِيَّةَ فِي مَجْمُوعِ فَتَاوِيهِ)

"മിക്കപ്പോഴും ജനങ്ങൾ നാട്യത്തെയും അഹന്തയെയും ഒരുമിച്ചു ചേർത്താണ് പറയാറുള്ളത്. നാട്യം (رِيَاءٌ) സൃഷ്ടികളെ പങ്കാളികളാക്കുക എന്ന ഇനത്തിലും, അഹന്ത ആത്മത്തെ പങ്കാളിയാക്കുക എന്ന ഇനത്തിലുമാണ് ഉൾപ്പെടുക. ഇത് ഒരു അഹങ്കാരിയുടെ അവസ്ഥയാണ്. നാട്യക്കാരൻ ﴿إِيَّاكَ نَعْبُدُ﴾ «നിനക്കു മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു» എന്ന വചനത്തെ സാക്ഷാൽകരിക്കുന്നില്ല. അഹംഭാവി ﴿وَإِيَّاكَ نَسْتَعِينُ﴾ «നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു» എന്ന വചനത്തെയും സാക്ഷാൽകരിക്കുന്നില്ല. ﴿إِيَّاكَ نَعْبُدُ﴾ എന്ന വചനത്തെ സാക്ഷാൽകരിച്ചവൻ നാട്യത്തിൽനിന്ന് രക്ഷപ്പെട്ടു. ﴿وَإِيَّاكَ نَسْتَعِينُ﴾ എന്ന വചനത്തെ സാക്ഷാൽകരിച്ചവൻ അഹന്തയിൽനിന്നും രക്ഷപ്പെട്ടു. പ്രശസ്തമായ ഒരു നബിവചനത്തിൽ ഇപ്രകാരം കാണാം: «മൂന്നു കാര്യങ്ങൾ വിനാശകരമാണ്: വിധേയത്വം കാണിക്കപ്പെടുന്ന സങ്കുചിതത്വം, പിന്തുടരപ്പെടുന്ന അഭീഷ്ടം, അഹത്തിന്റെ കാര്യത്തിൽ ഒരാൾ കാണിക്കുന്ന ഡംഭ്.»" (ഇബ്‌നു തൈമിയ്യഃ, മജ്മൂഉൽ ഫതാവാ)

അന്തര്യാമിയായി വർത്തിക്കുന്ന ഈ ശിർക്കൻ മനോവ്യാപാരം മിക്കപ്പോഴും മറ്റുള്ളവരുടെ ശ്രദ്ധയിൽ പോലും വന്നു കൊള്ളണ

മെന്നില്ല. മാരകമായ ഈ അവസ്ഥ ഇഖ്‌ലാസ്വിന്റെ ലംഘനമാണ്; ഇഖ്‌ലാസ്വിന്റെ പൂർത്തീകരണത്തിന് അതിൽനിന്ന് തീർത്തും മുക്ത മാകേണ്ടത് അനിവാര്യവുമാണ്.

നാല്: പ്രത്യക്ഷത്തിൽ വിനീതനായ ഒരു വിശ്വാസിയായി നടി ക്കുക, അകമേ അഹങ്കാരത്തിന്റെയും അവിശ്വാസത്തിന്റെയും ഇരട്ട ഗോപുരം പേറുക. ഇതാണ് نِفَاقٌ അഥവാ കാപട്യം. ഇഖ്‌ലാസ്വിനെ തകർത്തെറിയുന്ന ഈ നിഫാഖിൽനിന്ന് രക്ഷപ്പെടുക. അല്ലാഹു പറയുന്നു:

﴿إِنَّ الْمُنَافِقِينَ فِي الدَّرْكِ الْأَسْفَلِ مِنَ النَّارِ وَلَن تَجِدَ لَهُمْ نَصِيرًا ﴿١٤٥﴾ إِلَّا الَّذِينَ تَابُوا وَأَصْلَحُوا وَاعْتَصَمُوا بِاللَّهِ وَأَخْلَصُوا دِينَهُمْ لِلَّهِ فَأُولَٰئِكَ مَعَ الْمُؤْمِنِينَ ۖ وَسَوْفَ يُؤْتِ اللَّهُ الْمُؤْمِنِينَ أَجْرًا عَظِيمًا ﴿١٤٦﴾﴾ (النساء)

«തീർച്ചയായും കപടന്മാർ നരകത്തിന്റെ ഏറ്റവും അടിയിലെ തട്ടി ലായിരിക്കും. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുകയില്ല. വിശ്വാസത്തിലേക്ക് മടങ്ങുകയും, തകരാറുകൾ പരിഹരിക്കുകയും, അല്ലാഹുവിനെ പരിപൂർണ്ണമായി അവലംബിക്കുകയും തങ്ങളുടെ ദീൻ കലർപ്പില്ലാതെ അല്ലാഹുവിന് മാത്രമാക്കുകയും ചെയ്തവരൊഴികെ. അവർ വിശ്വാസികളോടൊപ്പമായിരിക്കും. വിശ്വാസികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകും.» (അന്നിസാഅ്, 4:145, 146)

കാപട്യം ഒരു വല്ലാത്ത വിപത്തു തന്നെയാണ്. പ്രത്യക്ഷത്തിൽ മുസ്‌ലിമായി നടിക്കുകയും, മുസ്‌ലിംകളോടൊപ്പം സഹവസിച്ച് ആനുകൂല്യങ്ങൾ പറ്റുകയും, അവസരവാദികളും ദ്വിമുഖികളുമായി പെരുമാറുകയും ചെയ്യുന്നവരാണവർ. കളവ് പറയൽ, കരാർ ലംഘ നം, ചതിപ്രയോഗം, അശ്ലീലം പറയൽ, ആഭാസത്തരം കാണിക്കൽ ഇതൊക്കെയാണ് മുനാഫിഖിന്റെ ലക്ഷണങ്ങൾ. ചിലർ പൂർണ്ണമാ യും മുനാഫിഖായി മാറുമ്പോൾ മറ്റു ചിലർ കാപട്യത്തിന്റെ വിശേഷ ലക്ഷണങ്ങളിൽ ചിലതുമായി ജീവിക്കുന്നു. കാപട്യം പിടികൂടുന്നതി

നെ കുറിച്ച് നാം എപ്പോഴും ജാഗരൂകരായിരിക്കണം. സമുന്നതരായ സ്വഹാബിമാർ നമുക്ക് മുന്നിൽ വരച്ചുവെച്ച മഹനീയ മാതൃക അങ്ങനെയാണ്. ഉമർ ﵁ പോലും തന്നെ കാപട്യം പിടികൂടുമോ എന്ന് ആശങ്കപ്പെടാറുണ്ടായിരുന്നു. മുപ്പത് സ്വഹാബിമാരുമായി ഇടപഴകാൻ ഭാഗ്യം ലഭിച്ച പ്രശസ്ത താബിഈവര്യൻ ഇബ്ന അബീ മുലൈകഃ ﵀ പറയുന്നത് കാണുക:

" وَلَقَدْ أَدْرَكْتُ كَذَا وَكَذَا مِنْ أَصْحَابِ النَّبِيِّ ﷺ مَا مَاتَ رَجُلٌ مِنْهُمْ إِلَّا وَهُوَ يَخْشَى عَلَى نَفْسِهِ النِّفَاقَ " (اللالكائي في شرح أصول اعتقاد أهل السنة والجماعة)

"നബിയുടെ ﷺ അനുചരന്മാരിൽനിന്ന് ഇത്രയിത്ര ആളുകളെ എനിക്ക് കണ്ടുമുട്ടാൻ സാധിച്ചിട്ടുണ്ട്. അവരിൽ ഒരാൾ പോലും സ്വന്തം കാര്യത്തിൽ കാപട്യത്തെ ഭയപ്പെട്ടു കൊണ്ടല്ലാതെ മരണപ്പെട്ടുപോയിട്ടില്ല." (ഇമാം അല്ലാലകാഈ, ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്‌ലിസ്സുന്നഃ വൽജമാഅഃ)

അഞ്ച്: മതപരമായ കാര്യങ്ങൾ അനുവർത്തിക്കുന്നത് അല്ലാഹുവിന്റെ കോപത്തിൽനിന്ന് രക്ഷപ്പെടാനും അവന്റെ പ്രീതി കരസ്ഥമാക്കാനും വേണ്ടിയാണ്. അതു മുഖേന പരലോകത്ത് നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും സ്വർഗ്ഗത്തിൽ പ്രവേശിക്കാനും സാധിക്കണം. സർവ്വോപരി, സ്വർഗ്ഗത്തിൽ വെച്ച് അല്ലാഹുവിന്റെ തിരുമുഖം (وَجْهُ اللهِ) ദർശിക്കാനുള്ള മഹാഭാഗ്യം ലഭിക്കുകയും വേണം. അതാണ് ഏറ്റവും വലിയ നേട്ടം. മറ്റൊന്നും അതിനോളം വരില്ല. കാര്യം ഇങ്ങനെയാണെന്നിരിക്കെ അല്ലാഹുവിന് വേണ്ടി ചെയ്യുന്ന ഒരു കാര്യവും മറ്റുള്ളവർ കാണട്ടെ എന്ന് വെക്കരുത്. അത് رِيَاءٌ അഥവാ ലോകമാന്യമാണ്. അത് തൗഹീദിനു കളങ്കമാണ്; ചെറിയ ശിർക്കാണ്. ഇഖ്‌ലാസ്വ് പൂർത്തീകരിക്കണമെങ്കിൽ അത് അനിവാര്യമായും പരിവർജ്ജിക്കേണ്ടതാണ്. സജ്ജനങ്ങളെ പിശാച് പിടികൂടുന്ന രംഗമാണിത്. അതിനെ കുറിച്ച് സദാ ജാഗരൂകരായിരിക്കേണ്ടത് അനിവാര്യമാണ്. അല്ലാഹു പറയുന്നത് കാണുക:

﴿فَوَيْلٌ لِّلْمُصَلِّينَ ۝٤ الَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ۝٥ الَّذِينَ هُمْ يُرَاءُونَ ۝٦﴾ (الماعون)

«എന്നാൽ നമസ്കാരക്കാർക്കാണു വിനാശകരമായ വൈൽ എന്ന നരകം. അവർ തങ്ങളുടെ നമസ്കാരത്തിൽ ശ്രദ്ധയില്ലാത്തവരാണ്. അവർ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്നവരാണ്.» (അൽ മാഊൻ, 107:4-6)

ഇത്തരം ഗോപ്യമായ ശിർക്കിനെ കുറിച്ച് നബി ﷺ നൽകിയ താക്കീത് കാണുക:

عن محمود بن لبيد رضي الله عنه قال: خرج النبي ﷺ فقال: « يا أيها الناس إياكم وشرك السرائر» قالوا: يا رسول الله! وما شرك السرائر؟ قال: « يقوم الرجل فيصلي فيزين صلاته جاهدا لما يرى من نظر الناس إليه فذلك شرك السرائر » (أخرجه ابن خزيمة في صحيحه وحسنه الألباني)

മഹ്മൂദ് ബിൻ ലബീദ് رضي الله عنه നിവേദനം: അദ്ദേഹം പറയുന്നു: ഒരിക്കൽ നബി ﷺ പുറത്തേക്ക് വന്നുകൊണ്ട് പറഞ്ഞു: «അല്ലയോ ജനങ്ങളേ, നിങ്ങൾ ഗോപ്യമായ ശിർക്കിനെ സൂക്ഷിക്കണം!» അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്താണ് ഗോപ്യമായ ശിർക്ക്? അവിടുന്ന് പറഞ്ഞു: «ഒരാൾ വന്നുനിന്ന് നമസ്കാരം തുടങ്ങുന്നു. ജനം തന്നെ വീക്ഷിക്കുന്നു എന്ന് കാണുമ്പോൾ അയാൾ പണിപ്പെട്ട് തന്റെ നമസ്കാരം ഭംഗിയാക്കുന്നു. അതു തന്നെയാണ് ഗോപ്യമായ ശിർക്ക്.» (ഇബ്നു ഖുസൈമഃ, സ്വഹീഹ് ഇബ്നി ഖുസൈമഃ)

ആറ്: അല്ലാഹുവിന വേണ്ടി ചെയ്യുന്ന കാര്യങ്ങൾ ചിലപ്പോൾ കേളിക്ക് വേണ്ടി കൂടി ഉപയോഗിക്കാറുണ്ട്. താൻ ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർ കേൾക്കട്ടെ. അവർ അതിനെ കുറിച്ച് പ്രശംസിക്കട്ടെ. അതു മുഖേന തനിക്കു പ്രശസ്തി കൂടി കൈവരട്ടെ. ഇത് തന്റെ ഉദ്ദേശ്യശുദ്ധി കളങ്കപ്പെടുത്തുന്ന മായമാണ്, ഗോപ്യമായ ശിർക്കാണ്,

ചെറിയ ശിർക്കിന്റെ ഇനങ്ങളിൽ ഒന്നാണ്. ഇഖ്‌ലാസ്വ് പൂർത്തീകരിക്കണമെങ്കിൽ കേളിയുടെ (سُمْعَةٌ) ഈ ഭ്രാന്ത് ഉപേക്ഷിച്ചേ മതിയാകൂ.

സ്വാഭാവികമായും ചിലർക്കുണ്ടാകുന്ന ഒരു സംശയം ഇതാണ്: ലോകമാന്യവും കേളിയും (الرِّيَاءُ والسُّمْعَة) തമ്മിലുള്ള വ്യത്യാസമെന്താണ്? രണ്ടും ചെറിയ ശിർക്കാണ്; ഗോപ്യമായ ശിർക്കിന്റെ ഭിന്നപ്രകാരങ്ങളാണ്. ലോകമാന്യം ജനങ്ങളെ കാണിക്കാനും, കേളി ജനങ്ങളെ കേൾപ്പിക്കാനും വേണ്ടിയുള്ളതായിരിക്കും. രണ്ടും പ്രശസ്തിയുടെ ഭ്രാന്തു തന്നെ. ശ്രദ്ധിക്കുക! ഇത്തരക്കാർ അല്ലാഹുവിനെയും അവന്റെ പ്രീതിയെയും തീരെ ഉദ്ദേശിക്കുന്നില്ല എന്ന് ധരിക്കരുത്. മറിച്ച്, അല്ലാഹുവിനു വേണ്ടി തന്നെയാണ് ഈ കാര്യങ്ങൾ ചെയ്യുന്നത്. പക്ഷെ, അതിൽ ഇത്തരം കളങ്കങ്ങൾ ചേർക്കുന്നു എന്നു മാത്രം - അതാണല്ലോ ശിർക്ക് അഥവാ പങ്കുചേർക്കൽ. കിതാബുത്തൗഹീദിന്റെ വിശദീകരണത്തിൽ ശൈഖ് സുലൈമാൻ ﵀ പറയുന്നത് കാണുക:

" الفرق بين الرياء وبين السمعة: أن الرياء هو العمل لرؤية الناس، والسمعة لأجل سماعهم، فالرياء يتعلق بحاسة البصر، والسمعة بحاسة السمع" (سليمان بن عبد الله بن محمد بن عبد الوهاب في تيسير العزيز الحميد)

"ലോകമാന്യവും കേളിയും തമ്മിലുള്ള വ്യത്യാസം, ലോകമാന്യം ജനങ്ങളെ കാണിക്കാൻ വേണ്ടിയുളളതും കേളി ജനങ്ങളെ കേൾപ്പിക്കാൻ വേണ്ടിയുള്ളതുമാണ്. ലോകമാന്യം കാഴ്ച ശക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു; കേളി കേൾവിശക്തിയുമായും." (ശൈഖ് സുലൈമാൻ ബിൻ അബ്ദില്ലാ, തയ്സീറുൽ അസീസിൽ ഹമീദ്)

ഇപ്രകാരം, ഒരാൾ അല്ലാഹുവിനു വേണ്ടി ചെയ്യുന്ന കാര്യങ്ങളിൽ ലോകമാന്യമോ പ്രശസ്തിയോ കൂടി ഉദ്ദേശിച്ചാൽ അത് അല്ലാഹു സ്വീകരിക്കുകയില്ല. പൂർണ്ണവും പരിശുദ്ധവുമല്ലാത്ത, വീതം വെച്ചതും കളങ്കം ചാർത്തിയതുമായ കർമ്മങ്ങൾ അവന് ആവശ്യമില്ല. അത് ചെറിയ ശിർക്കാണ്. നബി ﷺ പറയുന്നത് കാണുക:

عَنْ جُنْدُبٍ قَالَ: قَالَ النَّبِيُّ ﷺ « مَنْ سَمَّعَ سَمَّعَ اللهُ بِهِ، وَمَنْ يُرَائِي يُرَائِي اللهُ بِهِ » (أخرجه البخاري في صحيحه)

ജുൻദുബ് (റ) നിവേദനം: നബി ﷺ പറഞ്ഞു: «ആർ കേളിക്കു വേണ്ടി ചെയ്യുന്നുവോ അവന്റെ കാര്യത്തിൽ അല്ലാഹു കേളിവരുത്തും. ആർ ലോകമാന്യം കാണിക്കുന്നുവോ അവന്റെ കാര്യം അല്ലാഹു ലോകരെ കാണിക്കും.» [അഥവാ അവന്റെ തനിനിറം ലോകർക്കു മുന്നിൽ വെളിപ്പെടുത്തി അവനെ വഷളാക്കുമെന്ന് ധ്വനി]. (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ഏഴ്: അല്ലാഹുവിന് വേണ്ടി ചെയ്യുന്ന കാര്യങ്ങൾ തീർത്തും പരിശുദ്ധമായിരിക്കണം. അതിൽ തന്റെ കീർത്തി, സൽപ്പേര്, യശസ്സ് പോലുള്ളവ കലരാൻ പാടില്ല. വളരെ സങ്കീർണ്ണമായ ഒരു മേഖലയാണിത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്ന ഒരു യോദ്ധാവ് അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കുന്നതോടൊപ്പം ഒരു സൽപ്പേരു കൂടി ആഗ്രഹിക്കുന്നത് തെറ്റാണോ എന്നു സംശയിക്കാം. അതെ, അതു വലിയ തെറ്റു തന്നെയാണ്. തെറ്റു മാത്രമല്ല ശിർക്കാണ്; ഇഖ്‌ലാസ്വിന ഭംഗം വരുത്തുന്ന ചെറിയ ശിർക്ക്. ഒരു ഹദീസ് കാണുക:

عَنْ أَبِي أُمَامَةَ الْبَاهِلِيِّ، قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ ﷺ، فَقَالَ: أَرَأَيْتَ رَجُلًا غَزَا يَلْتَمِسُ الْأَجْرَ وَالذِّكْرَ، مَالَهُ؟ فَقَالَ رَسُولُ اللهِ ﷺ: « لَا شَيْءَ لَهُ » فَأَعَادَهَا ثَلَاثَ مَرَّاتٍ، يَقُولُ لَهُ رَسُولُ اللهِ ﷺ: « لَا شَيْءَ لَهُ » ثُمَّ قَالَ: «إِنَّ اللهَ لَا يَقْبَلُ مِنَ الْعَمَلِ إِلَّا مَا كَانَ لَهُ خَالِصًا، وَابْتُغِيَ بِهِ وَجْهُهُ » (أخرجه النسائي في سننه وصححه الألباني)

അബൂ ഉമാമഃ (റ) നിവേദനം: ഒരാൾ നബി ﷺ യുടെ അരികിൽ വന്നുകൊണ്ട് ചോദിച്ചു: പ്രതിഫലവും കീർത്തിയും കാംക്ഷിച്ചുകൊണ്ടാണ് ഒരാൾ യുദ്ധം ചെയ്യുന്നതെങ്കിൽ അയാൾക്ക് എന്ത് ലഭിക്കുമെന്നാണ് താങ്കൾ കാണുന്നത്? അപ്പോൾ നബി ﷺ പറഞ്ഞു: «അയാൾക്ക് ഒന്നു

മുണ്ടായിരിക്കില്ല.» അദ്ദേഹം മൂന്നു തവണ അതേ ചോദ്യം ആവർത്തിച്ചു. അപ്പോഴെല്ലാം നബി ﷺ അദ്ദേഹത്തോട് പറഞ്ഞുകൊണ്ടിരുന്നു: «അയാൾക്ക് ഒന്നുമുണ്ടായിരിക്കില്ല.» പിന്നീട് അവിടുന്ന് വിശദീകരിച്ചു: «കർമ്മങ്ങളിൽനിന്ന് ഒന്നും അല്ലാഹു സ്വീകരിക്കുകയില്ല, അവനു മാത്രമായി, അവന്റെ മുഖം കാംക്ഷിച്ചുകൊണ്ട് ചെയ്യുന്നതല്ലാതെ.» (ഇമാം നസാഈ, സുനൻ അന്നസാഈ)

ഇഖ്ലാസ്വിനു ഭംഗം വരുത്തുന്ന കാര്യങ്ങൾ ഒരിക്കലും ചെറുതായി കാണരുത്. അത്തരക്കാരുടെ പരിണതി എന്തായിരിക്കും എന്ന് വരച്ചു കാണിക്കുന്ന ഒരു ഹദീസ് അൽപം സുദീർഘമാണെങ്കിലും ഇവിടെ ഉദ്ധരിക്കാം:

عن شُفَيٍّ الْأَصْبَحِيّ قال: أَنَّهُ دَخَلَ مَسْجِدَ الْمَدِينَةِ، فَإِذَا هُوَ بِرَجُلٍ قَدِ اجْتَمَعَ عَلَيْهِ النَّاسُ، فقَالَ: مَنْ هَذَا؟ قَالُوا: أَبُو هُرَيْرَةَ قَالَ: فَدَنَوْتُ مِنْهُ حَتَّى قَعَدْتُ بَيْنَ يَدَيْهِ وَهُوَ يُحَدِّثُ النَّاسَ، فَلَمَّا سَكَتَ وَخَلَا قُلْتُ لَهُ: أَنْشُدُكَ بِحَقِّي لَمَا حَدَّثْتَنِي حَدِيثًا سَمِعْتَهُ مِنْ رَسُولِ اللهِ ﷺ عقلتَهُ وعلمتَهُ، فقَالَ أَبُو هُرَيْرَةَ: أَفْعَلُ لَأُحَدِّثَنَّكَ حَدِيثًا حَدَّثَنِيهِ رسول الله ﷺ عَقَلْتُه وعَلِمْتُه، ثُمَّ نَشَغَ أَبُو هُرَيْرَةَ نَشْغَةً، فَمَكَثَ قَلِيلًا ثُمَّ أَفَاقَ، فقَالَ: لَأُحَدِّثَنَّكَ حَدِيثًا حَدَّثَنِيهِ رسول الله ﷺ وأنا وَهُوَ فِي هَذَا الْبَيْتِ مَا مَعَنَا أَحَدٌ غَيْرِي وَغَيْرُهُ، ثُمَّ نَشَغَ أَبُو هُرَيْرَةَ نَشْغَةً أُخْرَى، فَمَكَثَ كَذَلِكَ ثُمَّ أَفَاقَ، فَمَسَحَ عَنْ وَجْهِهِ فقَالَ: أفعلُ لَأُحَدِّثَنَّكَ حَدِيثًا حَدَّثَنِيهِ رَسُولُ اللهِ ﷺ وَأَنَا وَهُوَ فِي هَذَا الْبَيْتِ مَا مَعَهُ أَحَدٌ غَيْرِي وَغَيْرُهُ، ثُمَّ نَشَغَ نَشْغَةً شَدِيدَةً، ثُمَّ مَالَ خَارًّا عَلَى وَجْهِهِ، وَاشْتَدَّ بِهِ طَوِيلًا ثُمَّ أَفَاقَ، فقَالَ: حَدَّثَنِي رَسُولُ اللهِ ﷺ: « أَنَّ اللهَ تَبَارَكَ وَتَعَالَى إِذَا كَانَ يَوْمُ الْقِيَامَةِ يَنْزِلُ إِلَى الْعِبَادِ لِيَقْضِيَ بَيْنَهُمْ وَكُلُّ أُمَّةٍ جاثيةٌ فَأَوَّلُ مَنْ يَدْعُو بِهِ رَجُلٌ جَمَعَ الْقُرْآنَ وَرَجُلٌ يُقتل فِي سَبِيلِ اللهِ وَرَجُلٌ كَثِيرُ الْمَالِ فَيَقُولُ اللهُ تبارك وتعالى

للقارىء: أَلَمْ أُعَلِّمْكَ مَا أَنْزَلْتُ عَلَى رَسُولِي ﷺ؟ قَالَ: بَلَى يَا رَبِّ قَالَ: فَمَاذَا عَمِلْتَ فِيمَا عَلِمْتَ؟ قَالَ: كُنْتُ أَقُومُ بِهِ آنَاءَ اللَّيْلِ وَآنَاءَ النَّهَارِ، فَيَقُولُ اللهُ تَبَارَكَ وَتَعَالَى لَهُ: كذبت، وَتَقُولُ لَهُ الْمَلَائِكَةُ: كذبت، وَيَقُولُ اللهُ: بَلْ أَرَدْتَ أَنْ يقال: فلان قارىء، فَقَدْ قِيلَ ذَاكَ، وَيُؤْتَى بِصَاحِبِ الْمَالِ فَيَقُولُ اللهُ لَهُ: أَلَمْ أوسِّع عَلَيْكَ حَتَّى لَمْ أَدَعْكَ تَحْتَاجُ إِلَى أَحَدٍ؟ قَالَ: بَلَى يَا رَبِّ، قَالَ: فَمَاذَا عَمِلت فِيمَا آتَيْتُكَ؟ قَالَ: كُنْتُ أَصِلُ الرَّحِمَ وَأَتَصَدَّقُ؟ فَيَقُولُ اللهُ لَهُ: كَذَبْتَ، وَتَقُولُ الْمَلَائِكَةُ لَهُ: كَذَبْتَ، وَيَقُولُ اللهُ: بل إنما أردت أن يقال: فُلَانٌ جَوَادٌ، فَقَدْ قِيلَ ذَاكَ، وَيُؤْتَى بِالَّذِي قُتِلَ فِي سَبِيلِ اللهِ فيُقال لَهُ: فِي مَاذَا قُتِلْتَ؟ فَيَقُولُ: أُمِرْتُ بِالْجِهَادِ فِي سَبِيلِكَ فَقَاتَلْتُ حَتَّى قُتِلْتُ، فَيَقُولُ اللهُ لَهُ: كَذَبْتَ، وَتَقُولُ لَهُ الْمَلَائِكَةُ: كَذَبْتَ، وَيَقُولُ اللهُ: بَلْ أردت أن يقال: فلان جريء فَقَدْ قِيلَ ذَاكَ » ثُمَّ ضَرَبَ رَسُولُ اللهِ ﷺ رُكْبَتِي فقَالَ: « يَا أَبَا هُرَيْرَةَ ! أُولَئِكَ الثَّلَاثَةُ؛ أَوَّلُ خَلْقِ اللهِ، تُسَعَّرُ بِهِمُ النَّارُ يَوْمَ الْقِيَامَةِ » (أخرجه ابن حبان في صحيحه، وصححه الألباني)

**ശുഫയ്യ് അൽ അസ്‌ബഹി നിവേദനം:**

**അദ്ദേഹം ഒരിക്കൽ മദീനാ പള്ളിയിൽ പ്രവേശിച്ചു. അപ്പോഴതാ അവിടെ ഒരാൾ; അദ്ദേഹത്തിന് ചുറ്റും ജനം ഒരുമിച്ച് കൂടിയിരിക്കുന്നു.**

**"ഇതാരാണ്?" അദ്ദേഹം ചോദിച്ചു.**

**"അബൂ ഹുറയ്റഃ ﵁", അവർ മറുപടി പറഞ്ഞു.**

**അദ്ദേഹം പറയുന്നു: അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ അരികിൽ ചെന്ന് മുന്നിലിരുന്നു. അദ്ദേഹം ജനങ്ങൾക്ക് ഹദീസ് പറഞ്ഞു കൊടുക്കുകയാണ്.**

**അങ്ങനെ സംസാരം നിർത്തി ജനങ്ങൾ പിരിഞ്ഞ് അദ്ദേഹം തനി**

ച്ചായപ്പോൾ ഞാൻ പറഞ്ഞു: "എനിക്കുള്ള സവിശേഷാവകാശം മുൻനിർത്തി താങ്കളോട് ചോദിക്കുകയാണ്, നബിയിൽനിന്ന് ﷺ താങ്കൾ കേൾക്കുകയും ഗ്രഹിക്കുകയും അറിഞ്ഞ് ബോധ്യപ്പെടുകയും ചെയ്ത ഒരു ഹദീസ് താങ്കൾ എനിക്ക് പറഞ്ഞു തന്നാലും."

അബൂ ഹുറയ്റഃ ؓ പറഞ്ഞു: "ഉറപ്പായും ഞാൻ ചെയ്യാം. നബി ﷺ എനിക്ക് പറഞ്ഞുതരികയും ഞാൻ ഗ്രഹിക്കുകയും അറിഞ്ഞ് ബോധ്യപ്പെടുകയും ചെയ്ത ഒരു ഹദീസ് തീർച്ചയായും ഞാൻ താങ്കൾക്ക് പറഞ്ഞു തരാം."

പിന്നീട് അബൂ ഹുറയ്റഃ ؓ ഒരു നെടുവീർപ്പിടുകയും അൽപം കഴിഞ്ഞ് മനഃസാന്നിധ്യം വീണ്ടെടുത്തുകൊണ്ട് പറയുകയും ചെയ്തു: "നബിയും ﷺ ഞാനും ഈ വീട്ടിലായിരിക്കെ, അദ്ദേഹവും ഞാനുമല്ലാതെ മറ്റാരും ഞങ്ങളുടെ കൂടെ ഇല്ലാത്തപ്പോൾ അവിടുന്ന് എനിക്ക് പറഞ്ഞു തന്ന ഒരു ഹദീസ് ഞാൻ താങ്കൾക്ക് ഉറപ്പായും പറഞ്ഞുതരാം."

പിന്നെയും അബൂ ഹുറയ്റഃ ؓ ഒരു നെടുവീർപ്പിടുകയും അൽപം കഴിഞ്ഞ് മനഃസാന്നിധ്യം വീണ്ടെടുത്ത് തന്റെ മുഖമൊന്ന് തുടക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: "ഞാൻ ചെയ്യാം. നബിയും ﷺ ഞാനും ഈ വീട്ടിലായിരിക്കെ, അദ്ദേഹവും ഞാനുമല്ലാതെ മറ്റാരും ഞങ്ങളുടെ കൂടെ ഇല്ലാത്തപ്പോൾ അവിടുന്ന് എനിക്ക് പറഞ്ഞു തന്ന ഒരു ഹദീസ് ഉറപ്പായും ഞാൻ താങ്കളെ പറഞ്ഞു കേൾപ്പിക്കാം."

പിന്നെ അദ്ദേഹം അതിശക്തമായ ഒരു നെടുവീർപ്പിടുകയും മുഖം കുത്തി ചെരിഞ്ഞു വീഴുകയും ചെയ്തു. ആ വിഷമാവസ്ഥ ഏറെ നീണ്ടുപോയി. പിന്നെ അദ്ദേഹം മോഹാലസ്യത്തിൽനിന്ന് ഉണർന്ന് ഇപ്രകാരം പറഞ്ഞു: നബി ﷺ എന്നോട് പറഞ്ഞു: «അന്ത്യനാളിൽ അടിയാറുകൾക്കിടയിൽ തീർപ്പു കൽപിക്കാൻ അല്ലാഹു അവരിലേക്ക് ഇറങ്ങിവരും. അപ്പോൾ ഓരോ സമുദായവും കാൽമുട്ടിൽ നിൽക്കുകയായിരിക്കും.

അപ്പോൾ ആദ്യമായി വിളിക്കുന്നത് ഖുർആൻ മനഃപാഠമാക്കിയ ഒരാളെയും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ട ഒരാളെയും ധനാഢ്യനായ ഒരാളെയും ആയിരിക്കും.

അങ്ങനെ അല്ലാഹു ഖുർആൻ മനഃപാഠമാക്കിയ വ്യക്തിയോട് പറയും: എന്റെ ദൂതനു ഞാൻ അവതരിപ്പിച്ചത് നിനക്കു ഞാൻ പഠിപ്പിച്ചു തന്നില്ലേ?

അതെ, റബ്ബേ! തീർച്ചയായും.. അദ്ദേഹം മറുപടി പറയും.

അല്ലാഹു ചോദിക്കും: നീ നേടിയ ആ അറിവു കൊണ്ട് നീഎന്താണു പ്രവർത്തിച്ചത്?

അയാൾ പറയും: രാപ്പകലുകളുടെ നീണ്ട യാമങ്ങളിൽ അത് പാരായണം ചെയ്ത് ഞാൻ നമസ്കരിക്കാറുണ്ടായിരുന്നു.

അപ്പോൾ അല്ലാഹു അയാളോട് പറയും: നീ കള്ളമാണ് പറയുന്നത്.

മലക്കുകളും അയാളോട് പറയും: നീ കള്ളമാണ് പറയുന്നത്.

അപ്പോൾ അല്ലാഹു പറയും: മറിച്ച്, നിന്റെ ഉദ്ദേശ്യം ഇന്നയാൾ നന്നായി ഖുർആൻ പാരായണം ചെയ്യുന്നവനാണ് എന്ന് പറയപ്പെടാനായിരുന്നു. അത് പറയപ്പെട്ടുവല്ലോ.

അങ്ങനെ ധനാഢ്യനായ വ്യക്തിയെ ഹാജരാക്കും. എന്നിട്ട് അല്ലാഹു അദ്ദേഹത്തോട് ചോദിക്കും: ഒരാളുടെ അടുത്തേക്കും യാതൊരാവശ്യത്തിനും വിടാത്ത വിധം നിനക്കു ഞാൻ സമൃദ്ധിയേകിയില്ലേ?

അയാൾ പറയും: അതെ, റബ്ബേ! തീർച്ചയായും..

അല്ലാഹു ചോദിക്കും: നിനക്കു ഞാൻ നൽകിയതിൽ നീ എന്താണ് പ്രവർത്തിച്ചത്?

അയാൾ പറയും: ഞാൻ കുടുംബ ബന്ധം പുലർത്തുകയും ദാന ധർമ്മം നൽകുകയും ചെയ്തിരുന്നു.

അപ്പോൾ അല്ലാഹു അയാളോട് പറയും: നീ കള്ളമാണ് പറയുന്നത്.

മലക്കുകളും അയാളോട് പറയും: നീ കള്ളമാണ് പറയുന്നത്.

അല്ലാഹു പറയും: മറിച്ച്, നിന്റെ ഉദ്ദേശ്യം ഇന്നയാൾ ധർമ്മിഷ്ഠൻ എന്ന് പറയപ്പെടണമെന്നായിരുന്നു. അത് അങ്ങനെ പറയപ്പെട്ടുവല്ലോ.

അങ്ങനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവനെ ഹാജരാക്കും. അയാളോട് ചോദിക്കപ്പെടും: എന്തു കാര്യത്തിനാണ് നീ കൊല്ലപ്പെട്ടത്?

അയാൾ പറയും: നിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യാനാണ് എന്നോട് കൽപിച്ചിരുന്നത്. അങ്ങനെ ഞാൻ കൊല്ലപ്പെടുന്നതു വരെ യുദ്ധം ചെയ്തു.

അപ്പോൾ അല്ലാഹു അയാളോട് പറയും: നീ കള്ളമാണ് പറയുന്നത്.

മലക്കുകളും അയാളോട് പറയും: നീ കള്ളമാണ് പറയുന്നത്.

അപ്പോൾ അല്ലാഹു പറയും: നീ ഉദ്ദേശിച്ചത് ഇന്നയാൾ ധീരനാണ് എന്ന് പറയപ്പെടാനായിരുന്നു. അത് പറയപ്പെട്ടു കഴിഞ്ഞുവല്ലോ.»

അനന്തരം നബി ﷺ എന്റെ കാൽമുട്ടിൽ തട്ടിയിട്ട് പറഞ്ഞു: «ഓ അബൂ ഹുറയ്റഃ, ആ മൂവർ! അല്ലാഹുവിന്റെ സൃഷ്ടികളിൽനിന്ന് അന്ത്യനാളിൽ ആദ്യമായി നരകം കത്തിക്കപ്പെടുക അവരെക്കൊണ്ടായിരിക്കും.» (ഇബ്നു ഹിബ്ബാൻ, സ്വഹീഹ് ഇബ്നി ഹിബ്ബാൻ)

എട്ട്: പരലോക വിജയത്തിനു വേണ്ടി അനുഷ്ഠിക്കുന്ന കാര്യങ്ങൾ മുഖേന ഭൗതിക നേട്ടങ്ങൾ കൈപ്പറ്റുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നത് ഇഖ്ലാസ്വിനു ഭംഗം വരുത്തുന്ന കാര്യമാണ്. അത്തരക്കാർക്ക് പരലോകത്ത് ഒരു വിഹിതവും ഉണ്ടാവില്ലെന്നാണ് നബി ﷺ താക്കീത് ചെയ്തിരിക്കുന്നത്.

عَنْ أُبَيِّ بْنِ كَعْبٍ، قَالَ: قَالَ رَسُولُ اللهِ ﷺ: « بَشِّرْ هَذِهِ الْأُمَّةَ بِالسَّنَاءِ، وَالرِّفْعَةِ، وَالنَّصْرِ، وَالتَّمْكِينِ فِي الْأَرْضِ، فَمَنْ عَمِلَ مِنْهُم عَمَلَ الْآخِرَةِ لِلدُّنْيَا، لَمْ يَكُنْ لَهُ فِي الْآخِرَةِ نَصِيبٌ » (أَخْرَجَهُ أَحْمَدُ فِي مُسْنَدِهِ وَصَحَّحَهُ الْأَلْبَانِي)

**ഉബയ്യ് ബിൻ കഅ്ബ് ﵁ നിവേദനം: നബി ﷺ പറയുന്നു: «ഈ സമുദായത്തിന് സന്തോഷവാർത്ത അറിയിക്കുക – അവർക്ക് ഔജ്ജ്വല്യവും ഉൽക്കർഷവും വിജയവും ഭൂമിയിൽ ആധിപത്യവും ലഭിക്കാൻ പോകുന്നുവെന്ന്. എന്നാൽ അവരിൽ ആരെങ്കിലും പരലോകത്തിനായി ചെയ്യേണ്ട ഒരു കർമ്മം ഐഹിക നേട്ടത്തിനായി ചെയ്താൽ, അവന് പരലോകത്ത് യാതൊരു വിഹിതവും ഉണ്ടായിരിക്കില്ല.» (ഇമാം അഹ്മദ്, മുസ്നദുൽ ഇമാം അഹ്മദ്)**

**ഇങ്ങനെ അല്ലാഹുവിനെ എല്ലാ അർത്ഥത്തിലും മുഴുവൻ തലങ്ങളിലും ഏകനാക്കുക. അവനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ മുകളിൽ സൂചിപ്പിച്ചതു പോലുള്ള കളങ്കങ്ങളും കലർപ്പുകളും ചേരാതെ അവനു വേണ്ടി, അവന്റെ വജ്ഹ് തേടിക്കൊണ്ട്, അവനു മാത്രമായി അനുഷ്ഠിക്കുക. ഇതാണ് ഇഖ്ലാസ്വിന്റെ വിവക്ഷ.**

**ഇത്രമേൽ പരിശുദ്ധവും, യാതൊരു വിധ കലർപ്പോ കളങ്കമോ ചേരാത്തതും, അല്ലാഹുവിന് മാത്രമായി അവന്റെ മുഖം കാംക്ഷിച്ചു കൊണ്ട് ചെയ്യുന്നതുമായ കാര്യങ്ങളേ അവനു വേണ്ടൂ. അതാണ് خَالِص ആയ പ്രവർത്തനം. അല്ലാത്തതൊന്നും അല്ലാഹു സ്വീകരിക്കാൻ പോകുന്നില്ല.**

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ ﷺ: « قَالَ اللهُ تَبَارَكَ وَتَعَالَى: أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ، مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي، تَرَكْتُهُ وَشِرْكَهُ » (أخرجه مسلم في صحيحه)

**അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ പറയുന്നു: «അല്ലാഹു**

പറഞ്ഞു: പങ്കാളികൾക്കായി വീതംവെച്ച് കൊടുക്കുന്നതിൽ എനിക്ക് യാതൊരു ആവശ്യമുമില്ല; ഞാൻ അതിൽനിന്ന് പൂർണമായും നിർവൃതനായവൻ ആകുന്നു. ആരെങ്കിലും ഒരു കർമ്മം അനുഷ്ഠിച്ച് അതിൽ എന്നോടൊപ്പം മറ്റുള്ളവരെയും പങ്കുചേർത്താൽ, അവനെയും അവൻ പങ്കുചേർത്തതിനെയും ഞാൻ ഉപേക്ഷിച്ചുകളയും.» (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)

സാന്ദർഭികമായി ഒരു കാര്യം കൂടി ഉണർത്തട്ടെ. പ്രമാണങ്ങളിലെ മൂലവാക്യങ്ങൾ നമ്മുടെ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് വിവർത്തനം ചെയ്യുക എന്നതിലാണു കാര്യം. അതാണ് നബി ﷺ അനുചരന്മാരെ അഭ്യസിപ്പിച്ചിരുന്നത്. അതു തന്നെയാണ് حِكْمَةٌ എന്നതിന്റെ വിവക്ഷയും. അപ്പോൾ നാം ഒരു ആത്മവിമർശനം നടത്തിയേ പറ്റൂ. ബാഹ്യമോ ആന്തരികമോ ആയ സ്ഥാനങ്ങളിൽ ആത്മത്തിനോ അപരത്തിനോ യാതൊരു പങ്കാളിത്തവും നൽകാതെ പൂർണ്ണ പരിശുദ്ധിയോടെ അല്ലാഹുവിന് മാത്രം സമർപ്പിക്കാൻ നമ്മുടെ കൈവശം എന്തുണ്ട്? ഒരു നല്ല കാര്യം ചെയ്യാം. അതിലൂടെ നമുക്ക് ഒരു സൽപേരും കിട്ടിയാൽ കൂടുതൽ നല്ലതല്ലേ? ഇത്തരം ഒരു സംശയത്തിൽ പിശാച് വീഴ്ത്തിക്കളയാത്തവർ വളരെ ചുരുക്കമാണ്. state of the art, well to do, self reliance, personality development, critical spirituality, motivational speeches, photo ops.. ഇങ്ങനെ ഇഖ്‌ലാസ്വിനു ഭംഗം വരുത്തുന്ന നൂതനമായ എന്തെല്ലാം കളങ്കങ്ങളാണ് നമ്മുടെ മുന്നിൽ വെല്ലുവിളി ഉയർത്തുന്നത്? ചിലരുടെ ധാരണ പ്രസ്ഥാനത്തിനു വേണ്ടി, പ്രസ്ഥാനത്തിന്റെ സൽപേരിനു വേണ്ടി എന്നു പറഞ്ഞാൽ എത്ര മാരകമായ കളങ്കങ്ങളും വിശുദ്ധമാകും എന്നാണ്. അല്ലാഹുവിന്റെ മുന്നിൽ ഇത്തരം മറിമായങ്ങൾ ഒന്നും വിലപ്പോവുകയില്ലെന്ന് മാത്രം ഓർത്തുവെക്കുന്നത് നന്നായിരിക്കും.

ചുരുക്കത്തിൽ, ഇത്രമേൽ ആശയമൂല്യങ്ങളുള്ള ഒരു സംജ്ഞയാണ് ഇഖ്‌ലാസ്വ്. മലയാളത്തിലേക്ക് ഒറ്റവാക്കിൽ അതിനെ വിവർത്തനം ചെയ്യുക സാധ്യമല്ല. ആത്മാർത്ഥത, നിഷ്കളങ്കത പോലുള്ള പദ

ങ്ങളൊന്നും ഈ ആശയം ദ്യോതിപ്പിക്കാൻ പര്യാപ്തവുമല്ല. അതു കൊണ്ട് ഇങ്ങനെ വിശദീകരിക്കാനേ നിർവ്വാഹമുള്ളു.

മറ്റേതൊരു ഇബാദത്തിനെയും പോലെ, സകാതും അതു പോലുള്ള ആരാധനകളും സ്വീകാര്യയോഗ്യമായിരിക്കാനുള്ള രണ്ടാമത്തെ നിബന്ധനയാണ് 'മുതാബഅഃ' (الْمُتَابَعَة). അതിന്റെ അഭാവത്തിൽ സകാത് എന്നല്ല ഒരു ഇബാദത്തും സ്വീകാര്യയോഗ്യമാകില്ല. ആകയാൽ ഈ നിബന്ധനയെ കുറിച്ച് ലളിതമായ ഒരു വിവരണം താഴെ കൊടുക്കാം. അല്ലാഹു പറയുന്നു:

﴿فَاسْتَقِمْ كَمَآ أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا ۚ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ١١٢﴾ (هُودٌ)

«അതിനാൽ, താങ്കളോട് കൽപിക്കപ്പെട്ട പ്രകാരം താങ്കളും താങ്കളോടൊപ്പം സത്യത്തിലേക്ക് മടങ്ങിയവരും നേർമാർഗ്ഗത്തിൽ നിലകൊള്ളുക. നിങ്ങൾ പരിധി ലംഘിക്കരുത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കാണുന്നവനാണ്.» (ഹൂദ്, 11:112)

﴿قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ فَٱسْتَقِيمُوٓا۟ إِلَيْهِ وَٱسْتَغْفِرُوهُ ۗ وَوَيْلٌ لِّلْمُشْرِكِينَ ٦﴾ (فصلت)

«പറയുക: ഞാനും നിങ്ങളെ പോലുള്ള ഒരു മനുഷ്യൻ മാത്രമാണ് - ന്യായമായും നിങ്ങൾ ആരാധിക്കേണ്ടവൻ ഒരേ ഒരു ആരാധ്യൻ മാത്രമാണ് എന്ന ബോധനം എനിക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലേക്ക് 'ഇസ്തിഖാമത്തോടെ' മുന്നേറുക, അവനോട് പാപമോചനത്തിന് യാചിക്കുകയും ചെയ്യുക. നരകത്തിൽ വയ്ൽ എന്ന ഭാഗമാണ് മുശ്‌രിക്കുകൾക്കുണ്ടായിരിക്കുക.» (ഫുസ്സ്വിലത്, 41:6)

മുകളിൽ ഉദ്ധരിച്ച രണ്ട് സൂക്തങ്ങളിലും പരാമർശിച്ചിരിക്കുന്ന 'ഇസ്തിഖാമത്ത്' ഓരോരുത്തനും അവനവൻ ഇഛിക്കുന്ന വിധത്തിലല്ല നടപ്പിലാക്കേണ്ടത്. മറിച്ച്, അല്ലാഹു നിശ്ചയിച്ച വിധത്തിൽ

മാത്രമായിരിക്കണം. അതാണ് ﴿كَمَا أُمِرْتَ﴾ എന്ന ഭാഗംനിർദ്ദേശിക്കുന്നത്. അല്ലാഹുവിനെ സൂക്ഷിക്കുന്നതും അവനു ഇബാദത്ത് ചെയ്യുന്നതും അവൻ കൽപിച്ച വിധത്തിലല്ലാതെ, മനുഷ്യർ ഇച്ഛിക്കുന്ന പ്രകാരത്തിലാണെങ്കിൽ അതിനാണ് ദീനിൽ ബിദ്അത്ത് അഥവാ അപനിർമ്മിതി എന്ന് പറയുന്നത്.

അല്ലാഹുവിന്റെ ദീൻ അവൻ തന്നെ പൂർത്തീകരിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا... ۝٣﴾ (المائدة)

«ഇന്നേ ദിവസം നിങ്ങളുടെ ദീൻ നിങ്ങൾക്ക് ഞാൻ പൂർത്തീകരിച്ച് തരുകയും എന്റെ അനുഗ്രഹം നിങ്ങളുടെമേൽ ഞാൻ സമ്പൂർണ്ണമാക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്കു ഞാൻ തൃപ്തിപ്പെട്ട് തരുകയും ചെയ്തിരിക്കുന്നു..» (അൽ മാഇദഃ, 5:3)

അല്ലാഹു പൂർത്തീകരിച്ച അവന്റെ ദീനിൽ, പുണ്യമെന്നു കരുതി സൃഷ്ടികളാരെങ്കിലും നൂതനമായി വല്ലതും കൂട്ടിച്ചേർത്താൽ അതിനാണ് ബിദ്അത്ത് എന്ന് പറയുന്നത്. ഇമാം ശാത്വിബി ﵀ ബിദ്അത്തിനെ നിർവ്വചിക്കുന്നത് കാണുക:

"الْبِدْعَةُ: طَرِيقَةٌ فِي الدِّينِ مُخْتَرَعَةٌ، تُضَاهِي الشَّرْعِيَّةَ، يُقْصَدُ بِالسُّلُوكِ عَلَيْهَا مَا يُقْصَدُ بِالطَّرِيقَةِ الشَّرْعِيَّةِ" (الشاطبي في الاعتصام)

"ശർഇയ്യായ രീതിയോട് കിടപിടിക്കും വിധം ദീനിൽ നിർമ്മിക്കുന്ന നൂതന രീതിയാണ് ബിദ്അത്ത്. ശർഇയായ രീതി കൊണ്ട് ഉദ്ദേശിക്കുന്നതെന്തോ അതു തന്നെയായിരിക്കും അത് അനുവർത്തിക്കുന്നതിലൂടെയും ഉദ്ദേശിക്കുക." (അശ്ശാത്വിബി, അൽ ഇഅ്തിസ്വാം)

അല്ലാഹുവിന് സമർപ്പിക്കുന്ന ഏതൊരു ആരാധനയും സ്വീകാര്യ

യോഗ്യമായ ഒരു പ്രമാണരേഖയെ അവലംബിച്ചുള്ളതായിരിക്കണം. അല്ലെങ്കിൽ അത് ബിദ്അത്തായിത്തീരും. ആരാധനാ കർമ്മങ്ങൾ സ്ഥിരീകരിക്കുന്നതിന് ഇസ്‌ലാമിൽ സവിശേഷമായ ഒരു രീതിയുണ്ട്. സാമാന്യമായ തെളിവ് (الدَّلِيلُ العَامُّ) കൊണ്ട് ഒരു ആരാധനയുടെ അടിസ്ഥാന വശം (أَصْلُ الْعِبَادَةِ) മാത്രമേ സ്ഥിരീകരിക്കാൻ സാധിക്കുകയുള്ളൂ. ഉദാഹരണമായി (البقرة) ﴿وَأَقِيمُوا الصَّلَاةَ.. ﴿٤٣﴾﴾ എന്ന വചനം കൊണ്ട് നമസ്കാരം എന്ന ഒരു ആരാധനാ കർമ്മം ഇസ്‌ലാമിലുണ്ടെന്ന് സ്ഥിരീകരിക്കാൻ സാധിക്കും. എന്നാൽ നമസ്കാരം എന്ന ആ ആരാധനയുടെ രൂപവും വിശദാംശങ്ങളും സ്ഥിരീകരിക്കാൻ സവിശേഷമായ തെളിവ് (الدَّلِيلُ الْخَاصُّ) തന്നെ വേണം.

ഒരു ആരാധനയുടെ അടിസ്ഥാനം തന്നെ ഇസ്‌ലാമിലുണ്ടെന്ന് തെളിയിക്കാനാവശ്യമായ തെളിവ് പാളിയാൽ അത് തനിച്ച നിരപേക്ഷ ബിദ്അത്ത് (بِدْعَةٌ حَقِيقِيَّةٌ) ആയിത്തീരും. ആരാധനയുടെ വിശദാംശങ്ങളും രൂപങ്ങളും സംബന്ധിച്ചുള്ള തെളിവുകളിലാണ് പാളിച്ച സംഭവിച്ചതെങ്കിൽ അത് ആപേക്ഷിക ബിദ്അത്തും (بِدْعَةٌ إِضَافِيَّةٌ) ആയിത്തീരും.

ഇമാം ശാത്വിബി رحمه الله ബിദ്അത്തിനു നൽകിയ മേൽ നിർവ്വചനം സമഗ്രവും സമീകൃതവുമാണ്. അതിന് പൗരാണികരുടെ ശൈലിയും പാണ്ഡിത്യത്തിന്റെ ഗഹനതയുമുണ്ട് എന്ന് പറയാതെ വയ്യ. കൂടുതൽ ലളിതവും ആധുനികവുമായ ശൈലിയിൽ പലരും അതിനെ പുനരാഖ്യാനം ചെയ്തിട്ടുള്ളത് താഴെ കൊടുക്കാം.

" كُلُّ مَا أُحْدِثَ بِقَصْدِ التَّعَبُّدِ للهِ ﷻ وَلَمْ يَقُمْ عَلَيْهِ دَلِيلٌ، أَصْلاً أَوْ وَصْفاً "

"ഒരു ആരാധനയുടെ അടിസ്ഥാനത്തെ തന്നെ സ്ഥിരീകരിക്കാനാവശ്യമായതോ, അല്ലെങ്കിൽ അതിന്റെ വിശദാംശങ്ങളെയോ രൂപങ്ങളെയോ സ്ഥിരീകരിക്കാനാവശ്യമായതോ ആയ തെളിവില്ലാതെ അല്ലാഹുവിന് കീഴ്പ്പെടുക എന്ന ഉദ്ദേശ്യത്തോടു കൂടി ദീനിൽ നൂതനമായി നിർമ്മിക്കപ്പെടുന്ന കാര്യമാണ് ബിദ്അത്ത്."

ബിദ്അത്തിന്റെ നിർവ്വചനത്തിന് ഇവിടെ (أصلاً أو وَصْفاً) എന്ന അധിക വിശേഷണം ചേർത്തിരിക്കുന്നത് അതിന് കൂടുതൽ ആശയ വ്യക്തതയും ഭദ്രതയും ലഭിക്കാൻ വേണ്ടിയാണ്. അത് ചേർക്കാതെ തന്നെ നിർവ്വചനം പൂർണ്ണമാണെന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ നിരപേക്ഷമായ ബിദ്അത്തുകളെയും (بِدْعَةٌ حَقِيقِيَّةٌ) ആപേക്ഷികമായ ബിദ്അത്തുകളെയും (بِدْعَةٌ إِضَافِيَّةٌ) വ്യവഛേദിച്ചു കാണിക്കാനും അവ രണ്ടിനെയും ഒരു പോലെ നിർവ്വചന പരിധിയിൽ ഉൾപ്പെടുത്താനും അത് ആവശ്യമാണ് താനും.

ദീനിൽ അപനിർമ്മിതികൾ ഉണ്ടാക്കുന്നവർ മിക്കപ്പോഴും ഏതെങ്കിലും തരത്തിലുള്ള തെളിവുകളിൽ കടിച്ചു തൂങ്ങുക സ്വാഭാവികമാണ്. തങ്ങൾ ശരീഅത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നില്ല, ശർഇന് അനുസൃതമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്ന് വരുത്തിത്തീർക്കേണ്ടത് അവരുടെ ആവശ്യമാണ്. തെളിവിന്റെ മുഖംമൂടിയണിഞ്ഞ് മാത്രമേ അവർക്ക് രംഗത്ത് വരാനും പാമരജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാനും സാധിക്കുകയുള്ളു.

ബിദ്അത്തുകാർ മിക്കപ്പോഴും അവലംബിക്കുന്നത് ദീനിൽ തെളിവായി പരിഗണിക്കാത്ത കാര്യങ്ങളെയായിരിക്കും. ആരോ കണ്ട സ്വപ്നം, ആർക്കോ ഉണ്ടായ അനുഭവം, വ്യാജസിദ്ധന്മാരുടെ വെളിപാടുകൾ, മഹാൻ പറഞ്ഞത്, ഉപദേശങ്ങൾ മുതലായവ ഉദാഹരണം.

അല്ലെങ്കിൽ, സ്വീകാര്യയോഗ്യമല്ലാത്ത ഉദ്ധരണികൾ, വിദൂരമായ വ്യാഖ്യാന സാധ്യതകൾ, ബുദ്ധിയുടെയും യുക്തിയുടെയും അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ, ഒറ്റപ്പെട്ട പണ്ഡിതാഭിപ്രായങ്ങൾ പോലുള്ള ദുർബ്ബലമായ ചില കച്ചിത്തുരുമ്പുകളിലായിരിക്കും അവർ കടിച്ചു തൂങ്ങുക.

അതുമല്ലെങ്കിൽ സാമാന്യമായ തെളിവുകളുടെ മറവിൽ നിർമ്മിക്കപ്പെടുന്ന നൂതനമായ രീതികളും ശൈലികളുമായിരിക്കും അവർ കൊണ്ടുനടക്കുന്നത്. ഇത്തരം ആപേക്ഷിക ബിദ്അത്തുകൾ പാമരജനങ്ങളെ വല്ലാതെ ആശയക്കുഴപ്പത്തിലാക്കും.

ഉദാഹരണമായി, അല്ലാഹുവിനുള്ള ദിക്ർ ദീനിലുള്ളതാണ്. ദിക്ർ ചൊല്ലാൻ ഹൽഖഃ ഉണ്ടാക്കുക എന്ന പുതിയ രീതി ദീനിലില്ലാത്തതാണ്; അത് ബിദ്അത്താണ്.

നബിയെ ﷺ സ്നേഹിക്കുക എന്നത് ദീനിലുള്ളതാണ്. നബിയെ ﷺ സ്നേഹിക്കാൻ മൗലിദ് കഴിക്കുക എന്ന നൂതന രീതി പിന്നീട് കടത്തിക്കൂട്ടിയതാണ്; അത് ബിദ്അത്തുമാണ്.

ദഅ്വത്ത് ദീനിലുള്ളതാണ്. ദഅ്വത്ത് നടത്താൻ സംഘടനയുണ്ടാക്കുക എന്നത് ദീനിലില്ലാത്ത പുതിയ കണ്ടുപിടുത്തമാണ്; അതു കൊണ്ടു തന്നെ അത് ബിദ്അത്തുമാണ്.

സകാത് കൊടുക്കുക എന്നത് ദീനിലുള്ളതാണ്. സകാത് ശേഖരിക്കാനും സംഭരിക്കാനും ഭരണാധികാരിക്ക് അധികാരവുമുണ്ട്. എന്നാൽ സകാത് ശേഖരിക്കാനും വിതരണം ചെയ്യാനും സംഘടനക്കാർ രൂപം കൊടുക്കുന്ന കമ്മിറ്റികളും സെല്ലുകളും സമാന്തര ബയ്ത്തുൽ മാലും ദീനിലുണ്ടാക്കിയ അപനിർമ്മിതകളാണ്.

ഒരു കാര്യം നബി ﷺ അനുഷ്ഠിച്ച് കാണിച്ചു തന്നിട്ടുണ്ടെങ്കിൽ ആ പ്രവർത്തനം സുന്നത്താണ് (سُنَّةٌ فِعْلِيَّة). അതു പോലെ, ഒരു കാര്യം ചെയ്യാനുള്ള സാഹചര്യമുണ്ടായിരുന്നിട്ടും അവിടുന്ന് വർജ്ജിച്ചിട്ടുണ്ടെങ്കിൽ ആ പരിവർജ്ജനവും സുന്നത്താണ് (سُنَّةٌ تَرْكِيَّة). ഇതിന് അഭിമുഖമായി, നബി ﷺ ചെയ്തു കാണിച്ച ഒരു കാര്യം പുണ്യമാണെന്നു കരുതി വർജ്ജിക്കുന്നത് ബിദ്അത്തായിത്തീരും. അതേ പോലെ, അവിടുന്ന് ഉപേക്ഷിച്ച കാര്യം പുണ്യമാണെന്നു കരുതി ചെയ്താൽ അതും ബിദ്അത്തു തന്നെ. ആരാധന, ആരാധനയുടെ രൂപഭാവങ്ങൾ, ഇടപാടുകൾ, പതിവു ചര്യകൾ, സമ്പ്രദായങ്ങൾ ഇവയിലെല്ലാം ബിദ്അത്ത് കടന്നുവരാവുന്നതാണ്. അല്ലാഹുവിന് വഴിപ്പെടാനായി, പുണ്യമാണെന്ന് കരുതിക്കൊണ്ട് യാതൊന്ന് പ്രവർത്തിക്കുന്നതിനും ഉപേക്ഷിക്കുന്നതിനും പ്രമാണരേഖ അല്ലെങ്കിൽ നബിയുടെ ﷺ മാതൃക അനിവാര്യമാണെന്നു സാരം. അല്ലാത്ത പക്ഷം അത് ബിദ്അത്തായിത്തീരും.

അല്ലാഹു ദീൻ പൂർത്തീകരിച്ച് തന്നതിന ശേഷം ആരെങ്കിലും നൂതനമായ വല്ലതും അതിലേക്ക് കൂട്ടിച്ചേർക്കുകയും അത് പുണ്യ മാണെന്ന് കരുതുകയും ചെയ്യുന്ന പക്ഷം അവൻ ഉയർത്തുന്നത് അതീവ ഗുരുതരമായ ആരോപണങ്ങളാണ്. എത്രത്തോളം മാരകമായ പാതകമാണ് തങ്ങൾ ചെയ്യുന്നത് എന്ന് ബിദ്അത്തുകാർ ഓർമ്മ വെക്കാൻ വേണ്ടി അവയിൽ ചിലത് താഴെ കൊടുക്കാം.

1. അല്ലാഹുവിന്റെ ദീനിൽ മതവിധികളും നിയമങ്ങളും നിർമ്മിക്കാൻ തനിക്ക് അവകാശമുണ്ടെന്നാണ് ഒരു ബിദ്അത്തുകാരൻ വരു ത്തിത്തീർക്കുന്നത്. അത് അല്ലാഹുവിന് സമന്മാരെയും പങ്കാളി കളെയും നിശ്ചയിക്കുന്ന ശിർക്കിലാണ് എത്തിപ്പെടുക. അല്ലാഹു ചോദിക്കുന്നു:

﴿أَمْ لَهُمْ شُرَكَاءُ شَرَعُوا لَهُم مِّنَ الدِّينِ مَا لَمْ يَأْذَن بِهِ اللَّهُ ۚ وَلَوْلَا كَلِمَةُ الْفَصْلِ لَقُضِيَ بَيْنَهُمْ ۗ وَإِنَّ الظَّالِمِينَ لَهُمْ عَذَابٌ أَلِيمٌ ﴿٢١﴾﴾ (الشورى)

«അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി നിശ്ച യിച്ചു കൊടുക്കുന്ന വല്ല പങ്കാളികളും അവർക്കുണ്ടോ? വിധി നിർ ണ്ണയത്തിന്റെ വചനമില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ തീർപ്പ് ഉടനടി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. തീർച്ചയായും അക്രമികൾ – അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്.» (അശ്ശൂറാ, 42:21)

2. അല്ലാഹുവിന്റെ അമീനായ ദൂതൻ മുഹമ്മദ് നബി ﷺ തന്റെ ദൗത്യ നിർവ്വഹണത്തിൽ വഞ്ചന കാണിച്ചു എന്നാണ് ഒരു ബിദ്അത്തു കാരൻ വരുത്തിത്തീർക്കുന്നത്. അല്ലാഹു ദീൻ പൂർത്തീകരിച്ചു കൊടുത്തിട്ട് അത് മുഴുവനായി ജനങ്ങൾക്ക് എത്തിച്ചു കൊടു ക്കാതെ ചിലത് മറച്ചുവെച്ചു. അതു കൊണ്ടാണ് അതിലേക്ക് നൂതനമായ കാര്യങ്ങൾ ചേർക്കേണ്ടി വരുന്നത്. നബിയെ ﷺ കുറിച്ച് ഉന്നയിക്കാവുന്ന ഏറ്റവും കടുത്ത ആരോപണമത്രെ ഇത്.

ഇമാം മാലിക് ﵀ പറയുന്നത് കാണുക:

"قال ابن الماجشون: سمعت مالكا يقول: مَن ابتدع في الإسلام بدعة يراها حسنة فقد زعم أنَّ محمداً خان الرسالة؛ لأنَّ الله يقول: ﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُم..﴾ فما لَم يكن يومئذ ديناً فلا يكون اليوم ديناً " (الشاطبي في الاعتصام)

"ഇബ്നുൽ മാജിശൂൻ പറയുന്നു, ഇമാം മാലിക് ﵀ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: ആരെങ്കിലും ഇസ്‌ലാമിൽ നൂതനമായ ഒരു അപനിർമ്മിതി നടത്തുകയും അതിനെ പുണ്യമായി കാണുകയും ചെയ്യുന്നുവെങ്കിൽ മുഹമ്മദ് നബി ﷺ തന്റെ ദൗത്യ നിർവ്വഹണത്തിൽ വഞ്ചന കാണിച്ചു എന്നാണയാൾ വാദിക്കുന്നത്. കാരണം അല്ലാഹു പറയുന്നു: «ഇന്നേ ദിവസം നിങ്ങളുടെ ദീൻ ഞാൻ നിങ്ങൾക്ക് പൂർത്തീകരിച്ചു തന്നിരിക്കുന്നു..». അന്ന് ദീൻ അല്ലാത്ത ഒരു കാര്യവും ഇന്ന് ദീനായിരിക്കാൻ നിർവ്വാഹമില്ല." (അശ്ശാത്വിബി, അൽ ഇഅ്തിസ്വാം)

3. ബിദ്അത്തുകാർ സത്യദീനിന്റെ പരിശുദ്ധി തകർത്ത് അതിനെ കളങ്കപ്പെടുത്തുകയും വികലമാക്കുകയും ദുഷിപ്പിക്കുകയും ചെയ്യുന്നു. അന്ത്യനാൾവരെയുള്ള ജനതതികൾക്ക് ദീനായി അല്ലാഹു തൃപ്തിപ്പെട്ട ഇസ്‌ലാമിൽ അവരവരുടെ അഭീഷ്ടമനുസരിച്ച് ഭേദഗതികൾ കൊണ്ടുവരുകയും മാറ്റത്തിരുത്തലുകൾ വരുത്തുകയും ചെയ്യുകയാണവർ. അന്ത്യനാളിൽ ഹൗളുൽ കൗഥറിൽനിന്ന് പാനം ചെയ്യാൻ പോലും അനുവദിക്കാതെ അവരെ ആട്ടിയകറ്റും എന്നുള്ളതാണ് അതിന്റെ ഫലം. നബി ﷺ പറയുന്നത് കാണുക:

عَنْ أَنَسٍ ﵁، عَنِ النَّبِيِّ ﷺ قَالَ: « لَيَرِدَنَّ عَلَيَّ نَاسٌ مِنْ أَصْحَابِي الْحَوْضَ، حَتَّى عَرَفْتُهُمُ اخْتُلِجُوا دُونِي، فَأَقُولُ: أُصَيْحَابِي؟ فَيَقُولُ: لَا تَدْرِي مَا أَحْدَثُوا بَعْدَكَ» (أخرجه البخاري في صحيحه)

അനസ് ﷺ നിവേദനം: നബി ﷺ പറയുന്നു: «എന്റെ അനുയായി കളിൽ പെട്ട ഒരു പറ്റം ആളുകൾ ഹൗളിനരികിൽ വെച്ച് എന്നെ സമീപിക്കുക തന്നെ ചെയ്യും. ഞാൻ അവരെ തിരിച്ചറിയുമ്പോഴേക്കും അവരെ എന്റെയടുക്കൽനിന്നും പിടിച്ചു മാറ്റപ്പെടും. എന്റെ കൊച്ചനുചരന്മാർ എന്ന് ഞാൻ അപ്പോൾ പറയും. അപ്പോൾ എന്നോട് പറയുക, നിന്റെ കാലശേഷം അവർ എന്തെല്ലാം നൂതന കാര്യങ്ങളാണ് ഉണ്ടാക്കിയതെന്ന് നിനക്കറിയില്ല എന്നായിരിക്കും.» (ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

അവിടുന്ന് ഇപ്രകാരം കൂടി പറഞ്ഞു:

عَنْ عَائِشَةَ ﵂ قَالَتْ: قَالَ رَسُولُ اللهِ ﷺ: « مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ » (أخرجه البخاري في صحيحه)

ആയിശഃ ﵂ നിവേദനം: നബി ﷺ പറയുന്നു: «നമ്മുടെ ഇക്കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും നൂതനമായി നിർമ്മിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.» (ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

4. അഭീഷ്ടങ്ങളും അപനിർമ്മിതികളും സമുദായത്തെ ഭിന്നിപ്പിക്കും. മുസ്‌ലിം സമുദായത്തിൽ ഇതഃപര്യന്തം സംഭവിച്ചിട്ടുള്ള ഭിന്നതകൾക്കു കാരണം ബിദ്അത്തുകളല്ലാതെ മറ്റൊന്നുമല്ല. ബിദ്അത്തുകളുടെ കൂടെപ്പിറപ്പാണ് ഭിന്നത. അവയുടെ അനിവാര്യ ഫലമാണ് മതത്തിന്റെ പേരിലുള്ള കക്ഷിത്വവും ചേരിതിരിവും. ഇക്കാര്യം നബി ﷺ തന്നെ ഉണർത്തിയിട്ടുള്ളതുമാണ്.

عن أبي عامر الهوزني، أنه حج مع معاوية ﵁ فسمعه يقول: قام فينا رسول الله ﷺ يوما فذكر: « أن أهل الكتاب قبلكم تفرقوا على اثنتين وسبعين فرقة في الأهواء، ألا ! وإن هذه الأمة ستفترق على ثلاث وسبعين فرقة في الأهواء، كلها في النار؛ إلا واحدة، وهي الجماعة، ألا ! وإنه يخرج في أمتي قوم يهوون هوى، يتجارى بهم ذلك الهوى كما يتجارى الكلب بصاحبه، لا يدع منه عرقا ولا

مفصلا إلا دخله » (أخرجه ابن أبي عاصم في السنة وصححه الألباني)

**അബൂ ആമിർ അൽഹൗസനി നിവേദനം: അദ്ദേഹം മുആവിയഃയുടെ ﵁ കൂടെ ഹജ്ജ് നിർവ്വഹിക്കുകയുണ്ടായി. അപ്പോൾ മുആവിയഃ ﵁ ഇപ്രകാരം പറയുന്നത് കേട്ടു: ഒരിക്കൽ നബി ﷺ ഞങ്ങളുടെ മുന്നിൽ എഴുന്നേറ്റുനിന്നു. എന്നിട്ട് പറഞ്ഞു: «നിങ്ങളുടെ മുമ്പുള്ള ഗ്രന്ഥാവകാശികൾ അഭീഷ്ടങ്ങളുടെ അടിസ്ഥാനത്തി ലാണ് എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞത്. അറിയുക! ഈ സമുദായവും അഭീഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ എഴുപത്തിമൂന്ന് കക്ഷികളായിത്തീരും. അവരൊക്കെയും നരകത്തിലായിരിക്കും – ഒന്നൊഴികെ. അവരാണ് അൽജമാഅഃ. അറിയുക! ഈ സമുദായത്തിൽ അഭീഷ്ടങ്ങൾ വെച്ചുപുലർത്തുന്ന ഒരു കൂട്ടർ വരാനിരിക്കുന്നു. പേവിഷം ബാധിച്ചവനിൽ അതു പരക്കുന്നതുപോലെ ആ അഭീഷ്ടങ്ങൾ അവരിൽ പടർന്നുപിടിക്കും. അത് കടന്നുചെല്ലാത്ത ഒരു സിരയോ സന്ധിയോ അവനിൽ അവശേഷിക്കുകയില്ല.» (ഇബ്നു അബീ ആസിം, അസ്സുന്നഃ)**

**ബിദ്അത്തുകൾ അല്ലാഹുവിന്റെ ദീൻ കളങ്കപ്പെടുത്തുകയും സമുദായത്തെ ഭിന്നിപ്പിക്കുകയും ചെയ്യുമെന്നതിനാൽ നബി ﷺ അതിനെ കുറിച്ച് നിരന്തരം താക്കീത് ചെയ്തുകൊണ്ടിരുന്നു. സമൂഹത്തിൽ അപനിർമ്മിതിയുടെയും കൃതിപ്പിന്റെയും ഒരു നാമ്പുപോലും പ്രത്യക്ഷപ്പെടുകയോ, ആരെങ്കിലും ബിദ്അത്തുകളെ കുറിച്ച് ചിന്തിക്കുകയോ ചെയ്യാത്ത കാലത്തായിരുന്നു അത് എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. തന്റെ അനുചരന്മാരെ അഭിസംബോധന ചെയ്യുമ്പോഴെല്ലാം ആമുഖമായി അവിടുന്ന് ഇപ്രകാരം പറഞ്ഞുകൊണ്ടേയിരുന്നു:**

« وَشَرُّ الْأُمُورِ مُحْدَثَاتُهَا، وَكُلُّ بِدْعَةٍ ضَلَالَةٌ » (أخرجه مسلم في صحيحه)

**«തീർച്ചയായും നൂതനനിർമ്മിതികളാണ് ഏറ്റവും ദോഷകരമായ കാര്യം. മാതൃകയില്ലാത്ത എല്ലാ അപനിർമ്മിതികളും വഴികേടുകളാണ്.» (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)**

5. ബിദ്അത്തുകാർക്ക് അല്ലാഹു തൗബഃ തടഞ്ഞിരിക്കുന്നു. അവർ സന്മാർഗ്ഗത്തിലേക്ക് മടങ്ങാനുള്ള സാധ്യതയില്ല. കാരണം, തങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത് തെറ്റല്ല, പുണ്യമാണെന്ന് കരുതുന്ന വർ അതിൽനിന്ന് എങ്ങനെ മടങ്ങാനാണ്? നബി ﷺ പറയുന്നത് കാണുക:

عن أنس، عن النبي ﷺ قال: « إن اللهَ احتجز التوبة عن صاحب بدعة » (أخرجه الطبراني في الأوسط وصححه الألباني)

അനസ് رضي الله عنه നിവേദനം: നബി ﷺ പറയുന്നു: «നിശ്ചയമായും അല്ലാഹു ബിദ്അത്തുകാരനിൽനിന്നും തൗബഃ തടഞ്ഞ് വെ ച്ചിരിക്കുന്നു.» (ഇമാം ത്വബറാനി, അൽ ഔസത്വ്)

അഭീഷ്ടങ്ങളും അപനിർമ്മിതികളുമായി നടക്കുന്നവർക്ക് അല്ലാ ഹു തൗബഃ തടഞ്ഞിരിക്കുന്നു എന്നു പറഞ്ഞതിന്റെ വിവക്ഷ എന്താണ്? ഇമാം അഹ്മദിനോട് رحمه الله ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി കാണുക:

فَقَالَ أَحْمَدُ: " لَا يُوَفَّقُ وَلَا يُيَسَّرُ صَاحِبُ بِدْعَةٍ لِتَوْبَةٍ " (الجامع لعلوم الإمام أحمد)

ഇമാം അഹ്മദ് رحمه الله പറഞ്ഞു: "ബിദ്അത്തുകാരന് തൗബഃക്കുള്ള തൗഫീഖ് ലഭിക്കുകയോ, മടക്കം അവന് സുഗമമാക്കപ്പെടുകയോ ഇല്ല." (അൽജാമിഅ് ലി ഉലൂമിൽ ഇമാം അഹ്മദ്)

അത് കൊണ്ടു തന്നെ ഇബ്ലീസിന് ധിക്കാരങ്ങളെക്കാൾ പ്രിയം ബിദ്അത്തുകളോടാണ്. സുഫ്യാൻ അൽ ഥൗരി رحمه الله പറയുന്നു:

عَنْ يَحْيَى بْنِ الْيَمَانِ، قَالَ: سَمِعْتُ سُفْيَانَ الثَّوْرِيَّ يَقُولُ: « الْبِدْعَةُ أَحَبُّ إِلَى إِبْلِيسَ مِنَ الْمَعْصِيَةِ، وَالْمَعْصِيَةُ يُتَابُ مِنْهَا، وَالْبِدْعَةُ لَا يُتَابُ مِنْهَا » (اللالكائي في شرح أصول اعتقاد أهل السنة والجماعة)

യഹ്യാ ബിൻ അൽ യമാൻ പറയുന്നു, സുഫ്യാൻ അൽ ഥൗരി

ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ധിക്കാരത്തെക്കാൾ ഇബ്‌ലീസിന്ന പ്രിയം ബിദ്അത്തിനോടാണ്. ധിക്കാരത്തിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങാം. എന്നാൽ ബിദ്അത്തുകളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുകയില്ലല്ലോ." (ഇമാം അല്ലാലകാഈ, ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്‌ലിസ്സുന്നത്തി വൽ ജമാഅഃ)

അതിനാൽ ഒരു അടിയൻ ചെയ്യേണ്ടത് ആദ്യമായി സത്യവിശ്വാസം ഉൾക്കൊള്ളുക. വിശ്വാസത്തിൽ ദാർഢ്യം കൈവരിക്കുക. ലക്ഷ്യപ്രാപ്തി കൈവരിക്കാൻ ഉതകുന്ന വിധം ഇസ്തിഖാമത്തിലും സദാദിലും ഉറച്ചു നിൽക്കുക. ദീനിൽ അപനിർമ്മിതികളോ നൂതന കാര്യങ്ങളോ ഉണ്ടാക്കാതെ അല്ലാഹു കൽപിച്ച, അവന്റെ ദൂതനായ മുഹമ്മദ് നബി ﷺ അറിയിച്ചു തന്ന പ്രകാരത്തിൽ മാത്രം അവനെ സൂക്ഷിച്ച്, അവന് ഇബാദത്ത് ചെയ്ത് ജീവിക്കുക. നൈമിഷികമായ ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങളിൽ വിജയിച്ച് നിത്യസൗഭാഗ്യം കരസ്ഥമാക്കുക. അതിന് അല്ലാഹു നമുക്ക് ഏവർക്കും തൗഫീഖ് നൽകട്ടെ, ആമീൻ.

# 9

## സകാത്തുമായി ബന്ധപ്പെട്ട വിധിവിലക്കുകൾ

ഇബാദത്തുകൾ തന്നിഷ്ടമനുസരിച്ച് ആവിഷ്കരിക്കാനോ അനു വർത്തിക്കാനോ പാടില്ല. ഒരു വിശ്വാസി അല്ലാഹു അനുശാസിച്ചതും നബി ﷺ അറിയിച്ചു തന്നതുമായ ഇബാദത്തുകൾ മാത്രമേ അനുഷ്ഠി ക്കാവൂ. അവിടുത്തെ മാതൃക കണിശമായി പിന്തുടരുന്നതിനാണ് 'മുതാബഅഃ' (الْمُتَابَعَة) എന്ന് പറയുന്നത്. അതില്ലാത്ത പക്ഷം, കർ മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാവില്ല. അല്ലാഹു പറയുന്നു:

﴿وَمَنْ أَرَادَ الْآخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَٰئِكَ كَانَ سَعْيُهُم مَّشْكُورًا ١٩﴾ (الإسراء)

«ആരെങ്കിലും പരലോകം കാംക്ഷിക്കുകയും, വിശ്വാസിയായിക്കൊ ണ്ട് അതിനു വേണ്ടി അതിന്റേതായ പ്രയത്നം നടത്തുകയും ചെയ്യുന്ന പക്ഷം അവരുടെ പ്രയത്നം നന്ദിപൂർവ്വം സ്വീകരിക്കപ്പെടും.» (അൽ ഇസ്റാഅ്, 17:19)

സത്യവിശ്വാസം ഉൾക്കൊള്ളുക, പരലോക വിജയം ലക്ഷ്യമാ

ക്കുക, നിർദ്ദിഷ്ട കർമ്മങ്ങൾ ശരിയായ രീതിയിൽ അനുഷ്ഠിക്കുക, ഈ മൂന്ന് കാര്യങ്ങൾ കർമ്മങ്ങളുടെ സ്വീകാര്യതക്ക് അനിവാര്യമാണെന്ന് മേൽ സൂക്തം വ്യക്തമാക്കുന്നു. നിർദ്ദിഷ്ടമായ കർമ്മങ്ങൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു അനുശാസിച്ചതും നബി ﷺ കാണിച്ചു തന്നതുമായ കാര്യങ്ങളെയാണ്. ഈ രംഗത്താണ് ശർഇന്റെ വിധിവിലക്കുകൾ (الأَحكامُ الشرْعية) പ്രസക്തമാകുന്നത്.

പൊതുവിൽ, വിശ്വാസിയായ ഒരു മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങളെ മതപരമായ വിധിവിലക്കുകളുടെ അടിസ്ഥാനത്തിൽ അഞ്ചായിട്ടാണ് വർഗ്ഗീകരിക്കാറുള്ളത്.

1. വാജിബ് അല്ലെങ്കിൽ ഫർള് (الوَاجِب / الفَرْض) അഥവാ നിർബന്ധമാക്കപ്പെട്ട കാര്യം. ചെയ്താൽ പ്രതിഫലം ലഭിക്കുന്നതും ഉപേക്ഷിക്കൽ കുറ്റകരവുമായ കാര്യങ്ങളാണ് ഈ ഇനത്തിൽ ഉൾപ്പെടുക.

   ഉദാഹരണം: അഞ്ചുനേരത്തെ നമസ്കാരങ്ങൾ, സകാത്, റമളാനിലെ വ്രതം പോലുള്ളവ.

2. സുന്നത്/മുസ്തഹബ്ബ്/മൻദൂബ് (السُنَّة / المُسْتَحَبّ / المَنْدُوب) അഥവാ ഐച്ഛികമായ കാര്യം. അനുഷ്ഠിക്കാൻ കൽപനയുണ്ട്, ചെയ്താൽ പ്രതിഫലം ലഭിക്കുകയും ചെയ്യും, ഉപേക്ഷിച്ചാൽ ശിക്ഷ ലഭിക്കുകയില്ല താനും. അങ്ങനെയുള്ള കാര്യങ്ങളാണ് ഈ ഇനത്തിൽ ഉൾപ്പെടുക.

   ഉദാഹരണം: നിർബന്ധ നമസ്കാരങ്ങൾക്കു മുമ്പും പിമ്പും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഐച്ഛിക നമസ്കാരങ്ങൾ. അറബി മാസങ്ങളുടെ മധ്യത്തിലുള്ള മൂന്ന് ദിവസങ്ങളിലും (أَيَّامُ البِيض) തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലുമുള്ള ഐച്ഛികമായ നോമ്പുകൾ, സകാത്തിനു പുറമെ നൽകുന്ന ഐച്ഛികമായ ദാനധർമ്മങ്ങൾ പോലുള്ളവ.

3. മുബാഹ് (المُبَاح / الْحَلَال) അഥവാ അനുവദനീയമായ കാര്യം.

മൊത്തത്തിൽ, ചെയ്താലും ചെയ്തില്ലെങ്കിലും പ്രതിഫലമോ ശിക്ഷയോ ഇല്ലാത്ത അനവദനീയമായ കാര്യങ്ങൾക്കാണ് 'മുബാഹ്' എന്ന് പറയുന്നത്. അവയിൽ പലതും നിയ്യത്ത് ശരിപ്പെടുത്തിയാൽ പുണ്യകർമ്മമാക്കി മാറ്റാവുന്ന ഭൗതിക കാര്യങ്ങളായിരിക്കും. ശർഅ് മൗനം പാലിച്ച വിഷയങ്ങളും ഈ ഇനത്തിലാണ് ഉൾപ്പെടുക.

ഉദാഹരണം: ഭക്ഷണം, വസ്ത്രം, വാഹനം മുതലായ കാര്യങ്ങളിലുള്ള ഓരോരുത്തരുടെയും ഇഷ്ടാനിഷ്ടങ്ങൾ.

4. ഹറാം (الحَرَام / المَحْظُور) അഥവാ നിഷിദ്ധമാക്കപ്പെട്ട കാര്യം. ശർഅ് കണിശമായി വിലക്കിയിട്ടുള്ള കാര്യങ്ങളെയാണ് ഹറാം എന്ന് വിശേഷിപ്പിക്കുന്നത്. അത് ചെയ്യുന്നത് ശിക്ഷാർഹമായ നടപടിയാണ്. അല്ലാഹുവിന് വേണ്ടി ഉപേക്ഷിക്കുന്ന പക്ഷം അതിന് പ്രതിഫലം ലഭിക്കുകയും ചെയ്യും.

   ഉദാഹരണം: മദ്യപിക്കുക, പലിശയിടപാട് നടത്തുക, നരഹത്യ നടത്തുക, അന്യരെ അപവദിക്കുക, മതവിഷയങ്ങളിൽ അപനിർമ്മിതി (الْبِدْعَة) ഉണ്ടാക്കുക പോലുള്ളവ.

5. മക്റൂഹ് (الْمَكْرُوه) അഥവാ അനഭിലഷണീയമായ കാര്യം. ശർഅ് കണിശമായി വിലക്കിയിട്ടില്ലെങ്കിലും നിരുത്സാഹപ്പെടുത്തിയിട്ടുള്ള കാര്യങ്ങളാണ് 'മക്റൂഹുകൾ'. ചെയ്താൽ ശിക്ഷിക്കപ്പെടില്ലെങ്കിലും ഉപേക്ഷിക്കുന്നത് ഗുണകരമായിരിക്കും.

   ഉദാഹരണം: ഇശാഇന്ന മുമ്പ് ഉറങ്ങുക, ഇശാഇന്ന ശേഷം സംസാരിച്ചിരിക്കുക പോലുള്ളവ.

സകാത് നിർബന്ധമായ (الفَرْض / الوَاجِب) ഒരു അനുഷ്ഠാനമാണ്. അത് യഥാവിധി നിർവ്വഹിക്കുന്ന ഒരു വിശ്വാസിക്ക് മഹത്തായ പ്രതിഫലമാണ് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്; അതിൽ ഉപേക്ഷ വരുത്തുന്നവർക്ക് ഭയാനകമായ ശിക്ഷകളും. അതിനെ കുറിച്ചുള്ള ചർച്ചയിലുടനീളം പ്രയോഗിച്ചേക്കാവുന്ന സാങ്കേതികമായ ചില

സംജ്ഞകൾ കൂടി പരിചയപ്പെടുന്നത് കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കാൻ ഉപകരിക്കും.

(ഒന്ന്) അൽ റുക്ൻ - الرُّكْن: മൂല, തൂൺ, താങ്ങ് എന്നെല്ലാമാണ് ഇതിന്റെ ഭാഷാർത്ഥം.

ശർഇന്റെ ഭാഷയിൽ, ഏതൊന്നില്ലാതെ ഒരു കാര്യം നിലനിൽക്കുകയില്ലയോ അങ്ങനെയുള്ള അടിസ്ഥാന ഘടകമാണ് റുക്ൻ. അതായത്, അതിന്റെ അഭാവം ആ കാര്യത്തിന്റെ നിലനിൽപ് തന്നെ ഇല്ലാതാകാൻ കാരണമാകും. അതുണ്ടായി എന്നതു കൊണ്ട് മാത്രം ആ കാര്യം നിലനിൽക്കണമെന്ന് നിർബന്ധമില്ല താനും.

'റുക്ൻ' ആയ കാര്യം ഒരാൾ അറിവില്ലായ്മ കൊണ്ടോ മറവിയാലോ മനഃപൂർവമോ ഉപേക്ഷിച്ചാൽ, അതുൾക്കൊള്ളുന്ന കർമ്മം തന്നെ നിലനിൽക്കാതാകും. ഉദാഹരണമായി, റുകൂഅ് നമസ്കാരത്തിന്റെ ഒരു റുക്നാണ്. അതിനാൽ റുകൂഅ് ചെയ്യാതെ ഒരാൾ നമസ്കരിച്ചാൽ ആ നമസ്കാരം തന്നെ അസാധുവാകും. എന്നാൽ റുകൂഅ് ചെയ്തു എന്നത് കൊണ്ടു മാത്രം നമസ്കാരം എന്ന കർമം നിലനിൽക്കുകയില്ല താനും.

(രണ്ട്) അൽ ശർത്വ് - الشَّرْط: അടയാളം, ലക്ഷണം, നിബന്ധന, പ്രാരംഭം എന്നെല്ലാമാണ് ഇതിന്റെ ഭാഷാർത്ഥം.

ശർഇന്റെ ഭാഷയിൽ പറഞ്ഞാൽ, യാതൊന്നു കൂടാതെ ഒരു കാര്യം സാധുവാകുകയില്ലയോ അതിനാണ് നിബന്ധന അഥവാ ശർത്വ് എന്ന് പറയുന്നത്. എന്നാൽ, അതുണ്ടായി എന്നതു കൊണ്ട് മാത്രം ആ കാര്യത്തിന്റെ സാധുത്വം ഉറപ്പിക്കാനുമാവില്ല. ഒന്നാമത് പറഞ്ഞ റുക്നും രണ്ടാമത് പറഞ്ഞ ശർത്വും തമ്മിൽ വലിയ അന്തരമുണ്ട്. ഒരു കാര്യത്തിന്റെ ശർത്വ് അതിനു പുറത്തുള്ള ഒന്നായിരിക്കും; അത് അതിന്റെ അടിസ്ഥാനഘടനയിൽ ഉൾപ്പെടുകയില്ല. എന്നാൽ റുക്ൻ മറിച്ചാണ്. അത് ആ കാര്യത്തിന്റെ പുറത്തുള്ള ഒന്നായിരിക്കില്ല. മറിച്ച് അതിന്റെ അടിസ്ഥാന ഘടനയിൽ പെട്ടതായിരിക്കും.

ഉദാഹരണമായി, നമസ്കാരത്തിന്റെ നിബന്ധനകളിൽ ഒന്നാണ് വുളൂ അഥവാ അംഗശുദ്ധി വരുത്തൽ. അതിനാൽ ആരെങ്കിലും വുളൂ ചെയ്യാതെ നമസ്കരിച്ചാൽ അത് അസാധുവായിരിക്കും. വുളുഇന്റെ സ്ഥാനം നമസ്കാരത്തിനകത്തല്ല; നമസ്കാരത്തിനു പുറത്താണ്. അതേ സമയം, റുകൂഅ് നമസ്കാരത്തിന്റെ റുക്നാണ്. അതിന്റെ സ്ഥാനം നമസ്കാരം എന്ന കർമത്തിന്റെ അടിസ്ഥാന ഘടനക്കുള്ളിലാണ്.

(മൂന്ന്) വാജിബ് - الوَاجِب: സ്ഥിരപ്പെട്ടത്, നിർബന്ധമായത് എന്നെല്ലാമാണ് അതിന്റെ ഭാഷാപരമായ അർത്ഥം.

ശർഇന്റെ വിവക്ഷയിൽ, മതനിയമങ്ങൾ നിശ്ചയിക്കുന്നവനായ അല്ലാഹു നിർബന്ധമെന്ന് വിധിച്ചതും, അനുഷ്ഠിച്ചാൽ പ്രതിഫലം ലഭിക്കുന്നതും ഉപേക്ഷിച്ചാൽ ദോഷം വരുത്തുന്നതുമായ കാര്യമാണ് വാജിബ്. മനഃപൂർവം അത് ഉപേക്ഷിക്കുന്നവൻ ശർഇന്റെ ദൃഷ്ടിയിൽ അതിക്ഷേപാർഹനായിരിക്കും. ഉദാഹരണമായി, നമസ്കാരത്തിന്റെ വാജിബാതുകൾ നോക്കാം. അതിൽ പെട്ടതാണ് തക്ബീറുകൾ, ഒന്നാമത്തെ തശഹ്ഹുദ് പോലുള്ളവ.

(നാല്) അസ്സുന്നഃ - السُنَّة: വഴി, പാത, പിന്തുടരപ്പെടുന്ന മാർഗം അല്ലെങ്കിൽ അനുവർത്തിക്കപ്പെടുന്ന രീതി എന്നെല്ലാമാണ് സുന്നഃത്തിന്റെ ഭാഷാർത്ഥം.

ശർഇന്റെ ഭാഷയിൽ, മതം അനുവർത്തിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും, ഉപേക്ഷ വരുത്തിയാൽ ആക്ഷേപം നേരിടേണ്ടി വരാത്തതുമായ കാര്യമാണ് സുന്നഃ. ചെയ്യുന്നവന് പ്രതിഫലം ലഭിക്കും. അതേ സമയം ഉപേക്ഷിക്കുന്നവൻ ശിക്ഷിക്കപ്പെടില്ല താനും. അനുവർത്തിക്കുന്നത് ഉപേക്ഷിക്കുന്നതിനേക്കാൾ ശ്രേഷ്ഠം എന്ന് പറയാവുന്ന കാര്യങ്ങളാണ് സുന്നത്ത്; അഥവാ, ശർഅ് നിർബന്ധമല്ലാത്ത രീതിയിൽ ചെയ്യാൻ ആവശ്യപ്പെട്ട കാര്യങ്ങൾ. ഉദാഹരണം: അസ്വ്റിന് മുമ്പുള്ള നാലു റക്അത് സുന്നത്തു നമസ്കാരം, ഒന്നാമത്തെയും രണ്ടാമത്തെയും റക്അത്തിൽനിന്ന് എഴുന്നേൽക്കുമ്പോൾ ഇരിക്കുന്ന 'ഇസ്തിറാഹഃ'

പോലുള്ളവ. നബിചര്യ എന്ന അർത്ഥത്തിലുള്ള സുന്നത്തും ഇതും രണ്ടു തന്നെയാണ്. ഉദാഹരണം: നിർബന്ധ നമസ്കാരങ്ങൾക്ക് മുമ്പും പിമ്പുമുള്ള ഐച്ഛികമായ നമസ്കാരങ്ങൾ, സകാത്തിന് പുറമെയുള്ള ഐച്ഛികമായ ദാനങ്ങൾ, രാത്രിനമസ്കാരം, ദിക്റുകൾ ചൊല്ലുക, ഖുർആൻ പാരായണം ചെയ്യുക പോലുള്ളവ. അവ പരസ്പരം മാറിപ്പോകാതെ മനസ്സിലാക്കണമെന്ന് ഉണർത്തുന്നു.

ഇനി, സകാത് ആർക്കാണ് ബാധകമായിത്തീരുക, അതിനുള്ള പൊതുവായ നിബന്ധനകൾ ഏതെല്ലാം എന്നു പരിശോധിക്കാം.

ഒന്ന്: മുസ്‌ലിം ആയിരിക്കുക എന്നതാണ് ഒന്നാമത്തെ നിബന്ധന. മുസ്‌ലിം അല്ലാത്ത ഒരു വ്യക്തിക്കും സകാത് ബാധകമാവില്ല. അമുസ്‌ലിംകൾക്ക് സകാത് നൽകാനാവില്ല. അവർ നൽകുന്നത് ജീവകാരുണ്യപരമോ സാമൂഹ്യക്ഷേമപരമോ ആയ ദാനങ്ങൾ മാത്രമാണ്; സകാത്തല്ല.

രണ്ട്: സ്വതന്ത്രനായിരിക്കുക. അടിമകൾക്ക് സകാത് ബാധകമാവില്ല. കാരണം, അവർക്ക് സ്വത്തിൽ സ്വതന്ത്രമായ ഉമസ്ഥാവകാശമുണ്ടാവില്ല. അവരെ അല്ലാഹു സകാത്തിന്റെ ബാധ്യതയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

മൂന്ന്: സ്വത്തിന്മേൽ പൂർണ്ണവും സ്വതന്ത്രവുമായ ഉടമസ്ഥതയുണ്ടായിരിക്കുക. അത് ക്രയവിക്രയമോ മറ്റു വ്യവഹാരങ്ങളോ നടത്തുന്നതിന് തടസ്സമില്ലാത്തതായിരിക്കണം. ഉടമസ്ഥതക്കു സ്ഥിരതയും വേണം. കൈവശമിരിക്കുന്നത് തന്റേതല്ലാത്ത സ്വത്താണെങ്കിൽ, മറ്റുള്ളവർക്കതിൽ അവകാശവാദം നിലനിൽക്കുന്നുവെങ്കിൽ, സകാത് ബാധകമാകുന്ന കാലപരിധിക്കു മുമ്പ് ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുമെങ്കിൽ അതിനു സകാത് ബാധകമാവില്ല.

ഭാര്യയുടെ ധനത്തിന് ഭർത്താവോ മക്കളുടെ ധനത്തിന് പിതാവോ അല്ല സകാത് നൽകേണ്ടത്. ഏതൊരു ധനത്തിനും അതിന്റെ നിയമപരമായ ഉടമ തന്നെയാണ് സകാത് നൽകേണ്ടത്. ഭാര്യയുടെ

സ്വത്തിന് അതിൽനിന്ന് ഭാര്യ തന്നെയാണ് സകാത് നൽകേണ്ടത്. ഭർത്താവ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഒത്താശകൾ ചെയ്തുകൊടുക്കുകയുമാണ് വേണ്ടത്. മക്കളുടെ ധനം അവരുടേതാണ്; അതിനുള്ള സകാത് അവർ തന്നെയാണ് കൊടുത്ത് വീട്ടേണ്ടതും.

എന്നാൽ സ്വത്തിന്റെ നിയമപരമായ ഉടമ വൈയക്തികമായ പരിമിതികളുള്ളവനാണെങ്കിൽ (ഉദാ: പ്രായപൂർത്തി തികയാതിരിക്കുക, ബുദ്ധിപരമോ മാനസികമോ ആയ വെല്ലുവിളി നേരിടുക) അത് മുൻനിർത്തി ധനപരമായ കൈകാര്യകർതൃത്ത്വം മറ്റൊരാളായിരിക്കും നിർവ്വഹിക്കുക. അത്തരം സന്ദർഭങ്ങളിൽ ആ ധനത്തിൽനിന്ന് സകാത് നൽകാൻ വേണ്ട നടപടിസ്വീകരിക്കേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിന്റേതായിരിക്കും.

നാല്: നിസ്വാബ് (النِّصَاب) തികയുക. ഒരു ധനത്തിന് സകാത് നിർബന്ധമാകാനുള്ള ഏറ്റവും കുറഞ്ഞ അളവിനെയാണ് നിസ്വാബ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. നിസ്വാബ് തികയാത്ത സ്വത്തിന് സകാത് നൽകേണ്ടതില്ല. എന്നാൽ ഉചിതമായ സ്വദഖഃ നൽകണമെന്ന് ഹദീസുകളിൽ പ്രത്യേകം ഉണർത്തിയിരിക്കുന്നു.

അഞ്ച്: കാലാവധി പൂർത്തീകരിക്കുക (حَوْلَانُ الْحَوْل). നിസ്വാബ് എത്തിയ ധനത്തിന് ഒരു ചന്ദ്രവർഷം അഥവാ പന്ത്രണ്ട് അറബി മാസം പൂർത്തീകരിക്കുമ്പോഴാണ് അതിന് സകാത് നിർബന്ധമാകുന്നത്. നിസ്വാബ് തികഞ്ഞ ധനം തന്റെ ഉടമസ്ഥതയിൽ വന്നിട്ട് മേൽ കാലാവധി തികയുമ്പോൾ മാത്രമേ സകാത് ബാധകമാകുന്നുള്ളൂ. അതിന് മുമ്പ് സകാത് നൽകുന്നതോ, ധനം എപ്പോൾ വന്നാലും റമളാൻ മാസത്തെ കാലാവധിയായി കണക്കാക്കുന്നതോ ഉചിതമായ നടപടിയല്ല.

വിശ്വാസിയെ സംബന്ധിച്ചിടത്തോളം സകാത് നിർബന്ധമായ കടമയാണ്; സ്വദഖഃകൾ ഐച്ഛികമായ ദാനവും. നിർബന്ധവും ഐച്ഛികവുമായ കാര്യങ്ങൾക്ക് അവയുടേതായ പ്രാധാന്യവും ധർമ്മവുമുണ്ട്. അത് വേണ്ട പോലെ മനസ്സിലാക്കാനായില്ലെങ്കിൽ മൂല്യങ്ങളിലും മുൻഗണനകളിലും കുഴാമറിച്ചിൽ സംഭവിക്കും. അതിനാൽ, പ്രാഥ

മികമായി അറിഞ്ഞിരിക്കുക: അല്ലാഹു ഫർളാക്കിയ കാര്യങ്ങളാണ് ആരാധനകളിൽ ഏറ്റവും മഹത്തരം. അത് കഴിഞ്ഞിട്ടേ ഐച്ഛികമായ കാര്യങ്ങൾ വരുന്നുള്ളു. അല്ലാഹുവിന്റെ സാമീപ്യം തേടാൻ അവൻ നിർബന്ധമാക്കിയ കാര്യങ്ങളെക്കാൾ അവന് ഇഷ്ടമുള്ള മറ്റൊന്നുമില്ല. ഇക്കാര്യം പ്രശസ്തമായ 'ഹദീസുൽ വലിയ്യിൽ' വിശദീകരിച്ചിട്ടുള്ളത് താഴെ കൊടുക്കാം.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ ﷺ: « إِنَّ اللهَ قَالَ: مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالْحَرْبِ، وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ، وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ، فَإِذَا أَحْبَبْتُهُ: كُنْتُ سَمْعَهُ الَّذِي يَسْمَعُ بِهِ، وَبَصَرَهُ الَّذِي يُبْصِرُ بِهِ، وَيَدَهُ الَّتِي يَبْطِشُ بِهَا، وَرِجْلَهُ الَّتِي يَمْشِي بِهَا، وَإِنْ سَأَلَنِي لَأُعْطِيَنَّهُ، وَلَئِنْ اسْتَعَاذَنِي لَأُعِيذَنَّهُ، وَمَا تَرَدَّدْتُ عَنْ شَيْءٍ أَنَا فَاعِلُهُ تَرَدُّدِي عَنْ نَفْسِ الْمُؤْمِنِ، يَكْرَهُ الْمَوْتَ وَأَنَا أَكْرَهُ مَسَاءَتَهُ » (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ ﵁ നിവേദനം: നബി ﷺ അല്ലാഹുവിനെ ഉദ്ധരിച്ചു കൊണ്ട് ഖുദ്സിയായ ഒരു ഹദീസിൽ ഇപ്രകാരം പറയുന്നു: «ആരെങ്കിലും എന്റെ ഒരു വലിയ്യിനോട് ശത്രുത കാണിച്ചാൽ ഞാൻ അവനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കും. ഞാൻ ഫർളാക്കിയ കാര്യങ്ങളെക്കാൾ എനിക്ക് ഇഷ്ടമുള്ള യാതൊന്ന് കൊണ്ടും എന്റെ ഒരടിയനും എന്നിലേക്ക് അടുത്തിട്ടില്ല. ഐച്ഛികമായ കാര്യങ്ങൾ ചെയ്തു കൊണ്ട് എന്റെ അടിയൻ എന്നിലേക്ക് അടുത്തുകൊണ്ടിരിക്കും. അങ്ങനെ ഞാൻ അവനെ സ്നേഹിക്കും. ഞാൻ അവനെ സ്നേഹിച്ചാൽ അവൻ കേൾക്കുന്ന കേൾവിയാകും ഞാൻ. അവൻ കാണുന്ന ദൃഷ്ടിയാകും ഞാൻ. അവൻ പിടിക്കുന്ന കയ്യാകും ഞാൻ. അവൻ നടക്കുന്ന കാലാകും ഞാൻ. അവൻ എന്നോട് ചോദിച്ചാൽ ഞാൻ അവന് നൽകിയിരിക്കും. അവൻ എന്നോട് കാവൽ തേടിയാൽ ഞാൻ അവന് കാവലേകിയിരിക്കും. ഞാൻ ചെയ്യുന്ന ഒരു കാര്യത്തിലും എനിക്കി

ടർച്ചയില്ല – ഒരു മുഅ്മിനിന്റെ ആത്മാവ് പിടിക്കുന്നതിലെ ഇടർച്ച. എന്തെന്നാൽ അവൻ മരണം ഇഷ്ടപ്പെടുന്നില്ല. അപ്പോൾ അവനെ മുഷിപ്പിക്കാൻ ഞാനും ഇഷ്ടപ്പെടുന്നില്ല.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങളാണ് അവന് ഏറ്റവും ഇഷ്ടം. അവക്ക് പുറമെ ചെയ്യുന്ന ഐച്ഛികമായ കാര്യങ്ങൾക്ക് വലിയ പ്രാധാന്യം വേറെയുണ്ട്. അവയിലൂടെ അവൻ മുന്നേറിയാൽ ലഭിക്കാവുന്ന പദവി ഹദീസിൽ വിശദീകരിച്ചത് ശ്രദ്ധിച്ചുവല്ലോ. കൂടാതെ, നിർബന്ധമാക്കിയ കാര്യങ്ങളിൽ കുറവ് സംഭവിച്ചാൽ അത് പരിഹരിക്കാനും ഐച്ഛികമായ കാര്യങ്ങൾ തന്നെ വേണം. നബി ﷺ പറയുന്നത് കാണുക:

عن أَبِي هُرَيْرَةَ ﷺ قَالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: « إِنَّ أَوَّلَ مَا يُحَاسَبُ بِهِ الْعَبْدُ يَوْمَ الْقِيَامَةِ مِنْ عَمَلِهِ صَلَاتُهُ، فَإِنْ صَلُحَتْ فَقَدْ أَفْلَحَ وَأَنْجَحَ، وَإِنْ فَسَدَتْ فَقَدْ خَابَ وَخَسِرَ، فَإِنْ انْتَقَصَ مِنْ فَرِيضَتِهِ شَيْءٌ قَالَ الرَّبُّ عَزَّ وَجَلَّ: انْظُرُوا هَلْ لِعَبْدِي مِنْ تَطَوُّعٍ، فَيُكَمَّلَ بِهَا مَا انْتَقَصَ مِنْ الْفَرِيضَةِ؟ ثُمَّ يَكُونُ سَائِرُ عَمَلِهِ عَلَى ذَلِكَ» (أخرجه الترمذي في سننه وصححه الألباني)

അബൂ ഹുറയ്റഃ ﷺ നിവേദനം: നബി ﷺ പറയുന്നു: «അന്ത്യനാളിൽ തന്റെ കർമ്മങ്ങളിൽനിന്ന് ഒരടിയൻ ആദ്യമായി വിചാരണ നേരിടുക നമസ്കാരത്തെ കുറിച്ചായിരിക്കും. അത് ശരിയായാൽ അയാൾ സൗഭാഗ്യവാനായി വിജയിച്ചു. അത് തകരാറിലായാൽ അയാൾ ഇച്ഛാഭംഗപ്പെട്ട് പരാജിതനായി. നിർബന്ധമാക്കപ്പെട്ടതിൽ വല്ലതും കുറഞ്ഞു പോയാൽ അല്ലാഹു ചോദിക്കും: നിർബന്ധമാക്കപ്പെട്ടതിൽ കുറവ് പൂർത്തീകരിക്കാൻ എന്റെ അടിയന് ഐച്ഛികമായ വല്ലതുമുണ്ടോ എന്ന് നിങ്ങൾ നോക്കുക! പിന്നീട് അപ്രകാരമായിരിക്കും അവന്റെ മറ്റുകർമ്മങ്ങളും.» (ഇമാം തിർമുദി, സുനൻ അത്തിർമുദി )

തന്റെ സ്വത്തിൽനിന്ന് നിർബന്ധമായ സകാത് കൊടുത്തു വീട്ടണം. നിസ്വാബ് തികയാത്ത ധനത്തിൽനിന്ന് ഉചിതമായത് ഐച്ഛികമായ ദാനമായി നൽകണം. കൂടാതെ മറ്റു ദാനധർമ്മങ്ങൾ വേറെയും നൽകണം. നിർബന്ധമായ സകാത്തിൽ വല്ല കുറവും സംഭവിച്ചാൽ ഐച്ഛികമായ ദാനത്തിൽനിന്ന് എടുത്തിട്ടായിരിക്കും അത് പരിഹരിക്കുക.

സകാത് ബാധകമാകാൻ ഓരോ ഇനം സ്വത്തിലും അല്ലാഹു നിസ്വാബ് നിശ്ചയിച്ചിരിക്കുന്നത് ധനികരല്ലാത്തവരെ സകാത്തിൽനിന്ന് ഒഴിവാക്കാനാണ്. സ്ഥിരപ്പെട്ട ചില നബിവചനങ്ങളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിലൊന്ന് നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. മുആദിനെ ﵁ യമനിലേക്ക് നിയോഗിച്ചപ്പോൾ അവിടുന്ന് നിർദ്ദേശിച്ചത്, تُؤْخَذُ مِنْ أَغْنِيَائِهِمْ وَتُرَدُّ عَلَى فُقَرَائِهِمْ അഥവാ അവരിലെ ധനികരിൽനിന്ന് വാങ്ങി പാവങ്ങൾക്ക് നൽകണം എന്നാണ്. അല്ലാതെ പാവങ്ങളും സകാത് നൽകണമെന്ന് അല്ലാഹു ആജ്ഞാപിക്കുന്നില്ല.

സകാത്തിന്റെ ഈ നിബന്ധന വിവേകപൂർവ്വം ഉൾക്കൊള്ളേണ്ടതാണ്. ഇല്ലെങ്കിൽ, പാവങ്ങളോടുള്ള കരുതൽ എന്ന പേരിൽ പാവങ്ങളെ തന്നെ സാമ്പത്തികമായി കൂടുതൽ ഞെരുക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടേക്കാം. ഉപജീവനത്തിനു തന്നെ ബുദ്ധിമുട്ടുന്ന ചെറിയ ശമ്പളക്കാരും പെൻഷൻകാരും വരെ അവരുടെ മുഴുവൻ വരുമാനത്തിനും സകാത് നൽകണമെന്ന് പറയുന്നത് പ്രമാണങ്ങൾക്ക് വിരുദ്ധമാണ്; അതുപോലെ, ഇസ്‌ലാം മുന്നോട്ടുവെക്കുന്ന സകാത്തിന്റെ അടിസ്ഥാന ആശയത്തെ നിരാകരിക്കുന്നതുമാണ്. അതിൽനിന്ന് കാരുണ്യത്തിന്റെ അവസാന അംശം പോലും ചോർന്നു പോയിരിക്കുന്നു. ഓരോരുത്തർക്കും നല്ലതെന്ന് തോന്നുന്ന കാര്യങ്ങളെ ദീനായി അവതരിപ്പിക്കുന്ന ഈ പ്രവണത മതത്തിലും സമൂഹത്തിലുമുണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾ ചെറുതൊന്നുമല്ല.

മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.

عن أبي هُرَيْرَةَ، عَنِ النَّبِيِّ ﷺ قَالَ: « خَيْرُ الصَّدَقَةِ مَا كَانَ عَنْ ظَهْرِ غِنًى، وَابْدَأْ بِمَنْ تَعُولُ » (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ ﷺ നിവേദനം: നബി ﷺ പറയുന്നു: «ആവശ്യത്തിന് മീതെയുള്ളതിൽനിന്ന് നൽകുന്നതാണ് ഏറ്റവും ഉന്നമാതമായ ദാനം; നിന്റെ ആശ്രിതരിൽനിന്നാണ് നീ ആരംഭിക്കേണ്ടതും.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ചുരുക്കത്തിൽ ധനികർക്കല്ലാതെ, പാവങ്ങൾക്ക് സകാത് നിർബന്ധമില്ല. ഓരോ ഇനം സ്വത്തും ഒരു നിശ്ചിത പരിധി എത്തുമ്പോഴേ ഒരാൾക്ക് ആ ധനത്തിൽ ധന്യത കൈവരിച്ചതായി കണക്കാക്കുകയുള്ളു. ധന്യത കൈവരിച്ചു എന്ന് കണക്കാക്കാനുള്ള ആ പരിധിക്കാണ് നിസ്വാബ് എന്ന് പറയുന്നത്. ഏതെങ്കിലും ഒരു ഇനത്തിൽ ആ പരിധി തികയാത്ത പക്ഷം അതിൽ അയാൾ ധന്യനല്ല, അതിൽ സകാത് ബാധകമാവുകയുമില്ല. ഇതാണ് ഇസ്‌ലാമികമായ വിഭാവന. അതേ പ്രകാരം, എല്ലാ സ്വത്തിനും അല്ലാഹു സകാത് നിർബന്ധമാക്കിയിട്ടില്ല. അതും അജ്ഞരായ ചില ആളുകളുടെ തെറ്റിദ്ധാരണ മാത്രമാണ്.

# 10

## സകാത്

## നിർബന്ധമാകുന്നതാർക്ക്?

ഇസ്‌ലാം സ്ഥാപിതമായ അഞ്ചു സ്തംഭങ്ങളിലൊന്നാണ് സകാത്. സകാത് നൽകാനുള്ള കൽപന അധികവും വന്നിരിക്കുന്നത് നമസ്കാരത്തോടൊപ്പമാണ്. സ്വബോധം നിലനിൽക്കുന്നിടത്തോളം ഓരോ വ്യക്തിയും അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം തനിക്ക് കഴിയുന്ന വിധത്തിലെങ്കിലും ഉപേക്ഷ കൂടാതെ നിറവേറ്റിയിരിക്കണം എന്നാണല്ലോ. എങ്കിൽ, ഓരോ വ്യക്തിയും തനിക്ക് ലഭിച്ച സമ്പത്ത് എത്ര തുഛമാണെങ്കിലും അതിൽനിന്ന് സകാത്തും കൊടുക്കേണ്ടതല്ലേ? രോഗാതുരമായ ചില മനസ്സുകളെ മഥിക്കുന്ന ഒരു സംശയമാണിത്.

മേൽ സംശയത്തിനു പിന്നിലുള്ള യുക്തി അനായാസം ചോദ്യം ചെയ്യാവുന്നതേയുള്ളു. പക്ഷെ, അഹ്‌ലുസ്സുന്നഃയുടെ രീതിയല്ലാത്തതിനാൽ അതിന് മുതിരുന്നില്ല. മറിച്ച്, അല്ലാഹു അവതരിപ്പിച്ച വഹ്‌യിൽ എന്ത് പറയുന്നു എന്ന് അന്വേഷിക്കുക. സ്ഥിരപ്പെട്ട ഒരു രേഖ കിട്ടിയാൽ സച്ചരിതരായ സലഫുകൾ അത് എങ്ങനെ മനസ്സിലാക്കുകയും ഏതു പ്രകാരം പ്രാവർത്തികമാക്കുകയും ചെയ്തു എന്ന് നോക്കുക. അതേ വിധേന അതിൽ അവരെ പിന്തുടരുക. അതാണ് അന്ത്യനാൾ വരെ സത്യത്തിൽ ഉറച്ചു നിൽക്കുന്ന വിജയിച്ച കക്ഷി

യുടെ നിലപാട്. മതപരമായ കാര്യങ്ങളിൽ ബൗദ്ധിക-താർക്കിക വിശകലനങ്ങൾ നടത്തുന്നതും, അവയിൽനിന്ന് യൗക്തികമായ അനുമാനങ്ങൾ ആവിഷ്കരിച്ച് അവ പിന്തുടരുന്നതും സുന്നത്തിന്റെ വാഹകർക്ക് ഭൂഷണമല്ല.

«വിശ്വാസികളേ, നിങ്ങൾ നമസ്കാരം യഥാവിധി നിലനിർത്തുക; സകാത് നൽകുക..» ഈ ആശയത്തിലുള്ള ഖുർആൻ സൂക്തങ്ങൾ ആരെയാണ് അഭിസംബോധന ചെയ്യുന്നത്? സംശയമില്ല, എല്ലാ വിശ്വാസികളെയുമാണ്. ഇത്തരം ഖുർആൻ സൂക്തികളോടുള്ള സലഫുകളുടെ സമീപനമാണ് ഇനി പരിശോധിക്കേണ്ടത്. നബി ﷺ അതിനെ വ്യാഖ്യാനിച്ചതും സ്വഹാബിമാർ അത് മനസ്സിലാക്കി പ്രവർത്തിച്ചതും എങ്ങനെയായിരുന്നു? താഴെ കൊടുക്കുന്ന നബി വചനം ശ്രദ്ധയോടെ വായിക്കുക:

عَنِ ابْنِ عَبَّاسٍ رضي الله عنهما، أَنَّ النَّبِيَّ ﷺ بَعَثَ مُعَاذًا إِلَى الْيَمَنِ، فَقَالَ: « ادْعُهُمْ إِلَى شَهَادَةِ أَنْ لَا إِلَهَ إِلَّا اللهُ وَأَنِّي رَسُولُ اللهِ، فَإِنْ هُمْ أطاعوه لِذَلِكَ، فَأَعْلِمْهُمْ أَنَّ اللهَ قَدِ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ، فَإِنْ هُمْ أطاعوه لِذَلِكَ، فَأَعْلِمْهُمْ أَنَّ اللهَ افْتَرَضَ عَلَيْهِمْ صَدَقَةً فِي أَمْوَالِهِمْ، تُؤْخَذُ مِنْ أَغْنِيَائِهِمْ وَتُرَدُّ عَلَى فُقَرَائِهِمْ » (أخرجه البخاري في صحيحه)

ഇബ്നു അബ്ബാസ് رضي الله عنهما നിവേദനം: നബി ﷺ മുആദിനെ رضي الله عنه യമനിലേക്ക് നിയോഗിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: «താങ്കൾ അവരെ അല്ലാഹു അല്ലാതെ ന്യായമായും ആരാധിക്കപ്പെടേണ്ടവനായി ആരുമില്ലെന്നും തീർച്ചയായും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്ക് വിളിക്കുക. അവർ അതിനു വഴങ്ങിയാൽ നീ അവരെ അറിയിക്കുക, അല്ലാഹു എല്ലാ ദിനരാത്രങ്ങളിലും അഞ്ചുനേരത്തെ നമസ്കാരം അവർക്ക് നിയമമാക്കിയിരിക്കുന്നു എന്ന്. അതിന് അവർ വഴങ്ങിയാൽ നീ അവരെ അറിയിക്കുക, അല്ലാഹു അവരുടെമേൽ തങ്ങളുടെ ധനത്തിൽ സകാത് നിയമമാക്കിയിരിക്കുന്നു എന്ന്. അത്

അവരിലെ ധനികരിൽനിന്ന് വാങ്ങുകയും അവരിലെ ദരിദ്രർക്കു തന്നെ മടക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

കാര്യം വ്യക്തമാണല്ലോ. നബി ﷺ സകാത് എല്ലാവരിൽനിന്നും വാങ്ങാൻ കൽപിച്ചില്ല. അവരിലെ സമ്പന്നരിൽനിന്ന് മാത്രം വാങ്ങാനും അവരിലെ ദരിദ്രർക്ക് തന്നെ തിരിച്ച് കൊടുക്കാനുമാണ് നിർദ്ദേശിച്ചത്. ആ നിർദ്ദേശം അതേപടി നടപ്പിലാക്കുകയാണ് മുആദ് ؓ ചെയ്തത്. വകതിരിവില്ലാതെ, ഉള്ളവരോടും ഇല്ലാത്തവരോടും ഒരുപോലെ സകാത് വാങ്ങാൻ അല്ലാഹു അനുശാസിച്ചില്ല, അവന്റെ ദൂതൻ അങ്ങനെ വ്യാഖ്യാനിച്ചില്ല, അവിടുത്തെ അനുചരന്മാർ അങ്ങനെ മനസ്സിലാക്കി പ്രവർത്തിച്ചതുമില്ല.

നബി ﷺ ഇക്കാര്യം അസന്ദിഗ്ദ്ധമായി തന്നെ പ്രഖ്യാപിക്കുന്നുണ്ട്. താഴെ കൊടുക്കുന്ന ഹദീസ് കാണുക:

١٧- بَاب: لَا صَدَقَةَ إِلَّا عَنْ ظَهْرِ غِنًى. عن أَبِي هُرَيْرَةَ عَنِ النَّبِيِّ ﷺ قَالَ: «خَيْرُ الصَّدَقَةِ مَا كَانَ عَنْ ظَهْرِ غِنًى، وَابْدَأْ بِمَنْ تَعُولُ» (أخرجه البخاري في صحيحه)

17- ആവശ്യത്തിന് മീതെയുള്ളതിനല്ലാതെ സകാത് ബാധകമല്ല എന്ന അധ്യായം

അബൂ ഹുറയ്റഃ ؓ നിവേദനം: നബി ﷺ പറയുന്നു: «ആവശ്യത്തിന് മീതെയുള്ളതിൽനിന്ന് നൽകുന്നതാണ് ഏറ്റവും ഉന്നമാതമായ ദാനം. നിന്നെ ആശ്രയിക്കുന്നവരിൽനിന്നാണ് ആരംഭിക്കേണ്ടത്.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

മേൽ ഹദീസ് സസൂക്ഷ്മം നിരീക്ഷിച്ചാൽ അതിൽനിന്ന് താഴെ പറയുന്ന പാഠങ്ങൾ അനായാസം മനസ്സിലാക്കിയെടുക്കാൻ സാധിക്കും:

- ഫർളായ സകാത് ഐച്ഛികമായ ദാനങ്ങളെക്കാൾ ഉദാത്തമാണ്. നടേ വിശദീകരിച്ച ഹദീസുൽ വലിയ്യിലും (പുറം 153) ഇക്കാര്യം സമർത്ഥിച്ചിരിക്കുന്നു.

- ധന്യതയില്ലാത്തവന് സകാതില്ല. സകാത് വാങ്ങേണ്ടത് ധനികരിൽ നിന്നാണ്; ദരിദ്രരിൽനിന്നല്ല. അവർക്ക് സകാത് കൊടുക്കുകയാണ് വേണ്ടത്. ഇക്കാര്യം മുആദിനെ ﵁ യമനിലേക്ക് നിയോഗിച്ചപ്പോൾ അവിടുന്ന് നൽകിയ നിർദ്ദേശത്തിലും വ്യക്തമാക്കിയിട്ടുണ്ട്.
- സ്വത്ത് ചെലവഴിക്കുമ്പോൾ ആദ്യം കൊടുക്കേണ്ടത് തന്റെ ആശ്രിതർക്കാണ്. ആശ്രിതർക്ക് ചെലവിനു നൽകുന്നതും ദാനമാണ്. ഉപജീവനം നൽകുമ്പോൾ സ്വന്തത്തെ നോക്കണം. ആശ്രിതരെ നോക്കണം. അടുത്തവരിൽനിന്ന് അകന്നവരിലേക്കെന്ന ക്രമത്തിൽ അവരെ പരിഗണിക്കണം. നബി ﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ ﵁، قَالَ: أَمَرَ النَّبِيُّ ﷺ بِصَدَقَةٍ، فَقَالَ رَجُلٌ: عِنْدِي دينارٌ؟ قَالَ: « أَنْفِقْهُ عَلَى نَفْسِكَ » قَالَ: عِنْدِي آخَرُ؟ قَالَ: « أَنْفِقْهُ عَلَى زَوْجَتِكَ » قَالَ: عِنْدِي آخَرُ؟ قَالَ: « أَنْفِقْهُ عَلَى خَادِمِكَ، ثُمَّ أَنْتَ أَبْصَرُ » (أخرجه البخاري في الأدب المفرد، وحسنه الألباني)

അബൂ ഹുറയ്റഃ ﵁ നിവേദനം: അദ്ദേഹം പറയുന്നു: നബി ﷺ ദാനം ചെയ്യാൻ കൽപിച്ചു. അപ്പോൾ ഒരാൾ പറഞ്ഞു: എന്റെയടുക്കൽ ഒരു ദീനാറുണ്ട്. അവിടുന്ന് പറഞ്ഞു: «അത് നീ സ്വന്തത്തിനു വേണ്ടി ചെലവഴിക്കുക.» അയാൾ പറഞ്ഞു: എന്റെയടുക്കൽ മറ്റൊരു ദീനാർ കൂടിയുണ്ട്. അവിടുന്ന് പറഞ്ഞു: «അത് നീ തന്റെ ഭാര്യക്കു വേണ്ടി ചെലവഴിക്കുക.» അയാൾ പറഞ്ഞു: എന്റെയടുക്കൽ ഒരു ദീനാർ കൂടിയുണ്ട്. അവിടുന്ന് പറഞ്ഞു: «അത് നീ തന്റെ പരിചാരകനു വേണ്ടി ചെലവഴിക്കുക. പിന്നെയുള്ളവരെ കുറിച്ച് നിനക്കു തന്നെയാണ് കൂടുതൽ അറിയുക.» (ഇമാം ബുഖാരി, അൽ അദബുൽ മുഫ്റദ്)

എന്നാൽ സകാത്തിന് നിർദ്ദിഷ്ട അവകാശികളുണ്ട്. അവർക്ക് മാത്രമേ അത് നൽകാനാവൂ. ധന്യതയുടെ പുറത്തല്ലാതെ സകാത് ചുമത്തപ്പെടില്ല എന്ന് പറയുമ്പോൾ സാമ്പത്തികമായി തനിക്ക് ആവ

ശ്യമേതുമില്ലാത്ത, മാനസികമായി ധനത്തിന് മോഹമേ തോന്നാത്ത അവസ്ഥ എന്നതിന് അർത്ഥമില്ല. അല്ലാഹു പറയുന്നത് കാണുക:

﴿لَن تَنَالُوا الْبِرَّ حَتَّىٰ تُنفِقُوا مِمَّا تُحِبُّونَ ۚ وَمَا تُنفِقُوا مِن شَيْءٍ فَإِنَّ اللَّهَ بِهِ عَلِيمٌ ﴿٩٢﴾﴾ (آل عمران)

«നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് ചെലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ചെലവഴിക്കുന്ന ഏതൊന്നിനെ കുറിച്ചും തീർച്ചയായും സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു.» (ആലു ഇംറാൻ, 3:92)

നമുക്ക് കണ്ണും മോഹവുമുള്ള ഇഷ്ടധനത്തിൽനിന്നാണ് സകാത്തും സ്വദഖഃയും ചെലവഴിക്കേണ്ടത്. അങ്ങനെ സ്വാർത്ഥം ഹനിക്കാതെയും ത്യാഗം വരിക്കാതെയും പുണ്യം നേടാമെന്ന് കരുതുന്നത് മൗഢ്യമാണ്. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ رضي الله عنه، قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ ﷺ فَقَالَ: يَا رَسُولَ اللهِ، أَيُّ الصَّدَقَةِ أَعْظَمُ أَجْرًا؟ قَالَ: «أَنْ تَصَدَّقَ وَأَنْتَ صَحِيحٌ شَحِيحٌ، تَخْشَى الْفَقْرَ وَتَأْمُلُ الْغِنَى، وَلَا تُمْهِلُ حَتَّى إِذَا بَلَغَتِ الْحُلْقُومَ، قُلْتَ: لِفُلَانٍ كَذَا، وَلِفُلَانٍ كَذَا، وَقَدْ كَانَ لِفُلَانٍ» (أخرجه البخاري في صحيحه)

അബൂ ഹുറയ്റഃ رضي الله عنه നിവേദനം: ഒരാൾ നബിയുടെ ﷺ അരികിൽ വന്നുകൊണ്ട് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഏറ്റവും പ്രതിഫലാർഹമായ ദാനം ഏതാണ്? അവിടുന്ന് പ്രതിവചിച്ചു: «നീ ആരോഗ്യവാനും ലുബ്ധനുമായിരിക്കെ, ദാരിദ്ര്യത്തെ ഭയപ്പെടുകയും സമ്പത്തിനെ മോഹിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ചെയ്യുന്ന ദാനം. ആത്മാവ് തൊണ്ടക്കുഴിയിൽ എത്തുന്നതുവരെ അത് നീ വെച്ചുതാമസിപ്പിക്കരുത്. അപ്പോൾ 'ഇന്നയാൾക്ക് ഇത്ര, ഇന്നയാൾക്ക് ഇത്ര' എന്ന് നീ പറയും. അപ്പോഴേക്കും [അനന്തരാവകാശിയായ] ഇന്ന

യാൾക്കുള്ളതായിക്കഴിഞ്ഞിരിക്കും അത്.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ഇസ്‌ലാമിക ചരിത്രത്തിലെ അനർഘമായൊരു മുഹൂർത്തത്തിൽ നബിയുടെ ﷺ അനുചരന്മാരായ അൻസ്വാറുകൾ രചിച്ച മഹനീയമായൊരു മാതൃകയുണ്ട്. അല്ലാഹുവിന്റെ പ്രശംസക്ക് പാത്രമായ അനിതരമായൊരു മാതൃക! അതിനെ കുറിച്ച് അല്ലാഹു പറയുന്നത് കൂടി കാണാം:

﴿وَالَّذِينَ تَبَوَّءُوا الدَّارَ وَالْإِيمَانَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِي صُدُورِهِمْ حَاجَةً مِّمَّا أُوتُوا وَيُؤْثِرُونَ عَلَىٰ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِ فَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٩﴾﴾ (الحشر)

«അവരുടെ [മുഹാജിറുകൾ] വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും ഒരുക്കിവെച്ച [അൻസ്വാറുകൾ] അവർക്കും. സ്വദേശം വെടിഞ്ഞ് തങ്ങളുടെ അടുത്തേക്ക് ഹിജ്റഃ വന്നവരെ അവർ സ്നേഹിക്കുന്നു. തങ്ങൾക്ക് നൽകപ്പെട്ട ധനത്തിൽ തങ്ങളുടെ മനസ്സുകളിൽ ഒരാവശ്യവും അൻസ്വാറുകളായ അവർക്ക് തോന്നിയിരുന്നില്ല. തങ്ങൾക്ക് സവിശേഷമായ ആവശ്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ അവർ അപരർക്ക് മുൻഗണന നൽകുകയും ചെയ്യുമായിരുന്നു. തന്റെ മനസ്സിന്റെ സങ്കുചിതത്വത്തിൽനിന്ന് ആർക്ക് സംരക്ഷണം കിട്ടിയോ അവരാകുന്നു വിജയം പ്രാപിച്ചവർ.» (അൽ ഹശ്ർ, 59:9)

ചുരുക്കത്തിൽ ധനികർക്ക് മാത്രമാണ് അല്ലാഹു സകാത് നിയമമാക്കിയിട്ടുള്ളത്. ദരിദ്രർ സകാത് കൊടുക്കേണ്ടവരല്ല; അവർ സകാത് ലഭിക്കേണ്ടവരാണ്. സ്വത്ത് ചെലവഴിക്കാനുള്ള കൽപനയിൽ പ്രഥമമായും പ്രമുഖമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് സകാത്താണെന്നതിൽ പക്ഷാന്തരമില്ല. പക്ഷെ, അതിൽ സകാത്തിന് പുറമെ ഐച്ഛികമായ ദാനധർമ്മങ്ങളും സ്വദേഹത്തിനും ആശ്രിതർക്കും ചെലവിനു നൽകുന്നത് പോലും ഉൾപ്പെടുന്നു.

വിഷയത്തെ സമഗ്രമായി മനസ്സിലാക്കാൻ കഴിയാത്ത ചില വിവരദോഷികൾ ജൽപിക്കാറുള്ളത് സമ്പന്നരെന്നോ ദരിദ്രരെന്നോ വ്യത്യാസമില്ലാതെ എല്ലാവരും അവരുടെ വരുമാനം എത്ര തുഛമായിരുന്നാലും അതിനു സകാത് നൽകണം എന്നാണ്. കിതാബ് തലതിരിച്ചോതിയാൽ കിട്ടുന്നത് ഇൽമായിരിക്കില്ല, ളുൽമായിരിക്കും എന്ന് മനസ്സിലാക്കുക. പലരും ധരിച്ചിരിക്കുന്നത് ഏതെങ്കിലും വകുപ്പിന്റെ കണക്ക് ഓഡിറ്റ് ചെയ്താൽ മതി സകാത്തിന്റെ വിധിവിലക്കുകൾ തിരിയാൻ എന്നാണ്. ഇവരുടെയൊക്കെ കാര്യം മഹാകഷ്ടം തന്നെ!

യഥാർത്ഥത്തിൽ ഈ നിഗമനം മുകളിൽ പറഞ്ഞ പ്രമാണരേഖകൾക്കും സച്ചരിതരായ സലഫുകളുടെ നടപടിക്രമങ്ങൾക്കും വിരുദ്ധമാണ്. അപ്പോൾ സ്വാഭാവികമായും ഉയർന്നുവരുന്ന ഒരു പ്രശ്നമുണ്ട്: ആരെയെല്ലാം സകാത് നൽകാൻ ബാധ്യതയുള്ള ധനികരായി കണക്കാക്കാം. അഥവാ ഒരാളുടെ ഉടമസ്ഥതയിലുള്ള വസ്തുവകകളിൽ ഓരോന്നിന്റെയും അളവ് എത്ര തികയുമ്പോഴാണ് സകാത് നൽകേണ്ടി വരിക? ഏറെ പ്രസക്തമായ ഈ പ്രശ്നം മതനിയമങ്ങൾ നിശ്ചയിച്ചു തന്ന അല്ലാഹു തന്നെ അഭിസംബോധന ചെയ്തിട്ടുണ്ട്. ഓരോ ഇനം സ്വത്തിലും സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ അളവ് എത്രയാണെന്ന് കൃത്യമായി തന്നെ സ്ഥിരപ്പെട്ട ഹദീസുകളിൽ വിശദീകരിച്ചിട്ടുണ്ട്. അതിനാണ് നിസ്വാബ് (النِّصَاب) എന്ന് പറയുന്നത്. നിസ്വാബ് തികയാത്ത ധനത്തിന് സകാത് ബാധകവുമല്ല.

വരുമാനം എത്ര തുഛമായിരുന്നാലും കിട്ടുന്ന സംഖ്യക്ക് സകാത് നൽകണം എന്നത് ഇത്തരക്കാരുടെ തെറ്റായൊരു നിഗമനമാണ്. എന്നല്ല, നിസ്വാബ് സംബന്ധിച്ച് വന്ന അനവധി നിരവധി ഹദീസുകളെ അത് അസാധുവാക്കുന്നു. ശർഇന്റെ ബഹുമുഖമായ ലക്ഷ്യങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമായി അത് നിലകൊള്ളുകയും ചെയ്യുന്നു. ഇത്തരം വങ്കത്തങ്ങൾ എഴുന്നള്ളിക്കുന്നവർ ദീനിന് ഏൽപിക്കുന്ന ആഘാതം ചെറുതല്ല. കിതാബോതി തലതിരിഞ്ഞവർ സകാത്തും സ്വദഖഃയും പിരിക്കാൻ നടന്നാലും ജനങ്ങളെ പിഴ

പ്പിക്കാൻ നടക്കരുതേ എന്ന് പറയേണ്ടി വന്നാലോ! വല്ലാത്തൊരു അവസ്ഥാ വിശേഷം തന്നെ!!

പ്രമാണരേഖകളുടെ പിൻബലത്തിൽ ശർഇന്റെ ശരിയായ വിധി വിലക്കുകൾ ഉദ്ധരിച്ചാൽ ഇത്തരക്കാർ പറയുക, ഇത് പാവങ്ങളുടെ അവകാശം പാഴാക്കുന്ന നിലപാടാണെന്നായിരിക്കും. ചിലപ്പോൾ സമ്പന്നർക്കു വേണ്ടിയുള്ള പക്ഷപാതമായി അതിനെ ദുർവ്യാഖ്യാനിച്ചെന്നും വരും. അപ്പോഴാണ് പലരുടെയും കവി മനസും കലാബോധവുമെല്ലാം ഉണരുക. എന്നാൽ അതിലൊട്ടും സാംഗത്യമില്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഈ കപട ഗുണകാംക്ഷയെ ഇമാം അൽബാനി ﵀ തന്നെ തൊലിയുരിച്ച് കാണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ താഴെ ഉദ്ധരിക്കാം:

"فائدة هامة: قد يدعي بعضهم أن القول بعدم وجوب زكاة عروض التجارة فيه إضاعة لحق الفقراء والمساكين في أموال الأغنياء والمثرين.

والجواب من وجهين:

الأول: أن الأمر كله بيد الله تعالى فليس لأحد أن يشرع شيئا من عنده بغير إذن من الله عز وجل ﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ مَا كَانَ لَهُمُ الْخِيَرَةُ سُبْحَانَ اللَّهِ وَتَعَالَى عَمَّا يُشْرِكُونَ ﴿٦٨﴾﴾ (القصص) ..

فأقول: فهذا هو الحق وبه تبطل الدعوى من أصلها.

والآخر: أن تلك الدعوى قائمة على قصر النظر في حكمة فرض الزكاة أنها لفائدة الفقراء فقط، والأمر على خلافه كما في قوله تعالى: ﴿إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ.. ﴿٦٠﴾﴾ (التوبة) الآية.

فإذا كان الأمر كذلك ووسعنا النظر في الحكمة قليلا وجدنا أن الدعوى المذكورة باطلة لأن طرح الأغنياء أموالهم ومتاجرتهم بها أنفع للمجتمع - وفيه الفقراء - من كنزها ولو أخرجوا زكاته ولعل هذا يدركه المتخصصون في علم الاقتصاد أكثر من غيرهم، والله ولي التوفيق" (الألباني في تمام المنة في التعليق على فقه السنة)

"സുപ്രധാനമായൊരു പാഠം: ചിലർ ഇങ്ങനെ ഒരു വാദമുഖം ഉയർത്താം: കച്ചവടച്ചരക്കുകൾക്ക് സകാത് ബാധകമല്ലെന്ന് പറയുന്നത് സമ്പന്നരുടെയും ധനാഢ്യരുടെയും ധനത്തിൽനിന്ന് പാവങ്ങൾക്കും ദരിദ്രർക്കും കിട്ടാനുള്ള അവകാശം പാഴാക്കലാണ്.

അതിനുള്ള മറുപടി രണ്ട് വിധത്തിലാണ്:

ഒന്ന്: കാര്യം മുഴുവനും അല്ലാഹുവിന്റെ കയ്യിലാണ്, തീർച്ച. അവൻ അനുവദിച്ചിട്ടില്ലാത്ത നിലക്ക് ആർക്കും മതപരമായ ഒരു നിയമവും നിർമ്മിക്കാനാവില്ലല്ലോ.

«നിന്റെ റബ്ബ് താൻ ഇച്ഛിക്കുന്നത് സൃഷ്ടിക്കുന്നു, (താൻ ഇച്ഛിക്കുന്നത്) തെരഞ്ഞെടുക്കുന്നു. അവർക്ക് സ്വേഛാനുസാരം ഒന്നും തെരഞ്ഞെടുക്കാനാവില്ല. അല്ലാഹുവിന്റെ വിശുദ്ധിയെ ഞാൻ ഉയർത്തിപ്പിടിക്കുന്നു. അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അതീതനും ഉന്നതനുമാണവൻ..» (അൽ ഖസ്വസ്വ്, 28:68)

ഞാൻ പറയട്ടെ: ഇപ്പറഞ്ഞതാണ് പരമമായ സത്യം. ഇത് മുഖേന ആ വാദമുഖം സമൂലം റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു.

രണ്ട്: ആ വാദമുഖം നിലനിൽക്കുന്നത് തന്നെ സകാത് നിർബന്ധമാക്കിയതിലെ ഹിക്മത്തിനെ കുറിച്ചുള്ള ദീർഘവീക്ഷണമില്ലായ്മയിലാണ്. അതായത്, സകാത് ദരിദ്രരുടെ നേട്ടത്തിന് വേണ്ടി മാത്രമുള്ളതാണെന്ന പരിമിതമായ കാഴ്ചപ്പാടിൽ അധിഷ്ഠിതമാണ് ആ വാദം. യാഥാർത്ഥ്യം അതിനു നേർവിപരീതമാണ്. അല്ലാഹുവിന്റെ ഈ വചനത്തിലുള്ളതു പോലെയാണ് കാര്യം: «സകാത് നൽകേണ്ട

ത് ദരിദ്രർക്കും അഗതികൾക്കും അതിന്റെ ഉദ്യോഗസ്ഥർക്കും മനസ് ഇണക്കപ്പെട്ടവരായി ഇസ്‌ലാമിലേക്ക് അടുത്തിടെ കടന്നുവന്നവർക്കും.. (അത്തൗബഃ, 9:60)

കാര്യം ഇപ്രകാരമാണെന്നിരിക്കെ, സകാത്തിന്റെ ഹിക്മത്തിനെ കുറിച്ച് നാം അല്പം കൂടി വിശാലമായി ചിന്തിക്കുകയാണെങ്കിൽ, പരാമൃഷ്ട വാദമുഖം അടിസ്ഥാനരഹിതമാണെന്ന് നമുക്ക് കാണാൻ സാധിക്കും. കാരണം, സമ്പന്നരുടെ സ്വത്ത് കെട്ടിപ്പൂട്ടി വെക്കുന്നതിനു പകരം അത് വികസന മാർഗത്തിൽ നിക്ഷേപിക്കുകയും അത് മുഖേന വ്യാപാരം നടത്തുകയും ചെയ്യുന്നതാണ് ദരിദ്രർ ഉൾപ്പെടെയുള്ള സമൂഹത്തിന് കൂടുതൽ പ്രയോജനകരം; അവർ സകാത് നൽകിയാൽ പോലും. സാമ്പത്തിക വിദഗ്ധർക്ക് ഇക്കാര്യം മറ്റാരെക്കാളും നന്നായി മനസ്സിലാക്കാൻ സാധിക്കും. അല്ലാഹുവാണ് തൗഫീഖിനധിപൻ." (ഇമാം അൽബാനി, താമാമുൽ മിന്നഃ)

ചുരുക്കത്തിൽ അല്ലാഹു എല്ലാ ധനത്തിനും സകാത് നിയമമാക്കിയിട്ടില്ല. അവൻ സകാത് നിശ്ചയിക്കാത്ത വസ്തുക്കളിൽ സകാത് ചുമത്താൻ ഒരു സൃഷ്ടിക്കും അധികാരവുമില്ല. അതേ പോലെ, ഓരോ ഇനം സ്വത്തിലും സകാത് ബാധകമാകാൻ അല്ലാഹു നിശ്ചയിച്ച ഏറ്റവും കുറഞ്ഞ വരുമാന പരിധി (النِّصَاب) എടുത്ത് കളഞ്ഞ് തുച്ഛവരുമാനമുള്ള ദരിദ്രരുടെമേൽ സകാത് അടിച്ചേൽപിക്കാനും ആർക്കും അവകാശമില്ല.

ഉള്ളവരുടെയും ഇല്ലാത്തവരുടെയും അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതു തന്നെ. അതിനെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവൻ സ്രഷ്ടാവായ അല്ലാഹുവാണ്. അവനാണ് അവരെ സൃഷ്ടിച്ചത്, അവർക്കാവശ്യമായ വിഭവങ്ങൾ നൽകിയത്, വിഭവങ്ങളുടെ വിതരണത്തിൽ അവർക്കിടയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കിയത്. അവരുടെ അവകാശങ്ങളും ഉത്തമ താൽപര്യങ്ങളും സംരക്ഷിക്കാൻ ഉപയുക്തമായ മാർഗം അവന്റെ ശർഅ് അംഗീകരിക്കലും അതിലെ വിധിവിലക്കുകൾ നടപ്പിലാക്കലുമാണ്. അല്ലാതെ, മനുഷ്യന്റെ അൽ

പബുദ്ധിയും യുക്തിയും നിർദ്ദേശിക്കുന്ന കാര്യങ്ങളുടെ പിന്നാലെ പോകലല്ല. അല്ലാത്ത പക്ഷം, അല്ലാഹുവിന്റെ ദീനിൽ തന്നിഷ്ടങ്ങൾ കടത്തിക്കൂട്ടി അതിനെ കളങ്കപ്പെടുത്തിയതിനുള്ള ശിക്ഷയായിരിക്കും അവനെ കാത്തിരിക്കുക.

ഒരു അടിമയെ വിശ്വാസിയെന്ന വിശേഷണത്തിന് അർഹനാകുന്നത്, അല്ലാഹു അറിയിച്ച വൃത്താന്തങ്ങളെയും അവൻ നിശ്ചയിച്ച കൽപനാ വിലക്കുകളെയും സംബന്ധിച്ച്, അവ പരമസമത്യവും നീതിയുക്തവുമാണെന്ന ദൃഢബോധ്യം കൈവരിക്കുമ്പോഴാണ്; ആ ബോധ്യം തന്റെ സമീപനങ്ങളിലും കർമ്മങ്ങളിലും പ്രതിഫലിക്കുമ്പോഴാണ്. തന്റെ അഭീഷ്ടങ്ങളെയും യുക്തിബോധത്തെയും അല്ലാവിന്റെ ശർഇനു മീതെ പ്രതിഷ്ഠിക്കുന്നവൻ അഭീഷ്ടക്കാരനും തന്നിഷ്ടം പിന്തുടരുന്നവനുമാണ്. അവന്റെ സ്ഥാനം പിശാചിനു പിറകിൽ നരകത്തിലായിരിക്കുമെന്നാണ് പ്രമാണങ്ങൾ ഉദ്ഘോഷിക്കുന്നത്.

# 11

## സകാത് ബാധകമാകുന്ന വസ്തുവകകൾ

ഇബാദത്തുകളുടെ കാര്യത്തിൽ അടിസ്ഥാനപരമായി വിലക്ക് നിലനിൽക്കുന്നു (الأصل في العبادات المنع) എന്നതാണ് ഇസ്‌ലാമികമായ വിഭാവന. അഥവാ ഏതൊരു ആരാധനയും പ്രമാണരേഖകൾ കൊണ്ട് തെളിയിക്കപ്പെടാത്തിടത്തോളം സാധുവാകുകയില്ലെന്നു സാരം; അത് വിലക്കപ്പെട്ടതും അതിനാൽ തന്നെ തള്ളപ്പെടേണ്ടതുമാണ്.

ഇടപാടുകളുടെ കാര്യം മറിച്ചാണ്. അടിസ്ഥാനപരമായി എല്ലാ ഇടപാടുകളും അനുവദനീയമാണ്. (الأصل في المعاملات الإباحة) അവ നിഷിദ്ധമാണെന്ന് തെളിയിക്കുന്ന പ്രമാണരേഖകൾ ഉണ്ടെങ്കിൽ മാത്രമേ അവ വിലക്കപ്പെട്ടതായി കണക്കാക്കാനാകൂ. അപ്പോൾ, അടിസ്ഥാനപരമായി ഏതൊരു കാര്യത്തെയും ബാധ്യതകളിൽനിന്ന് മുക്തമായിട്ടാണ് ഗണിക്കുക. അതിനുമേൽ ബാധ്യത ഉണ്ടെന്ന് പ്രമാണരേഖകൾ കൊണ്ട് തെളിയിക്കപ്പെട്ടാലൊഴികെ. ഇതാണ് الْبَرَاءَةُ الأَصْلِيَّة എന്ന പേരിൽ അറിയപ്പെടുന്ന പൊതുതത്ത്വം.

മനുഷ്യന് പരമ്പരാഗതമായോ മറ്റു വിധേനയോ വന്നുചേരുന്ന സ്വത്തുക്കളുണ്ടാകും. അവൻ സ്വയം ആർജ്ജിക്കുന്ന സമ്പാദ്യവുമുണ്ടാ

കും. അത്തരം സമ്പത്തുക്കളെല്ലാം മേൽ പറഞ്ഞ الْبَرَاءَةُ الْأَصْلِيَّةُ എന്ന തത്വമനുസരിച്ച് ബാധ്യതകളിൽനിന്ന് മുക്തമായിരിക്കും. അവയുടെ മേൽ സകാത്തിന്റെ ബാധ്യത ചുമത്തണമെങ്കിൽ പ്രമാണങ്ങളിൽനിന്നുള്ള രേഖാപരമായ തെളിവു തന്നെ വേണം. ഇന്നയിനം ധനത്തിന് അല്ലാഹു സകാത് നിയമമാക്കിയിരിക്കുന്നു എന്ന് ഖുർആനിലോ സുന്നത്തിലോ സ്ഥിരപ്പെട്ടാൽ അതിനു മാത്രമാണ് സകാത് നൽകേണ്ടി വരിക. മറ്റിനങ്ങൾക്ക് സകാത് ബാധകമാവില്ല.

അല്ലാഹു സകാത് നിയമമാക്കിയ ഇനങ്ങൾ വിശകലനം ചെയ്താൽ അവ വികസിക്കുന്നതോ വികസന ക്ഷമമോ ആയ സ്വത്തുക്കളാണെന്ന് കാണാൻ കഴിയും. അതേ പ്രകാരം അവ ദീർഘകാലം നിലനിൽക്കുന്ന വസ്തുവകകളുമായിരിക്കും. ഖുർആനിക സൂക്തങ്ങളിലും സ്ഥിരപ്പെട്ട നബിവചനങ്ങളിലും സ്വഹാബികളുടെ നടപടിക്രമങ്ങളിലും ഈ വസ്തുത സാക്ഷീകരിക്കുന്ന പരാമർശങ്ങൾ കാണാം. ഏതെല്ലാം ഇനങ്ങളിലാണ് അല്ലാഹു സകാത് നിയമമാക്കിയിരിക്കുന്നതെന്നു പരിശോധിക്കാം:

പണവും നാണയവും: സമ്പദ്‌വ്യവസ്ഥയിൽ വസ്തുക്കളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കടങ്ങൾ തീർക്കാനുമുള്ള ഒരു മാധ്യമമായി എല്ലാവരും അംഗീകരിക്കുന്ന ഏതൊന്നിനെ കുറിച്ചും പൊതുവായി വ്യവഹരിക്കാനുള്ള പദമാണ് പണം. അത് വിനിമയ മാധ്യമമാണ്, മൂല്യത്തിന്റെ അളവുകോലാണ്, മൂല്യശേഖരണോപാധിയാണ്. എന്നാൽ പണത്തിന്റെ ഒരു പ്രത്യേക രൂപമാണ് നാണയം. സർക്കാർ നിയന്ത്രിക്കുന്നതും നിയമപരമായി അംഗീകാരമുള്ളതും ഏകീകൃത സ്വഭാവത്തിലുള്ളതും ലോഹം, നോട്ട് പോലെ ഭൗതിക രൂപത്തിലുള്ളതുമായ പണത്തെയാണ് നാണയം എന്ന് പറയുന്നത്. സ്വർണ്ണവും വെള്ളിയുമാണ് അടിസ്ഥാന നാണയങ്ങൾ. അവയെ പ്രതിനിധാനം ചെയ്യുന്ന ബാങ്ക് നോട്ടുകളെയും നാണയങ്ങളായി തന്നെയാണ് പരിഗണിക്കുന്നത്.

പണത്തെ മൂല്യമുള്ള ആസ്തികളാക്കി സൂക്ഷിക്കാൻ ഉപയോഗിക്കു

ന്ന ഇക്വിറ്റികൾ, ബോണ്ടുകൾ, കടപത്രങ്ങൾ, ക്രിപ്റ്റോ കറൻസികൾ പോലുള്ളവയും സകാത്തിനെ കുറിച്ചുള്ള ചർച്ചയിൽ പണത്തിനു കീഴിലാണ് വരുന്നത്.

നാണയം വികസനക്ഷമമായ ഒരു ധനമാണ്. അതിനുമേൽ അല്ലാഹു സകാത് നിർബന്ധമാക്കിയിട്ടുമുണ്ട്. അതിൽ തന്നെ രണ്ട് ഇനമുണ്ട്: സ്വർണ്ണനാണയവും വെള്ളിനാണയവും. അവ പരസ്പരം കൂട്ടിക്കലർത്താവതല്ല. വർഷം തികയുമ്പോൾ സ്വർണ്ണവും അതിനെ അടിസ്ഥാനപ്പെടുത്തി വിനിമയത്തിന് ഉപയോഗിക്കുന്ന മറ്റു നാണയ രൂപങ്ങളും ഒരുമിച്ചുകൂട്ടി നിസ്വാബ് തികയുന്നുവോ എന്ന് നോക്കണം. എങ്കിൽ അതിനു നിശ്ചയിച്ച നിരക്കിൽ സകാത് നൽകണം. അതുപോലെ വെള്ളിയും അതിനെ അടിസ്ഥാനപ്പെടുത്തി വിനിമയത്തിന് ഉപയോഗിക്കുന്ന മറ്റു നാണയ രൂപങ്ങളും ഒരുമിച്ച്കൂട്ടി നിസ്വാബ് തികയുന്നുവോ എന്ന് നോക്കണം. എങ്കിൽ അതിന് നിശ്ചയിച്ച നിരക്കിൽ അതിന്റെ സകാത്തും നൽകണം. സ്വർണ്ണവും വെള്ളിയും കൂട്ടിക്കലർത്താൻ പാടില്ല. കാലികളിൽ ആടിനെയും പശുവിനെയും കൂട്ടിക്കലർത്താൻ പാടില്ലാത്തതു പോലെ തന്നെ.

കാർഷിക സമ്പത്ത്: മനുഷ്യൻ കൃഷി ചെയ്തുണ്ടാക്കുന്ന കാർഷിക വിളകൾ ഒരു വികസിക്കുന്ന ധനമാണ്. അതിന് അല്ലാഹു സകാത് നിർബന്ധമാക്കിയിരിക്കുന്നു. ധാന്യങ്ങളും ഫലങ്ങളുമാണ് കാർഷിക വിളകൾ എന്നതിലുൾപ്പെടുന്നത്. ധാന്യം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അരി, ഗോതമ്പ് പോലെ മനുഷ്യർ ആഹാരമായി ഉപയോഗിക്കുന്നതും അളന്നു കണക്കാക്കുന്നതും സൂക്ഷിച്ച് വെക്കുന്നതുമായ ഭക്ഷ്യവസ്തുക്കളാണ്. ഫലങ്ങൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് കാരക്ക, ഉണക്ക മുന്തിരി പോലെ അളന്നു കണക്കാക്കുന്നതും സൂക്ഷിച്ചു വെക്കുന്നതുമായ ഇനങ്ങളാണ്.

ആപ്പിൾ, മാതളം, പ്ലം, മുന്തിരി (ഉണക്കമുന്തിരിയൊഴികെ) പോലുള്ള പഴങ്ങൾക്കോ, വഴുതന, പച്ചപ്പയർ, വെണ്ട പോലുള്ള പച്ചക്കറികൾക്കോ സകാത് ബാധകമല്ല. കാരണം, അവയൊന്നും അളന്നു

കണക്കാക്കാനോ സൂക്ഷിച്ചു വെക്കാനോ പറ്റുന്ന ഭക്ഷ്യവസ്തുക്കളല്ല. നബി ﷺ പറയുന്നു:

عَنْ أَبِي سَعِيدٍ الْخُدْرِيِّ رضي الله عنه أَنَّ رَسُولَ اللهِ ﷺ قَالَ: « لَيْسَ فِيمَا أَقَلَّ مِنْ خَمْسَةِ أَوْسُقٍ صَدَقَةٌ، وَلَا فِي أَقَلَّ مِنْ خَمْسَةٍ مِنَ الْإِبِلِ الذَّوْدِ صَدَقَةٌ، وَلَا فِي أَقَلَّ مِنْ خَمْسِ أَوَاقٍ مِنَ الْوَرِقِ صَدَقَةٌ » (أخرجه البخاري في صحيحه)

അബൂ സഈദ് അൽ ഖുദ്'രി رضي الله عنه നിവേദനം: നബി ﷺ പറയുന്നു: «അഞ്ചു വസഖിൽ (300 സ്വാഅ്) താഴെയുള്ളതിന് സകാത്തില്ല. അഞ്ചിൽ കുറവ് ഒട്ടകത്തിന് സകാത്തില്ല. 140 മിഥ്ഖാലിൽ (595 ഗ്രാം) കുറഞ്ഞ വെള്ളിക്ക് സകാത്തില്ല.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

അഞ്ച് വസഖിൽ കുറഞ്ഞതിന് സകാത് ഇല്ല. വസഖ് എന്നത് അളവിനെ സൂചിപ്പിക്കുന്ന ഒരു ഏകകമാണ്. അത് സൂക്ഷിച്ചുവെക്കാൻ കഴിയുന്ന അരി, ഗോതമ്പ് പോലുള്ള ധാന്യങ്ങളും, സൂക്ഷിച്ചു വെക്കാൻ കഴിയുന്ന കാരക്ക, ഉണക്ക മുന്തിരി പോലുള്ള പഴങ്ങളും അളക്കാനുള്ള ഒരു യൂനിറ്റാണ്. സൂക്ഷിച്ചു വെക്കാൻ കഴിയാത്ത പഴങ്ങൾ, പച്ചക്കറികൾ പോലുള്ളവ 'വസഖി'ൽ അളന്നു കണക്കാക്കാറില്ല. അവ പെട്ടെന്ന് നശിച്ചുപോകുന്നവയുമാണ്. ആയതുകൊണ്ട് അവക്ക് കാർഷിക വിളകളുടെ സകാത് ബാധകമാവുകയില്ല. അതേ പോലെ, പച്ചക്കറികൾക്കും സകാത് ബാധകമല്ല. ഇക്കാര്യം ഒരു ഹദീസിൽ പരാമർശമുള്ളതുമാണ്. അതിന്റെ വാക്കുകൾ ഇങ്ങനെ വായിക്കാം: «ليس في الخضروات زكاة». അനസ്, ത്വൽഹഃ, മുആദ് رضي الله عنهم എന്നീ സ്വഹാബിമാരിൽ നിന്ന് ഇമാം ദാറഖുത്വ്നിയും തിർമുദിയുമാണ് അത് ഉദ്ധരിക്കുന്നത്. ഹദീസ് നിരൂപകന്മാരിൽ ചിലർ അതിന്റെ സ്വീകാര്യത സംബന്ധിച്ച് ഭിന്നാഭിപ്രായം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ, ഇമാം അൽബാനി رحمه الله തന്റെ صحيح الجامع الصغير وزيادته എന്ന ഹദീസ് സമാഹാരത്തിൽ അത് സ്വീകാര്യയോഗ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഹദീസിന്റെ സനദിന്റെ കാര്യത്തിൽ

ഭിന്നാഭിപ്രായമുണ്ടെങ്കിലും പച്ചക്കറികൾക്ക് സകാത്തില്ലെന്ന കാര്യത്തിൽ മുൻഗാമികൾക്കിടയിൽ സമയവായമുണ്ട് താനും.

എന്നാൽ വ്യാപരത്തിലൂടെയോ മറ്റു ക്രയവിക്രയങ്ങളിലൂടെയോ അത് പണമായി മാറിയാൽ വ്യവസ്ഥകൾക്ക് വിധേയമായി അതിന് പണത്തിന്റെ സകാത് ചുമത്തപ്പെടും.

കാർഷിക വിളകളിലെ ഒരിനത്തിന് ഒരു വിളവെടുപ്പിൽ സകാത് ബാധകമാകാൻ തികയേണ്ട പരിധി (النِّصَاب) എത്തിയാൽ അതിന് നിശ്ചിത നിരക്കിൽ വിളവെടുപ്പ് സമയത്ത് തന്നെ സകാത് നൽകേണ്ടതാണ്. അതിന് ഒരു വർഷം തികയാൻ കാത്തു നിൽക്കേണ്ടതില്ല. അല്ലാഹു പറയുന്നു:

﴿وَآتُوا حَقَّهُ يَوْمَ حَصَادِهِ ۖ وَلَا تُسْرِفُوا ۚ إِنَّهُ لَا يُحِبُّ الْمُسْرِفِينَ ﴿١٤١﴾﴾ (الأنعام)

«അതിൽ പാവങ്ങൾക്കുള്ള അവകാശ വിഹിതം വിളവെടുപ്പ് ദിവസം കൊടുത്ത് വീട്ടുക. നിങ്ങൾ അമിതവ്യയം ചെയ്യരുത്; അമിതവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല, തീർച്ച.» (അൽ അൻആം, 6:141)

സകാത് ബാധകമാകുന്ന കാർഷിക വിളകൾ ഭക്ഷ്യാവശ്യങ്ങൾക്ക് വേണ്ടിയായാലും വ്യാപാര ലക്ഷ്യത്തിനു വേണ്ടിയായാലും വിളവെടുപ്പ് സമയത്ത് തന്നെ അവക്ക് കാർഷിക വിളകളുടെ നിരക്കിൽ സകാത് നൽകണം. പിന്നീട് അത് വിൽപന വസ്തുവാക്കിയാൽ വിൽപന നടന്ന് കിട്ടുന്ന സംഖ്യക്ക് നിസ്വാബ് തികയുകയും അതിന്മേൽ ഒരു ചന്ദ്രവർഷം പൂർത്തിയാവുകയും ചെയ്താൽ അതിന് നാണയത്തിന്റെ നിരക്കിൽ സകാത് കൊടുക്കേണ്ടതുമാണ്. പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമുള്ള വിഷയമാണിതെന്ന് ഓർക്കുക.

കാലികളുടെ സകാത്: വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്ന കാലികൾക്കാണ് അല്ലാഹു സകാത് നിയമമാക്കിയിട്ടുള്ളത്. വീട്ടാവശ്യങ്ങൾക്കായി തീറ്റ കൊടുത്തു വളർത്തുന്നതോ, കൃഷിപ്പണിക്കു വേണ്ടി നിലനിർത്തുന്നതോ ആയ

കാലികളെയല്ല സകാതിന് പരിഗണിക്കുന്നത്. മറിച്ച്, വംശവർദ്ധന വിന് വേണ്ടി വളർത്തുന്ന, വർഷത്തിൽ അധിക സമയവും മേഞ്ഞു തിന്നുന്ന കാലികൾക്കാണ് സകാത് ബാധകമാകുന്നത്.

അവയിൽനിന്നും ആട്, മാട്, ഒട്ടകം എന്നീ ഇനങ്ങൾക്കാണ് അല്ലാഹു സകാത് നിയമമാക്കിയിട്ടുള്ളത്. ഈ മൂന്ന് ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകം നിസ്വാബ് നിശ്ചയിച്ചിട്ടുണ്ട്. നിസ്വാബ് തികഞ്ഞ ഇനത്തിന് ഒരു വർഷം പൂർത്തിയാകുമ്പോഴാണ് നിർദ്ദിഷ്ട നിരക്കിൽ സകാത് നൽകേണ്ടത്. ആട്, മാട്, ഒട്ടകം എന്നിവയെ കൂട്ടിച്ചേർത്ത് മിശ്രയിനമാക്കി സകാത് നൽകേണ്ടതില്ല. അവയിൽ ഓരോ ഇന ത്തിനും നിസ്വാബ് തികഞ്ഞാൽ മാത്രമേ സകാത്ത് നിർബന്ധമാകൂ.

അതേ പോലെ, കച്ചവടത്തിനായി വാങ്ങുന്ന കാലികൾക്ക് കച്ച വടച്ചരക്കുകൾക്ക് പറഞ്ഞിരിക്കുന്ന സകാത് നിയമങ്ങളും വിധിക ളുമാണ് ബാധകമായിത്തീരുക. കാലികൾക്ക് പറഞ്ഞ നിയമങ്ങളല്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കച്ചവടച്ചരക്കുകൾ: ലാഭം ഉദ്ദേശിച്ച് ക്രയവിക്രയം നടത്തുന്ന എല്ലാതരം ഉൽപ്പന്നങ്ങളെയും വസ്തുവകകളെയുമാണ് കച്ചവടച്ചരക്കുകൾ എന്നതു കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. ഇതിൽ വസ്ത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ, വാഹനങ്ങൾ, സ്ഥാവര ജംഗ മങ്ങൾ, ഇലക്ട്രോണിക്സ്, കെട്ടിടനിർമ്മാണ സാമഗ്രികൾ തുടങ്ങി വ്യാപാര സാധ്യതയുള്ള ഏതൊരു വസ്തുവും ഉൾപ്പെടുന്നു. ലാഭം ലക്ഷ്യമിട്ട് വിൽക്കുക എന്ന ഉദ്ദേശ്യത്തോടെയായിരിക്കണം ആ വസ്തുക്കൾ സ്വന്തമാക്കിയത്. സ്വകാര്യ ഉപയോഗത്തിനോ വാടകക്ക് നൽകാനുള്ളതോ ആയ വസ്തുക്കൾക്ക് ഇത് ബാധകമല്ല.

കച്ചവടത്തിന്റെ സകാത് കണക്കാക്കാൻ അടിസ്ഥാനമാക്കേണ്ടത് വ്യാപാരം തുടങ്ങിയ നാൾ മുതൽ ഒരു ചന്ദ്രവർഷം പൂർത്തിയാകു ന്നതുവരെയുള്ള പോക്കുവരവുകളെയാണ്. സകാത് വർഷത്തിൽ വ്യാപാരത്തിലൂടെ വരവ് രേഖപ്പെടുത്താത്ത ശേഖരങ്ങൾ (stock, inventory), നിഷ്ക്രിയ ആസ്തികൾ (dead stock) എന്നിവയുടെ

മൂല്യം പരിഗണിക്കേണ്ടതില്ലെന്നു സാരം. എന്നാൽ ദ്രവആസ്തികൾ (liquid asset) സകാത്തിന് പരിഗണിക്കേണ്ടതുമാണ്. ഫിഖ്ഹിന്റെ ഗ്രന്ഥങ്ങളിൽ സ്റ്റോക്ക് കണക്കെടുപ്പ് നടത്തി, മൂല്യം നിർണ്ണയിച്ച് അതിന് സകാത് നൽകണമെന്ന് നിഷ്കർഷിക്കുന്നത് കാണാം. യഥാർത്ഥത്തിൽ ഈ നടപടിയെ സാധൂകരിക്കുന്ന യാതൊരു തെളിവും പ്രമാണങ്ങളിൽ ലഭ്യമല്ല. കച്ചവടച്ചരക്കുകൾക്ക് സകാത് ബാധകമാണെന്ന് പറഞ്ഞാൽ അതിനർത്ഥം, ആ ചരക്ക് വ്യാപരം നടത്തി വരുമാനമായിത്തീരുന്നത് ഏത് സകാത് വർഷത്തിലാണോ ആ വർഷത്തെ വരുമാനത്തിൽ അത് ഉൾപ്പെടുത്തി സകാത് നൽകണം എന്നു മാത്രമാണ്. ഇതാണ് സലഫുകളിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും സൂക്ഷ്മാലുക്കളായ പണ്ഡിതന്മാർ കൈകൊണ്ടിട്ടുള്ളതുമായ നിലപാട്.

"قال ابن جريج: قال لي عطاء: لا صدقة في اللؤلؤ ولا زبرجد ولا ياقوت ولا فصوص ولا عرض ولا شيء لا يدار أي لا يتاجر به وإن كان شيئا من ذلك يدار ففيه الصدقة في ثمنه حين يباع " - أخرجه عبد الرزاق وابن أبي شيبة" (الألباني في تمام المنة في التعليق على فقه السنة)

"പ്രശസ്ത താബിഈ വര്യനായ അത്വാഅ് ﷺ പറഞ്ഞതായി ഇബ്നു ജുറൈജ് ﷺ ഉദ്ധരിക്കുന്നു: മുത്ത്, മരതകം, മാണിക്യം, രത്നക്കല്ലുകൾ എന്നിവയിലൊന്നും സകാത് നിർബന്ധമില്ല. കച്ചവടത്തിനായി ഉപയോഗിക്കാത്ത ഒരു വസ്തുവിലും സകാത് നിർബന്ധമില്ല. എന്നാൽ, അത്തരം വസ്തുക്കൾ ഏതെങ്കിലും കച്ചവട ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ, അത് വിൽക്കുമ്പോൾ അതിന്റെ വിലയിൽ സകാത് നിർബന്ധമാകും. – അബ്ദു റസാഖ്, ഇബ്നു അബീ ശൈബഃ എന്നിവർ ഉദ്ധരിച്ചത്." (ഇമാം അൽബാനി, തമാമുൽ മിന്നഃ)

ഏതൊരു വസ്തു കച്ചവടച്ചരക്കാക്കിയാലും അത് വിൽക്കുമ്പോൾ അതിന്റെ വിലയിലാണ് സകാത് ബാധകമാകുക. വിൽക്കാതെ

നിലവറകളിൽ കിടക്കുന്ന സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി അതിനു സകാത് നൽകേണ്ടതില്ല. ഇക്കാര്യം ഇബ്നു ഹസം, ശൗകാനി, സ്വിദ്ദീഖ് ഹസൻ ഖാൻ, അൽബാനി ﷫ പോലുള്ള സൂക്ഷ്മജ്ഞാനികളായ ഇമാമുകൾ അവരുടെ കൃതികളിൽ സലക്ഷ്യം വിശദമാക്കിയിട്ടുള്ളതാണ്. വിസ്താര ഭയത്താൽ അവയൊന്നും ഇവിടെ ഉദ്ധരിക്കുന്നില്ല. വിശദാംശങ്ങൾ ആവശ്യമുള്ളവർക്ക് അത്തരം റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിക്കാവുന്നതാണ്. ഇമാം അൽബാനിയുടെ ﷫ ഒരു വാക്യം മാത്രം താഴെ കൊടുക്കാം:

"والحق أن القول بوجوب الزكاة على عروض التجارة مما لا دليل عليه في الكتاب والسنة الصحيحة مع منافاته لقاعدة البراءة الأصلية" (الألباني في تمام المنة في التعليق على فقه السنة)

"സത്യത്തിൽ, കച്ചവടച്ചരക്കുകൾക്ക് സകാത് നിർബന്ധമാണെന്ന വാദത്തിന് ഖുർആനിലോ സ്വഹീഹായ സുന്നത്തിലോ യാതൊരു തെളിവുമില്ല. അതോടൊപ്പം, അടിസ്ഥാനപരമായി ഏതൊരു കാര്യവും [അതിന്മേൽ ബാധ്യത തെളിയിക്കപ്പെടുന്നതു വരെ] എല്ലാ വിധ ബാധ്യതകളിൽനിന്നും മുക്തമായിരിക്കും എന്ന പൊതു തത്വത്തിനും ഇത് വിരുദ്ധമായി നിൽക്കുന്നു." (ഇമാം അൽബാനി, തമാമുൽ മിന്നഃ)

കച്ചവട സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ, യന്ത്രങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ സ്ഥിരആസ്തികൾക്ക് (fixed assets) സകാത് ബാധകമാവില്ല.

അതേ പോലെ, വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ, യന്ത്രസമാഗ്രികൾ പോലുള്ളവക്കും സകാത്തില്ല. എന്നാൽ അവയിൽനിന്ന് ലഭിക്കുന്ന വരുമാനത്തിന് സകാത് ബാധകമാകുന്നത് നാണയത്തിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

വിൽക്കാൻ വെച്ചിരിക്കുന്ന കെട്ടിടങ്ങൾ, ഭൂമി പോലുള്ളവയും കച്ചവടച്ചരക്കായിട്ടാണ് കണക്കാക്കേണ്ടത്. അതിൽനിന്നുള്ള വരു

മാനത്തിനും സകാത് ബാധകമാകുന്നത് നാണയത്തിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും

ഖനിജ വസ്തുക്കൾ: വ്യാപാര ലക്ഷ്യങ്ങൾക്കായി ഭൂമിയിൽനിന്ന് ഖനനം ചെയ്തെടുക്കുന്ന ധാതുക്കളെ കച്ചവടച്ചരക്കായിട്ടാണ് പരിഗണിക്കേണ്ടത്. അവ ലോഹങ്ങൾ പോലെ ഖര രൂപത്തിലുള്ളതോ, പെട്രോൾ പോലെ ദ്രവ രൂപത്തിലുള്ളതോ ആവാം. അതിൽനിന്നുള്ള വരുമാനത്തിന് സകാത് ബാധകമാകുന്നത് നാണയത്തിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

എന്നാൽ സ്വർണ്ണം, വെള്ളി എന്നിവ ഖനനം ചെയ്തെടുത്താലും അവയെ നാണയമായി തന്നെ പരിഗണിക്കണം. നാണയങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട നിസ്വാബ്, കാലാവധി, നിരക്ക് എന്നിവയാണ് അവക്ക് ബാധകമാകുക.

നാണയങ്ങളുടെയും കച്ചടവച്ചരക്കുകളുടെയും നിസ്വാബും നിരക്കും ഒന്നു തന്നെയാണ്. നാണയത്തിന് സകാത് ബാധകമാകാനുള്ള കാലാവധി ഒരു ചന്ദ്രവർഷമാണ്. എന്നാൽ കച്ചവടച്ചരക്കുകൾ വിറ്റു കിട്ടുന്ന വിലയുടെ കാലാവധി കണക്കാക്കുമ്പോൾ ഒരു സകാത് വർഷത്തിലെ വരവ് എന്ന നിലയിലാണ് കണക്കാക്കേണ്ടത്.

നിധി – الرِّكَاز: പൂർവികർ ഭൂമിയിൽ കുഴിച്ചിട്ട സ്വത്തിനെയാണ് പൊതുവിൽ നിധി എന്ന് വിളിക്കാറുള്ളത്. ഇത് ലോഹങ്ങളോ നാണയങ്ങളോ രത്നങ്ങളോ എന്തുമാകാം.

മറ്റു ധനങ്ങൾക്കുള്ള സകാത്തിൽനിന്ന് വ്യത്യസ്തമായ നിയമങ്ങളാണ് നിധിക്കുള്ളത്. മനുഷ്യ പ്രയത്നം ആവശ്യമില്ലാതെ അല്ലാഹു നൽകുന്ന ദാനം എന്ന കാഴ്ചപ്പാടിലാണത്. നിധി കണ്ടുകിട്ടുന്നവൻ അതിൽനിന്ന് നിർബന്ധമായ സകാത് കൊടുത്ത് വീട്ടേണ്ടതാണ്. സകാത് ബാധകമാകാൻ മറ്റു ധനങ്ങൾക്ക് ഒരു കുറഞ്ഞ അളവ് അഥവാ നിസ്വാബ് (النصاب) നിശ്ചയിച്ചതു പോലെ ഇതിന് നിസ്വാബ് നിശ്ചയിച്ചിട്ടില്ല. പണം, കാലികൾ പോലുള്ളവക്ക് നിസ്വാബ്

തികഞ്ഞതിന ശേഷം ഒരു ചന്ദ്രവർഷം പൂർത്തീകരിക്കണം (حولان الحول) എന്നുള്ള നിബന്ധനയും ഇതിന ബാധകമല്ല. നിധി മനുഷ്യന്റെ യത്നം കൂടാതെ ലഭിക്കുന്ന ധനമായതിനാലാവാം അല്ലാഹു അതിന് നിസ്വാബും ഒരു ചന്ദ്രവർഷമെന്ന കാലപരിധിയും നിശ്ചയിക്കാതിരുന്നത്. والله أعلم

മറ്റു ധനങ്ങൾക്ക് 2.5%, 5%, 10% എന്നിങ്ങനെയുള്ള നിരക്കുകളിലാണ് സകാത് കൊടുക്കേണ്ടതെങ്കിൽ ഒരാൾക്ക് ഭൂമിയിൽനിന്ന് കണ്ടുകിട്ടുന്ന നിധിക്ക് $^1/_5$ അഥവാ 20% എന്ന നിരക്കിലാണ് സകാത് നൽകേണ്ടത്. ഇതിന് ഖുംസ് (خُمْس) എന്നാണ് ഹദീസുകളിൽ പറയപ്പെട്ടിട്ടുള്ളത്. നബി ﷺ പറയുന്നു:

قَالَ رَسُولُ اللهِ ﷺ: « .. وَفِي الرِّكَازِ الْخُمُسُ » (أخرجه البخاري في صحيحه)

നബി ﷺ പറയുന്നു: «നിധിയിൽ അഞ്ചിലൊന്നാണ് (20%) സകാത് നൽകേണ്ടത്.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ഏതെങ്കിലും ഖനികളിൽ നിന്ന് സ്വാഭാവികമായി ലഭിക്കുന്ന സ്വർണ്ണം, വെള്ളി എന്നിവക്ക് നാണയത്തിന്റെ നിയമങ്ങളും, മറ്റ് ധാതുക്കൾക്ക് കച്ചവടച്ചരക്കുകളുടെ നിയമങ്ങളുമാണ് ബാധകമാവുക. അവയെ നിധിയായി പരിഗണിക്കാവതല്ലെന്ന് സാരം.

# 12

## അടിസ്ഥാന ചെലവുകൾക്ക്

### സകാത് ബാധകമല്ല

ഇരു ലോകങ്ങളിലുമുള്ള മനുഷ്യജീവിതം ഭദ്രവും സുഗമവുമാക്കി ത്തീർക്കാനുതകുന്ന നിയമങ്ങളാണ് ഇസ്‌ലാമിക ശരീഅത്തിലുള്ള ത്. ഏതൊരു മനുഷ്യനും മാന്യമായ ജീവിത സാഹചര്യം ഒരുക്കുക എന്നത് ശർഇന്റെ മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങളിൽപെട്ടതാണ്. ഭൂലോകത്ത് ജീവിക്കുന്ന ഒരു വ്യക്തിക്ക് ഒഴിച്ചുകൂടാനാവാത്ത ചില അടിസ്ഥാന ആവശ്യങ്ങളുണ്ടായിരിക്കും. മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളനുസരിച്ച് അവയിൽ ചില്ലറ മാറ്റങ്ങളുണ്ടാവുക സ്വാ ഭാവികം. ആഹാരം, ആവാസം, ആത്മരക്ഷ, ആരോഗ്യപരിചരണം, വസ്ത്രം, വാഹനം, ഇവയെല്ലാം ചേർന്നാണ് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തിയാകുന്നത്.

ഒരു വ്യക്തിക്ക് അവന്റെയും ആശ്രിതരുടെയും ജീവിതം മാന്യമാ യി മുന്നോട്ട് കൊണ്ടുപോകാൻ അത്യാവശ്യമായ കാര്യങ്ങളെ അടി സ്ഥാന ആവശ്യങ്ങളായി (الحوائج الأصلية) ശർഅ് പരിഗണിക്കുന്നു. കാരുണ്യവാനായ അല്ലാഹു ഈ വകകളിൽ സകാത് ഒഴിവാക്കിത്ത ന്നിരിക്കുന്നു. ഇക്കാര്യം സാധൂകരിക്കുന്ന വ്യംഗ്യവും വ്യക്തവുമായ

പരാമർശങ്ങൾ ഖുർആനിലും സുന്നത്തിലും കാണാവുന്നതാണ്. കൂടാതെ, ഇക്കാര്യത്തിൽ പണ്ഡിതന്മാർ സമവായം (ഇജ്മാഅ്) രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സകാത്തിന്റെ ബാധ്യതയിൽ നിന്ന് അല്ലാഹു ഒഴിവാക്കിയ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളെ കുറിച്ച് ഒരു ലഘുവിവരണം താഴെ കൊടുക്കുന്നു:

ഭക്ഷണപാനീയങ്ങൾ: തന്റെയും ആശ്രിതരുടെയും ആഹാരം ഒരു വ്യക്തിയുടെ അടിസ്ഥാന ആവശ്യങ്ങളിൽപെട്ടതാണല്ലോ. അതിന് അല്ലാഹു സകാത് ബാധകമാക്കിയിട്ടില്ല. ഒരു വർഷത്തേക്കുള്ളത് ശേഖരിച്ച് വെച്ചിട്ടുണ്ടെങ്കിൽ പോലും അതിന് സകാത് ബാധകമാകില്ല. അതിനാൽ ഒരു വ്യക്തി തന്റെ വരുമാനത്തിന് സകാത് കണക്കാക്കുമ്പോൾ അതിൽനിന്ന് തന്റെയും ആശ്രിതരുടെയും ഭക്ഷണ ചെലവുകൾ കിഴിക്കാവുന്നതാണ്.

വാസസ്ഥലം: ഒരു വ്യക്തി താമസിക്കുന്ന വീടിനോ, അവന്റെ കുടുംബം താമസിക്കുന്ന വീടിനോ സകാത് നിർബന്ധമില്ല; അത് എത്ര വലുതായാലും. സ്വന്തമായി താമസിക്കാൻ ഉപയോഗിക്കുന്ന വീടുകൾ അടിസ്ഥാന ആവശ്യങ്ങളിലാണ് ഉൾപ്പെടുന്നത്. നബി ﷺ യുടെ കാലത്തോ സ്വഹാബികളുടെ കാലത്തോ ആരും തങ്ങൾ താമസിക്കുന്ന വീടിന് സകാത് നൽകിയതായി രേഖകളില്ല. സകാത് ധനികരുടെ സമ്പത്തിനെ ശുദ്ധീകരിക്കുന്നതിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടിയുള്ളതാണ്, അല്ലാതെ അടിസ്ഥാന ആവശ്യങ്ങൾക്കല്ല. നമസ്കാരം നിർബന്ധമാകുന്നതു പോലെ സകാത് നിർബന്ധമാകുന്നത് അടിസ്ഥാന ആവശ്യങ്ങൾ കഴിച്ചുള്ള ധനത്തിനു മാത്രമാണ്.

വാഹനങ്ങൾ: വ്യക്തിഗത ഉപയോഗത്തിനുള്ള വാഹനങ്ങൾക്ക് സകാത് നിർബന്ധമില്ല. അത് ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്നവയാണെങ്കിൽ പോലും. നബിയുടെ ﷺ കാലത്ത് ആളുകൾ ഒട്ടകം, കുതിര പോലുള്ളവയെ യാത്രാ ആവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിച്ചിരുന്നു. അതിനൊന്നും സകാത് ചുമത്തിയിരുന്നില്ല. ഒരാൾ തന്റെയോ ആശ്രിതരുടെയോ യാത്രക്കായി ഉപയോഗി

ക്കുന്ന വാഹനങ്ങളുടെ ചെലവ് വരുമാനത്തിൽനിന്ന് കിഴിച്ചാണ് തന്റെ സകാത് കണക്കാക്കേണ്ടത്. വിൽപനക്കു വേണ്ടി വാങ്ങിയ വാഹനങ്ങളുടെ കാര്യമാണെങ്കിൽ, മറ്റേതു കച്ചവടച്ചരക്കും പോലെ വിറ്റു കിട്ടുന്ന വിലക്കാണ് സകാത് നൽകേണ്ടത്. നിസ്വാബ് തികയുക, പന്ത്രണ്ട് ചന്ദ്രമാസം അഥവാ ഒരു സകാത് വർഷം പൂർത്തീകരിക്കുക എന്ന നിബന്ധന അതിനും ബാധകമാണ്. അതേപോലെ, വാടകക്ക് കൊടുക്കുന്ന വാഹനങ്ങളാണെങ്കിൽ അതിൽനിന്നുണ്ടാകുന്ന വരുമാനത്തിന് സകാത് നൽകണം. നിസ്വാബ് തികയുകയും അതിന്മേൽ ഒരു ചന്ദ്രവർഷം പൂർത്തീകരിക്കുകയും ചെയ്യണം എന്ന നിബന്ധന അതിനും ബാധകമാണ്.

വസ്ത്രങ്ങൾ: ഒരു വ്യക്തി തനിക്കും ആശ്രിതർക്കും ഉപയോഗിക്കാൻ വേണ്ടി വാങ്ങുന്ന വസ്ത്രങ്ങൾക്ക് സകാത് ബാധകമല്ല. കാരണം, അത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. അല്ലാഹു തന്റെ അടിയാറുകളോട് കാണിക്കുന്ന വിട്ടുവീഴ്ചയുടെ ഭാഗമാണ് ഇത്തരം അടിസ്ഥാന ആവശ്യങ്ങളെ സകാത്തിൽനിന്ന് ഒഴിവാക്കുക എന്നത്. ആയതിനാൽ, ഒരാൾ തനിക്കും ആശ്രിതർക്കും വേണ്ടി വാങ്ങിയ വസ്ത്രങ്ങളുടെ വില ഒഴിവാക്കിയാണ് പണത്തിനു സകാത് കണക്കാക്കേണ്ടത്.

വീട്, വാഹനം, വസ്ത്രം പോലുള്ള അടിസ്ഥാന ആവശ്യങ്ങളുടെ ചെലവ് കണക്കാക്കുമ്പോൾ സകാത്തിന്റെ അവകാശികളായ പാവങ്ങളുടെ ഉത്തമ താൽപര്യത്തിന് മുന്തിയ പരിഗന നൽകേണ്ടതാണ്. അഥവാ, ആവശ്യം എന്ന പരിധിക്കപ്പുറം ആഢംബരം എന്ന നിലയിലുള്ള ചെലവുകൾ മൊത്തമായി സകാത്തിൽനിന്ന് ഒഴിവാക്കാവതല്ല. മറിച്ച്, മിതമായ നിരക്കിലുള്ളത് മാത്രമേ ഒഴിവാക്കാവൂ. സകാത് കണക്ക് കൂട്ടുമ്പോൾ ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് ഉണർത്തുകയാണ്.

ആയുധങ്ങൾ: ഇസ്‌ലാമിക ശരീഅത് പ്രകാരം, ആത്മരക്ഷക്കു വേണ്ടിയോ നിയമാനുസൃതമായ ലക്ഷ്യങ്ങൾക്കു വേണ്ടിയോ ആയു

ധസാമഗ്രികൾ വാങ്ങുകയും സൂക്ഷിക്കുകയും ചെയ്യാവുന്നതാണ്. അപ്രകാരം വാങ്ങുന്ന ആയുധങ്ങൾക്ക് അല്ലാഹു സകാത് നിർബന്ധ മാക്കിയിട്ടില്ല. മനുഷ്യരുടെ ഒരു അടിസ്ഥാന ആവശ്യമെന്ന നിലക്ക് അല്ലാഹു അവയുടെ സകാത് ഒഴിവാക്കിത്തന്നിരിക്കുന്നു. ആയതി നാൽ, അവയുടെ വില ഒഴിവാക്കിയാണ് ഒരാൾ തന്റെ പണത്തിനു സകാത് കണക്കാക്കേണ്ടത്.

പണി ആയുധങ്ങളും സാമഗ്രികളും: തൊഴിലാളിക്ക് തൊഴിൽ ചെയ്യാൻ ആവശ്യമായ ഉപകരണങ്ങൾക്ക് സകാത് ബാധകമല്ല. സാധാരണ പണിക്കാർ ഉപയോഗിക്കുന്ന ലളിതമായ പണിയായുധ ങ്ങളോ വിദഗ്ധ തൊഴിലാളികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ പോലുള്ളവർ ഉപയോഗിക്കുന്ന ഉപകരണങ്ങളോ അനുബന്ധമായ മറ്റു സാമഗ്രികളോ സകാത്തിന്റെ പരിധിയിൽ വരുന്നില്ല. അവയെ ല്ലാം വരുമാനം ഉണ്ടാക്കാനുള്ള ഉപാധികളാണ്. അത് ഉപയോഗിച്ച് ഉണ്ടാക്കുന്ന സമ്പാദ്യം നിസ്വാബ് തികഞ്ഞാൽ അതിന്മേൽ ഒരു ചന്ദ്ര വർഷം തികയുന്ന മുറക്ക് അതിനാണ് സകാത് നൽകേണ്ടിവരിക.

വീട്ടുപകരണങ്ങൾ: വീട്ടാവശ്യങ്ങൾക്കുള്ള ഫർണിച്ചറുകൾ, എയർ കണ്ടീഷനറുകൾ, പാചക സാമഗ്രികൾ, പാത്രങ്ങൾ പോലുള്ളവക്ക് സകാത് ബാധകമല്ല. കാരണം അവയെല്ലാം നിഷ്ക്രിയ ആസ്തിക ളോ ഉപഭോഗവസ്തുക്കളോ ആണ്. വികസിക്കുന്നതോ വികസന ക്ഷമമോ ആയ ധനങ്ങൾക്കാണ് സകാത് ബാധകമാക്കിയിട്ടുള്ളത്. അല്ലാഹു സകാത് നിർബന്ധമാക്കിയിട്ടുള്ള ഇനങ്ങളെ നബി ﷺ കൃ ത്യമായി നിർവ്വചിച്ചു തന്നിട്ടുണ്ട്. അവയുടെ പട്ടികയിൽ എവിടെയും അടിസ്ഥാന ആവശ്യങ്ങളായി വരുന്ന ഇനങ്ങളൊന്നും ഉൾപ്പെടുത്തി യതായി കാണാൻ കഴിയില്ല.

ധന്യതയുടെ പുറത്താണ് സകാത് ചുമത്തപ്പെടുന്നത്. അടി സ്ഥാന ആവശ്യങ്ങൾ ഒരാൾക്ക് ഒഴിച്ചുകൂടാനാവാത്തവയാണ്. തന്റെ നിലനിൽപ്പിന് അത്യാവശ്യമായിട്ടുള്ളവയാണ്. അവ സമ്പന്ന തയുടെ സൂചികയിൽപെട്ടവയല്ല. മിച്ചവരുമാനമായി പരിഗണിക്കാൻ

കഴിയാത്തവ ധന്യതയുടെ പരിധിയിൽ വരില്ല. അത്തരം ഇനങ്ങൾക്ക് സകാത് നൽകണമെന്ന് പ്രമാണരേഖകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുമില്ല. ആ നിലക്ക് അവ അടിസ്ഥാനപരമായി തന്നെ സകാത്തിന്റെ ബാധ്യതയിൽനിന്ന് മുക്തമായിരിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ പക്ഷാന്തരമില്ലെന്നതും ശ്രദ്ധേയമാണ്.

അടിസ്ഥാന ആവശ്യങ്ങൾക്ക് സകാത് നിർബന്ധമാക്കിയാൽ അത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇസ്‌ലാം ലാളിത്യത്തെയും എളുപ്പത്തെയുമാണ് പ്രോത്സാഹിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

﴿وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ.. ﴿٧٨﴾﴾ (الحج)

«അവൻ മതത്തിൽ നിങ്ങൾക്ക് യാതൊരു പ്രയാസവും ഉണ്ടാക്കിയിട്ടില്ല..» (അൽ ഹജ്ജ്, 22:78)

ചുരുക്കത്തിൽ, ഒരാളുടെ ജീവിതം മാന്യമായി മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ അടിസ്ഥാന വസ്തുക്കൾക്കൊന്നും സകാത് ബാധകമല്ല. വരുമാനത്തിൽനിന്ന് അതിനുള്ള ചെലവ് കിഴിച്ചിട്ടു വേണം സകാത് കണക്കാക്കാൻ. അത് കഴിച്ച് മിച്ചമുള്ള സമ്പാദ്യത്തിന് നിസ്വാബ് തികയുകയും അതിന്മേൽ ഒരു ചന്ദ്രവർഷം പൂർത്തിയാകുകയും ചെയ്യുന്ന മുറക്ക് അതിൽനിന്നുള്ള സകാത് കൊടുത്തു വീട്ടേണ്ടതാണ്.

# 13

## കാർഷിക സമ്പത്തിന്റെ സകാത്

### ധാന്യങ്ങളും പഴങ്ങളും

സകാത് ബാധകമാകുന്ന ധാന്യങ്ങൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് മുഖ്യഭക്ഷണമായി ഉപയോഗിക്കുന്ന, അളന്ന് കണക്കാക്കുകയും സംഭരിച്ച് വെക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളെയാണ്. ഗോതമ്പ്, അരി, ചോളം പോലുള്ളവ ഉദാഹരണം. എന്നാൽ പഴവർഗ്ഗങ്ങളിൽനിന്ന് സകാത് ബാധകമാകുന്നത് കാരക്ക, ഉണക്ക മുന്തിരി എന്നിവക്ക് മാത്രമാണ്. ഭക്ഷ്യാവശ്യങ്ങൾക്ക് വേണ്ടി ഉൽപാദിപ്പിക്കപ്പെടുന്ന മറ്റ് പഴവർഗ്ഗങ്ങൾക്ക് സകാത് ബാധകമല്ലെന്നു സാരം. അവ കച്ചവട ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ, അതിൽ നിന്നുള്ള വരുമാനത്തിന് സകാത് ബാധകമായിരിക്കും. അതിന് പണത്തിന്റെ സകാത് സംബന്ധിച്ച നിയമങ്ങളും നിബന്ധനകളുമായിരിക്കും ബാധകമാവുക.

കാർഷിക വിളകളിൽനിന്ന് സകാത് ബാധകമാകുന്ന ഇനങ്ങൾ ഏതെല്ലാമാണെന്ന് ശർഅ് തന്നെ നിർണ്ണയിച്ചിട്ടുള്ളതാണ്. അതു സംബന്ധിച്ച് കൂടുതൽ വ്യക്തത ലഭിക്കാവുന്ന ഒരു ഹദീസ് താഴെ കൊടുക്കുന്നു:

عَنْ مُوسَى بْنِ طَلْحَةَ، عَنْ عُمَرَ بْنِ الْخَطَّابِ ﷺ قَالَ: « إِنَّمَا سَنَّ رَسُولُ اللَّهِ ﷺ الزَّكَاةَ فِي هَذِهِ الْأَرْبَعَةِ: الْحِنْطَةِ وَالشَّعِيرِ وَالزَّبِيبِ وَالتَّمْرِ » (أخرجه الدارقطني في سننه وصححه الألباني)

മൂസാ ബിൻ ത്വൽഹഃ ﷬ നിവേദനം: ഉമർ ബിൻ ഖത്ത്വാബ് ﷺ പറയുന്നു: «തീർച്ചയായും അല്ലാഹുവിന്റെ റസൂൽ ﷺ സകാത്ത് നിർദ്ദേശിച്ചത് ഈ നാല് ഇനങ്ങളിൽ മാത്രമാണ്: ഗോതമ്പ്, യവം, ഉണക്കമുന്തിരി, ഈന്തപ്പഴം.» (ഇമാം ദാറഖുത്വ്നി, സുനൻ അദ്ദാറഖുത്വ്നി)

ഗോതമ്പ്, യവം എന്ന പരാമർശം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പ്രധാന ഭക്ഷണമായി ഉപയോഗിക്കുന്നതും, അളന്ന് കണക്കാക്കി സംഭരിച്ച് വെക്കുന്നതുമായ ധാന്യങ്ങൾ എന്നാണ്. കാരണം മറ്റു ഹദീസുകളിൽ ഈ ആശയം കൂടുതൽ വ്യക്തമാക്കുന്ന വാക്കുകളാണ് പ്രയോഗിച്ചിരിക്കുന്നത്.

കാർഷിക വിളകളുടെ നിസ്വാബ് [സകാത് ബാധകമാകാൻ നിർദ്ദിഷ്ട സമ്പത്തിൽനിന്ന് കൈവശം ഉണ്ടായിരിക്കേണ്ട കുറഞ്ഞ പരിധി] എത്രയെന്ന് വിശദീകരിക്കുന്ന ഹദീസ് വായിക്കാം. അതിൽ ഇക്കാര്യം കൂടി സ്പഷ്ടീകരിക്കുന്നുണ്ട്.

عن أبي سعيدٍ ﷺ عن النبي ﷺ قال: « ليس فيما دون خمسة أوسقٍ من تمرٍ ولا حبٍّ صدقة » (أخرجه مسلم في صحيحه)

അബൂ സഈദ് ﷺ നിവേദനം: നബി ﷺ പറയുന്നു: «അഞ്ച് വസഖിൽ താഴെയുള്ള ഈന്തപ്പഴത്തിനോ ധാന്യത്തിനോ സകാത് ഇല്ല.» (ഇമാം മുസ്‌ലിം, സ്വഹീഹു മുസ്‌ലിം)

ഇവിടെ ധാന്യം എന്ന സാമാന്യമായ പദം പ്രയോഗിച്ചത് നടേ വിശദീകരിച്ച പോലെ, പ്രധാന ഭക്ഷണമായി ഉപയോഗിക്കുന്ന, അളന്നു കണക്കാക്കുകയും സംഭരിച്ച് വെക്കുകയും ചെയ്യുന്ന ധാന്യങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതിനു വേണ്ടിയാണ്.

ആത്മീയവും ആരാധനാപരവുമായ അടിത്തറയിലാണ് സകാത് നിലകൊള്ളുന്നതെങ്കിലും, അതിനു സാമ്പത്തികവും സാമൂഹികവുമായ മാനങ്ങളുണ്ട്. അതിനാൽ തന്നെ സകാത് കണക്കാക്കുക, ശേഖരിക്കുക, വിതരണം ചെയ്യുക പോലുള്ള പ്രായോഗിക നടപടികളിൽ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും താൽപര്യങ്ങൾക്കും അർഹമായ പരിഗണന നൽകേണ്ടതായി വരുന്നു. മതപരമായ ഇത്തരം വിധിവിലക്കുകളിൽ വാക്യാർത്ഥങ്ങൾക്കൊപ്പം ലക്ഷ്യാർത്ഥങ്ങൾ കൂടി പരിഗണിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങളിലൊന്നാണ് ഇതെന്ന് വായനക്കാർ മനസ്സിലാക്കുമല്ലോ.

കൂടാതെ കാർഷിക വിളകളുടെ നിസ്വാബ് എത്ര എന്നതും മേൽ ഹദീസ് വിശദീകരിക്കുന്നു. അത് 5 വസഖായിട്ടാണ് അതിൽ നിജപ്പെടുത്തിയിരിക്കുന്നത്. 'വസഖ്' എന്നത് ഒരു അളവാണ്. അതിനെ തൂക്കത്തിലേക്ക് മാറ്റുന്നത് ഉചിതമായ നടപടിയല്ല. പ്രമാണ രേഖകളിൽ അളവിൽ പറഞ്ഞ വസ്തുക്കൾക്ക് അളവിലും, തൂക്കത്തിൽ പറഞ്ഞ വസ്തുക്കൾക്ക് തൂക്കത്തിലുമാണ് സകാത് കണക്കാക്കി കൊടുത്ത് വീട്ടേണ്ടത്.

ഒരു വസഖ് എന്നത് 60 സ്വാആണ്. ഒരു സ്വാഅ് എന്നത് 4 മുദ്ദുമാണ്. ഒരു മുദ്ദ് എന്നത് ഒത്ത മനുഷ്യന്റെ രണ്ട് കൈപ്പത്തികൾ കൂട്ടിച്ചേർത്ത് വാരിയാൽ കിട്ടുന്ന അളവാണ്. ആകയാൽ കാർഷിക വിളകളുടെ നിസ്വാബ് ആയ 5 വസഖ്, 300 സ്വാഇനു തുല്യമായ ഒരു അളവാണെന്ന് കിട്ടുന്നു.

മദീനക്കാരുടെ അളവാണ് കൂടുതൽ സൂക്ഷ്മം; അവർ കർഷകരായിരുന്നു. തൂക്കമാണെങ്കിൽ കൂടുതൽ സൂക്ഷ്മം മക്കക്കാരുടേതാണ്; അവർ കച്ചവടക്കാരായിരുന്നു. നബി ﷺ പറയുന്നത് കാണുക:

عن ابن عمر رضي الله عنهما قال: قال رسول الله ﷺ: « الْمِكْيَالُ عَلَى مِكْيَالِ أَهْلِ الْمَدِينَةِ، وَالْوَزْنُ عَلَى وَزْنِ أَهْلِ مَكَّةَ » (أخرجه النسائي في سننه وصححه الألباني)

ഇബ്ന ഉമർ ﵄ നിവേദനം: നബി ﷺ പറയുന്നു: «അളവ് മദീനക്കാരുടെ അളവ് പ്രകാരവും, തൂക്കം മക്കക്കാരുടെ തൂക്കമനുസരിച്ചുമാകുന്നു.» (നസാഈ, സുനൻ അന്നസാഈ)

മദീനക്കാരുടെ സ്വാഇലും മുദ്ദിലും ബറകത് ചൊരിയാൻ വേണ്ടി നബി ﷺ പ്രത്യേകമായി പ്രാർത്ഥിച്ചിട്ടുള്ളതാണ്. അത് ഹദീസ് ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ട് കിടപ്പുണ്ട്. അവയിൽ ചിലത് താഴെ ഉദ്ധരിക്കാം:

عَنْ عَائِشَةَ ﵂ قَالَتْ: قَالَ النَّبِيُّ ﷺ: « اللَّهُمَّ حَبِّبْ إِلَيْنَا الْمَدِينَةَ كَمَا حَبَّبْتَ إِلَيْنَا مَكَّةَ أَوْ أَشَدَّ، وَانْقُلْ حُمَّاهَا إِلَى الْجُحْفَةِ، اللَّهُمَّ بَارِكْ لَنَا فِي مُدِّنَا وَصَاعِنَا » (أخرجه البخاري في صحيحه)

ആയിശഃ ﵂ നിവേദനം: നബി ﷺ ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി: «അല്ലാഹുവേ, മക്കയെ നീ ഞങ്ങൾക്ക് പ്രിയങ്കരമാക്കിയ പോലെയോ അതിൽ കൂടുതലായോ മദീനഃയെ നീ ഞങ്ങൾക്ക് പ്രിയങ്കരമാക്കണേ. അവിടത്തെ ജ്വരം നീ ജുഹ്ഫഃയിലേക്ക് മാറ്റിത്തരേണമേ. അല്ലാഹുവേ, ഞങ്ങളുടെ മുദ്ദിലും സ്വാഇലും നീ ഞങ്ങൾക്ക് ബറകത് ചൊരിയേണമേ.» (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

നബിയും ﷺ അനുചരന്മാരും മദീനയിലേക്ക് ഹിജ്റഃ വരുമ്പോൾ അവിടത്തെ കാലാവസ്ഥ വളരെ ദുഷ്കരമായിരുന്നു. മാറാവ്യാധികളുടെയും വിഷമം പിടിച്ച പനിയുടെയും താവളമായിരുന്നു അന്ന് യഥ്രിബ്. നബിയുടെ ﷺ പ്രാർത്ഥനയിലൂടെയാണ് ഒരു സുഖകരമായ വാസസ്ഥലമായി മാറിയത്. ജുഹ്ഫഃ എന്നത് മക്കക്കും മദീനഃക്കും ഇടയിലുള്ള ചരിത്ര പ്രസിദ്ധമായ ഒരു പ്രദേശമാണ്. അവിടെ നിന്നാണ് മദീനക്കാർ ഇഹ്റാമിൽ പ്രവേശിക്കുന്നത്. മദീനഃയിലെ മാറാവ്യാധികളും ജ്വരവും ഒഴിഞ്ഞ പ്രദേശമായിരുന്ന ജുഹ്ഫഃയിലേക്ക് അതിര് കടത്തുകയാണ് ചെയ്തത്.

ഇമാം അൽബാനി ﵀ സ്വഹീഹ് എന്ന് പറഞ്ഞ മറ്റൊരു നബിവചനം കൂടി കാണുക:

عَنْ أَبِي سَعِيدٍ الْخُدْرِيِّ ﷺ أَنَّ رَسُولَ اللَّهِ ﷺ قَالَ: اللَّهُمَّ بَارِكْ لَنَا فِي مُدِّنا وصاعنا واجعل مع البركة بركتينِ » (الألباني في التعليقات الحسان على صحيح ابن حبان)

അബൂ സഈദ് അൽ ഖുദ്‌രി ﷺ നിവേദനം: നബി ﷺ ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി: «അല്ലാഹുവേ! ഞങ്ങളുടെ മുദ്ദിലും സ്വാഇലും ഞങ്ങൾക്ക് നീ ബറകത് ചൊരിയേണമേ. ആ ബറകത്തിനോടൊപ്പം വേറെ രണ്ട് ബറകത്തുകളും നീ നൽകേണമേ!» (അൽബാനി, അത്തഅ്‌ലീഖാത്തുൽ ഹിസാൻ അലാ സഹീഹി ഇബ്‌നി ഹിബ്ബാൻ)

അവിടുന്ന് ബറകത്തിനു വേണ്ടി ദുആ ചെയ്ത, അവിടുന്ന് വ്യക്തിപരമായി ഉപയോഗിച്ചു പോന്നിരുന്ന ആ സ്വാഇന്റെയും മുദ്ദിന്റെയും കോപ്പികൾ ഇന്നും ലഭ്യമാണ്. അവിടുത്തെ ദുആയും അതിലുള്ള ബറകത്തും തേടുന്നവർക്ക് അതിലേക്ക് മടങ്ങി അളവറ്റ ബറകത്തുമായി തിരിച്ചു പോകാം. ഇക്കാര്യത്തിൽ ഇനിയും സംശയിക്കുകയും തർക്കിച്ചു നിൽക്കുകയും ചെയ്യുന്ന രോഗാതുരമായ മനസ്സുകളെ തൽക്കാലം വിട്ടേക്കാം. അല്ലാഹു പറയുന്നു:

﴿ثُمَّ ذَرْهُمْ فِي خَوْضِهِمْ يَلْعَبُونَ ﴿٩١﴾﴾ (الأنعام)

«പിന്നെ, അവരെ നീ വിട്ടേക്കുക; അവരുടെ കുതർക്കങ്ങളിൽ അവർ വിളയാടട്ടെ.» (അൽ അൻആം, 6:91)

കാർഷിക വിളകൾക്ക് സകാത് നൽകേണ്ടത് വിളവെടുപ്പ് സമയത്താണ്. എന്നാൽ വിളവെടുത്ത്, നിസ്വാബ് തികഞ്ഞ ഉൽപന്നങ്ങൾക്ക് ഒരു ചന്ദ്രവർഷം തികയുക (حولان الحول) എന്ന നിബന്ധന അവക്ക് ബാധകമല്ല. അല്ലാഹു പറയുന്നത് കാണുക:

﴿وَهُوَ الَّذِي أَنشَأَ جَنَّاتٍ مَّعْرُوشَاتٍ وَغَيْرَ مَعْرُوشَاتٍ وَالنَّخْلَ وَالزَّرْعَ مُخْتَلِفًا أُكُلُهُ وَالزَّيْتُونَ وَالرُّمَّانَ مُتَشَابِهًا وَغَيْرَ مُتَشَابِهٍ ۚ كُلُوا مِن ثَمَرِهِ إِذَا أَثْمَرَ وَآتُوا حَقَّهُ يَوْمَ حَصَادِهِ ۖ وَلَا تُسْرِفُوا ۚ إِنَّهُ لَا يُحِبُّ الْمُسْرِفِينَ ﴿١٤١﴾﴾ (الأنعام)

«പന്തലിൽ പടർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങൾ, ഈന്ത പ്പനകൾ, വിവിധതരം കനികൾ നൽകുന്ന കൃഷികൾ, അന്യോന്യം സാദൃശ്യമുള്ളതും സാദൃശ്യമില്ലാത്തതുമായ ഒലീവും മാതളവും – അവനാകുന്നു അവയെല്ലാം സൃഷ്ടിച്ചുണ്ടാക്കിയത്. അവയോരോന്നും കായ്ക്കുമ്പോൾ അവയുടെ ഫലങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക. അതിന്റെ വിളവെടുപ്പ് നാളിൽ അതിൽനിന്നുള്ള അവ കാശ വിഹിതം നിങ്ങൾ കൊടുത്ത് വീട്ടുകയും ചെയ്യുക. നിങ്ങൾ അമിതവ്യയം ചെയ്യരുത്. തീർച്ചയായും അമിതവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.» (അൽ അൻആം, 6:141)

കാർഷിക വിളകൾക്ക്, നിസ്വാബ് തികയുന്നുവെങ്കിൽ, വിള വെടുപ്പ് വേളയിൽ തന്നെ സകാത് നൽകണമെന്ന് മേൽ സൂക്തം അസന്ദിഗ്ദ്ധമായി തന്നെ പ്രസ്താവിച്ചിരിക്കുന്നു.

കാർഷിക വിളകൾക്ക് നൽകേണ്ട സകാത്തിന്റെ നിരക്കിനെ കുറിച്ച് ഹദീസുകളിലും പണ്ഡിതന്മാരുടെ വ്യവഹാര ഭഷകയിലും പൊതുവായി പറയാറുള്ളത് ഉശ്ർ (الْعُشْرُ) എന്നാണ്. അതിന്റെ ഭാഷാർത്ഥം പത്തിലൊന്ന് ($^1/_{10}$ = 10%) എന്നതത്രെ. വിശദമായി പറഞ്ഞാൽ, ചെലവേതുമില്ലാതെ പ്രകൃതിൽനിന്ന് ലഭിക്കുന്ന മഴ, അരുവി പോലുള്ളവ ഉപയോഗിച്ച് കൃഷി ചെയ്ത വിളകളാണെങ്കിൽ അവക്ക് പത്തു ശതമാനവും ($^1/_{10}$ = 10%), മനുഷ്യയത്നം ഉപയോഗിച്ച് ജലസേചനം ചെയ്യേണ്ടിവന്ന വിളകളാണെങ്കിൽ അവക്ക് അഞ്ചുശ തമാനവും ($^1/_{20}$ = 5%) ആണ് സകാത്. ഇക്കാര്യം താഴെ പറയുന്ന ഹദീസിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

عن ابن عمر ﷺ عن النبي ﷺ قال: « فيما سقت السَّماء والعيون أو كان عثريًّا؛ العشر، وفيما سُقي بالنَّضح نصف العشر » (أخرجه البخاري في صحيحه)

ഇബ്നു ഉമർ ﷺ നിവേദനം: നബി ﷺ പറയുന്നു: «മഴവെള്ളവും ഉറ വുകളും ഉപയോഗിച്ച് നനച്ചുണ്ടാക്കിയതോ, അല്ലെങ്കിൽ സ്വാഭാവി കമായി വളർന്നതോ ആയ വിളകളിൽ പത്തിൽ ഒന്ന് ($^1/_{10}$ = 10%)

**നൽകണം. മനുഷ്യയത്നം ഉപയോഗിച്ച് ജലസേചനം ചെയ്തതിൽ പത്തിലൊന്നിന്റെ പാതി ($^1/_{20}$ = 5%) നൽകണം.» (ഇമാം ബുഖാരി , സ്വഹീഹ് അൽ ബുഖാരി)**

**വായനക്കാർക്ക് എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാനും വിലയിരുത്താനുമായി കാർഷിക വിളകളുടെ നിസ്വാബും നിരക്കും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.**

| ഇനം | നിസ്വാബ് | നിരക്ക് |
|---|---|---|
| **കാർഷിക വിളകൾ**<br>• അരി, ഗോതമ്പ് പോലെ അളന്ന് കണക്കാക്കാവുന്നതും സൂക്ഷിച്ചു വെക്കാവുന്നതുമായ വിളകൾക്കാണ് സകാത് ബാധകമാകുന്നത്.<br>• മഴ, അരുവി മുതലായ ജല സ്രോതസ്സുകൾ കൊണ്ട് വളർന്നുണ്ടായവ<br>[വിളവെടുപ്പ് സമയത്ത് തന്നെ കൊടുക്കണം, വർഷം തികയേണ്ടതില്ല.] | **5 വസഖ്**<br>(1 വസഖ് = 60 സ്വാഅ്<br>∴ 5 x 60 = 300 സ്വാഅ്) | $^1/_{10}$<br>(10%) |
| **കാർഷിക വിളകൾ**<br>• മനുഷ്യ യത്നം ഉപയോഗിച്ച് ജലസേചനം ചെയ്ത് വിളയിപ്പിച്ചവ<br>[വിളവെടുപ്പ് സമയത്ത് തന്നെ കൊടുക്കണം, വർഷം തികയേണ്ടതില്ല.] | **5 വസഖ്**<br>(1 വസഖ് = 60 സ്വാഅ്<br>∴ 5 x 60 = 300 സ്വാഅ്) | $^1/_{20}$<br>(5%) |

# 14

## നാണ്യവിളകളുടെ സകാത്

ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത് നാണ്യവിളകളുടെ സകാത്തിനെ കുറിച്ചാണ്. ശരാശരി വായനക്കാർക്ക് ചിലപ്പോഴെങ്കിലും കാർഷികവിളകളും നാണ്യവിളകളും തമ്മിൽ മാറിപ്പോകാനും അതു മുഖേന ആശയക്കുഴപ്പത്തിലകപ്പെടാനും സാധ്യതയുണ്ട്. അതിനാൽ ഇവിടെ നാണ്യവിളകൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാം.

മുഖ്യമായും, വിപണിയിൽ വിറ്റ് വരുമാനം നേടുന്നതിനായി കൃഷി ചെയ്യുന്ന വിളകളെയാണ് നാണ്യവിളകൾ എന്നു പറയുന്നത്. കുരുമുളക്, കാപ്പി, ചായ, പരുത്തി, റബ്ബർ എന്നിവ ഇതിന്റെ ഉദാഹരണങ്ങളാണ്. ഇത്തരത്തിലുള്ള കൃഷിയുടെ പ്രധാന ലക്ഷ്യം വ്യാപാരത്തിലൂടെ വരുമാനം സമ്പാദിക്കുകയും, കയറ്റുമതിയിലൂടെ ലാഭം നേടുകയും ചെയ്യുക എന്നതായിരിക്കും.

എന്നാൽ മനുഷ്യരുടെ ആഹാര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൃഷി ചെയ്യുന്ന വിളകളെയാണ് കാർഷിക വിളകൾ എന്നത് കൊണ്ടുദ്ദേശിക്കുന്നത്. നെല്ല്, ഗോതമ്പ്, ചോളം പോലുള്ളവ ഉദാഹരണം.

ഭക്ഷ്യവസ്തുവായി നേരിട്ട് ഉപയോഗിക്കുക, തന്റെയോ സമൂഹത്തിന്റെയോ രാജ്യത്തിന്റെയോ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുക എന്നതൊക്കെയായിരിക്കും കാർഷിക വിളകൾ കൊണ്ടുള്ള ലക്ഷ്യം.

നാണ്യവിളകളുടെ സകാത്തിനെ കുറിച്ചാണല്ലോ ഇവിടെ ചർച്ച ചെയ്യുന്നത്. പണ്ഡിതന്മാർക്കിടയിൽ പക്ഷാന്തരമുള്ള വിഷയമാണ് ഇതെന്ന് ആദ്യമേ പറയട്ടെ.

ഭൂമി ഉത്പാദിപ്പിക്കുന്ന വസ്തുക്കളാകയാൽ നാണ്യവിളകൾക്കും കാർഷിക വിളകളുടെ സകാത് നിയമങ്ങളാണ് ബാധകമാവുക എന്നാണ് പലരും രേഖപ്പെടുത്തിയിട്ടുള്ളത്. അപ്പോൾ ഗോതമ്പ്, നെല്ല് പോലുള്ള ധാന്യങ്ങളുടെ കാര്യത്തിൽ പറഞ്ഞ അതേ നിബന്ധനകൾ ഇതിനും ബാധകമാകും. അതിനാൽ ഈ പക്ഷമനുസരിച്ച്, ഇതിന്റെ നിസ്വാബ് 5 വസഖ് അഥവാ 300 സ്വാഅ് എന്ന് കണക്കാക്കേണ്ടി വരും. ഒരു വർഷം തികയുക എന്ന നിബന്ധന വിട്ട് വിളവെടുപ്പ് സമയത്ത് തന്നെ സകാത് നൽകുകയും വേണം. മഴവെള്ളം ഉപയോഗിച്ച് കൃഷി ചെയ്തതാണെങ്കിൽ പത്ത് ശതമാനം (10%) അല്ലെങ്കിൽ അഞ്ച് ശതമാനം (5%) എന്ന നിരക്കിൽ സകാത് കൊടുക്കുകയും വേണം. ഇബ്നു ബാസിനെ ﷺ പോലുള്ള ആധുനികരായ പല സലഫി പണ്ഡിതന്മാരും ഈ പക്ഷക്കാരാണ്.

രണ്ടാമത്തെ പക്ഷം, നാണ്യവിളകൾ വിളവെടുപ്പ് നടത്തി വിപണിയിൽ വിറ്റ് അതിന്റെ വില കയ്യിൽ കിട്ടുമ്പോൾ അതിനെ പണമായി പരിഗണിച്ച് സകാത് നൽകണമെന്നുള്ളതാണ്. അഥവാ, അവയെ കച്ചവടത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നു എന്ന് സാരം. അപ്പോൾ, അവ കൃഷിയിറക്കാനും, ഉത്പന്നങ്ങൾ വിപണിയിൽ വിൽപന നടത്താനുമുണ്ടായ നേരിട്ടുള്ള ചെലവുകൾ വരുമാനത്തിൽനിന്ന് കിഴിക്കാം. ബാക്കി വരുന്ന സംഖ്യക്ക് പണത്തിന്റെ നിസ്വാബായ 85 ഗ്രാം സ്വർണ്ണത്തിന്റെ വില തികയുമ്പോൾ മാത്രമേ അത് സകാത്തിന്റെ പരിധിയിൽ വരുന്നുള്ളു. നിസ്വാബ് തികഞ്ഞ ആ വരുമാനം ഒരു ചന്ദ്രവർഷം തന്റെ കൈവശമുണ്ടെങ്കിൽ അപ്പോൾ മാത്രമാണ് അതിന്

രണ്ടര ശതമാനം (2.5%) എന്ന നിരക്കിൽ സകാത് കൊടുക്കേണ്ടി വരിക.

ഒന്നാമത്തെ പക്ഷം അവരുടെ വാദമുഖങ്ങൾ സ്ഥിരീകരിക്കുന്നതിനായി കാർഷിക വിളകളുടെ സകാത്തിനെ കുറിച്ച് വന്ന തെളിവുകളാണ് ഉന്നയിക്കുക. അതേ സമയം, രണ്ടാമത്തെ പക്ഷം, പണത്തിന്റെ സകാത്തിനെ കുറിച്ച് വന്ന തെളിവുകളും ഉദ്ധരിക്കും. ഭിന്നതയുടെ കാതൽ നാണ്യവിളകളെ കുറിച്ചുള്ള ഇരു വിഭാഗത്തിന്റെയും കാഴ്ചപ്പാടും സമീപനവും മാത്രമാണ്.

ഏതായിരുന്നാലും, തെളിവുകളുടെ ബലാബലം നോക്കി രണ്ടാലൊരു പക്ഷത്തെ ശരിവെക്കുക പ്രയാസം തന്നെ. സാമ്പത്തികവും സാമ്പത്തികേതരവുമായ മറ്റു ഘടകങ്ങൾ മുൻനിർത്തി, പ്രായോഗികതയുടെയും ലളിതവത്ക്കരണത്തിന്റെയും അധിക ബലത്തിൽ രണ്ടാം പക്ഷത്തിനാണ് അധിക ബലമുള്ളതെന്നാണ് രചയിതാവ് കരുതുന്നത്. الله أعلم

# 15

## കാലിസമ്പത്തിന്റെ സകാത്

### ആട് – മാട് – ഒട്ടകം

അല്ലാഹു സകാത് നിശ്ചയിച്ച ഇനത്തിൽപെട്ടതാണ് കാലി സമ്പത്ത്. അതു കൊണ്ട് വിവക്ഷിക്കുന്നത് ആടുമാടൊട്ടകങ്ങളെ മാത്രമാണ്; മറ്റിനം മൃഗങ്ങൾക്ക് സകാത്തില്ല. എന്നാൽ കാലികൾ ഏതിനമായിരുന്നാലും, അവയെ കച്ചവടച്ചരക്കാക്കി വ്യാപാരം നടത്തുകയാണെങ്കിൽ വിറ്റുവരവിനായിരിക്കും സകാത് നൽകേണ്ടി വരിക. അപ്പോൾ പണത്തിന്റെ സകാത്തിന് പറഞ്ഞ നിയമങ്ങളും നിബന്ധനകളുമാണ് ബാധകമായിരിക്കുക.

1. ഒട്ടകം എന്ന ഇനത്തിന് സകാത് നിർബന്ധമാകാനുള്ള ഏറ്റവും കുറഞ്ഞ സമ്പാദ്യ പരിധി അഞ്ചെണ്ണമാണ്. അഞ്ചിൽ താഴെയുള്ള ഒട്ടകങ്ങൾക്ക് സകാത് ബാധകമല്ല.

   നേരിട്ട് സകാത് ബാധകമാവുന്ന കാലികൾ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുന്നവയും വർഷത്തിൽ അധിക സമയവും മേഞ്ഞു തിന്നുന്നവയുമായിരിക്കണം.

   അല്ലാത്ത പക്ഷം, അവക്ക് നേരിട്ട് സകാത് ബാധകമാവില്ല. മറിച്ച്, അവയിൽനിന്നുണ്ടാകുന്ന വരുമാനത്തിനു മാത്രമാണ് സകാത്

ബാധകമാവുക. അത് ഉടമയുടെ പണസമ്പത്തിൽ ഉൾപ്പെടുത്തി സകാത് നൽകേണ്ടി വരും.

കൂടാതെ, നിസ്വാബ് തികഞ്ഞ കാലി സമ്പത്തിന് ഒരു ചന്ദ്രവർഷം കാലാവധി പൂർത്തീകരിക്കുകയും (حَوْلَانُ الْحَوْلِ) വേണം. അപ്പോൾ മാത്രമാണ് അതിന്റെ സകാത് വിഹിതം കൊടുത്ത് വീട്ടേണ്ടത്.

സകാത് ബാധകമല്ല എന്ന് എവിടെ പറഞ്ഞാലും അവിടെയെല്ലാം അർത്ഥമാക്കുന്നത് നിശ്ചിത വിഹിതം ബാധകമല്ല എന്നു മാത്രമാണ്. എന്നാൽ ഉടമ അതിൽനിന്നും ഐച്ഛികമായി ദാനം ചെയ്യേണ്ടതുണ്ടെന്ന കാര്യം മറക്കാവതല്ല.

സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ സമ്പാദ്യ പരിധിയും സകാത് നിരക്കും 25-ാം അധ്യായത്തിൽ (പുറം 257) പട്ടികയായി ചേർത്തിട്ടുള്ളത് കൂടി കാണുക.

2. മാട് ഇനത്തിൽ സകാത് നിർബന്ധമാകുന്ന ഏറ്റവും കുറഞ്ഞ സമ്പാദ്യ പരിധി മുപ്പതാണ്. അതിൽ താഴെയുള്ള മാടുകൾക്ക് സകാത് ബാധകമല്ല. ഒട്ടകത്തെ കുറിച്ച് പറഞ്ഞ വ്യവസ്ഥകൾ മാടുകളുടെ കാര്യത്തിലും ബാധകമാണ്. സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ സമ്പാദ്യ പരിധിയും സകാത് നിരക്കും 25-ാം അധ്യായത്തിൽ (പുറം 257) പട്ടികയായി ചേർത്തിട്ടുള്ളത് കൂടി കാണുക.

3. ആട് ഇനത്തിൽ സകാത് നിർബന്ധമാകുന്ന ഏറ്റവും കുറഞ്ഞ സമ്പാദ്യ പരിധി നാൽപ്പതാണ്. അതിൽ താഴെയുള്ള ആടുകൾക്ക് സകാത് ബാധകമല്ല. ഒന്നാമത്തെ ഇനമായ ഒട്ടകത്തെ കുറിച്ച് പറഞ്ഞ വ്യവസ്ഥകൾ ആടുകളുടെ കാര്യത്തിലും ബാധകാണ്. സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ സമ്പാദ്യ പരിധിയും സകാത് നിരക്കും 25-ാം അധ്യായത്തിൽ (പുറം 257) പട്ടികയായി ചേർത്തിട്ടുള്ളത് കൂടി കാണുക.

കാലി സമ്പത്തിന്റെ നിസ്വാബും നിരക്കും സംബന്ധിച്ചുള്ള ഏതാനും പ്രമാണ രേഖകൾ ചുവടെ കൊടുക്കുന്നു. സകാത്തിന്റെ വിധികൾ പോലെ പ്രധാനമാണല്ലോ അവയുടെ തെളിവുകളും. വിധികളെ പോലെ, തെളിവുകളെ കുറിച്ചും മാന്യ വായനക്കാർക്ക് ശരിയായ ബോധ്യം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. നബി ﷺ പറയുന്നു:

عن جابرٍ رضي الله عنه عن رسول الله ﷺ قال: « ليس فيما دون خمس أواقٍ من الورق صدقة، وليس فيما دون خمس ذودٍ من الإبل صدقة، وليس فيما دون خمسة أوسقٍ من التمر صدقة » (أخرجه مسلم في صحيحه)

**ജാബിർ رضي الله عنه നിവേദനം: നബി ﷺ പറയുന്നു: "അഞ്ച് ഊഖിയഃയിൽ കുറഞ്ഞ വെള്ളിക്ക് സകാത് ഇല്ല. അഞ്ച് എണ്ണത്തിൽ താഴെയുള്ള ഒട്ടകത്തിന് സകാത്ത് ഇല്ല. അഞ്ച് വസഖിൽ താഴെയുള്ള ഈന്തപ്പഴത്തിനും സകാത് ഇല്ല." (ഇമാം മുസ്‌ലിം, സ്വഹീഹ് മുസ്‌ലിം)**

സകാത്തിന്റെ നിസ്വാബും നിരക്കും കുറേ കൂടി സമഗ്രമായി പ്രതിപാദിക്കുന്ന മറ്റൊരു ഹദീസ് കൂടി താഴെ കൊടുക്കാം:

عن علي رضي الله عنه -قال زهير: أحْسَبُه عن النبي ﷺ- أنه قال: « هاتوا رُبُعَ العُشُرِ؛ من كل أربعين درهمًا دِرْهَمٌ، وليس عليكم شيء حتى يتم مئة درهم، فإذا كانت مئتي درهم؛ ففيها خمسة دراهم، فما زاد فبحساب ذلك. وفي الغنم؛ في كل أربعين شاةً شاةٌ، فإن لم يَكُنَّ إلا تسعًا وثلاثين؛ فليس عليك فيها شيء... - وساق صدقة الغنم مثل الزهري [يعني: الحديث ١٤٠٨] - وفي البقر؛ في كل ثلاثين تَبِيعٌ، وفي الأربعين مسنةٌ، وليس على العوامل شيء. وفي الإبل... -فذكر صدقتها كما ذكر الزهري - قال: وفي خمس وعشرين خمسة من الغنم، فإذا زادت واحدة؛ ففيها ابنةُ مخاضٍ، فإن لم تكن بنتَ مخاض؛ فابنُ لبون ذكر؛ إلى خمس وثلاثين، فإذا زادت

واحدة؛ ففيها بنت لبون؛ إلى خمس وأربعين، فإذا زادت واحدةً؛ ففيها حقة طروقة الجمل؛ إلى ستين... -ثم ساق مثل حديث الزهري- قال: فإذا زادت واحدة -يعني: واحدة وتسعين- ففيها حقتان طروقتا الجمل؛ إلى عشرين ومئة، فإن كانت الإبل أكثر من ذلك؛ ففي كل خمسين حِقَّةٌ. ولا يفرق بين مجتمع، ولا يجمع بين مفترق خشية الصدقة. ولا تؤخذ في الصدقة هَرِمَةٌ، ولا ذات عَوَارٍ، ولا تيسٌ؛ إلا أن يشاء المصدق. وفي النبات ما سقته الأنهار أو سقت السماء العُشْرُ، وما سقى الغَرْبُ؛ ففيه نصف العشر » (الألباني في صحيح سنن أبي داود)

**അലി ﵁ നിവേദനം: – സുഹൈർ ﵀ പറയുന്നു: ഇത് അദ്ദേഹം (അലി ﵁) നബി ﷺ യിൽനിന്ന് ഉദ്ധരിക്കുന്നതാണെന്ന് ഞാൻ കരുതുന്നു – അവിടുന്ന് പറയുന്നു:**

**«നിങ്ങൾ പത്തിൽ ഒന്നിന്റെ നാലിലൊരു ഭാഗം (ربع العشر = 2.5%) നൽകുക; അഥവാ ഓരോ 40 ദിർഹമിനും ഒരു ദിർഹം എന്ന തോതിൽ. 100 ദിർഹം പൂർത്തിയാകുന്നതുവരെ നിങ്ങൾക്ക് സകാത് ബാധകമാവില്ല. 200 ദിർഹമാകുമ്പോൾ അതിന് 5 ദിർഹം നൽകണം. അതിനുമുകളിൽ ഉള്ളതിന് ഇതേ അനുപാതത്തിൽ കണക്കാക്കുക.**

**ആടുകളുടെ സകാത്, ഓരോ 40 ആടുകൾക്കും ഒരു ആട് എന്ന തോതിൽ നൽകുക. 39 ആടുകൾ മാത്രമാണെങ്കിൽ അതിന് ഒന്നും ബാധകമല്ല. ശേഷം ആടുകളുടെ സകാത് സംബന്ധിച്ച് സുഹ്രിയുടെ ഹദീസിൽ (നമ്പർ 1408) പറഞ്ഞതുപോലെ അദ്ദേഹം തുടർന്നു.**

**മാടുകൾക്ക് ഓരോ 30 എണ്ണത്തിനും ഒരു 'തബീഅ്' (ഒരു വയസ് തികഞ്ഞ കാളക്കുട്ടി), 40 എണ്ണത്തിന് ഒരു 'മുസിന്നഃ' (രണ്ട് വയസ് തികഞ്ഞ കാള) എന്ന തോതിൽ സകാത് നൽകണം. എന്നാൽ കൃഷിക്ക് ഉപയോഗിക്കുന്ന മൃഗങ്ങൾക്ക് സകാത്തില്ല.**

**ഒട്ടകങ്ങളുടെ സകാത് സുഹ്രിയുടെ ഹദീസിൽ പറഞ്ഞതുപോ**

ലെ വിശദീകരിച്ചു. അഥവാ, 25 ഒട്ടകങ്ങൾക്ക് 5 ആടുകൾ. അതിൽ ഒരെണ്ണം കൂടിയാൽ (26 ആകുമ്പോൾ) 'ബിൻതു മഖാദ്' (ഒരു വയസ്സായ ഒരു പെൺ ഒട്ടകം). അത് ലഭ്യമല്ലെങ്കിൽ 'ഇബ്നു ലബൂൻ' (രണ്ട് വയസ്സുള്ള ഒരു ആൺ ഒട്ടകം) – അങ്ങനെ 35 വരെ.

36 എണ്ണം തികഞ്ഞാൽ പിന്നെ 45 വരെ 'ബിൻത് ലബൂൻ' (രണ്ട് വയസുള്ള ഒരു പെൺ ഒട്ടകം).

46 എണ്ണം മുതൽ 60 വരെ 'ഹിഖ്ഖഃ' (പ്രജനനത്തിന് പാകമായ മൂന്ന് വയസുള്ള ഒരു പെൺ ഒട്ടകം.)

[ശേഷം സുഹ്രിയുടെ ഹദീസിലുള്ളത് പോലെ തുടർന്നു.]

91 മുതൽ 120 വരെ രണ്ട് 'ഹിഖ്ഖഃ' (മൂന്ന് വയസ്സുള്ള രണ്ട് പെൺ ഒട്ടകം.) അതിനുമുകളിലുള്ള ഒട്ടകങ്ങൾക്ക് ഓരോ 50 എണ്ണത്തിനും ഒരു 'ഹിഖ്ഖഃ' എന്ന തോതിൽ.

സകാത് ഒഴിവാക്കാനായി ഒന്നിച്ചുള്ള സ്വത്തുക്കളെ വേർതിരിക്കുകയോ വേർതിരിച്ചിരിക്കുന്നവയെ ഒരുമിച്ച് കൂട്ടുകയോ അരുത്.

സകാത്തായി, പഴകിയതോ ദോഷമുള്ളതോ സ്വീകരിക്കരുത്;സകാത് ദാതാവ് സമ്മതിച്ചാലല്ലാതെ കൂറ്റനാടിനെ (تيس) എടുക്കുകയും അരുത്.

കാർഷിക വിളകളിൽ, നദികളും മഴയും നനച്ചുണ്ടാക്കിയതാണെങ്കിൽ പത്തിലൊന്ന് $^1/_{10}$ അഥവാ 10% എന്ന നിരക്കിലും മനുഷ്യയത്നത്തിലൂടെ ജലസേചനം ചെയ്തുണ്ടാക്കിയതാണെങ്കിൽ പത്തിലൊന്നിന്റെ പാതി $^1/_{20}$ അഥവാ 5% എന്ന നിരക്കിലും സകാത് നൽകണം.» (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

കാർഷിക സമ്പത്തിന്റെ നിസ്വാബുകളും നിരക്കുകളും സംബന്ധിച്ച വിശദമായ പട്ടിക 13-ാം അധ്യായത്തിൽ (പുറം 189) ചേർത്തിട്ടുണ്ട്. ആവശ്യമുള്ളവർക്ക് അത് കൂടി പരിശോധിക്കാവുന്നതാണ്.

# 16

## പണത്തിന്റെ സകാത്

### നാണയങ്ങളും അല്ലാത്തവയും

മനുഷ്യർക്ക് അവശ്യവസ്തുക്കളടക്കം വിവിധ തരം സ്വത്തുവകകളും ചരക്കുകളും സുഗമമായി വിനിമയം ചെയ്യാൻ വേണ്ടി അല്ലാഹു ഒരുക്കിയ ഒരു സംവിധാനമാണ് പണം. വിനിമയ വസ്തുക്കളുടെ മൂല്യം നിർണ്ണയിക്കാനും, വ്യാപാരികൾക്ക് ക്രയവിക്രയങ്ങൾ സുഗമമാക്കുവാനുമാണ് ഇന്നു നാം അവ ഉപയോഗിക്കുന്നത്. ഭരണാധികാരികൾ പണത്തെ സ്വകാര്യ പ്രക്ഷേപണ സംവിധാനമായി കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അവരുടെ ദർശനങ്ങളുടെയും മതവിശ്വാസങ്ങളുടെയും അധികാരശക്തികളുടെയും പ്രതീകമായി കൂടി അതിനെ കാണുകയും, സമ്പത്തിന്റെ ഒരു ബദൽ രേഖയായി അത് വർത്തിക്കുകയും ചെയ്തിരുന്നു.

പുരാതന കാലം മുതൽ തന്നെ ഉയർന്ന മൂല്യങ്ങൾക്കും സ്മാരക ആവശ്യങ്ങൾക്കും വേണ്ടി വിവിധ ജനസമുദായങ്ങൾ ബൈമെറ്റാലിക് പണസമ്പ്രദായമാണ് (സ്വർണ്ണം, വെള്ളി) പിന്തുടർന്നിരുന്നത്. പ്ലാറ്റിനം, പലേഡിയം പോലെ വിലപിടിപ്പുള്ള ലോഹങ്ങൾ വേറെയുമുണ്ടെങ്കിലും സ്വർണ്ണവും വെള്ളിയുമാണ് അടിസ്ഥാനപരമായി

നാണയങ്ങളായി കണക്കാക്കപ്പെടുന്നത്. അവക്ക് അത്തരമൊരു പണാത്മക മൂല്യം കൈവന്നത് അല്ലാഹുവിന്റെ നിശ്ചയ പ്രകാരമാണെന്നതാണ് ഇസ്‌ലാമിക വിശ്വാസം. ബാങ്ക് നോട്ടുകൾ, വിവിധതരം ആസ്തികൾ, ബോണ്ടുകൾ, മുദ്രപത്രങ്ങൾ മുതൽ ക്രിപ്‌റ്റോ കറൻസികൾ വരെ പ്രചാരത്തിലുള്ള ഇക്കാലത്തും ബൈമെറ്റാലിക് പണസമ്പ്രദായം ശക്തമായി നിലകൊള്ളുന്നതും അതു കൊണ്ടു തന്നെയാണ്.

ബൈമെറ്റാലിക് പണസമ്പ്രദായമനുസരിച്ചുള്ള ലോഹനാണയങ്ങളായിരുന്നു ആദ്യകാലത്ത് മുസ്‌ലിംകൾ ഉപയോഗിച്ചിരുന്നത്. അക്കാലത്ത് അവർ ഉപയോഗിച്ചിരുന്ന ദീനാർ എന്ന് അറിയപ്പെടുന്ന സ്വർണ്ണനാണയം ഒരു റോമൻ ബൈസന്റൈൻ മിന്റായിരുന്നു. അതേപോലെ, പേർഷ്യൻ സാസാനിയൻ സാമ്രാജ്യത്തിലെ ബോറാൻഡുക്തിന്റേതായിരുന്നു അവർ ഉപയോഗിച്ചിരുന്ന വെള്ളിനാണയമായിരുന്ന ദിർഹം. പിന്നീട് ഉമവി വംശത്തിലെ അബ്ദുൽ മലിക് ബിൻ മർവാനാണ് ആദ്യമായി ഇസ്‌ലാമിക് സ്വർണ്ണനാണയമായ ദീനാറും വെള്ളിനാണയമായ ദിർഹമും മിൻറ് ചെയ്യാൻ തുടങ്ങിയത്. അത് 1918ൽ ഓട്ടോമൻ സാമ്രാജ്യത്തിന്റെ പതനം വരെ തുടർന്നുപോരുകയും ചെയ്തു.

സ്വർണ്ണത്തിന്റെ നിസ്വാബും നിരക്കും സംബന്ധിച്ച് നബി ﷺ തന്നെ വ്യക്തവും കൃത്യവുമായ വിശദീകരണം നൽകിയിട്ടുണ്ട്. താഴെ കൊടുക്കുന്ന ഹദീസിൽനിന്ന് അക്കാര്യം അനായാസം മനസ്സിലാക്കാവുന്നതേയുള്ളു.

عن ابْنِ عُمَرَ وَعَائِشَةَ رضي الله عنهم في زكاة دينار الذهب: « أَنَّ النَّبِيَّ ﷺ كَانَ يَأْخُذُ مِنْ كُلِّ عِشْرِينَ دِينَارًا فَصَاعِدًا نِصْفَ دِينَارٍ، وَمِنْ الْأَرْبَعِينَ دِينَارًا دِينَارًا » (أخرجه ابن ماجه في سننه وصححه الألباني)

ഇബ്നു ഉമർ, ആയിശഃ رضي الله عنهم എന്നിവർ സ്വർണ്ണ നാണയത്തിന്റെ സകാ

ത്തിനെ കുറിച്ച് നിവേദനം ചെയ്യുന്നു: «നബി ﷺ ഇരുപത് (20) ദീനാറോ അതിനു മുകളിലോ ഉള്ളതിൽനിന്ന് അര ($^1/_2$) ദീനാറാണ് സ്വീകരിക്കാറുണ്ടായിരുന്നത്. അഥവാ 40 ദീനാറിന് ഒരു ദീനാർ എന്ന നിരക്കിൽ.» (ഇമാം ഇബ്നു മാജഃ, സുനനു ഇബ്നി മാജഃ)

സ്വർണ്ണനാണയമായ ഒരു ദീനാറിന് 4.25 ഗ്രാം തൂക്കം വരും. തന്റെ അടിസ്ഥാന ചെലവുകൾ കഴിച്ച് അങ്ങനെയുള്ള 20 ദീനാർ അഥവാ 85 ഗ്രാം സമ്പാദ്യമുള്ള ഒരാൾ സമ്പന്നനാണ്. അതാണ് സ്വർണ്ണത്തിന് സകാത് ചുമത്തപ്പെടാനുള്ള ഏറ്റവും കുറഞ്ഞ സമ്പാദ്യപരിധി. അതിന് ഒരു ചന്ദ്രവർഷം പൂർത്തിയായാൽ അതിന്റ 2.5% സകാത് നൽകേണ്ടതാണ്. സ്വർണ്ണനാണയങ്ങൾ, ഉരുപ്പടികൾ, ആഭരണങ്ങൾ, സ്വർണ്ണത്തെ അടിസ്ഥാനമാക്കുന്ന കറൻസികൾ, അത്തരം കറൻസി മൂല്യം പ്രതിഫലിപ്പിക്കുന്ന പ്രൊമിസറി നോട്ടുകൾ, ബോണ്ടുകൾ, സെക്യൂരിറ്റീസ്, മറ്റു ധനകാര്യപത്രങ്ങൾ എല്ലാം ഈ ഇനത്തിൽ ഉൾപ്പെടുത്തിയാണ് സകാത് കണക്കാക്കേണ്ടത്.

അതേ പ്രകാരം തന്നെ, വെള്ളിയുടെ നിസ്വാബും നിരക്കും നബി ﷺ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. താഴെ കൊടുക്കുന്ന ഹദീസിൽ അക്കാര്യം വിശദമാക്കുന്നത് കാണുക:

عن علي رضي الله عنه قال، قال رسول الله ﷺ: « إذا كانت لك مائتا درهم وحال عليها الحول ففيها خمسة دراهم، وليس عليك شيء يعني في الذهب حتى يكون لك عشرون ديناراً، فإذا كان لك عشرون ديناراً وحال عليها الحول ففيها نصف دينار، فما زاد فبحساب ذلك، وليس في مال زكاة حتى يحول عليه الحول » (أخرجه أبو داود في سننه وصححه الألباني)

അലി رضي الله عنه നിവേദനം: നബി ﷺ പറയുന്നു: «നിനക്ക് 200 ദിർഹം (വെള്ളി നാണയം) ഉണ്ടാകുകയും അതിന് ഒരു വർഷം പൂർത്തിയാകുകയും ചെയ്താൽ, അതിൽനിന്ന് നീ 5 ദിർഹം സകാത് കൊടുക്കണം. നി

നക്ക് 20 ദീനാർ തികയുന്നതുവരെ സ്വർണ്ണത്തിൽനിന്ന് ഒന്നും നിർബന്ധമില്ല. സ്വർണ്ണം 20 ദീനാർ തികയുകയും അതിന് ഒരു വർഷം പൂർത്തിയാകുകയും ചെയ്താൽ, നീ അതിൽനിന്ന് അര ($^1/_2$) ദീനാർ കൊടുക്കണം. അതിൽ കൂടുതലുള്ളതിന് ഇതേ നിരക്കനുസരിച്ച് കണക്കാക്കുകയും ചെയ്യണം. ഒരു വർഷം പൂർത്തിയാകുന്നതുവരെ സമ്പത്തിന് സകാത് ഇല്ല.» (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

അഞ്ച് ഊഖിയഃയാണ് വെള്ളിക്ക് സകാത് ചുമത്തപ്പെടാനുള്ള ഏറ്റവും കുറഞ്ഞ സമ്പാദ്യപരിധി. ഒരു 'ഊഖിയഃ' എന്നത് 40 ദിർഹമാണ്. അപ്പോൾ വെള്ളിയുടെ സകാത് ബാധകമാകാനുള്ള കുറഞ്ഞ ധനപരിധി 200 ദിർഹമാണെന്ന് വരുന്നു. വെള്ളിനാണയമായ ഒരു ദിർഹമിന്റെ തൂക്കം 2.975 ഗ്രാം ആണ്. അടിസ്ഥാന ചെലവുകൾ കഴിച്ച് അങ്ങനെയുള്ള 200 ദിർഹം അഥവാ 595 ഗ്രാം വെള്ളി സമ്പാദ്യമുള്ള ഒരാൾ അതിന് ഒരു ചന്ദ്രവർഷം പൂർത്തിയാകുമ്പോൾ അതിന്റെ 2.5% സകാത് നൽകേണ്ടതാണ്. വെള്ളിനാണയങ്ങൾ, ഉരുപ്പടികൾ, ആഭരണങ്ങൾ, വെള്ളിയെ അടിസ്ഥാനമാക്കുന്ന കറൻസികൾ, അത്തരം കറൻസി മൂല്യം പ്രതിഫലിപ്പിക്കുന്ന പ്രൊമിസറി നോട്ടുകൾ, ബോണ്ടുകൾ, സെക്യൂരിറ്റീസ്, മറ്റു ധനകാര്യപത്രങ്ങൾ എല്ലാം ഈ ഇനത്തിൽ ഉൾപ്പെടുത്തി വേണം സകാത് കണക്കാക്കാൻ.

സകാത് ചുമത്തപ്പെടാനുള്ള ഏറ്റവും കുറഞ്ഞ വരുമാന പരിധി പൂർത്തീകരിക്കാൻ സ്വർണ്ണവും വെള്ളിയും ഒരുമിച്ച് കൂട്ടാമെന്ന് ഒരു പക്ഷമുണ്ട്. രണ്ടും നാണയമാണെന്ന ന്യായത്തിൽ ഊന്നി നിൽക്കുന്ന ഒരു പണ്ഡിതാഭിപ്രായമായിട്ടേ അതിനെ കണക്കാക്കാൻ കഴിയൂ. അതിനപ്പുറം അവലംബാർഹമായ തെളിവുകളൊന്നും അതിനെ പിന്തുണക്കാനില്ല. അതേ സമയം, ഈ പക്ഷക്കാർ ഇതേ ന്യായം മറ്റിനങ്ങളിൽ പ്രയോഗിക്കാമെന്ന് അഭിപ്രായപ്പെടുന്നില്ല താനും. ഉദാഹരണമായി ഗോതമ്പിന്റെ അളവ് നിശ്ചിത പരിധി തികയുന്നില്ലെങ്കിൽ അതിലേക്ക് അരി ചേർത്ത് പരിധി തികച്ച് സകാത് കൊടുക്കണമെന്ന് അവരാരും പറയുന്നില്ല.

ഇനി, ഇന്നു നാം വിനിമയം ചെയ്യുന്ന ഇന്ത്യൻ കറൻസിയുടെ കാര്യത്തിലേക്ക് വരാം. മുൻകാലങ്ങളിൽ വിവിധ കറൻസികൾ – അവ ലോഹമോ കടലാസോ ആവട്ടെ – സ്വർണ്ണവുമായോ വെള്ളിയുമായോ നേരിട്ട് ബന്ധിപ്പിച്ചിരുന്നു. അടുത്ത കാലം വരെ ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ സ്വർണ്ണ-വെള്ളി ശേഖരങ്ങൾ, ആസ്തികൾ, വിദേശ കറൻസികൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് കറൻസികളുടെ മൂല്യം നിർണ്ണയിച്ചിരുന്നതും പുതിയ കറൻസി മിൻറ് ചെയ്തിരുന്നതും.

ചരിത്രപരമായി ഇന്ത്യൻ രൂപയുടെ അടിസ്ഥാനം വെള്ളിയായിരുന്നു. 1835ൽ ബ്രിട്ടീഷ് ഇന്ത്യ വെള്ളി അടിസ്ഥാനമാക്കിയുള്ള ഏക ലോഹ നാണയ സമ്പ്രദായം (Monometallic Silver Standard) സ്വീകരിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രമുഖമായ ലോക സമ്പദ്‌വ്യവസ്ഥകളെല്ലാം സ്വർണ്ണ വിനിമയ മാനദണ്ഡത്തിലേക്ക് (Gold Standard) മാറിയപ്പോൾ ഇന്ത്യയും അതേ പാത പിന്തുടർന്നു. പിന്നീടുണ്ടായ ആഗോള പരിവർത്തനങ്ങളുടെ ചുവടു പിടിച്ച് ഇന്ത്യയും ഫിയറ്റ് കറൻസി (Fiat Currency) സമ്പ്രദായത്തിലേക്ക് മാറി. അതിനാൽ സാങ്കേതികമായി ഇപ്പോൾ രൂപക്ക് സ്വർണ്ണവുമായോ വെള്ളിയുമായോ നേരിട്ടുള്ള ബന്ധം ഇല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

കൂടാതെ ഇന്ത്യൻ രൂപ മുമ്പ് ബ്രിട്ടീഷ് പൗണ്ടിനോടും, പിന്നീട് അമേരിക്കൻ ഡോളറിനോടും പെഗ് ചെയ്തിരുന്നു. എന്നു വെച്ചാൽ ഇന്ത്യൻ രൂപയുടെ വിനിമയ നിരക്ക് പൗണ്ട്, ഡോളർ എന്നിവയുമായും സ്വർണ്ണം പോലുള്ള ഒരു നിശ്ചിത മൂല്യവുമായും സ്ഥിരമായി ബന്ധിപ്പിക്കുകയും, ഒരു നിശ്ചിത പരിധിക്കുള്ളിൽ അതിനെ നിലനിർത്തുകയും ചെയ്തിരുന്നു എന്നർത്ഥം. നിലവിൽ ഇന്ത്യൻ രൂപക്ക് പ്രത്യേകമായി ഒരു കറൻസിയുമായും പെഗ്ഗിംഗ് ഇല്ലെന്നതാണ് വസ്തുത. വിപണി സാഹചര്യങ്ങൾക്കനുസരിച്ച് അതിന്റെ മൂല്യം നിർണ്ണയിക്കപ്പെടുന്നു. ആവശ്യമെങ്കിൽ ആർ.ബി.ഐ വിപണിയിൽ ഇടപെടുന്നു. ഇതിനാണ് മാനേജ്ഡ് ഫ്ലോട്ടിംഗ് എക്സ്ചേഞ്ച് റേറ്റ് (Managed Floating Exchange Rate) എന്ന് പറയുന്നത്.

മേൽ പറഞ്ഞ ഫിയറ്റ് സമ്പ്രദായത്തിൽ, കറൻസിയുടെ മൂല്യം നിർണ്ണയിക്കുന്നത് അതതു രാജ്യത്തെ സാമ്പത്തിക നയങ്ങളും സ്ഥിരതയുമാണെന്നാണ് പറയാറുള്ളത്. അതിൽ സ്വർണ്ണത്തിനും വെള്ളിക്കും നിയമപരമോ നേരിട്ടുള്ളതോ ആയ മൂല്യനിർണ്ണയ പങ്ക് ഇല്ലെന്നാണ് സാമ്പത്തിക വിദഗ്ധന്മാരുടെ പക്ഷം. എങ്കിലും, ചരിത്രപരമായ കാരണങ്ങളാലും സുരക്ഷിത നിക്ഷേപം എന്ന നിലയിലുള്ള വിശ്വാസ്യതയാലും കറൻസിയുടെ മൂല്യനിർണ്ണയത്തിൽ സ്വർണ്ണത്തിനും വെള്ളിക്കും അനിഷേധ്യമായ സ്വാധീനം ഉണ്ടെന്നത് ഒരു തർക്കമറ്റ വസ്തുതയാണ്.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടുകൾ അച്ചടിക്കുന്നത് Minimum Reserve System (MRS) അടിസ്ഥാനപ്പെടുത്തിയാണ്. അഥവാ, RBI ചട്ടപ്രകാരം സ്വർണ്ണം, ഗവൺമെൻറ് സെക്യൂരിറ്റീസ്, വിദേശ കറൻസികൾ പോലുള്ള കരുതൽ ശേഖരങ്ങളുടെ പിൻബലത്തിൽ മാത്രമേ അവർക്ക് ബാങ്ക് നോട്ടുകൾ അച്ചടിക്കാൻ സാധിക്കൂ. 115 കോടിയുടെ സ്വർണ്ണം ഉൾപ്പെടെ, 200 കോടിയുടെ കരുതൽ ശേഖരമുണ്ടെങ്കിൽ മാത്രമേ RBI ക്ക് ബാങ്ക് നോട്ടുകൾ അച്ചടിക്കാൻ സാധിക്കുകയുള്ളു.

സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യൻ രൂപയുടെ മുഖവില രൂപപ്പെടുത്തുന്നതും അതിനെ താങ്ങി നിർത്തുന്ന കരുതൽ ശേഖരമായി വർത്തിക്കുന്നതും സ്വർണ്ണം തന്നെയാണ്. അതിനാൽ ഇന്ത്യൻ കറൻസിക്ക് സകാത് കണക്കാക്കുമ്പോൾ സ്വർണ്ണത്തെ അടിസ്ഥാനപ്പെടുത്തുന്നതായിരിക്കും ഉചിതം.

എന്നാൽ ഒരാളുടെ മൊത്തം പണത്തിന്റെ സകാത് വെള്ളിയെ അടിസ്ഥാനപ്പെടുത്തി കണക്കാക്കണം എന്നു പറയുന്നത് കടുത്ത അന്യായമാണ്. ഈ നിഗമനം വല്ലാത്ത ഒരവസ്ഥയാണ് സംജാതമാക്കുന്നത്. ധനികരല്ലാത്ത, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടാപാടു പെടുന്ന പാവങ്ങൾ പോലും അവരുടെ പണത്തിന് സകാത് കൊടുക്കണമെന്ന സ്ഥിതി വരുന്നു. ധന്യതയുടെ പുറത്തല്ലാതെ സകാത് ബാധകമാവില്ലെന്നത് നബിചര്യയിൽ സ്ഥിരപ്പെട്ട

കാര്യമാണ്. ഇതു സംബന്ധിച്ചുള്ള പ്രമാണരേഖകൾ നേരത്തെ ഉദ്ധരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

കൂടാതെ ഈ നിഗമനം സാമ്പത്തികമായ ചില പൊരുത്തക്കേടുകൾക്കും വൈരുദ്ധ്യങ്ങൾക്കും കാരണമായിത്തീരുന്നു. വെള്ളിക്ക് വിപണി മൂല്യത്തിലുണ്ടായ ഇടിവ് കാരണം, മറ്റിനം സമ്പത്തുക്കൾക്ക് സകാത് ബാധകമാകാൻ ആവശ്യമായ കുറഞ്ഞ വരുമാന പരിധിയുമായി വെള്ളിയുടെ നിസ്വാബ് ഒരു നിലയിലും ഒത്തു പോകാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ആകയാൽ വെള്ളിക്കും വെള്ളി നാണയത്തിനുമല്ലാതെ, മൊത്തം പണത്തിനും വെള്ളിയുടെ നിരക്കിൽ സകാത് കണക്കാക്കണം എന്ന് പറയുന്നത് സാമ്പത്തികമായ വല്ലാത്ത ഒരു തരം പൊരുത്തക്കേടിലേക്കും വൈരുദ്ധ്യത്തിലേക്കുമാണ് നമ്മെ കൊണ്ടെത്തിക്കുന്നത്.

മനുഷ്യ വ്യവഹാരങ്ങൾക്ക് മൊത്തം ബാധകമാകുന്ന തത്ത്വമാണ്, ആരും അന്യായം കാണിക്കാനോ അന്യായത്തിന് ഇരയാവാനോ പാടില്ലെന്നുള്ളത്. ഇക്കാര്യം സ്ഥിരപ്പെട്ട ഹദീസുകളിൽ തന്നെ പരാമർശമുള്ളതുമാണ്. അവയിൽ ഒന്നു മാത്രം താഴെ കൊടുക്കാം.

عَنْ عَائِشَةَ ﵂ عَنِ النَّبِيِّ ﷺ قَالَ: « لَا ضَرَرَ وَلَا ضِرَارَ » (أخرجه الدارقطني في سننه وصححه الألباني)

ആയിശഃ ﵂ നിവേദനം: നബി ﷺ പറയുന്നു: «അന്യായം ചെയ്യാനോ അന്യായം കൊണ്ട് തിരിച്ചടിക്കാനോ പാടില്ല.» (ഇമാം ദാറഖുത്വ്നി, അസ്സുനനുൽ കുബ്റാ)

മേൽ സൂചിപ്പിച്ച തത്ത്വവും അതിനെ സാധൂകരിക്കുന്ന തെളിവുകളും നമ്മെ തെര്യപ്പെടുത്തുന്നത്, സകാത്തിന്റെ പേരിൽ ധനികരല്ലാത്തവർ ചൂഷണം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടായിക്കൂടാ എന്നു തന്നെയാണ്.

അതേ പോലെ, സകാത്തിന്റെ നിയമങ്ങൾ പ്രയോഗിക്കുമ്പോൾ

ദീക്ഷിക്കേണ്ട മറ്റൊരു തത്ത്വമാണ് പാവങ്ങളുടെ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും മുൻഗണനന നൽകുക എന്നുള്ളത്. അന്യായ രഹിതമായ ഒരു വ്യവഹാരക്രമം എന്നതിലുപരി പാവങ്ങളുടെ അവ കാശങ്ങൾക്കും താൽപര്യങ്ങൾക്കുമുള്ള മുന്തിയ പരിഗണനന കൂടിയാ ണ് സകാത്തിൽ പ്രതിഫലിക്കേണ്ടത്. സകാത് എന്ന അടിസ്ഥാന വിഭാവനയിൽ തന്നെ അത് മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അതിലേക്ക് വെളിച്ചം വീശുന്ന ഒരു ഹദീസ് കൂടി കാണുക:

عن علي ﵁: « أَنَّ العبَّاسَ ﵁ سأَلَ النَّبِيَّ ﷺ في تَعجيلِ صدقتِهِ قبلَ أن تَحِلَّ، فرخَّصَ لَهُ في ذلِكَ » قالَ مرَّةً: « فأذنَ لَهُ في ذلِكَ » (أخرجه أبو داود في سننه وصححه الألباني)

അലി ﵁ നിവേദനം: «അബ്ബാസ് ﵁ നബിയോട് ﷺ തന്റെ സകാത് അതിന്റെ കാലാവധി എത്തുന്നതിന് മുമ്പ് നൽകുന്നതിനെ കുറിച്ച് ആരാഞ്ഞു. അപ്പോൾ നബി ﷺ അദ്ദേഹത്തിന് അതിൽ വിട്ടുവീഴ്ച ചെയ്തുകൊടുത്തു.»

«അവിടുന്ന് അദ്ദേഹത്തിന് അതിന് അനുമതി നൽകി» എന്നാണ് ഒരിക്കൽ അദ്ദേഹം പറഞ്ഞത്. (ഇമാം അബൂദാവൂദ്, സുനനു അബീ ദാവൂദ്)

മേൽ ഹദീസ് അടിവരയിടുന്നത് പാവങ്ങളുടെ അവകാശങ്ങൾ ക്കും താൽപര്യങ്ങൾക്കുമുള്ള മുൻഗണനന തന്നെയാണ്. സകാത്തിന്റെ നിബന്ധനകളിൽപെട്ടതാണ് കാലാവധി പൂർത്തീകരിക്കുക എന്നത്. അതിലാണ് നബി ﷺ ഇവിടെ ഇളവ് അനുവദിക്കുന്നതെന്ന് നാം ഓർക്കുക.

ചുരുക്കത്തിൽ, പണത്തിന്റെ സകാത് ഏതിനെ അടിസ്ഥാനപ്പെ ടുത്തിയാണ് കണക്കാക്കേണ്ടത് എന്നതാവട്ടെ, സമാനമായ മറ്റു പ്രായോഗിക നടപടികളാവട്ടെ അവയിൽ നിയമത്തിന്റെ ഉദ്ദേശ്യല ക്ഷ്യങ്ങൾക്കും താൽപര്യങ്ങൾക്കും കൂടി അർഹമായ പരിഗണനന

**നൽകേണ്ടതായി വരും. മതപരമായ വിധിവിലക്കുകളിൽ വാക്യാർത്ഥങ്ങൾക്കൊപ്പം ലക്ഷ്യാർത്ഥങ്ങൾ കൂടി പരിഗണിക്കേണ്ടി വരുന്ന ഇത്തരം സന്ദർഭങ്ങളിൽ വിവേകപൂർണ്ണമായ സമീപനങ്ങളും നടപടികളും അനിവാര്യമാണ്. അല്ലാത്ത പക്ഷം, സകാത്തിന്റെ അർത്ഥവും ആത്മാവും ചോർന്നു പോകുന്ന സ്ഥിതിയുണ്ടാകും.**

**സ്വർണ്ണത്തിനും വെള്ളിക്കും സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ ധന പരിധിയും സകാത്തിന്റെ നിരക്കും മനസ്സിലാക്കാൻ അന്യത്ര ചേർത്ത പട്ടിക കൂടി പരിശോധിക്കുക.**

| ഇനം | നിസ്വാബ് | നിരക്ക് |
|---|---|---|
| സ്വർണ്ണം | **20 ദീനാർ (85 ഗ്രാം)**<br>1 ദീനാർ = 1 മിഥ്ഖാൽ<br>1 മിഥ്ഖാൽ = 4.25 ഗ്രാം<br>∴ 4.25 x 20 = 85 ഗ്രാം | **$^1/_2$ ദീനാർ (2.5%) = 2.125 ഗ്രാം**<br>4.25 ÷ 2 = 2.125 ഗ്രാം<br>85 ഗ്രാം x 2.5/100 = 2.125 ഗ്രാം |
| **വെള്ളി** (ദിർഹമിൽ) | **200 ദിർഹം (595 ഗ്രാം)**<br>1 ദിർഹം = 2.975 ഗ്രാം<br>∴ 2.975 x 200 = 595 ഗ്രാം | **5 ദിർഹം (2.5%) = 14.875 ഗ്രാം**<br>5 x 2.975 = 14.875 ഗ്രാം<br>595 x 2.5/100 =14.875 ഗ്രാം |
| **വെള്ളി** (ഊഖിയഃയിൽ) | **5 ഊഖിയഃ (595 ഗ്രാം)**<br>5 ഊഖിയഃ = 140 മിഥ്ഖാൽ<br>1 ഊഖിയഃ = 28 മിഥ്ഖാൽ<br>1 മിഥ്ഖാൽ = 4.25 ഗ്രാം<br>∴ 4.25 x 140 = 595 ഗ്രാം | **$^1/_8$ ഊഖിയഃ (2.5%) = 14.875 ഗ്രാം**<br>(28 x 4.25) ÷ 8 = 14.875 ഗ്രാം<br>595 x 2.5/100 =14.875 ഗ്രാം |

# 17

## ആഭരണങ്ങളുടെ സകാത്

അണിയുന്ന ആഭരണങ്ങൾക്ക് സകാത് ബാധകമാണോ അല്ലേ എന്നത് പൗരാണിക പണ്ഡിതന്മാർക്കിടയിൽ തന്നെ ഭിന്നാഭിപ്രായ മുള്ള വിഷയമാണ്. രണ്ട് പക്ഷവും ഒരു പോലെ ശക്തവും പ്രമുഖ വുമാണെന്നതിനാൽ അതിൽ തീർപ്പ് കണ്ടെത്തുക ആയാസകരം തന്നെ. ഹനഫി മദ്ഹബ് ഒഴികെ മറ്റ് മൂന്ന് മദ്ഹബുകളും ധരിക്കു ന്ന ആഭരണങ്ങൾക്ക് സകാത് ഇല്ലെന്ന പക്ഷക്കാരാണ്. എന്നാൽ ഇമാം അബൂ ഹനീഫഃ, അൽബാനി ﷫ പോലുള്ള സൂക്ഷ്മാലുക്ക ളായപണ്ഡിതന്മാരും ആധുനികരായ സലഫി ഉലമാക്കളും ധരിക്കു ന്ന ആഭരണത്തിനും സകാത് ബാധകമാണെന്ന് പറയുന്നവരാണ്. ആയതിനാൽ ഇരുപക്ഷവും മുന്നോട്ട് വെക്കുന്ന തെളിവുകൾ വിശ കലനം ചെയ്യുകയും, അവയിൽ കൂടുതൽ ശക്തവും വ്യക്തവുമായ തെളിവുകൾക്കനുസരിച്ച് ഒരു തീരുമാനത്തിലെത്തുകയും ചെയ്യാനേ നിവൃത്തിയുള്ളൂ. അല്ലാഹുവേ, നീ ഞങ്ങളെ നേർവഴി നടത്തുകയും ഞങ്ങൾക്ക് സദാ തൗഫീഖ് നൽകുകയും ചെയ്യണേ!

ആദ്യമായി, അണിയുന്ന ആഭരണങ്ങൾക്ക് സകാത് ബാധകമാ ണെന്ന് പറയുന്നവർ ഉന്നയിക്കാറുള്ള തെളിവുകൾ പരിശോധിക്കാം.

ഖുർആനിൽനിന്ന് ഉദ്ധരിക്കാറുള്ളത് തൗബഃയിലെ താഴെ കൊടുക്കുന്ന സൂക്തവും അതു പോലുള്ള മറ്റു വചനങ്ങളുമാണ്:

﴿يَوْمَ يُحْمَىٰ عَلَيْهَا فِي نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ ۖ هَٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا مَا كُنتُمْ تَكْنِزُونَ ﴿٣٥﴾﴾ (التوبة)

«നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും, എന്നിട്ടവ കൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം! നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ സ്വരൂപിച്ചതാണിത്. നിങ്ങൾ ശേഖരിച്ചു വെച്ചിരുന്നത് നിങ്ങൾ തന്നെ അനുഭവിച്ചുകൊള്ളുക.» (അത്തൗബഃ, 9:35)

അണിയുന്ന ആഭരണങ്ങൾക്ക് സകാത് ബാധകമല്ലെന്ന് പറയുന്നവർ ഇതിനെ കുറിച്ച് ഉന്നയിക്കുന്ന വിമർശനം കൂടി പരിശോധിക്കാം:

ഇത് സ്വർണ്ണവും വെള്ളിയും സകാത് കൊടുക്കാതെ സൂക്ഷിച്ചു വെക്കുന്നതിനെ കുറിച്ച് പറയുന്ന പൊതുവായ സൂക്തമാണ്. അല്ലാതെ, അണിയുന്ന ആഭരണങ്ങൾക്ക് സകാത് നിർബന്ധമാണെന്ന് തെളിയിക്കാനുതകുന്ന സവിശേഷമായ തെളിവല്ല. ഈ ആയത്ത് നൽകുന്നത് സാർവത്രികമായ അർത്ഥസൂചന (دلالة عامة) മാത്രമാണ്. അത് അണിയുന്ന ആഭരണങ്ങൾക്ക് സകാത് ബാധകമല്ലെന്ന് തെളിയിക്കുന്ന വചനങ്ങളുടെ സവിശേഷമായ അർത്ഥ സൂചനയെ റദ്ദ് ചെയ്യാൻ പര്യാപ്തമല്ല.

രണ്ടാമതായി, സുന്നത്തിൽനിന്നുള്ള തെളിവുകളാണുള്ളത്. അവയിൽപെട്ട മുഖ്യമായ രണ്ട് ഹദീസുകൾ പരിശോധിക്കാം:

عن عمرو بن شعيب عن أبيه عن جده، " أن امرأة أَتَتْ رسولَ الله ﷺ ومعها ابنةٌ لها، وفي يدِ ابنتها مَسَكتانِ غليظتان من ذهب، فقال لها: « أتعطين زكاة هذا؟» قالت: لا، قال: « أَيَسُرُّكِ أن يسَوِّركِ الله بهما يومَ القيامةِ سِوارينِ من نار؟ » قال:

فخلعتها، فألقَتْهما إلى النبي ﷺ وقالت: هما لله عز وجل ولرسوله" (أخرجه أبو داود في سننه وصححه الألباني)

അംറ് ബിൻ ശുഐബ് തന്റെ പിതാവിൽനിന്നും, അദ്ദേഹം തന്റെ വലിയുപ്പയിൽനിന്നും നിവേദനം: "ഒരു സ്ത്രീ തന്റെ മകളോടൊപ്പം നബിയുടെ ﷺ അരികിൽ വന്നു. മകളുടെ കയ്യിൽ കട്ടിയുള്ള രണ്ട് സ്വർണ്ണ വളകൾ ഉണ്ടായിരുന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു: «ഇതിന് നിങ്ങൾ സകാത് കൊടുക്കുന്നുണ്ടോ?» അവർ പറഞ്ഞു: ഇല്ല. അവിടുന്ന് പറഞ്ഞു: «അന്ത്യനാളിൽ അല്ലാഹു ഇവയെ രണ്ട് അഗ്നിവളകളാക്കി നിങ്ങളുടെ കൈകളിൽ അണിയിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?» അതുകേട്ട് അവർ ആ വളകൾ ഊരിയെടുത്ത്, നബിയുടെ ﷺ അടുത്തേക്ക് ഇട്ട് കൊടുത്തു കൊണ്ട് പറഞ്ഞു: ഇവ അല്ലാഹുവിനും അവന്റെ റസൂലിനുമുള്ളതാണ്." (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

പ്രഥമ വായനയിൽ, ഇത് അണിയുന്ന ആഭരണത്തിന് സകാത് നിർബന്ധമാണെന്നതിനുള്ള തെളിവായി തോന്നാം. എന്നാൽ, മറു പക്ഷത്തിന്റെ വിമർശനം കൂടി പരിശോധിക്കുക.

ഒന്നാമതായി പറയാനുള്ളത് ഹദീസിന്റെ സ്വീകാര്യത സംബന്ധിച്ച വിമർശനമാണ്. അതിന്റെ പ്രാമാണികത സംശയത്തിന്റെ നിഴലിലാണ്. മുൻഗാമികളായ ചില ഹദീസ് നിരൂപകന്മാർ ഈ സനദിന്റെ സ്വീകാര്യതയിൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. അംറ് ബിൻ ശുഐബ് തന്റെ പിതാവിൽനിന്നും, അദ്ദേഹം തന്റെ വലിയുപ്പയിൽനിന്നുമാണ് ഹദീസ് നിവേദനം ചെയ്യുന്നത്. ഇവിടെ അദ്ദേഹത്തിന്റെ വലിയുപ്പ (جدّ) ആരാണെന്നതിൽ അവ്യക്തതയുണ്ട്. അത് അബ്ദുല്ലാ ബിൻ അംറ് ബിൻ ആസ്വ് رضي الله عنه ആണെന്ന് പലരും പറയുന്നു; ചിലർ അല്ലെന്നും. അതിലുള്ള സംശയം ഒന്നുകിൽ പ്രസ്തുത ശൃംഖല ഇടമുറിഞ്ഞത് (منقطع) ആണെന്ന് ധ്വനിപ്പിക്കുന്നു. അല്ലെങ്കിൽ ഇവിടെ വലിയുപ്പ എന്നത് അറിയപ്പെടാത്തൊരു നിവേദകനായി (جَهالَةُ الراوي) അവശേഷിക്കുന്നു.

കൂടാതെ, അംറ് ബിൻ ശുഐബിന്റെ രിവായത്തുകൾ പൂർണ്ണമായും സ്വീകാര്യയോഗ്യമല്ലെന്നാണ് ചില നിരൂപകന്മാരുടെ പക്ഷം. അതിനാൽ ഈ സനദ് ഏറിയാൽ ഹസൻ എന്ന തലം വരെ ഉയരാം. അതിനെ അടിസ്ഥാനപ്പെടുത്തി ശക്തമായ നിർബന്ധ വിധി സ്ഥാപിക്കാനാവില്ല. അതിനാൽ ഇതിനെ അടിസ്ഥാനമാക്കി അണിയുന്ന ആഭരണങ്ങൾക്ക് സകാത് നിർബന്ധമാണെന്ന വിധി പറയാൻ കഴിയില്ലെന്നാണ് ചിലർ ഉയർത്തുന്ന വിമർശനം.

ഇനി രണ്ടാമത്തെ ഹദീസ് പരിശോധിക്കാം. അതിലെ വാക്കുകൾ താഴെ കൊടുക്കുന്നു:

عن عبد الله بن شداد، أنه قال: دخلنا على عائشة ﵂ زوج النبي ﷺ فقالت: دخل عليَّ رسولُ الله ﷺ، فرأى في يَدِي فَتَخَاتٍ من وَرِقٍ، فقال: « ما هذا يا عائشة؟ » فقلت: صنعتهن أتزيَّنُ لك يا رسول الله! قال: « أتؤدين زكاتهن؟ » قلت: لا، أو ما شاء الله، قال: « هو حَسْبُكِ من النار » (أخرجه أبو داود في سننه وصححه الألباني)

അബ്ദുല്ലാ ബിൻ ശദ്ദാദ് ﵁ നിവേദനം: "ഞങ്ങൾ നബിയുടെ ﷺ പത്നി ആയിശഃയുടെ ﵂ അടുക്കൽ പ്രവേശിച്ചു. അവർ പറഞ്ഞു: ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ ﷺ എന്റെ അടുത്ത് വന്നു. അപ്പോൾ എന്റെ കയ്യിൽ വെള്ളി കൊണ്ടുള്ള ചില മോതിരങ്ങൾ കണ്ടു. അപ്പോൾ അവിടുന്ന് ചോദിച്ചു: «ആയിശഃ, എന്താണ് ഇത്?» ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞാൻ അവ ഉണ്ടാക്കിയത് നിങ്ങൾക്കു വേണ്ടി അണിഞ്ഞ് ഒരുങ്ങാനാണ്. അവിടുന്ന് ചോദിച്ചു: «ഇവക്ക് നിങ്ങൾ സകാത് കൊടുക്കുന്നുണ്ടോ?» ഇല്ല എന്നോ അല്ലെങ്കിൽ, അല്ലാഹുവിന്റെ ഹിതം പോലെ (ഇല്ലെന്നു ധ്വനി) എന്നോ ഞാൻ മറുപടി പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: «അതു മതി, നിങ്ങൾക്ക് നരകത്തിൽനിന്നുള്ള ശിക്ഷക്കായി.»" (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

ഒറ്റ നോട്ടത്തിൽ ഈ ഹദീസും അണിയുന്ന ആഭരണത്തിന് സകാ

ത് നിർബന്ധമാണ് എന്നതിനുള്ള തെളിവായി തോന്നാം. ഇതിനെ കുറിച്ചും മറുപക്ഷത്തിനു മറുപടിയുണ്ട്. അതുകൂടി പരിശോധിക്കാം.

ആദ്യമായി മേൽ ഹദീസിന്റെ സ്വീകാര്യത സംബന്ധിച്ചുള്ള ആക്ഷേപങ്ങളെടുക്കാം. ഇതിന്റെ നിവേദക പരമ്പര ഇടമുറിയാത്തതാണോ എന്ന കാര്യത്തിൽ ചിലർ സംശയമുന്നയിച്ചിട്ടുണ്ട്. നിവേദകനായ അബ്ദുല്ലാ ബിൻ ശദ്ദാദ് ആയിശഃ ﵂ യെ കണ്ടുമുട്ടിയിട്ടില്ലെന്ന് ഇമാം ബൈഹഖിയെ പോലുള്ളവർ വിമർശിച്ചിട്ടുണ്ട്. [ഇമാം ദഹബിയെ പോലുള്ളവർ ഈ വിമർശനത്തെ ശക്തിയുക്തം തള്ളിക്കളഞ്ഞിട്ടുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.] അതേപോലെ, പ്രസ്തുത ഹദീസ് കൂടുതൽ പ്രബലമായ ഹദീസുകൾക്ക് വിരുദ്ധമാണെന്നും ചിലർ ചൂണ്ടി കാണിക്കുന്നു. ചിലർ ഈ ഹദീസിനെ കുറിച്ച് സ്വഹീഹോ അല്ലെങ്കിൽ ഹസനെങ്കിലുമോ ആണെന്ന് പറയുമ്പോൾ മറ്റു ചിലർ ഇതിൽ സംശയം നിലനിൽക്കുന്നു എന്നാണ് പറയുന്നത്. അതിനാൽ ശക്തവും സ്വതന്ത്രവുമായ ഒരു തെളിവായി ഉപയോഗിക്കാനുള്ള ബലം ഈ ഹദീസിനില്ല.

ചുരുക്കത്തിൽ, അംറ് ബിൻ ശുഐബ് ഉദ്ധരിക്കുന്ന ഹദീസിന്റെ നിവേദക പരമ്പരയിലുള്ള ഭിന്നാഭിപ്രായവും, അബ്ദുല്ല ബിൻ ശദ്ദാദ് നിവേദനം ചെയ്യുന്ന ഹദീസിന്റെ അഖണ്ഡതയിലുള്ള സംശയവും നിലനിൽക്കുന്നതിനാൽ ഇവ രണ്ടും ചേർന്നാലും അണിയുന്ന ആഭരണത്തിന് സകാത് നൽകൽ വാജിബാണെന്ന വിധി ഉറപ്പിക്കാൻ അത് മതിയായ തെളിവാകില്ല എന്നതാണ് വിമർശകരുടെ നിലപാട്.

എന്നാൽ ഇമാം ദഹബി, അൽബാനി ﵀ പോലുള്ള സൂക്ഷ്മദൃക്കുകളായ ഹദീസ് പണ്ഡിതന്മാർ ഈ ഹദീസുകൾ സ്വഹീഹാണെന്ന് പറയുന്നുണ്ട്. പ്രസ്തുത ഹദീസുകളുടെ സനദുകളെ കുറിച്ച് അവർ നടത്തിയ പഠനവും നിരീക്ഷണവും അത്രമേൽ ഭദ്രവും വൈജ്ഞാനിക മൂല്യവുമുള്ളതാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതോടുകൂടി അവയുടെ നിവേദക പരമ്പര സ്വീകാര്യമാണെന്ന പക്ഷത്തിന് കൂടുതൽ ബലം കൈവരുന്നുണ്ട്. എന്നിരുന്നാലും, അവിടെ പ്രസക്ത

മായ മറ്റു ചില എതിരഭിപ്രായങ്ങൾ ഉയർന്ന് വരുന്നുണ്ട്. അക്കാര്യങ്ങൾ കൂടി നമുക്ക് പരിശോധിക്കാതെ ഒരു തീരുമാനത്തിലെത്തുക സാധ്യമല്ല.

1. സൂക്ഷ്മമായ വിശകലനത്തിൽ മുകളിൽ പറഞ്ഞ രണ്ട് ഹദീസുകളിലും സമാനമായ മറ്റു രിവായത്തുകളിലും ആഭരണത്തിന് സകാത് കൊടുക്കാത്തവരെ കുറിച്ചുള്ള സവിശേഷമായ പരാമർശങ്ങളല്ല ഉള്ളത്. മറിച്ച്, സ്വർണ്ണത്തിനും വെള്ളിക്കും മൊത്തത്തിൽ സകാത് കൊടുക്കാത്തവരെക്കുറിച്ചുള്ള പരാമർശമാണ് അതെന്നു കാണാം.

2. അവ ആഭരണത്തെ കുറിച്ചാണെങ്കിൽ തന്നെ സാധാരണ അണിയാനുള്ള ആഭരണത്തെ കുറിച്ചാണെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. വ്യക്തിപരമായ ഉപയോഗത്തിനായി മാറ്റി വെക്കാത്ത, ആഭരണരൂപത്തിൽ സൂക്ഷിക്കുന്ന സ്വർണ്ണത്തെ കുറിച്ചായിരിക്കാം ഹദീസിൽ പരാമർശിച്ചിരിക്കുന്നത്. സാധാരണ ഉപയോഗത്തിന്റെ പരിധിക്ക് പുറത്തുള്ള അതിരില്ലാത്ത ആഢംബരത്തിന്റെ ഭാഗമാണെങ്കിൽ അതിന് സകാത് ബാധകമാണ് താനും.

   ഒന്നാമത് പറഞ്ഞ, അംറ് ബിൻ ശുഐബ് നിവേദനം ചെയ്യുന്ന ഹദീസിലെ مَسَكتانِ غليظتان من ذهب (കട്ടിയുള്ള രണ്ട് സ്വർണ്ണ വളകൾ) എന്ന പരാമർശം ശ്രദ്ധിക്കുക. അത് ധ്വനിപ്പിക്കുന്നത്, യമനിൽനിന്ന് വന്ന സ്ത്രീ, അവരുടെ മകളുടെ കൈയിൽ അണിഞ്ഞിരുന്നത് സാധാരണ ഉപയോഗിക്കാറുള്ള ലളിതമായ വളകളല്ല, കട്ടിയുള്ള അഢംബര വളകളായിരുന്നു എന്നു തന്നെയാണ്. അത്തരം ആഭരണങ്ങൾക്ക് സകാത് ബാധകമാണെന്നതിൽ പക്ഷാന്തരമില്ല താനും.

   അതേ പ്രകാരം, രണ്ടാമതായി കൊടുത്ത അബ്ദുല്ലാ ബിൻ ശദ്ദാദ് നിവേദനം ചെയ്യുന്ന ഹദീസിലെ فرأى في يَدِي فَتَخَاتٍ من وَرِقٍ എന്ന പരാമർശവും സവിശേഷമായ ശ്രദ്ധ ആവശ്യമുള്ള പ്രയോഗമാണ്.

എന്താണ് فَتَخَاتٍ എന്നതിന്റെ അർത്ഥം? പ്രശസ്ത ഹദീസ് നിഘണ്ടുവായ 'അന്നിഹായഃയിൽ' പറയുന്നത് കാണുക:

وَهِيَ خَواتِيم كِبارٌ تُلْبس فِي الأَيْدِي، ورُبما وُضِعَت فِي أَصَابِع الأَرْجُل (ابن الأثير في النهاية في غريب الحديث والأثر)

"അത് കയ്യിൽ അണിയുന്ന വലിയ മോതിരങ്ങളാണ്. ചിലപ്പോൾ അവ കാൽ വിരലുകളിലും അണിയാറുണ്ട്." (ഇബ്നുൽ അഥീർ, അന്നിഹായഃ ഫീ ഗരീബിൽ ഹദീസ്)

അഥവാ ആയിശഃ ﵂ അത് പതിവായി ധരിക്കാറുള്ളതോ, നബി ﷺ കണ്ട് വന്നിരുന്നതോ അല്ല. പതിവായി ധരിക്കാത്ത ആഭരണങ്ങൾക്ക് സകാത് നൽകണമെന്നതിൽ ആരും ഭിന്നസ്വരം ഉയർത്തിയിട്ടുമില്ല.

3. മേൽ ഹദീസുകൾ സാധാരണ ഉപയോഗത്തിലുള്ള ആഭരണത്തിന് സകാത് നിർബന്ധമാക്കാൻ ഉദ്ദേശിച്ചുള്ളതല്ല. മറിച്ച്, അത്തരം സ്വത്തുക്കളിലും സ്വദഖഃ അനിവാര്യമാണെന്ന് പറയാനും അതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും അതിനു പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ചു കൊണ്ടുള്ള പരാമർശമായിരിക്കാം അവയിലുള്ളത്.

4. മേൽ പറഞ്ഞ കാര്യങ്ങളെ വെറും നിഗമനങ്ങളായി കണക്കാക്കാവതല്ല. കാരണം, സാധാരണ അണിയുന്ന ആഭരണങ്ങൾക്ക് സകാത് ബാധകമല്ലെന്ന് വ്യക്തമാക്കുന്ന തെളിവുകളും രേഖകളും വേറെയുണ്ട്. അവ കൂടി പരിഗണിക്കുമ്പോൾ തെളിവുകളെ സമന്വയിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമായിത്തീരുന്നു. അതിന്റെ ഭാഗമായിട്ടാണ് പണ്ഡിതന്മാർ ഇത്തരം വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്.

5. ആഭരണങ്ങൾ വൈയക്തികമായ ഉപയോഗത്തിനുള്ളവയാണ്. അവക്ക് ഉപയോഗപരമായ പ്രയോജനമേയുള്ളു. അവ വികസിച്ചു കൊണ്ടിരിക്കുന്നതോ വികസനക്ഷമമോ ആയ ആസ്തിയല്ല. ഇതു

പോലെ വൈയക്തികമായ ഉപയോഗങ്ങൾക്കായി ഒരു വ്യക്തി സ്വായത്തമാക്കി വെക്കുന്ന വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ, വാഹനങ്ങൾ, ഫോണുകൾ, വാച്ചുകൾ മുതലായ ഒന്നിനും സകാത് ബാധകമല്ല. അതിനാൽ ഉപയോഗത്തിനുള്ള ആഭരണമാണെങ്കിൽ അതിനും സകാത് ബാധകമാകാൻ തരമില്ല. ഈ വസ്തുത പരിഗണിക്കുമ്പോൾ ഭൂരിപക്ഷത്തിന്റെ നിലപാടാണ് കൂടുതൽ വ്യക്തവും ശക്തവും ശരിയുമെന്നു പറയേണ്ടി വരികയാണ്.

അത് എപ്പോൾ വേണമെങ്കിലും വിൽക്കാം, അപ്പോൾ അത് വികസനക്ഷമമായ ധനമായി മാറില്ലേ എന്ന് ചോദിക്കുന്നവരുണ്ട്. അത് തീർത്തും അപ്രസക്തമാണ്. സകാത് ബാധകമല്ലാത്ത മറ്റു സ്ഥാവരങ്ങളുടെ കാര്യവും അങ്ങനെ തന്നെയാണ്. അവയും എപ്പോൾ വേണമെങ്കിലും വിൽക്കാം. അപ്പോൾ അവയുടെ മൂല്യവും വികസനക്ഷമമായ ആസ്തിയായി മാറുമല്ലോ.

ഇവിടെ സാന്ദർഭിക പ്രസക്തിയുള്ള മറ്റൊരു കാര്യമുണ്ട്. അത് പരാമർശിക്കപ്പെടാതെ പോകുന്നത് ഈ ചർച്ച അപൂർണ്ണമാകുന്നതിന് കാരണമായേക്കാം. അണിയുന്ന ആഭരണത്തിന് സകാത്തില്ലെന്ന വകുപ്പ് ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട് എന്നതത്രെ അത്. അതിരില്ലാത്ത അഢംബരത്തിന്റെയും ആസ്വാദനത്തിന്റെയും അടിമയാണല്ലോ ആധുനിക മനുഷ്യൻ. ആയതിനാൽ സകാത് ബാധകമാകാനുള്ള സമ്പാദ്യ പരിധിയിൽ കവിയാത്തതിനെ മാത്രമേ അണിയുന്ന ആഭരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവൂ എന്നതത്രെ അത്. അതിനു മാത്രമേ ഈ കിഴിവ് ലഭിക്കുകയുമുള്ളു എന്ന് ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഇക്കാര്യത്തിൽ പരിഗണിക്കപ്പെടേണ്ട ഒരു നിർദ്ദേശക തത്ത്വമാണ്. അതിൽ കവിഞ്ഞുള്ള ആഭരണം അണിയുന്നതാണെങ്കിലും അല്ലെങ്കിലും അതിന് സകാത് ബാധകമാണെന്നുള്ളതായിരിക്കും ശരി.

ആഭരണ രൂപത്തിൽ സൂക്ഷിക്കുന്ന സ്വർണ്ണത്തിന്റെയും, ആഢംബരത്തിന്റെ ഭാഗമായുള്ള ആഭരണങ്ങളുടെയും സകാത് കണക്കാ

ക്കുമ്പോൾ 24 കാരറ്റിലേക്ക് അതിനെ മാറ്റേണ്ടതുണ്ട്. കാരണം ഇവിടെ പറയുന്ന സ്വർണ്ണം കൊണ്ട് ഉദ്ദേശിക്കുന്നത് പരിശുദ്ധമായ തങ്കമാണ്; തങ്കത്തിൽ ആഭരണം പണി കഴിപ്പിക്കാറില്ലെന്നത് അറിയപ്പെട്ട കാര്യമാണല്ലോ.

6. തെളിവുകളുടെ ധ്വനികളും സൂചനകളും ആശയക്കുഴപ്പമുണ്ടാക്കുമ്പോൾ സ്വഹാബത്തിന്റെ നടപടിക്രമങ്ങളാണ് നമുക്ക് കൂടുതൽ വെളിച്ചം നൽകുക. നമ്മെ വ്യക്തമായ തീർപ്പിലേക്ക് എത്തിക്കാൻ സഹായിക്കുന്ന വ്യതിരിക്തതയുടെ മാനദണ്ഡമാണ് സ്വഹാബത്തിന്റെ ഗ്രാഹ്യം (فَهْمُ الصحابة). സാധാരണ ധരിക്കുന്ന ആഭരണങ്ങൾക്ക് സകാത് നിർബന്ധമില്ലെന്ന് പത്തോളം സ്വഹാബിമാരിൽനിന്ന് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ആയിശഃയിൽനിന്ന് ﵂ തന്നെ ഇക്കാര്യത്തിൽ പ്രശസ്തമായ റിപ്പോർട്ടുകളുണ്ട്. അതിൽ ഒന്ന് ഇപ്രകാരം വായിക്കാം:

عَنْ عَبْدِ الرَّحْمَنِ بْنِ قَاسِمٍ، عَنْ أَبِيهِ، أَنَّ عَائِشَةَ ﵂ "كَانَتْ تَلِي بَنَاتَ أَخِيهَا يَتَامَى فِي حِجْرِهَا، لَهُنَّ حُلِيٌّ، فَلا تُخْرِجُ مِنْ حُلِيِّهِنَّ الزَّكَاةَ" (أخرجه مالك في الموطأ)

അബ്ദു റഹ്മാൻ ബിൻ ഖാസിം തന്റെ പിതാവിൽ നിന്ന് നിവേദനം: "ആയിശഃ ﵂ തന്റെ സഹോദരന്റെ അനാഥയായ പുത്രിമാരെ സംരക്ഷിച്ച് പോന്നിരുന്നു. അവർക്ക് ആഭരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, ആ ആഭരണങ്ങളിൽ നിന്ന് അവർ സകാത് നൽകിയിരുന്നില്ല." (ഇമാം മാലിക്, അൽ മുവത്ത്വഅ്)

അപ്രകാരമുള്ള റിപ്പോർട്ട് ഇബ്ന ഉമർ ﵄ ൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അത് കൂടി താഴെ കൊടുക്കാം:

عَنْ نَافِعٍ، "أَنَّ ابْنَ عُمَرَ كَانَ يُحَلِّي بَنَاتَهُ وَجَوَارِيهِ، فَلا يُخْرِجُ مِنْ حُلِيِّهِنَّ الزَّكَاةَ" (أخرجه مالك في الموطأ)

നാഫിഅ് നിവേദനം: "ഇബ്ന ഉമർ ﵄ തന്റെ പുത്രിമാർക്കും പരിചാരികമാർക്കും അണിയാൻ ആഭരണങ്ങൾ നൽകുമായിരുന്നു;

എന്നാൽ അവരുടെ ആഭരണങ്ങളിൽ നിന്ന് സകാത് നൽകുമായിരുന്നില്ല." (ഇമാം മാലിക്, അൽ മുവത്ത്വഅ്)

കൂടാതെ, അണിയുന്ന ആഭരണത്തിന് സകാത്തില്ലെന്നതിന് അഞ്ച് സ്വഹാബിമാരെയാണ് സുന്നത്തിന്റെ ഇമാം അഹ്മദ് ബിൻ ഹൻബൽ ﷬ ഉദ്ധരിച്ചിട്ടുള്ളത്. ഹൻബലി മദ്ഹബിലെ പ്രഗത്ഭ പണ്ഡിതനായ ഇബ്നു ഖുദാമഃ ﷬ പറയുന്നു:

" قال أحمدُ: خَمْسَةٌ من أصْحابِ رسولِ اللهِ ﷺ يَقُولُونَ: ليس في الحَلْيِ زَكَاةٌ "

(ابن قدامة في المغني)

"ഇമാം അഹ്മദ് ﷬ പറയുന്നു: നബിയുടെ ﷺ സ്വഹാബിമാരിൽ അഞ്ചുപേർ ആഭരണങ്ങൾക്ക് സകാത് ഇല്ലെന്ന് പറഞ്ഞിട്ടുണ്ട്." (ഇബ്നു ഖുദാമ, അൽ മുഗ്നി)

സൂക്ഷ്മമായി പരിശോധിച്ചാൽ വേറെയും സ്വഹാബിമാരിൽനിന്ന് ഇക്കാര്യം ഉദ്ധരിക്കപ്പെട്ടതായി കാണാൻ കഴിയും.

മുകളിൽ പറഞ്ഞ തെളിവുകളും അവയുടെ താരതമ്യവും പരാമൃഷ്ട വിഷയത്തിൽ നമ്മെ തെര്യപ്പെടുത്തുന്നത് സാധാരണയായി അണിയുന്ന ആഭരണങ്ങൾക്ക് സകാത്തില്ലെന്ന് തന്നെയാണ്.

കൂടാതെ, ശർഈ നിയമങ്ങളുടെ പൊതു തത്ത്വങ്ങളും ആധാരങ്ങളും, സകാത് സംബന്ധിച്ച് വന്ന വ്യത്യസ്ത രിവായത്തുകളും അവ ഉൾക്കൊള്ളുന്ന നിയമാവലിയുടെ പ്രയോഗങ്ങളും, മനുഷ്യസമൂഹം കടന്നു പോയിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തിക പരിസരങ്ങളും എല്ലാം ഒരു പോലെ താൽപര്യപ്പെടുന്നത് ഉപയോഗത്തിലിരിക്കുന്ന ആഭരണങ്ങൾക്ക് സകാത് ബാധകമല്ലെന്നു തന്നെയാണ്. والله أعلم

# 18

## ശമ്പളം, പെൻഷൻ

### മുതലായവയുടെ സകാത്

ശമ്പളം, പെൻഷൻ പോലുള്ള വരുമാനങ്ങളുടെ സകാത് സംബന്ധിച്ച് സമൂഹത്തിൽ ഇന്ന് വലിയ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരം വരുമാനം വ്യക്തിയുടെ കേവല ഉപജീവന മാർഗ്ഗമായതിനാൽ അതിന് സകാത് ബാധകമാവില്ലെന്ന് പോലും ചിലർ അഭിപ്രായപ്പെട്ടുകാണാം. അതേ സമയം, അവക്ക് നിസ്വാബ് തികയുകയോ, ഒരു ചന്ദ്രവർഷം എന്ന കാലാവധി പൂർത്തീകരിക്കുകയോ, അതിൽനിന്ന് അടിസ്ഥാന ചെലവുകൾ കിഴിക്കുകയോ വേണ്ടതില്ല; കിട്ടുന്നതിന് മുഴുവനും സകാത് കൊടുക്കണം എന്ന് പറയുന്ന ഒരു വാദഗതിയും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പ്രായോഗിക നടപടികളിൽ പണ്ഡിതന്മാർക്കിടയിൽ ചില്ലറ അഭിപ്രായഭേദങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും അവക്ക് സകാത് ബാധകമാണെന്ന കാര്യത്തിൽ പ്രസക്തമായ എതിരഭിപ്രായങ്ങളില്ലെന്നതാണ് സത്യം. തെളിവുകൾ പിന്തുണക്കുന്ന പക്ഷവും അതു തന്നെ.

എന്നാൽ, ഒരാൾക്ക് ശമ്പളം, പെൻഷൻ പോലുള്ള വരുമാന മാർഗ്ഗങ്ങളിൽനിന്ന് ലഭിക്കുന്ന മൊത്തം സംഖ്യക്കും സകാത് ബാധ

കമാവില്ല. മറിച്ച്, അതിൽനിന്ന് അടിസ്ഥാന ചെലവുകൾ കഴിച്ചുള്ള സമ്പാദ്യത്തിനാണ് സകാത് ചുമത്തപ്പെടുക.

അങ്ങനെയുള്ള സമ്പാദ്യത്തിന് സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ വരുമാന പരിധിയായ 'നിസ്വാബ്' തികയണം. അഥവാ സ്വർണ്ണ നാണയത്തിന് നിശ്ചയിക്കപ്പെട്ട 85 ഗ്രാമിനു തുല്യമായ സംഖ്യ ചെലവ് കഴിച്ച് തന്റെ കൈവശമുണ്ടായിരിക്കണം. മാത്രമല്ല, 'നിസ്വാബ്' തികഞ്ഞ ആ സമ്പാദ്യത്തിന് ഒരു ചന്ദ്രവർഷം പൂർത്തിയാകുക കൂടി ചെയ്യണം. അപ്പോഴാണ് അതിന് നാണയത്തിനു പറഞ്ഞ നിരക്കിൽ, അഥവാ അതിന്റെ രണ്ടര ശതമാനം സകാത് നൽകേണ്ടത്.

## ആർജ്ജിത പുതുസമ്പത്ത്

## الْمَالُ الْمُسْتَفَادُ

സകാത് ബാധകമാകാൻ നിർദ്ദിഷ്ട ധനത്തിന് നിസ്വാബ് തികയുകയും, അതിനുമേൽ ഒരു ചന്ദ്രവർഷം പൂർത്തിയാകുകയും വേണമെന്നു പറഞ്ഞുവല്ലോ. എന്നാൽ ശമ്പളം, പെൻഷൻ, തൊഴിൽ വിദഗ്ധർ കൈപ്പറ്റുന്ന വേതനം, കച്ചവടത്തിലെ ദൈനംദിന വിറ്റുവരവ്, ബിസിനസിൽനിന്നുള്ള ലാഭം, മുതലായവ നിശ്ചിത ഇടവേളകളിലോ അല്ലാതെയോ തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനമാണ്. ഈ തരത്തിലുള്ള വരുമാനത്തിന് എങ്ങനെ സകാത് കണക്കാക്കണം എന്നതാണ് ഇനി പരിശോധിക്കാനുള്ളത്.

ഉദാഹരണമായി, ഒരാൾക്ക് പ്രതിമാസം ശമ്പളം ലഭിച്ചുകൊണ്ടിരിക്കുന്നു. അതിൽ നിന്നുള്ള സമ്പാദ്യത്തിന് നിസ്വാബ് തികഞ്ഞാൽ മാത്രമേ സകാത് ബാധകമാകുകയുള്ളു. പല പണ്ഡിതവേഷധാരികളും സമൂഹത്തെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നത്, ഒരാൾക്ക് ലഭിക്കുന്ന ശമ്പളമോ പെൻഷനോ എത്ര തുച്ഛമായാലും അതിന്റെ മുഴുവൻ തുകയും സകാതിന് വിധേയമാണെന്ന രീതിയിലാണ്. അടിസ്ഥാന ചെലവുകൾ കുറക്കുക, നിസ്വാബ് തികയുക എന്നീ നിബന്ധനകളൊന്നും അവർ കേൾക്കുകയോ പഠിക്കുകയോ ചെയ്തിട്ടില്ലെന്ന് തോന്നുന്നു.

പാവങ്ങളെ ധനികരായി മുദ്രകുത്തി, അവരെ സാമ്പത്തികമായും മാനസികമായും പീഡിപ്പിക്കുന്നതിൽ ആത്മസുഖം കണ്ടെത്തുകയാണ് ഇക്കൂട്ടർ. അവർ അറിയുന്നില്ല – അല്ലാഹുവിന്റെ ദീനിൽ സ്വന്തം അഭീഷ്ടങ്ങൾ കടത്തിക്കൂട്ടി ഇസ്‌ലാമിന്റെ വിശുദ്ധി കളങ്കപ്പെടുത്തുകയും, അല്ലാഹുവിന്റെ പേരിൽ കള്ളം ചുമത്തുകയും ചെയ്യുന്ന നടപടിയാണ് യാഥാർത്ഥത്തിൽ അവർ കൈകൊള്ളുന്നത്. അല്ലാതെ, ഖുർആനിലോ സുന്നത്തിലോ ഈ വ്യാജവാദത്തെ സാധൂകരിക്കുന്ന യാതൊരു തെളിവുമില്ലെന്ന് കട്ടായം പറയാൻ സാധിക്കും.

അടിസ്ഥാന ചെലവുകൾ കഴിച്ചുള്ള വരുമാനത്തിന് നിസ്വാബ് തികയണം. നിസ്വാബ് തികഞ്ഞ സമ്പാദ്യത്തിനുമേൽ ഒരു ചന്ദ്രവർഷം പൂർത്തിയാകുകയും വേണം. അപ്പോൾ മാത്രമേ അതിന് സകാത് നിർബന്ധമാകുകയുള്ളു. ഇപ്രകാരമാണ് മുഹമ്മദ് നബി ﷺ പഠിപ്പിച്ച ദീനിലുള്ളത്.

ശമ്പള വരുമാനത്തിന് ഒരു ചന്ദ്രവർഷം പൂർത്തീകരിക്കാൻ അദ്ദേഹം കണക്കു പിടിക്കേണ്ടത് ആദ്യത്തെ ശമ്പളം ലഭിക്കുന്ന തിയ്യതി മുതൽ അല്ല. മറിച്ച്, ശമ്പളത്തിലൂടെ ലഭിക്കുന്ന സമ്പാദ്യത്തിന് നിസ്വാബ് തികയുന്നത് എന്നാണോ അന്ന് മുതലാണ്. തുടർന്നും അയാൾക്ക് മാസാമാസം ശമ്പളം ലഭിച്ചു കൊണ്ടിരിക്കുന്നു. ഇപ്രകാരം നിസ്വാബ് തികഞ്ഞ സമ്പാദ്യത്തിലേക്ക്, അതിന് ഒരു ചന്ദ്രവർഷം പൂർത്തീകരിക്കുന്നതു വരെ, അതേ ഇനത്തിൽപെട്ട വരുമാനം ഇടക്ക് വന്നുചേരുമ്പോൾ അതിനാണ് ഫുഖഹാക്കൾ المال المستفاد (ആർജിത പുതുസമ്പത്ത്) എന്ന് പറയുന്നത്. അവയുടെ സകാത് കണക്കാക്കുമ്പോൾ അഭിസംബോധന ചെയ്യപ്പെടേണ്ട ചില പ്രായോഗിക പ്രശ്നങ്ങൾ ഉയർന്ന് വരുന്നു.

ഒന്നാമതായി, ഇങ്ങനെ ഓരോ തവണയും ലഭിക്കുന്ന സംഖ്യക്ക് മാത്രമായി നിസ്വാബ് തികയണമെന്നില്ല. അതിനാൽ നിസ്വാബ് തികയാത്ത ധനത്തിന് സകാത് ബാധകമല്ലെന്ന പ്രശ്നം ഉയരും. രണ്ടാമതായി, ഓരോ തവണയും ലഭിക്കുന്ന സംഖ്യക്ക് ഒരു ചന്ദ്രവർഷം

പൂർത്തീകരിക്കണം എന്ന നിബന്ധന ദാതാക്കൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. അവയുടെ കണക്ക് സൂക്ഷിക്കുക, അവക്ക് പ്രത്യേകമായി കാലാവധി പൂർത്തീകരിക്കുന്ന മുറക്ക് സകാത് നൽകിപ്പോരുക എന്നതൊന്നും പ്രായോഗികമായി എളുപ്പമല്ല.

നിസ്വാബ് തികഞ്ഞതിന് ശേഷം ഓരോ മാസവും അദ്ദേഹത്തിന് ശമ്പളമായി വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നു. അതിലെ ഓരോ മാസത്തെയും സമ്പാദ്യത്തിനും പ്രത്യേകം പ്രത്യേകം ഒരു ചന്ദ്രവർഷം പൂർത്തിയാക്കേണ്ടതില്ലെന്നതാണ് പണ്ഡിതന്മാരുടെ നിലപാട്.

മറിച്ച്, ഒരു സമ്പാദന മാർഗത്തിൽ നിന്ന് (portfolio) പിന്നീട് ലഭിക്കുന്ന ആർജിത പുതുസമ്പത്ത് (المال المستفاد) നിസ്വാബ് തികഞ്ഞ അടിസ്ഥാന സമ്പാദ്യത്തിലേക്ക് ചേർക്കണം. അത്തരം പുതുസമ്പത്തിന് മാത്രം നിസ്വാബ് തികയുകയോ, അത് ലഭിക്കുന്ന തീയതി മുതൽ ഒരു ചന്ദ്രവർഷം പൂർത്തിയാക്കുകയോ വേണമെന്നില്ല.

പകരം, അവയെ അടിസ്ഥാന സമ്പാദ്യത്തോട് ചേർത്ത്, അതിന്റെ കാലാവധി പൂർത്തിയാകുമ്പോൾ സകാത് നൽകുകയാണ് വേണ്ടത്. ഇതിൽ പണ്ഡിതന്മാർക്കിടയിൽ ചെറിയ അഭിപ്രായഭേദങ്ങളുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

പ്രയോഗ തലത്തിൽ നാം അഭിമുഖീകരിക്കേണ്ടി വരുന്ന മറ്റൊരു പ്രശ്നമുണ്ട്. അതായത്, സകാത് ദാതാക്കളിൽ പലരുടെയും വരുമാനം ബഹുമുഖമായ സ്രോതസ്സുകളിൽനിന്നായിരിക്കും. ഉദാഹരണമായി, ഒരു വ്യക്തി ജോലിക്കാരനാകയാൽ പ്രതിമാസ ശമ്പളം കൈപ്പറ്റുന്നു. അയാൾക്കു തന്നെ കടകളിൽനിന്നുള്ള ചെറിയ വരുമാനവുമുണ്ട്. പുറമെ, ഷെയർ മാർക്കറ്റിൽ ട്രേഡിംഗ് നടത്തി ചില്ലറ ലാഭവും അയാൾ നേടുന്നു. കൂടാതെ, വാടക ഇനത്തിൽ ചെറിയ തുക വേറെയും ലഭിക്കുന്നു. തനിക്ക് തൊഴിൽ വൈദഗ്ധ്യമുള്ളതിനാൽ അത് മുഖേന ഒഴിവു സമയങ്ങളിൽ ചില്ലറ വരുമാനം വേറെയും ഉണ്ടാക്കുന്നു.

മുകളിൽ പറഞ്ഞ വരുമാനങ്ങളെല്ലാം ബഹുമുഖമായ സ്രോതസ്സു

കളിൽനിന്ന് വ്യത്യസ്തമായ സമയങ്ങളിലും ഇടവേളകളിലുമായിട്ടാണ് ലഭിക്കുന്നത്. എങ്കിലും അവയെല്ലാം പണം എന്ന ഒരേ ഇനത്തിൽ ഉൾപ്പെടുന്നവയാണ്. ഇതിൽ ഓരോന്നും വെവ്വേറെ എടുത്താൽ പണത്തിന് നിശ്ചയിച്ച നിസ്വാബ് തികയില്ല. എന്നാൽ എല്ലാം കൂടെ ഒരുമിച്ച് കൂട്ടിയാൽ നിസ്വാബ് തികയുകയും ചെയ്യും. എങ്കിൽ അയാൾ സകാത് കണക്കാക്കേണ്ടത് എങ്ങനെയാണെന്ന് നോക്കാം.

സകാത് നൽകുന്ന വ്യക്തിക്ക് മുകളിൽ പറഞ്ഞതു പോലെ പല വിധ വരുമാന സ്രോതസ്സുകൾ ഉണ്ടായിരിക്കുമ്പോൾ, ഓരോ വരുമാനവും വേർതിരിച്ച് കണക്കാക്കേണ്ടതില്ല. ശമ്പളം, കടയിൽനിന്നുള്ള വരുമാനം, ഷെയർ മാർക്കറ്റിൽ നിന്നുള്ള ലാഭം, വാടക, തൊഴിൽ നൈപുണ്യത്തിലൂടെ ലഭിക്കുന്ന അധിക വേതനം എന്നിവയൊക്കെയും ഒരാളുടെ മൊത്തം സാമ്പത്തിക നിലയുടെ ഭാഗങ്ങളാണ്. അതിനാൽ, സകാത് കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടത് അവയിൽ നിന്നെല്ലാം ലഭിക്കുന്ന മൊത്ത വരുമാനം ഒരുമിച്ചാണ്. അതിന്റെ സകാത് കണക്കാക്കേണ്ട രൂപം വിശദമായി താഴെ കൊടുക്കാം.

ആദ്യമായി, പണം ഇനത്തിൽ പെട്ട വിവിധങ്ങളായ വരുമാനങ്ങളെ ഒരുമിച്ച് കൂട്ടുക. അതിൽനിന്ന് അടിസ്ഥാന ചെലവുകൾ കിഴിക്കുക. അവധിയെത്തിയ കടബാധ്യതകൾ (matured liabilities) വല്ലതുമുണ്ടെങ്കിൽ കൊടുത്തുവീട്ടുക. എന്നിട്ട് പണത്തിന്റെ നിസ്വാബായ 85 ഗ്രാം സ്വർണ്ണത്തിന്ന തുല്യമായ സമ്പാദ്യം കൈവരുന്ന ദിവസം മുതൽ ഒരു ചന്ദ്രവർഷം പൂർത്തീകരിക്കുന്ന മുറക്ക് ആകെയുള്ള സമ്പാദ്യത്തിന്റെ രണ്ടര ശതമാനം (2.5%) സകാത്ത് അർഹരായ കക്ഷികൾക്ക് നൽകുക. ശ്രദ്ധിക്കുക! പിന്നീട് ലഭിക്കുന്ന ആർജിത പുതുസമ്പത്ത് (المال المستفاد) നിസ്വാബ് തികഞ്ഞ അടിസ്ഥാന സമ്പാദ്യത്തിലേക്ക് ചേർക്കാവുന്നതാണ്. അവ വെവ്വേറെ കണക്ക് വെക്കേണ്ടതില്ല. ഈ രൂപത്തിൽ, പല സ്രോതസ്സുകളിൽ നിന്ന് വരുമാനമുള്ള ഏതൊരാൾക്കും തന്റെ സകാത് ലളിതമായി കണക്കുകൂട്ടാൻ കഴിയും.

ഈ രീതി പിന്തുടരണമെന്ന് പറയുന്ന പണ്ഡിതന്മാർ ഉയർത്തിക്കാണിക്കുന്ന തെളിവുകൾ ഇവയാണ്:

1. ധനത്തിന് സകാത് നൽകാൻ നിർദ്ദേശിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ പൊതുവായ അർത്ഥസൂചനകൾ.
2. ഒരു ചന്ദ്രവർഷം പൂർത്തിയാകണം എന്ന് പറയുന്ന ഹദീസുകൾ വിവക്ഷിക്കുന്നത് സ്വാഭാവികമായും അടിസ്ഥാന സമ്പാദ്യത്തെയാണ്. അതിന്റെ അനുബന്ധങ്ങൾക്കും അതേ വിധി ബാധകമാണെന്ന നിഗമനം.
3. ഇബ്നു അബ്ബാസ്, ഇബ്നു മസ്ഊദ് ﵄ പോലുള്ളവരിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ചില പ്രസ്താവനകൾ – അഥവാ അവ അനിവാര്യമാക്കുന്ന അർത്ഥസൂചനകൾ.
4. ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒഴിവാക്കാൻ ശർഅ് നൽകുന്ന ഇളവുകൾ. ശർഈ നിയമങ്ങൾ ആധാരമാക്കുന്ന അടിസ്ഥാന തത്ത്വങ്ങളിലൊന്നാണ് ലാളിത്യവത്കരണം. സകാത്തിന്റെ പ്രായോഗിക നടപടിക്രമങ്ങളിൽ അത് പാലിക്കപ്പെടേണ്ടത് അനിവാര്യമാണ്. തദടിസ്ഥാനത്തിൽ, ശമ്പളം പോലെ ഇടക്കിടെ വന്നുചേരുന്ന ഓരോ സംഖ്യക്കും പ്രത്യേകം പ്രത്യേകം കാലാവധി പൂർത്തീകരിക്കണം എന്ന് ശഠിക്കുന്നത് തീർത്തും അപ്രായോഗികമാണ്. അത് മതനിയമങ്ങളുടെ അർത്ഥവും ചൈതന്യവും ഭാവാത്മകതയും ക്ഷയിപ്പിക്കുകയേ ഉള്ളു. വിഷയത്തിന്റെ പ്രാധാന്യം മുൻനിർത്തി നേരത്തെ ഉദ്ധരിച്ച ഒരു ഖുർആൻ സൂക്തം ഒരിക്കൽ കൂടി ഇവിടെ ആവർത്തിക്കുകയാണ്. അല്ലാഹു പറയുന്നു:

﴿وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ .. ﴿٧٨﴾﴾ (الحج)

«അവൻ മതത്തിൽ നിങ്ങൾക്ക് യാതൊരു പ്രയാസവും ഉണ്ടാക്കിയിട്ടില്ല..» (അൽ ഹജ്ജ്, 22:78)

# 19

## പ്രൊഫഷണലുകളുടെ

## വരുമാനവും അതിന്റെ സകാത്തും

ഡോക്ടർമാർ, എഞ്ചിനീയർമാർ, കമ്പ്യൂട്ടർ വിദഗ്ധർ പോലുള്ള പ്രൊഫഷണലുകൾക്ക് വ്യത്യസ്ത ഇടവേളകളിലായിരിക്കും വരുമാനം ലഭിക്കുന്നത്. അതിന്റെ സകാത് ശമ്പളത്തിന്റെ സകാത് പോലെ കണക്കാക്കണം. അവിടെ പറഞ്ഞ കാര്യങ്ങൾ എല്ലാം ഇവിടെയും പ്രസക്തമാണ്. അഥവാ ഇങ്ങനെയുള്ള വരുമാന മാർഗ്ഗങ്ങളിൽനിന്ന് ലഭിക്കുന്ന മൊത്തം സംഖ്യക്കും സകാത് ബാധകമാവില്ല. മറിച്ച്, അതിൽനിന്ന് തന്റെ അടിസ്ഥാന ചെലവുകൾ കഴിച്ചുള്ള സമ്പാദ്യത്തിന് മാത്രമേ സകാത് ബാധകമാകുകയുള്ളു.

കൂടാതെ, നാണയത്തിന്റെ നിസ്വാബ്, അഥവാ സകാത് ബാധകമാകാനുള്ള ഏറ്റവും കുറഞ്ഞ വരുമാന പരിധിയായ 85 ഗ്രാം സ്വർണ്ണത്തിന്റെ വില തികയുക എന്ന നിബന്ധന ഇതിനും ബാധകമാണ്. അങ്ങനെ, ചെലവ് കിഴിച്ച് നിസ്വാബ് തികഞ്ഞ ആ സമ്പാദ്യത്തിന് ഒരു ചന്ദ്രവർഷം പൂർത്തിയാകുക കൂടി ചെയ്യണം. അപ്പോഴാണ് അതിന് നാണയത്തിനു പറഞ്ഞ നിരക്കിൽ, അഥവാ അതിന്റെ രണ്ടര ശതമാനം (2.5%) സകാത് നൽകേണ്ടത്.

നടേ സൂചിപ്പിച്ചതു പോലെ, ഒരാൾക്ക് ഇത്തരം വരുമാനങ്ങൾ ലഭിക്കാൻ തുടങ്ങിയ തിയ്യതി മുതലല്ല ഒരു വർഷം കണക്കാക്കേണ്ടത്. ചെലവ് കഴിഞ്ഞുള്ള സമ്പാദ്യത്തിന് നിസ്വാബ് തികയുന്ന തിയ്യതി മുതലാണ് ഒരു ചന്ദ്രവർഷം പൂർത്തീകരിക്കേണ്ടത്. അപ്പോൾ മാത്രമേ അതിനുമേൽ സകാത് ചുമത്തപ്പെടുകയുള്ളു.

അതേ പോലെ, നിസ്വാബ് തികഞ്ഞ തന്റെ സമ്പാദ്യത്തിലേക്ക് അതേ ഇനത്തിൽപെട്ട വരുമാനം ഇടക്കിടെ വന്നുചേർന്ന് കൊണ്ടിരിക്കും. അതിനാൽ അത് ആർജ്ജിത പുതുസമ്പത്ത് അഥവാ المال المستفاد എന്ന ഗണത്തിൽ ഉൾപ്പെടുന്നു. അങ്ങനെ ഇടക്കിടക്ക് വന്നു ചേരുന്ന വരുമാനത്തിന്റെ സകാത് കണക്കാക്കാൻ അത് ലഭിക്കുന്ന തിയ്യതി മുതൽ ഒരു ചന്ദ്രവർഷം പൂർത്തീകരിക്കേണ്ടതില്ല. മറിച്ച്, അവയെ അടിസ്ഥാന സമ്പാദ്യത്തോട് ചേർക്കുകയും, അടിസ്ഥാന സമ്പാദ്യത്തിന്റെ കാലാവധി പൂർത്തീകരിക്കുന്ന മുറക്ക് അതിനും സകാത് നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുൻ അധ്യായത്തിൽ വിശദീകരിച്ചത് ഓർക്കുമല്ലോ.

# 20

## നിക്ഷേപങ്ങളുടെ സകാത്

ആധുനിക മനുഷ്യരിൽ പലരും തങ്ങളുടെ സമ്പാദ്യം പൂർണ്ണമായോ ഭാഗികമായോ നിക്ഷേപ രൂപത്തിലാണ് സൂക്ഷിക്കുകയും നിലനിർത്തിപ്പോരുകയും ചെയ്യുന്നത്. ഇത്തരം നിക്ഷേപങ്ങളെ മുഖ്യമായും രണ്ടായി തിരിക്കാം. (ഒന്ന്) ദീർഘകാല സ്ഥിരനിക്ഷേപങ്ങൾ. (രണ്ട്) ഹ്യസ്വകാല നിക്ഷേപങ്ങൾ.

### ദീർഘകാല സ്ഥിരനിക്ഷേപങ്ങൾ

സമ്പാദ്യം സുരക്ഷിതമാക്കുന്നതിനും ഭേദപ്പെട്ട ലാഭവിഹിതം കരസ്ഥമാക്കുന്നതിനും വേണ്ടിയാണ് അധിക പേരും ദീർഘകാല നിക്ഷേപങ്ങൾ നടത്തുന്നത്. വിശ്വാസ്യതയും സ്ഥിരതയുമുള്ള കമ്പനികളിലും (blue chip) മറ്റു സംരംഭങ്ങളിലുമാണ് പലരും ചെറുതും വലുതുമായ ദീർഘകാലനിക്ഷേപങ്ങൾ നടത്തുന്നത്. അവയുടെ സകാത് കണക്കാക്കേണ്ടത് എങ്ങനെയാണ് എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം.

ലാഭവിഹിതം (dividend) ഉദ്ദേശിച്ചു കൊണ്ട് കമ്പനികളുടെ ഓഹരി വാങ്ങാനോ ബിസിനസ് സ്ഥാപനങ്ങളിൽ പങ്കാളിത്തം നേടാനോ വേണ്ടി നടത്തിയ ദീർഘകാല സ്ഥിരനിക്ഷേപങ്ങളുടെ മുഴുവൻ മൂ

ല്യത്തിനും സകാത് നൽകേണ്ടതില്ല. കാരണം, കമ്പനിയുടെ മൊത്തം മൂല്യത്തിൽ തന്നെ സകാത്തിന് വിധേയമാകുന്നത് ദ്രവ ആസ്തികൾ (liquid assets) മാത്രമാണ്. ദ്രവ്യതയില്ലാത്ത സ്ഥാവര ആസ്തികൾക്ക് സകാത് ബാധകമല്ല. cash, bank balance, short-term deposits, receivables പോലുള്ള നഗദും സമാനമായ മറ്റു ആസ്തികളുമാണ് ദ്രവ ആസ്തികൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

തന്റെ നിക്ഷേപം കമ്പനി ആസ്തിയിൽ ലയിച്ചു കിടക്കുകയാണ്. അതിൽ ദ്രവ്യതയുള്ള (liquidity) ഘടകങ്ങളുണ്ടാകും. ബാങ്ക് ബാലൻസ്, കൈയിലിരിക്കുന്ന കാഷ് അഥവാ നഗദ്, കിട്ടാനുള്ള സംഖ്യകൾ പോലുള്ളവ ഉദാഹരണം. അതേ പോലെ അതിൽ ദ്രവ്യതയില്ലാത്ത ഘടകങ്ങളുമുണ്ടായിരിക്കും. യന്ത്രസാമഗ്രികൾ, വാഹനങ്ങൾ, കെട്ടിടങ്ങൾ, ഓഫീസ് ഉപകരണങ്ങൾ പോലുള്ളവ ഉദാഹരണം. അവയിൽ ദ്രവ ആസ്തികൾ മാത്രമാണ് സകാത്തിന് വിധേയമാവുക. അതിനാൽ, കമ്പനിയുടെ ആസ്തിയിൽ സകാത്തിന് വിധേയമാകുന്ന ദ്രവ്യതയുള്ള ഘടകങ്ങൾ കണക്കാക്കി, അതിൽ തന്റെ ഓഹരി മൂല്യത്തിന് അനുപാതമായ വിഹിതത്തിനാണ് നിക്ഷേപകൻ സകാത്ത് നൽകേണ്ടി വരിക.

ഒരു ഉദാഹരണത്തിലൂടെ കാര്യം വ്യക്തമാക്കാം. ഒരു കമ്പനിയിൽ ഒരാൾക്കുള്ള സ്ഥിരനിക്ഷേപത്തിന്റെ മൂല്യം [മൂലധനവും ലാഭവിഹിതവും ഉൾപ്പെടെ] ഒരു കോടി (₹10,000,000) രൂപയാണെന്ന് വെക്കുക. ആ കമ്പനിയുടെ ആസ്തിയിൽ മുപ്പത് ശതമാനം (30%) ദ്രവആസ്തിയാണെങ്കിൽ (liquid assets) അയാൾ തന്റെ നിക്ഷേപത്തിന്റെ മുപ്പതു ശതമാനമായ മുപ്പത് ലക്ഷം (₹3,000,000) രൂപക്ക് അതിന്റെ രണ്ടര ശതമാനം (2.5%) അഥവാ എഴുപത്തയ്യായിരം (₹75,000) രൂപ സകാത് നൽകേണ്ടിവരും.

ശ്രദ്ധിക്കുക! ഒരാൾ തന്റെ മുഴുവൻ നിക്ഷേപ മൂല്യത്തിനും സകാത് നൽകണം എന്ന വാദവും ലാഭവിഹിതത്തിന് മാത്രം സകാത് നൽകിയാൽ മതി എന്ന വാദവും ഒരു പോലെ അപക്വമാണ്. ആദ്യത്തേതിൽ

സ്വത്തിന്റെ ഉടമകളോടുള്ള അനീതിയും രണ്ടാമത്തേതിൽ സകാത്തിന്റെ അവകാശികളായ പാവങ്ങളോടുള്ള അനീതിയുമുണ്ടെന്നത് സൂക്ഷ്മവിശകലനത്തിൽ സുതരാം വ്യക്തമാകുന്നതാണ്.

നാണയത്തിനു നിശ്ചയിക്കപ്പെട്ട നിസ്വാബ് തികയുകയും, നിസ്വാബ് തികഞ്ഞ സമ്പാദ്യത്തിന് ഒരു ചന്ദ്രവർഷം കാലവാധി പൂർത്തീകരിക്കുകയും ചെയ്യുമ്പോഴാണ് സകാത്ത് ബാധകമാകുക എന്നത് ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്.

## ഹൃസ്വകാല നിക്ഷേപങ്ങൾ

വ്യാപാര ലക്ഷ്യത്തോടെ ലാഭം നേടാനായി കമ്പനി ഓഹരികൾ വാങ്ങുന്നതിനു വേണ്ടിയാണ് ചിലർ ഹൃസ്വകാല നിക്ഷേപങ്ങൾ നടത്താറുള്ളത്. ഓഹരി വിപണിയിൽ വ്യാപാരം നടത്തുന്നതിനു വേണ്ടി കമ്പനികളുടെ ഓഹരി മൂലധനമോ (equity) വാണിജ്യ വസ്തുക്കളോ (commodity) അതു പോലുള്ളവയോ വാങ്ങുന്നത് ഇതിനുള്ള ഉദാഹരണമാണ്. അത്തരം ഹൃസ്വകാല നിക്ഷേപങ്ങളുടെ സകാത് എങ്ങനെയാണ് കണക്കാക്കേണ്ടതെന്ന് പരിശോധിക്കാം.

തന്റെ നിക്ഷേപം – മൂലധനവും ലാഭവും ഉൾപ്പടെ – പണത്തിന്റെ നിസ്വാബായ 85 ഗ്രാം സ്വർണ്ണത്തിന്റെ മൂല്യത്തിലെത്തിയാൽ അന്നു മുതൽ അതിന് ഒരു ചന്ദ്രവർഷം പൂർത്തിയാകുമ്പോൾ, അതിന്റെ നിലവിലെ വിപണി മൂല്യം (current market value) കണക്കാക്കുക. മൂലധനവും ലാഭവും ഉൾപ്പെടെയുള്ള മൊത്തം മൂല്യത്തിന്റെ രണ്ടര ശതമാനം (2.5%) സകാത് നൽകുകയും ചെയ്യുക.

ഒരു ശരാശരി വായനക്കാരന് കൂടുതൽ വിവരണങ്ങളില്ലാതെ തന്നെ മേൽ വിശദീകരണത്തിൽനിന്ന് കാര്യം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഈ മസ്അലഃ ആഴത്തിൽ പരിശോധിക്കുന്നവരെ ഉദ്ദേശിച്ചു കൊണ്ട് ചില അധിക വിവരങ്ങൾ കൂടി പങ്കുവെക്കുകയാണ്.

ഹൃസ്വകാല നിക്ഷേപങ്ങളുടെ സകാത്ത് കണക്കാക്കുമ്പോൾ

മൂലധനവും ലാഭവിഹിതവും മൊത്തം പരിഗണിക്കണം എന്നാണ് പണ്ഡിതന്മാർ എല്ലാവരുടെയും പക്ഷം. അതിന് ഒരു വിഭാഗം (ഇബ്നു ബാസ്, ഇബ്നു ഉഥൈമീൻ ﷬ പോലെയുള്ളവർ) കാരണം പറയുന്നത്, ഇത്തരം ഓഹരികൾ ലാഭം പ്രതീക്ഷിച്ച് വ്യാപാര ലക്ഷ്യത്തോടുകൂടി വാങ്ങിയവ ആയതിനാൽ അവയെ വാണിജ്യവസ്തുവായി (عروض التجارة) പരിഗണിക്കണം എന്നാണ്. വാണിജ്യവസ്തുക്കളുടെ സ്റ്റോക്ക് ശേഖരത്തിന് (stock inventory) സകാത്ത് ബാധകമാണ് എന്നതാണ് അവരുടെ പക്ഷം. അതിനായി അവർ താഴെ കൊടുക്കുന്ന ഹദീസ് തെളിവായി ഉദ്ധരിക്കുകയും ചെയ്യുന്നു.

عَنْ سَمُرَةَ بْنِ جُنْدُبٍ ﵁ قَالَ: « أَمَّا بَعْدُ، فَإِنَّ رَسُولَ اللهِ ﷺ كَانَ يَأْمُرُنَا أَنْ نُخْرِجَ الصَّدَقَةَ مِنَ الَّذِي نُعِدُّ لِلْبَيْعِ » (أخرجه أبو داود في سننه وضعفه الألباني)

സമുറത് ബിൻ ജുൻദുബ് ﵁ നിവേദനം: അദ്ദേഹം പറയുന്നു: «എന്നാൽ അല്ലാഹുവിന്റെ റസൂൽ ﷺ വിൽപനക്കായി തയ്യാറാക്കി വെക്കുന്ന വസ്തുക്കളിൽനിന്നും സകാത് നൽകാൻ ഞങ്ങളോട് കല്പിച്ചിരുന്നു.» (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

ശ്രദ്ധിക്കുക! വാണിജ്യവസ്തുക്കളുടെ സ്റ്റോക്ക് ശേഖരത്തിന് (stock inventory) സകാത്ത് ബാധകമാണോ എന്നത് ഭിന്നാഭിപ്രായമുള്ള വിഷയമാണ്. പൗരാണികരും ആധുനികരുമായ പണ്ഡിതന്മാരിൽ ഒരു വിഭാഗം അതിന് സകാത്ത് ബാധകമാണെന്ന പക്ഷക്കാരാണ്. അവരുടെ തെളിവ് മുകളിൽ കൊടുത്ത ഹദീസും മറ്റു ചില നിഗമനങ്ങളുമാണ്.

മേൽ ഹദീസ് ദുർബ്ബലമായതിനാലും അവലംബാർഹമായ മറ്റു തെളിവുകൾ ലഭ്യമല്ലാത്തതിനാലും സ്റ്റോക്ക് ശേഖരത്തിന് സകാത് ബാധകമല്ലെന്നതാണ് ഇമാം അൽബാനി ﷬യെ പോലുള്ള സൂക്ഷ്മദൃക്കുകളായ പണ്ഡിതന്മാരുടെ പക്ഷം. ഇക്കാര്യം അധ്യായം 11 ൽ (പുറം 173) വിശദമാക്കിയിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ തേടുന്നവർക്ക് പ്രസ്തുത ഭാഗം കൂടി പരിശോധിക്കാവുന്നതാണ്.

വാണിജ്യവസ്തുക്കളുടെ സ്റ്റോക്ക് ശേഖരത്തിന് (stock inventory) സകാത്ത് ബാധകമല്ലെന്ന പക്ഷക്കാരായ ഇമാം അൽബാനി ﵀ യെ പോലുള്ളവരും ഹൃസ്വകാല നിക്ഷേപങ്ങളുടെ സകാത്ത് കണക്കാക്കുമ്പോൾ മൂലധനവും ലാഭവിഹിതവും മൊത്തം പരിഗണിക്കണം എന്ന് പറയുന്നു. അതിന്റെ അടിസ്ഥാനം ഇതാണ്: ഓഹരി വിപണിയിലുള്ള ഹൃസ്വകാല നിക്ഷേപങ്ങൾ ബാങ്ക് ബാലൻസ് പോലെ ഉയർന്ന ദ്രവ്യതയുള്ള (high liquidity) ധനശേഖരമാണ്. അവ ഉടമസ്ഥന് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാവുന്ന പണമാണ്. അതിന്റെ സകാത് കണക്കാക്കുമ്പോൾ മൂലധനവും ലാഭവിഹിതവും ഒരു പോലെ പരിഗണിക്കണം.

ആനുഷംഗികമായി ഇവിടെ പരാമർശിക്കേണ്ട മറ്റൊരു വിഷയമാണ് സർക്കാർ ജീവനക്കാരുടെയും മറ്റും GPF, EPF പോലുള്ള പ്രൊവിഡണ്ട് ഫണ്ടുകളും അവയുടെ സകാത് കണക്കാക്കുന്ന രീതിയും. പ്രൊവിഡണ്ട് ഫണ്ടുകൾ മിത ദ്രവ്യതയുള്ള (medium liquidity) ധനശേഖരമാണ്. ആയതിനാൽ അവയിലുള്ള നിക്ഷേപത്തിന് നിസ്വാബ് തികയുകയും, നിസ്വാബ് തികഞ്ഞ നിക്ഷേപത്തിന് ഒരു ചന്ദ്രവർഷം പൂർത്തിയാവുകയും ചെയ്താൽ അതിന് രണ്ടര ശതമാനം (2.5%) സകാത് നൽകേണ്ടതാണ്. പ്രൊവിഡണ്ട് ഫണ്ടുകളിൽ ജീവനക്കാരന്റെ അടവിൽ അധികമായി വരവ് ചേർത്തിരിക്കുന്ന പലിശ സകാത്ത് കണക്കാക്കുമ്പോൾ ഒഴിച്ചു നിർത്തണമെന്ന കാര്യം പറയേണ്ടതില്ലല്ലോ. അത്തരം പലിശ നിഷിദ്ധവും ഒഴിവാക്കേണ്ടതുമാണെന്നതിൽ സംശയം വേണ്ട.

# 21

## കച്ചവടത്തിന്റെ സകാത്

കച്ചവടം അനുവദനീയമായ ഒരു മികച്ച ധനസമ്പാദന മാർഗ്ഗമാണ്. ശർഅ് വിലക്കാത്ത ഏതു വസ്തുക്കളിലും വ്യാപാരം നടത്താൻ നമുക്ക് അനുവാദവുമുണ്ട്. അല്ലാഹു പറയുന്നു:

﴿الَّذِينَ يَأْكُلُونَ الرِّبَا لَا يَقُومُونَ إِلَّا كَمَا يَقُومُ الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ ۚ ذَٰلِكَ بِأَنَّهُمْ قَالُوا إِنَّمَا الْبَيْعُ مِثْلُ الرِّبَا ۗ وَأَحَلَّ اللَّهُ الْبَيْعَ وَحَرَّمَ الرِّبَا.. ﴿٢٧٥﴾﴾ (البقرة)

«പലിശ തിന്നുന്നവർക്ക് പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കാനാവില്ല. കച്ചവടം പലിശ പോലെത്തന്നെയല്ലേ എന്നവർ പറഞ്ഞതിന്റെ ഫലമത്രെ അത്. അല്ലാഹു കച്ചവടം അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്..» (അൽ ബഖറഃ, 2: 275)

കച്ചവടം അനുവദനീയമാണെന്ന് മാത്രമല്ല, അത് ജീവിതായോധനത്തിനുള്ള ഒരു നല്ല മാർഗ്ഗമായി കാണണമെന്നു തന്നെയാണ് ദീൻ നിർദ്ദേശിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا

الْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ۝٩ فَإِذَا قُضِيَتِ الصَّلَاةُ فَانتَشِرُوا فِي الْأَرْضِ وَابْتَغُوا مِن فَضْلِ اللَّهِ وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ۝١٠﴾ (الجمعة)

«വിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവിനുള്ള ദിക്റിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം – നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ. നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചു കൊള്ളുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുക; നിങ്ങൾ വിജയിച്ചേക്കാം.» (അൽ ജുമുഅഃ, 9-10)

തന്നെയുമല്ല, ധാർമ്മികവും നിയമപരവുമായ രീതിയിൽ സമ്പത്ത് സമൂഹത്തിൽ വിനിമയം ചെയ്യപ്പെടാനുള്ള ഏറ്റവും ശക്തമായ മാർഗ്ഗമാണ് കച്ചവടം. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تَأْكُلُوا أَمْوَالَكُم بَيْنَكُم بِالْبَاطِلِ إِلَّا أَن تَكُونَ تِجَارَةً عَن تَرَاضٍ مِّنكُمْ ۚ وَلَا تَقْتُلُوا أَنفُسَكُمْ ۚ إِنَّ اللَّهَ كَانَ بِكُمْ رَحِيمًا ۝٢٩﴾ (النساء)

«വിശ്വാസികളേ, നിങ്ങൾ അന്യോന്യം നിങ്ങളുടെ സ്വത്തുക്കൾ എടുത്ത് ഭക്ഷിക്കരുത് – നിങ്ങൾ അന്യോന്യം തൃപ്തിയോടെ നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ. നിങ്ങൾ നിങ്ങളെത്തന്നെ കൊല നടത്തുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.» (അന്നിസാഅ്, 4:29)

ആധുനിക സമ്പദ് ഘടനകളിൽ വ്യാപാരത്തിനുള്ള പങ്കും പ്രാധാന്യവും പറഞ്ഞറിയിക്കേണ്ടതില്ല. ഉത്തരാധുനിക കാലത്ത് നടന്നു കൊണ്ടിരിക്കുന്ന വ്യാപരത്തിന്റെ അളവ് മാത്രമല്ല വൈവിധ്യവും വിവരണാതീതമാണ്. അത്രമേൽ വലിയ ഒരു സാമ്പത്തിക മേഖലയിൽ സകാത്തിന്റെ പ്രയോഗം എങ്ങനെ എന്നത് ഗൗരവതരമായ

വിഷയമാണ്. ഇസ്‌ലാം അത് അതീവ ലളിതവും അതിശയകരവുമായ രീതിയിലാണ് കൈകാര്യം ചെയ്തിരിക്കുന്നത്.

യഥാർത്ഥത്തിൽ, കച്ചവടത്തിന് സകാത് ഉണ്ടെന്നും ഇല്ലെന്നുമുള്ള വിവാദം ഉടലെടുക്കുന്നതിന് കാരണമായത് കാര്യം യഥാവിധം ഗ്രഹിക്കാത്തവരോ ഉചിതമായ ഭാഷയിൽ അത് വ്യവഹരിക്കാത്തവരോ നടത്തിയ ചില പരാമർശങ്ങളാണ്. അത്തരം ചർച്ചകളുടെ മൂല്യാംശം, വ്യാപാരമേഖലയിൽ സകാത് എന്ന ഇസ്‌ലാമിന്റെ തൃതീയ സ്തംഭം എങ്ങനെ പ്രയോഗിക്കണം എന്നതു മാത്രമാണ്. പ്രയോഗ തലത്തിലും വിശദാംശങ്ങളിലും ചില്ലറ പാഠഭേദങ്ങൾ ഏത് വിഷയത്തിലും സ്വാഭാവികമാണല്ലോ. അത്ര മാത്രമേ ഇക്കാര്യത്തിലുമുള്ളു എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അല്ലാതെ വ്യാപാരമേഖല പൂർണ്ണമായും സകാത്തിന്റെ പരിധിക്കു പുറത്താണെന്ന് ആരും ഉദ്ദേശിച്ചിട്ടില്ല.

മാറിവന്ന സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥകൾ വ്യാപാര രീതികളെ കാതലോളം ചെന്ന് സ്വാധീനിക്കുകയും, അവയെ കാലികമായി രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബാർട്ടർ സിസ്റ്റത്തിലുള്ള അഭ്യന്തര വിപണി, ഫ്യൂഡലിസം, കാപിറ്റലിസം, സോഷ്യലിസം, കമ്യൂണിസം, ഉദാരവത്ക്കരണം, സ്വകാര്യവത്ക്കരണം പോലുള്ള ഘട്ടങ്ങളിലൂടെ കടന്നുവന്ന മനുഷ്യ സമൂഹം ഇന്ന് എത്തി നിൽക്കുന്നത് വളരെ സങ്കീർണ്ണമായ സാമ്പത്തിക ഘടനകളിലും വ്യാപാര രീതികളിലുമാണ്. ഉത്തരാധുനിക കാലത്ത് നടക്കുന്ന വ്യാപാര രീതികൾ ഗ്രഹിച്ചെടുക്കുക തന്നെ പ്രയാസകരമാണ്.

ഇസ്‌ലാം അല്ലാഹു അവതരിപ്പിച്ച ദീനാണ്. അത് സാർവകാലികവും സാർവലൗകികവും സാർവജനീനവുമാണ്. അതു കൊണ്ട് തന്നെ മേൽ സൂചിപ്പിച്ചത് പോലുള്ള മാറ്റങ്ങളും അവ കൊണ്ടു വരുന്ന സങ്കീർണ്ണതകളും സകാത്തിനെ സ്പർശിക്കാതെ, അവക്കെല്ലാം അതീതമായി വർത്തിക്കാനും അവയോട് രചനാത്മകമായി പ്രതിവർത്തിക്കാനും, പ്രായോഗികവും ലളിതവുമായ നിയമ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും സകാത്തിന് സാധിക്കുന്നു.

സാമ്പത്തിക ഘടന ഏതുമാവട്ടെ, വ്യാപാര രീതികൾ എത്ര തന്നെ സങ്കീർണ്ണമാവട്ടെ, അതിൽനിന്നുണ്ടാകുന്ന വരുമാനത്തിനാണ് സകാത് ബാധകമാകുന്നത്. മതനിയമങ്ങളുടെ ആധാരവും അടിസ്ഥാന ഭാവവും ലാളിത്യവും പ്രായോഗികതയുമാണ്. വ്യവസ്ഥകളിലെ സങ്കീർണ്ണത സകാത്തിനെ ബാധിക്കേണ്ടതില്ല. അതു കൊണ്ട് തന്നെ വ്യാപാര-വാണിജ്യ-വ്യാവസായിക സ്ഥാപനങ്ങളുടെ സങ്കീർണ്ണതകളിലേക്ക് ഒരു സകാത് ഉദ്യോഗസ്ഥൻ തലയിടേണ്ടി വരുന്നുമില്ല. മറിച്ച്, അതിൽനിന്നുണ്ടാകുന്ന വരുമാനമാണ് സകാത്തിന്റെ വിഷയം. അതിൽ മാത്രമേ സകാത് കണക്കാക്കാൻ ചെല്ലുന്ന ഉദ്യോഗസ്ഥന് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരുന്നുള്ളു.

കച്ചവടച്ചരക്കുകൾ വ്യാപാരം നടത്തി അതിൽനിന്നുണ്ടാകുന്ന ലാഭത്തിനാണ് സകാത് നൽകേണ്ടി വരിക. ക്രയവിക്രയം നടത്തുന്ന എല്ലാതരം ഉൽപ്പന്നങ്ങളും വസ്തുവകകളും കച്ചവടച്ചരക്കുകളാണ്. ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, വിലപിടിപ്പുള്ള ലോഹങ്ങൾ, ധാതുക്കൾ, വാഹനങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, കെട്ടിടനിർമ്മാണ സാമഗ്രികൾ, സ്ഥാവര ജംഗമങ്ങൾ തുടങ്ങി വ്യാപാര സാധ്യതയുള്ള ഏതൊരു വസ്തുവും അതിൽ ഉൾപ്പെടുന്നു. ലാഭം ലക്ഷ്യമിട്ട് വിൽക്കുക എന്ന ഉദ്ദേശ്യത്തോടെയായിരിക്കണം ആ വസ്തുക്കൾ സ്വന്തമാക്കിയത്. സ്വകാര്യ ഉപയോഗത്തിനോ വാടകക്കോ ഉള്ള വസ്തുക്കൾ അതിലുൾപ്പെടില്ലെന്നു സാരം.

കച്ചവടത്തിന്റെ സകാത് കണക്കാക്കാൻ അടിസ്ഥാനമാക്കേണ്ടത് വ്യാപാരത്തിലെ പോക്കുവരവുകളെയാണ്. വ്യാപാരത്തിലൂടെ വരവ് രേഖപ്പെടുത്താത്ത ശേഖരങ്ങൾ (stock, inventory), നിഷ്ക്രിയ ആസ്തികൾ (dead stock) എന്നിവയുടെ മൂല്യം പരിഗണിക്കേണ്ടതില്ലെന്നു സാരം. പ്രയോഗ തലത്തിൽ ഇക്കാര്യത്തിന് അല്പം പ്രസക്തിയുണ്ട്. അതു കൊണ്ടു തന്നെ അതിലുള്ള പക്ഷാന്തരങ്ങൾ കൂടി പരാമർശിക്കുന്നത് ഉചിതമായിരിക്കും.

വാണിജ്യവസ്തുക്കളുടെ സ്റ്റോക്ക് ശേഖരത്തിന് (stock inventory)

സകാത് ബാധകമാണെന്ന് പറയുന്ന പൗരാണികരും ആധുനികരുമായ പണ്ഡിതന്മാരുണ്ട്. ഫുഖഹാക്കളിൽ ചിലർ പറയുന്നത്, അവയുടെ കണക്കെടുത്ത് മൂല്യം നിർണ്ണയിച്ച് വർഷാവർഷം അതിന് സകാത് നൽകണമെന്നാണ്. യഥാർത്ഥത്തിൽ ഈ വാദത്തെ സാധൂകരിക്കാൻ മതിയായ തെളിവുൾ പ്രമാണങ്ങളിൽനിന്ന് ലഭ്യമല്ല. താഴെ കൊടുക്കുന്ന ഹദീസും മറ്റു ചില നിഗമനങ്ങളുമാണ് അവർ ആധാരമാക്കാറുള്ളത്.

عَنْ سَمُرَةَ بْنِ جُنْدُبٍ ﷺ قَالَ: «أَمَّا بَعْدُ، فَإِنَّ رَسُولَ اللهِ ﷺ كَانَ يَأْمُرُنَا أَنْ نُخْرِجَ الصَّدَقَةَ مِنَ الَّذِي نُعِدُّ لِلْبَيْعِ» (أخرجه أبو داود في سننه وضعفه الألباني)

സമുറത് ബിൻ ജുൻദുബ് ﵁ നിവേദനം: അദ്ദേഹം പറയുന്നു: «എന്നാൽ അല്ലാഹുവിന്റെ റസൂൽ ﷺ വിൽപനക്കായി തയ്യാറാക്കി വെക്കുന്ന വസ്തുക്കളിൽനിന്നും സകാത് നൽകാൻ ഞങ്ങളോട് കല്പിച്ചിരുന്നു.» (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

മേൽ ഹദീസ് ദുർബ്ബലമാണ്. അവലംബാർഹമായ മറ്റു തെളിവുകൾ ലഭ്യമല്ല താനും. അതിനാൽ സ്റ്റോക്ക് ശേഖരത്തിന് സകാത് ബാധകമല്ലെന്നതാണ് ഇമാം അൽബാനി ﵀യെ പോലുള്ള സൂക്ഷ്മദൃക്കുകളായ പണ്ഡിതന്മാരുടെ പക്ഷം.

വ്യാപാരത്തിന്, അല്ലെങ്കിൽ കച്ചവടച്ചരക്കുകൾക്ക് സകാത് ബാധകമാണെന്ന് പറഞ്ഞാൽ അതിനർത്ഥം, ആ ചരക്ക് വ്യാപാരം നടത്തി വരുമാനമായിത്തീരുന്നത് ഏത് സകാത് വർഷത്തിലാണോ ആ വർഷത്തെ വരുമാനത്തിൽ ആ മൂല്യം ഉൾപ്പെടുത്തി സകാത് നൽകണം എന്നു മാത്രമാണ്. അല്ലാതെ, വ്യാപാരം നടക്കാതെ നിലവറയിൽ സൂക്ഷിച്ചിരിക്കുന്ന വിൽപനച്ചരക്കുകളുടെ സ്റ്റോക്കെടുപ്പ് നടത്തി, അവ മൂല്യനിർണ്ണയം ചെയ്ത് അതിന് കൂടി സകാത് കൊടുക്കണമെന്നല്ല. ഇതാണ് സലഫുകളിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും സൂക്ഷ്മാലുക്കളായ പണ്ഡിതന്മാർ കൈകൊണ്ടിട്ടുള്ളതുമായ നിലപാട്. ഇക്കാര്യം നാം നടേ സലക്ഷ്യം വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ

ആവർത്തിക്കാനുദ്ദേശിക്കുന്നില്ല. (പുറം 173 കാണുക)

ഒരു വ്യാപാര സ്ഥാപനത്തിന്റെ സകാത് കണക്കാക്കേണ്ട രൂപം സാമാന്യമായി വിവരിക്കാം. അത് അനുവാചകർക്ക് പ്രയോജനപ്രദമായിരിക്കും. വ്യാപാരം തുടങ്ങിയ ശേഷം സ്ഥാപനത്തിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും ക്രമബദ്ധമായി രേഖപ്പെടുത്തേണ്ടതാണ്. എങ്കിൽ മാത്രമേ സകാത് കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. കണക്ക് പുസ്തകം ശരിയാം വണ്ണം പരിപാലിക്കുന്ന വ്യക്തിക്ക് ഇവിടെ പറയുന്ന കാര്യങ്ങൾ അനായാസം എപ്പോൾ വേണമെങ്കിലും കണക്ക് കൂട്ടിയെടുക്കാവുന്നതേയുള്ളൂ.

ആദ്യമായി സ്ഥാപനത്തിന്റെ ആസ്തികൾ വേർതിരിച്ച് കണക്ക് വെക്കുക. ദ്രവ്യതയില്ലാത്ത (non-liquid) ആസ്തികൾ വേറെയും ദ്രവആസ്തികൾ (liquid assets) വേറെയും അടയാളപ്പെടുത്തണം.

ഭൂമി, കെട്ടിടം, മെഷിനറി, ഫർണിച്ചറുകൾ, വാഹനങ്ങൾ, കമ്പ്യൂട്ടറുകൾ, ഓഫീസ് ഉപകരണങ്ങൾ പോലെ പെട്ടന്ന് പണമാക്കി മാറ്റാൻ കഴിയാത്ത, ദീർഘകാല ഉപയോഗത്തിനുള്ള വസ്തുവകകളെയാണ് ദ്രവ്യതയില്ലാത്ത (non-liquid) ആസ്തികളായി കണക്കാക്കുന്നത്. അവക്ക് സകാത് ബാധകമല്ല.

നഗദ് അഥവാ കയ്യിരുപ്പ് കാഷ്, ബാങ്ക് ബാലൻസ്, കിട്ടാനുള്ള സംഖ്യകൾ, ഹൃസ്വകാല നിക്ഷേപങ്ങൾ പോലുള്ളവയെ ദ്രവആസ്തികളായും (liquid assets) പരിഗണിക്കുന്നു. അവക്ക് സകാത് ബാധകമാണ്.

കച്ചവട സ്ഥാപനത്തിലെ പ്രതിദിന പോക്കുവരവുകളും ചെലവുകളും കൃത്യമായി രേഖപ്പെടുത്തുക. ചെലവുകൾ രേഖപ്പെടുത്തുമ്പോൾ നേരിട്ടുള്ള ചെലവുകളും (direct expense) പരോക്ഷമായ ചെലവുകളും (indirect expense) വേർതിരിച്ച് രേഖപ്പെടുത്തണം. പരോക്ഷമായ ചെലവുകളിൽ വ്യാപാരവും വ്യാപാരസ്ഥാപനവും നടത്തിക്കൊണ്ടുപോകുന്നതിനുള്ള അത്യാവശ്യ ചെലവുകളല്ലാത്തത് പ്രത്യേകമായി

അടയാളപ്പെടുത്തണം. കാരണം അത്തരം ചെലവുകൾക്ക് സകാത് ബാധകമാണ്. അതിനാൽ തന്നെ സകാത് ബാധകമാകുന്ന സംഖ്യ യിൽനിന്ന് അവ കിഴിക്കാൻ പാടില്ലാത്തതുമാണ്.

ഇപ്രകാരം കണക്ക് പുസ്തകം ക്രമീകരിച്ചാൽ എപ്പോൾ വേണമെങ്കി ലും ആ സ്ഥാപനത്തിന്റെ മൊത്തലാഭവും (gross profit) അറ്റാദായവും (net profit) അനായാസം കണ്ടെത്താൻ സാധിക്കും.

ഇനി, ഇതിൽനിന്നും സകാത് കണക്കാക്കുന്നത് എങ്ങനെ എന്ന് പരിശോധിക്കാം. ആദ്യം ദ്രവആസ്തികളും (liquid Assets) അറ്റാദായ വും (net profit) കൂട്ടുക. അതിലേക്ക് പരോക്ഷമായ ചെലവുകളിൽ (indirect expense) അത്യാവശ്യമല്ലാത്ത ചെലവുകളുണ്ടെങ്കിൽ, അഥവാ സകാത് ബാധകമാകുന്ന സംഖ്യകളുണ്ടെങ്കിൽ അത് കൂടി കൂട്ടുക. അപ്പോൾ കിട്ടുന്ന സംഖ്യ നിസ്വാബ് [സകാത് ബാധകമാകാൻ നിർദ്ദിഷ്ട സമ്പത്തിൽനിന്നും കൈവശം ഉണ്ടായിരിക്കേണ്ട കുറഞ്ഞ പരിധി] അഥവാ 85 ഗ്രാം സ്വർണ്ണത്തിന്റെ വില തികയുന്നുണ്ടോ എന്ന് നോക്കുക. നിസ്വാബ് തികയുന്ന തിയ്യതി മുതൽ നിങ്ങളുടെ സകാത് വർഷം ആരംഭിക്കുന്നതായി കണക്കാക്കാം. അന്ന് മുതൽ ഒരു ചന്ദ്രവർഷം തികയുമ്പോഴാണ് നിങ്ങൾ സകാത് കൊടുക്കേണ്ടി വരിക. അപ്രകാരം ഒരു ചന്ദ്രവഷം തികയുമ്പോൾ മേൽ പറഞ്ഞ പോലെ കണക്ക് കൂട്ടി അതിന്റെ രണ്ടര ശതമാനം സകാത് നൽകുക.

ഒരു വ്യാപാര സ്ഥാപനം ഒന്നിലധികം പങ്കാളികളുടേതാണെങ്കിൽ, സ്ഥാപനത്തിന്റെ വരുമാനം മുകളിൽ പറഞ്ഞതു പോലെ കണക്കാക്കി സകാത് നൽകേണ്ടതാണ്. സകാത് നൽകിയതിന ശേഷം വിതരണം ചെയ്യുന്ന ലാഭവിഹിതത്തിന് ഉടമസ്ഥർ അത് ലഭിക്കുന്ന മുറക്ക് സകാത് നൽകേണ്ടതില്ല. കാരണം, ആ വർഷത്തേക്കുള്ള സകാത് കൊടുത്തതിന ശേഷമാണല്ലോ ലാഭവിഹിതം വിതരണം ചെയ്തത്. അപ്രകാരം പങ്കാളികളിൽ ഓരോരുത്തർക്കും ലഭിച്ച ലാഭവിഹിത ത്തിന് നിസ്വാബ് തികയുന്നുവെങ്കിൽ അതിന്മേൽ പിന്നെയും ഒരു വർഷം പൂർത്തിയാകുമ്പോഴാണ് അതിന സകാത് നൽകേണ്ടി വരിക.

പങ്കാളികൾ കൈപ്പറ്റിയ ലാഭവിഹിതത്തിന്റെ സകാത് അവരവരുടെ ബാധ്യതയാണ്; വ്യാപാരസ്ഥാപനത്തിന് പിന്നീട് അതിന്മേൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ലെന്ന് പറയേണ്ടതില്ലല്ലോ.

സകാത് നൽകാതെ ലാഭവിഹിതം വിതരണം ചെയ്യുന്ന കമ്പനികളിൽനിന്നുള്ള ആദായം (dividend) കൈപ്പറ്റുന്നവർ അത് കൈപ്പറ്റുന്ന മുറക്ക് സകാത് നൽകുന്നതായിരിക്കും കൂടുതൽ സൂക്ഷ്മമായ രീതി.

# 22

## ഭൂമിയുടെ സകാത്

ഈ ചർച്ച സമഗ്രവും ഫലപ്രദവും ആകണമെങ്കിൽ ഭൂമി തരം തിരിക്കുകയും അതുമായി ബന്ധപ്പെട്ട ഇസ്‌ലാമിക വിധികളും നിർദ്ദേശങ്ങളും സാമാന്യമായി പരിചയപ്പെടുകയും വേണം. എല്ലാ ഭൂമിയും ഒരേ തരത്തിലുള്ളവയല്ല. അവയുടെ ഉപയോഗം ഭിന്നമാണ്, പ്രയോജനം വിവിധങ്ങളാണ്, വരുമാനങ്ങൾ വ്യത്യസ്തങ്ങളാണ്. ഇത്തരം വസ്തുതകൾ മുഖവിലക്കെടുത്തു കൊണ്ട് മാത്രമേ അവയുടെ സകാത്തിനെ കുറിച്ചുള്ള തീരുമാനത്തിൽ എത്തിപ്പെടാൻ കഴിയൂ.

ഒന്നാമതായി തരിശ് ഭൂമിയെ കുറിച്ച് പരിശോധിക്കാം. മനുഷ്യന്റെ ക്രിയാത്മകമായ ഇടപെടലുകളില്ലാതെ കിടക്കുന്ന ഭൂമിയെയാണ് സാമാന്യമായി തരിശ് എന്നു വിശേഷിപ്പിക്കുന്നത്. അതിന് സകാത് ബാധകമല്ല.

ഇവിടെ ഏറെ സ്മർത്തവ്യമായ ഒരു കാര്യമുണ്ട്: നാഗരിക വികാസത്തിനു വേണ്ടി, മനുഷ്യരുടെയും ജന്തുജാതികളുടെയും ക്ഷേമത്തിനു വേണ്ടി, ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്നത് ഭൂലോകത്തേക്കുള്ള മനുഷ്യ നിയോഗത്തിന്റെ തന്നെ ലക്ഷ്യങ്ങളിലൊന്നാണ്. അല്ലാഹു പറയുന്നു:

﴿هُوَ أَنشَأَكُم مِّنَ الْأَرْضِ وَاسْتَعْمَرَكُمْ فِيهَا فَاسْتَغْفِرُوهُ ثُمَّ تُوبُوا إِلَيْهِ ۚ إِنَّ رَبِّي قَرِيبٌ مُّجِيبٌ ﴿٦١﴾﴾ (هُودٌ)

«അവനാണ് നിങ്ങളെ ഭൂമിയിൽ നിന്ന് ഉയിരെടുപ്പിച്ചത്, അവിടെ നാഗരികമാക്കാൻ നിങ്ങളെ നിയോഗിച്ചത്. അതിനാൽ അവനോട് നിങ്ങൾ പാപമോചനം തേടുക, എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുക. തീർച്ചയായും എന്റെ റബ്ബ് സമീപസ്ഥനും ഉത്തരം ചെയ്യുന്നവനുമാകുന്നു.» (ഹൂദ്, 11:61)

ഥമൂദ് ഗോത്രത്തിലേക്ക് നിയുക്തനായ സ്വാലിഹ് ﷺ അവരോട് പറഞ്ഞ വചനമാണ് മുകളിൽ കൊടുത്തത്. അതിൽ പറയുന്നത് ശ്രദ്ധിച്ച് നോക്കൂ: മണ്ണിൽനിന്നാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്. അവിടെ തന്നെ അവനെ നിയോഗിച്ചതിന്റെ താൽപര്യത്തിൽപെട്ടതാണ് ആ മണ്ണ് വാസയോഗ്യവും നാഗരികവുമാക്കുക എന്നുള്ളത്. അപ്പോൾ നിർജ്ജീവമായി കിടക്കുന്ന തരിശ് ഭൂമി ജീവിപ്പിക്കണമെന്നതാണ് അല്ലാഹുവിന്റെ താൽപര്യം.

ആയതിനാൽ ഇസ്‌ലാം തരിശ് ഭൂമിയിൽ കൃഷിയിറക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു; അത് ഒരു നന്മ നിറഞ്ഞ പ്രവർത്തനമായി കണക്കാക്കുന്നു. അത് വ്യക്തിക്കും സമൂഹത്തിനും പാരിസ്ഥിതിക വ്യവസ്ഥക്കും ഒരു പോലെ ഗുണകരമായിട്ടുള്ള കാര്യമാണ്. എന്നാൽ പ്രായോഗികമായി അത് നടപ്പിലാക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ, ഭരണകൂടത്തിന്റെ നിയന്ത്രണങ്ങൾ, മറ്റുള്ളവരുടെ അവകാശങ്ങൾ എന്നിവ ലംഘിക്കപ്പെടരുതെന്ന് മാത്രം. ഇതുമായി ബന്ധപ്പെട്ട് ഹദീസ് ഗ്രന്ഥങ്ങളിൽ വന്ന ഒരു ഭാഗം താഴെ കൊടുക്കാം:

١٥- بابُ مَن أحيا أرضاً مَواتاً

ورأى ذلك عليٌّ رضي الله عنه في أرضِ الخَرابِ بالكوفةِ مواتٌ،

وقالَ عُمَرُ رضي الله عنه: مَن أحيا أرضاً ميتةً فهي له. (البخاري في صحيحه)

"15. പാഴ്ഭൂമി ഉത്പാദനക്ഷമമാക്കി ജീവിപ്പിക്കുന്നവനെ കുറിച്ചുള്ള അധ്യായം [അത് അവനുള്ളതാണെന്നു ധ്വനി]

കൂഫയിലെ പാഴ്ഭൂമിയുടെ കാര്യത്തിൽ അലി ﷺ ഈ കാഴ്ചപ്പാട് സ്വീകരിച്ചിരുന്നു.

ഉമർ ﷺ പറയുന്നു: ഒരു പാഴ്ഭൂമി ആരെങ്കിലും ഉത്പാദനക്ഷമമാക്കി ജീവിപ്പിച്ചാൽ അത് അവന് അവകാശപ്പെട്ടതാകുന്നു." (ഇമാം ബുഖാരി, സ്വഹീഹുൽ ബുഖാരി)

അവകാശികളില്ലാത്തതും, നിലവിലെ ഭരണകൂടം നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലാത്തതുമായ തരിശ് ഭൂമി ഒരാൾ ജീവിപ്പിച്ചാൽ അതിന്റെ ഉടമസ്ഥാവകാശം അവനിൽ നിക്ഷിപ്തമായിരിക്കും എന്നത് എന്തുമാത്രം പുരോഗമനപരമായ ഒരു കാഴ്ചപ്പാടാണ്! അത്തരം കാഴ്ചപ്പാടുകളും നിയമങ്ങളും നാഗരിക വികാസത്തെ എത്രത്തോളം ത്വരിപ്പിക്കും! ഇത്തരം നടപടികളിലൂടെയാണ് ഭൂമുഖത്ത് സംസ്കൃതികളുടെ ഉത്ഥാനം സാധ്യമാകുന്നതെന്ന് ആരറിവൂ!

മാത്രമല്ല, ഒരാളുടെ കൈവശമുള്ള കൃഷിഭൂമിയിൽ അയാൾ കൃഷിയിറക്കാതെ തരിശായി മൂന്ന് വർഷത്തിലധികം വെറുതെ വിട്ടേക്കുകയാണെങ്കിൽ അത് പിടിച്ചെടുത്ത് കൃഷിയിറക്കുന്നവർക്ക് നൽകണം എന്നതായിരുന്നു ഉമറിന്റെ ﷺ കാഴ്ചപ്പാട്.

ഇസ്‌ലാം സ്വകാര്യസ്വത്ത് അംഗീകരിക്കുമ്പോൾ തന്നെ സാമൂഹിക താൽപര്യത്തിന് (public interest) വലിയ പ്രധാന്യം കൽപിക്കുന്നത് കാണാം. ഭൂമി വ്യർത്ഥമായി കിടക്കരുത്, അതിനെ ഉത്പാദനക്ഷമമാക്കി നിലനിർത്തണം. മൂന്ന് വർഷം കഴിഞ്ഞാൽ അത് സർക്കാർ പിടിച്ചെടുക്കണം എന്ന കർശന നിയമം ഇല്ലെങ്കിലും, ഒരാൾക്ക് ഉപയോഗമില്ലാത്ത ഭൂമി നിലനിർത്താനുള്ള അവകാശം പരിമിതമായിരിക്കും. ഉമർ ﷺ മൂന്ന് വർഷം കഴിഞ്ഞാൽ അത് മറ്റുള്ളവർക്ക് കൃഷിയിറക്കാൻ നൽകുമായിരുന്നു എന്നത് സുവിദിതമാണല്ലോ.

عن سالم بن عبد الله، أن عمر بن الخطاب ﷺ قال على المنبر: « من أحيا أرضا ميتة فهي له، وليس لمحتجر حق بعد ثلاث سنين » (أورده الألباني في الصحيحة)

**സാലിം ബിൻ അബ്ദില്ലാ ﷺ നിവേദനം: "നിശ്ചയമായും ഉമർ ﷺ മിമ്പറിൽ വെച്ച് ഇപ്രകാരം പറയുകയുണ്ടായി: നിർജ്ജീവമായ ഭൂമി ഒരാൾ ജീവിപ്പിച്ചാൽ അത് അവന് അവകാശപ്പെട്ടതാകുന്നു. ഒരാൾ ഒരു ഭൂമി മൂന്ന് വർഷത്തിലധികം തരിശാക്കി വെച്ചാൽ അതിൽ അവന് ഒരു അവകാശവും ഉണ്ടായിരിക്കുന്നതല്ല." (ഇമാം അൽബാനി, സിൽസിലത്തുൽ അഹാദീസ് അസ്സ്വഹീഹഃ)**

മുകളിൽ ഉദ്ധരിച്ചതു പോലുള്ള രിവായത്തുകൾ ഇമാം മാലികിന്റെ ﷺ മുവത്ത്വയിലും അബൂ ഉബൈദയുടെ ﷺ കിതാബുൽ അംവാലിലും മറ്റും കാണാവുന്നതാണ്. അതിൽ പറയുന്ന ആദ്യഭാഗം, അഥവാ «നിർജ്ജീവമായ ഭൂമി ഒരാൾ ജീവിപ്പിച്ചാൽ അത് അവന് അവകാശപ്പെട്ടതാകുന്നു» എന്നത് നബിയിൽനിന്ന് ﷺ തന്നെ ഉദ്ധരിക്കപ്പെട്ട വചനമാണ്. എന്നാൽ, "ഒരാൾ ഒരു ഭൂമി മൂന്ന് വർഷത്തിലധികം തരിശാക്കി വെച്ചാൽ അതിൽ അവന് ഒരു അവകാശവും ഉണ്ടായിരിക്കുന്നതല്ല" എന്നത് ഉമറിന്റെ ﷺ ഭരണപരമായ നടപടിയാണ്. ഇതിന്റെ സ്വീകാര്യത സംബന്ധിച്ചുള്ള വിശദമായ ചർച്ച ഇമാം അൽബാനിയുടെ ﷺ സ്വഹീഹഃ വാല്യം 2, പുറം 30ൽ കാണാവുന്നതാണ്.

മേൽ വസ്തുതകൾ സകാത് ചർച്ചയിൽ ഉന്നയിച്ചത്, തരിശ് ഭൂമിക്ക് സകാത്തില്ലെന്നത് എത്രമാത്രം നിഷ്ക്രിയമാണോ അതിനെ മറികടക്കാവുന്ന ക്രിയാത്മകമായ നിയമ നിർദ്ദേശങ്ങൾ ശർഇലുണ്ടെന്ന് സ്ഥിരീകരിക്കാനാണ്. തത്ത്വത്തിൽ, കാലി ഭൂമിക്ക് സകാത്തില്ലെന്നും, അതേ സമയം അതിനെ ജീവിപ്പിച്ച് അതിൽനിന്നുള്ള വരുമാനത്തിന് സകാത് നൽകണമെന്നുമാണ് ഇസ്ലാം അനുശാസിക്കുന്നത്.

രണ്ടാമതായി, താമസത്തിനു വേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ കാര്യം പരിശോധിക്കാം. വീട് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. കാരുണ്യവാനായ അല്ലാഹു അടിസ്ഥാന ആവശ്യങ്ങളെ

സകാത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വീടിനും വീട് നിൽക്കുന്ന സ്ഥലത്തിനും സകാത് ബാധകമല്ല. ഒരാൾ വീട് വെക്കാൻ വേണ്ടി വാങ്ങിയ സ്ഥലത്തിനും ഇതേ വിധി തന്നെ.

ശ്രദ്ധിക്കുക! വികസിക്കുന്നതോ വികസനക്ഷമമായതോ ആയ സ്വത്തുക്കൾക്കാണ് അല്ലാഹു സകാത് നിയമമാക്കിയിട്ടുള്ളത്. വീടും വീടിനു വേണ്ടി ഉപയോഗിക്കുന്ന ഭൂമിയും അത്തരത്തിലുള്ള ഒരു സ്വത്തായിട്ടല്ല ശർഅ് പരിഗണിക്കുന്നത്.

മാത്രമല്ല, അടിസ്ഥാനപരമായി ഏതൊരു കാര്യത്തെയും ബാധ്യതകളിൽനിന്ന് മുക്തമായിട്ടാണ് ശർഅ് പരിഗണിക്കുന്നത്. അതിന്മേൽ ബാധ്യത തെളിയിക്കപ്പെട്ടാൽ മാത്രമേ അതിന് സകാത് ബാധകമാവുകയുള്ളു. ഇതാണ് الْبَرَاءَةُ الْأَصْلِيَّة എന്ന പേരിൽ അറിയപ്പെടുന്ന പൊതുതത്ത്വം. ഈ തത്ത്വമനുസരിച്ചും വീടിനോ വീട് നിൽക്കുന്ന സ്ഥലത്തിനോ സകാത് ബാധകമാവില്ല.

മൂന്നാമതായി കൃഷിക്ക് ഉപയോഗിക്കുന്ന കാർഷിക ഭൂമിയുടെ കാര്യമെടുക്കാം. ഭൂമി കാർഷിക വരുമാനത്തിന് ഉപയോഗപ്പടുത്താത്ത അടിസ്ഥാന സൗകര്യം മാത്രമാണ്. അതിന് സകാത് ബാധകമല്ല. പക്ഷെ, അതിൽനിന്നുണ്ടാകുന്ന കാർഷിക സമ്പത്തിന് നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി സകാത് ബാധകമാണ്. കാർഷിക സമ്പത്തിന്റെ സകാത് സംബന്ധിച്ച് പ്രത്യേകമായി തന്നെ ഒരധ്യായം ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾക്ക് വേണ്ടി മാന്യ വായനക്കാർക്ക് ആ ഭാഗം (പുറം 183) പരിശോധിക്കാവുന്നതാണ്.

നാലാമതായി, വാണിജ്യ-വ്യാപാര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ കാര്യം പരിശോധിക്കാം. ഇവിടെയും ഭൂമിക്ക് സകാത് ബാധകമല്ല. മറിച്ച് അതിൽനിന്നുള്ള വരുമാനത്തിനാണ് സകാത് നൽകേണ്ടത്. ഭൂമി വാടകക്ക് നൽകുകയാണ് ചെയ്യുന്നതെങ്കിൽ വാടകത്തുകയെ പണമായി ഗണിക്കണം. നിസ്വാബ് തികയുകയും നിസ്വാബ് തികഞ്ഞ വരുമാനത്തിന് ഒരു ചന്ദ്രവർഷം (حولان الحول) പൂർത്തിയാവുകയും ചെയ്യുന്ന മുറക്ക് അതിന്റെ രണ്ടര ശതമാനം

(2.5%) സകാത്ത് നൽകണം. അതിന്മേൽ തനിക്കുണ്ടായ ചെലവുകൾ കിഴിക്കാവുന്നതാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇവിടെ ഭൂമിയുടെ മൂല്യം അല്ല, അതിൽ നിന്നുള്ള വരുമാനമാണ് സകാത്തിന് വിധേയമാകുന്നതെന്നു സാരം.

ഇനി, ഭൂമി കൃഷിയാവശ്യത്തിന് പാട്ടത്തിന് കൊടുക്കുകയാണെന്ന് വെക്കുക. പാട്ടത്തിന് കൊടുക്കുമ്പോൾ നിശ്ചിത പണം വാടകയായി ലഭിക്കുകയല്ല ചെയ്യുന്നത്. മറിച്ച്, വിളവിൽ നിന്നുള്ള ഒരു വിഹിതം (share of produce) തന്നെയാണ് ഭൂവുടമക്ക് നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഉദാഹരണമായി, മൊത്തം ഉത്പാദനത്തിൽനിന്ന് ഉടമക്ക് $1/2$, $1/3$, $1/4$ പോലുള്ള വിഹിതം ലഭിക്കുന്നു; ബാക്കി കർഷകനും. അപ്പോൾ, സകാത്തിന്റെ നിയമവും വ്യത്യസ്തമായിത്തീരുന്നു. ഇതിനെ വാടക വരുമാനമായി ആയി കണക്കാക്കാവതല്ല. മറിച്ച്, വിളവിലുള്ള പങ്കാളിത്തമായി (المزارعة) കണക്കാക്കണം. അതിനാൽ, ഭൂമിയുടെ ഉടമക്ക് ലഭിക്കുന്ന വിളവിന്റെ വിഹിതത്തിന് കാർഷിക സമ്പത്തിന്റെ സകാത്തായ عُشْرٌ തന്നെ കൊടുക്കണം. അഥവാ, മഴവെള്ളം കൊണ്ട് നനച്ചു വളർത്തിയ കൃഷിയാണെങ്കിൽ പത്ത് ശതമാനവും, മറ്റു മനുഷ്യ യത്നങ്ങളുപയോഗിച്ച് ജലസേചനം ചെയ്തുണ്ടാക്കിയതാണെങ്കിൽ അതിന്റെ പകുതി അഞ്ച് ശതമാനവും ആണ് സകാത്തിന്റെ നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. കർഷകനായാലും ഭൂവുടമയായാലും തനിക്ക് സ്വന്തമായി കിട്ടുന്ന വിഹിതത്തിന് നിസ്വാബ് തികയുന്നുണ്ടെങ്കിൽ (5 വസഖ് - 300 സ്വാഅ്) വർഷം പൂർത്തീകരിക്കാൻ കാത്തുനിൽക്കാതെ വിളവെടുപ്പ് സമയത്ത് തന്നെ മേൽ പറഞ്ഞ നിരക്കിൽ സകാത് നൽകേണ്ടതാണ്.

ഇനി ഭൂമിയെ തന്നെ കച്ചവട വസ്തുവായി കണ്ട് ഭൂമിക്കച്ചവടം നടത്തുന്നവരുണ്ടല്ലോ. അതിന്റെ സകാത് എങ്ങനെ കണക്കാക്കുന്നു എന്ന് നോക്കാം. കച്ചവടാവശ്യത്തിനായി വാങ്ങിയിട്ട ഭൂമി ചിലപ്പോൾ വർഷങ്ങളോളം വിൽപന നടക്കാതെ മുടങ്ങിക്കിടക്കാം. അപ്പോൾ അതിനെ വിൽപനക്കു വേണ്ടി വാങ്ങി സൂക്ഷിച്ച വാണിജ്യ ശേഖ

രമായി (stock inventory - عروض التجارة) കണക്കാക്കണം. അതിന് സകാത് ബാധകമല്ല. അതിൽനിന്ന് വിൽപന നടക്കുന്ന ഭൂമിയുടെ വില കൈപ്പറ്റി അത് പണമായി മാറിയാൽ പണത്തിന്റെ സകാത്തുമായി ബന്ധപ്പെട്ട നിയമങ്ങൾക്കു വിധേയമായി അതിനു സകാത് നൽകേണ്ടി വരും.

അതായത്, വിൽപന നടത്തിയപ്പോൾ കിട്ടിയ സംഖ്യ [മുടക്ക് മുതലും ലാഭമോ അല്ലെങ്കിൽ നഷ്ടമോ ഉൾപ്പടെ] നാണയത്തിന്റെ നിസ്വാബ് (85 ഗ്രാം സ്വർണ്ണത്തിന്റെ വില) തികയുന്നുവെങ്കിൽ അത് സകാത്തിന്റെ പരിധിയിൽ വരുന്നു. അങ്ങനെ അതിന് ഒരു ചന്ദ്രവർഷം പൂർത്തീകരിക്കാൻ കാത്തിരിക്കുക. കാലാവധിയെത്തുമ്പോൾ നിസ്വാബിൽ കുറയാത്ത സംഖ്യ എത്രയാണോ ഉള്ളത് അതിന് നാണയത്തിന്റെ നിരക്കിൽ രണ്ടര ശതമാനം സകാത് നൽകുക.

ഒരാൾ ഇത്തരം വരുമാനം ഒരു വർഷത്തിനിടയിൽ പലതവണയായി ലഭിക്കുന്ന ഒരു കച്ചവടക്കാരനാണെങ്കിൽ, ഓരോ വിൽപനയും പ്രത്യേകം കണക്കു വെച്ച് വർഷം പൂർത്തീകരിക്കാൻ കാത്ത് നിന്ന് സകാത് നൽകുന്നത് പ്രയാസമാണെങ്കിൽ മുമ്പുണ്ടായിരുന്ന സമ്പത്തിൽപെടാത്ത പുതുതായി ലഭിക്കുന്ന വരുമാനം (المال المستفاد) പോലെ കണക്കാക്കാവുന്നതാണ്. അപ്പോൾ ഒരു സകാത് വർഷത്തിൽ ലഭിക്കുന്ന എല്ലാം ഒരുമിച്ച് കൂട്ടി അതിന് ഒറ്റത്തവണയായി സകാത് നൽകാവുന്നതേയുള്ളു.

# 23

## കടത്തിന്റെ സകാത്

ഒരു വ്യക്തി മറ്റൊരാളിൽ നിന്ന് പിന്നീട് തിരികെ നൽകേണ്ട ബാധ്യതയോടെ പണമോ സാധനമോ വാങ്ങുന്നതിനാണ് കടം എന്ന് പറയുന്നത്. നീതി, കരുണ, വിശ്വാസ്യത എന്നിവക്ക് പ്രാധാന്യം നൽകുന്ന, നിയന്ത്രിതവും ഉത്തരവാദിത്വപൂർണ്ണവുമായ ഒരു സാമ്പത്തിക ഇടപാടായിട്ടാണ് അതിനെ ഇസ്‌ലാം കാണുന്നത്.

ആവശ്യക്കാരന് സഹായമായി പലിശയില്ലാതെ കടം കൊടുക്കുന്നത് വലിയ പുണ്യമായിട്ടാണ് ദീൻ വിശേഷിപ്പിക്കുന്നത്. ആവശ്യ സമയത്ത് സഹായമായി കടം നൽകുന്നത് പരസ്പര വിശ്വാസവും കരുതലും വർദ്ധിപ്പിക്കുന്നു. സഹാനുഭൂതിയും ദാനശീലവും വളർത്തി സമൂഹത്തിന്റെ ഐക്യവും കെട്ടുറപ്പും ഭദ്രമാക്കാൻ അത് സഹായിക്കുന്നു. പലിശയില്ലാത്തതും സഹായകരവുമായ കടങ്ങൾ (قرض حسن) ബന്ധങ്ങളിൽ ആത്മീയതയും സ്നേഹവും വർദ്ധിപ്പിക്കുന്നു. നീതിയുക്തമായ കടവ്യവസ്ഥ പലിശ സൃഷ്ടിക്കുന്ന സാമ്പത്തിക ചൂഷണങ്ങളെയും അന്യായങ്ങളെയും പ്രതിരോധിക്കുന്നു.

കടമിടപാട് ക്രമവത്കരിക്കാൻ ഇസ്‌ലാം മുന്നോട്ടു വെക്കുന്ന മാർഗ്ഗരേഖകൾ അനിതരവും പുരോഗമനപരവുമാണെന്ന് പറയാതി

രിക്കാൻ വയ്യ. ഉദാഹരണത്തിനായി കടവുമായി ബന്ധപ്പെട്ട് ശർഅ് മുന്നോട്ട് വെക്കുന്ന ഒരു നിർദ്ദേശം മാത്രം ഇവിടെ സൂചിപ്പിക്കാം.

കടം നൽകുന്ന വ്യക്തി വാങ്ങിയവനിൽനിന്ന് മൂർത്തമോ അമൂർത്തമോ ആയ യാതൊരു അധിക നേട്ടവും ഉദ്ദേശിക്കാനോ കൈപ്പറ്റാനോ പാടില്ല. അങ്ങനെ വല്ലതും സ്വീകരിക്കുന്നത് പലിശയായിട്ടാണ് കണക്കാക്കപ്പെടുക. ഉദാഹരണമായി ഒരു വീട്ടുടമസ്ഥൻ തന്റെ പരിചാരകന് ഒരു തുക കടം നൽകുന്നു. കടം നൽകുമ്പോൾ തുല്യമായ സംഖ്യ നിശ്ചിത സമയത്ത് തിരിച്ചു കിട്ടണം എന്ന് വ്യവസ്ഥ വെക്കാം. അതിനു പുറമെ അവന്റെ ഭാഗത്തുനിന്നും ഗുണമേന്മയിലോ അളവിലോ ഒരു അധിക സേവനം കിട്ടണം എന്ന് കരുതുകയോ കൈപ്പറ്റുകയോ ചെയ്താൽ അതിനെ പലിശയായിട്ടാണ് കണക്കാക്കുക.

"عن أبي بن كعب وابن مسعود وابن عباس ﷺ: « أنهم كرهوه، ونهوا عن قرض جر منفعة » - أخرجه البيهقي وابن الجوزي في التحقيق" (الألباني في إرواء الغليل في تخريج أحاديث منار السبيل)

"ഉബയ്യ് ബിൻ കഅ്ബ്, ഇബ്നു മസ്ഊദ്, ഇബ്നു അബ്ബാസ് ﷺ എന്നിവർ നിവേദനം: «യാതൊരു അധിക നേട്ടം ഉണ്ടാക്കിത്തരുന്ന വായ്പയെയും അവർ നിഷിദ്ധമായി കാണുകയും വിലക്കുകയും ചെയ്തിരുന്നു.» - ബൈഹഖി സുനനിലും ഇബ്നുൽ ജൗസി തഹ്ഖീഖിലും ഉൾപ്പെടുത്തിയത്." (ഇമാം അൽബാനി, ഇർവാഉൽ ഗലീൽ)

കടമിടപാട് പരസ്പര സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും പ്രതിബദ്ധതയുടെയും കണ്ണികളെ ശക്തിപ്പെടുത്താനുള്ളതാണ്. പകരം അതിലൂടെ വിശ്വാസ വഞ്ചനയുടെയും വൈരാഗ്യത്തിന്റെയും തീച്ചൂളയിലേക്ക് മനുഷ്യ സഹോദരന്മാർ വലിച്ചിഴക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടുകൂടാ. അതിനാൽ കടമിടപാട് ക്രമവത്കരിക്കാനുള്ള മതിയായ നിയമനിർദ്ദേശങ്ങൾ അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു. ഖുർആനിലെ ഏറ്റവും ദീർഘമായ സൂക്തം അറിയപ്പെടുന്നത് തന്നെ

കടത്തെ കുറിച്ചുള്ള വചനം (آية الدَّيْن) എന്നാണ്. വിശദീകരണങ്ങളേതുമില്ലാതെ അതേപടി അത് ഇവിടെ പകർത്തുകയാണ്:

﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنتُم بِدَيْنٍ إِلَىٰ أَجَلٍ مُّسَمًّى فَاكْتُبُوهُ ۚ وَلْيَكْتُب بَّيْنَكُمْ كَاتِبٌ بِالْعَدْلِ ۚ وَلَا يَأْبَ كَاتِبٌ أَن يَكْتُبَ كَمَا عَلَّمَهُ اللَّهُ ۚ فَلْيَكْتُبْ وَلْيُمْلِلِ الَّذِي عَلَيْهِ الْحَقُّ وَلْيَتَّقِ اللَّهَ رَبَّهُ وَلَا يَبْخَسْ مِنْهُ شَيْئًا ۚ فَإِن كَانَ الَّذِي عَلَيْهِ الْحَقُّ سَفِيهًا أَوْ ضَعِيفًا أَوْ لَا يَسْتَطِيعُ أَن يُمِلَّ هُوَ فَلْيُمْلِلْ وَلِيُّهُ بِالْعَدْلِ ۚ وَاسْتَشْهِدُوا شَهِيدَيْنِ مِن رِّجَالِكُمْ ۖ فَإِن لَّمْ يَكُونَا رَجُلَيْنِ فَرَجُلٌ وَامْرَأَتَانِ مِمَّن تَرْضَوْنَ مِنَ الشُّهَدَاءِ أَن تَضِلَّ إِحْدَاهُمَا فَتُذَكِّرَ إِحْدَاهُمَا الْأُخْرَىٰ ۚ وَلَا يَأْبَ الشُّهَدَاءُ إِذَا مَا دُعُوا ۚ وَلَا تَسْأَمُوا أَن تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَىٰ أَجَلِهِ ۚ ذَٰلِكُمْ أَقْسَطُ عِندَ اللَّهِ وَأَقْوَمُ لِلشَّهَادَةِ وَأَدْنَىٰ أَلَّا تَرْتَابُوا ۖ إِلَّا أَن تَكُونَ تِجَارَةً حَاضِرَةً تُدِيرُونَهَا بَيْنَكُمْ فَلَيْسَ عَلَيْكُمْ جُنَاحٌ أَلَّا تَكْتُبُوهَا ۗ وَأَشْهِدُوا إِذَا تَبَايَعْتُمْ ۚ وَلَا يُضَارَّ كَاتِبٌ وَلَا شَهِيدٌ ۚ وَإِن تَفْعَلُوا فَإِنَّهُ فُسُوقٌ بِكُمْ ۗ وَاتَّقُوا اللَّهَ ۖ وَيُعَلِّمُكُمُ اللَّهُ ۗ وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ ﴿٢٨٢﴾﴾ (البقرة)

«സത്യവിശ്വാസികളേ, ഒരു നിശ്ചിത അവധി വെച്ചുകൊണ്ട് നിങ്ങൾ അന്യോന്യം വല്ല കടമിടപാടും നടത്തിയാൽ അത് നിങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. നീതിപൂർവ്വം ഒരു എഴുത്തുകാരൻ അത് നിങ്ങൾക്കിടയിൽ രേഖപ്പെടുത്തട്ടെ. യാതൊരെഴുത്തുകാരനും അല്ലാഹു അവന്ന് പഠിപ്പിച്ചുകൊടുത്തതനുസരിച്ച് എഴുതാൻ വിസമ്മതിക്കരുത്. അവനത് എഴുതുകയും, കടബാധ്യതയുള്ളവൻ (എഴുതേണ്ട കാര്യം) പറഞ്ഞുകൊടുക്കുകയും ചെയ്യണം. തന്റെ റബ്ബായ അല്ലാഹുവിനെ അവൻ സൂക്ഷിക്കുകയും, കാര്യങ്ങളിൽ യാതൊന്നും കുറവ് വരുത്താതിരിക്കുകയും ചെയ്യേണ്ടതാണ്. ഇനി കടബാധ്യതയുള്ള ആൾ വിവേകമില്ലാത്തവനോ, കാര്യപ്രാപ്തിയില്ലാത്തവനോ, കാര്യം പറഞ്ഞുകൊടുക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അയാളുടെ

രക്ഷാധികാരി അയാൾക്കു വേണ്ടി നീതിപൂർവ്വം കാര്യങ്ങൾ പറഞ്ഞു കൊടുക്കേണ്ടതാണ്. നിങ്ങളിൽ പെട്ട രണ്ടുപുരുഷൻമാരെ അതിന്ന നിങ്ങൾ സാക്ഷികളാക്കുകയും ചെയ്യുക. ഇനി പുരുഷന്മാരായി രണ്ടു പേരില്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും ആയാലും മതി. അവരിൽ ഒരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾക്ക് അവളെ ഓർമിപ്പിക്കാമല്ലോ. സാക്ഷികൾ വിളിക്കപ്പെട്ടാൽ അവർ ചെല്ലാൻ വിസമ്മതിക്കരുത്. ഇടപാട് ചെറുതായാലും വലുതായാലും അതിന്റെ അവധിയടക്കം കാണിച്ച് അത് രേഖപ്പെടുത്തി വെക്കാൻ നിങ്ങൾ മടിക്കരുത്. അതാണ് അല്ലാഹുവിങ്കൽ ഏറ്റവും നീതിപൂർവ്വകമായതും, സാക്ഷ്യത്തിന് കൂടുതൽ ബലം നൽകുന്നതും, നിങ്ങൾക്ക് സംശയം ജനിക്കാതിരിക്കാൻ കൂടുതൽ ഉപയുക്തമായിട്ടുള്ളതും. എന്നാൽ നിങ്ങൾ അന്യോന്യം റൊക്കമായി നടത്തിക്കൊണ്ടിരിക്കുന്ന കച്ചവട ഇടപാടുകൾ ഇതിൽ നിന്നൊഴിവാകുന്നു. അതെഴുതി വെച്ചില്ലെങ്കിലും നിങ്ങൾക്ക് ഒരു കുഴപ്പവുമില്ല. എന്നാൽ നിങ്ങൾ ക്രയവിക്രയം ചെയ്യുമ്പോൾ അതിന് സാക്ഷി നിർത്തേണ്ടതാണ്. ഒരു എഴുത്തുകാരനോ സാക്ഷിയോ ദ്രോഹിക്കപ്പെടാൻ പാടില്ല. നിങ്ങൾ അങ്ങനെ ചെയ്യുന്ന പക്ഷം അത് നിങ്ങളുടെ ഭാഗത്തുനിന്നുള്ളൊരു അധർമ്മമാകുന്നു. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തരികയാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാണ്.» (അൽ ബഖറഃ, 2:282)

വായ്പയെടുത്ത വ്യക്തി ബുദ്ധിമുട്ടുള്ളവനാണെങ്കിൽ അവന് കടം വീട്ടാൻ സാവകാശം നൽകണമെന്നും, കടം വിട്ടുകൊടുക്കുന്നത് ഏറെ ഗുണകരമാണെന്നും അല്ലാഹു ഉണർത്തുന്നു:

﴿وَإِن كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ وَأَن تَصَدَّقُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿٢٨٠﴾﴾ (البقرة)

«ഇനി അവൻ വല്ല ഞെരുക്കവും ഉള്ളവനാണെങ്കിൽ അവന് ആശ്വാ

സമുണ്ടാകുന്നത് വരെ അവധി കൊടുക്കേണ്ടതാണ്. എന്നാൽ ദാനമായി വിട്ടുകൊടുക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം –നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ.» (അൽ ബഖറഃ, 2:280)

ശർഇന്റെ നിർദ്ദേശങ്ങൾ കാറ്റിൽ പറത്തുന്ന ചിലരുണ്ട്. അവസാനം കടം തിരിച്ചു കിട്ടാതെ വരുമ്പോൾ അവൻ അല്ലാഹുവിലേക്ക് കൈ ഉയർത്തും. പക്ഷെ, അത് തീർത്തും വിഫലമായിരിക്കും എന്നൊരു ഹദീസിൽ കാണാം. നിരൂപക പണ്ഡിതന്മാർക്കിടയിൽ അതിന്റെ സ്വീകാര്യതയെ കുറിച്ച് പക്ഷാന്തരമുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. ഇമാം ദഹബി ﵀ അത് 'മുൻകർ' ആണെന്ന് പറയുമ്പോൾ ഇമാം അൽബാനി ﵀ അതിനെ സ്വഹീഹായി കാണുന്നു. പ്രസ്തുത നബിവചനം ഇപ്രകാരം വായിക്കാം:

عن أبي موسى الأشعري قال: قال ﷺ: « ثلاثة يدعون الله، فلا يستجاب لهم؛ رجل كانت له امرأة سيئة الخلق فلم يطلقها، ورجل كان له على رجلٍ مال فلم يشهد عليه، ورجل أعطى سفيهاً ماله » (أخرجه الحاكم في المستدرك وصححه الألباني)

അബൂ മൂസാ അൽ അശ്അരി ﵁ നിവേദനം: നബി ﷺ പറയുന്നു: «മൂന്ന് വിഭാഗം ആളുകൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും അവരുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കില്ല. ദുഷിച്ച സ്വഭാവക്കാരിയായ ഭാര്യയെ വേർപിരിക്കാത്തവൻ, തന്റെ പണം മറ്റൊരാൾക്ക് കടമായി നൽകിയിട്ട് അതിന് സാക്ഷിയെ വെക്കാത്തവൻ, തന്റെ സമ്പത്ത് വിവേകം ഇല്ലാത്ത ഒരാൾക്ക് ഏൽപ്പിക്കുന്നവൻ.» (ഇമാം ഹാകിം, അൽ മുസ്തദ്റക്)

കടം നൽകുകയോ വാങ്ങുകയോ ചെയ്താൽ അതിന്റെ സകാത് കണക്കാക്കേണ്ടത് എങ്ങനെയാണ്? പണ്ഡിതന്മാർ വിശദാംശങ്ങളിൽ ചില്ലറ അഭിപ്രായ വ്യത്യാസങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിഷയമാണെങ്കിലും പ്രബലമായ പക്ഷം ഇവിടെ പറഞ്ഞു പോകാനാണ് ഉദ്ദേശിക്കുന്നത്.

തിരിച്ചടക്കാൻ കഴിവും സന്നദ്ധതയുമുള്ള വ്യക്തിക്ക് നൽകിയ കടമാണെന്നു വെക്കുക. ആ കടത്തിന് സമ്പത്തിന്റെ ഉടമ പ്രതിവർഷം സകാത് നൽകണം. പ്രസ്തുത പണത്തിന് നിസ്വാബ് [സകാത് ബാധകമാകാൻ നിർദ്ദിഷ്ട സമ്പത്തിൽനിന്നും കൈവശം ഉണ്ടായിരിക്കേണ്ട കുറഞ്ഞ പരിധി] തികയുകയും, നിസ്വാബ് തികഞ്ഞ ആ പണത്തിന് ഒരു ചന്ദ്രവർഷം പൂർത്തിയാകുകയും ചെയ്താൽ അതിന് രണ്ടര ശതമാനം സകാത് നൽകുകയും ചെയ്യണം. കാരണം, അത് അയാളുടെ കൈവശമുള്ള പണത്തിനു തുല്യമാണ്.

എന്നാൽ കടം വാങ്ങിയ വ്യക്തി ദരിദ്രനോ, ബുദ്ധിമുട്ടിക്കുന്ന കുടിശ്ശികക്കാരനോ ആണെങ്കിൽ, ആ കടം തിരിച്ചു കിട്ടിയതിനു ശേഷം മാത്രമേ സകാത് നിർബന്ധമാകൂ. നിസ്വാബ് തികയുക, കാലാവധി പൂർത്തീകരിക്കുക (النصاب وحولان الحول) എന്ന നിബന്ധനകൾ ഇതിനും ബാധകമാണെന്നോർക്കുക. തിരിച്ചു കിട്ടാൻ വർഷങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ തിരിച്ചു കിട്ടിയ ശേഷം ഒരു വർഷത്തിനുള്ള സകാത് മാത്രം നൽകിയാൽ മതിയാകും; മറിച്ചുള്ള അഭിപ്രായങ്ങൾ താരതമ്യേന ബലം കുറഞ്ഞ പക്ഷങ്ങളാണ്.

ഒരാൾ ഋണബാധ്യതയുള്ളവനാണ്. അതേ സമയം അയാളുടെ കൈവശം വേറെ സ്വത്തുക്കളുണ്ട് താനും. എങ്കിൽ ആദ്യം അതിൽനിന്ന് അവധിയെത്തിയ കടം വീട്ടണം. കടം വീട്ടി ബാക്കി വരുന്ന സ്വത്തിന് നിസ്വാബ് തികയുകയും കാലാവധി പൂർത്തീകരിക്കുകയും ചെയ്യുന്ന മുറക്ക് അതിന് സകാത് നൽകണം. എന്നാൽ, അവധിയെത്താത്ത കടം പരിഗണിക്കേണ്ടതില്ല.

حدثنا ابن عيينة عن الزهري عن السائب بن يزيد قال: سمعت عثمان يقول: "هذا شهر زكاتكم، فمن كان عليه دين فليقضه، وزكوا بقية أموالكم" (ابن أبي شيبة في مصنفه)

**സാഇബ് ബിൻ യസീദ് ﵁ നിവേദനം: ഉസ്മാൻ ബിൻ അഫ്ഫാൻ ﵁**

ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ഇത് നിങ്ങളുടെ സകാത്തിന്റെ മാസമാണ്. ആരെങ്കിലും കടബാധ്യതയുള്ളവരാണെങ്കിൽ അത് ആദ്യം അടച്ചുതീർക്കട്ടെ. ശേഷിക്കുന്ന സമ്പത്തിൽ നിന്ന് സകാത് നൽകുകയും ചെയ്യട്ടെ." (ഇബ്ന അബീ ശൈബഃ, അൽ മുസ്വന്നഫ്)

കടം നൽകുന്നതിനെ ഒരു പുണ്യകർമ്മമായി കാണുന്ന, കടമിടപാടുകൾ കൃത്യമായി രേഖപ്പെടുത്തുകയും സാക്ഷികളെ നിർത്തുകയും ചെയ്യുന്ന, ഇടപാടുകളിൽ കണിശതയും സുതാര്യതയും കാത്ത് സൂക്ഷിക്കുന്ന രചനാത്മകമായ സാമ്പത്തിക സാഹചര്യങ്ങളിൽ കടം നൽകിയ സ്വത്തിന്റെ ഉടമ അതിന് വർഷാവർഷം സകാത് നൽകണമെന്ന ഇസ്‌ലാമിക വിധി വളരെ സാരവത്തായ ഒന്നാണെന്ന് കാണാൻ കഴിയും.

# 24

## കുടുംബാംഗങ്ങളുടെ സമ്പത്തും അവയുടെ സകാത്തും

തൊഴിൽ, വ്യാപാരം, ധനസമ്പാദനം, വിനിയോഗം പോലുള്ള കാര്യങ്ങളിൽ പുരുഷനെ പോലെ സ്ത്രീക്കും സ്വതന്ത്രമായ അവകാശങ്ങളും ബാധ്യതകളുമാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ഇക്കാര്യം നടേ വിശദീകരിച്ചിട്ടുണ്ട്. ഭാര്യയുടെയും മക്കളുടെയും സമ്പാദ്യം അവരുടേതാണ്. അതിനുള്ള സകാത് അതിൽനിന്ന് അവർ തന്നെയാണ് നൽകേണ്ടത്.

ഒരു പുരുഷൻ, ഭർത്താവ് അല്ലെങ്കിൽ രക്ഷിതാവ് എന്ന നിലയിൽ, അവരെക്കൊണ്ട് അത് ചെയ്യിക്കാനാവശ്യമായ നടപടി കൈകൊള്ളുകയേ വേണ്ടൂ. അല്ലാതെ, അവരുടെ സ്വത്ത് അയാളുടെ ധനത്തിലേക്ക് ചേർത്ത് സകാത് നൽകേണ്ടുന്ന ആവശ്യമില്ല. ആ രീതി ഇസ്‌ലാമിക മാനദണ്ഡങ്ങളുമായി ഒത്തുപോകുന്നതുമല്ല.

ഭാര്യക്ക് സ്വന്തമായി സ്വത്തുണ്ടാവുകയും, അതിന് നിസ്വാബ് തികഞ്ഞ് ഒരു ചന്ദ്രവർഷം പൂർത്തീകരിക്കുകയും ചെയ്താൽ സകാത് നിർബന്ധമായി. ഭാര്യ തന്നെ അതിൽനിന്ന് സകാത് നൽകണം; ഭാര്യയുടെ സ്വത്തിനുള്ള സകാത് ഭർത്താവിന്റെ ബാധ്യതയായി

ഗണിക്കാവതല്ല. ഭർത്താവ് അത് നൽകാൻ വേണ്ടി അവരെ ഉണർത്തുകയും ആവശ്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കുകയുമാണ് വേണ്ടത്. എന്നാൽ, സകാത് നൽകാൻ വേണ്ടി ഭർത്താവ് ദാനമോ, സമ്മാനമോ നൽകി ഭാര്യയെ സാമ്പത്തികമായി പിന്തുണക്കുന്നതിന് കുഴപ്പമില്ല. തന്റെ സംരക്ഷണത്തിൻ കീഴിലുള്ള പ്രായപൂർത്തിയായ പെൺമക്കളുടെ കാര്യവും ഇത് പോലെ തന്നെയാണ്.

പ്രായപൂർത്തിയാകാത്ത മക്കൾ, മാനസികമോ ബുദ്ധിപരമോ ആയ വെല്ലുവിളികൾ നേരിടുന്ന ആശ്രിതർ, തന്റെ സംരക്ഷണത്തിൻ കീഴിലുള്ള അനാഥകൾ എന്നിവരുടെ കാര്യത്തിൽ രക്ഷിതാക്കളുടെ ബാധ്യത വളരെ വലുതാണ്. അത്തരക്കാർക്ക് സ്വന്തമായി സമ്പത്തുണ്ടെങ്കിൽ, രക്ഷിതാവ് എന്ന നിലയിൽ അവരുടെ സമ്പത്ത് വികസന മാർഗ്ഗത്തിൽ വിനിയോഗിക്കേണ്ടതും, അവരുടെ സ്വത്തിനുള്ള സകാത് നൽകേണ്ടതും അദ്ദേഹത്തിന്റെ കടമയാണ്.

രണ്ടാം ഖലീഫഃയായ ഉമറിന്റെ ﵁ പ്രശസ്തമായ ഒരു വചനം ഇവിടെ ഉദ്ധരിക്കാം:

عن سعيد بن المسيب، أن عمر بن الخطاب ﵁ قال: "ابتغوا بأموال اليتامى، لا تأكلها الصدقة" أخرجه الدارقطني والبيهقي وقال: هذا إسناد صحيح، وله شواهد عن عمر ﵁. (الألباني في إرواء الغليل)

സഈദ് ബിൻ അൽ മുസയ്യിബ് ﵀ നിവേദനം: "ഉമർ ﵁ പറയുന്നു: 'യതീമുകളുടെ സമ്പത്ത് വികസന മാർഗ്ഗത്തിൽ വിനിയോഗിക്കുക. സകാത് അവരുടെ സമ്പത്ത് തീർക്കാതിരിക്കട്ടെ.' ദാറഖുത്നിയും ബൈഹഖിയും ഉദ്ധരിച്ചത്. ബൈഹഖി അതിന്റെ സനദ് സ്വഹീഹാണെന്നും, അതിന് ഉമറിൽനിന്ന് ﵁ ഉപോൽബലകമായ മറ്റു തെളിവുകളുണ്ടെന്നും പറഞ്ഞിരിക്കുന്നു." (ഇമാം അൽബാനി, ഇർവാഉൽ ഗലീൽ)

നമസ്കാരം സ്വാഭാവികമായും വ്യക്തി ജീവിതത്തിന് നിഷ്ഠയും

സമയക്രമത്തിന് താളവും നൽകുന്നു. അതേ പോലെ, സകാത് സമ്പ ത്തിനെ ശുദ്ധീകരിക്കുകയും വിഭവങ്ങൾ യഥാവിധം പങ്കുവെക്കാൻ അവനെ സഹായിക്കുകയും ചെയ്യുന്നു. ധനകാര്യം പ്രശ്നരഹിതമായും രചനാത്മകമായും ക്രമവത്ക്കരിക്കുന്നതിൽ സകാത്തിനുള്ള പങ്ക് വളരെ വലുതാണ്. സകാത് കൃത്യമായി നൽകേണ്ടതിനാൽ ഭാര്യ, മക്കൾ, ഇതര ആശ്രിതർ എന്നിവരുടെ സാമ്പത്തികമായ അവകാശ ങ്ങളെയും ബാധ്യതകളെയും അത് നിർവചിക്കുകയും വ്യക്തമായ പരിധികൾ പാലിക്കാൻ നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു. ഈ വ്യക്തത കുടുംബത്തിൽ സൗഹൃദവും സമാധാനവും നിലനിർത്തു കയും, പിന്നിട് ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെ ഉറവിടത്തിൽ തന്നെ തടയുകയും ചെയ്യുന്നു.

മക്കൾക്ക് ഉപയോഗിക്കാൻ മാത്രമായി നൽകിയ സ്വത്തുക്കളുടെ ഉടമ മാതാപിതാക്കൾ തന്നെയാണ്. ഉപയോഗിക്കുന്ന ആഭരണങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി സകാതിൽനിന്ന് ഒഴിവാക്കപ്പെടുമെന്ന് പറയേണ്ടതില്ലല്ലോ. അങ്ങനെയുള്ളത് ഒഴികെയുള്ളവ മാതാപിതാ ക്കൾ അവരുടെ സ്വത്തിലേക്ക് ചേർക്കേണ്ടതും അതിന് നിബന്ധന കൾക്കനുസൃതമായി സകാത് നൽകേണ്ടതുമാണ്.

പ്രായപൂർത്തി തികയാത്ത കുട്ടികൾക്ക് രക്ഷിതാക്കളോ ബന്ധു മിത്രാദികളോ കൊടുക്കുന്ന ദാനങ്ങളുടെയും സമ്മാനങ്ങളുടെയും കാര്യത്തിലും ഈ വകതിരിവ് അനിവാര്യമാണ്. അത് ആർ ഉപ യോഗിക്കുന്നു എന്നതിലപ്പുറം, സ്വത്തിന്റെ യഥാർത്ഥ ഉടമസ്ഥത ആർക്കാണെന്ന കാര്യം നിർണ്ണയിക്കപ്പെടണം. സകാത് കണക്കാ ക്കുക, സാമ്പത്തികമായ സാധ്യതകളും ബാധ്യതകളും നിശ്ചയിക്കുക പോലുള്ളതിന് ഇത്തരം വ്യക്തത അനിവാര്യമാണ്. അല്ലെങ്കിൽ അതും ഭാവിയിൽ കുടുംബപരമായ അഭ്യന്തരമായ അതൃപ്തികൾക്കും സംഘർഷങ്ങൾക്കും വഴിമരുന്നിടുമെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സ്വത്തുക്കളുടെ കാര്യത്തിലും മുകളിൽ നേരത്തെ പറഞ്ഞതു പോലെ ഉപയോഗത്തിലിരിക്കുന്ന ആഭരണങ്ങൾ ഒഴിച്ച് മറ്റുള്ളതിന് വ്യവസ്ഥ

കൾക്കു വിധേയമായി സ്വത്തിന്റെ ഉടമ സകാത് നൽകേണ്ടി വരും. അത് മക്കൾക്ക് വിട്ടുകൊടുത്ത സ്വത്താണെങ്കിൽ മക്കൾ തന്നെയും, അതിന്റെ ഉടമ രക്ഷിതാക്കളാണെങ്കിൽ അവരുമാണ് അതിന് വ്യവസ്ഥകൾക്ക് വിധേയമായി സകാത് നൽകേണ്ടി വരിക.

ഭാര്യഭർത്താക്കന്മാർ അവരുടെ സ്വത്തുക്കൾക്കിടയിൽ അതിരുകൾ നിശ്ചയിക്കാതെയും വകതിരിക്കാതെയും എടുത്ത് ഉപയോഗിക്കുന്ന ഒരു പ്രവണത ഇന്ന് സാർവ്വത്രികമാണ്. അത്ര ഹിതകരമായ നടപടിയല്ല അതെന്ന് പറയാതെ വയ്യ. ദാമ്പത്യത്തിന്റെ ഊഷ്മള ഘട്ടത്തിൽ എന്തും ഏതും പരസ്പരം വിട്ടുവീഴ്ച ചെയ്യുമെങ്കിലും കാറ്റ് തിരിച്ചു വീശുമ്പോൾ അതെല്ലാം എടുത്താൽ കിട്ടാത്ത മുള്ളുകളായി തൊണ്ടയിൽ കുടുങ്ങുമെന്ന് ഓർക്കുന്നത് നന്നായിരിക്കും. പരസ്പരം സ്വത്ത് കൈമാറുമ്പോൾ ആദ്യം തന്നെ അതിനെ നിർവചിക്കുകയാണ് വേണ്ടത്. കടമാണോ, എങ്കിൽ എഴുതിവെക്കുകയും അവധിയെത്തിയാൽ തിരിച്ചു കൊടുക്കുകയും വേണം. അത് അവരവരുടെ സ്വത്തു തന്നെയാണ്. സകാത് പോലെ, അതിന്മേലുള്ള ബാധ്യത അതിന്റെ യഥാർത്ഥ ഉടമകൾ തന്നെ വഹിക്കേണ്ടതുമാണ്.

അത് ദാനമോ, സമ്മാനമോ ആയി നൽകിയതാണെങ്കിൽ കുടുംബ ജീവിതത്തിൽ സംഭവിച്ചേക്കാവുന്ന അസ്വാരസ്യങ്ങളുടെ ഘട്ടത്തിലും അതിനെ അപ്രകാരം തന്നെ കാണാനുള്ള ഹൃദയ വിശാലത അവർ പുലർത്തിയേ പറ്റൂ. തെറ്റുമ്പോൾ തിരിച്ചു ചോദിക്കാനുള്ളതിന്റെ പേരല്ല ദാനവും സമ്മാനവും. ദാനം തിരിച്ചു വാങ്ങുന്നവനുള്ള ഉപമ നബി ﷺ വിവരിച്ചത് കാണുക:

عَنْ ابْنِ عَبَّاسٍ رضي الله عنهما قَالَ: قَالَ النَّبِيُّ ﷺ: « الْعَائِدُ فِي هِبَتِهِ كَالْكَلْبِ، يَقِيءُ ثُمَّ يَعُودُ فِي قَيْئِهِ » (أخرجه البخاري في صحيحه)

ഇബ്നു അബ്ബാസ് رضي الله عنهما നിവേദനം: നബി ﷺ പറയുന്നു: "ദാനം ചെയ്തത് തിരിച്ചെടുക്കുന്നവൻ പട്ടിയെപ്പോലെയാണ്; അത് ഛർദ്ദിക്കുകയും

തന്റെ ഛർദ്ദി അതു തന്നെ തിരിച്ച് ഭക്ഷിക്കുകയും ചെയ്യുന്നു.) (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

എന്നാൽ പിതാവ് മക്കൾക്ക് നൽകുന്ന ദാനം ആവശ്യമാണെങ്കിൽ തിരിച്ചെടുക്കുന്നതിന് വിരോധമില്ല. ഇക്കാര്യം മറ്റു ഹദീസുകളിൽ സ്ഥിരപ്പെട്ടുട്ടുള്ളത് മുകളിൽ പറഞ്ഞതുമായി കൂട്ടിവായിക്കേണ്ടതാണ്.

എന്നാൽ പ്രായപൂർത്തിയായ ആൺമക്കൾ അവർ സ്വതന്ത്രമായ ഉത്തരവാദിത്വമുള്ളവരാണ്. അവരുടെ കാര്യത്തിൽ സകാത് സംബന്ധിച്ച് മാതാപിതാക്കൾക്ക്, ധാർമ്മികമായ ഉത്തരവാദിത്വമല്ലാതെ, നിയമപരമായ ബാധ്യതകളൊന്നുമില്ല.

# 25

## സകാത്:

## നിസ്വാബും നിരക്കുകളും

അല്ലാഹു തന്റെ അടിയാറുകളെ ഏൽപിച്ച സ്വത്തുവകകളിൽ ചിലതിന് അവൻ സകാത് നിർബന്ധമാക്കിയിരിക്കുന്നു. പല ഇനങ്ങൾക്കും സകാത് നിർബന്ധമാക്കിയിട്ടുമില്ല. ഒരു വിശ്വാസിക്ക് തന്റെ കൈവശമുള്ള ധനത്തിൽനിന്ന് പുണ്യം പ്രതീക്ഷിച്ചു കൊണ്ട് ചെലവഴിക്കാൻ സകാത് മാത്രമല്ല, മറ്റു പല മാർഗങ്ങളുമുണ്ട്. സകാത്തിനു പുറമെ ഐഛികമായ ദാനധർമ്മങ്ങൾ, പൊതുതാൽപര്യങ്ങൾക്ക് വേണ്ടിയുള്ള ധനവ്യയം, ആശ്രിതർക്കും മറ്റു കുടുംബാംഗങ്ങൾക്കും നൽകുന്ന ഉപജീവനം, സ്വന്തം കാര്യത്തിനു വേണ്ടി നടത്തുന്ന ചെലവുകൾ പോലുള്ളവയും «നാം നിങ്ങൾക്ക് നൽകിയതിൽനിന്നും നിങ്ങൾ ചെലവഴിക്കൂ» (അൽ മുനാഫിഖൂൻ, 63:10) എന്ന കൽപനയുടെ പരിധിയിൽ ഉൾപ്പെടുന്നു. കൂടാതെ, നിസ്വാബ് തികയാത്ത സ്വത്തിൽനിന്ന് നിശ്ചിത നിരക്കിൽ സകാത് കൊടുക്കേണ്ടതില്ലെങ്കിലും ഉചിതമായ സ്വദഖഃകൾ നൽകണമെന്നതാണ് ശർഇന്റെ താൽപര്യം.

സകാത് ഒഴികെയുള്ള മറ്റു ദാനധർമ്മങ്ങൾക്കൊന്നും പ്രത്യേകമായ നിസ്വാബുകളോ നിരക്കുകളോ ഇല്ല. ഓരോരുത്തരുടെയും

സാമ്പത്തിക സ്ഥിതി, ത്യാഗമനോഭാവം, സാമൂഹ്യ സാഹചര്യം, മുൻഗണനാക്രമങ്ങൾ പോലുള്ളവ പരിഗണിച്ചു കൊണ്ടാണ് അവ നൽകേണ്ടത്.

എന്നാൽ, സകാത് നടേ വിവരിച്ച പോലെ ചില മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമാണ്. അവ പാലിച്ചേ മതിയാകൂ. ഓരോ ഇനത്തിലും സകാത് ചുമത്തപ്പെടാൻ ഒരു നിശ്ചിതമായ വരുമാന പരിധി എത്തേണ്ടതുണ്ട്. അതിനാണല്ലോ നിസ്വാബ് എന്ന് പറയുന്നത്. നിസ്വാബ് തികഞ്ഞ ധനത്തിനുമേലാണ് അല്ലാഹു സകാത്തിന്റെ നിരക്കുകൾ ചുമത്തിയിട്ടുള്ളത്. അത് പ്രകാരമാണ് സകാത് കൊടുക്കേണ്ടത്. സകാത്തുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും സവിശേഷയ വിധിവിലക്കുകളുണ്ട്. നിബന്ധനകൾ പൂർത്തീകരിച്ചും വ്യവസ്ഥകൾ പാലിച്ചും അനുഷ്ഠിക്കുമ്പോൾ മാത്രമേ അത് സകാത്തായിത്തീരുകയുള്ളു. അല്ലാത്ത പക്ഷം, അത് കേവലം ഒരു ദാനം മാത്രമായി അവശേഷിക്കും എന്ന് ഉണർത്തുകയാണ്.

വിവിധയിനം സ്വത്തുവകകളുടെ നിസ്വാബുകളും നിരക്കുകളും കാണിക്കുന്ന സംക്ഷിപ്തമായ ഒരു പട്ടിക താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | നിസ്വാബ് | നിരക്ക് |
|---|---|---|---|
| 1.0 | **പണം: സ്വർണ്ണം**<br>• സ്വർണ്ണം ഒരു ലോഹനാണയമാണ്. അതിനെ പ്രതിനിധാനം ചെയ്യുന്ന പ്രൊമിസറി നോട്ട്, ഇക്വിറ്റി, ബോണ്ടുകൾ, ക്രിപ്റ്റോ കറൻസികൾ പോലുള്ളവയും സ്വർണ്ണ നാണയങ്ങളായി പരിഗണിക്കണം.<br>• നിസ്വാബ് തികഞ്ഞ സ്വർണ്ണത്തിന് ഒരു ചന്ദ്രവർഷം പൂർത്തിയാവണം. | 20 ദീനാർ<br>(1 ദീനാർ = 4.25 ഗ്രാം<br>20 x 4.25 = 85 ഗ്രാം) | $^{1}/_{40}$<br>(2.5%) |

| | | | |
|---|---|---|---|
| 1.1 | **പണം: വെള്ളി**<br>• വെള്ളി മറ്റൊരു ലോഹനാണയമാണ്. അതിനെ പ്രതിനിധാനം ചെയ്യുന്ന പ്രൊമിസറി നോട്ട്, ഇക്വിറ്റി, ബോണ്ടുകൾ, ക്രിപ്റ്റോ കറൻസി പോലുള്ളവയും വെള്ളി നാണയമായി പരിഗണിക്കേണ്ടതാണ്.<br>• നിസ്വാബ് തികഞ്ഞ വെള്ളിക്ക് ഒരു ചന്ദ്രവർഷം പൂർത്തിയാവണം. | **200 ദിർഹം**<br>(1 ദിർഹം = 2.975 ഗ്രാം<br>200 x 2.975 = **595** ഗ്രാം) | 1/40<br>(2.5%) |
| 2.0 | **കാർഷിക വിളകൾ**<br>• അരി, ഗോതമ്പ് പോലെ അളന്ന് കണക്കാക്കാവുന്നതും സൂക്ഷിച്ചു വെക്കാവുന്നതുമായ വിളകൾക്കാണ് സകാത് ബാധകമാകുന്നത്.<br>• മഴ, അരുവി പോലെ പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വെള്ളം കൊണ്ട് വളർന്നുണ്ടായവ<br>[വിളവെടുപ്പ് സമയത്ത് തന്നെ കൊടുക്കണം, വർഷം തികയേണ്ടതില്ല]. | **5 വസഖ്**<br>(1 വസഖ് = 60 സ്വാഅ്)<br>∴ 5 x 60 = 300 സ്വാഅ്) | 1/10<br>(10%) |
| 2.1 | **കാർഷിക വിളകൾ**<br>• ജലസേചനം ചെയ്ത് വിളയിപ്പിച്ചതാണെങ്കിൽ<br>[വിളവെടുപ്പ് സമയത്ത് തന്നെ കൊടുക്കണം, വർഷം തികയേണ്ടതില്ല.] | **5 വസഖ്**<br>(1 വസഖ് = 60 സ്വാഅ്)<br>∴ 5 x 60 = 300 സ്വാഅ്) | 1/20<br>(5%) |

| | | | |
|---|---|---|---|
| 3.0 | **കാലി സമ്പത്ത്: ആട്**<br>• വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്ന, വർഷത്തിൽ അധിക സമയവും മേഞ്ഞുതിന്ന് വളരുന്നവ<br>[നിസ്വാബ് തികഞ്ഞ കാലിസമ്പത്തിന് ഒരു ചന്ദ്രവർഷം പൂർത്തിയാവണം.] | 40 - 120 ആട് | 1 ആട് (1 വയസ്, ഉത്തമം പെൺ) |
| 3.1 | കാലി സമ്പത്ത്: ആട് | 121 - 200 ആട് | 2 ആട് (1 വയസ്, ഉത്തമം പെൺ) |
| 3.2 | കാലി സമ്പത്ത്: ആട് | 201 - 300 ആട് | 3 ആട് (1 വയസ്, ഉത്തമം പെൺ) |
| 3.3 | കാലി സമ്പത്ത്: ആട് | 300 ന് മുകളിൽ ഓരോ 100 എണ്ണത്തിനും | 1 ആട് വീതം (1 വയസുള്ള പെൺ) |
| 4.0 | കാലി സമ്പത്ത്: മാട് | 30 - 39 മാട് | 1 മാട് (1 വയസുള്ള ആൺ/ പെൺ) |
| 4.1 | കാലി സമ്പത്ത്: മാട് | 40 - 59 മാട് | 1 മാട് (2 വയസുള്ള പെൺ) |
| 4.2 | കാലി സമ്പത്ത്: മാട് | 60 - 69 മാട് | 2 മാട് (1 വയസുള്ള ആൺ/ പെൺ) |

| | | | |
|---|---|---|---|
| 4.3 | കാലി സമ്പത്ത്: മാട് | 70 - 79 മാട് | 2 മാട് (1 മാട് 1 വയസുള്ള ആണും, 1 മാട് 1 വയസുള്ള പെണ്ണും) |
| 4.4 | കാലി സമ്പത്ത്: മാട് | 80 - 89 മാട് | 2 മാട് (2 വയസുള്ള പെൺ) |
| 4.5 | കാലി സമ്പത്ത്: മാട് | 90 - 99 മാട് | 3 മാട് (1 വയസുള്ള ആൺ/ പെൺ) |
| 4.6 | കാലി സമ്പത്ത്: മാട് | 100 നു മുകളിൽ | 1 മാട് (ഓരോ 30 മാടിനും 1 വയസുള്ള ആണോ പെണ്ണോ ആയ ഒരു മാട്, ഓരോ 40 മാടിനും 2 വയസുള്ള ഒരു പെൺ മാട്)* |

| | | | |
|---|---|---|---|
| | * 30, 40 എന്നിവയുടെ ഗുണിതങ്ങളായി സകാത് നിരക്ക് കണക്കാക്കാം<br>ഉദാഹരണത്തിന്, 100 മാടാണെങ്കിൽ രണ്ടു വയസ് തികഞ്ഞ രണ്ട് പെൺ മാട്. ബാക്കി വരുന്ന 20 എണ്ണത്തിന് സകാത്തില്ല<br>അല്ലെങ്കിൽ, ഒരു വയസ് തികഞ്ഞ ആണോ പെണ്ണോ ആയ മൂന്ന് മാട്. ബാക്കി വരുന്ന 10 എണ്ണത്തിന് സകാത്തില്ല. ഏറ്റവും ഉചിതമായത് തെരഞ്ഞെടുക്കാം. | | |
| 5.0 | **കാലി സമ്പത്ത്: ഒട്ടകം**<br>• വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്ന, വർഷത്തിൽ അധിക സമയവും മേഞ്ഞു തിന്ന് വളരുന്നവ | 5 - 9<br>ഒട്ടകം | 1 ആട് |
| 5.1 | **കാലി സമ്പത്ത്: ഒട്ടകം** | 10 - 14<br>ഒട്ടകം | 2 ആട് |
| 5.2 | **കാലി സമ്പത്ത്: ഒട്ടകം** | 15 - 19<br>ഒട്ടകം | 3 ആട് |
| 5.3 | **കാലി സമ്പത്ത്: ഒട്ടകം** | 20 - 24<br>ഒട്ടകം | 4 ആട് |
| 5.4 | **കാലി സമ്പത്ത്: ഒട്ടകം** | 25 - 35<br>ഒട്ടകം | 1 പെൺ ഒട്ടകം<br>(1 വയസ്) |
| 5.5 | **കാലി സമ്പത്ത്: ഒട്ടകം** | 36 - 45<br>ഒട്ടകം | 1 പെൺ ഒട്ടകം<br>(2 വയസ്) |

| | | | |
|---|---|---|---|
| 5.6 | കാലി സമ്പത്ത്: ഒട്ടകം | 46 - 60 ഒട്ടകം | 1 പെൺ ഒട്ടകം (3 വയസ്) |
| 5.7 | കാലി സമ്പത്ത്: ഒട്ടകം | 61 - 75 ഒട്ടകം | 1 പെൺ ഒട്ടകം (4 വയസ്) |
| 5.8 | കാലി സമ്പത്ത്: ഒട്ടകം | 76 - 90 ഒട്ടകം | 2 പെൺ ഒട്ടകം (2 വയസ്) |
| 5.9 | കാലി സമ്പത്ത്: ഒട്ടകം | 91 - 120 ഒട്ടകം | 2 പെൺ ഒട്ടകം (3 വയസ്) |
| 5.10 | കാലി സമ്പത്ത്: ഒട്ടകം | 120 ന് മുകളിൽ ഓരോ 40 ഒട്ടകത്തിനും | 1 പെൺ ഒട്ടകം (2 വയസ്) |
| 5.11 | കാലി സമ്പത്ത്: ഒട്ടകം | 120 ന് മുകളിൽ ഓരോ 50 ഒട്ടകത്തിനും | 1 പെൺ ഒട്ടകം (3 വയസ്) |

| | | | |
|---|---|---|---|
| 6.0 | **കച്ചവടം:**<br>**സകാത് വർഷം കണക്കാക്കുക:**<br>• ഓരോ ഇടപാടിനും ഒരു ചന്ദ്ര വർഷം തികയേണ്ടതില്ല. സകാത് വർഷത്തിനിടയിൽ നടന്ന മൊത്തം ഇടപാടുകളെ ഒന്നിച്ച് പരിഗണിക്കാവുന്നതാണ്.<br>**വരവ് കണക്കാക്കുക:**<br>• സകാത് വർഷത്തിൽ ഉൽപന്നങ്ങൾ വിൽക്കുന്നതിലൂടെയോ സേവനം നൽകുന്നതിലൂടെയോ ലഭിക്കുന്ന പ്രവർത്തന വരുമാനം (Operative Income) പരിഗണിക്കുക.<br>• ആസ്തി വിൽപന, നിക്ഷേപ ലാഭം പോലുള്ളവ ഉൾപ്പെടില്ല<br>**ചെലവ് കിഴിക്കുക:**<br>(1) ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ വരുന്ന നേരിട്ടുള്ള ചെലവുകൾ (COGS), അഥവാ അസംസ്കൃത വസ്തുക്കളുടെ വില, ഉത്പാദനത്തിനായുള്ള തൊഴിലാളികളുടെ കൂലി, ഉത്പാദനവുമായി നേരിട്ട് ബന്ധമുള്ള മറ്റ് ചെലവുകൾ വരുമാനത്തിൽനിന്ന് കിഴിക്കുക<br>(2) വിൽപനച്ചെലവ്, വിതരണച്ചെലവ്, ഭരണപരമായ ചെലവ് (administrative expense) പോലുള്ള പരോക്ഷ ചെലവുകളിൽനിന്ന് (indirect expense) ഒഴിവാക്കാനാവാത്തവയും കിഴിക്കാവുന്നതാണ്.<br>ഇപ്രകാരം, സകാത് വർഷത്തിലെ വരവിൽനിന്ന് ചെലവ് കഴിച്ച് കിട്ടുന്ന ആദായത്തിന് നിസ്വാബ് തികയുന്നുവെങ്കിൽ അങ്ങനെയുള്ള അറ്റാദായത്തിന് (Net Profit) മൊത്തമായി സകാത് നൽകുക. | **കച്ചവടത്തിന്റെ നിസ്വാബ് വ്യാപാരം നടത്തുന്ന നാണയത്തിന്റെ നിസ്വാബായിരിക്കും, അഥവാ**<br>**20 ദീനാർ**<br>(1 ദീനാർ = 4.25 ഗ്രാം<br>20 x 4.25 = **85 ഗ്രാം സ്വർണ്ണം**<br>അല്ലെങ്കിൽ അതിനു തുല്യമായ സംഖ്യ) | $^{1}/_{40}$ (2.5%) |

| | | | |
|---|---|---|---|
| 7.0 | **ഖനിജ വസ്തുക്കൾ:**<br>• വ്യാപാരത്തിനായി ഭൂമിയിൽനിന്ന് ഖനനം ചെയ്തെടുക്കുന്ന ഖനിജ വസ്തുക്കൾ വിറ്റ് കിട്ടുന്ന വിലക്കാണ് സകാത് നൽകേണ്ടത്.<br>• കച്ചവടവുമായി ബന്ധപ്പെട്ട സകാത് നിയമങ്ങളാണ് അവക്ക് ബാധകം. | **20 ദീനാർ** (നാണയത്തിന്റെ നിസ്വാബ്)<br>(1 ദീനാർ = 4.25 ഗ്രാം<br>20 x 4.25 = **85** ഗ്രാം) | 1/40<br>(2.5%) |
| 7.1 | **ഖനിജ വസ്തുക്കൾ: സ്വർണ്ണവും വെള്ളിയും**<br>• ഭൂമിയിൽനിന്ന് കുഴിച്ചെടുക്കുന്നത് സ്വർണ്ണവും വെള്ളിയുമാണെങ്കിൽ അവയെ കച്ചവട വസ്തുവായി കാണാൻ പാടില്ല.<br>• അവക്ക് സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നിയമങ്ങളാണ് ബാധകം. | **20 ദീനാർ**<br>1 ദീനാർ = 4.25 ഗ്രാം<br>20 x 4.25 = **85 ഗ്രാം**<br>**200 ദിർഹം**<br>(1 ദിർഹം = 2.975 ഗ്രാം<br>200 x 2.975 = **595** ഗ്രാം) | 1/40<br>(2.5%) |
| 8.0 | **നിധി:**<br>• പൂർവികർ ഭൂമിയിൽ അടക്കം ചെയ്തിട്ടുള്ള മൂല്യവത്തായ വസ്തുക്കളാണ് നിധി.<br>• മറ്റിനം സമ്പത്തുകളിൽനിന്ന് വിഭിന്നമായി അതിന് നിസ്വാബ് തികയേണ്ടതില്ല.<br>• ഒരു ചന്ദ്രവർഷം പൂർത്തീകരിക്കണമെന്ന നിബന്ധനയും അതിനില്ല. | **നിസ്വാബ് ഇല്ല** | 1/5<br>(20%) |

# 26

## സകാത്തിന്റെ അവകാശികൾ

നിർണ്ണിത ഇനം സമ്പത്തുകൾക്ക് മാത്രമാണ് അല്ലാഹു സകാത് നിർബന്ധമാക്കിയിട്ടുള്ളത്. അതേപോലെ, മുസ്‌ലിം സമൂഹത്തിൽ പെട്ട എട്ട് വിഭാഗങ്ങൾക്ക് മാത്രമേ സകാത് നൽകാൻ പാടുള്ളു എന്നും അവൻ നിയമമാക്കിയിരിക്കുന്നു. ധനികർ സകാത് നൽകുന്നതിലൂടെ ദരിദ്രർക്ക് ആശ്വാസം ലഭിക്കുന്നു എന്നത് ഒരു വസ്തുതയാണ്. പക്ഷെ, അത് സമൂഹത്തിൽനിന്ന് ദാരിദ്ര്യവും സാമ്പത്തിക അസമത്വങ്ങളും പാടെ തുടച്ചു നീക്കുമെന്നത് അൽപം കടന്ന പ്രതീക്ഷയാണ്. അതിനെ പിന്തുണക്കുന്ന യാതൊരു പ്രമാണരേഖയും ലഭ്യമല്ലെന്നതും പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. അതിനാൽ സകാത്തിനെ കുറിച്ച് ബോധവൽകരണം നടത്തുന്നവർ ജനങ്ങളിൽ ഇത്തരം വ്യാമോഹങ്ങൾ ഉണർത്താനോ തെറ്റായ സങ്കൽപങ്ങൾ സൃഷ്ടിക്കാനോ മുതിരരുത്.

സകാത്തിന്റെ ആത്മീയ തലങ്ങളെ കുറിച്ച് മൗനം പാലിക്കുകയും, അതിനെ ഒരു സമ്പൂർണ്ണ സാമ്പത്തിക പദ്ധതിയായോ സമഗ്രമായ ദുരിതാശ്വാസ പാക്കേജായോ അവതരിപ്പിക്കുകയും ചെയ്യുന്ന രീതിയാണ്

ഇന്ന് പൊതുവിൽ കണ്ടുവരുന്നത്. ഇസ്‌ലാമിക മൂല്യങ്ങളെയെല്ലാം പദാർത്ഥവത്കരിക്കാനുള്ള ഇത്തരം ശ്രമങ്ങൾക്ക് ആധുനികതയുടെ ഒരു പരിവേഷമുണ്ടെന്ന് തോന്നാമെങ്കിലും അവ മതത്തിന്റെ വിശുദ്ധിയും ശോഭയും കെടുത്തിക്കളയാനേ ഉപകരിക്കൂ. സകാത്തിന്റെ ആത്മീയവും ആരാധനപരവുമായ തലങ്ങളെ അധഃകരിച്ച് അതിനെ കേവലം ഒരു ദുരിതാശ്വാസ പ്രവർത്തനമായോ ക്ഷേമപദ്ധതിയായോ കാണുന്നത് വിവരദോഷവും വീക്ഷണ വൈകല്യവുമാണെന്നേ പറയേണ്ടതുള്ളു.

സകാത്തിന്റെ അവകാശികൾ ആരെല്ലാമാണെന്ന് അല്ലാഹു ഖുർആനിൽ തന്നെ സ്പഷ്ടമാക്കിയിട്ടുണ്ട്. താഴെ കൊടുക്കുന്ന സൂക്തം ശ്രദ്ധിക്കുക:

﴿إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ ۖ فَرِيضَةً مِّنَ اللَّهِ ۗ وَاللَّهُ عَلِيمٌ حَكِيمٌ ﴿٦٠﴾﴾ (التوبة)

«സകാത്, ദരിദ്രന്മാർക്കും അഗതികൾക്കും അതിന് ചുമതലപ്പെടുത്തപ്പെട്ട ജോലിക്കാർക്കും മനസ്സുകൾ ഇണക്കപ്പെട്ട പുതുമുസ്‌ലിംകൾക്കും അടിമകളുടെ മോചന കാര്യത്തിലും ഋണബാധ്യതയിൽ കുടുങ്ങിയവർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിനു പോകുന്ന സൈനികർക്കും വഴിയിൽപെട്ടുപോകുന്നവർക്കും മാത്രമാണ്. അല്ലാഹുവിങ്കൽനിന്നുള്ള നിയമമത്രെ അത്. അല്ലാഹു എല്ലാം അറിയുന്നവനും ജ്ഞാനിയായ അധികാരസ്ഥനുമാണ്.» (അത്തൗബഃ, 9:60)

മേൽ സൂക്തത്തിൽ സകാത്തിന്റെ അവകാശികളായി നിജപ്പെടുത്തിയിരിക്കുന്ന വിഭാഗങ്ങൾ താഴെ പറയുന്നവരാണ്:

1. ദരിദ്രർ
2. അഗതികൾ
3. സകാത് ഉദ്യോഗസ്ഥർ

4. പുതുമുസ്‌ലിംകൾ
5. മോചനം തേടുന്ന അടിമകൾ
6. ഋണബാധ്യതയുള്ളവർ
7. ജിഹാദിന് പോകുന്ന യോദ്ധാക്കൾ
8. വഴിയിൽ പെട്ടുപോകുന്ന യാത്രക്കാർ

പ്രസ്തുത വിഭാഗങ്ങളെ സകാത്തിന്റെ സന്ദർഭത്തിൽനിന്നും മാറ്റി നിർത്തിയാൽ അവരെ മുസ്‌ലിം അമുസ്‌ലിം എന്ന് രണ്ടാക്കി വേർതിരിക്കാൻ കഴിയും. പക്ഷെ, സകാത്തിനെ കുറിച്ച് പറയുന്ന സന്ദർഭത്തിൽ വിവക്ഷിക്കപ്പെടുന്നത് മുസ്‌ലിംകളിൽപെട്ടവരെ മാത്രമാണെന്നും വരും. സകാത് വാങ്ങുന്നതിലും കൊടുക്കുന്നതിലും അമുസ്‌ലിംകളെ പരിഗണിക്കാനാവില്ല. ഇതിനുള്ള തെളിവ്, തൗബഃ 103-ാംസൂക്തത്തിലെ ﴿ خُذْ مِنْ أَمْوَالِهِمْ صَدَقَةً ﴾ «അവരുടെ സ്വത്തുകളിൽ നിന്ന് നീ സകാത് സ്വീകരിക്കുക» എന്ന പരാമർശമാണ്. ഇവിടെ പ്രയോഗിച്ച 'അവരുടെ' എന്ന സർവ്വനാമം നിർദ്ദേശിക്കുന്നത് മുസ്‌ലിംകളെയാണ്. അമുസ്‌ലിംകൾ അതിൽ ഉൾപ്പെടുകയില്ല തന്നെ. കൂടാതെ, നബി ﷺ മുആദ് ﷛ വിനെ യമനിലേക്ക് അയക്കുമ്പോൾ നൽകിയ കൽപന കൂടി കാണുക:

عَنِ ابْنِ عَبَّاسٍ ﷠: أَنَّ النَّبِيَّ ﷺ بَعَثَ مُعَاذًا إِلَى اليَمَنِ، فَقَالَ: « ادْعُهُمْ إِلَى شَهَادَةِ أَنْ لاَ إِلَٰهَ إِلَّا اللهُ، وَأَنِّي رَسُولُ اللهِ، فَإِنْ هُمْ أَطَاعُوا لِذَلِكَ، فَأَعْلِمْهُمْ أَنَّ اللهَ قَدِ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ، فَإِنْ هُمْ أَطَاعُوا لِذَلِكَ، فَأَعْلِمْهُمْ أَنَّ اللهَ افْتَرَضَ عَلَيْهِمْ صَدَقَةً فِي أَمْوَالِهِمْ تُؤْخَذُ مِنْ أَغْنِيَائِهِمْ وَتُرَدُّ عَلَى فُقَرَائِهِمْ »

(أخرجه البخاي في صحيحه)

ഇബ്‌നു അബ്ബാസ് ﷠ നിവേദനം: നബി ﷺ മുആദിനെ ﷛ യമനിലേക്ക് നിയോഗിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: «ന്യായമായും ആരാധിക്കപ്പെടാൻ അല്ലാഹു അല്ലാതെ ആരുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്ക് നീ അവരെ ക്ഷണിക്കുക.

അവർ അതിനു കീഴ്പ്പെട്ടാൽ, അല്ലാഹു അവർക്ക് ഓരോ ദിനരാത്രങ്ങളിലുമായി അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാക്കിയിരിക്കുന്നു എന്നും അവരെ അറിയിക്കുക. അവർ അതിനും കീഴ്പ്പെട്ടാൽ, അവരുടെ സമ്പത്തിൽ അല്ലാഹു സകാത് നിയമമാക്കിയിരിക്കുന്നു എന്നും, അത് അവരിലെ ധനികരിൽ നിന്ന് ശേഖരിക്കപ്പെടുകയും ദരിദ്രർക്കു നൽകപ്പെടുകയും ചെയ്യേണ്ടതാണെന്നും നീ അവരെ അറിയിക്കുക.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

ഈ നബിവചനത്തിൽ, സത്യസാക്ഷ്യവും അഞ്ചുനേരത്തെ നിർബന്ധ നമസ്കാരവും അംഗീകരിച്ചവരിൽനിന്ന് മാത്രമേ സകാത് പിരിക്കാനും അങ്ങനെയുള്ളവർക്ക് മാത്രമേ സകാത് വിതരണം ചെയ്യാനും പാടുള്ളു എന്ന് അസന്ദിഗ്ധമായി തന്നെ പ്രസ്താവിച്ചിരിക്കുന്നു. ഇതു തന്നെയാണ് സലഫുകളുടെയും ഇമാമുകളുടെയും സൂക്ഷ്മദൃക്കുകളായ പണ്ഡിതന്മാരുടെയും നിലപാടും. ഇമാം ശാഫിഈ ﵀ പറയുന്നത് കാണുക:

"فبين في قصة معاذ أن هذا في المسلمين خاصة، وذلك أن العشر والصدقة لا تكون إلا للمسلمين" (الشافعي في الأم)

"മുആദിന്റെ ﵁ സംഭവത്തിൽ ഇത്, അഥവാ സകാത്, മുസ്ലിംകൾക്ക് സവിശേഷമായുള്ളതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. അതായത്, സകാത്തും അതിന്റെ ഇനങ്ങളിൽപെട്ട പത്തിലൊന്നും മുസ്ലിംകളിലല്ലാതെ പറ്റില്ല." (ശാഫിഈ, അൽ ഉമ്മ്)

ഇക്കാര്യം പലരും താത്വികമായി അംഗീകരിക്കാറുണ്ട്. എന്നാൽ പ്രയോഗത്തിൽ അതിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നതായിട്ടാണ് പിന്നീട് കാണാറുള്ളത്. അത്തരക്കാർ സകാത്തിനെ കുറിച്ച് പറയുമ്പോൾ അത് മുസ്ലിംകൾക്ക് മാത്രം അവകാശപ്പെട്ടതാണെന്ന് പറയും. സകാത്തിന്റെ അവകാശികളെ കുറിച്ച് വിശദീകരിക്കുമ്പോൾ അതിൽ മുസ്ലിംകളല്ലാത്തവരെ ഉൾപ്പെടുത്തുകയും ചെയ്യും. അതിനു

ള്ള തെളിവ് അന്വേഷിച്ചാൽ അവർ ചൂണ്ടിക്കാണിക്കാറുള്ളത് നബി ﷺ അമുസ്‌ലിംകളായ ചിലർക്ക് യുദ്ധസ്വത്ത് വീതിച്ച് കൊടുത്തതും! ഇങ്ങനെ വിഷയത്തെ വളച്ചൊടിക്കുകയും സങ്കീർണ്ണവൽക്കരിക്കുകയുമാണ് അവർ ചെയ്യാറുള്ളത്.

പുതുമുസ്‌ലിംകളെ ﴿الْمُؤَلَّفَةِ قُلُوبُهُمْ﴾ കുറിച്ച് വിശദീകരിക്കവെ ഇതു സംബന്ധിച്ച് വേണ്ടത്ര ആശയ വ്യക്തത നൽകുന്ന ഒരു ഭാഗം ഇമാം ബഗവി رحمه الله തന്റെ തഫ്സീറിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത വിഭാഗത്തെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ അതു നാം ഉദ്ധരിക്കുന്നുമുണ്ട്. അത് കൂടി ഇതിനോടൊപ്പം ചേർത്തു വായിക്കുന്നത് നന്നായിരിക്കും.

അത്തൗബഃ 60-ാം സൂക്തത്തിൽ പറഞ്ഞ എട്ടു വിഭാഗങ്ങൾക്ക് മാത്രമേ സകാത് നൽകാൻ പാടുള്ളു. ആയതിനാൽ ആ വിഭാഗങ്ങളെ കുറിച്ചുള്ള ഒരു ലഘുവിവരണം ഇവിടെ ചേർക്കുന്നത് ആനുഷംഗികമായിരിക്കും.

ഒന്ന്: الْفُقَرَاءُ - പാവങ്ങൾ

ഇവിടെ പരാമർശിച്ചിരിക്കുന്ന الْفُقَرَاءُ وَالْمَسَاكِينُ എന്നീ വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണ്? ഓരോ വിഭാഗത്തിലും ഉൾപ്പെടുന്നവർ ആരൊക്കെ? ഇതു സംബന്ധിച്ച് പണ്ഡിത ലോകത്ത് വ്യത്യസ്തമായ നിർവ്വചനങ്ങളും വീക്ഷണങ്ങളും നിലനിൽക്കുന്നുണ്ട്. പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഇബ്നു ജരീറുത്ത്വബരി رحمه الله ഇക്കാര്യം തന്റെ തഫ്സീറിൽ വിശദമായി തന്നെ ചർച്ച ചെയ്തിരിക്കുന്നു. സ്വഹാബികളും താബിഉകളുമായ വ്യാഖ്യാതാക്കളുടെ വിശദീകരണങ്ങൾ ഉദ്ധരിച്ചു കൊണ്ട് അദ്ദേഹം സമർത്ഥിക്കുന്നത് ഇപ്രകാരമാണ്:

അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാതെ, നിത്യവൃത്തിക്ക് വകയില്ലാത്ത, യാതൊരു വരുമാനവുമില്ലാത്ത, തീർത്തും ആലംബഹീനരായ പരമ പാവങ്ങളാണ് الْفُقَرَاءُ എന്ന ഗണത്തിൽ ഉൾപ്പെടുക. ഭക്ഷണം, വസ്ത്രം, താമസം പോലുള്ള അടിസ്ഥാന

ആവശ്യങ്ങൾ പോലും സ്വന്തമായി കണ്ടെത്താനാവാത്ത ഇക്കൂട്ടർ അടുത്ത വിഭാഗമായ الْمَسَاكِينُ നെക്കാളും ദൈന്യം നിറഞ്ഞവരാണ്.

രണ്ട്: الْمَسَاكِينُ - ദരിദ്രർ

ചില്ലറ വരുമാനങ്ങളോ ജീവിതോപാധികളോ ഉണ്ടെങ്കിലും നിത്യജീവിതത്തിന് അതു മതിയാകാതെ വരുന്നവരാണ് ഈ വിഭാഗം. പുറത്തുനിന്ന് വീക്ഷിക്കുന്നവർക്ക് അവർ കുഴപ്പമില്ലാതെ മുന്നോട്ട് പോകുന്നവരായി തോന്നാമെങ്കിലും, ഉള്ളിൽ കടുത്ത കുറവുകളും പ്രയാസങ്ങളും നേരിടുന്നവരായിരിക്കും ഇക്കൂട്ടർ. എങ്കിലും ഇവരുടെ അവസ്ഥ الْفُقَرَاءُ നെക്കാളും ഭേദപ്പെട്ടതായിരിക്കും.

മൂന്ന്: الْعَامِلِينَ عَلَيْهَا - സകാത് ഉദ്യോഗസ്ഥർ

സമ്പത്തിന്റെ ഉറവിടങ്ങളിൽ പോയി പരിശോധന നടത്തുക, സകാത് കണക്ക് കൂട്ടുക, അതിൽനിന്ന് നിയമപ്രകാരമുള്ള സകാത് വിഹിതം ശേഖരിക്കുക, അത് പൊതുഖജനാവിൽ സംഭരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക, സകാത്തിന്റെ അവകാശികളെ കണ്ടെത്തി വിതരണം ചെയ്യുക പോലുള്ള ഭാരിച്ച ഉത്തരവാദിത്വം ഏൽപിക്കപ്പെട്ട ഉദ്യോഗസ്ഥരാണ് ഈ വിഭാഗം. തങ്ങളിൽ അർപ്പിതമായ ചുമതല നീതിപൂർവകമായും മനഃസാക്ഷിയോടും കൂടി ചെയ്തുതീർക്കണമെങ്കിൽ അവർ മറ്റു ഉപജീവന മാർഗങ്ങൾ പൂർണ്ണമായോ ഭാഗികമായോ വെടിയേണ്ടിവരും. അതിനാൽ അത്തരം സകാത് ഉദ്യോഗസ്ഥരുടെ ക്ഷേമത്തിനായി സകാത്തിൽനിന്നു തന്നെ ഒരു വിഹിതം അല്ലാഹു വകയിരുത്തിയിരിക്കുകയാണ്.

നാല്: الْمُؤَلَّفَةُ قُلُوبُهُمْ - ഹൃദയം ഇണക്കപ്പെട്ടവർ

അടുത്ത കാലത്തായി ഇസ്‌ലാമിലേക്ക് കടന്നുവന്ന നവാഗതരാണ് ഇക്കൂട്ടർ. ഇതര മതാനുയായികൾ പൂർവ്വ മതം ഉപേക്ഷിച്ച് ഇസ്‌ലാമിലേക്ക് വരുമ്പോൾ അവർ സാമൂഹികമായും സാമ്പത്തികമായും പുറന്തള്ളപ്പെടുന്ന സ്ഥിതിവിശേഷമുണ്ടാവരുത്. മറിച്ച് അവരെ യഥാസമയം പുനരധിവസിപ്പിക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ കടമയാണ്. വിശിഷ്യാ, മാതാപിതാക്കളോ ഇണകളോ തങ്ങളോടൊപ്പം

ഇസ്‌ലാം സ്വീകരിക്കാൻ തയ്യാറാകാത്ത സാഹര്യങ്ങളിൽ അവർക്ക് സവിശേഷമായ സാമ്പത്തിക പിന്തുണ ആവശ്യമായിരിക്കും. കാരണം, ഭിന്നമതങ്ങൾ പിന്തുടരുന്ന ആളുകൾ പരസ്പരം അനന്തരമെടുക്കാവതല്ലെന്നതാണ് ഇസ്‌ലാമിന്റെ അനുശാസന. ഇത്തരം പുതുമുസ്‌ലിംകളെ പുനരധിവസിപ്പിക്കാനും അവരുടെ ക്ഷേമം ഉറപ്പ് വരുത്താനുമായി സകാത്തിൽനിന്ന് ഒരു വിഹിതം തന്നെ വകയിരുത്തിയിരിക്കുന്നു.

എന്നാൽ, الْمُؤَلَّفَةُ قُلُوبُهُمْ അഥവാ ഹൃദയം ഇണക്കപ്പെട്ടവർ എന്ന ഈ വിഭാഗത്തെ കുറിച്ച് പലരും തെറ്റായിട്ടാണ് ഇന്ന് മനസ്സിലാക്കിപോരുന്നത്. അമുസ്‌ലിംകളെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ വേണ്ടി നൽകുന്ന ഒരു വിഹിതം എന്നാണ് ഇതിനെ കുറിച്ച് പലരും ധരിച്ചു വെച്ചിരിക്കുന്നത്. അത്തരക്കാരുടെ അറിവിലേക്കായി ബഗവി رَحِمَهُ اللَّهُ അതിനു നൽകിയ വ്യാഖ്യാനം ഇവിടെ ഉദ്ധരിക്കാം:

"﴿وَالْمُؤَلَّفَةِ قُلُوبُهُمْ﴾ فَالصِّنْفُ الرَّابِعُ مِنَ الْمُسْتَحِقِّينَ لِلصَّدَقَةِ هُمُ: الْمُؤَلَّفَةُ قُلُوبُهُمْ، وَهُمْ قِسْمَانِ: قِسْمٌ مُسْلِمُونَ، وَقِسْمٌ كُفَّارٌ. فَأَمَّا الْمُسْلِمُونَ: فَقِسْمَانِ، قِسْمٌ دَخَلُوا فِي الْإِسْلَامِ وَنِيَّتُهُمْ ضَعِيفَةٌ فِيهِ، فَكَانَ النَّبِيُّ ﷺ يُعْطِيهِمْ تَأَلُّفًا كَمَا أَعْطَى عُيَيْنَةَ بْنَ بَدْرٍ، وَالْأَقْرَعَ بْنَ حَابِسٍ، وَالْعَبَّاسَ بْنَ مِرْدَاسٍ، أَوْ أَسْلَمُوا وَنِيَّتُهُمْ قَوِيَّةٌ فِي الْإِسْلَامِ، وَهُمْ شُرَفَاءُ فِي قَوْمِهِمْ مِثْلُ: عَدِيِّ بْنِ حَاتِمٍ، وَالزِّبْرِقَانِ بْنِ بَدْرٍ، فَكَانَ يُعْطِيهِمْ تَأَلُّفًا لِقَوْمِهِمْ، وَتَرْغِيبًا لِأَمْثَالِهِمْ فِي الْإِسْلَامِ، فَهَؤُلَاءِ يَجُوزُ لِلْإِمَامِ أَنْ يُعْطِيَهُمْ مِنْ خُمْسِ خُمْسِ الْغَنِيمَةِ، وَالْفَيْءِ سَهْمِ النَّبِيِّ ﷺ، وَكَانَ النَّبِيُّ ﷺ يُعْطِيهِمْ مِنْ ذَلِكَ وَلَا يُعْطِيهِمْ مِنَ الصَّدَقَاتِ" (البغوي في معالم التنزيل)

"﴿وَالْمُؤَلَّفَةِ قُلُوبُهُمْ﴾: സകാത്തിന്റെ അവകാശികളിൽ നാലാമത്തേത് الْمُؤَلَّفَةُ قُلُوبُهُمْ എന്ന വിഭാഗമാണ്. 'ഹൃദയം ഇണക്കപ്പെട്ടവർ' എന്ന ഈ വിഭാഗത്തിൽ തന്നെ രണ്ടു തരക്കാരുണ്ട്; മുസ്‌ലിംകളും അവിശ്വാസികളും. മുസ്‌ലിംകൾ തന്നെ രണ്ടു തരക്കാരാണ്. ഒരു തരക്കാർ

ഇസ്‌ലാമിൽ പ്രവേശിച്ചു എങ്കിലും മനോബലം കുറഞ്ഞവരാണ്. ഇണക്കിയെടുക്കാൻ വേണ്ടി അത്തരക്കാർക്ക് നബി ﷺ പാരിതോഷികങ്ങൾ നൽകാറുണ്ടായിരുന്നു. ഉയൈയ്നഃ ബിൻ ബദ്ർ, അഖ്റഅ് ബിൻ ഹാബിസ്, അബ്ബാസ് ബിൻ മിർദാസ് എന്നിവർക്കൊക്കെ അവിടുന്ന് നൽകിയത് അതിന് ഉദാഹരണമാണ്. മറ്റൊരു തരക്കാർ ഉയർന്ന മനോബലത്തോടു കൂടി ഇസ്‌ലാമിലേക്ക് വന്നവരാണ്. അവരുടെ സമൂഹത്തിലെ പ്രമുഖരുമാണവർ. അദിയ്യു ബിൻ ഹാതിം, സബർഖാൻ ബിൻ ബദ്ർ പോലുള്ളവർ ഉദാഹരണം. അവരുടെ ജനതയെ ഇണക്കാനും അവരെ പോലുള്ളവർക്ക് ഇസ്‌ലാമിനോട് പ്രതിപത്തി ജനിപ്പിക്കാനും വേണ്ടി അവർക്കും നബി ﷺ പാരിതോഷികങ്ങൾ നൽകിയിട്ടുണ്ട്. അത്തരക്കാർക്കെല്ലാം യുദ്ധസ്വത്തിന്റെ അഞ്ചിൽ ഒരു ഭാഗത്തിൽനിന്നും ഒരംശം നൽകാവുന്നതാണ്. അതു പോലെ യുദ്ധം നടക്കാതെ കിട്ടുന്ന സ്വത്തിലെ നബിയുടെ ﷺ വിഹിതത്തിൽനിന്നും (فَيءٌ) നൽകാവുന്നതാണ്. നബി ﷺ അതിൽനിന്നാണ് അവർക്ക് പാരിതോഷികങ്ങൾ നൽകാറുണ്ടായിരുന്നത്. സകാത്തിൽനിന്ന് അവർക്ക് നൽകാറുണ്ടായിരുന്നില്ല." (ബഗവി, മആലിമു ത്തൻസീൽ)

ബഗവിയുടെ ﵀ വിശദീകരണം സമഗ്രമാണ്. ദരിദ്രർ, അഗതികൾ.. ഇങ്ങനെ പറഞ്ഞ വിഭാഗങ്ങളെ മുസ്‌ലിം അമുസ്‌ലിം എന്നിങ്ങനെ രണ്ടായി തിരിക്കാം. പക്ഷെ, സകാത് മുസ്‌ലിംകൾക്ക് മാത്രമേ നൽകാവൂ. ഇസ്‌ലാമിലേക്ക് വന്ന നവാഗതരെ (المؤلفة قلوبهم) പുനരധിവസിപ്പിക്കുന്നതിന് സകാത്തിൽനിന്ന് ഒരു വിഹിതം വകയിരുത്തിയിട്ടുണ്ട്. എന്നാൽ, ഇസ്‌ലാമിക പ്രബോധനവും യുദ്ധവുമായി ബന്ധപ്പെട്ട് നബി ﷺ നൽകിയിരുന്ന പാരിതോഷികങ്ങൾ സകാത്തിൽനിന്നായിരുന്നില്ല, യുദ്ധസ്വത്തിൽനിന്നായിരുന്നു ചെലവഴിച്ചിരുന്നത്. ഈ യാഥാർത്ഥ്യം ഒഴുക്കൻ മട്ടിൽ വായിച്ചു തള്ളാതെ കൃത്യതയോടെ വ്യക്തതയോടെ ബോധ്യം വരുത്തേണ്ട കാര്യമാണ്.

**അഞ്ച്: الرِّقَابُ - മോചനം തേടുന്ന അടിമകൾ**

ഉടമകളുമായി മോചനക്കരാർ ഉണ്ടാക്കി കാത്തിരിക്കുന്നവരാ

ണ് ഈ ഗണത്തിൽ ഉൾപ്പെടുക. അടിമകളെ മോചിപ്പിക്കുമ്പോൾ ഉടമകൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടവും പരിഗണിക്കപ്പെടേണ്ട കാര്യമാണ്. ആയതിനാൽ മോചനം തേടുന്ന അടിമകളെ സാമ്പത്തികമായി സഹായിക്കുന്നതും, അടിമ മോചനത്തിലൂടെ ഉടമകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതുമായ ഒരു നടപടിയാണ് ഇസ്‌ലാം ദർശനം ചെയ്തിരിക്കുന്നത്. ഉടമകൾക്ക് നൽകേണ്ട മോചന മൂല്യം നൽകാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻ സകാത്തിൽ പ്രത്യേക വിഹിതം തന്നെ വകയിരുത്തിയിരിക്കുന്നു. ദുരകളും ചൂഷണങ്ങളും നിറഞ്ഞ ഒരു പുരാതന വ്യവസ്ഥിതിയുടെ കരാള ഹസ്തങ്ങളിൽനിന്ന് ഇരകളെ മോചിപ്പിക്കുമ്പോൾ സാമൂഹികവും സാമ്പത്തികവുമായ സന്തുലിതത്വം നഷ്ടപ്പെടാതിരിക്കാനുള്ള ബദ്ധശ്രദ്ധ കൂടി അനിവാര്യമാണ്. അടിമകളുടെ മോചനത്തിനായി ഇസ്‌ലാം നടപ്പിലാക്കുന്ന ചിട്ടയോടെയുള്ള പുനരധിവാസ പദ്ധതിയുടെ ഒരു മൂലക്കല്ലാണ് സകാത്തിൽനിന്നുള്ള ഈ വിഹിതം.

ആറ്: الْغَارِمُونَ - ഋണബാധ്യതയുള്ളവർ

സ്വന്തം ആഢംബരത്തിനോ ദുർവ്യയത്തിനോ അല്ലാതെ, ന്യായമായ കാരണങ്ങൾക്കായി കടം വാങ്ങി തിരിച്ചടക്കാൻ കഴിയാതെ പ്രയാസപ്പെടുന്നവരാണ് ഋണബാധ്യതയുള്ളവർ എന്നതു കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. അവരെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുക കെട്ടുറപ്പുള്ള ഒരു സമൂഹ നിർമ്മിതിക്ക് അനിവാര്യമാണ്. അതിനാൽ തന്നെ സകാത്തിൽനിന്നുള്ള ഒരു വിഹിതം അതിനു വേണ്ടി നീക്കിവെച്ചിരിക്കുന്നു.

ഏഴ്: فِي سَبِيلِ اللهِ - യോദ്ധാക്കൾ

അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന സൈനികരെയാണ് فِي سَبِيلِ اللهِ എന്നതു കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. കുഴപ്പകാരികളെ അമർച്ച ചെയ്യാനും മതത്തിന്റെ പേരിലുള്ള മർദ്ദനങ്ങളും പീഡനങ്ങളും അവസാനിപ്പിക്കാനും, അല്ലാഹുവിന്റെ ഭൂമിയിൽ അവനെ മാത്രം ആരാധന ചെയ്യാനുള്ള സ്വാതന്ത്ര്യവും സാവകാശവും പുനഃ

സ്ഥാപിക്കാനും വേണ്ടി അനിവാര്യ ഘട്ടങ്ങളിൽ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നല്ല യുദ്ധം നടത്താൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നു. അതിനു വേണ്ടി ധനവും ശരീരവും വ്യയം ചെയ്യുക എന്നത് ഏറെ പുണ്യം നിറഞ്ഞ സുകൃതമായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. അപ്രകാരമുള്ള യുദ്ധത്തിൽ പങ്കെടുക്കുന്ന യോദ്ധാക്കൾക്ക് പലപ്പോഴും സാമ്പത്തിമായ ഭദ്രതയുണ്ടായിരിക്കണമെന്നില്ല. അത്തരക്കാർക്ക് സാമ്പത്തിക സുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്താനുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ പ്രതിബദ്ധതയെയാണ് യഥാർത്ഥത്തിൽ സകാത്തിൽനിന്നുള്ള ഈ വിഹിതം പ്രതിഫലിപ്പിക്കുന്നത്.

എന്നാൽ فِي سَبِيلِ الله (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) എന്നത് ഇന്ന് സമൂഹത്തിൽ വലിയ തെറ്റിദ്ധാരണ നിലനിൽക്കുന്ന പ്രയോഗമാണ്. ഗൗരവതരമായ പല ആധുനിക ഇസ്‌ലാമിക രചനകളിൽ പോലും അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടും എന്ന വിധത്തിലാണ് അതിനെ നിർവ്വചിച്ചിരിക്കുന്നത്. സാമാന്യം നല്ല മതവിദ്യാഭ്യാസം നേടിയവർ പോലും ഇക്കാര്യത്തിൽ അബദ്ധം പ്രചരിപ്പിക്കുന്നത് കാണാം. അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടുമെന്ന ധാരണ ശരിയല്ല. ശത്രുക്കളുമായുള്ള യുദ്ധവും അതിൽ പങ്കെടുക്കുന്ന യോദ്ധാക്കളും എന്നതാണ് അതിന്റെ ശരിയായ വിവക്ഷ. ഇസ്‌ലാമിന്റെ ശത്രുക്കളോട് യുദ്ധത്തിനു പോകുന്ന യോദ്ധാക്കൾക്കാണ് സകാത്തിൽനിന്ന് ഒരു വിഹിതം വകയിരുത്തിയിരിക്കുന്നത്. അതിനു പുറമെ, ഈ വകുപ്പിൽ സകാത് നൽകാവുന്നവർ ഹജ്ജിന് പോകുന്നവരാണ്.

സ്മർത്തവ്യമായ മറ്റൊരു കാര്യം, فِي سَبِيلِ الله (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) എന്നതിന് ജിഹാദ് എന്ന് അർത്ഥ കൽപന നടത്തുന്നതും പൂർണ്ണമായി ശരിയല്ല. ജിഹാദ് കൂടുതൽ അർത്ഥവ്യാപ്തിയുള്ള മറ്റൊരു പദമാണ്. അതിന്റെ വിവക്ഷയിൽ ശത്രുക്കളോടുള്ള യുദ്ധം മാത്രമല്ല മറ്റു പല കാര്യങ്ങളും ഉൾപ്പെടും. രണ്ടും തമ്മിൽ മാറിപ്പോ

കാതെ വേർതിരിച്ച് മനസ്സിലാക്കണമെന്ന് മാന്യ വായനക്കാരെ ഉണർത്തുകയാണ്.

അൽ ബഖറഃ 195-ാം സൂക്തത്തിൽ അല്ലാഹു ആജ്ഞാപിക്കുന്നത് ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിനു വേണ്ടി സ്വത്ത് ചെലവഴിക്കാനാണ്. അതിനു വേണ്ടി സ്വത്ത് ചെലവഴിക്കാതിരിക്കുന്നത് നാശത്തിൽ കൈ ഇടലായിത്തീരും. കാരണം, സ്വത്ത് വിനിയോഗിക്കാത്ത പക്ഷം സത്യത്തിനു വേണ്ടിയുള്ള യുദ്ധം ഇല്ലാതാകും. അത് ശിർക്കിന്റെയും അനുബന്ധ കുഴപ്പങ്ങളുടെയും തേർവാഴ്ചക്ക് വഴിവെക്കും. തന്നിമിത്തം ഇഹത്തിലും പരത്തിലും നിങ്ങൾ നാശമടയേണ്ടിവരും. ഇതാണ് മേൽ സൂക്തത്തിന്റെ ശരിയായ വിവക്ഷ. ഇമാം ത്വബരി ﵀ നൽകിയ വ്യാഖ്യാനം കാണുക:

"وسبيل الله طريقه الذي أمر أن يسلك فيه إلى عدوه من المشركين لجهادهم وحربهم، ﴿ولا تلقوا بأيديكم إلى التهلكة﴾ يقول: ولا تتركوا النفقة في سبيل الله، فإن الله يعوضكم منها أجرا ويرزقكم عاجلا " (أبو جعفر الطبري في جامع البيان)

"അല്ലാഹുവിന്റെ മാർഗ്ഗം (سبيل الله) എന്നത് മുശ്‌രിക്കുകളായ ശത്രുക്കളിലേക്ക്, അവരോട് ജിഹാദും യുദ്ധവും ചെയ്യുന്നതിനു വേണ്ടി, കടന്നുചെല്ലാൻ അല്ലാഹു കൽപിച്ച വഴിയാണ്. «നിങ്ങളുടെ കൈകൾ നിങ്ങൾ നാശത്തിലിടരുത്» എന്നതിലൂടെ അല്ലാഹു പറയുന്നത് യുദ്ധത്തിനു വേണ്ടിയുള്ള വ്യയം നിങ്ങൾ ഉപേക്ഷിക്കരുത് എന്നാണ്. നിശ്ചയമായും അല്ലാഹു അതിനു പകരമായി നിങ്ങൾക്ക് പ്രതിഫലം നൽകും; ഇഹത്തിൽ തന്നെ നിങ്ങൾക്ക് വേണ്ടത് അവൻ പ്രദാനം ചെയ്യും." (ഇബ്‌നു ജരീർ അത്ത്വബരി, ജാമിഉൽ ബയാൻ)

മുകളിൽ പറഞ്ഞ വ്യാഖ്യാനത്തെ സാധൂകരിക്കുന്ന ഒരു സംഭവം കൂടി ഉദ്ധരിക്കാം.

عن أسلم أبي عمران التجيبي قال: "كنا بمدينة الروم، فأخرجوا إلينا صفا عظيما

من الروم، فخرج إليهم من المسلمين مثلهم أو أكثر، وعلى أهل مصر عقبة بن عامر، وعلى الجماعة فضالة بن عبيد، فحمل رجل من المسلمين على صف الروم حتى دخل فيهم، فصاح الناس وقالوا: سبحان الله، يلقي بيديه إلى التهلكة! فقام أبو أيوب الأنصاري فقال: يا أيها الناس! إنكم تتأولون هذه الآية هذا التأويل، وإنما أنزلت هذه الآية فينا معشر الأنصار، لما أعز الله الإسلام وكثر ناصروه فقال بعضنا لبعض سرا دون رسول الله ﷺ: إن أموالنا قد ضاعت: وإن الله قد أعز الإسلام وكثر ناصروه، فلو أقمنا في أموالنا فأصلحنا ما ضاع منها، فأنزل الله على نبيه ﷺ يرد علينا ما قلنا: ﴿وَأَنفِقُوا فِي سَبِيلِ اللَّهِ وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ.. ﴿١٩٥﴾﴾ (البقرة)، فكانت التهلكة الإقامة على الأموال وإصلاحها وتركنا الغزو، فما زال أبو أيوب شاخصا في سبيل الله حتى دفن بأرض الروم" (أخرجه الترمذي في سننه وصححه الألباني)

**അസ്‌ലം അത്തുജീബി നിവേദനം: അദ്ദേഹം പറയുന്നു: "ഞങ്ങൾ റോം പട്ടണത്തിലായിരിക്കെ റോമക്കാരായ വലിയൊരു സൈനിക വ്യൂഹത്തെ അവർ പുറത്തിറക്കി. അപ്പോൾ അത്ര തന്നെ വരുന്ന, അല്ലെങ്കിൽ അതിലും കൂടിയ ഒരു ശക്തിയുമായി അവരെ നേരിടാൻ മുസ്‌ലിംകളും പുറപ്പെട്ടു. ഈജിപ്തുകാരെ നയിച്ചിരുന്നത് ഉഖ്ബതു ബിൻ ആമിറും, യുദ്ധത്തിന് ഇറങ്ങിയ വ്യൂഹത്തെ നയിച്ചിരുന്നത് ഫുളാലതു ബിൻ ഉബൈദുമായിരുന്നു. അങ്ങനെ മുസ്‌ലിംകളിൽപെട്ട ഒരാൾ റോമക്കാരുടെ സൈനിക നിര ഭേദിച്ച് അവരുടെ ഉള്ളിൽ പ്രവേശിച്ചു. അപ്പോൾ ജനങ്ങൾ ആർത്തുവിളിച്ചു കൊണ്ട് പറഞ്ഞു: സുബ്ഹാനല്ലാഹ്! അദ്ദേഹം തന്റെ ഇരുകൈകളും നാശത്തിൽ ഇടുകയാണല്ലോ. അപ്പോൾ അബൂ അയ്യൂബ് അൽ അൻസ്വാരി ؓ രംഗത്ത് വന്നു. അദ്ദേഹം പറഞ്ഞു: അല്ലയോ ജനങ്ങളേ, നിങ്ങൾ ഈ സൂക്തത്തെ ഇപ്രകാരമാണോ വ്യാഖ്യാനിക്കുന്നത്?! ഈ സൂക്തം**

അൻസ്വാരികളായ ഞങ്ങളുടെ കാര്യത്തിലാണ് അവതരിക്കുകയു ണ്ടായത്. അല്ലാഹു ഇസ്‌ലാമിന് പ്രതാപം നൽകുകയും സഹായികൾ അധികരിക്കുകയും ചെയ്തപ്പോൾ നബിയെ ﷺ കൂട്ടാതെ ഞങ്ങൾ പരസ്പരം സ്വകാര്യം പറഞ്ഞു: നമ്മുടെ സ്വത്തുക്കളെല്ലാം പാഴായി പ്പോയി. അല്ലാഹു ഇസ്‌ലാമിന് പ്രതാപമേകുകയും സഹായികൾ വർദ്ധിക്കുകയും ചെയ്തുവല്ലോ. ഇനി നാം നമ്മുടെ സ്വത്തുവകകളിൽ നിൽക്കുകയും നഷ്ടപ്പെട്ടത് പരിഹരിക്കുകയും ചെയ്തിരുന്നുവെ ങ്കിൽ.. അപ്പോൾ ഞങ്ങൾ പറഞ്ഞതിനെ ഖണ്ഡിച്ചുകൊണ്ട് അല്ലാഹു നബിക്ക് ﷺ വഹ്‌യിറക്കി: «അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചെലവഴിക്കുക. നിങ്ങളുടെ കൈകൾ നിങ്ങൾ നാശത്തിലിടരുത്.» (അൽ ബഖറഃ, 2:195). നാശം എന്നത് സ്വത്തുവകകൾ നോക്കി കേടുപാടുകൾ പരിഹരിക്കാൻ അവിടത്തന്നെ നിൽക്കലും യുദ്ധം ഉപേക്ഷിക്കലുമാണ്. അങ്ങനെ അബൂ അയ്യൂബ് رضي الله عنه അല്ലാഹുവിന്റെ മാർഗ്ഗത്തിൽ [ശത്രുക്കളുമായുള്ള യുദ്ധവുമായി] മുന്നോട്ടു പോയി. തുടർന്ന് അദ്ദേഹം റോമിൽ തന്നെ മറമാടപ്പെടുകയും ചെയ്തു." (ഇമാം തിർമുദി, സുനൻ അത്തിർമുദി)

فِي سَبِيلِ اللهِ - അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്നതു കൊണ്ട് വിവക്ഷിക്കുന്നത് സത്യത്തിന്റെ ശത്രുക്കളോടുള്ള യുദ്ധമാണ്. അതിന പുറമെ, ഹജ്ജിനെ കുറിച്ചു കൂടി فِي سَبِيلِ اللهِ - അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്ന് പറയാം. കാരണം നബി ﷺ ഹജ്ജിനെ കുറിച്ച് അങ്ങനെ വിശേഷിപ്പിച്ചിട്ടുണ്ട്. ഉമ്മു മഅ്ഖിലിന് رضي الله عنها നബിയുടെ ﷺ കൂടെ ഹജ്ജിന് പോകാൻ കഴിഞ്ഞില്ല. ഹജ്ജ് കഴിഞ്ഞ് തിരിച്ചെ ത്തിയ ശേഷം അവിടുന്ന് അതിനെ കുറിച്ച് ആരാഞ്ഞപ്പോൾ അവർ പറഞ്ഞത് അബൂ മഅ്ഖിൽ رضي الله عنه മരണപ്പെടുന്നതിന് മുമ്പ് തനിക്കു ണ്ടായിരുന്ന ഒട്ടകത്തെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വസ്വിയ്യത്ത് ചെയ്തു എന്നാണ്. അപ്പോൾ അവിടുന്ന് പറഞ്ഞു:

« فَهَلَّا خرجت عليه؟ فإن الحج في سبيل الله » (أخرجه أبو داود في سننه وصححه الألباني)

«നിങ്ങൾക്ക് അതിന്മേൽ പുറപ്പെട്ടുകൂടായിരുന്നോ? നിശ്ചയം ഹജ്ജ് അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്.» (ഇമാം അബൂ ദാവൂദ്, സുനനു അബീ ദാവൂദ്)

അല്ലാതെ, فِي سَبِيلِ اللهِ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) എന്ന് പറഞ്ഞാൽ അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാ കാര്യങ്ങളുമാണെന്ന് വ്യാഖ്യാനിക്കുന്നത് ഒട്ടും ശരിയല്ല. അതുമൂലം സകാത്തിന്റെ കാര്യത്തിലും മറ്റും വലിയ തെറ്റിദ്ധാരണകളും പാകപ്പിഴകളുമാണ് സംഭവിക്കുന്നത്. അനുബന്ധമായി പറയേണ്ട സങ്കടകരമായ ഒരു കാര്യം വേറെയുണ്ട്. കേരള മുസ്‌ലിംകളുടെ മുതുകിൽ അവരറിയാതെ കെട്ടിവെക്കപ്പെട്ട ഒരു വിഴുപ്പ് ഭാണ്ഡത്തിന്റെ കാര്യമത്രെ അത്! ഒരു അച്ചടി മാധ്യമവും ഒരു ദൃശ്യ-ശ്രാവ്യ മാധ്യമവും ചേർന്ന് അവരുടെമേൽ അടിച്ചേൽപിക്കുന്ന അസഹനീയമായ ആ വിഴുപ്പ് ഭാണ്ഡത്തിന്റെ കാര്യം തന്നെയാണത്. അതുമായിട്ടാണ് കേരളത്തിലെ നിർദ്ദോഷികളായ പാമര മുസ്‌ലിംകൾ ഇന്ന് ഉറങ്ങുന്നതും ഉണരുന്നതും. 'അല്ലാഹുവിന്റെ മാർഗ്ഗം' എന്നതിന് നേരത്തെ സൂചിപ്പിച്ച ദുർവ്യാഖ്യാനത്തിന്റെ മറപിടിച്ച്, സമുദായ സ്നേഹികളും സാത്വികരുമായ മുസ്‌ലിംകളുടെ സകാത് ഫണ്ട് കവർന്നുണ്ടാക്കിയതാണ് ആ മാധ്യമം എന്ന സത്യം പറയാതിരിക്കാൻ വയ്യ. അതിനാൽ, മാന്യവായനക്കാർ കാര്യങ്ങൾ വകതിരിച്ച് മനസ്സിലാക്കണമെന്ന് ഒന്നു കൂടി ഉണർത്തട്ടെ.

എട്ട്: ابْنُ السَّبِيلِ - യാത്രക്കാരൻ

സ്വദേശം വിട്ട് യാത്ര ചെയ്യുമ്പോൾ യാത്രാമധ്യെ വഴിയിൽ കുടുങ്ങിപ്പോകുന്നവരെയാണ് ابْنُ السَّبِيلِ എന്നതു കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. ധനികനായാലും സ്വന്തം നാട്ടിൽ നിന്ന് അകലെയുള്ളപ്പോൾ സഹായം ആവശ്യമായേക്കാം. അതുകൊണ്ട് ഇവർക്കും സകാത്തിൽനിന്നുള്ള ഒരു വിഹിതം നീക്കിവെച്ചിരിക്കുന്നു.

ചുരുക്കത്തിൽ, സകാത്തിന്റെ അവകാശികൾ സൂറത്തു ത്തൗബഃ 60-ാം സൂക്തത്തിൽ പറഞ്ഞ എട്ടു വിഭാഗങ്ങൾ മാത്രമാണ്. ഇതിൽപെടാത്ത പല അവശ വിഭാഗങ്ങളും സമൂഹത്തിൽ കാലാകാലങ്ങളിൽ

**ഉണ്ടായിക്കൊണ്ടിരിക്കാം. പക്ഷെ, അവരെയെല്ലാം പുനരധിവസിപ്പി ക്കാനുള്ള സമഗ്രമായ ഒരു സാമ്പത്തിക പാക്കേജല്ല സകാത്. അതേ പോലെ, മറ്റുള്ളവരെ അവസരോചിതമായി സഹായിക്കാൻ ഇസ്‌ലാം മുന്നോട്ടു വെക്കുന്ന ഏകമായ വഴിയുമല്ല സകാത്. അതിനു പുറമെ, സ്വദഖഃ പോലെ മറ്റുള്ളവരെ സാമ്പത്തികമായി സഹായിക്കാനുള്ള വേറെയും വഴികൾ അല്ലാഹു നിർദ്ദേശിച്ചിട്ടുണ്ട് എന്ന കാര്യം കൂടി നാം ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്.**

# 27

## സകാത്:

## സംഭരണവും വിതരണവും

ആദ്യമായി, സകാത്തിന്റെ ശേഖരണവും വിതരണവുമായി ബന്ധപ്പെട്ട് ശർഇൽ വന്ന നിയമനിർദ്ദേശങ്ങൾ പരിശോധിക്കാം. അടിസ്ഥാനപരമായി അല്ലാഹുവിന്റെ കൽപന ധനികരായ മുസ്‌ലിംകളോട് സകാത് നൽകാനും, നബിയോട് ﷺ അത് അവരിൽനിന്ന് ശേഖരിക്കാനുമാണ്. അല്ലാഹു പറയുന്നു:

﴿خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَاتَكَ سَكَنٌ لَّهُمْ ۗ وَاللَّهُ سَمِيعٌ عَلِيمٌ ١٠٣﴾ (التوبة)

«അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ദാനം അവരുടെ സ്വത്തുക്കളിൽ നിന്ന് നീ വാങ്ങുക, അവർക്കു വേണ്ടി നീ പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർത്ഥന അവർക്കൊരു സമാധാനമാണ്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.» (അത്തൗബഃ, 9:103)

മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ നിയോഗം ലഭിച്ച ദൂതൻ

മാത്രമല്ല, തന്റെ അനുയായികളുടെമേൽ അധികാരം നൽകപ്പെട്ട ഭരണാധികാരി കൂടിയാണ്. തനിക്കു നൽകപ്പെട്ട അധികാരത്തിന്റെ പ്രയോഗത്തിൽപെട്ടതാണ് മുസ്‌ലിംകളുടെ ധനത്തിൽനിന്ന് സകാത് സംഭരിക്കുകയും അത് അർഹരായ അവകാശികൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുക എന്നുള്ളത്.

സകാത്തിന്റെ ശേഖരണവും വിതരണവും ഒരു വ്യക്തിക്കു മാത്രമായി നിർവഹിക്കാവുന്ന കാര്യമല്ല. അതിനാൽ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള അനുവാദം കൂടി അല്ലാഹു നൽകിയിട്ടുണ്ട്. പുറമെ, അവർക്ക് സകാത്തിൽനിന്ന് ഒരു വിഹിതം നിശ്ചയിക്കുകയും ചെയ്തു. സകാത്തിന്റെ അവകാശികളെ നിർണ്ണയിക്കുന്ന സൂക്തത്തിൽ അത് വ്യക്തമായി പരാമർശിക്കുന്നത് കാണാം:

﴿وَالْعَامِلِينَ عَلَيْهَا.. ﴿٦٠﴾﴾ (التوبة)

«അതിന് ചുമതലപ്പെടുത്തപ്പെട്ട ജോലിക്കാർക്കും..» (അത്തൗബഃ, 9:60)

വിദൂര മേഖലകൾ ഭരിക്കാൻ അതാതു പ്രവിശ്യകളിലേക്ക് പ്രാദേശിക ഭരണാധികാരികളായി തന്റെ പ്രതിനിധികളെ നിയമിക്കുക എന്നതാണ് നബി ﷺ ചെയ്തിരുന്ന രീതി. അയൽ രാജ്യങ്ങളിലേക്കും മറ്റും മതപ്രബോധനത്തിനു വേണ്ടി പ്രതിനിധികളെ അയക്കുമ്പോൾ, ഇസ്‌ലാം സ്വീകരിച്ച് വരുന്ന വിശ്വാസി സമൂഹത്തിന്റെ കാര്യങ്ങൾ ക്രമവൽകരിക്കുന്നതിന്റെ ഭാഗമായി അവരിൽനിന്ന് സകാത് ശേഖരിക്കാനും വിതരണം ചെയ്യാനും നബി ﷺ അവരെ പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. താഴെ പറയുന്ന ഹദീസിൽ ഇക്കാര്യം വ്യക്തമാക്കുന്നത് കാണുക:

عَنْ ابْنِ عَبَّاسٍ رضي الله عنهما أَنَّ رَسُولَ اللهِ ﷺ لَمَّا بَعَثَ مُعَاذًا عَلَى الْيَمَنِ، قَالَ: «إِنَّكَ تَقْدَمُ عَلَى قَوْمٍ أَهْلِ كِتَابٍ، فَلْيَكُنْ أَوَّلَ مَا تَدْعُوهُمْ إِلَيْهِ عِبَادَةُ اللهِ، فَإِذَا عَرَفُوا اللهَ، فَأَخْبِرْهُمْ: أَنَّ اللهَ قَدْ فَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي يَوْمِهِمْ وَلَيْلَتِهِمْ، فَإِذَا فَعَلُوا،

فَأَخْبِرْهُمْ أَنَّ اللهَ فَرَضَ عَلَيْهِمْ زَكَاةً مِنْ أَمْوَالِهِمْ، وَتُرَدُّ عَلَى فُقَرَائِهِمْ، فَإِذَا أَطَاعُوا بِهَا، فَخُذْ مِنْهُمْ، وَتَوَقَّ كَرَائِمَ أَمْوَالِ النَّاسِ» (أخرجه البخاري في صحيحه)

ഇബ്നു അബ്ബാസ് ﵄ നിവേദനം: നബി ﷺ മുആദിനെ ﵁ യമനിലേക്ക് നിയോഗിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: «ഗ്രന്ഥാവകാശികളിൽപെട്ട ഒരു ജനതയുടെ അടുത്തേക്കാണ് താങ്കൾക്ക് കടന്നു ചെല്ലാനുള്ളത്. അതിനാൽ താങ്കൾ അവരെ ആദ്യമായി ക്ഷണിക്കേണ്ടത് അല്ലാഹുവിന്റെ മാത്രം ആരാധ്യതയിലേക്കായിരിക്കണം. അവർ അല്ലാഹുവിനെ അറിഞ്ഞ്, അത് അംഗീകരിച്ചു കഴിഞ്ഞാൽ നീ അവരെ അറിയിക്കുക, നിശ്ചയമായും അല്ലാഹു രാപ്പകലുകളിലായി അഞ്ചുനേരത്തെ നമസ്കാരം അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്ന്. അവരത് ചെയ്താൽ തുടർന്ന് നീ അവരെ അറിയിക്കുക, അല്ലാഹു അവരുടെമേൽ അവരുടെ ധനത്തിൽ സകാത് നിർബന്ധമാക്കിയിരിക്കുന്നു എന്നും, അത് അവരിലെ ദരിദ്രർക്കു തന്നെ തിരിച്ചുകൊടുക്കേണ്ടതാണെന്നും. അവർ അതിന് വഴങ്ങിയാൽ അവരിൽനിന്നും നീ അത് സ്വീകരിക്കുക. ജനങ്ങളുടെ ധനത്തിൽ ഏറ്റവും മികച്ചത് എടുക്കുന്നത് നീ സൂക്ഷിക്കുക.» (ഇമാം ബുഖാരി, സ്വഹീഹ് അൽ ബുഖാരി)

മുസ്ലിംകളുടെ സകാത് അവരെ ഭരിക്കുന്ന ഭരണാധികാരികൾ ശേഖരിക്കണം. സകാത്തിന്റെ അവകാശികളായി അല്ലാഹു ഖുർആനിൽ നിർണ്ണയിച്ച എട്ടു വിഭാഗങ്ങളിൽ പെട്ടവർക്ക് മാത്രം അത് വിതരണം ചെയ്യുകയും വേണം. ഇതാണ് മുകളിൽ കൊടുത്ത പ്രമാണരേഖകൾ അസന്ദിഗ്ധമായും തെളിയിക്കുന്നത്.

നബിയുടെ ﷺ വിയോഗാനന്തരം ഉത്തരാധികാരിയായി വന്നത് അബൂ ബക്ർ ﵁ ആണ്. അദ്ദേഹവും അതേ നടപടി ആവർത്തിച്ചു. തുടർന്നു വന്ന ഖുലഫാക്കളും അതേ മാർഗം പിന്തുടർന്നു. മുസ്ലിംകളെ ഭരിക്കുന്ന ഭരണാധികാരികൾ, അവർ നിയോഗിക്കുന്ന പ്രാദേശിക ഭരണകർത്താക്കൾ, സകാത് ശേഖരിക്കാനും വിതരണം ചെയ്യാനും അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ, ഇവർക്കല്ലാതെ മറ്റാർക്കും

മുസ്ലിംകളുടെ സകാത് സംഭരിക്കാനോ വിതരണം നടത്താനോ അധികാരമോ അനുവാദമോ ഇല്ല. സകാത്തിന്റെ സംഭരണവും വിതരണവും അധികാര സ്ഥാനവുമായി മാത്രം ബന്ധപ്പെട്ട കാര്യമാണ്.

ഇന്ന് നമ്മുടെ നാട്ടിൽ കണ്ടുവരുന്നതെന്താണ്?! മഹല്ലുകൾ തോറും മുളച്ചു പൊന്തുന്ന സകാത് കമ്മിറ്റികൾ, സംഘടനകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സകാത് സെല്ലുകൾ, പൊതു ഖജനാവിനു സമാന്തരമായി പ്രവർത്തിക്കുന്ന സകാത് ഹൗസുകൾ.. ഇവയെല്ലാം തന്നെ അപനിർമ്മിതികളും മതത്തിൽ നൂതനമായി കടത്തിക്കൂട്ടിയ ആശയങ്ങളുമാണ്. ഇത്തരം തെറ്റായ നടപടികൾ സ്വീകരിക്കുന്നവർ തങ്ങൾക്കില്ലാത്ത അധികാരം ഉണ്ടെന്നു നടിക്കുകയാണ് ചെയ്യുന്നത്. അത്തരം വ്യാജ അധികാരസ്ഥാനങ്ങളെ അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകൾ ലംഘിക്കുന്ന ത്വാഗൂത്തുകളായോ, ജനങ്ങളുടെ സമ്പത്ത് അന്യായമായി ഭക്ഷിക്കുന്ന പുരോഹിതപ്പരിഷകളായോ മാത്രമേ കാണാനാകൂ.

ഇത്തരം സംവിധാനങ്ങളിൽനിന്ന് സകാത് സ്വീകരിക്കുന്ന പാവങ്ങൾ പലപ്പോഴും കമ്മിറ്റി അംഗങ്ങളുടെ ഹീനവും കിരാതവുമായ പീഢനങ്ങൾക്ക് ഇരയാകുന്നു എന്നത് മറച്ചു പിടിക്കേണ്ട കാര്യമല്ല. അവരുടെ വ്യക്തി താൽപര്യങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങിയില്ലെങ്കിൽ അടുത്ത വർഷം സകാത് നൽകണോ എന്ന കാര്യം പുനഃപരിശോധിക്കേണ്ടി വരും എന്ന രീതിയിൽ ഭീഷണി ഉയർത്തപ്പെടുന്ന സാഹചര്യം പോലും നിലവിലുണ്ട്.

ഇവ്വിധ വ്യാജ അധികാര കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങളും ദുഷ്പ്രചാര വേലകളും ചെറുതല്ല. സകാത് വ്യക്തിഗതമായി വിതരണം ചെയ്യാൻ പാടില്ലെന്നും, സകാത് സംഘടിതമായി അവരവരുടെ കമ്മിറ്റികളിലൂടെ നൽകിയില്ലെങ്കിൽ കടമ വീടുകയില്ലെന്നും മേൽപറഞ്ഞ ത്വാഗൂത്ത് കമ്മിറ്റികൾ വാദിക്കുന്നു. സംഘടനാവാദികളുടെ നിലനില്പിനു വേണ്ടിയുള്ള ഒരു ജൽപനം എന്നേ അതിനെ കുറിച്ച് പറയേണ്ടതുള്ളു.

ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. മുസ്‌ലിം ഭരണാധികാരി സകാത് സംഭരിക്കാത്ത ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ജീവിക്കുന്നവരും, മുസ്‌ലിം ഭരണാധികാരിക്കു കീഴിലല്ലാതെ ന്യൂനപക്ഷ പ്രദേശങ്ങളിൽ താമസിക്കുന്ന മുസ്‌ലിംകളും എങ്ങനെയാണ് സകാത് നൽകിയിരുന്നത്? അതെ, വ്യക്തിഗതമായിട്ടു തന്നെയാണ് അത്തരക്കാർ സകാത് വിതരണം ചെയ്തിരുന്നതും ചെയ്യേണ്ടതും. അല്ലാതെ, അതിനു പ്രത്യേകമായി അധികാര കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ഒരു ഭരണാധികാരിക്കു കീഴിൽ മറ്റൊരു ബദൽ അധികാരകേന്ദ്രം സ്ഥാപിക്കുന്നതിനു തുല്യമാണ്. അത് പൊളിറ്റിക്കൽ ഇസ്‌ലാം മുന്നോട്ടു വെക്കുന്ന നൂതനമായ അപനിർമ്മിതികളിൽ പെട്ടതാണ്. സകാത് ശേഖരിക്കാനും സംഭരിക്കാനുമുള്ള ഉദ്യോഗസ്ഥരെ നിയമിക്കാൻ പോലും ഒരു മുസ്‌ലിം ഭരണാധികാരി ആവശ്യമാണ്. മുസ്‌ലിം ഭരണാധികാരിയില്ലെങ്കിൽ, ഭരണാധികാരി ചുമതലപ്പെടുത്തിയ സകാത് ഉദ്യോഗസ്ഥൻ വന്നില്ലെങ്കിൽ ഓരോരുത്തരും അവരവരുടെ സകാത് കണക്കു കൂട്ടി സ്വന്തമായിട്ടാണ് വിതരണം ചെയ്യേണ്ടത്.

മാത്രമല്ല, ഇത്തരം ഘട്ടങ്ങളിൽ ഏതെങ്കിലും ഒരു വ്യക്തിക്ക് എന്തെങ്കിലും കാരണത്താൽ തന്റെ സകാത് സ്വന്തമായി വിതരണം ചെയ്യാൻ കഴിയാതെ വരുന്ന പക്ഷം അദ്ദേഹത്തിന് വിശ്വസ്തനായ മറ്റൊരാളെ വക്കാലത്ത് ഏൽപിക്കാവുന്നതേയുള്ളു. സകാത് കമ്മിറ്റികളെ ഇങ്ങനെ വക്കലാത്ത് ഏൽപിക്കുന്ന വ്യക്തിയായി കണക്കാൻ കഴിയില്ല. കാരണം വക്കാലത്തിൽ അത് ഏറ്റെടുക്കുന്ന വ്യക്തിയല്ല തന്നെ സകാത് ഏൽപിക്കാൻ ആവശ്യപ്പെടേണ്ടത്; മറിച്ച് ഏൽപിക്കുന്ന വ്യക്തി അങ്ങോട്ടാണ് ആവശ്യപ്പെടേണ്ടത്. വക്കാലത്തിന് സംഘടിത സ്വഭാവം ആവശ്യമില്ല. സകാത് കമ്മിറ്റികൾ വാദിക്കുന്നത് സംഘടിത സ്വഭാവം അനിവാര്യമാണെന്നാണ്. കൂടാതെ സകാത് കമ്മിറ്റികൾ സകാത് ശേഖരിക്കാനും വിതരണം ചെയ്യാനും ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള വിഹിതമെന്നോണം നിശ്ചിത ശതമാനം അതിൽനിന്ന് കൈപ്പറ്റുന്നു. അതേ പോലെ നിശ്ചിത വിഹിതം സംഘടനയുടെ മേൽഘടകങ്ങൾക്ക് നൽകുകയും ചെയ്യുന്നു.

വക്കാലത്തിൽ ഇത്തരം അവിഹിതമായ കൈപ്പറ്റലുകൾക്കൊന്നും സ്ഥാനമില്ല താനും.

വ്യക്തിഗതമായി സകാത് വിതരണം ചെയ്യുന്നതിന് ശർഇൽ വ്യവസ്ഥയുണ്ടെന്നതിനെ അടിവരയിടുന്ന മറ്റൊരു വസ്തുത കൂടി ഇവിടെ പരാമർശിക്കേണ്ടത് അനിവാര്യമായിത്തീരുന്നു. അതായത്, ഒരാൾ തന്റെ ധനത്തിൽ പ്രത്യക്ഷമായ ഇനങ്ങൾ (أموال ظاهرة) മാത്രമേ സകാത് ഉദ്യോഗസ്ഥന്റെ മുമ്പാകെ വെളിപ്പെടുത്തേണ്ടതുള്ളു. പരോക്ഷമായ ഇനങ്ങളുടെ (أموال باطنة) സകാത് അയാൾക്കു തന്നെ വ്യക്തിഗതമായി വിതരണം ചെയ്യാവുന്നതുമാണ്.

ഒരു വ്യക്തിക്ക് മറച്ചു വെക്കാൻ കഴിയാത്ത കാലികൾ, കൃഷികൾ, മറ്റു വിളകൾ പോലുള്ളവയെയാണ് പ്രത്യക്ഷമായ സമ്പത്ത് (أموال ظاهرة) എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. അവയുടെ സകാത്താണ് ഭരണാധികാരി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ നിർണ്ണയിക്കുകയും ശേഖരിക്കുകയും ചെയ്യുന്നത്.

എന്നാൽ വ്യക്തിക്ക് മറച്ചുവെക്കാൻ കഴിയുന്ന സ്വർണ്ണം, വെള്ളി, നിധികൾ പോലുള്ളവയാണ് പരോക്ഷമായ സ്വത്തുകൾ (أموال باطنة) എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. അവ സകാത് ഉദ്യോഗസ്ഥനു മുന്നിൽ വെളിപ്പെടുത്തേണ്ടതില്ല. അതിന്റെ സകാത് അതതു വ്യക്തികൾക്ക് തന്നെ കണക്കാക്കുകയും വിതരണം നടത്തുകയും ചെയ്യാം. ഈ യാഥാർത്ഥ്യം നിലനിൽക്കെയാണ് വ്യക്തികൾക്ക് അവരുടെ സകാത് സ്വന്തം നിലയിൽ നൽകാനാവില്ലെന്നും അങ്ങനെ ചെയ്താൽ കടമ വീടുകയില്ലെന്നും ത്വാഗൂത്ത് കമ്മിറ്റികൾ പ്രചരിപ്പിക്കുന്നത്!

ഇവിടെ ആരുടെയും സവിശേഷശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു കാര്യമുണ്ട് – സ്വകാര്യതക്ക് ഇസ്‌ലാം നൽകുന്ന സ്ഥാനമത്രെ അത്. ഭരണാധികാരിക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്ക് കടന്നു കയറാനുള്ള യാതൊരു പഴുതും ഇസ്‌ലാം അവശേഷിപ്പിക്കുന്നില്ല. മറിച്ച്, വ്യക്തിയുടെ സ്വകാര്യതയും പാവങ്ങളുടെ അവകാശവും ഒരേ സമയം ശർഅ്

സംരക്ഷിക്കുന്നു. തന്റെ കുടുംബത്തിലും അയൽപക്കങ്ങളിലും മറ്റു ജീവിത പരിസരങ്ങളിലുമുള്ള പാവങ്ങളെ പരിഗണിക്കാനും, അവരോട് സവിശേഷമായ ഒരു കരുതൽ കാണിക്കാനുമുള്ള വഴി തുറന്ന് കൊടുക്കുകയും ചെയ്യുന്നു.

നബിയുടെ ﷺ ഉത്തരാധികാരികളായ ഖുലഫാക്കളുടെ ചര്യകളിലും ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം ബൈഹഖി ؒ ഉദ്ധരിക്കുന്ന ഒരു സംഭവം കാണുക:

بَابُ الرَّجُلِ يَتَوَلَّى تَفْرِقَةَ زَكَاةِ مَالِهِ الْبَاطِنَةِ بِنَفْسِهِ:

عَنْ أَبِي سَعِيدٍ الْمَقْبُرِيِّ، قَالَ: جِئْتُ عُمَرَ بْنَ الْخَطَّابِ ؓ بِمِائَتَيْ دِرْهَمٍ قُلْتُ: يَا أَمِيرَ الْمُؤْمِنِينَ! هَذَا زَكَاةُ مَالِي، قَالَ: "وَقَدْ عتِقْتَ يَا كَيْسَانُ؟" قَالَ: قُلْتُ: نَعَمْ، قَالَ: « اذْهَبْ بِهَا أَنْتَ فَاقْسِمْهَا" (أخرجه البيهقي في السنن الكبرى)

ഒരാൾ തന്റെ പരോക്ഷമായ ധനത്തിന്റെ സകാത് സ്വന്തമായി വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള അധ്യായം.

അബൂ സഈദ് അൽ മഖ്ബുരി നിവേദനം: അദ്ദേഹം പറയുന്നു: ഞാൻ ഇരുനൂറ് ദിർഹമുമായി ഉമർ ബിൻ അൽ ഖത്താബിന്റെ ؓ അടുക്കൽ ചെന്നിട്ട് പറഞ്ഞു: അമീറുൽ മുഅമിനീൻ! ഇത് എന്റെ സമ്പത്തിന്റെ സകാത്താണ്. അദ്ദേഹം ചോദിച്ചു: "കൈസാൻ, നീ അടിമത്വത്തിൽനിന്ന് മോചിതനായോ?" ഞാൻ പറഞ്ഞു: അതെ. അപ്പോൾ അദ്ദേഹം പറഞ്ഞു: "എങ്കിൽ അതെടുത്ത് നീ തന്നെ വിതരണം ചെയ്യുക." (ഇമാം ബൈഹഖി, അസ്സുനനൽ കുബ്റാ)

ഇതു പോലുള്ള പല സംഭവങ്ങളും വ്യക്തമാക്കുന്നത് ഉമർ ؓ ഒരാളുടെ പരോക്ഷ സ്വത്തിൽനിന്നുള്ള സകാത് അയാൾ സ്വമേധയാ നൽകാത്തിടത്തോളം വാങ്ങാറുണ്ടായിരുന്നില്ലെന്നാണ്. പ്രത്യക്ഷമായ സ്വത്തിൽനിന്ന് സകാത് സ്വീകരിക്കാനാണ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നതെന്ന് ഫുഖഹാക്കളും സൂക്ഷ്മദൃക്കുകളായ പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്.

അതേ പ്രകാരം മൂന്നാം ഖലീഫഃ ഉസ്മാൻ ബിൻ അഫ്ഫാനിന്റേതായി ﵁ ഉദ്ധരിക്കപ്പെടുന്ന ഒരു വചനം താഴെ കൊടുക്കാം:

حَدَّثَنَا ابْنُ عُيَيْنَةَ، عَنِ الزُّهْرِيِّ، عَنِ السَّائِبِ بْنِ يَزِيدَ، قَالَ: سَمِعْتُ عُثْمَانَ، يَقُولُ: "هَذَا شَهْرُ زَكَاتِكُمْ فَمَنْ كَانَ عَلَيْهِ دَيْنٌ فَلْيَقْضِهِ وَزَكُّوا بَقِيَّةَ أَمْوَالِكُمْ" (أخرجه ابن أبي شيبة في مصنفه)

സാഇബ് ബിൻ യസീദ് ﵁ നിവേദനം: അദ്ദേഹം പറയുന്നു: ഉസ്മാൻ ﵁ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ഇത് നിങ്ങളുടെ സകാത്തിന്റെ മാസമാണ്. ആർക്കെങ്കിലും കടമുണ്ടെങ്കിൽ അത് തീർക്കട്ടെ. എന്നിട്ട് നിങ്ങളുടെ ശേഷിക്കുന്ന സമ്പത്തിൽ നിന്ന് നിങ്ങൾ സകാത് നൽകുകയും ചെയ്യട്ടെ." (ഇബ്ന അബീ ശൈബഃ, അൽ മുസ്വന്നഫ്)

സ്വർണ്ണം, വെള്ളി, മറ്റു പണങ്ങൾ, നിധി പോലുള്ള പരോക്ഷമായ സമ്പത്തിന്റെ സകാത് വ്യക്തികൾക്ക് സ്വന്തമായി കൊടുക്കാവുന്നതാണ്. സ്വേച്ഛാനുസാരം അവർ ഏൽപിച്ചാൽ മാത്രമേ അധികാരികൾ അത് ശേഖരിക്കേണ്ടതുള്ളൂ. ഖുലഫാക്കളുടെ ചര്യയും, മറ്റു സ്വഹാബിമാരുടെ നടപടിയും ഈ വസ്തുത ദീനിൽ സ്ഥാപിതമായ ഒരു യാഥാർത്ഥ്യമാണെന്ന് തെളിയിക്കുന്നു. ഇക്കാര്യം പിന്നീട് വന്ന ഫുഖഹാക്കളും പണ്ഡിതന്മാരും അസന്ദിഗ്ധമായി തന്നെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ കൂടി പരിശോധിക്കാം.

ഹൻബലീ മദ്ഹബിലെ പ്രഗത്ഭ പണ്ഡിതനായ ഇബ്ന ഖുദാമഃ ﵀ പറയുന്നത് കാണുക:

"ولا يَخْتَلِفُ المذهبُ أيضا في أَنَّ صَاحِبَ المَالِ يجوزُ أن يُفَرِّقَها بِنَفْسِه" (ابن قدامة في المغني)

"സ്വത്തിന്റെ ഉടമസ്ഥൻ അത് (സകാത്) സ്വന്തം നിലയിൽ വിതരണം ചെയ്യുന്നത് അനുവദനീയമാണെന്ന കാര്യത്തിൽ മദ്ഹബിൽ പക്ഷാന്തരമില്ല. (ഇബ്ന ഖുദാമഃ, അൽ മുഗ്നി)

ശാഫിഈ മദ്ഹബിലെ പ്രഗത്ഭനായ പണ്ഡിതനും മുഹദ്ദിസുമായ നവവി ﵀ പറയുന്നത് കാണുക:

"وَأَمَّا الْأَمْوَالُ الْبَاطِنَةُ فَقَالَ الْمَاوَرْدِيُّ لَيْسَ لِلْوُلَاةِ نَظَرٌ فِي زَكَاتِهَا بَلْ أَصْحَابُ الْأَمْوَالِ أَحَقُّ بِتَفْرِقَتِهَا فَإِنْ بَذَلُوهَا طَوْعًا قَبِلَهَا الْإِمَامُ مِنْهُمْ" (النووي في المجموع شرح المهذب)

"പരോക്ഷമായ സമ്പത്തിനെ (الْأَمْوَالُ الْبَاطِنَةُ) സംബന്ധിച്ച് മാവർദി പറഞ്ഞത്, അവയുടെ സകാത് കാര്യത്തിൽ ഭരണാധികാരികൾക്ക് ഒന്നും നോക്കാനില്ല. അത് വിതരണം ചെയ്യാൻ കൂടുതൽ തരപ്പെട്ടത് സമ്പത്തിന്റെ ഉടമകൾ തന്നെയാണ്. അവർ അത് സ്വമേധയാ നൽകുകയാണെങ്കിൽ, ഭരണാധികാരിക്ക് അത് അവരിൽ നിന്ന് സ്വീകരിക്കാം." (നവവി, അൽ മജ്മൂഉ ശർഹിൽ മുഹദ്ദബ്)

ആധുനികനായ ഇമാം അൽബാനിയുടെ ﵀ നിരീക്ഷണം ഏറെ പ്രസക്തമായതിനാൽ അതു കൂടി ഇവിടെ ഉദ്ധരിക്കട്ടെ:

"لم أجد في السنة أن النبي ﷺ كان يبعث من يجمع الصدقات من الأموال الباطنة، وهي عروض التجارة والذهب والفضة والركاز كما ذكر المؤلف نفسه، ولا وجدت أحدا من المحدثين ذكر ذلك، بل صرح ابن القيم بنفي ذلك" (الألباني في تمام المنة في التعليق على فقه السنة)

"ഞാൻ സുന്നത്തിൽ എവിടെയും നബി ﷺ പരോക്ഷമായ സമ്പത്തുകളിൽ നിന്ന് സകാത് ശേഖരിക്കാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചതായി കണ്ടെത്തിയിട്ടില്ല. ഗ്രന്ഥകർത്താവ് (സയ്യിദ് സാബിഖ്) പറഞ്ഞതു പോലെ, വ്യാപാര വസ്തുക്കൾ, സ്വർണം, വെള്ളി, നിധി എന്നിവയാണ് അതിൽ ഉൾപ്പെടുന്നത്. അതേ പോലെ, ഹദീസ് പണ്ഡിതരിൽ ഒരാളും അങ്ങനെ പറഞ്ഞതായും ഞാൻ കണ്ടിട്ടില്ല. മറിച്ച്, ഇബ്നുൽ ഖയ്യിം ﵀ അത് [പരോക്ഷമായ സ്വത്തുക്കളിൽനിന്ന് ഭരണാധികാരി

സകാത് ശേഖരിക്കുന്ന കാര്യം] വ്യക്തമായി നിഷേധിച്ചിട്ടുമുണ്ട്. (അൽബാനി തമാമുൽ മിന്നഃയിൽ രേഖപ്പെടുത്തിയത്)

ഇതേ കാര്യം ഇസ്‌ലാമിക സാമ്പത്തിക വിജ്ഞാനീയങ്ങളിൽ ആധാര ഗ്രന്ഥങ്ങളായി കണക്കാക്കുന്ന അൽ അംവാൽ (كتاب الأموال) പോലുള്ള ഗ്രന്ഥങ്ങളിൽ അബൂ ഉബൈദ്, ഹുമൈദ് ബിൻ സൻജുവൈഹി ﵏ തുടങ്ങിയവർ വിശദമായി തന്നെ ചർച്ച ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അന്വേഷിക്കുന്നവർക്ക് അവ പരിശോധിക്കാവുന്നതാണ്.

വസ്തുത ഇങ്ങനെയാണെന്നിരിക്കെ, മുസ്‌ലിംകളുടെ സ്വത്തിൽനിന്നുള്ള സകാത്, അതു തന്നെ അവരുടെ പരോക്ഷമായ ധനത്തിന്റെ സകാത്, സംഘടനക്കാരെ ഏൽപിക്കണമന്ന് പറയുന്നത് എന്തു മാത്രം തെറ്റായ വാദമുഖമാണ്! അല്ലാഹു യാതൊരു അധികാരവും ഏൽപിച്ചിട്ടില്ലാത്ത ഇവർ, ഒരു മുസ്‌ലിം ഭരണാധികാരിക്കുള്ള മുഴുവൻ അധികാരവും തങ്ങൾക്കുണ്ടെന്ന് വാദിക്കുന്നതിനാൽ ത്വാഗൂത്തുകളിൽ കുറഞ്ഞ മറ്റൊരുമായിരിക്കാൻ നിർവ്വാഹമില്ല. മുസ്‌ലിംകൾ അവരുടെ പരോക്ഷമായ സമ്പത്തിൽനിന്നുള്ള സകാത് പോലും തങ്ങളെ ഏൽപിക്കണമെന്നും അല്ലെങ്കിൽ സകാത് സാധുവാകുകയില്ലെന്നും മതത്തിന്റെ പേരിൽ പറയുന്ന ഇവർ ജനങ്ങളുടെ സ്വത്ത് അന്യായമായി ഭക്ഷിക്കുന്ന പുരോഹിതപ്പരിഷകളിൽ കുറഞ്ഞ മറ്റാരുമല്ല തന്നെ!

# 28

## വിശുദ്ധിയുടെയും സൗഭാഗ്യത്തിന്റെയും

## പരിസമാപ്തി

ഈ പുസ്തകം ഇവിടെ അവസാനിക്കുന്നു. കടന്നുപോന്ന അനുഭവ വിശേഷങ്ങളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം അവയിലെ വസ്തുതകൾ ഓർമ്മയിൽ ഉറപ്പിക്കാൻ സഹായിക്കും, തീർച്ച.

സകാത് – അല്ലാഹു അവതരിപ്പിച്ച അന്യൂനമായ ഒരു വിശ്വാസ സംഹിതയുടെ പ്രതിഫലനമാണ്. അത് നൽകാതെ ഒരാൾ വിശ്വാസിയാവില്ല. അവിശ്വാസി നൽകുന്ന ദാനം സകാത്തുമാവില്ല. അവിശ്വാസികൾക്ക് ഒരിക്കലും ഗ്രഹിക്കാനാവാത്ത, അവരിൽ ഒരു നിലയിലും പ്രവർത്തനക്ഷമമാവാത്ത ആശയമാണ് സകാത്. സാമ്പത്തിക സഹായങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളുമൊക്കെ അവർക്ക് വഴങ്ങും. പക്ഷെ, സകാത് അവർക്ക് വഴങ്ങില്ല; വിശ്വാസികൾക്ക് മാത്രമായി നീക്കിവെച്ച സംവിധാനമാണത്.

പരസഹായത്തിനപ്പുറം, പരിശുദ്ധിയുടെ പ്രശ്നമാണ് സകാത് പ്രഥമമായി ഉയർത്തിപ്പിടിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മീതെ, അഭിവൃദ്ധിയുടെ കാര്യമാണ് സകാത് സംസാരിക്കുന്നത്. ഔദാര്യത്തിന്റെതല്ല, അവകാശത്തിന്റെ സ്വരമാണ് അത് ഉയർത്തുന്നത്. ഒരു

ധനകാര്യ നിർബന്ധമെന്നതിലുപരി, ഉള്ളകത്തെ ശുദ്ധീകരിക്കുന്ന ആത്മീയമായ ഒരു ഉൾപ്രേരണയായിട്ടാണ് അത് അനുഭവപ്പെടുക. സമ്പത്തിന്റെ ഒരു പങ്ക് നൽകുന്ന പ്രവൃത്തിയല്ല, ഹൃദയത്തിൽ നിന്നും സ്വാർത്ഥതയുടെ പൊടികളെ നീക്കി, കരുണയും ഉത്തരവാദിത്വബോധവും വളർത്താനുള്ള ആത്മപരിശീലനമായിട്ടാണതിനെ കാണുക. സകാത് നൽകുന്നവൻ, തന്റെ സമ്പത്ത് കുറയുന്നില്ലെന്ന് മാത്രമല്ല, അതിന്റെ അർത്ഥവും മൂല്യവും ഉയരുന്നതായിട്ടാണ് തിരിച്ചറിയുക.

അതെ, സകാത്തിന്റെ പ്രഭാവശക്തി സമൂഹത്തിന്റെ ഇഴകൾ ഉത്ഭവിക്കുന്ന ഉറവിടങ്ങളിൽ പ്രവർത്തിക്കുന്നു. ദുർബല വിഭാഗങ്ങളെ അത് കരുതലോടെ കൈപിടിച്ച് ഉയർത്തുന്നു. ദാരിദ്ര്യത്തിന്റെ വേദന കുറക്കുന്നു. സാമ്പത്തിക അസമത്വം ലഘൂകരിക്കുന്നു. മനുഷ്യ ബന്ധങ്ങളെ സ്നേഹപൂർവ്വം പുനർനിർമ്മിക്കുന്നു. അസൂയയും വൈരാഗ്യവും കുറച്ച് കൊണ്ടുവരുന്നു. സാഹോദര്യവും സമത്വബോധവും ശക്തമാക്കുന്നു.

സകാത്തിന്റെ ഓളങ്ങളിൽ തെളിയുന്നത് ഇസ്‌ലാമിന്റെ സമഗ്രതയാണ്, നിർബന്ധങ്ങളിൽ പ്രതിഫലിക്കുന്നത് വിശ്വാസത്തിന്റെ ദാർഢ്യമാണ്, അനുഷ്ഠാനങ്ങളിൽ വിരിയുന്നത് സാമ്പത്തിക സുരക്ഷയും സുതാര്യതയുമാണ്. ആത്മാവിന്റെ ശുദ്ധീകരണം, സമ്പത്തിന്റെ അഭിവൃദ്ധി, സമൂഹഘടനയുടെ സുരക്ഷിതത്വം – ഈ മൂന്നും ഒരേ നൂലിൽ കോർത്തിണക്കിയിരിക്കുന്ന ഒരു ദീനീ സമവാക്യമാണ് സകാത്.

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ സകാത്, പങ്കുവെപ്പിലൂടെ മനുഷ്യനെ കൂടുതൽ കരുത്തനാക്കുന്നു. അപരന് ആത്മത്തിൽ നൽകുന്ന അവകാശ സ്ഥാനങ്ങളുടെ ഏറ്റവും സുന്ദരമായ ഉദാഹരണം കൂടിയാണത്. അത് സാമ്പത്തികമായ കൃത്യതയുടെയും സുതാര്യതയുടെയും നിദർശനമാണ്. മൂലധനം ചുരുക്കം ചിലരിലേക്ക് മാത്രം പരിമിതപ്പെടുകയും പലിശയുടെ നീരാളി പിടുത്തത്തിൽ സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാവുകയും ചെയ്യുമ്പോൾ, പലിശ രഹിത

വിനിമയങ്ങൾക്ക് ഒരു മാതൃകയായി സകാത്ത് വർത്തിക്കുന്നു. പലിശ പാവപ്പെട്ടവനിൽ നിന്ന് പണക്കാരനിലേക്ക് സമ്പത്ത് ഒഴുക്കുമ്പോൾ, സകാത്ത് പണക്കാരനിൽ നിന്ന് പാവപ്പെട്ടവനിലേക്ക് സമ്പത്ത് തിരിച്ചൊഴുക്കുന്നു. അതും കേവലമൊരു സഹായമായിട്ടല്ല; മറിച്ച്, സമ്പത്തിന്റെ വിതരണത്തിലുള്ള തുല്യാവകാശമായിട്ടു തന്നെ!

സകാത് സ്വാധീനിക്കുന്ന ഒരു സമ്പദ്ഘടനയിൽ ഉപഭോഗം (consumption) വർദ്ധിക്കുന്നു. പാവപ്പെട്ടവന്റെ കൈകളിൽ എത്തുന്ന ഓരോ രൂപയും പ്രാഥമിക ആവശ്യങ്ങൾക്കായി വിപണിയിൽ ചെലവഴിക്കപ്പെടുന്നു. ഇത് വിപണിയെ ചടുലമാക്കുകയും, ഉൽപ്പാദന മേഖലയെ ഉണർത്തുകയും ചെയ്യുന്നു. സമ്പത്ത് കെട്ടിക്കിടക്കുന്നത് തടയുന്നതിലൂടെ, അത് സമൂഹത്തിന്റെ സിരകളിലൂടെ ഒഴുകുന്ന രക്തമായി മാറുന്നു. നിക്ഷേപങ്ങളില്ലാതെ സൂക്ഷിച്ചുവെക്കുന്ന ധനത്തിന്മേൽ പോലും സകാത്ത് നിർബന്ധമാക്കുന്നതിലൂടെ, വിശ്വാസിയെ തന്റെ സമ്പത്ത് ഉൽപ്പാദനപരമായ കാര്യങ്ങളിൽ വിനിയോഗിക്കാൻ പ്രേരിപ്പിക്കുന്നു. ഇത് സാമ്പത്തിക രംഗത്തെ ഉത്തേജിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

പൗരന്റെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്ന അളവോളം ഇസ്‌ലാം സാമൂഹ്യ ജീവിതത്തെ സ്വാധീനിക്കുന്നു. അവിടെയാണ് സകാത്തിന്റെ ധർമ്മം കൂടുതൽ പ്രകടമാകുന്നത്. കടബാധ്യതയുള്ളവരെയും വഴിപോക്കരെയും പോലും സകാത്തിന്റെ അവകാശികളിൽ ഉൾപ്പെടുത്തിയതിലൂടെ, ഈ ഭൂമിയിൽ അശരണരായി പോകുന്ന ആർക്കും കരുതലിന്റെ ഒരു കൈത്താങ്ങ് എന്ന ഉദാത്തമായ കാഴ്ചപ്പാട് അത് ഉയർത്തിപ്പിടിക്കുന്നു.

സകാത്ത് നൽകുന്ന വ്യക്തി അനുഭവിക്കുന്ന മാനസിക സംതൃപ്തിയാണ് ഏറ്റവും വലിയ നേട്ടം. തന്റെ സമ്പാദ്യത്തിൽ തനിക്ക് മാത്രമല്ല അവകാശമുള്ളതെന്ന് തിരിച്ചറിയുന്ന നിമിഷം, മനുഷ്യൻ തന്റെ അഹന്തയെ കീഴ്പ്പെടുത്തുന്നു. ഭൗതികമായ നേട്ടങ്ങൾക്കപ്പുറം

പരലോകത്തെ വിജയവും അല്ലാഹുവിന്റെ പ്രീതിയും ആഗ്രഹിക്കുന്ന ഒരു വിശ്വാസിക്ക് സകാത് ഒരു ഭാരമല്ല, മറിച്ച് അനുഗ്രഹമാണ്. അത് ധനപരമായ കാര്യങ്ങളിൽ ചെലുത്തപ്പെടുന്ന ബാഹ്യമായ ഒരു നിർബന്ധമല്ല; വിശുദ്ധിക്ക് വേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹവും ഭൗതികവും ആത്മീയവുമായ അഭിവൃദ്ധിക്ക് വേണ്ടിയുള്ള അദമ്യമായ ത്വരയുമായിട്ടാണ് ഒരു വിശ്വാസി അനുഭവിക്കുക.

ഈ ഗ്രന്ഥത്തിലൂടെ നാം സഞ്ചരിച്ച വഴികൾ, സകാത് എന്ന മഹത്തായ കർമ്മത്തെ കൂടുതൽ വിശ്വാസത്തോടെയും സൂക്ഷ്മത യോടെയും നിറവേറ്റാൻ നമുക്ക് വെളിച്ചവും പ്രചോദനവുമേകട്ടെ. അനുവാചരിൽ ഒരാളെങ്കിലും തന്റെ ജീവിതത്തിൽ സകാത്തിനെ ഒരു ബാധ്യതയായി കാണാതെ, ആത്മശുദ്ധീകരണത്തിനുള്ള അവ സരമായി കാണുകയും, വളർച്ചയുടെ മാർഗമായി തിരിച്ചറിയുകയും ചെയ്യട്ടെങ്കിൽ എന്ന് ഞാൻ പ്രത്യാശിക്കുകയാണ്.

ഹൃദയങ്ങൾ മാറ്റിമറിക്കുന്നവനും കർമ്മങ്ങൾ നിരീക്ഷിക്കുന്നവനു മാണ് അല്ലാഹു. സൂക്ഷ്മാലുക്കൾക്ക് അളവറ്റ പ്രതിഫലമേകുന്നവനും, അവിശ്വാസികളായ ധിക്കാരികളെ നീതിപൂർവ്വകമായ പ്രതിക്രിയകൾ ക്ക് വിധേയമാക്കുന്നവനുമാണ് റബ്ബ്. അവനോട് യാചിക്കുന്നു, നീ അറിയുന്ന ഈ ഉദ്ദേശ്യശുദ്ധിക്ക്, ത്യാഗപൂർണ്ണമായ ഈ ഉദ്യമത്തിന് പരലോകത്ത് അർഹമായ പ്രതിഫലം നൽകേണമേ! ആമീൻ.

സുന്നഃ മുസ്‌ലിം
മൈനോറിറ്റി ട്രസ്റ്റ്